www.malankaralibrary.com



# ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചന്റെ പൂർവ്വകാല സ്മരണകൾ

www.malankaralibrary.com

**The Syro-Malankara Catholic Church**

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: +91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

01-04-2014

## അനുഗ്രഹ സന്ദേശം

വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചന്റെ ആത്മകഥ 'പൂർവ്വകാല സ്മരണകൾ' പുനപ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ശൈശവ കാലഘട്ടത്തിൽ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായി പ്രവർത്തിച്ചവരിൽ ധൈര്യശാലിയായ വൈദികശ്രേഷ്ഠനാണ് വന്ദ്യ ഫിലിപ്പോസ് റമ്പാച്ചൻ. നമ്മുടെ സഭയുടെ ചരിത്രം രേഖപ്പെടുത്തിയ അനേകം പുസ്തകങ്ങൾ നിലവിലുണ്ട്. അവയോടൊപ്പം ചേർത്തുവായിക്കാൻ കഴിയുന്ന മറ്റൊരു ഗ്രന്ഥമാണിത്. ഇത് ആത്മകഥയാണെങ്കിലും വായനക്കാർക്ക് അപ്പസ്തോലിക പാരമ്പര്യമുള്ള മലങ്കര സുറിയാനി സഭയെക്കുറിച്ച് ചരിത്രപരമായി അറിവുനൽകുന്ന ഒരു വിലപ്പെട്ട പുസ്തകമാണ്. വന്ദ്യ റമ്പാച്ചന്റെ ബാല്യകാലം, യാക്കോബായ സഭയിലെ സേവനത്തിന്റെ അനുഭവങ്ങൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭാനുഭവങ്ങൾ, പ്രതിബന്ധങ്ങളെ തരണംചെയ്തുകൊണ്ടുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ച, പുനരൈക്യവുമായി ബന്ധപ്പെട്ട റമ്പാച്ചന്റെ പ്രസംഗങ്ങൾ, ആരംഭകാലഘട്ടത്തിലെ തിരുവനന്തപുരം അതിരൂപതയിലെ ദൈവാലയങ്ങളുടെ സ്ഥാപനം, വളർച്ച, ആദ്യകാല വൈദികരുടെ നിര്യാണം തുടങ്ങി നിരവധിയായ സംഭവങ്ങൽ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

ചേപ്പാട്ട് വഞ്ചിയിൽ ഫിലിപ്പോസ് റമ്പാച്ചൻ, പുണ്യപിതാവായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയോടൊത്തു നിന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയെ സ്നേഹിക്കുകയും വളർത്തുകയും ചെയ്ത മഹാത്മാവാണ്. അദ്ദേഹത്തിന്റെ മിഷൻ തീഷ്ണതയും പുനരൈക്യാനന്തര ശുശ്രൂഷയും ഏറ്റം ശ്ലാഘനീയമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യ പ്രേഷിത ശുശ്രൂഷകൾക്ക് ഊർജ്ജം പകരുന്നതിനായി വന്ദ്യ റമ്പാച്ചൻ ആരംഭിച്ച പ്രഥമ പ്രസിദ്ധീകരണമായ 'സത്യസഭാ കാഹള'മാണ് ഇപ്പോൾ തിരുവനന്തപുരം മേജർ അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ക്രൈസ്തവ കാഹളം' മാസിക.

മലങ്കര സുറിയാനി കത്തോലിക്കസഭയിൽ 1939-ൽ തന്നെ വേദോപദേശ പാഠാവലി തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനും വിശ്വാസപരിശീലന കളരി ആരംഭിക്കുവാനും മുന്നിട്ടിറങ്ങിയത് വന്ദ്യ ചേപ്പാട്ട് റമ്പാച്ചനാണ്. ഇങ്ങനെ നമ്മുടെ സഭയുടെ നിരവധിയായ ശുശ്രൂഷാമണ്ഡലങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച പുണ്യജീവിതത്തിന്റെ ഉടമയായ വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചനെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഗ്രന്ഥം രചിക്കപ്പെട്ട കാലയളവിലെ സഭാ പശ്ചാത്തലവും, സഭാസമീപനവും ക്രൈസ്തവൈക്യ ഔത്സുക്യവും എല്ലാം കണക്കിലെടുത്തുവേണം ഇതിലെ വാക്കുകളെ വ്യാഖ്യാനിക്കുവാൻ എന്നത് വായനക്കാർ ഓർമ്മിക്കുമല്ലോ. പുനപ്രസിദ്ധീകരിക്കുന്ന 'പൂർവ്വകാല സ്മരണകൾ' എന്ന പുസ്തകത്തിന് പ്രചുരപ്രചാരം നേരുന്നു.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

BASELIOS CARDINAL CLEEMIS
THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHBISHOP-CATHOLICOS

www.malankaralibrary.com

www.malankaralibrary.com

# ആമുഖം

വഞ്ചിയിൽ കുടുംബചരിത്രത്തെപ്പറ്റി ചിന്തിച്ചപ്പോഴാണ് ഞങ്ങളുടെ വന്ദ്യപിതാവ് "ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചന്റെ പൂർവ്വകാല സ്മരണകൾ" ശ്രദ്ധയിൽപ്പെട്ടത്. കുടുംബത്തെ സംബന്ധിച്ചും അതിനേക്കാൾ സഭയായുള്ള വിശദീകരണങ്ങളാണീ കുറിപ്പുകളിൽ കാണുന്നത്. അതുകൊണ്ടുതന്നെ ഇതൊന്നു പുതുതാക്കി പ്രസിദ്ധീകരിക്കുന്നത് നല്ലതായിരിക്കുമെന്നു കരുതുന്നു. ***സഭാപിതാവ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുമേനി*** വലിയ പ്രോത്സാഹനമാണീ ഉദ്യമത്തിനു തന്നിട്ടുള്ളത്. 'പൂർവ്വകാല സ്മരണകൾ' സഭയായി വളരുന്നതിന് നമ്മുടെ നാളുകളിൽ സഹായകമാകും എന്ന് ബാവ തിരുമേനി ചിന്തിക്കുന്നു. അനുഗ്രഹവും അനുവാദവും തന്നതിന് എളിയ നന്ദിയും പ്രാർത്ഥനയും സമർപ്പിക്കുന്നു. ഈ ഉദ്യമത്തിനു സഹായവും പ്രോത്സാഹനവും നൽകിയിട്ടുള്ള ധാരാളം വ്യക്തികളുണ്ട്. വ്യക്തിപരമായി സൂചിപ്പിച്ച് ആരെയെങ്കിലും വിട്ടുപോകാതിരിക്കാൻ അല്പമായോ അനല്പമായോ എന്നെ സഹായിച്ച എല്ലാവർക്കും ദൈവനാമത്തിൽ ഹൃദയപൂർവ്വം നന്ദി.

ക്രൈസ്തവരെല്ലാം ക്രിസ്തുവിൽ ഒന്നാകണമെന്ന ക്രിസ്തുദർശന പ്രേരിതമായ അടങ്ങാത്ത ആഗ്രഹത്തിന്റെ മൂർത്തീഭാവമായിരുന്നു വന്ദ്യ ചേപ്പാട്ടു പീലിപ്പോസു റമ്പാച്ചന്റെ ജീവിതയാത്ര. ഈ യാത്രയിലെ ചില ഏടുകൾ വിശദീകരിക്കപ്പെട്ടിരിക്കുകയാണ് പൂർവ്വകാല സ്മരണകളിലൂടെ. ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനും, വളരെയധികം വ്യക്തികളെയും കുടുംബങ്ങളെയും ഇതിനുസഹായിക്കുന്നതിനുമായി ധാരാളം സഹനപാഠങ്ങൾ മനഃപൂർവ്വം അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. ഭാഷയിലെ വാചാലതയേക്കാൾ ശക്തമായ ആശയദൃഢത അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. സമസ്തലോകത്തിന്റെയും ഏകരക്ഷകനായ യേശുവിനാൽ പത്രോസാകുന്ന പാറമേൽ പണിതുയർത്തപ്പെട്ട ഏകസത്യസഭയിൽ ആയിരിക്കുക ക്രിസ്തുവിശ്വാസിക്ക് അത്യാവശ്യമാണെന്ന അവബോധം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഊർജ്ജസ്രോതസായിരുന്നു. ഇതായിരുന്നു അദ്ദേഹം പ്രസംഗിച്ചതും പഠിപ്പിച്ചതും അത്യന്തികമായി വിശ്വസിച്ചതും.

അദ്ദേഹം ജനിച്ചുവളർന്ന സഭയുടെ ഉൾവഴികളും, ചില ഊടുവഴികളും, നന്നായി മനസ്സിലാക്കുവാൻ ബാല്യവും, വിദ്യാഭ്യാസവും, സഭയോടുള്ള ഭക്തിയും, അവിവാഹിതനായി കശ്ശീശ പട്ടം സ്വീകരിക്കാനുള്ള തീരുമാന

www.malankaralibrary.com

വുമെല്ലാം വളരെ സഹായകരമായിത്തീർന്നു. മുണ്ടൻമലയിലും അതിനുശേഷവും, മാർഈവാനിയോസ് തിരുമേനിയുടെ ഐക്യചിന്തകൾക്ക് ശക്തമായ പിൻബലമാണ് അദ്ദേഹം നൽകിയിട്ടുള്ളത്. ‘‘ഏകസത്യദൈവമായ അവിടുത്തെയും അങ്ങയച്ച യേശുക്രിസ്തുവിനേയും അറിയുക എന്നതാണു നിത്യജീവൻ” (യോഹ:17/3) എന്ന നമ്മുടെ രക്ഷകന്റെ പ്രാർത്ഥന സ്വന്തം ജീവൻപോലും അവഗണിച്ചാണ് അദ്ദേഹം പിൻചെന്നത്. നേരുചെയ്യുന്നവനെ ദൈവം നേരായ വഴിയിലൂടെ നടത്തുമെന്നദ്ദേഹം വിശ്വസിച്ചിരുന്നു. പ്രതികൂലങ്ങൾ മുൻകൂട്ടിക്കാണുന്നതിനും അവയിൽ നിന്നുവിട്ടുനിൽക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു. എതിർസാഹചര്യങ്ങളിൽനിന്ന് അത്ഭുതമെന്നോണം ദൈവം രക്ഷിച്ച എത്രയെത്ര സംഭവങ്ങളാണ് അദ്ദേഹം വിവരിക്കുന്നത്. കാര്യസാധ്യത്തിനു വേണ്ടി നേരിൽ വെള്ളം ചേർക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ലഭ്യമായ സാഹചര്യവും സൗകര്യങ്ങളും മുതലാക്കി വിവിധ സ്ഥലങ്ങളിൽ പോയി സഭാമക്കളെക്കണ്ട് സംസാരിച്ച് കൂട്ടായ്മയും ആരാധന സൗകര്യങ്ങളും ക്രമീകരിക്കുന്നത് ‘നാളെയാകട്ടെ’ എന്നദ്ദേഹം ചിന്തിച്ചിരുന്നില്ല. ഉടനടി നടപടി, അതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലി.

ക്രിസ്തുവിന്റെ ദൗത്യം തന്നെയാണു സഭയുടേയും എന്നദ്ദേഹം പറഞ്ഞവസാനിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ദൈവശാസ്ത്രാവബോധവും സഭാശാസ്ത്രവീക്ഷണവും ഒരു പരിധി വരെ ഗ്രഹിക്കുവാനേ നമുക്കു സാധിക്കുകയുള്ളു. എന്താണ് ‘ജനുവിൻ ഐക്യുമെനിസം’ എന്ന് 83-ാം വയസ്സിലും മനസുറപ്പോടെ പറഞ്ഞുവയ്ക്കുവാൻ പരിശ്രമിച്ചുവെന്നത് സമകാലിക സഭാവിജ്ഞാനത്തോട് അദ്ദേഹം എത്രമാത്രം അടുത്തു ചിന്തിച്ചു എന്നതിന്റെ തെളിവായിക്കാണുവാൻ അധികംപേർ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 2–ാം വത്തിക്കാൻ സുന്നഹദോസിന്റെ എക്യുമെനിസത്തെപ്പറ്റിയുള്ള പ്രമാണരേഖ പറഞ്ഞുറപ്പിക്കുന്നത്, സഭൈക്യപ്രവർത്തനം പരിശുദ്ധാത്മാവിലുള്ള ദൈവനടത്തിപ്പിന്റെ പ്രവർത്തനമാണെന്നും, അതിനെ മറന്നും മറികടന്നും ഒന്നും സംഭവിക്കാതിരിക്കാൻ സഭയും വിശ്വാസികളും സദാ ജാഗരൂകരായിരിക്കണമെന്നുമാണ് (എക്യുമെനിസം 24) ഇതേചിന്ത തന്നെയല്ലേ,“പണ്ട് മുൾപ്പടർപ്പിൽ എരിയുന്ന അഗ്നി പോലെ ദൈവം മോശക്കു കാണപ്പെടുകയും മുൾപ്പടർപ്പ് ദഹിക്കാതിരിക്കുകയും ചെയ്തതു പോലെ പരിശുദ്ധാത്മാവുവരികയും അഗ്നിയുടെ വിടർന്ന നാവുപോലെ അപ്പസ്തോലന്മാരുടെ മേൽ ഇരിക്കുകയും എല്ലാവരും അതു കണ്ടത്ഭുതപ്പെടുകയും ചെയ്തു...” (പേജ് 251 കാണുക) എന്നു കുറിച്ചുവച്ചപ്പോൾ റമ്പാച്ചൻ അർത്ഥമാക്കിയത്.

www.malankaralibrary.com

വന്ദ്യ റമ്പാച്ചന്റെ മരണത്തോടുകൂടി (1979 ജൂൺ 24) ഉറച്ച അടിസ്ഥാനത്തിൽ ഭവനം പണിത്, വിശ്വാസം കാത്തുസൂക്ഷിച്ച ഒരു വീര സത്യാന്വേഷിയേയും, പ്രഗത്ഭനായ ഒരു സഭാപ്രസംഗകനേയും, നിഷ്ഠയും കൃത്യതയുമുള്ള ഒരു ഉഗ്രതാപസനേയും, പണ്ഡിതനായ ഒരു സഭാവിജ്ഞാനിയേയുമാണ്, അദ്ദേഹത്തെ അടുത്തറിഞ്ഞിരുന്നവർക്കും, വഞ്ചിയിൽ കുടുംബത്തിനും, അതിലുപരിയായി മലങ്കരകത്തോലിക്കാസഭയ്ക്കും നഷ്ടമായത്. അദ്ദേഹത്തിന്റെ ഭൗതികശരീരം തിരുവനന്തപുരം പട്ടം സെന്റ്മേരീസ് കത്തീഡ്രലിലാണ് കബറടക്കിയിരിക്കുന്നത്. ധന്യമായ ഒരു വൈദിക ജീവിതം നയിച്ച് വിജയം വരിച്ച ഒരു സംഭവമാണ് അദ്ദേഹത്തിന്റെ ജീവിത ചരിത്രമെന്നുള്ളത് അടിവരയിട്ട് പറയേണ്ടതാണ്. ഇവയെല്ലാം നമ്മുടെ അനുഭവസത്യങ്ങളാണ്.

ആത്യന്തിക സത്യം ഒന്നേ ഉള്ളെന്നും, സഭയായിരിക്കുക എന്നു പറഞ്ഞാൽ ദൈവത്തോടുകൂടിയായിരിക്കുക എന്നതാണെന്നും വന്ദ്യ റമ്പാച്ചൻ "പൂർവ്വകാല സ്മരണ"യിൽ സമർത്ഥിക്കുന്നു. "മരണമില്ലാത്ത പരിശുദ്ധാത്മാവ്, മരണമില്ലാത്ത ക്രിസ്തു, അതിനാൽ മരണമില്ലാത്ത സഭ"(സത്യ സഭ) എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ പ്രയോഗങ്ങളുടെ ആഴവും അവഗാഹവും സാധാരണതാൽപര്യങ്ങൾക്കപ്പുറം പരിമിതികൾക്കതീതവുമാണ് (പേജ് 250/251 കാണുക).

ബഹുമാനപ്പെട്ട റമ്പാച്ചന്റെ കുടുംബപിൻതലമുറയിലെ ഒരു കണ്ണിയായി ഞങ്ങളുടെ കുടുംബത്തിനും ഭവനത്തിനും വിശുദ്ധസഭയുമായി ബന്ധപ്പെടുത്തി ഒരു വൈദികപിൻതുടർച്ചയും അതുവഴി ലഭിച്ച ദൈവകൃപയും നന്ദിപൂർവ്വം ഓർക്കുവാനായി ഈ പരിശ്രമം സഹായിച്ചാൽ ഞാൻ കൃതാർത്ഥനായി. സഭൈക്യത്തെപ്പറ്റി വളരെ വിശാലമായി മലങ്കര കത്തോലിക്കാസഭ ചിന്തിക്കുന്നകാലമായതിനാൽ തന്നെ വന്ദ്യറമ്പാച്ചന്റെ "പൂർവ്വകാലസ്മരണകൾ" അതിനൊരു രാസത്വരകമാകട്ടെ എന്നാഗ്രഹിക്കുന്നു പ്രാർത്ഥിക്കുന്നു.

01-06-2014

വഞ്ചിയിൽ കുടുംബത്തിൽനിന്നും
**തോമസ് ഈപ്പൻ, ചേപ്പാട്**

www.malankaralibrary.com

www.malankaralibrary.com

ചെപ്പാട്ടു വഞ്ചിയിൽ
പീലിപ്പോസ് റമ്പാച്ചന്റെ

# പൂർവ്വകാല സ്മരണകൾ

റമ്പാച്ചന്റെ ബാല്യകാല ചരിത്രവും,
യാക്കോബായ സഭയിലെ സേവനത്തിന്റെ
അനുഭവങ്ങളും, പുനരൈക്യപ്രസ്ഥാനത്തിന്റെ
ആരംഭവും, പ്രതിബന്ധങ്ങളെതരണംചെയ്തുകൊണ്ടുള്ള അതിന്റെ
വളർച്ചയും, ചില പ്രധാന ഡയറി കുറിപ്പുകളും,
വിരുദ്ധോപദേശങ്ങൾക്കെതിരായുള്ള
റമ്പാച്ചന്റെ പല പ്രസംഗങ്ങളും
ഇതിൽ അടങ്ങിയിരിക്കുന്നു.

1969

www.malankaralibrary.com

www.malankaralibrary.com

# ഒരു വാക്ക്

സ്വന്തം ജീവചരിത്രമെഴുതുക എന്നതു് ചിലക്കു മാത്രം ലഭിക്കുന്ന ഒരു ദൈവാനുഗ്രഹമാണ്. എനിക്കു് അതു ലഭിച്ചു. ഇതിൽ പറയുന്ന സംഗതികൾ എൻെറ പൂർവ്വകാലസ്മരണയിൽ നിന്നും ഡയറി കുറിപ്പിൽ നിന്നും മററും ചേർത്തു് എഴുതീട്ടുള്ളതാണ്. ഞാൻ ജനിച്ചു വളന്നു് ഒരു വൈദികനായി ദൈവസേവനമനുഷ്ഠിച്ചിട്ടുള്ള യാക്കോബായസഭയിൽ ഞാൻ നടത്തിയ സേവനവും, അതിൽനിന്നെനിക്കുണ്ടായ അനുഭവങ്ങളും, അതിൽനിന്നു മുളച്ചുണ്ടായ കത്തോലിക്കാ പുനരൈക്യചിന്തയും, അതു പ്രവൎത്തിപഥത്തിൽ കൊണ്ടുവരുന്നതിനു് ലഭിച്ച ദൈവാനുഗ്രഹങ്ങളും ഞാൻ ഇതിൽ രേഖപ്പെടുത്തീട്ടുണ്ടു്. കത്തോലിക്കാ സഭയോട് എതിർത്തു നടത്തപ്പെടുന്ന ഉപദേശങ്ങളും അവയ്ക്കു് ഞാൻ പറഞ്ഞിട്ടുള്ളതും എഴുതീട്ടുള്ളതുമായ മറുപടികളും ഞാൻ ഇതിൽ കുറെയൊക്കെ രേഖപ്പെടുത്തീട്ടുണ്ടു്. കത്തോലിക്കാ പുനരൈക്യാലോചന പുഷ്ടിച്ചതും, അതു നിവൎത്തിപഥത്തിലെത്തിയതും അതിനു് സഹായിച്ചിട്ടുള്ള സാധാരണന്മാരാരെല്ലാമെന്നും, ശൈശവത്തിൽ ഈ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള ബാലാരിഷ്ടതകളും ദൈവകൃപയാൽ അവയിൽനിന്നുണ്ടായ വിമോചനങ്ങളും, പുനരൈക്യത്തിനു് പിന്നീടു ആണ്ടുതോറും ദൈവത്തിൻെറ കൃപയാലും പരിപാലനയാലും ഉണ്ടായിട്ടുള്ള പുരോഗതിയും, ഇപ്പോഴത്തെ അതിൻെറ യൌവനത്തിലേക്കുള്ള എത്തിനോക്കലുകളുമെല്ലാം ഇതിൽനിന്നും ഒരുവിധം ഗ്രഹിക്കാമെന്നും, കത്തോലിക്കാ പുനരൈക്യചിന്തകന്മാൎക്കു് ഈ ഗ്രന്ഥം ഒരു വഴികാട്ടിയാകുമെന്നും ഞാൻ കരുതുന്നു. എൻെറ ഈ എൺപത്തിമൂന്നു വയസ്സിനിടയിൽ ദൈവം എന്നിൽ ചൊരിഞ്ഞിട്ടുള്ള ദൈവാനുഗ്രഹത്തിനു് ഇതൊരു നന്ദിസൂചകമായി തീരണമെന്നു് ആഗ്രഹിച്ചുകൊണ്ടു് ഞാൻ ഇതു പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ഫേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാൻ**

www.malankaralibrary.com

www.malankaralibrary.com



വന്ദ്യ. ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ
(ഡൊമസ്റ്റിക്ക് പ്രീലേററ്)

www.malankaralibrary.com

www.malankaralibrary.com

# ചേപ്പാട്ടു വഞ്ചിയിൽ
# പീലിപ്പോസ് റമ്പാച്ചൻെറ
# പൂർവ്വകാല സ്മരണകൾ

'ക്രൈസ്തവകാഹള'ത്തിലും മററും പലരുടെയും പൂർവ്വകാല സ്മരണകൾ പ്രസിദ്ധം ചെയ്തുവരുന്നതു കണ്ടപ്പോൾ എന്റെ സുഹൃത്തുക്കളിൽ പലരും എൻെറ പൂർവ്വകാലസ്മരണകൾകൂടി ഒന്നെഴുതണമെന്നു് ആവശ്യപ്പെട്ടുതുടങ്ങി. എൻെറ സ്നേഹിതന്മാരുടെ ആഹ്വാനമനുസരിച്ചാണു ഞാൻ ഇതെഴുതുന്നതു്.

## എൻെറ ബാല്യകാലപഠനം

1887 മെയ് മാസം 12 നു- ആണു് എൻെറ ജന്മദിനം. എൻെറ കുട്ടിക്കാലത്തെ നിലത്തെഴുത്തുപഠനത്തെപററി ആദ്യം പറയട്ടെ. 75 വർഷങ്ങൾക്കു മുമ്പുള്ള പ്രൈമറി വിദ്യാഭ്യാസത്തിൻെറ രീതി ഗ്രഹിപ്പാൻ ഒരുപക്ഷെ ഈ വിവരണം ഉപകരിച്ചേക്കാം. അഞ്ചാമത്തെ വയസ്സിൽ അതായതു് 1892-ൽ എന്നെ എഴുത്തിനിരുത്തി. പൂജയെടുപ്പു ദിവസമായിരുന്നു അന്നു്. ആശാൻ എൻെറ വീട്ടിൽ വന്നു. ഒരു വലിയ പിത്തളത്തളികയിൽ അരിനിരത്തി അതിലാണു് എൻെറ പിഞ്ചുകൈവിരലുകൾ പിടിച്ചെഴുതിച്ചതു്. "യേശുമിശിഹായെ നമഃ" എന്നായിരുന്നു ആദ്യമായി എഴുതിച്ചതു്. ഇന്നും ഞാൻ അതോർക്കുന്നു. ആശാൻെറ അന്നത്തെ ഊണും ഞങ്ങളോടൊന്നിച്ചായിരുന്നു. അന്നു വീട്ടിൽ എല്ലാവർക്കും ഒരുത്സവദിവസമായിരുന്നു.

അന്നുമുതൽ ഞാൻ പള്ളിക്കൂടത്തിൽ പോയിത്തുടങ്ങി. എൻെറ മാതാപിതാക്കന്മാർക്കു ഞങ്ങൾ ഏഴു മക്കളാണുണ്ടായിരുന്നതു്. ആദ്യത്തെ ആളിൻെറ പേരു ഗീവർഗ്ഗീസു് എന്നായിരുന്നു. ആ ഇച്ചായൻ പഠിത്തം കഴിഞ്ഞു് വിവാഹിതനായി വീട്ടുകാര്യങ്ങൾ നടത്തിവന്നിരുന്നു. ആ ആളിന്റെ ഇളയവർ നാലു സഹോദരികളാണു്, അവരിൽ മൂത്ത പെങ്ങളെ കാരിച്ചാൽ ആലുംമൂട്ടിൽ മൂത്തകുഞ്ഞു് എന്ന ആളിനെക്കൊണ്ടു വിവാഹം കഴി

www.malankaralibrary.com

പ്പിച്ചു. അവക്കെല്ലാം ഇളയവരായി ഞാനും എന്റെ അനുജൻ മാത്തുക്കുട്ടിയും ഉണ്ടായിരുന്നു. മാത്തുക്കുട്ടി തീരെ കുഞ്ഞായിരുന്നു.

എന്റെ വീട്ടിൽനിന്നും ഒരു ഫർലോംഗ് കിഴക്കായിരുന്നു ഞങ്ങളുടെ പള്ളിക്കൂടം. ഒരു ആശാനും ഒരു ചട്ടംപിള്ളയും പത്തെൺപതു് അർദ്ധവസ്ത്രധാരികളായ കുട്ടികളുമായിരുന്നു ആ സ്കൂളിലെ അംഗങ്ങൾ. എന്റെ മൂത്ത സഹോദരിമാരുടെ സംരക്ഷണയിലാണ് ഞാൻ പള്ളിക്കൂടത്തിൽ പൊയ്ക്കൊണ്ടിരുന്നതു്. ഞങ്ങൾക്കു ഓരോ ഓലക്കുടയും ഉണ്ടായിരുന്നു. സി. എം. എസ്. സഭക്കാരുടെ വക ഒരു പള്ളിക്കൂടമായിരുന്നു അതു്. നാലാറു മാസം കൂടുമ്പോൾ അവിടെ ഒരു കോൻപോർട്ടർ വരിക പതിവുണ്ടു്. കോൻപോർട്ടർ വരുന്ന ദിവസം ഞങ്ങൾക്കെല്ലാം വളരെ സന്തോഷമാണു്. അദ്ദേഹം ഞങ്ങൾക്കോരോരുത്തർക്കും ഓരോ ബൈബിൾകഥയും അതിന്റെ പടവും അടങ്ങിയ അച്ചടിച്ചിട്ടുള്ള ഓരോ കടലാസു തരും. ഓരോരുത്തർക്കും കിട്ടിയ കടലാസിലെ പടങ്ങൾ തമ്മിൽ ഞങ്ങൾ ഒരു താരതമ്യവിവേചനം നടത്തും. അതിലേയ്ക്കു കുറേ സമയം ആശാൻ അനുവദിച്ചുതരും. അഞ്ചപ്പംകൊണ്ടു് അയ്യായിരത്തെ പോഷിപ്പിച്ച കഥയായിരുന്നു എനിക്കു കിട്ടിയതു്. വീട്ടിൽ ചെന്നു ഞാൻ തനിച്ചു് ഒരു വൃക്ഷത്തണലിൽ പോയിരുന്നു് അതിലെ അക്ഷരങ്ങൾ നോക്കി കൂട്ടി വായിച്ചു മനസ്സിലാക്കിയിരുന്നു.

## ആതക്കാട്ടു പൗലോസു് ഉപദേശി

ആതക്കാട്ടു പൗലോസ് ഉപദേശി എന്ന ഒരാളിന്റെ സ്ഥലത്തായിരുന്നു ആ സ്കൂൾ നടത്തിവന്നിരുന്നതു്. ആ ഉപദേശിക്കു ശമ്പളമുണ്ടു്, ആ ശമ്പളത്തുകയ്ക്കുള്ള വേദപുസ്തകമാണു പണത്തിനു പകരം കൊടുത്തുവന്നിരുന്നതു്. പുസ്തകത്തിന്റെ വിലയോ വളരെ തുച്ഛം. പുസ്തകം വിററു് ഉപദേശി പണം എടുത്തുകൊള്ളണം. 'ഉപദേശി ഇനിയും വരുമ്പോൾ എനിക്കും കൂടി ഒരു വേദപുസ്തകം കൊണ്ടുതരണം'; എന്നു പലരും പറഞ്ഞയയ്ക്കുമായിരുന്നു. പുസ്തകത്തിന്റെ പണം പിരിക്കാൻതന്നെ ഉപദേശി വീടുകൾതോറും പലപ്രാവശ്യം കേറിയിറങ്ങേണ്ടിവരും. അതിൽ അദ്ദേഹത്തിനു യാതൊരു മടിയും ഉണ്ടായിരുന്നില്ല. അവധി പറയുന്നവരോടു് ഉപദേശിക്കു് അനുകമ്പയേ ഉണ്ടായി

www.malankaralibrary.com

തന്നുള്ളൂ. ആരും ഉപദേശിയുടെ പണം കൊടുക്കാതിരിക്കയു മില്ല. പൗലോസ് ഉപദേശിയെ അറിയാത്തവർ ഞങ്ങളുടെ നാട്ടിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം.

ഈ ബൈബിൾ കച്ചവടം ഉപദേശിക്കൊരു പ്രയാസമു ള്ള കാര്യമായിരുന്നില്ല. പള്ളികളിൽ പെരുന്നാളുകളോ, ക്ഷേ ത്രങ്ങളിൽ ഉത്സവങ്ങളോ ഉണ്ടായിരുന്നാൽ വഴിയരുകിൽ സൗക ര്യമുള്ള ഒരു സ്ഥലം ഉപദേശി കണ്ടുപിടിക്കും. യേശുക്രിസ്തുവി ന്റെ ജീവിതത്തിലേ ഓരോ കഥകളെ ആധാരമാക്കി നല്ല പെരു മാററത്തെപററി ഉപദേശി പ്രസംഗിക്കും. ഇങ്ങനെയുള്ള അദ്ദേ ഹത്തിൻെറ വേലയുടെ ഫലമായി ക്രിസ്ത്യാനികളിൽ വളരെപ്പേ രും ബൈബിൾ പാരായണോത്സുകരായി തീർന്നുകൊണ്ടിരുന്നു.

എൻെറ കുട്ടിക്കാലത്തു 'നവീകരണ'ത്തിൽ നിന്നും ഒര ച്ചൻ ഞങ്ങളുടെ യാക്കോബായാ സഭയിലേയ്ക്കു വന്നു. അദ്ദേഹ ത്തിൻെറ ഒരു വേദപുസ്തകം കുറഞ്ഞ വിലയ്ക്കു ഏതോ ഒരു സാധു വിനു വിററു. തന്മൂലം 'വേദപുസ്തകം വിററു യാക്കോബായിൽ പോയ അച്ചൻ', എന്ന ഒരു പരിഹാസപ്പേര് നവീകരണക്കാ രിൽനിന്നും അദ്ദേഹത്തിനു ലഭിക്കാനിടയായി.

ഞങ്ങളുടെ പള്ളിക്കൂടത്തിൽ 'ഏലാൻ' കയറുക എന്നൊ രു പതിവുണ്ടായിരുന്നു. 'ഏലാൻ' എന്നുപറഞ്ഞാൽ ഒന്നാമതായി സ്കൂളിൽ വരിക, എന്നാണർത്ഥം. ഏലാൻ കയറിയ കുട്ടിക്ക് അന്നത്തേയ്ക്കു ചില പ്രത്യേക പരിഗണനകളൊക്കെ ആശാൻ നല്കും. ആശാൻ വരുന്നതിനു മുൻപുതന്നെ ചട്ടംപിള്ള പ ള്ളിക്കൂടത്തിലെത്തും. ചട്ടം പരിപാലിക്കുന്നതിനു ചുമതലപ്പെട്ട ഒരാളാണ് ചട്ടംപിള്ള. നമ്മുടെ അസംബ്ളിയിലെ സ്പീക്ക റുടെ ജോലിപോലുള്ള ഒരു ചുമതലയാണദ്ദേഹത്തിനുണ്ടായിരു ന്നത്. ആശാൻ പള്ളിക്കൂടത്തിൽ വന്നുകഴിഞ്ഞാലുടൻ, ആദ്യം വന്ന കുട്ടിയെ ഒന്നാമതും, രണ്ടാമതു വന്നയാളിനെ രണ്ടാമതും, അങ്ങനെ ക്രമമായി നിർത്തും. അനന്തരം ആശാനോ, ചട്ടംപിള്ള യോ ഒരു പാട്ടുപാടുകയായി,

"മുൻപേ, മുൻപേ, നടക്ക,—മേലോട്ടു ലക്ഷ്യം നോക്കി" എന്നിതുപോലെയുള്ള ഓരോ ഈരടിപ്പാട്ടായിരുന്നു അതു്. ആ പാട്ടു ഞങ്ങൾ ഏററു പാടിക്കൊണ്ടു പള്ളിക്കൂടത്തിനൊരു വലം വയ്ക്കുകയായി. ചിലപ്പോൾ മൂന്നു പ്രാവശ്യം ചുററിയെന്നുംവരും.

www.malankaralibrary.com

ഒടുവിൽ പള്ളിക്കൂടത്തിൽ കയറി അവരവരുടെ തടുക്കു പായ് വിരിച്ചിട്ട് അതിലിരിക്കും. പിന്നീട് ആശാനും ചട്ടംപിള്ളയും ഞങ്ങളെല്ലാവരും മുട്ടുകുത്തും. ആശാൻ അവസരോചിതമായ ഒരു വാചാ പ്രാർത്ഥന നടത്തും. അതിന്റെ ഒടുവിൽ ഞങ്ങളെല്ലാവരും ആമ്മീൻ പറയും. അതുകഴിഞ്ഞു അവരവരുടെ തടുക്കു പായിൽ ഇരുന്നു വായന തുടങ്ങുകയായി. അ, ആ, ഇ, ഈ എന്നിങ്ങനെ ഉച്ചത്തിൽ ചൊല്ലും. ചിലർ കണക്കു പഠിക്കുന്നവരാണ്. അവർ ഒന്നുക്ക് ഒന്ന്, 'ഓരൊന്ന്', ഒന്ന്'' എന്നിങ്ങനെ ഉച്ചരിക്കും. മററു ചിലർ തമിഴാണ് പഠിക്കുന്നത്. അ, ആന, ആവന്നാ, ഇ. ഈനാ, ഈവന്നാ എന്നിങ്ങനെ അവരും ചൊല്ലും. ഏററം മുതിന്ന കുട്ടികൾ 'യസ്യജ്ഞാനദയാസിന്ധോ രഗാധസ്യാനഘാഗുണാഃ', എന്നിങ്ങനെ അമരകോശം വായിക്കും.

ആശാൻ ഓരോരുത്തരുടെയും അടുക്കൽ ചെന്നു തെററുകൾ തിരുത്തിക്കൊടുക്കും. അപ്പോൾ ചട്ടംപിള്ള കുട്ടികളുടെ ഓല വാങ്ങിച്ച് അടുത്ത അക്ഷരമാലയും. കണക്കും മററും എഴുതിക്കൊടുക്കും. ഇരുമ്പുനാരായം കൊണ്ട് പനയോലയിൽ എഴുതി. തുമ്പയുടെയോ, വേനപ്പച്ചയുടെയോ ചാറിൽ കരി പൊടിച്ചു ചേർത്തിട്ടുള്ള മഷി (കുഴമ്പ്) എടുത്ത് ഓലയിൽ പുരട്ടി തുടച്ചെടുക്കും അപ്പോൾ വെളുത്ത ഓലയിൽ ആ അക്ഷരങ്ങൾ കറുത്തു തെളിഞ്ഞുകാണും. അതു നോക്കി നിലത്തു മണ്ണിൽ ഞങ്ങൾ എഴുതിപ്പഠിക്കും. ഓരോരുത്തരും എഴുതുന്നത് ആശാൻ പരിശോധിക്കും. ഒരു ചെറിയ ചൂരൽവടി ആശാന്റെ കൂടെപ്പിറപ്പാണ്; അതുകൊണ്ടാണ് ഓരോ ആജ്ഞയും ആംഗ്യം കാണിക്കുന്നതും താഴെ എഴുതിക്കാണിക്കുന്നതും. ഇതു് ഉച്ചവരെ നീണ്ടുപോകും. ഉച്ചയായാൽ കുറത്തിപ്പാട്ടുരീതിയിലുള്ള ഒരു പാട്ട് ആശാൻ പാടിത്തരും. കുട്ടികളെല്ലാവരും എഴുന്നേററു കൈകൂപ്പിനിന്നു ഭക്ത്യാദരപുരസ്സരം അതേററുപാടും.

> ''ഇക്ഷിതിനിവാസികളെ രക്ഷചെയ്‌വതിന്നായ്
> അക്ഷയകുമാരനേശു മർത്ത്യനായ്പ്പിറന്നു.''

എന്നിതുപോലെയുള്ള ഈരടിപ്പാട്ടുകൾ. ക്രിസ്തുവിന്റെ ജീവിതത്തിലെ ചില ഭാഗങ്ങൾ ആ പാട്ടിലുണ്ട്. കുട്ടികൾക്കു വളരെ ഉത്സാഹം തോന്നിപ്പിക്കുന്ന ഒരു ചടങ്ങാണിതു്. അതുകഴിഞ്ഞു് എല്ലാവരെയും ഉച്ചഭക്ഷണത്തിനായി വിടും. കുട്ടികളിൽ ഒരാ

www.malankaralibrary.com

ളിൻെറ വീട്ടിൽത്തന്നെയായിരിക്കും ആശാന്റെയും ഉച്ചഭക്ഷണം. ആരുടെ വീട്ടിലാണ് ഉച്ചഭക്ഷണത്തിനു ചെല്ലുന്നതെന്നു തലേ ദിവസംതന്നെ ആ വീട്ടിലെ കുട്ടിമൂലം വീട്ടിൽ അറിയിച്ചിരിക്കും.

ഊണു കഴിഞ്ഞു വീണ്ടും സ്കൂളിൽ വന്നാലുടനെ വാക്യ ക്ലാസ്സാണ്. കുട്ടികളെയെല്ലാം ഒരു വരിയായി എഴുന്നേല്പിച്ചു നിർത്തും. ഒന്നാമതു നില്ക്കുന്ന കുട്ടിയോട് ഒരു വേദവാക്യം പറ യാൻ ആവശ്യപ്പെടും. ആശാൻ ഒരു ചെറിയ ബഞ്ചിൽ ചൂരൽ വടിയുമായിരിക്കും. ആ ചൂരൽകൊണ്ടാണ് ആംഗ്യങ്ങൾ എല്ലാം കാണിക്കുന്നത്. "ഒരു കുട്ടി. ദൈവം സ്നേഹം തന്നെയാകുന്നു," എന്നോ മറേറാ ഒരു വാക്യം പറയും. "കൊള്ളാം മിടുക്കൻ!" ആ ശാൻ അഭിനന്ദിക്കും. അവനെ പിടിച്ച് ഒന്നാംസ്ഥാനത്തു നി ർത്തും. 'അടുത്തയാൾ!', എന്നായി ആശാൻ. 'യേശു കണ്ണുനീരൊഴു ക്കി',വേറൊരുവൻ പറയും. 'കൊള്ളാം ചുണക്കുട്ടി!' ആശാൻെറ അഭിനന്ദനം വീണ്ടും. അവനെ പിടിച്ചു രണ്ടാംസ്ഥാനത്തുനിർത്തും. വീണ്ടും 'അടുത്തയാൾ', ആ കുട്ടിക്ക് ഏതോ അറിയാം. ശരിക്കു പറയാൻ കഴിയുകയില്ല. അതിനടുത്തയാൾ!, "യഹോവാ. എന്റെ ഇടയനാകുന്നു"വെന്നോ മറേറാ ഒരു വാക്യം പറയും. അവനെ ആശാൻ പുകഴ്ത്തി മൂന്നാം സ്ഥാനത്തു നിർത്തും. ഒന്നും അറിയാൻ പാടില്ലാത്തയാൾക്കു ആശാൻ തന്നെ ഒരു വാക്യം പറഞ്ഞുകൊ ടുത്തു പറയിച്ചു കയററം കൊടുക്കാതിരിക്കയില്ല. "ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു." "അവൻ എന്നെ പച്ച മേച്ചിൽ സ്ഥലത്തു കിടത്തും". "ആഴത്തിൻെറ മുഖത്ത് ഇരുളായിരുന്നു". "ഇതാ, നിൻെറ ദാസൻ കേൾക്കുന്നു." ഞാൻ വഴിയും സത്യവും ജീവനുമാകുന്നു." എന്നിങ്ങനെ അനവധി വാക്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെ പഠിപ്പിക്കും. അവർ അതെല്ലാം പഠിച്ച് ഓർത്തിരുന്നു പിറേറദിവസം ക്ലാസ്സിൽ ചൊല്ലി കയററം വാങ്ങിക്കും. ഞങ്ങൾക്കെല്ലാം സന്തോഷമുണ്ടാക്കുന്ന ഒരു ക്ലാസ്സായിരുന്നു അത്. അതുകഴിഞ്ഞു നിലത്തെഴുത്തും കണക്കു ചൊല്ലലുമൊക്കെ രാവിലത്തെപ്പോലെ തുടരുകയായി. ഒടുവിൽ നാലു മണിക്കു സ്ക്കൂൾ വിടും. നാഴികമണിയില്ലാതെയിരുന്ന അന്ന് സമയമറിഞ്ഞിരുന്നവിധം ഇങ്ങനെയായിരുന്നു. അവര വരുടെ നിഴലിനു 12 ചുവട്ടടി നീളമുള്ളപ്പോൾ ആണു നാലു മണിയാകുന്നത്. അപ്പോൾ കുട്ടികളെല്ലാം അവരവരുടെ ഓല

www.malankaralibrary.com

യെടുത്തു തട്ടക്കപായിൽ വെച്ചു ചുരുട്ടിപ്പിടിച്ചുകൊണ്ടു നില്ക്കും. ആശാനോ, ചട്ടംപിള്ളയോ ഒരു പാട്ടുപാടിത്തരും.

"യേശു എന്നടിസ്ഥാനം, ആശയവനിലത്രെ,
ആശ്വാസത്തിൻപൂർണ്ണത–യേശുവിൽ കണ്ടേൻ ഞാനും."

അതു ഞങ്ങളെല്ലാവരുംകൂടി ഉച്ചത്തിൽ പാടും. ഓരോ ആഴ്ചയിലും പാട്ടുകൾക്കു മാററമുണ്ടായിരിക്കും. ഒടുവിൽ ആശാൻ ഹിതാനുസരണം ഒരു ചെറിയ മനഃപ്രാർത്ഥന നടത്തും. അതിന്റെ ഒടുവിൽ ഞങ്ങളെല്ലാവരും ആമ്മീൻ ഉച്ചത്തിൽ പറയും. അനന്തരം എല്ലാവരും വീട്ടിലേയ്ക്കു പോകും. ഏതാണ്ട് ഈ രീതിയിലായിരുന്നു എന്റെ ഒരു വർഷത്തെ പഠനം. ഇതുമൂലം എന്റെ കുട്ടിക്കാലം മുതലേ വേദപുസ്തകത്തോട്ട് എനിക്കൊരു അടുപ്പവും താല്പര്യവും ഉണ്ടായിക്കൊണ്ടിരുന്നു.

## സർക്കാർ സ്കൂളിലെ എന്റെ പഠനം

ഈ, സി. എം. എസ്. പള്ളിക്കൂടത്തിലെ പഠനം കഴിഞ്ഞ എന്നെ ഒരു ഗവണ്മെൻറു പ്രൈമറിസ്കൂളിൽ രണ്ടാം ക്ലാസ്സിലാണു പിന്നെ ചേർത്തതു്. അവിടെ മൂന്നു വർഷം പഠിച്ചു. നാലാം ക്ലാസ്സു ജയിച്ചു. പിന്നീട്ട് എന്നെ ഹരിപ്പാട്ടു ഗവണ്മെൻറു് ഇംഗ്ലീഷ്സ്കൂളിൽ ചേർത്തു. അവിടെ ഞാൻ പഠിക്കുന്ന കാലത്താണ്. ഈഴവർക്കും അതിനു താഴോട്ടുള്ള ജാതികൾക്കും ഗവണ്മെൻറുസ്കൂളിൽ പ്രവേശനം അനുവദിച്ചതു്, ക്രിസ്ത്യൻസ്കൂളുകളിൽ ഇവർക്കു നേരത്തെതന്നെ പ്രവേശനം ഉണ്ടായിരുന്നു. നായർ പ്രമാണികൾക്കും ബ്രാഹ്മണർക്കും ഇതത്ര രുചിച്ചിരുന്നില്ല. നായന്മാർ നടത്തുന്ന പലഹാരക്കടകളിലും മററും അവർക്കു പ്രവേശനം ഇല്ലായിരുന്നു. എന്നാൽ ചില കുട്ടികൾ മററു ജാതിയിൽപ്പെട്ട സ്നേഹിതന്മാരോട്ടുകൂടി പലഹാരക്കടകളിൽ കയറി പലഹാരം വാങ്ങിക്കഴിച്ചുതുടങ്ങി. അതിന് ഒരിക്കൽ ഒരു നായർ ഒരു കുട്ടിയെ ഉന്തുകയോ തള്ളുകയോ ചെയ്തു. ഞങ്ങളെല്ലാം അതിനെ പ്രതിഷേധിച്ചു. എങ്കിലും സ്ഥിതിഗതികൾ ശാന്തമായി.

## ഹരിപ്പാട്ടു ഷണ്മുഖവിലാസം ഹൈസ്കൂൾ

ബ്രാഹ്മണരുടെ എതിർപ്പു മൂർദ്ധന്യാവസ്ഥയിലെത്തി. അവർ അവരുടെ വകയായി ഹരിപ്പാട്ടു ക്ഷേത്രത്തിനടുത്തു ഷണ്മു

www.malankaralibrary.com

ഖവിലാസം എന്ന പേരിൽ ഒരു ഹൈസ്കൂൾ തുടങ്ങി. ഈഴവരെയും മററും കയററാതിരിക്കുന്നതിനുവേണ്ടിയാണ് ക്ഷേത്രത്തിനടുത്തു് അതു സ്ഥാപിച്ചതു്. ഗവൺമെൻറു സ്കൂളുകളിൽനിന്നും അനേകം കുട്ടികൾ സർട്ടിഫിക്കററു വാങ്ങിച്ചു് ആ സ്കൂളിൽ ചെന്നുചേൎന്നു അക്കൂട്ടത്തിൽ ഞാനും സർട്ടിഫിക്കററു വാങ്ങിച്ചു ഷൺമുഖവിലാസത്തിൽ ഫോത്തുഫോറത്തിൽ ചേൎന്നു് ഒരു വർഷം പഠിച്ചു. അവിടെ പഠിച്ചു കൊണ്ടിരുന്ന കാലത്താണു് എന്നെ വൈദികപഠനത്തിനു തെരഞ്ഞെടുത്തതു്. അതിനാൽ ഞാൻ ആ പള്ളിക്കൂടം വിട്ടു കോട്ടയം സെമിനാരിയിൽ പഠിക്കുവാൻ പോയി. ഷൺമുഖവിലാസം സ്കൂൾ രണ്ടു മൂന്നു കൊല്ലം കൂടി മാത്രമെ നടന്നുള്ളു. ഡിസിപ്ളിൻ ഇല്ലായ്കയാലും അനേകരുടെ അനർഹമായ കൈകടത്തലുകളാലും ആ സ്ഥാപനത്തിൻെറ അംഗീകാരം ഗവൺമെൻറു പിൻവലിക്കുകയും അതു നിന്നു പോകയും ചെയ്തു. ആ സ്കൂൾ നടത്തിയിരുന്ന രണ്ടുനില കെട്ടിടം ഇന്നും അവിടുണ്ടു്.

## സമുദായകാര്യങ്ങളെപ്പററിയുള്ള എൻെറ പൂർവ്വകാലസ്മരണകൾ

പുന്നത്ര മാർ ദിവന്നാസ്യോസു മൂന്നാമൻെറ കാലത്തു്–1817–ൽ ആയിരുന്നു–C. M. S. കാർ വന്നു സുറിയാനിക്കാരുടെയിടയിൽ മിഷ്യൻ വേല തുടങ്ങിയതു്. അതുമൂലം കുറെ സാമൂഹ്യപുരോഗതി സുറിയാനിക്കാൎക്കു് ലഭിക്കാനിടയായി. മിഷ്യനറിമാരിൽ രണ്ടുപേർ കോട്ടയം പഴയ സെമിനാരിയിൽ താമസിച്ചു ശെമ്മാശന്മാരെ ഇംഗ്ലീഷ് ഭാഷയും വേദപുസ്തകവും പഠിപ്പിച്ചു തുടങ്ങി. പഴയ സെമിനാരിയായിരുന്നു തിരുവിതാംകൂറിലെ ആദ്യത്തെ ഇംഗ്ളീഷ് പള്ളിക്കൂടം. പുന്നത്ര മെത്രാച്ചന്റെ കാലശേഷം ചേപ്പാട്ടു മെത്രാച്ചൻ-1825-നു് 1000-ാമാണ്ടു് ചിങ്ങം 15-ാനു- തൊഴിയൂരെ മാർ കൂറിലോസിൽ നിന്നും മെത്രാൻസ്ഥാനമേററു മലങ്കര മെത്രാനായി. സി. എം. എസ്, മിഷ്യനറിമാർ, പരേതൎക്കു വേണ്ടിയുള്ള പ്രാർത്ഥന. പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന മുതലായവ തെററാണെന്നും അവ വേദപുസ്തകത്തിനു വിരുദ്ധമാണെന്നും കരുതിയിരുന്നു. അവർ ആ ആശയം ക്രമേണ ശെമ്മാശന്മാരെ പഠിപ്പിക്കുവാൻ തുടങ്ങി. അന്നത്തെ

www.malankaralibrary.com

ബ്രിട്ടീഷ് റസിഡൻറിന്റെയും മററും പിൻതുണയും അവർക്കുണ്ടായിരുന്നു.

അങ്ങിനെയിരിക്കെ, കൽക്കട്ടാ ബിഷപ്പു തിരുവിതാംകൂർ സന്ദർശിക്കുവാൻ വന്നു. ചേപ്പാട്ടു മെത്രാച്ചൻ എന്റെ വലിയപ്പച്ചന്റെ പിതാവിന്റെ സഹോദരനായിരുന്നു. അദ്ദേഹം സ്നേഹാദരപുരസ്സരം ബിഷപ്പിനെ സ്വീകരിച്ച് പള്ളികൾ തോറും കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. അങ്ങിനെ കണ്ടനാട്ടു യാക്കോബായ പള്ളിയിൽ ചെന്നപ്പോൾ കൽക്കട്ടാ ബിഷപ്പ് തൻെറ പള്ളിപ്രസംഗത്തിനിടയിൽ, മരിച്ചുപോയവരുടെ ശ്രാദ്ധം നടത്തുന്നതും, അവർക്കുവേണ്ടി വിശുദ്ധ കുർബാന ചൊല്ലിക്കുന്നതും, വിശുദ്ധന്മാരുടെ പെരുന്നാൾ നടത്തുന്നതുമൊക്കെ അനാചാരമാണെന്നു പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞു പള്ളിമുറിയിൽ വന്നു കാപ്പി മേശയ്ക്കിരുന്നപ്പോൾ ചേപ്പാട്ടു മെത്രാച്ചൻ അതേക്കുറിച്ച് ചില സംശയങ്ങൾ അദ്ദേഹത്തോടു രഹസ്യമായി ചോദിച്ചു. മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതു തെററാണെങ്കിൽ ആദാം മുതൽ ക്രിസ്തുവരെയുള്ള പരേതരുടെ പാപപരിഹാരത്തിനു വേണ്ടി ക്രിസ്തു ക്രൂശിൽ മരിച്ചതും തെററാണെന്നുവരികില്ലേ? അദ്ദേഹത്തിനു പരേതരായ പൂർവപിതാക്കളുടെ പാപപരിഹാരാർത്ഥം കുരിശിൽ കിടന്നു പ്രാർത്ഥിക്കാമെങ്കിൽ, നമ്മുടെ പരേതർക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കുകയും ധൂപമർപ്പിക്കുകയും ചെയ്തുകൂടെയോ? ക്രിസ്തുവിനു വേണ്ടിയും സത്യത്തിനു വേണ്ടിയും ജീവാർപ്പണം ചെയ്ത വിശുദ്ധന്മാരെ നാം ബഹുമാനിക്കുന്നതിൽ ക്രിസ്തുവിനു വിരോധമോ, വെറുപ്പോ ഉണ്ടാകുമോ? എന്നൊക്കെ ചോദിച്ചു. നിനച്ചിരിക്കാത്ത ഈ വക ചോദ്യങ്ങൾക്കു തക്കതായ മറുപടി പറയാൻ ഇല്ലാതെ അദ്ദേഹം വളരെ വിഷമിച്ചു. അന്നു പ്രൊട്ടസ്റ്റണ്ടുകാരായ ഇംഗ്ളീഷുകാർ രാജ്യത്തിൻെറ ഭരണ മേധാവികളുംകൂടെയായിരുന്നു. അതിനാൽ അവർ മത സംബന്ധമായി പറയുന്ന കാര്യങ്ങൾ എത്ര തന്നെ തെററായിരുന്നാലും മററുള്ളവരെല്ലാം അതു സമ്മതിച്ചു സ്വീകരിച്ചുകൊണ്ടു പൊയ്ക്കൊള്ളണമെന്ന ഒരു മനസ്ഥിതിയായിരുന്നു അവർക്കുണ്ടായിരുന്നത്. അവരുടെ ആ മനസ്ഥിതിക്കു പാദസേവ ചെയ്യാനും ചിലർ തയ്യാറുണ്ടായിരുന്നുവെന്നതും വിസ്മരിക്കാവുന്നതല്ല.

www.malankaralibrary.com

പ്രൊട്ടസ്റ്റൻറുകാർ ഉണ്ടായ കാലം മുതൽ ഇന്നു വരെ പരേതക്കു വേണ്ടിയുള്ള പ്രാത്ഥന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ തെററാണെന്നു പഠിപ്പിക്കുന്നതിനു തക്കതായ കാരണമോ, വിവരണമോ അവക്കു നല്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ദുരുപദേശം പഠിപ്പിക്കാതിരുന്നെങ്കിൽ പ്രൊട്ടസ്റ്റൻറുകാരും സുറിയാനിക്കാരും തമ്മിൽ വളരെ സ്നേഹമായും സൗഹാർദ്ദമായും കഴിഞ്ഞുകൂടി പോകുമായിരുന്നു. അതിനിടവരുത്താതിരിപ്പാൻവേണ്ടി പിശാചു പ്രയോഗിച്ച ഒരു കൊടിയ തന്ത്രമായിരുന്നു ഈ ദുരുപദേശം എന്നു പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ സുറിയാനിക്കാരും, സി. എം. എസ്സുകാരും തമ്മിൽ അകന്നുപോയതു് അത്രമാത്രം മമ്മഭേദകമായ ഒരു സംഗതിയായിട്ടാണു് ഇന്നും ഇരിക്കുന്നതു്. അതുമൂലമുണ്ടായ ദോഷം ഇന്നും നിലനില്ക്കുകയും ചെയ്യുന്നു.

## മാത്യൂസു് മാർ അത്തനാസ്യോസു്

കോട്ടയം പഴയ സെമ്മിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന പാലക്കുന്നത്തു മാത്യൂസ് ശെമ്മാശ്ശൻ ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം മിഷ്യനറിമാരുടെ പക്ഷം ചേന്നു് മററുള്ളവരോടു വാദിക്കുമായിരുന്നു. പരേതക്കുവേണ്ടി പ്രാർത്ഥിക്കുന്നതും, പരിശുദ്ധന്മാരെ ബഹുമാനിക്കുന്നതും വിലക്കുന്നതു് സഭയുടെ ഉപദേശത്തിനു വിരുദ്ധമാണെന്നും അങ്ങിനെ ചെയ്യരുതെന്നും ചേപ്പാട്ടു മെത്രാച്ചൻ ശെമ്മാശ്ശന്മാരെ വിലക്കിയിരുന്നു. മാത്യൂസ് ശെമ്മാശ്ശൻ അതിനെ പരസ്യമായി എതിത്തു. തന്മൂലം അദ്ദേഹത്തെ സെമ്മിനാരിയിൽനിന്നും പിരിച്ചുവിട്ടു. എന്നാൽമാത്യൂസു ശെമ്മാശ്ശൻ സാധാരണക്കാരിൽ മികച്ച ഒരു സമത്ഥനായിരുന്നു. മിഷ്യനറിമാർ അദ്ദേഹത്തെ മറുദീനിലെ യാക്കോബായ പാത്രിയക്കീസിൻെറ അടുക്കലേക്കയച്ചു. ശരിയായ ഭരണരീതിയോ ഭരണനൈപുണ്യമോ ഇല്ലാത്തവരായിരുന്ന അവർ, അദ്ദേഹം ചേപ്പാട്ടു മെത്രാച്ചനെ അറിയിക്കാതെയും അദ്ദേഹവുമായി ആലോചിക്കാതെയും പ്രോട്ടസ്റ്റൻറുകാരുടെ അഭിലാഷമനുസരിച്ചു് അദ്ദേഹത്തെ മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാൻ പട്ടവും അധികാരപത്രമായ സ്ഥാത്തിക്കോനും കൊടുത്തു മലങ്കരക്കയച്ചു.

www.malankaralibrary.com

ചേപ്പാട്ട മാർ ദിവന്നാസ്യോസു ശീമയ്ക്കു പോകാതെ ഇവിടെ തൊഴിയൂരെ മാർ കൂറിലോസു മെത്രാപ്പോലീത്തായിൽ നിന്നു പട്ടമേററ ആളായിരുന്നു. അതു പോരെന്നും, അന്ത്യോക്യാ പാത്രിയർക്കീസിൽ നിന്നും നേരിട്ട പട്ടമേററിരിക്കണമെന്നും അങ്ങിനെയാണു താൻ പട്ടമേററിരിക്കുന്നതെന്നും അതിനാൽ മലങ്കര സഭാഭരണാവ്യം തിരുവെഴുത്തു വിളംബരവും തനിക്കു കിട്ടണമെന്നും കാണിച്ചു ചേപ്പാട്ട മെത്രാച്ചനെതിരായി ഒരു വാദം മാർ അത്തനാസ്യോസു പുറപ്പെട്ടവിച്ചു. ചേപ്പാട്ട മെത്രാച്ചൻ ഇതേപ്പററി പാത്രിയർക്കീസിനോട്ട് എഴുതി ചോദിച്ചു. പാത്രിയർക്കീസ് തനിച്ചുണ്ടാക്കിവച്ച തകരാറിനു അദ്ദേഹം എന്താണു് സമാധാനം പറയേണ്ടതു്. ഈ ഘട്ടത്തിൽ കത്തോലിക്കാ പുനരൈക്യം സാധിക്കുമോ എന്നു് മെത്രാച്ചൻ ഒരന്വേഷണം നടത്തി. അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്താ വിസമ്മതിക്കുകയാൽ അതു നടന്നില്ല.

ക്രിസ്ത്യാനികളെ രണ്ടു കക്ഷിയാക്കി ഭിന്നിക്കൊണ്ടു രണ്ടുകൂട്ടരുടെയും മാദ്ധ്യസ്ഥം വഹിക്കുന്ന ഒരു ഭരണസംപ്രദായമാണു് തുർക്കിഗവണ്മെൻറു ക്രിസ്ത്യാനികളുടെയിടയിൽ അവലംബിച്ചിരുന്നതു്. ആ നയം തന്നെ യാക്കോബായ പാത്രിയർക്കീസു മലങ്കരയുള്ളവരുടെയിടയിലും അനുവർത്തിപ്പാൻ തുടങ്ങി. അദ്ദേഹം, മലങ്കരയിലെ മെത്രാന്മാരുടെ ഈ വാദം കേട്ടു തീരുമാനിക്കാൻ കൂറിലോസ് എന്നൊരു ശീമക്കാരൻ മെത്രാനെ മലങ്കരയ്ക്കയച്ചു. ചേപ്പാട്ട മെത്രാച്ചനു കാര്യം മനസ്സിലായി. വൃദ്ധനായ തനിക്കു കേസും വഴക്കും കഴിയുകയില്ലെന്നു പറഞ്ഞു് ചേപ്പാട്ട മെത്രാച്ചൻ മലങ്കരസഭ ഭരിക്കാനുള്ള തൻെറ അധികാരം ശീമയിൽനിന്നും വന്ന കൂറിലോസു തിരുമേനിയെ ഏൽപ്പിച്ചു. അനന്തരം ഭരണത്തിൽ നിന്നെല്ലാം ഒഴിഞ്ഞു് ഒരു വർഷത്തോളം ഇരുന്നശേഷം 1855 കന്നി 26-ാം തീയതി കാലം ചെയ്യുകയും ചെയ്തു. അദ്ദേഹത്തെ ചേപ്പാട്ട പള്ളിയിൽത്തന്നെ കബർ അടക്കി. അദ്ദേഹത്തിൻെറ സ്മരണ വർഷംതോറും കന്നി മാസം 26-ാം തീയതി ഇന്നും ആചരിച്ചുവരുന്നു. അദ്ദേഹത്തിന്റെ നൂറാമാണ്ടത്തെ ശ്രാർദ്ധം എത്തിയോപ്പിയായിലെ ഹെയിലിസാലെസ് ചക്രവർത്തി വന്നിരുന്നാണു് ആഘോഷിച്ചതു്. താമസംവിനാ, മദ്രാസുഗവർണ്ണർ തിരുവിതാംകൂർ സന്ദർശിക്കുന്ന

www.malankaralibrary.com

തിനായി വരുന്നുണ്ടെന്നുകേട്ട്, ഗവണ്ണറെക്കൊണ്ടു മഹാരാജാവി നോടൊന്നു പറയിച്ചാൽ തനിക്കു തിരുവെഴുത്തുവിളംബരം ലഭിക്കുമെന്നു കരുതി മാത്യൂസു മാർ അത്തനാസ്യോസു തിരുമേനി തിരുവനന്തപുരത്തിനു പോകാനായി കായംകുളം യാക്കോബായ പള്ളിയിൽ എത്തി താമസിച്ചു. ആ പള്ളി സാബോർ, പ്രോത്ത് എന്നു രണ്ടു കൽദായ സഹോദരമെത്രാന്മാരായ കാദീശന്മാർ പണിയിച്ചതാണ്. ചേപ്പാട്ടു മെത്രാച്ചൻ അവിടെ ഒരു പള്ളിമേടയും പണികഴിപ്പിച്ചിരുന്നു. കാദീശന്മാരുടെ പള്ളിയെന്നാണതിന്റെ പേര്. തിരുമേനി യാത്രയാകുന്നതിനുമുമ്പ് പള്ളിയിൽ കയറി ത്രോണോസിന്മേൽ കമഴ്ന്നുകിടന്നു്, 'എന്റെ കാദീശന്മാരേ, എന്റെ ആഗ്രഹം സാധിച്ചുകിട്ടിയാൽ ഞാൻ ഈ പള്ളിയുടെ കേട്ടുപാട്ടുപോക്കി പുതുക്കി പണിയിച്ചു തന്നുകൊള്ളാം,' എന്നൊരു നേർച്ചയും നേർന്നുകൊണ്ടാണ് തിരുവനന്തപുരത്തിനു ബോട്ടു കയറിയത്. ചേപ്പാട്ടു മെത്രാച്ചന്റെ അനുഭാവിയായിരുന്ന തിരുവനന്തപുരം പേഷ്കാർ പള്ളിപ്പാട്ടു കോയിക്കലേത്തു കൊച്ചു ശങ്കരപ്പിള്ള മരിച്ചുപോയിരുന്നു. അതിനാൽ തടസ്സമൊന്നും കൂടാതെ തിരുവെഴുത്തുവിളംബരം മാർ അത്തനാസ്യോസു തിരുമേനിക്കു ലഭിക്കയും ചെയ്തു.

തിരുവെഴുത്തുവിളംബരം കിട്ടിക്കഴിഞ്ഞപ്പോൾ ഉടൻ തന്നെ അതു നടപ്പിലാക്കണമെന്നുള്ള വിചാരമായി. കായംകുളം പള്ളി പണിയിക്കുന്ന കാര്യം പിന്നെയാകട്ടെ, എന്നുവെച്ച് അദ്ദേഹം ബോട്ടു കയറി നേരേ വടക്കോട്ടു പോയി കുന്നംകുളത്തെത്തി. അവിടത്തെ പള്ളിയുടെ കൈക്കാരന്മാർ പുലിക്കോട്ടു കുടുംബക്കാരായിരുന്നു. അവർ യാഥാസ്ഥിതികന്മാരാകയാൽ അവരെ മാററി ചെറുവത്തൂർ പാറയിന്മേക്കാരെയാക്കി. അവിടെ അതേവരെ തുറക്കാതെ കിടന്നിരുന്ന ഭണ്ഡാരം തുറന്നു. ഉള്ള മുതലെല്ലാം കൈവശപ്പെടുത്തിക്കൊണ്ടു പാലക്കുന്നത്തു മെത്രാച്ചൻ അടുത്ത പള്ളിയിലേയ്ക്കു പോയി. അങ്ങിനെ വടക്കൻ പള്ളികൾ എല്ലാം സന്ദർശിച്ചശേഷം തനിക്കു പിൻഗാമിയായി തന്റെ അനന്തിരവനായ തോമസ് അച്ചനെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ 1868-ൽ മെത്രാനായി വാഴിച്ചു. പള്ളികൾ എല്ലാം അദ്ദേഹത്തിനു കൈവശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

www.malankaralibrary.com

പുലിക്കോട്ട ജോസഫ് അച്ചൻ പള്ളിയിൽ അവരുടെ കുടുംബത്തേയ്ക്കുള്ള കൈസ്ഥാനം നഷ്ടപ്പെട്ടതിൽ കുപിതനായി, കോട്ടയത്തു ചെന്ന് അക്കര കുര്യൻ റൈട്ടറെ കണ്ട്, അവരുടെ ആലോചനപ്രകാരം കപ്പൽ കയറി മദ്രാസിൽച്ചെന്ന് മെത്രാൻ സ്ഥാനവുമേററു തിരിച്ചുവന്നു. ഇത്തവണയും പാത്രിയാക്കീസ്, ഇവിടത്തെ മെത്രാനോട്ട ചോദിക്കാതെയാണ് ആ മെത്രാൻവാഴ്ചയും നടത്തിയത്. പുലിക്കോട്ട മാർ ദിവന്നാസ്യോസു കോട്ടയത്തു വന്ന് അക്കരക്കാരുടെ കടവിനു കിഴക്കുവശത്തായി തല്ക്കാലം ഒരു മുറി മാത്രമുള്ള ഒരു കെട്ടിടം പണിയിച്ച് അതിൽ താമസിച്ചുവന്നു.

## മാത്യൂസ് മാർ അത്തനാസ്യോസും കായംകുളം പള്ളി പണിയും

മാത്യൂസ് മാർ അത്തനാസ്യോസ് വടക്കൻ പള്ളി സന്ദർശനം കഴിഞ്ഞു തെക്കൻ പള്ളികൾ സന്ദർശനം തുടങ്ങി. ഒടുവിൽ കുണ്ടറ പള്ളിയിലെത്തി, അവിടെ വെച്ചദ്ദേഹത്തെ ഒരു എലി കടിച്ചു ഉടനെ ഭരണ ചുമതലകളെല്ലാം തന്റെ അനന്തിരവനായ തോമസു മാർ അത്തനാസ്യോസിനെ ഏല്പിച്ചശേഷം ചികിത്സാർത്ഥം മാരാമണ്ണിലുള്ള സ്വഭവനത്തിലേയ്ക്കു മടങ്ങുകയും ചെയ്തു. കായംകുളം പള്ളി പണിയിപ്പിക്കേണ്ട കാര്യം അപ്പോൾ ഓർമ്മയിൽ വന്നു. താൻ നേർച്ച നേർന്നതും കായംകുളം പള്ളി പണിയിച്ചു കൊടുക്കാമെന്നു ശപഥം ചെയ്തതും അനുയായികളെ അറിയിച്ചു. മൂന്നു ദിവസത്തിനകം സകല കേടുപാടുകളും പോക്കി കായംകുളം പള്ളി ബലവത്താക്കിത്തീർക്കണമെന്നും, അതിലേയ്ക്കെത്ര പണം വേണമെങ്കിലും കൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു പരമാർത്ഥികളായ അനുയായികൾ അതിലേയ്ക്കു വേണ്ട ഒരുക്കങ്ങൾ ധ്രുതിയിൽ നടത്തിത്തുടങ്ങി.

അന്നു കോവൂർ വലിയച്ചൻ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം ഈ വിവരം കേട്ട് ഓടിയെത്തി. കായംകുളം പള്ളി പണിക്കുള്ള ശ്രമം നിർത്തിവെയ്ക്കണമെന്നും, ഇങ്ങനെ ഒരു സംഗതി ഉണ്ടായ കാര്യം പോലും വെളിക്കു മിണ്ടരുതെന്നും പറഞ്ഞു. "പരിശുദ്ധന്മാർ, ആക്കും ഒരു ഉപകാരവും ചെയ്യുന്നില്ലെന്നും, അതിനവക്ക് കഴിവില്ലെന്നും ജനങ്ങളോടു പ്രസംഗിച്ചു വരുന്ന നമ്മുടെ തിരുമേനി, കായംകുളം പള്ളി പണിയിച്ചു കൊടുക്കാമെന്നു

www.malankaralibrary.com

കാദീശന്മാരോടു നേർച്ച നേരുന്നെന്നും. അവരുടെ ആനുകൂല്യത്താൽ തിരുമേനിക്കു തിരുവെഴുത്തു വിളംബരം കിട്ടിയെന്നും, അതനുസരിച്ചാണു കായംകുളം പള്ളിയുടെ അടിസ്ഥാനമിടുന്നതെന്നും വല്ലവരും അറിഞ്ഞാൽ പിന്നെ നമ്മുടെ നവീകരണ സഭയിൽ ആരും കാണുകയില്ല എല്ലാവരും തിരികെ യാക്കോബായിലേയ്ക്കു പൊയ്ക്കളയും. എലി വിഷം തലയിൽ കയറി പറയുന്ന പിച്ചും പ്രാന്തും കണക്കിലെടുക്കേണ്ടതില്ല. അദ്ദേഹത്തെ മുഷിപ്പിക്കയുമരുത്. 'ഇതാ ശരിപ്പെടുത്തുന്നു. ഉടനെ തീരും' എന്നൊക്കെ പറഞ്ഞു സമാധാനപ്പെടുത്തി കൊണ്ടിരുന്നാൽ മതി. ഈ ദീനം സുഖപ്പെടുന്നതല്ല. എലിവിഷമാണ്. കടിച്ചതു വെള്ളെലിയാണെന്നും, അതു കാദീശന്മാരാണെന്നും ഒക്കെ പറയുന്നതു കേട്ടാൽ ഉന്മാദമാണെന്നു മനസ്സിലാക്കിക്കൂടെ? എന്നും മററും പറഞ്ഞു. അതോടു കൂടി കായംകുളം പള്ളി പണിയും വെള്ളത്തിലായി. പുതിയ ഒരു സഭയുണ്ടാക്കണമെങ്കിൽ പഴയതിനു ഒരു ന്യൂനത പറഞ്ഞു് പുതിയ ഉപദേശം പഠിപ്പിക്കണം. അങ്ങിനെയാണ് സമർത്ഥന്മാരെല്ലാം പുതിയ സഭയുടെ നേതാക്കളാകുന്നതു്, എന്നിതിൽ നിന്നും ഗ്രഹിക്കാം ഏതായാലും ആ എലി വിഷം മൂത്തു മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്യുകയും ചെയ്തു. എന്റെ കുട്ടി ക്കാലത്തു കേട്ടിട്ടുള്ള കഥകളാണിതു്. കത്തോലിക്കാ സഭയിൽ നിന്നും അകന്നു മാറി ഒററയ്ക്കു് നിൽക്കുന്ന നമ്മുടെ സമുദായ വഴക്കുകളുടെയും ദ്വന്ദ്വയുദ്ധങ്ങളുടെയും അടിയിൽ അടിഞ്ഞു കിടക്കുന്ന തന്നിഷ്ടവും ദുർവാശിയും ഗ്രഹിക്കുന്നതിനു് വേണ്ടി ഇതിവിടെ എടുത്തു് ഉദ്ധരിച്ചു എന്നെയുള്ളൂ.

## മെത്രാന്മാരുടെ മൽസരം

മാത്യൂസ് മാർ അത്താനാസ്യോസ് കാലം ചെയ്തശേഷം പുലിക്കോട്ടു മാർ ദീവന്നാസ്യോസ് തിരുമേനി പാലക്കുന്നത്തു തോമസ് മാർ അത്താനാസ്യോസ് തിരുമേനിയെ പ്രതിയാക്കി ഒരു കേസ് കൊടുത്തു. ചേപ്പാട്ടു മെത്രാച്ചൻ മർദീനിൽ പോകാതെ ഇവിടെയുള്ള നാട്ടുമെത്രാനിൽ നിന്നു പട്ടമേററതിനാൽ അദ്ദേഹത്തിനു് സഭയെ ഭരിക്കാനവകാശമില്ലെന്നും താൻ മറുദീനിലെ യാക്കോബായ പാത്രിയർക്കീസിൽ നിന്നും നേരിട്ടു പട്ടമേററയാ

www.malankaralibrary.com

ളാകയാൽ സഭാഭരണം തനിക്കു കിട്ടേണ്ടതാണെന്നും ആയിരുന്നു മത്യൂസ് മാർ അത്താനാസ്യോസിന്റെ വാദം. അതു ശരിയാണെന്നു പറഞ്ഞു് വിധിക്കുകയും ചെയ്തു. അതേ കാരണം തന്നെയായിരുന്ന പുലിക്കോട്ട മെത്രാച്ചന്റെ അന്യായത്തിലും പറഞ്ഞിരുന്നതു്. പാലക്കുന്നത്തു തോമസ് മാർ അത്താനാസ്യോസ് മർദീനിൽ നിന്നും പട്ടമേററിട്ടില്ലായെന്നും വെറും വേഷധാരിയാണെന്നും ആകയാൽ അദ്ദേഹത്തെ സഭാഭരണത്തിൽ നിന്നും നീക്കിക്കിട്ടണമെന്നും, താൻ മർദീനിലെ പാത്രിയർക്കീസിൽ നിന്നു പട്ടമേററയാളാകയാൽ സഭാഭരണം തനിക്കു് ലഭിക്കേണ്ടതാണെന്നും ആയിരുന്നു പുലിക്കോട്ട മെത്രാച്ചന്റെ വാദം. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഹൈക്കോടതികൾ മുൻ നടപടി നോക്കി മാർ ദീവന്നാസ്യോസിനനുകൂലമായി വിധി കൽപ്പിക്കുകയും ചെയ്തു.

ഇങ്ങനെ അമ്മാവൻ കുഴിച്ച കുഴിയിൽ അനന്തിരവൻ വീണു. അതേതുടർന്നു് തോമസ് മാർ അത്താനാസ്യോസ് പക്ഷക്കാരെയെല്ലാം പള്ളിയിൽ നിന്നിറക്കിക്കിട്ടുവാൻ എല്ലായിടത്തും കേസായി. എല്ലാ കേസും മാർ ദീവന്നാസ്യോസു പക്ഷക്കാർക്കു് അനുകൂലമായി വിധിച്ചും വന്നു.

## ചേപ്പാട്ടു യാക്കോബായ പള്ളി

ചേപ്പാട്ടു യാക്കോബായ പള്ളിയിൽ നിന്നും അത്താനാസ്യോസ് മെത്രാച്ചന്റെ കക്ഷിക്കാരെ ഇറക്കി കിട്ടുവാൻ കേസ് കൊടുക്കണമെന്നും എന്റെ അപ്പച്ചൻ വാദി സ്ഥാനത്തു ചേരണമെന്നും പുലിക്കോട്ട മെത്രാച്ചൻ നിർബന്ധിച്ചു. എന്റെ അമ്മച്ചിയുടെ വീടും ചേപ്പാട്ടു തന്നെ ആയിരുന്നു. ആ കുടുംബക്കാരെല്ലാവരും നവീകരണക്കാരായിരുന്നു. അവരുമായി കേസു പറയുവാനുള്ള വൈമനസ്യംകൊണ്ടു വേറെയാളുകളെ വാദി സ്ഥാനത്തു ചേർത്താണു കേസുകൊടുത്തതു്. ആ കേസ് യാക്കോബായ കക്ഷിക്കു അനുകൂലമായി വിധിക്കുകയും ചെയ്തു. ആ വിധി നടത്തി കൊടുക്കുന്നതിനുള്ള ഉദ്യോഗസ്ഥൻ പള്ളിയിൽ വന്നു. പള്ളിയുടെ മേൽപൂട്ടുമുറിയിലിരുന്ന വെള്ളിക്കുരിശു്, പഴയ അരുളിക്കാ, 24 തിരിയുള്ള വലിയ നിലവിളക്കു്, കുത്തുവിളക്കു് കതിനാകൾ, മുത്തുക്കുടകൾ, വെൺമട്ടുക്കുടകൾ, കൊടികൾ, വെച്ചൂട്ടിനുള്ള

www.malankaralibrary.com

വലിയ വാർപ്പ്, ചെമ്പ്, ഉരുളികൾ മുതലായവയെല്ലാം കേസിലെ പട്ടിക പ്രകാരം ഉണ്ടോ എന്ന് ആ ഉദ്യോഗസ്ഥൻ നോക്കി പരിശോധിച്ച ശേഷം മേടയുടെ താക്കോൽ സഹിതം നവീകരണക്കാരായ എന്റെ അമ്മാച്ചന്മാരിൽ നിന്നും വെയ്പ്പിച്ച വാദികളെ ഏൽപ്പിച്ചു. അമ്മാച്ചന്മാർ ഇതൊക്കെ വെച്ചൊഴിഞ്ഞു പോകുന്നതു കാണുന്നതിൽ സങ്കടമുണ്ടായിരുന്നതു കൊണ്ട് എന്റെ അപ്പച്ചൻ തൽസമയം പള്ളിയിൽ വന്നതേയില്ല. എന്നാൽ, ഞാൻ, എന്റെ അമ്മാച്ചന്മാരോടു കൂടി പള്ളിയിൽ പോയിരുന്നു. അമ്മാച്ചന്റെ കൈക്കു പിടിച്ചു ഞാനും നിന്നിരുന്നു. ഒടുവിൽ എല്ലാം ഒഴിഞ്ഞു കൊടുത്ത ശേഷം അമ്മാച്ചന്മാർ പള്ളിയിൽ കയറി മുട്ടുകുത്തി കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചശേഷം ഇറങ്ങിപ്പോയി. സാമാനങ്ങളെല്ലാം തിരികെ യഥാസ്ഥാനത്തു വെയ്പ്പിച്ച ശേഷം ബാവാ കക്ഷിക്കാരും പിരിഞ്ഞു.

## ചേപ്പാട്ടേ നവീകരണ പള്ളിസ്ഥാപനം

മെത്രാൻ കക്ഷിക്കാർ പള്ളിവെയ്ക്കുവാനായി തെക്കേടത്തു പുരയിടം പള്ളി തെക്കേതിൽക്കാരോടു വിലയ്ക്കു വാങ്ങി. അവിടെ ഒരു തൽക്കാല പള്ളിക്കെട്ടിടം പെട്ടെന്നു തീർത്തു. അതിന്റെ കൂദാശയ്ക്കും, വലിയ പള്ളിയുടെ ശിലാസ്ഥാപനത്തിനുമായി പാലക്കുന്നത്തു മെത്രാച്ചൻ വന്നിരുന്നു. ഈ മെത്രാച്ചനു പോകേണ്ടതു ഞങ്ങളുടെ യാക്കോബായ പള്ളിയുടെ മുൻപിൽക്കൂടിയായിരുന്നു അതേവരെയും ആ പള്ളിയിൽ വന്നുകൊണ്ടിരുന്ന തിരുമേനിയെ അവിടെ ഒന്നു കയററാതെ വിടുന്നതു എന്റെ അപ്പച്ചനു സങ്കടമായി തോന്നി. അതിനാൽ അദ്ദേഹം എഴുന്നള്ളുന്ന ദിവസം പള്ളി തുറന്നിടുന്നതിനും, ത്രോണോസിന്മേൽ മെഴുകുതിരി കൊളുത്തി വെയ്ക്കുന്നതിനും ധൂപക്കുററി തയ്യാറാക്കുന്നതിനും മററും കപ്യാരെ ചട്ടം കെട്ടിയശേഷം രണ്ടു ഫർലോങ്ങു വടക്കു ചെന്നു വണ്ടി കാത്തു നിന്നു. വണ്ടി വന്നപ്പോൾ ചെന്നു കൈമുത്തി 'പള്ളിയിൽ കയറിയ ശേഷമെ മറേറ പള്ളിയിലേയ്ക്കു പോകാവൂ' എന്നു നിർബന്ധിച്ചു. ചേപ്പാട്ടു മെത്രാച്ചന്റെ വീട്ടുകാരെന്നുള്ള സ്നേഹം നിമിത്തം മനസ്സില്ലാമനസ്സോടെ അദ്ദേഹം അതു സമ്മതിച്ചു. ഒരു വിരഹവേദന രണ്ടു കൂട്ടരുടെയും മുഖത്തു ദൃശ്യമായിരുന്നു. ആ സമയത്തു ഞാനും അപ്പച്ചനോടു കൂടെയുണ്ടായിരുന്നു. അന്നു പള്ളിയുടെ മുമ്പിൽ ഒരു പടിപ്പുര മാളികയും അതിനു താഴെ ഒരു

www.malankaralibrary.com

ആന വാതിലും ഉണ്ടായിരുന്നു. തിരുമേനിയുടെ വണ്ടി അവി ടെയെത്തിയപ്പോൾ ആ വാതിൽ ശക്തിയായി അടച്ചു അകത്തു സാക്ഷാ ഇട്ടിരുന്നു. പള്ളിപറമ്പിനു ചുററും മതിൽകെട്ടുള്ളതിനാൽ ആക്കും പെട്ടന്നതു ചാടി അകത്തു പ്രവേശിക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. എല്ലാവരും ഭഗ്നാശരായി തിരുമേനിയുടെ വണ്ടി വിട്ടു മറ്റേ പള്ളിയിലേയ്ക്കു പോകുകയും ചെയ്തു. കുറേ ദൂരം ചെല്ലുന്നതുവരെയും മെത്രാച്ചൻ വണ്ടിയിലിരുന്നു പടിപ്പുര മാളികയുടേ മുകളിലത്തെ നിലയിലേക്ക് വികാരഭരിതനായി നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ഒരു അച്ചൻ പടിപ്പുര മാളികയുടെ മുകളിലത്തെ മുറിയുടെ ജനാലയിൽ കൂടെ നോക്കിക്കൊണ്ടിരിക്കുന്നതു കണ്ടു. പടിപ്പുര കതകു വലിച്ചടച്ചു സാക്ഷ ഇട്ട ശേഷം അദ്ദേഹം അവിടെ കയറി നോക്കിക്കൊണ്ടിരിക്കയായിരുന്നു. അദ്ദേഹത്തിനു കത്തനാർ പട്ടം കൊടുത്തതു ഇദ്ദേഹമായിരുന്നു. രണ്ടാമതും പട്ടമേററ ശേഷമാണ് ആ അച്ചൻ യാക്കോബായ കക്ഷിയിൽ ചേന്നതു്. മെത്രാൻ കക്ഷിക്കാക്കു പട്ടം ഇല്ലെന്നു തങ്ങൾ പറയുന്നതു ശരിയാണെന്നു വരുത്താനാണ് ഇങ്ങനെ രണ്ടാമതും പട്ടം കൊടുത്തു വന്നിരുന്നതു്. മെത്രാച്ചൻ ആ അച്ചനെ കണ്ട ഉടനെ അപ്പച്ചനെ വിളിച്ചു. "കൊച്ചോയിച്ചാ പള്ളിയുടെ പടിപ്പുരയടച്ചതു നിങ്ങളാരുമല്ല. നമ്മുടെ ഈ കൈകൾ തന്നെയാണ്." എന്നുപറഞ്ഞു. അതെന്താണെന്നു അപ്പോഴാക്കം പിടികിട്ടിയില്ല. എങ്കിലും പിന്നീടതു പരസ്യമായി സത്യവും സത്യ വിശ്വാസവും സ്വാർത്ഥ കാര്യ ലാഭത്തിനുവേണ്ടി മറച്ചുവച്ചു കൊണ്ടു് പ്രവത്തിക്കുന്നവരെ സമർത്ഥന്മാരായി ജനം പരിഗണിച്ചു വന്നിരുന്നു എന്നു ഇതിൽ നിന്നു മനസ്സിലാക്കാം.

പിറേറ ദിവസം വേണ്ട കരുതലെല്ലാം ചെയ്തു കൊണ്ടു തിരുമേനിയെ ക്ഷണിച്ചു വരുത്തി പള്ളിയിൽ കയററി ലുത്തിനിയായും കൈമുത്തും കഴിച്ചു. പള്ളി മേടയിൽ കയററി കാഫി മേശയും വിശ്രമവും കഴിഞ്ഞു തിരുമേനി തെക്കേ പള്ളിയിലേയ്ക്കു് എഴുന്നള്ളുകയും ചെയ്തു

## യാക്കോബായ പള്ളി ഭരണം

വിധി നടത്തിയെടുത്തു് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ പുലിക്കോട്ട മെത്രാച്ചനും കൊച്ചു മെത്രാച്ചനായ ചാത്തുരുത്തിയിൽ മാർ ഗ്രിഗോറിയോസു മെത്രാച്ചനും കൂടി ഞങ്ങളുടെ

www.malankaralibrary.com

ചെപ്പാട്ട യാക്കോബായ പള്ളിയിൽ എഴുന്നെള്ളി. ഒരു മാസത്തോളം താമസിച്ചു. പള്ളിയുടെ നടത്തിപ്പിന്നു വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തു. എന്റെ അപ്പച്ചനെ വീണ്ടും കൈസ്ഥാനിയാക്കി. അനന്തരം തിരുമേനിമാർ രണ്ടു പേരും തിരിച്ചെഴുന്നള്ളുകയും ചെയ്തു. അധികം താമസിയാതെ ചാത്തുരുത്തി മെത്രാച്ചനു സുഖക്കേടായി കാലം ചെയ്തു. പരുമല പള്ളിയിൽ ആണു് അദ്ദേഹത്തെ കബറടക്കിയതു്. അദ്ദേഹത്തിന്റെ വിശുദ്ധജീവിതവുംമററും കണ്ടു് അദ്ദേഹത്തെ ഒരു പുണ്യവാനായിട്ടാണു് യാക്കോബായക്കാർ കരുതിവരുന്നതു്.

## രണ്ടു പുതിയ മെത്രാന്മാർ

പുലിക്കോട്ട മാർ ദിവന്നാസ്യോസു തിരുമേനിക്കു വാർദ്ധക്യമായി. തനിക്കു പിൻഗാമി വേണമല്ലോ എന്നു കരുതി വടക്കുനിന്നൊരാളെയും തെക്കുനിന്നൊരാളെയും തിരഞ്ഞെടുത്തു അവരിൽ ഒരാൾ കോട്ടയം പഴയ സെമ്മിനാരിയിൽ മല്പാനും മാനേജരുമായിരുന്ന പൗലൂസു റമ്പാച്ചനും. അപരൻ എം. ഡി. സെമ്മിനാരി ഹൈസ്കൂൾ മാനേജരായിരുന്ന മല്ലപ്പള്ളിൽ വട്ടശ്ശേരിൽ ഗീവർഗ്ഗീസു മല്പാനുമായിരുന്നു. അവരെ രണ്ടുപേരെയും യറുശലേമിലേക്കയച്ചു. 1908 മേയ് 31-ാം തീയതി അബ്ദുള്ളാ പാത്രിയക്കീസിനെക്കൊണ്ടു മെത്രാന്മാരായി വാഴിപ്പിച്ചു വരുത്തുകയും ചെയ്തു. അവർ രണ്ടുപേരും പുലിക്കോട്ട മെത്രാച്ചനോടുകൂടി പഴയ സെമ്മിനാരിയിൽ താമസിച്ചുവന്നു. ഈ പൗലോസു റമ്പാച്ചനാണു് തിരുവനന്തപുരം യാക്കോബായ പള്ളിയും കോട്ടയം പഴയ സെമ്മിനാരി ചാപ്പലുംമററും പണികഴിപ്പിച്ചതു്.

അന്നു സാക്ഷാൽ സീനിയർ പാത്രിയക്കീസായിരുന്നതു് അബ്ദൽമശിഹാ പാത്രിയക്കീസായിരുന്നു. അദ്ദേഹം വലിയ സാമർത്ഥ്യമൊന്നുമില്ലാത്ത ഒരു പാവമായിരുന്നു. അബ്ദുള്ളാ മെത്രാനോടു കൈക്കൂലി വാങ്ങിക്കൊണ്ടു് തുർക്കിഗവണ്മെൻറു് ഉദ്യോഗസ്ഥന്മാർ അബ്ദൽമശിഹാ പാത്രിയക്കീസിന്റെ ഫർമാൻ എടുത്തു അബ്ദുള്ളാമെത്രാനു കൊടുത്തു് അദ്ദേഹത്തെ പാത്രിയർക്കീസാക്കിയതാണെന്നാണു പറയപ്പെടുന്നതു്. ക്രിസ്ത്യാനികളെ തമ്മിൽ പിണക്കിയശേഷം അവരുടെ രണ്ടുകൂട്ടരുടെയും മദ്ധ്യസ്ഥനായി പെരുമാറുന്ന ഒരു സമ്പ്രദായമായിരുന്നു തുർക്കികൾ

www.malankaralibrary.com

അനുവർത്തിച്ചുവന്നിരുന്നതു്. അതുമൂലം പല ക്രിസ്ത്യാനികളും മുസ്ലീങ്ങളായിക്കൊണ്ടും വന്നിരുന്നു. നിയമപ്രകാരം തുർക്കിരാജ്യത്തുവെച്ചു പട്ടംകൊടുക്കുവാൻ തുർക്കിസുൽത്താന്റെ ഫർമാൻ ഉള്ള ആളിനേ സാധിക്കുമായിരുന്നുള്ളു. പോരെങ്കിൽ സ്ഥാനഭ്രഷ്ടനായിത്തീർന്ന അബ്ദൽമിശിഹായിൽനിന്നു പട്ടമേററാൽ മുടക്കപ്പെട്ട പാത്രിയക്കീസു കൊടുത്ത പട്ടമാണെന്നു പറഞ്ഞു് ഇവിടെയുള്ള മാർത്തോമ്മാക്കാർ പരിഹസിക്കുകയും ചെയ്യും. ഇതെല്ലാം ഓർത്താണു് ഇവിടെനിന്നും ചെന്നവർ അബ്ദുള്ളാ പാത്രിയക്കീസിൽനിന്നും മെത്രാൻസ്ഥാനം ഏററതെന്നുള്ളതും സ്മർത്തവ്യമാണു്. പുതുതായി പട്ടം ഏററുവന്ന മെത്രാന്മാർക്കു് രണ്ടുപേർക്കും പരുമല പള്ളിയിലേയ്ക്കു് ഒരു വലിയ വരവേൽപ്പു നൽകി. അതു കാണുവാൻ ഞാനും പോയിരുന്നു. ഇരുപതിൽപ്പരം ചുണ്ടൻ വള്ളങ്ങളുടെ ഇരമ്പിപ്പാച്ചിൽമൂലം ആററിലെ വെള്ളം കരയിലേയ്ക്കു വളരെദൂരം അലയടിച്ചു കയറിക്കൊണ്ടിരുന്നു. സമുദായത്തിന്റെ ശക്തി കാണിക്കുവാനുള്ള ഒരു വരവേല്പായിരുന്നു അതു്.

## എന്റെ കോറൂയോ പട്ടം

ഞങ്ങളുടെ കുടുംബത്തിലുള്ള പള്ളിപ്പാട്ട കൈമുട്ടിൽ യോഹന്നാൻ കത്തനാർ എന്റെ ജ്യേഷ്ഠനായിരുന്നു. അദ്ദേഹത്തിനു നല്ല സുഖമില്ലാതാകയാൽ ഞങ്ങളുടെ കുടുംബത്തിൽനിന്നും വേറെ ഒരാളെക്കൂടി വൈദീകനായി വാഴിക്കണം എന്നാലോചനയായി. അക്കൊല്ലം മലങ്കരയൊട്ടുക്കുള്ള യാക്കോബായ കുട്ടികളിൽവെച്ചു് സണ്ടേസ്കൂൾ നാലാംക്ലാസ്സിൽ ഞാൻ ഒന്നാമതായി ജയിച്ചിരുന്നു. അതിനു കോട്ടയത്തുനിന്നും, ചേപ്പാട്ടു്, കാർത്തികപ്പള്ളി മുതലായ സ്ഥലങ്ങളിൽനിന്നും വളരെ പുസ്തകങ്ങൾ എനിക്കു സമ്മാനമായി ലഭിച്ചിട്ടുണ്ടു്. അതിനാൽ പട്ടംകൊടുക്കു വീട്ടുകാരും പള്ളിക്കാരും എന്നെ തിരഞ്ഞെടുത്തു. അതിലേയ്ക്കുള്ള സാക്ഷിപ്പത്രവും പള്ളിക്കാർ എഴുതിതന്നു. അതും വാങ്ങിച്ചു് എന്നെയും കൂട്ടിക്കൊണ്ടു് എന്റെ പിതാവു് പരുമല സെമ്മിനാരിയിലെത്തി. പുലിക്കോട്ട മാർ ദിവന്നാസ്യോസു മെത്രാച്ചനെ കണ്ടു കൈമുത്തി വിവരം അറിയിച്ചു.

പുലിക്കോട്ട മാർ ദിവന്നാസ്യോസു തിരുമേനിക്കു ശെമ്മാശുപട്ടം കൊടുത്തതു് എന്റെ പിതൃപിതാമഹനായ ചേപ്പാട്ടു മാർ

www.malankaralibrary.com

ദിവന്നാസ്യോസു മെത്രാപ്പോലീത്താ ആയിരുന്നു. അതിനാൽ ഞങ്ങളുടെ കുടുംബത്തിൽനിന്നും ഒരു ശെമ്മാശ്ശനെ വാഴിക്കുന്ന കാര്യം അദ്ദേഹത്തിനു വളരെ സന്തോഷകരമായിരുന്നു. ഞങ്ങൾ കോട്ടയത്തു ചെല്ലുവാൻ കല്പിച്ചയച്ചു. പുലിക്കോട്ടേ ഒന്നാമത്തെ മെത്രാച്ചൻ കബറടങ്ങിയിരിക്കുന്നതു കോട്ടയം പഴയ സെമിനാരിയിലാണ്. അതു പണിയിച്ചതും അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ ശ്രാർദ്ധപ്പെരുനാളിൻെറ പിറേറദിവസം ഞങ്ങൾ കോട്ടയത്തെത്തി. മെത്രാച്ചന്മാർ മൂന്നുപേരും ശ്രാർദ്ധപ്പെരുനാൾ പ്രമാണിച്ച് അവിടെ വന്നിട്ടുണ്ടായിരുന്നു. പുലിക്കോട്ടു മെത്രാച്ചൻെറ കല്പനപ്രകാരം 1908 നവംബർ 22-ാം തീയതി പൗലൂസ് മാർ കൂറിലോസു തിരുമേനി പഴയ സെമിനാരി പള്ളിയിൽ വച്ച് എനിക്കു കോറൂയോ പട്ടം തന്നു. അദ്ദേഹം മെത്രാനായ ശേഷം ആദ്യമായി കോറൂയോപട്ടം നല്കിയതു് എനിക്കായിരുന്നുവെന്നുള്ളതും സ്മരണീയമാണ്.

അന്നു ഞാൻ ഹരിപ്പാട്ട് ഷണ്മുഖവിലാസം ഹൈസ്കൂളിൽ ഫോർത്തുഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടെ നിന്നും ഞാൻ സർട്ടിഫിക്കററു വാങ്ങി കോട്ടയത്തേയ്ക്കു പോയി. ഞാൻ പട്ടം ഏററ ദിവസം തന്നെയായിരുന്നു, ചേപ്പാട്ടു കന്നിമേൽ ഗീവർഗ്ഗീസച്ചൻ വൈദികപട്ടം സ്വീകരിച്ചതെന്നുള്ളതും സ്മർത്തവ്യമാണ്. കുർബാനയ്ക്കു കൂടാനുംമററും പഠിക്കണമല്ലോ എന്നു കരുതി ഞാൻ കുറേദിവസം പഴയ സെമിനാരിയിൽ താമസിച്ചു. നിരണത്തു മട്ടയ്ക്കൽ അലക്സന്ത്രയോസുമല്പാനച്ചനും ഓമല്ലൂർ ഇലവിനാമണ്ണിൽ സ്കറിയാ മല്പാനച്ചനുമായിരുന്നു ശെമ്മാശന്മാരെ പഠിപ്പിച്ചുവന്നിരുന്നതു്. അന്നു പരുമല സെമിനാരിയിൽ നിത്യവും കുർബാന ചൊല്ലുന്ന പതിവുണ്ടായിരുന്നതിനാൽ ഞാൻ കോട്ടയം പഴയ സെമിനാരി വിട്ടു് പരുമല സെമിനാരിയിലേയ്ക്കു പോയി. പിറേറക്കൊല്ലം ഞാൻ തിരികെ കോട്ടയത്തിനു പോയി എം. ഡി സെമിനാരി ഹൈസ്കൂളിൽ ചേന്നു് ഇംഗ്ലീഷുപഠിത്തം തുടന്നു.

## ശെമ്മാശ്ശന്മാരും പുലിക്കോട്ടു മെത്രാച്ചനും

1909-ൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസു തിരുമേനി സുഖക്കേടായി കോട്ടയം ചെറിയ പള്ളിയിൽ താമസിക്കുകയായിരുന്നു. തിരുമേനിയെ കാണ്മാൻ വരുന്ന സ്ത്രീകളുംമററും പലതരം

www.malankaralibrary.com

പലഹാരങ്ങൾ കൊണ്ടുവന്ന കൊട്ടത്തു് കൈമുത്തി പോകും. ഞങ്ങൾ കൊച്ചു ശെമ്മാശ്ശന്മാർ കൂട്ടുകൂടി ചെറിയ പള്ളിയിൽ പോയി തിരുമേനിയെ കാണും. അപ്പോൾ തിരുമേനി; 'ആ വാതിൽ അങ്ങോട്ടു ചാരിയേക്കുക' എന്നു പറഞ്ഞു കൊണ്ടു പല ഹാരപാത്രങ്ങൾ ചൂണ്ടി കാണിച്ചുതരും. ചില കൊച്ചു ശെമ്മാ ശ്ശന്മാർ പലഹാരമെടുത്തു വായ് നിറയെയിട്ടു വപ്പുകടിച്ചു് തിന്നു ന്നതും അങ്ങിനെയുള്ളവരെ കൂട്ടുകാർ കളിയാക്കിചിരിക്കുന്നതു് കാ ണുന്നതും തിരുമേനിക്കു രസമായിരുന്നു. ആയിരംകണ്ണി എന്നു പറ യപ്പെടുന്ന ഒരു പരുവു് നട്ടെല്ലിൻെറ നടുവിലായി പുറത്തു പിടി പ്പെട്ടു് വലിയ അതിവേദനയനുഭവിച്ചു തിരുമേനി കിടക്കുകയായി രുന്നു. അതിനിടയ്ക്കും കൊച്ചു ശെമ്മാശ്ശന്മാരുടെ കുഞ്ഞുകളികണ്ടു് അദ്ദേഹം ചിരിച്ചിട്ടുണ്ടു്.

## വാദി പ്രതികളുടെ സന്ദർശനം

അന്നൊരിക്കൽ, വട്ടിപ്പണക്കേസിൽ തോററുപോയ പാല ക്കുന്നത്തു തോമസ്സ മാർ അത്താനാസ്യോസ്സ മെത്രാച്ചനു് ഈ അന്ത്യസമയത്തെങ്കിലും മാർ ദിവന്നാസ്യോസ്സ തിരുമേനിയെ ഒന്നു സന്ദർശിക്കണമെന്നു തോന്നി. തിരുവല്ലായിലുള്ള മാർത്തോമ്മാ പ്രമാണികളൊന്നും അതിനനുകൂലിച്ചില്ല. കേസിൽ തോറ്റശേഷം ജയിച്ച കക്ഷിയെ ചെന്നു സന്ദർശിച്ചാൽ അവർ പരിഹസിച്ചേ യ്ക്കുമെന്നായിരുന്നു അവരുടെ സംശയം. എന്നാൽ തിരുമേനി അതിനു വഴങ്ങിയില്ല. അദ്ദേഹം കോട്ടയം ചെറിയപള്ളിയി ലെത്തി. അവിടെ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന യാക്കോ ബായക്കാരെല്ലാം വളരെ സന്തോഷത്തോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തെ സ്വീകരിച്ചു് കൈമുത്തി പള്ളിയിലേക്കാ നയിച്ചു.

തോമസ്സ മാർ അത്തനാസ്യോസ്സ തിരുമേനി വന്നിട്ടുണ്ടെ ന്നറിഞ്ഞ ഉടനെ മുറിയിലുണ്ടായിരുന്ന ശെമ്മാശ്ശന്മാരോടു 'വൈ ദികക്ക് അന്ത്യകൂദാശ നടത്താനുള്ള കന്തീലാ പുസ്തകവും സൈത്തു കുപ്പിയും എടുത്തു മേശപ്പുറത്തു വച്ചിട്ടു് കിഴക്കെ വരാന്തയിലേയ്ക്കു പൊയ്ക്കൊള്ളുവാൻ കല്പിച്ചു. അപ്പോഴേയ്ക്കും തോമസ്സ മാർ അത്ത നാസ്യോസ്സ തിരുമേനിയും മുറിയിലെത്തി. രണ്ടുപേരും പരസ്പരം ആശ്ലേഷിച്ചു. പാലക്കുന്നത്തു തിരുമേനി ഒരു ചാരുകസേരയിൽ

www.malankaralibrary.com

ഇരുന്നു. പുലിക്കോട്ട മെത്രാച്ചൻ കട്ടിലിലും കിടന്നു. 'ഞങ്ങൾ ഒന്നു സംസാരിക്കട്ടെ' എന്നു പറഞ്ഞു് ജനങ്ങളെയും പറഞ്ഞയച്ചു. കുശലപ്രശ്നവും ക്ഷമായാചനയും എല്ലാം കഴിഞ്ഞു്. "എനിക്കു കന്തീലാ നടത്തിയേ പോകാവൂ' എന്നു പറഞ്ഞു് കന്തീലാപുസ്തകവും സൈത്തുകുപ്പിയും കാണിച്ചുകൊടുത്തു. "ഞങ്ങൾ മുടക്കപ്പെട്ടവരാണെന്നാണല്ലൊ പറയുന്നതു്. കന്തീലായും കഴിഞ്ഞതാണല്ലോ, പിന്നെന്തിനാണിതു നടത്തുന്നതു്?, എന്നു പറഞ്ഞു് പാലക്കുന്നത്തു തിരുമേനി അല്പം വൈമനസ്യം കാണിച്ചു. മാർ ദിവന്നാസ്യോസു സമ്മതിച്ചില്ല. 'അതെല്ലാം അങ്ങനൊക്കെ ഭവിച്ചു. അതൊന്നും ഓർക്കരുതു്. എനിക്കു കന്തീലാ കഴിച്ചിട്ടേ പോകാവൂ' എന്നു വീണ്ടും നിർബന്ധിക്കുകയാൽ അദ്ദേഹം സൈത്തു പൂശി അതു നടത്തുകയും ചെയ്തു. ഒടുവിൽ രണ്ടുപേരും തമ്മിൽ വീണ്ടും ആലിംഗനംചെയ്തു യാത്രപറഞ്ഞു്. പാലക്കുന്നത്തു മെത്രാച്ചൻ തിരുവല്ലായ്ക്കു പോയി.

മാർത്തോമ്മാ പ്രമാണികളെല്ലാം എസ്. സി. സെമിനാരിക്കവലയിൽ അക്ഷമരായി അദ്ദേഹത്തെ പ്രതീക്ഷിച്ചു നില്ക്കുകയായിരുന്നു. അവരെ കണ്ടപ്പോൾ തിരുമേനി ഇങ്ങനെ പറഞ്ഞു. "പോയ കാര്യം എന്തോ പറയാനാണ്! അദ്ദേഹം ഈ ലോകവും ആ ലോകവും നേടി. അവർ എന്നെ സസന്തോഷം സ്വീകരിച്ചതു മാത്രമല്ല മെത്രാന്മാരായ ഞങ്ങൾ പരസ്പരം ആശ്ലേഷിക്കുകയും ഞാൻ അദ്ദേഹത്തിനു കന്തീലാക്രമത്തിൻെറ സൈത്തുപൂശൽ നടത്തുകയും, ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്തു." കേട്ടവർക്കെല്ലാം അതു് അത്ഭുതമായി തോന്നി.

## പുലിക്കോട്ടു മെത്രാച്ചൻെറ കാലശേഷം

ഈ സംഭവത്തിനുശേഷം അധികനാൾ കഴിഞ്ഞില്ല. 1909-ൽ മാർ ദിവന്നാസ്യോസ് കാലം ചെയ്തു. ചെറിയ പള്ളിയിൽനിന്നും മൃതശരീരം പഴയ സെമിനാരിയിലേയ്ക്കു കൊണ്ടുവന്ന വഴിത്തിരിവിലൊക്കെയും നഗരികാണിക്കലും യാത്രപറച്ചിലും ഉണ്ടായിരുന്നു. ഭക്തിനിർഭരമായ ഒരു അന്ത്യയാത്രയായിരുന്നു അതു്. അനേകം പള്ളിക്കാർ അവരുടെ വെള്ളിക്കുരിശു്, മുത്തുക്കുടകൾ മുതലായവയോടുകൂടി വന്നു് ആ ചടങ്ങിൽ

www.malankaralibrary.com

സംബന്ധിച്ചിരുന്നു. അങ്ങനെ മൃതശരീരം പഴയ സെമിനാരിയിൽ കൊണ്ടുവന്ന് പ്രത്യേകം തയ്യാറാക്കിയിരുന്ന കബറിൽ സംസ്ക്കരിക്കുകയും ചെയ്തു

30-ാം അടിയന്തിരം ആയിരത്തിയൊന്നു പറ അരി വച്ചാണു നടത്തിയതെന്നു പറഞ്ഞാൽ മററു ചടങ്ങുകളുടെ ഗാംഭീര്യം അതിൽനിന്നനുമിക്കാവുന്നതാണല്ലോ. അടിയന്തിരദിവസം വട്ടശ്ശേരി മാർ ദിവന്നാസ്യോസു തിരുമേനിയെ മലങ്കര മെത്രാനാക്കി അധികാരപ്പെടുത്തണമെന്നു മർദ്ദീനിലെ പാത്രിയർക്കീസിൻെറ പേക്ക്, അദ്ദേഹത്തിൻെറ ഇവിടത്തെ പ്രതിനിധിയായ മാർ ഒസ്താത്തിയോസു തിരുമേനിയെകൊണ്ടു കമ്പിയടിപ്പിക്കുകയും, 'അനുവദിച്ചിരിക്കുന്നതായി' മറുപടിക്കമ്പി വരികയും ചെയ്തു. മറുപടി കമ്പിയിൽ 'പാത്രിയാർക്കീസു ബാവാ താമസിയാതെ മലങ്കര സന്ദർശിക്കുവാൻ വരുന്നു' എന്ന കാര്യംകൂടി അറിയിച്ചിരുന്നു.

## നേതാക്കന്മാരുടെ അധികാര വിഭ്രാന്തി

1910-ൽ അബ്ദള്ളാ പാത്രിയർക്കീസു തിരുമേനി മലങ്കരയെത്തി. കോട്ടയത്ത് അതികെങ്കേമമായ ഒരു സ്വീകരണം അദ്ദേഹത്തിനു നല്കി. എല്ലാ പള്ളിക്കാരും അവരവരുടെ വെള്ളിക്കുരിശ്, മുത്തുക്കുട മുതലായവയും കൊണ്ടുവന്ന് ആ ചടങ്ങിനു മോടി വർദ്ധിപ്പിച്ചിരുന്നു. ഇതുപോലെ ഒരു വരവേൽപ്പ് അതിനുമുമ്പ് അവിടെ നടത്തിയിട്ടില്ലെന്നുതന്നെ പറയാം. ബാവാ തിരുമേനി കയറിയ കുതിരവണ്ടിയുടെ മുൻപിൽ അംശവടി പിടിച്ചിരുന്നത് റവ. ഫാ. പി. റ്റി. ഗീവർഗ്ഗീസ് എം. എ. ആയിരുന്നു ആ സ്ഥാനം കോനാട്ടു മാത്തൻ മല്പാനച്ചൻ നിർവ്വഹിക്കേണ്ടതായിരുന്നു. പുലിക്കോട്ടു മെത്രാച്ചൻ കഴിഞ്ഞാൽ പിന്നത്തെ ബഹുമതിസ്ഥാനം കോനാട്ടു മല്പാനച്ചനുള്ളതാണ്. അതു ചോദിക്കാതെയും പറയാതെയും പണിക്കരച്ചൻ കയറി കരസ്ഥമാക്കിയതു വടക്കർക്കാർക്കും രസിക്കാത്തതായിത്തീർന്നു. വരവേൽപ്പ് ആഡംബരപൂർവ്വം പഴയ സെമിനാരിയിലെത്തി. സെമിനാരിയുടെ കിഴക്കേ നിരയിൽ മൂന്നാമത്തെ നിലയിലുള്ള മുറിയും ഹോളുമായിരുന്നു ബാവായിക്കായി കെട്ടി അലങ്കരിച്ചിരുന്നത്. പള്ളിയിൽ കയറി ലുത്തിനിയായും കൈമുത്തും എല്ലാം

www.malankaralibrary.com

കഴിഞ്ഞു് ബാവായിക്കായി ഒരുക്കിയിരുന്ന മുറിയിലേക്ക് അദ്ദേഹത്തെ കൊണ്ടുചെന്നാക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലാക്കോടതിയുടെ അടുക്കൽ യാക്കോബായ സഭവകയായി ഒരു പുരയിടമുണ്ടായിരുന്നു. അതു സി. ജെ. കുര്യൻെറ കുടുംബക്കാർ കൊടുത്തതായിരുന്നു. അതു കൂട്ടട്രസ്റ്റികളായ സി. ജെ. കുര്യൻെറയും കോനാട്ടു മാത്തൻ മല്പാനച്ചന്റെയും അറിവും സമ്മതവും കൂടാതെ വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഹരിപ്പാട്ടു കൃഷ്ണയ്യർക്കു് തീറെഴുതികൊടുത്തു. അതുമൂലം സി. ജെ. കുര്യനും മല്പാനച്ചനും മെത്രാച്ചനോടു നീരസം തോന്നിയിരുന്ന കാലമായിരുന്നു അതു്. അതിനാൽ അവർ അബ്ദള്ളാബാവായുടെ മുറിയിൽ ചെന്നു് രഹസ്യമായി ചില ആലോചനകളും കണ്ണേജപങ്ങളും നടത്തിത്തുടങ്ങി. ഉടനേതന്നെ ഒരു മലങ്കര അസോസ്യേഷൻ പാത്രിയാക്കീസു ബാവാതന്നെ വിളിച്ചുകൂട്ടണമെന്നു് അഭിപ്രായപ്പെട്ടു. അതു മാർ ദിവന്നാസ്യോസു തിരുമേനിക്കിഷ്ടപ്പെട്ടില്ല. അധികാരവിഭ്രാന്തികൊണ്ടു മററുള്ളവരുടെ അവകാശത്തെ അവഗണിക്കുന്നതു് ആർക്കും ഇഷ്ടമാകയില്ല. എന്തിനു പറയുന്നു. അതു മലങ്കര യാക്കോബായസഭയ്ക്കു് ഒരു ആപത്തായി തീർന്നു.

## മഹാരാജാവും പാത്രിയർക്കീസും തമ്മിലുള്ള കൂടിക്കാഴ്ച

തിരുവിതാംകൂർ മഹാരാജാവിനെ മുഖം കാണിക്കാനുണ്ടായിരുന്നതുകൊണ്ടു് ബാവായും മെത്രാന്മാരും തിരുവനന്തപുരത്തേയ്ക്കെഴുന്നള്ളി. പള്ളിക്കാരെല്ലാം വെള്ളിക്കുരിശു്, മുത്തുക്കുടകൾ മുതലായവയുമായി അവിടെ എത്തിയിരുന്നു. തിരുവനന്തപുരത്തുള്ള വള്ളക്കടവിലാണു ബോട്ടു വന്നടുത്തതു്. അന്നു കാറും ലോറിയും ടാറിട്ട റോഡും ഒന്നും ഇല്ലായിരുന്നു. മഹാരാജാവിൻെറ വക നാലു കുതിര കെട്ടിയ ഒരു വണ്ടിയാണു് ബാവായിക്കു യാത്രയ്ക്കു നല്കിയിരുന്നതു്. അച്ചന്മാരെല്ലാം വേറെ ഓരോ കുതിരവണ്ടികളിലായി അകമ്പടി സേവിച്ചു. അക്കൂട്ടത്തിൽ ഒരു കുതിരവണ്ടിയിൽ ശെമ്മാശ്ശനായ ഞാനും ഉണ്ടായിരുന്നു. ബാവായിക്കു താമസിക്കാൻ നക്ഷത്രബംഗ്ലാവാണു് ഒരുക്കിയിട്ടിരുന്നതു്. ബാവാ, മഹാരാജാവിനെ കണ്ടശേഷം, മഹാരാജാവു നക്ഷത്രബംഗ്ലാവിൽ വന്നു് ഒരു പ്രതിസന്ദർശനവും നടത്തി. മെത്രാ

www.malankaralibrary.com


ന്മാരും ബാവായോടുകൂടിയുണ്ടായിരുന്നു. ഇരുപത്തെട്ട് വെള്ളി കുരിശും ഒട്ടുവളരെ മുത്തുക്കുടകളും കൊടികളും ഇരുവശങ്ങളിലും പിടിച്ചിരുന്നു. അതിന്റെ നടുവിൽക്കൂടിയാണ് മഹാരാജാവെഴുന്നള്ളിയതു്. സുറിയാനി ക്രിസ്ത്യാനികളുടെ രാജഭക്തി പ്രകാശിപ്പിക്കുന്ന ഒരു ചടങ്ങായിരുന്നു അതു്.

## യാക്കോബായസഭയിലെ കക്ഷിമൽസരം

കൂടിക്കാഴ്ച കഴിഞ്ഞു് തിരുമേനിമാർ പഴയ സെമിനാരിയിലേയ്ക്കും അതു കഴിഞ്ഞു കോട്ടയത്തേയ്ക്കും എഴുന്നെള്ളി. യാക്കോബായസഭക്കാരുടെ മലങ്കര അസോസ്യേഷൻ കൂട്ടുവാനുള്ള കല്പന ബാവാതന്നെ എല്ലാ പള്ളിക്കാർക്കും അയച്ചു. ഇതു മലങ്കര മെത്രാന്റെ അധികാരത്തെ അവഗണിച്ചുള്ള ഒരു അധികാരവിഭ്രാന്തിയായിരുന്നു. പത്രോസിന്റെ പിൻഗാമിയായ റോമാ മാർ പാപ്പാ അധികാര കയ്യേററം കാണിച്ചു എന്ന കുററം പറഞ്ഞു പിൻമാറി നടന്നു വന്നിരുന്നവരാണ് ഈ യാക്കോബായ പാത്രിയക്കീസന്മാരെന്നുള്ളതും കൂടി ഓർത്തിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള അധികാര കയ്യേററങ്ങൾ ചരിത്രവാസന വളത്തും എന്നുള്ള സംഗതി അധികാരികൾ പലപ്പോഴും വിസ്മയിച്ചു കളയുന്നു. ഇതുമൂലം സമുദായ മദ്ധ്യത്തിൽ ഒരഗ്നിപർവതം തന്നെ പുകഞ്ഞു പൊട്ടാനുള്ള മട്ട കണ്ടു തുടങ്ങി. അസോസ്യേഷൻ കൂടി, പാത്രിയക്കീസു ബാവയ്ക്കു സഭാഭരണത്തിലുള്ള പരമാധികാരം ഒരു രജിസ്റ്റർ ഉടമ്പടി മൂലം രേഖപ്പെടുത്തി കൊടുക്കണമെന്ന് ഒരു പ്രമേയം അവിടെ അവതരിപ്പിച്ചു. തെക്കരിൽ പലരും എതിർത്തു പ്രസംഗിച്ചു. അതിനാൽ ആ ഉടമ്പടി ലഭിക്കയില്ലെന്നു മനസ്സിലായി. "നമുക്കു ദൈവത്തിൽ നിന്നു ലഭിച്ചിട്ടുള്ള അധികാരം മതി," എന്നു് അബ്ദുള്ളാ പാത്രിയക്കീസു ബാവ തന്നെ അവിടെവച്ചു പ്രസ്താവിച്ചു. അസോസ്യേഷൻ അങ്ങനെ പിരിഞ്ഞു.

മാത്തോമ്മാക്കാർ ഈ അവസരം തക്കത്തിൽകണ്ടു് വഴക്കു വലുതാക്കുന്നതിനു ശ്രമിക്കുകയായിരുന്നു. അധികം താമസിയാതെ പുതുപ്പള്ളിപള്ളിക്കാരും വേറെ ചിലരും ബാവായുടെ പരമാധികാരം സമ്മതിച്ചു രേഖപ്പെടുത്തി ഓരോ രജിസ്റ്റർ ഉടമ്പടി എഴുതിക്കൊടുത്തു. അക്കൂട്ടത്തിൽ കുറിലോസു മെത്രാച്ചനും ബാവായുടെ പരമാധികാരം സമ്മതിച്ച ഒരു രജിസ്റ്റർ ഉടമ്പടി എഴുതിക്കൊടുത്തു.

www.malankaralibrary.com



ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ആഞ്ഞിലിമൂട്ടിൽ തറവാട്ടിൽനിന്ന് പിന്നീടു പട്ടമേററിട്ടുള്ള നാലു യാക്കോബായ വൈദികരും നാലു കത്തോലിക്കാ വൈദികരും.

www.malankaralibrary.com

## മെത്രാച്ചനെ മുടക്കുന്നതു്

കൂറിലോസ് മെത്രാച്ചന്റെ ആ ഉടമ്പടി വാങ്ങിച്ചുകൊണ്ടു ബാവാ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആക്കുകയും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാച്ചനെ അംഗവൈകല്യം വന്ന ആളാണെന്നു പറഞ്ഞു് 1911-ൽ മുടക്കി ബഹിഷ്കരിക്കുകയും ചെയ്തു. അതോടുകൂടി യാക്കോബായ സമുദായം വീണ്ടും രണ്ടു കക്ഷിയായിത്തീർന്നു. സഭാ തലവനായി നമ്മുടെ കർത്താവു നിയമിച്ച പത്രോസിനേയും അദ്ദേഹത്തിന്റെ പിൻഗാമികളേയും അനുസരിക്കാതെ സമർത്ഥന്മാരായ മെത്രാന്മാർ സ്വേച്ഛാനുസരണം ഭരണം നടത്തിയാൽ പാതാള വാതിലുകൾ അവരുടെ മേൽ പ്രബലപ്പെടുമെന്ന സത്യം വെളിവായി കണ്ടുതുടങ്ങി. അന്നു ഞാൻ എം. ഡി. സെമിനാരിയിൽ താമസിച്ചു പഠിക്കയായിരുന്നു. എങ്കിലും ആററിൽ മുങ്ങികുളിക്കുവാനുള്ള താല്പര്യം കൊണ്ടു നിത്യവും പഴയ സെമിനാരിക്കടവിൽ പോകുക പതിവായിരുന്നു.

മുടക്കു കല്പന എഴുതി പഴയ സെമിനാരിയിൽ പാത്രിയർക്കീസ് താമസിച്ചിരുന്ന മുറിയിൽനിന്നും അടുത്ത മുറിയിൽ താമസിക്കുന്ന മാർ ദിവന്നാസ്യോസ് തിരുമേനിക്കു് അടിയന്തിരം കെട്ടി അയച്ചുകൊടുത്തു. അതൊരു ശനിയാഴ്ചയായിരുന്നു. ഞാൻ കുളികഴിഞ്ഞു സെമ്മിനാരിയിൽ കയറി. തിരുമേനിയേയും മല്പാനച്ചന്മാരേയും കണ്ടു. മുടക്കു കല്പന കിട്ടിയ വിവരം അപ്പോൾ ഞാൻ ഗ്രഹിച്ചു. ആ വിവരം പണിക്കരച്ചനോടും മററും പറയുവാനായി ഞാൻ എം. ഡി. സെമിനാരിയിലേയ്ക്കോടി. ഒരു ചാററൽമഴയുമുണ്ടായിരുന്നു. സി. എൻ. ഐ.യുടെ കിഴക്കുവശത്തെ അതിരിൽ നിരന്നുനിന്നിരുന്ന മുളക്കൂട്ടത്തിൽനിന്നും ഒരു മുള ഒടിഞ്ഞു വഴിയിൽ വീണിരുന്നു. അതു മറികടന്നു പോരുന്ന സമയം ഒരു മുളമുള്ളു് എന്റെ വലതുകാലിന്റെ തള്ളവിരലിൽ തറച്ചുകയറി. അതൂരിക്കളഞ്ഞിട്ടു് വീണ്ടും ഓടി. അക്കരക്കുഞ്ഞിനെ വഴിക്കുവച്ചു കണ്ടു വിവരം അറിയിച്ചിട്ടു് എം. ഡി. സെമിനാരിയിലെത്തി. ഹെഡ്മാസ്റ്ററായ ഫാദർ പി. റ്റി. ഗീവർഗ്ഗീസച്ചനെയും എന്റെ സഹപാഠികളെയും അറിയിച്ചു.

www.malankaralibrary.com

അപ്പോൾത്തന്നെ കുട്ടികൾ എല്ലാവരും പല സംഘമായി പഴയ സെമിനാരിയിലേയ്ക്കു തിരിച്ചു. തിരുമേനിയെ കണ്ടു കൈമുത്തി മടങ്ങിപ്പോന്നു. തിരുമേനിയിൽ നിരാശയുടെ നേരിയ നിഴൽപോലും കണ്ടില്ല. അദ്ദേഹം അത്താഴമേശ കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. "ബാവായ്ക്കു" ഒരു വെടിക്കുള്ള മരുന്നേ ഉള്ളു. അതെടുത്തങ്ങു പ്രയോഗിച്ചു" എന്നു പറഞ്ഞുകൊണ്ടാണു് തിരുമേനി പണിക്കരച്ചനെ അഭിവാദനം ചെയ്തതു്. പിറേറദിവസം മുടക്കുകല്പന വായിക്കുവാനായിരുന്നു തീർച്ചപ്പെടുത്തിയതു്. പള്ളിയിൽ അട്ടഹാസം പാടില്ലല്ലൊ. അതുകൊണ്ടു് കൽപന വായിക്കുവാൻ മുതിരുമെങ്കിൽ എല്ലാവരും കൂട്ടത്തോടെ കുറിയേലായിസോൻ ചൊല്ലി അതു് അലങ്കോലപ്പെടുത്തണമെന്നുള്ളതായിരുന്നു കുട്ടികളുടെ ആലോചന. കോട്ടയത്തെ ഭൂരിപക്ഷമാളുകളും രാവിലെതന്നെ പഴയ സെമിനാരിയിലെത്തി. അപ്പോൾ വടക്കുനിന്നു് ഒരു കമ്പി വന്നു "Mammalaseri kars started keep Polappallil Achan from Strife" എന്നായിരുന്നു അതു്. അതിൽ നിന്നും മെത്രാച്ചനെ മുടക്കുന്ന കാര്യം വടക്കരെല്ലാം മുൻകൂട്ടി അറിഞ്ഞിരുന്നുവെന്നു ഗ്രഹിക്കാം. ഏതായാലും പൊതുജനങ്ങൾ ക്ഷുഭിതരായിരിക്കയാണെന്നറിഞ്ഞപ്പോൾ "മുടക്കു വായിക്കണ്ടാ C. J. K" എന്നൊരു കുറിപ്പു് ഒരു വടക്കൻ ശെമ്മാശ്ശൻ വശം, മി. സി. ജെ. കുര്യൻ മദ്ബഹായിൽ നിന്നിരുന്ന കോനാട്ടു മൽപാനച്ചന്റെ പക്കൽ എത്തിച്ചുകൊടുത്തു. അദ്ദേഹം അതു വായിച്ചശേഷം ചുരുട്ടി താഴെയിട്ടു. ഒരു ശെമ്മാശ്ശൻ അതെടുത്തു വായിച്ചു. പോക്കററിലിട്ടു. മട്ടയ്ക്കൽ അലക്സാണ്ഡർ മൽപാനച്ചനായിരുന്നു കുർബാന അർപ്പിച്ചതു്. ഏതായാലും മുടക്കുകല്പന വായിച്ചില്ല. ബാവായും കുറിലോസു മെത്രാച്ചനും എല്ലാം പള്ളിയിൽ എഴുന്നള്ളിയിട്ടുണ്ടായിരുന്നു. കുർബാന കഴിഞ്ഞു തിരുമേനിമാർ പള്ളിയിൽനിന്നും അവരവരുടെ മുറികളിലേയ്ക്കെഴുന്നള്ളി ഒരു കൂട്ടം ആളുകൾ മാർ ഡയനീഷ്യസിനും, മററൊരു കൂട്ടർ ബാവായിക്കും ചീയേഴ്സു വിളിച്ചുകൊണ്ടു് സെമിനാരിക്കു ചുററും വലത്തിട്ടു നടന്നു. ഈ വഴക്കു നാടാകെയുള്ള പള്ളികളിൽ പടർന്നുപിടിക്കുകയും ചെയ്തു. ഇങ്ങനെ തുർക്കി രാജ്യത്തെ ഗവണ്മെൻറു് ക്രിസ്ത്യാനികളുടെമേൽ അനുവർത്തിക്കുന്ന നടപടി മലങ്കരസഭയുടെമേൽ അബ്ദല്ലാ ബാവായും എടുത്തു പ്രയോഗിച്ചു.

www.malankaralibrary.com

## സെമിനാരി കൈവശം സ്ഥാപിക്കാനുള്ള ശ്രമം

ഇതു കഴിഞ്ഞ ഉടനെ ബലപ്രയോഗത്താൽ സെമിനാരി കൈവശപ്പെടുത്താനും മാർ ദിവന്നാസ്യോസ് മെത്രാച്ചനെ സെമിനാരിയിൽനിന്ന് ഇറക്കിവിടാനുമുള്ള പരിശ്രമമായി. പ്രസ്തു മാനേജർ ഒരു വടക്കനായിരുന്നു. അദ്ദേഹം പ്രസ്തുമുറിയുടെ താക്കോൽ ബാവാകക്ഷിപ്രധാനികളെ ഏൽപിച്ചു. മെത്രാൻ കക്ഷിക്കാർ അതറിഞ്ഞു. ഉടനെതന്നെ കൊല്ലനെ വരുത്തി പൂട്ട് ഉറപ്പിച്ചു. ആ മത്സരത്തിൻെറ ഫലമായി ഒരു സെമിനാരിക്കേസു ത്ഭവിച്ചു. മെത്രാച്ചന്മാർ താമസിച്ചിരുന്ന മുറികളൊഴിച്ചുള്ളതെല്ലാം ഗവണ്മെൻറ് പൂട്ടി മുദ്രവച്ചു. അക്കൂട്ടത്തിൽ ശെമ്മാശ്ശന്മാരായ ഞങ്ങളുടെ പെട്ടികൾ വച്ചിരുന്ന മുറികളുംകൂടി പൂട്ടി മുദ്രവച്ചു. അന്ന് അവധിക്കാലമായിരുന്നതിനാൽ ഞങ്ങളെല്ലാം വീടുകളിലായിരുന്നു. അവധി കഴിഞ്ഞുവന്നു മുറി തുറന്നു കിട്ടുന്നതിനു കോടതിയിൽ ഹർജി കൊടുത്തു തുറപ്പിച്ചാണു ഞങ്ങളുടെ പെട്ടികളെടുപ്പിച്ചതു്.

പിന്നീടു സെമിനാരിപ്പുറമ്പിലെ തേങ്ങായിടുവിക്കാൻ രണ്ടു കക്ഷികളും ശ്രമമായി. അതും സമാധാനലംഘനത്തിലവസാനിച്ചു. ശെമ്മാശ്ശന്മാരെല്ലാം എം. ഡി. സെമ്മിനാരിയിലായിരുന്നു. വഴക്കു മൂത്തപ്പോൾ മാർ ദിവന്നാസ്യോസ് മെത്രാച്ചൻ കോനാട്ടു മൽപാനച്ചനെ തല്ലി. മി. സി. ജെ. കുര്യനയച്ച പരവന്മാർ ഇട്ട തേങ്ങ സെമിനാരിവേലക്കാർ പെറുക്കിയെടുത്തു. പരവന്മാരും മട്ടയ്ക്കൽ മൽപാനച്ചനും തമ്മിൽ പിടിത്തമുണ്ടായി. അപ്പോൾ തേങ്ങായിടീൽ നിർത്തിവയ്ക്കേണ്ടിവന്നു.

## കൊത്തേൽ ലീ (എന്നെ കൊല്ലുന്നേ) എന്ന നിലവിളി

അതിനെ തുടർന്നു പൂട്ടി മുദ്രവച്ചിരുന്ന മുറികളിൽനിന്നും രാത്രിയിൽ സാമാനങ്ങൾ മോഷണം പോകുന്നുവെന്ന് ആരോപണമുണ്ടായി. രണ്ടുകൂട്ടരും അവരവരുടെ സംരക്ഷണക്കായി കാവലുമേർപ്പെടുത്തി. ബാവാകക്ഷിക്കാരുടെ ആളുകൾ സെമിനാരിയുടെ രണ്ടാംനിലയിലുള്ള വടക്കേ വരാന്തയിലും, മെത്രാൻ കക്ഷിക്കാരുടെ കാവൽക്കാർ സെമിനാരിയുടെ രണ്ടാംനിലയി

www.malankaralibrary.com

ലുള്ള തെക്കേവരാന്തയിലും കാവൽ കിടന്നു. ഒരു രാത്രിയിൽ വടക്കേനിരയിൽ രണ്ടാമത്തെ നിലയിൽ ഒരു മുറിയിൽ താമസി ച്ചിരുന്ന ശീമക്കാരൻ റമ്പാച്ചൻ മൂത്രപ്പാത്രം എടുത്തു കളയുവാ നായി സാവധാനത്തിൽ കതകു തുറന്നു് വെളിയിലേക്കിറങ്ങി. കാവൽക്കാരിലൊരുവൻ പെട്ടെന്നുണർന്നു്, കള്ളനാണെന്നു കരുതി, അദ്ദേഹത്തെ ഉടുപ്പോടുകൂടെ ഒരുപിടി! അദ്ദേഹം ഭയന്നു് "കൊത്തോൽ ലീ! – കൊത്തോൽ ലീ!" (എന്നെ കൊല്ലുന്നേ, എന്നെ കൊല്ലുന്നേ) എന്നു് ഉറക്കെ നിലവിളിച്ചു. റമ്പാച്ചൻെറ കൈ യിലുണ്ടായിരുന്ന പാത്രത്തിലെ സാധനം പിടികൂടിയവരുടെ ദേഹത്തെല്ലാമായി. അപ്പോൾ സ്വപക്ഷക്കാരാണെന്നറികയാൽ പിടി വിട്ടു. നിലവിളികേട്ടു് എല്ലാവരും ഉണർന്നു. കാര്യം എന്തെന്നറിയാനായി ഞങ്ങൾ അവിടെ തെക്കേനിരയിലെ വരാന്തയിൽ കിടക്കുന്ന ഞങ്ങളുടെ കാവൽക്കാർ ചിരിക്കു ന്നതു കേട്ടു് അവരോടു ചോദിച്ചു് കാര്യം ഗ്രഹിച്ചു. എല്ലാ വരും ചിരിച്ചു. രാത്രി മുഴുവൻ ചിരിയായിരുന്നു. ഓരോരു ത്തരും ഓരോന്നു പറഞ്ഞു ചിരിച്ചുകൊണ്ടിരുന്നു. അങ്ങനെ ആ രാത്രി കഴിച്ചു. ഒന്നുരണ്ടു വർഷം കഴിഞ്ഞു് ഈ സെമിനാരിക്കേസ്സ് മാർ ദിവന്നാസ്യോസു മെത്രാച്ചനു് അനുകൂലമായി വിധിച്ചു.

## വട്ടിപ്പണക്കേസ്സ്

അപ്പോഴേയ്ക്കും പുതിയ മലങ്കരമെത്രാനായ കുറിലോസു തിരുമേനിയും കൂട്ടുട്രസ്റ്റികളുംകൂടി വട്ടിപ്പണത്തിൻെറ പലിശ വാങ്ങിച്ചു. അതു് അവർക്കു കൊടുക്കുവാൻ പാടില്ലെന്നും മെത്രാൻ കക്ഷിക്കാർക്കാണു കിട്ടേണ്ടതെന്നും കാണിച്ചു് അവർ പരാതി പ്പെട്ടു. തൻമൂലം ശരിയായ അവകാശി ആരാണെന്നറിയാൻ ഉടൻതന്നെ ഗവണ്മെൻറു് ഒരു ഇൻറർ പ്ലീഡർ സൂട്ടു് എടുത്തു. ഇങ്ങനെ സഭ കലകഹത്തിലായതു കണ്ടുകൊണ്ടു് അബ്ദള്ളാ പാത്രിയർക്കീസു ബാവാ മർദ്ദീനിലേയ്ക്കു മടങ്ങിപ്പോകയും ചെയ്തു. പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പാ ആയിരുന്നു മലങ്കര സഭയുടെ തലവനെങ്കിൽ ഈ കുഴപ്പം വരുമായിരുന്നുവോ? എന്നു ചിന്തിപ്പാൻ കഴിവുള്ളവർ ചിന്തിക്കട്ടെ!

www.malankaralibrary.com

## അബ്ദൽമിശിഹാ പാത്രിയർക്കീസ്

അങ്ങനെ ഇരിക്കെ ഇവിടത്തെ വിവരങ്ങൾ എല്ലാം കാണിച്ചു മാർ ദിവന്നാസ്യോസിന്റെ സെക്രട്ടറിയായ ഫാദർ പി. റ്റി. ഗീവറുഗീസു അബ്ദൽമിശിഹാ പാത്രിയർക്കീസിന്റെ പേർക്കു് ബ്രിട്ടീഷ് പ്രതിനിധിയുടെ ആഫീസുവഴി എഴുതി അയച്ചു അദ്ദേഹം മലങ്കരയ്ക്കു വരാമെന്നും മലങ്കരസഭയ്ക്കു് ഒരു കാതോലിക്കായെയും വേണ്ട മെത്രാന്മാരെയും വാഴിച്ചുതരാമെന്നും സമ്മതിച്ചുകൊണ്ടുള്ള മറുപടിക്കൽപന വന്നു. അബ്ദൽമിശിഹാ പാത്രിയർക്കീസിനു കേരളത്തിലേയ്ക്കു പോകാൻ ആഗ്രഹമുണ്ടെങ്കിൽ പോകാമെന്നു ശുപാർശമൂലം തുർക്കിഗവണ്മെന്റു് സമ്മതിച്ചു പാസ്പോർട്ടുമെല്ലാം കൊടുത്തു. യാത്രയ്ക്കും മററുമാവശ്യമായ പണം ഇവിടെനിന്നയച്ചുകൊടുത്തു. താമസംവിനാ 1912-ൽ അദ്ദേഹവും രണ്ടു റമ്പാച്ചന്മാരും കപ്പൽമാർഗ്ഗം ബോംബയിലെത്തി.

അവരെ സ്വീകരിക്കുവാനായി ഇവിടെനിന്നും ബ. ഫാ. പി റ്റി. ഗീവർഗ്ഗീസ് എം. എ -യുംമററും നേരത്തെതന്നെ ബോംബയിലെത്തിയിരുന്നു. കപ്പൽ വന്നു. എല്ലാവരും കരയ്ക്കിറങ്ങി. പാസ്പോർട്ടും മററും സാക്ഷിപ്പെടുത്തി യാത്രയായി. ബാവായെ കണ്ടില്ല. അപ്പോൾ രണ്ടുമൂന്നു മഹമ്മദീയർ അറബിയിൽ സംസാരിച്ചുകൊണ്ടു പോകുന്നതു കണ്ടു. സംശയം തോന്നി. പണിക്കരച്ചൻ അവരുടെ അടുക്കൽ ചെന്നു ചോദിച്ചപ്പോൾ അവരിലൊരാൾ അബ്ദൽമിശിഹാ പാത്രിയർക്കീസും മറ്റവർ രണ്ടു റമ്പാച്ചന്മാരും ആണെന്നു മനസ്സിലായി. അവരെ ഒരു ഹോട്ടൽമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവർ ധരിച്ചിരുന്ന വെള്ളത്തൊപ്പിയും വേസ്ററുകോട്ടുമെല്ലാം മാററിച്ചു. നല്ല ചുവന്ന കുപ്പായവും പുറങ്കുപ്പായവും, റമ്പാച്ചന്മാർക്കു നല്ല കറുത്ത കുപ്പായവും പുറംളോഹയും മസനപ്സായും എല്ലാം തയ്പിച്ചിട്ടുവിച്ചു് കൊണ്ടുപോരുകയും ചെയ്തു.

## എന്റെ ശെമ്മാശുപട്ടം

ഉടനെ, ഈ പാത്രിയർക്കീസു മുടക്കപ്പെട്ട ആളാണെന്നും, അദ്ദേഹത്തെ കോട്ടയം ഡിസ്ത്രിക്റ്റിൽ കേറാൻ അനുവദിക്കരുതെന്നുംമററും എതിർകക്ഷികൾ പരാതിപ്പെട്ടതിന്റെ ഫലമായി

www.malankaralibrary.com

ബാവാ കോട്ടയം ഡിസ്ത്രിക്റ്റിൽ കയറാൻ പാടില്ലെന്നുത്തരവായി. അതിനാൽ കോട്ടയം ഡിസ്ത്രിക്റ്റിൽ ബാവാ കയറിയില്ല. അദ്ദേഹം കൊല്ലം ഡിസ്ത്രിക്ടിലുള്ള പള്ളികളിൽ സഞ്ചരിക്കുന്നതിനു തടസ്സമുണ്ടായിരുന്നില്ല. അതിനാൽ അവിടെയുള്ള പള്ളികളെല്ലാം സന്ദർശിച്ച കൂട്ടത്തിൽ അദ്ദേഹം കാർത്തികപ്പള്ളിയിലും അനന്തരം ചേപ്പാട്ട പള്ളിയിലും എഴുന്നള്ളി. 1912-ൽ ഈ അബ്ദൽ മിശിഹാ പാത്രിയർക്കീസ് ചേപ്പാട്ട യാക്കോബായപള്ളിയിൽവച്ച് എനിക്കു പൂർണ്ണ ശെമ്മാശുപട്ടം തന്നു. പള്ളിസന്ദർശനം കഴിഞ്ഞു് ബാവാ നിരണത്തു പള്ളിയിൽവച്ചു മുറിമറ്റത്തു മെത്രാച്ചനെ കാതോലിക്കായായി വാഴിക്കുവാനും തീർച്ചപ്പെടുത്തി.

കാതോലിക്കായെ വാഴിക്കാനുള്ള ദിവസമായപ്പോൾ റമ്പാച്ചന്മാർ രണ്ടുപേരും ബാവായുമായി പിണങ്ങി. കാതോലിക്കായെ വാഴിച്ചുകൊടുത്താൽ ശീമക്കാർക്കു മലങ്കരസഭയിലുള്ള അധികാരം മുഴുവനും നഷ്ടപ്പെട്ടുപോകുമെന്നുള്ളതായിരുന്നു റമ്പാച്ചന്മാരുടെ വാദം. എല്ലാവരുംകൂടി അവരെ ശാന്തരാക്കിയശേഷമാണ് ബാവാ കാതോലിക്കായെ വാഴിച്ചതു്. ഇതെല്ലാം കഴിഞ്ഞു പാത്രിയർക്കീസു് ബാവായേയും റമ്പാച്ചന്മാരേയും മടക്കി അയച്ചു. ബാവായെ ഒരു യാത്രക്കപ്പലിലും, റമ്പാച്ചന്മാരെ കൂലി കുറവുള്ള വേറൊരു കച്ചവടക്കപ്പലിലും ആയിട്ടാണ് കയറ്റിവിട്ടതു്. ഒരുമിച്ചു പോയാൽ റമ്പാച്ചന്മാർ ബാവായെ കടലിലെടുത്തിട്ടു കളയുമെന്ന് ബാവായിക്കു ഭയമായിരുന്നു. അതുകൊണ്ടാണ് രണ്ടു കപ്പലിലായി അവരെ അയയ്ക്കാനിടയായതു്.

## ശെമ്മാശുനായി ഞാൻ പഠിച്ചുനടന്നകാലം

ഞാൻ കോട്ടയത്തു താമസിച്ചു പഠിക്കുന്ന കാലത്തു് കുറേനാൾ പഴയ സെമിനാരിയിലും, കുറേനാൾ എം. ഡി. സെമിനാരിയിലും താമസിച്ചു. ഒരുദിവസം സ്കൂൾ വിട്ടശേഷം കുറെ സഹപാഠികളുമൊത്തു ഞാൻ പഴയ സെമിനാരിയിലേക്കു പോകയായിരുന്നു. ഭിക്ഷക്കാരിയായ ഒരു ഭ്രാന്തി ഒരു കലം റോഡിന്റെ നടുവിൽ വച്ചിട്ട് അടുത്തുള്ള കടയിൽ ഭിക്ഷയ്ക്കു പോയി. ഒരു കുട്ടിയുടെ കാൽ തട്ടി ആ കലം ഉടഞ്ഞു. ഭ്രാന്തി നിലവിളിച്ചുംകൊണ്ടു് ആ കുട്ടിയെ കേറി പിടിക്കുവാൻ ഭാവിച്ചു. അതുകണ്ടു് ഒരു ശെമ്മാശൻ പോക്കററിൽനിന്നും ഒരു പണം എടുത്തു് ഭ്രാന്തി

www.malankaralibrary.com

ക്കു കൊടുത്തു. അവൾക്കു വളരെ സന്തോഷമായി അരച്ചക്രത്തിന്റെ കലത്തിന് ഒരു പണം കിട്ടി. 'കുഞ്ഞു നാളെയും വരണേ!' എന്നു പറഞ്ഞ്, ആ കുട്ടിയെ പിടിക്കാതെ കൈകൊട്ടിക്കൊണ്ട് അവൾ ഓടിപ്പോയി. ആ കുട്ടിയെ കളിയാക്കി ഞങ്ങളും ചിരിച്ചു. 'കുഞ്ഞു നാളെയും വരണേ!' എന്നു പറയുമായിരുന്നു.

## വള്ളത്തിൽ പുളവൻ

വേറൊരിക്കൽ അവധി കഴിഞ്ഞു കോട്ടയത്തിനു പോകാൻ തിരുവല്ലാ സ്വാമിപ്പാലക്കടവിൽച്ചെന്നു ഞാൻ വള്ളം കയറി. കോട്ടയത്തിനു പോകുന്ന വേറെ ശെമ്മാശ്ശന്മാരും ഉണ്ടായിരുന്നു. രാത്രി പത്തുമണിയോടുകൂടി കടവിൽനിന്നും വള്ളം നീക്കി. ചങ്ങനാശ്ശേരിക്കു പടിഞ്ഞാറുവശമുള്ള പുഞ്ചപ്പാടങ്ങളിൽക്കൂടിയാണ് യാത്ര. എല്ലാവരും ഉറക്കമായി. അപ്പോൾ ഒരാൾ ചാടി എണീററു 'എന്റെ ദേഹത്ത് എന്തോ ഇഴഞ്ഞു കയറി' യെന്നു പറഞ്ഞു. കുറച്ചുകഴിഞ്ഞ്, 'എന്റെ ദേഹത്തെന്നു' മറ്റൊരാൾ. എന്തിന്, വള്ളത്തിലൊരു ബഹളം! വള്ളം കരയ്ക്കടുപ്പിക്കാൻ വള്ളക്കാരോടു പറഞ്ഞു. അതനുസരിച്ച് വള്ളം ഒരു വരമ്പിലടുപ്പിച്ചു. എല്ലാവരും കരയ്ക്കിറങ്ങി. അന്നു ലൈററും, ടോർച്ചും ഒന്നുമില്ല. ഒരു മണ്ണെണ്ണവിളക്കു കൊളുത്തി നോക്കിയപ്പോൾ രണ്ടു പുളവൻ പരിഭ്രമിച്ചു വള്ളത്തിനകത്ത് അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുപോകുന്നതു കണ്ടു. അതിനെ രണ്ടിനേയും തല്ലിക്കൊന്ന് വെളിയ്ക്കു കളഞ്ഞു. ഇങ്ങനെ ഒരനുഭവം അതിനു മുൻപുണ്ടായിട്ടില്ല.

പുഞ്ചയിൽ വെള്ളം വററിക്കുന്ന കാലമായിരുന്നു അത്. മീൻപിടിത്തക്കാർ പുഞ്ചവരമ്പിന്റെ മടയ്ക്ക് മീൻ പിടിക്കുവാൻ കൂട് കൊണ്ടുവന്നിടും. കമ്പനിവള്ളക്കാർ രാത്രിയിൽ ആ കൂടെടുത്തു വള്ളത്തിന്റെ കോതിൽ കുടഞ്ഞിട്ട് കൂടു തിരികെ അവിടെ വച്ചിട്ടു പോകും. ഇതു കൂടിന്റെ ഉടമസ്ഥർ മനസ്സിലാക്കി. ഒരുവൻ രണ്ടു പുളവനെ പിടിച്ചു ഒരു കൂട്ടിൽ ഇട്ട് കൂടിന്റെ വാലും കെട്ടി മടയ്ക്കൽ ഇട്ടിരുന്നു. വള്ളക്കാർ പതിവുപോലെ കൂടെടുത്തു വള്ളത്തിന്റെ കോതിൽ കുടഞ്ഞു. അങ്ങനെ സ്വതന്ത്രരായ പുളവന്മാരായിരുന്നു വള്ളത്തിൽ പരിഭ്രമിച്ചു പാഞ്ഞിഴഞ്ഞതു്.

www.malankaralibrary.com

എന്തുണ്ടായാലും കൂട്ടുകാർ മനോധർമ്മംപോലെ ഓരോന്നു പറഞ്ഞു ചിരിച്ചുകൊണ്ടിരിക്കും. വള്ളക്കാരോടു ഇടഞ്ഞിടഞ്ഞു് ഓരോന്നു ചോദിച്ചാണു കാര്യമെല്ലാം വിശദമായി ഗ്രഹിച്ചതു്.

## ഒരു വലിയ കള്ളപ്പം

വേറൊരിക്കൽ, കോട്ടയത്തുനിന്നും തിരുവല്ലായിക്കു വള്ളം കയറുന്നതിനു പകരം നടക്കാമെന്നു കരുതി. നല്ല നിലാവുണ്ട്. നടക്കാമെന്നു കൂട്ടുകാർ സമ്മതിച്ചു നടപ്പു തുടങ്ങി. ചങ്ങനാശ്ശേരിയിലെത്തിയപ്പോഴേയ്ക്കും വിശപ്പ് തുടങ്ങി. രാത്രി ഏകദേശം മൂന്നു മണി സമയം. ഒരു അപ്പക്കടയിൽ വിളക്കു കണ്ടു. ഒരു കത്തോലിക്കാവലിയമ്മ കള്ളപ്പം ചുടാനുള്ള ഒരുക്കമാണ്. അപ്പം തിന്നാൻ ചെന്ന ഞങ്ങളെ കണ്ടതു വലിയമ്മയ്ക്കു സന്തോഷമായി. ഞങ്ങൾക്കിരിക്കാൻ ബഞ്ചുംമററും ഒരുക്കിത്തന്നു. അക്കൂട്ടത്തിൽ ഒരു കൊച്ചു മിടുക്കൻ. 'വലിയമ്മച്ചീ!' എന്നുവിളിച്ചുകൊണ്ടുകൂടി. 'എനിക്കൊരപ്പം വലുതായി ചുട്ടുതരണം! ഞാൻ വിറകും ചൂട്ടുമൊക്കെ പെറുക്കി അടുപ്പിച്ചുതരാം' എന്നൊക്കെപ്പറഞ്ഞുതുടങ്ങി. 'ആകട്ടെ; മോനവിടെപ്പോയിരിക്ക്! അപ്പം ഞാനവിടെക്കൊണ്ടുവന്നു തരാം' എന്നു വലിയമ്മ പറഞ്ഞു. കൊച്ചു മിടുക്കനുണ്ടോ അതു കേൾക്കുന്നു! വലുതായിട്ടൊന്നു ചുട്ടുകിട്ടി അതും കൊണ്ടേ അവൻ പോയിരിക്കൂ എന്ന മട്ടിൽ വലിയമ്മയ്ക്കുടുത്തുതന്നെ ഇരിപ്പുറപ്പിച്ചു. വലിയമ്മ അപ്പം ഓരോന്നായി ചുട്ടെടുക്കുകയാണ്. അങ്ങനെ കുറെയേറെ അപ്പം ചുട്ടെടുത്തിട്ടും അതിൽ ഒരു വലിയ അപ്പവുമില്ല! എല്ലാം ഒന്നുപോലെയിരിക്കുന്നു. 'എന്റെ വലിയമ്മച്ചീ, ഒരെണ്ണം വലുതായി ചുട്ടെടുത്തു താ!' എന്നൊന്നു ഞരങ്ങി പറഞ്ഞുനോക്കി. 'മോനേ! അതിലൊന്നും വലുതില്ലേ? എനിക്കു കണ്ണു പററുകില്ല മോനേ!' എന്നായി വലിയമ്മ. 'കണ്ണു പററുകയില്ലെങ്കിൽ, അമ്മച്ചീ, എല്ലാ അപ്പവും ഒന്നുപോലെയിരിക്കുന്നതെന്താ?' അപ്പോൾ മററുള്ളവർ, 'എടാ വലിയമ്മച്ചി ഇന്നും ഇന്നലെയുമൊന്നുമല്ല അപ്പം ചുടാൻ തുടങ്ങിയതു്. നീ ഇവിടെ വന്നിരിക്ക്!' എന്നു് പറഞ്ഞു. അപ്പം തീററിയും ചക്കരവെള്ളം കുടിയുമെല്ലാം കഴിഞ്ഞു് ഞങ്ങൾ തിരുവല്ലായ്ക്കു തിരിച്ചു. വലിയമ്മയുടെ അടുക്കൽ ഇവന്റെ പണിയൊന്നും പററാതിരുന്നതിലുള്ള രസപ്രകടനമായിരുന്നു വഴിയിൽ. അങ്ങനെ ചിരിയും തമാശയുമായി തിരുവല്ലാ എസ്. സി. സെമിനാരിവരെയുള്ള യാത്ര ക്ലേശരഹിതമായിക്കഴിഞ്ഞു.

www.malankaralibrary.com

## വള്ളക്കാരുടെ കള്ളുകുടി

പിന്നൊരിക്കൽ ഞങ്ങൾ തിരുവല്ലായിൽനിന്നും കോട്ടയത്തിനു പോകാൻ കമ്പനിവള്ളം കയറി. ചക്രംചവിട്ടിന്റെ പാട്ടുകളും വിതയുമൊക്കെയുള്ള കാലമായിരുന്നു. നാലു ചക്രമായിരുന്നു വള്ളക്കൂലി. വഴിക്കു കുടിലുകൾ കെട്ടി കള്ളും, മേപ്രാക്കൊഞ്ചും പലഹാരവുമൊക്കെ വില്ക്കുന്ന സ്ഥലങ്ങളുണ്ട്. രാത്രിയിൽ 'ഒന്നു മോന്തുന്നതു' വള്ളക്കാർക്കന്വേഷമാണ്. മേപ്രാക്കൊഞ്ചുപിടിത്തത്തിന്റെ കാലവും. 'മേപ്രാക്കൊഞ്ചു വിശപ്പുറിയും' എന്നാണു വള്ളക്കാർ പറയുന്നതു്. ഒരു ചെറിയ ചൂടോ ഇളവെയിലോ തട്ടിയാലുടൻ ഈ കൊഞ്ചിനു നല്ല ചുവപ്പുനിറം കിട്ടുംപോലും! അതു പിന്നെ വേവിക്കാതെ തിന്നാമെന്നാണവർ പറയുന്നതു്. ഏതായാലും പാതിരാത്രിയായപ്പോൾ വള്ളക്കാരിൽ ഒരുവനു ഛർദ്ദി തുടങ്ങി. വലിയ ഓക്കാനവും ഉരുണ്ടുകയററവും. നിവൃത്തിയില്ലാതായപ്പോൾ, മണ്ണെണ്ണവിളക്കു കണ്ട ഒരു പുലത്തറക്കടവിൽ വള്ളം അടുപ്പിച്ചു. അവിടെ ചെന്നപ്പോൾ, ഒരു പുലയി ഒരു വക്കീലിന്റെ മട്ടിൽ, "നിങ്ങൾ കള്ളു കുടിച്ചോ? പച്ചക്കൊഞ്ചു തിന്നോ?" എന്നെല്ലാം വള്ളക്കാരനെ ക്രോസുചെയ്തു. നിവൃത്തിയില്ലാതെവന്നപ്പോൾ വള്ളക്കാരൻ അതൊക്കെ സമ്മതിച്ചു. "ആട്ടെ, ഞാളൊരു മരുന്നു തരാം" എന്നു പറഞ്ഞു് പുലത്തറയുടെ ഇടിക്കൽനിന്നും എന്തിന്റെയോ ഇല പറിച്ചു കൊണ്ടുവന്നു് വെണ്ണപ്പരുവത്തിൽ അരച്ചുരുട്ടി ഒരു പുന്നക്കയോളം വള്ളക്കാരന്റെ വായിലിട്ടുകൊടുത്തു. ഉച്ചിമുതൽ ഉള്ളംകാൽവരെ കയ്ക്കുന്ന മരുന്നായിരുന്നു എങ്കിലും വള്ളക്കാരൻ അതു് വിഴുങ്ങി. അല്പം കഴിഞ്ഞപ്പോൾ "ങ്ഹാ,—ഇനിയും നമുക്കു പോകാം" എന്നായി വള്ളക്കാരൻ. ഉരുണ്ടുകയററവും ഛർദ്ദിയും ശമിച്ചു. ആ പുലയി ഒരു ഡോക്ടരോ, ആയയോ ആയിരുന്നെങ്കിൽ മുപ്പതോ, അൻപതോ രൂപ കടിച്ചുഴിച്ചു കൊട്ടുക്കമായിരുന്നു. "എന്നാൽ ഞങ്ങൾ പോകട്ടെ" എന്നൊരു യാത്ര പറച്ചിൽ മാത്രമാണു് അവൾക്കു കിട്ടിയ പ്രതിഫലം! ആ പുലയി കുട്ടനാടൻ പുഞ്ചനടുവിൽ ആ പാതിരാനേരത്തു ചെയ്ത ഉപകാരം പാരം വലുതായിരുന്നു ഞങ്ങൾ അന്യോന്യം അക്കാര്യം പറഞ്ഞു് അത്ഭുതം കൂറി കോട്ടയംപററി.

www.malankaralibrary.com

അധികം താമസിയാതെ എനിക്ക് കണ്ണിന് അസുഖം തുടങ്ങി. പുത്തൻകാവിൽ പറമ്പിൽ വൈദ്യൻെറ അടുക്കൽ പോയി താമസിച്ചു ചികിത്സിപ്പിച്ചു. ഒരു എണ്ണയും കുഴമ്പു മൊക്കെ കാച്ചിക്കൊണ്ടു തിരിച്ചുപോന്നു. കണ്ണിനു വേദന കുറഞ്ഞെങ്കിലും കാഴ്ച ശരിയായില്ല. അതിനാൽ നാഗർകോവിൽ ഡാക്ടർ പൂവിൻെറ അടുക്കലും. പിന്നീട് മദ്രാസിൽ ഡാക്ടർ കിർ പാടിക്കിൻെറ അടുക്കലും പോയി ചികിത്സിപ്പിച്ചു. ഒരു കണ്ണാടിയുംവച്ചു തിരിച്ചെത്തി.

## 1912-ലെ കൽക്കട്ടാസമ്മേളനം

അന്നു യാക്കോബായക്കാരുടെ കക്ഷിമത്സരം അതിരൂക്ഷമായിരുന്നു. ക്രിസ്ത്യാനികളുടെ ഈ സമുദായമത്സരം ശരിയല്ലെന്നും, അതെല്ലാം കളഞ്ഞു സുവിശേഷവേല ചെയ്യണമെന്നും പറഞ്ഞു്, ഡാക്ടർ ജോൺ ആർ. മോട്ട്, സ്കയാർ സായ്പ്, എഡ്ഡി സായ്പ്, ബുക്കമാൻ മുതലായ പ്രൊട്ടസ്റ്റണ്ടു മിഷണറിമാരുടെ പരിശ്രമത്തിൽ യാക്കോബായക്കാരെയും മാർത്തോമ്മാക്കാരെയും, സി. എം. എസ്സ്.-കാരെയുംമററും ക്ഷണിച്ചുവരുത്തി കൽക്കട്ടായിൽവച്ച് ഒരു കോൺഫറൻസു നടത്തി. അതിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും അദ്ദേഹത്തിന്റെ സെക്രട്ടറിയായി ഫാ. പി. റ്റി. ഗീവർഗ്ഗീസ് എം. എ.-യും മററും സംബന്ധിച്ചിരുന്നു. വട്ടിപ്പണക്കേസ്സിൽ തോററു പോയാലും കുസലില്ലാതെ നില്ക്കാൻ ഒരു വഴിവേണമല്ലോ എന്നുള്ളതായിരുന്നു യാക്കോബായമെത്രാൻകക്ഷിക്കാരുടെ ലക്ഷ്യം. ആ മീറ്റിംഗിൽ മാർത്തോമ്മാമെത്രാച്ചൻ ഒരു പ്രമേയം അവതരിപ്പിച്ചു. 'ക്രിസ്തീയസഭകളിൽനിന്നും അങ്ങോട്ടും ഇങ്ങോട്ടും ക്രിസ്ത്യാനികളെ ചൂഷണംചെയ്യുന്നതു നിർത്തണമെന്നായിരുന്നു' ആ പ്രമേയം. അങ്ങനെ ആരെയെങ്കിലും ചേർക്കണമെങ്കിൽ ആ സഭയിലെ മെത്രാന്റെ അനുവാദം നേരത്തെ വാങ്ങിയിരിക്കണം'' എന്നൊരു അനുബന്ധം ചിലർ അതോടു ചേർത്തു. അതിനു മാർ ദിവന്നാസ്യോസു തിരുമേനി സമ്മതിച്ചില്ല. ''ഞങ്ങളുടെ കൂട്ടത്തിൽനിന്നും ഒരുകൂട്ടം ആളുകളെ അപഹരിച്ചു കീഴടക്കി വച്ചിരിക്കുന്നവർ ഇങ്ങനെ പറയുന്നതു ശരിയല്ല. അവരിൽനിന്നും വല്ലവരും

www.malankaralibrary.com

തിരിച്ചുവന്നാൽ അവരെ ഉപേക്ഷിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല" എന്നു പറഞ്ഞു. ഈ വാദപ്രതിവാദങ്ങൾക്കു ശരിയായ തീരുമാനമുണ്ടാക്കുവാൻ സാധിച്ചില്ല.

രണ്ടാമതു, യാക്കോബായസഭ സുവിശേഷം പ്രസംഗിക്കണം. അതിലേയ്ക്കു് ആദ്യവർഷം അൻപതിനായിരം രൂപ മിഷനറിമാർ സംഭാവന ചെയ്യാം. രണ്ടാംവർഷം നാല്പത്തയ്യായിരമേ മിഷനറിമാർ നല്കൂ. ബാക്കി അയ്യായിരം രൂപ യാക്കോബായക്കാർ ഉണ്ടാക്കണം. അങ്ങനെ പത്തുകൊല്ലം കൊണ്ടു് യാക്കോബായസഭ മിഷ്യൻവേലയിൽ സ്വയം പര്യാപ്തത നേടണം. ' ഇതായിരുന്നു മിഷനറിമാരുടെ അഭിപ്രായം. അതിനു മാർ ദിവന്നാസ്യോസു തിരുമേനി ഒരു വിശദീകരണം ആവശ്യപ്പെട്ടു. "പണം തരുന്നതു് സന്തോഷം തന്നെ. സുവിശേഷപ്രസംഗത്തിനു് ആളുകളെയും നിയമിക്കാം. എന്നാൽ വേറൊരു സഭക്കാരുടെ മേൽനോട്ടം സ്വീകരിക്കുകയോ, സംഭാവന ലഭിച്ച പണത്തിന്റെ കണക്കു് കേൾക്കുവാൻ അന്യ സഭാംഗങ്ങൾ ആവശ്യപ്പെടുകയോ ചെയ്യുവാൻ പാടില്ല. ഞങ്ങൾ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുമെന്നു വിശ്വസിച്ചു സഹായിക്കണം എന്നു പറഞ്ഞു. "ആരുടെയെങ്കിലും പണം വാങ്ങിയാൽ അതു് ഉദ്ദിഷ്ടകാര്യത്തിനുതന്നെ ചെലവാക്കിയോ എന്നറിയാൻ അവകാശം കടമയില്ലേ? അതേപ്പററി ചോദിച്ചുകൂടാ എന്നു പറയുന്നതു ശരിയല്ല"എന്നു മിഷ്യനറിമാരും പറഞ്ഞു. അതിനാൽ അതും നടപ്പിലായില്ല.

എങ്കിലും സെറാംപൂർ കോളേജിൽ കുറെ യാക്കോബായ കുട്ടികളെ സ്കോളർഷിപ്പു കൊടുത്തു പഠിപ്പിക്കാമെന്നും, ഫാദർ പി. റ്റി. ഗീവർഗ്ഗീസിനെ അവിടെ ഒരു പ്രൊഫസറായി സ്വീകരിച്ചുകൊള്ളാമെന്നും സമ്മതിച്ചു. അങ്ങനെ ആ സമ്മേളനം ഭംഗിയായി അവസാനിച്ചു് എല്ലാവരും മടങ്ങിപ്പോരുകയും ചെയ്തു.

## ആനപ്പാപ്പിയുടെ മരണം

പഴയ സെമിനാരി മുൻപേതന്നെ രണ്ടുകൂട്ടരുടേയും നോട്ടവസ്തുവായിരുന്നു. രണ്ടുകൂട്ടരുടേയും കാവലും ഉണ്ടായിരുന്നു. ബാവാകക്ഷിക്കാർ കാവലിനു ഏർപ്പെടുത്തിയതു് കമാൽദീൻ, ഹസ്സൻ ആദിയായ മുസൽമാന്മാരെ ആയിരുന്നു. മെത്രാച്ചന്റെ

www.malankaralibrary.com

ഭാഗത്തേയ്ക്കു മേപ്പാക്കാരൻ ആനപ്പാപ്പി, മാവേലിക്കരക്കാരൻ കുതിരച്ചാക്കോ ആദിയായവരെയും ആക്കിയിരുന്നു. ഈ രണ്ടുകൂട്ടരുംതമ്മിൽ ഒരു രഹസ്യാലോചനനടത്തി. ശമ്പളത്തിനായിവന്നിരിക്കുന്ന നമ്മൾ തമ്മിൽ കടിപിടിക്കുടേണ്ട ആവശ്യമില്ല. മററുള്ളവരുടെ ഉപദ്രവം ഉണ്ടാകാതെ രണ്ടുകൂട്ടരും കാക്കണമെന്നേയുള്ളു എന്നു പരസ്പരം സമ്മതിച്ചു. രണ്ടുകൂട്ടരുംകൂടി ഒരുമിച്ചു വൈകുന്നതുവരെ സെമിനാരിയുടെ താഴത്തെ നിലയിലുള്ള ഒരു മുറിയിലിരുന്നു ചീട്ടുകളിയും ബീഡിവലിയുംമററും നടത്തിവന്നു.

ഒരുദിവസം ചീട്ടുകളി കഴിഞ്ഞു മഹമ്മദീയർ ചായ കുടിക്കുവാൻ പഴയ സെമിനാരിയുടെ വടക്കുവശത്തുള്ള മൂന്നാററുമുക്കിലെ മണപ്പുറത്തു വേനൽക്കാലത്തു നടത്താറുള്ള ചായക്കടയിലേയ്ക്കു പോയി. അവർക്ക് ആനപ്പാപ്പിയെ ഭയമായിരുന്നു. മഹമ്മദീയർ അവിടെച്ചെന്നു ചായകുടിച്ചുകൊണ്ടിരിക്കുമ്പോൾ ആനപ്പാപ്പിയും അവിടേയ്ക്കു പോയി. ആനപ്പാപ്പി ചെല്ലുന്നതു കണ്ടു് മഹമ്മദീയർ ഒരുങ്ങി നിന്നു. ആനപ്പാപ്പി കുടിലിൽ ചെന്നുകയറിയ ഉടനെ ഒരുവൻ ഒരു കുറുവടികൊണ്ടു് ഒരടി കൊടുത്തു. നാലുപാടും മുഹമ്മദീയരും അടുത്തു. അടിയെല്ലാം ആനപ്പാപ്പി തടുത്തുകൊണ്ടു് കുടിലിൽനിന്നിറങ്ങി പുറകോട്ടു നടന്നു. ആററു് ഇക്കരെ കടക്കുന്നതിനുമുൻപു് ആററിൽ കിടന്നിരുന്ന ഒരു തെങ്ങിൻകുററിയിൽ തട്ടി മറിയുകയും അപ്പോൾ ഒരടി തലയ്ക്കേററു് തല പൊട്ടുകയും ബോധംകെട്ടു വീഴുകയും ചെയ്തു. അപ്പോഴേയ്ക്കു നിലവിളികേട്ടു് കൂട്ടുകാർ ഒടിച്ചെന്നു. മഹമ്മദീയർ എല്ലാവരും പമ്പകടന്നു. ആനപ്പാപ്പിയെ എടുത്തു സെമിനാരിയുടെ വടക്കേക്കടവിൽ ആററിലേയ്ക്കിറക്കി കെട്ടിയിരുന്ന കല്പടവു മുകളിൽ കൊണ്ടുവന്നു കിടത്തി.

ഈ ദിവസം ഓശാനഞായറാഴ്ചയുടെ മുൻപിലത്തെ ശനിയാഴ്ചയായിരുന്നതിനാൽ സെമിനാരി ചാപ്പലിൽ പെങ്കീസാ നമസ്കാരം ശനിയാഴ്ച വൈകിട്ടു കുറേനേരത്തേതന്നെ തുടങ്ങിയിരുന്നു. ഞാനും അന്നു സെമിനാരിയിലുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞപ്പോഴാണ് നിലവിളിയുണ്ടായതു്. അതിനാൽ ഞാനും കടവിലേയ്ക്കോടിച്ചെന്നു. ആനപ്പാപ്പിയെ കണ്ടു. വേദനകൊണ്ടു് അയാളുടെ മുഖം ഒരുവശത്തേയ്ക്കു കോട്ടിപ്പിടിച്ചിരുന്നു. വല്ലാതെ ഞരങ്ങുന്നുമുണ്ടായിരുന്നു. ഉടനെ ഞാൻ സെമിനാരിയിലേ

www.malankaralibrary.com

ക്കോടിച്ചെന്നു. വിവരം മാർ ദിവന്നാസ്യോസ് തിരുമേനിയെ അറിയിച്ചു. "പോലീസിൽ അറിയിക്കണ്ടയോ?" എന്നു ചോദിച്ചു. "വേണം. പണിക്കരച്ചനെയും അറിയിക്കണം" എന്നു പറഞ്ഞു. അന്നു ഫോണുംമററും ഇല്ല. ഞാൻതന്നെ ഓടിപ്പോയി അക്കരെ കുഞ്ഞിനെയും പണിക്കരച്ചനെയും അറിയിച്ചു. പോലീസിലും അറിവു കൊടുത്തു. അവർ വന്നു് ആനപ്പാപ്പിയെ ഒരു വണ്ടിയിൽ കയററി ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി. മരണമൊഴി വാങ്ങാൻ ശ്രമിച്ചു. മൊഴിയൊന്നും വ്യക്തമായി ലഭിച്ചില്ല. പണിക്കരച്ചനെ വിവരമറിയിച്ചശേഷം ഞാൻ ആശുപത്രിയിൽ ചെന്നു് ആനപ്പാപ്പിയെ കണ്ടു മടങ്ങിപ്പോന്നു. ആ രാത്രിതന്നെ പാപ്പി മരിക്കുകയും ചെയ്തു.

## കൊലക്കേസിലെ ഒരു സാക്ഷി

അങ്ങനെ ഒരു കൊലക്കേസും കൂടിയായി. ഇക്കേസിൽ കൃത്യം കണ്ട ദൃക്സാക്ഷിമൊഴിവേണം. കമാൽദീനും ഹസനുമാണു് പ്രതികൾ. അവർ അടിക്കുന്നതു കണ്ടതായി പറയാൻ ആളില്ലാതായി ഒടുവിൽ ഒരാളെ കിട്ടി. നല്ല നരച്ച താടി മീശയുള്ള ഒരു യോഗ്യൻ. ഒരു യാക്കോബായ പാത്രിയർക്കീസിനെപ്പോലിരിക്കും. ഇതെല്ലാം കണ്ടതായിത്തന്നെ അദ്ദേഹം കോടതിയിൽ മൊഴികൊടുത്തു. ആൾ പാമ്പാടിക്കാരനോമറേറാ ആണു്. ഒടുവിൽ പൊലീസുകാർ ജയിലിൽനിന്നും കുറെ പുള്ളികളെ ഇറക്കി കൊണ്ടുവന്നു് നിരത്തി നിർത്തി. ഇവരിൽ ഹസ്സൻ ആരാണെന്നു തൊട്ടുകാണിക്കണമെന്നു് കോടതി ആവശ്യപ്പെട്ടു ആ വയസ്സൻ ചെന്നു മറെറാരാളെയാണു തൊട്ടുകാണിച്ചതു്. അപ്പോൾ കോടതി ചോദിച്ചു: "നിങ്ങളുടെ അടുക്കൽ നിന്നും ഹസൻ പല പ്രാവശ്യം സമാനങ്ങൾ വാങ്ങിയിട്ടുണ്ടു്. ഏതാണ്ടു് അര ഫർലോംഗു ദൂരെയുള്ള സെമിനാരിക്കടവിൽ നിന്നുകൊണ്ടു് ഹസൻ തല്ലുന്നതു കണ്ടു' എന്നൊക്കെയും മൊഴി കൊടുത്തിട്ടുണ്ടു്. അങ്ങനെയിരിക്കുന്ന ആളിനു് ഹസനെ മുഖദാവിൽ കണ്ടിട്ടു് അറിയാൻ പാടില്ലാതെ പോയതെന്താണു്? നിങ്ങൾ തൊട്ടുകാണിച്ചതു് വേറെയാളിനെയാണല്ലോ? എന്തുകൊണ്ടയാളെ തൊട്ടുകാണിക്കാൻ കഴിയാതെപോയി?" എന്നൊക്കെ കോടതിയിൽനിന്നു ചോദിച്ചു.

www.malankaralibrary.com

അയാൾ പറഞ്ഞു: "എന്റെ ചെറുപ്പത്തിലൊരിക്കൽ ഈ മാസത്തിൽ എന്റെ കണ്ണിൽ ഒരീർക്കിൽകൊണ്ടു മുറിഞ്ഞു. അതു ചികിത്സിച്ചു ഭേദമായി. എങ്കിലും ഈ മാസം വരുമ്പോൾ എനിക്കു കാഴ്ച തീരെ മങ്ങലാണ്. ആളുകളെ തിരിച്ചറിയാൻ പ്രയാസം. എന്നാൽ മേടമാസവുംമററുമായാൽ നല്ല കാഴ്ചയാണ്. ഒരു ഫർലോംഗ് അകലെ നില്ക്കുന്ന ആളെപ്പോലും തിരിച്ചറിയാൻ സാധിക്കും. ഇങ്ങനെ വന്ന കുഴപ്പമാണ്." കോടതി പിന്നെ ഒന്നും ചോദിച്ചില്ല. മൊഴിയെഴുത്തുകഴിഞ്ഞു് അയാൾ വരാന്തയിലേക്കിറങ്ങിയപ്പോൾ എതിർകക്ഷിക്കാർ ക്ഷുഭിതരായി വയസ്സനെ കടിച്ചുതിന്നാൻ കാത്തുനില്ക്കുന്നതു് കണ്ടു. മൂപ്പർക്കു ജീവനോടെ വീട്ടിലെത്താൻ സാധിക്കയില്ലെന്നു തോന്നി. വിറച്ചുകൊണ്ടു വീണ്ടും കോടതിയിൽ കയറി. "എതിർകക്ഷിക്കാർ എന്നെ ഹേമദണ്ഡമേല്പിക്കാൻ വരാന്തയിൽ കാത്തുനില്ക്കുന്നു. പോകാൻ നിവർത്തിയില്ല" എന്നയാൾ പറഞ്ഞു. 'നാലു പൊലീസുകാർ ആ വയസ്സനെ പഴയ സെമിനാരിയിൽ കൊണ്ടുചെന്നെത്തിക്കുവാൻ' കോടതി ഉത്തരവായി. തൊപ്പിവച്ച നാലു പൊലീസുകാരുടെ അകമ്പടിയോടുകൂടി വയസ്സൻ കച്ചേരിയിൽ നിന്നും ഇറങ്ങിനിന്നു നാലുപാടും നോക്കിയ നോട്ടം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. അങ്ങനെ കുറെദൂരം ചെന്നപ്പോൾ. "നിങ്ങൾ പൊയ്ക്കൊള്ളുവിൻ" എന്നു പറഞ്ഞു് പൊലീസുകാരെ തിരിച്ചയച്ചിട്ട് മൂപ്പർ പഴയ സെമിനാരിയിലെത്തുകയും ചെയ്തു. ഇതൊക്കെ ഓർക്കുമ്പോൾ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കേണ്ട സമുദായം എത്രമാത്രം വഴിതെററിപ്പോയെന്നോർത്തു് ഹൃദയമുള്ളവർ ദുഃഖിക്കാതിരിക്കയില്ല. കത്തോലിക്കാസഭയിൽ നിന്നും അകന്നുനില്ക്കുന്ന സഭയുടെമേലുള്ള പാതാളവാതിലിന്റെ ആ കയ്യേററം അത്ര കട്ടപ്പമായിരിക്കുന്നു.

## മുറിയിൽ കള്ളൻ

എം. ഡി. സെമിനാരിയുടെ വടക്കേമുറി, ഫാദർ പി. റ്റി. ഗീവർഗ്ഗീസിന്റെ കിടപ്പുമുറിയായിരുന്നു. ആ മുറിയിൽ സമുദായം വക പല റിക്കാർഡുകളും സൂക്ഷിച്ചിരുന്നു. അതിനാൽ ഞാനും കൂടി ആ മുറിയിൽ പോയികിടക്കുമായിരുന്നു. പണിക്കരച്ചൻ ഒരു കട്ടിലിൽ കിടന്നുറങ്ങും മാനേജർ ചാക്കോച്ചൻ തൊട്ടു

www.malankaralibrary.com

കിഴക്കേ മുറിയിലാണ താമസം. വിദ്യാർത്ഥികളെല്ലാം തെക്കേ കെട്ടിടത്തിലുമാണ്. തറയിൽ ഒരു കിടക്ക വിരിച്ച് ഞാനതിലാണ കിടന്നുറങ്ങുന്നതു്. മുറിയിൽ ഒന്നരണ്ടു ഷെൽഫും പെട്ടികളുമുണ്ടു്. ഞാൻ ഉറങ്ങുമ്പോൾ 'കിരുകിരാ' എന്നൊരു ശബ്ദം കുറച്ചുനേരം കേട്ടതുകൊണ്ടു് ഞാനുണർന്നു. അപ്പോൾ വടക്കോട്ടുള്ള ജന്നൽ തുറന്നു കിടക്കുന്നതും ഒരു പെട്ടിയും കൊണ്ടൊരാൾ വെളിയിലേക്കിറങ്ങുന്നതുമാണ കണ്ടതു്. അതു കണ്ടു ഞാനമ്പരന്നു. ഞാൻ നിലവിളികൂട്ടി. പെട്ടി വടക്കേമുററത്തിട്ടശേഷം കള്ളൻ കടന്നുകളഞ്ഞു. കിഴക്കെമുറിയിൽ കിടന്നിരുന്ന മാനേജരുടെ മുറിയുടെ വാതിൽ ബന്ധിച്ചിരുന്നുവെങ്കിലും അയാൾ എങ്ങനെയോ ഇറങ്ങി കള്ളൻെറ പിറകേ ഓടി വഴിക്കിട്ടു പിടിച്ചു. കള്ളനെപ്പിടിച്ചാലുടൻ ചെയ്യേണ്ടതെന്താണെന്നുള്ള ചടങ്ങറിയാത്ത മാനേജർ നിന്നു വിറയലായി. ആ കള്ളൻ ഒരെററു കൊട്ടത്തു മാനേജരെ മറിച്ചിട്ടിട്ടു് ഓടിക്കളഞ്ഞു.

## ഫാദർ പി. ററി. ഗീവർഗ്ഗീസു സെറാംപൂരിൽ

പ്രൊട്ടസ്റ്റണ്ടുകാരുമായുള്ള കൽക്കട്ടാസമ്മേളനത്തിനുശേഷം ഒരു വർഷം കഴിഞ്ഞു്, 1913-ൽ ഫാദർ പി. ററി. ഗീവർഗ്ഗീസു സെറാംപൂർ കോളെജിലെ ഉദ്യോഗം സ്വീകരിക്കാമെന്നു തീർച്ചപ്പെടുത്തി. എം. ഡി. സെമിനാരിയിലെ ഹെഡ്മാസ്റ്റർസ്ഥാനം മല്ലപ്പള്ളിൽ കയ്യാലാത്തു മി. കെ. വി. ചാക്കോ ബി. എ. എൽ. ടി. യെ ഏല്പിച്ചിട്ടു സെറാംപൂരിനു പോയി. അവിടെ ഒരു പ്രൊഫസറായി. അനന്തരം കുറെ പെൺകുട്ടികളെ ബാരിസോളിലയച്ച് കന്യാസ്ത്രികൾക്കാവശ്യമായ പരിശീലനം കൊടുപ്പിച്ചു. പരുമല തച്ചേരിൽ ഗീവർഗ്ഗീസു ശെമ്മാശ്ശൻ, തുമ്പമൺ പുലിത്തിട്ട എബ്രഹാം ശെമ്മാശ്ശൻ, മാവേലിക്കര വി. ററി. തോമസു ശെമ്മാശ്ശൻ, ശൂരനാട്ടു കുററിയിൽ കോശി ശെമ്മാശ്ശൻ, മല്ലപ്പള്ളിൽ വാളക്കുഴിയിൽ ജോസഫ് ശെമ്മാശ്ശൻ, ഒളശ്ശയിൽ നാലാത്ര യാക്കോബു ശെമ്മാശ്ശൻ, കൊററംപള്ളിൽ ദാനിയേൽ ശെമ്മാശ്ശൻ, ടി. കെ. ഗീവർഗ്ഗീസു ശെമ്മാശ്ശൻ ആദിയായി പല ശെമ്മാശ്ശന്മാരെയും ടി. കെ. കോശി, പി. ജി. മാത്യു മുതലായ ചില ഹൈമ്മേനികളെയും സെറാംപൂർ കോളേജിൽ കൊണ്ടുപോയി സ്കോളർഷിപ്പു വാങ്ങിച്ചുകൊടുത്തു പഠിപ്പിച്ച് ഉന്നത ബിരുദധാരികളാക്കിത്തീർത്തു.

www.malankaralibrary.com

അങ്ങനെ സെറാംപൂർ കോളജിൽ ഇരുന്നപ്പോൾ ഫാദർ പി. ററി. ഗീവർഗ്ഗീസ് അവിടെ ഉള്ള ഒരു സായ്പിൻെറ അടുക്കൽനിന്നും ഏഴായിരം രൂപ കടമായി വാങ്ങിച്ച്, റാന്നിയിൽ മുണ്ടന്മല പതിപ്പിച്ചെട്ടുത്തു. അനന്തരം അദ്ദേഹം സെറാംപൂർ കോളേജിലെ ഉദ്യോഗം വിട്ട മുണ്ടൻമലയിൽ വന്ന കുറെ ചെറുപ്പക്കാരെ ചേർത്തു ബഥനാശ്രമം തുടങ്ങി. അച്ചൻ ബാരിസോളിൽ കൊണ്ടുപോയി പരിശീലിപ്പിച്ച പെൺകുട്ടികളെ വരുത്തി അവരോടുകൂടെ വേറെ കുറെ പെൺകുട്ടികളെയും കൂടിച്ചേർത്ത് ബഥനി കന്യാസ്ത്രീമഠവും ആരംഭിച്ചു. അങ്ങനെയായിരുന്ന ബഥനിയുടെ ഉത്ഭവം.

## എൻെറ വൈദികപട്ടം

എനിക്ക മുറയ്ക്ക് കണ്ണിന്ന സുഖക്കേട വന്നുകൊണ്ടിരുന്നതിനാൽ ഇംഗ്ലീഷുപഠിത്തം നിറുത്തി സമയം കളയാതെ വല്ലവിധേനയും വേഗം കുറെ സുറിയാനി പഠിച്ച് ഒരു വൈദികനാകാൻ നോക്കുകയാണ് വേണ്ടതെന്ന് വട്ടശ്ശേരി മെത്രാച്ചൻ ഗുണദോഷിച്ചതനുസരിച്ച് ഞാൻ സുറിയാനിപഠിത്തം തുടങ്ങി. രണ്ടുമൂന്ന കൊല്ലംകൊണ്ട് അതു ഏതാണ്ട് പൂർത്തിയാക്കി. അന്ന കല്യാണം കഴിക്കാത്ത ശെമ്മാശ്ശന്മാർക്ക വൈദികപട്ടം കൊടുക്കണമെങ്കിൽ പാത്രിയർക്കീസിന്റെ അനുവാദകല്പന വേണ്ടിയിരുന്നു. എന്നാൽ പാത്രിയർക്കീസുമായി പിണങ്ങിപ്പിരിഞ്ഞതിനുശേഷം ആ അനുവാദം വേണ്ടെന്നായി. അതിനാൽ പാത്രിയർക്കീസിൻെറ അനുവാദംകൂടാതെ പട്ടം തരാമെന്ന തീർച്ചപ്പെടുത്തി എനിക്ക പട്ടം തരുവാൻ മാർ ദിവന്നാസ്യോസ തിരുമേനി കുന്നംകുളത്തു മാർ ഗ്രിഗോറിയോസ തിരുമേനിയുടെ പേർക്ക് എഴുതി അയയ്ക്കുകയും ആ വിവരം പരുമല താമസിച്ചിരുന്ന എന്നെ അറിയിക്കുകയും ചെയ്തു,

അക്കാലത്തു പരുമല പെരുനാളിനോടനുബന്ധിച്ച പന്തലിൽവച്ചുംമററും ഞാൻ സുവിശേഷം പ്രസംഗിക്കുമായിരുന്നു. പരുമലെ താമസിച്ചിരുന്ന ചാത്തുരുത്തി മെത്രാച്ചന്റെ അനന്തിരവനായ തോമസച്ചൻെറ സ്വന്തം ഇടവകയായ മുളംതുരുത്തിപള്ളിയിൽ ഒരു പ്രസംഗത്തിന് തോമസ്സച്ചൻ എന്നെ ക്ഷണിച്ചു കൊണ്ടുപോയി.

www.malankaralibrary.com

1693-ൽ അവിടെ കബറടങ്ങിയ ഒരു ബാവായുടെ ഓർമ്മ ദിവസമായിരുന്നു അന്ന്. ചാലിൽ കൊച്ചു കോർ എന്നയാളായിരുന്നു അവിടത്തെ അധികാരി. അദ്ദേഹം വന്ന് പള്ളിമേടയുടെ വരാന്തയിൽ ഒരു ചാരുകസേരയിലിരുന്നുകൊണ്ടാണ് കാര്യാദികളെല്ലാം നിയന്ത്രിക്കുന്നത്. ആ പെരുനാളിൽ ഞാൻ പരിശുദ്ധന്മാരോടുള്ള അപേക്ഷയെക്കുറിച്ച് പ്രസംഗിച്ചു. അതിന്റെ ചുരുക്കം ഏതാണ്ടിതുപോലെ ആയിരുന്നു.

## പരിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം

ദൈവം ഒരുവൻ. ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥനുമൊരുവൻ (1 തിമോ. 2 . 5) എന്ന് പറഞ്ഞിരിക്കുന്നു. പരിശുദ്ധന്മാരോട് അപേക്ഷിക്കുന്നതും അവരുടെ പെരുനാളുകൾ നടത്തുന്നതും തെററാണെന്ന് പ്രോട്ടസ്റ്റൻറ്കാരുടെ മുപ്പത്തിമൂന്നു വിശ്വാസപ്രമാണങ്ങൾ 22-ാം ഖണ്ഡികയിലും കാണുന്നു. എന്നു പറഞ്ഞു് പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന നിരാകരിക്കുന്നവരുണ്ട്. മനുഷ്യരുടെ പാപത്തിനുള്ള ശിക്ഷയായി കുരിശിൽ മരിച്ച്, നമ്മെ ദൈവത്തോട് രമ്യപ്പെടുത്തിയ ഏകയാൾ ക്രിസ്തുവാണ്. ആ അർത്ഥത്തിലാണ് ക്രിസ്തു ഏക മദ്ധ്യസ്ഥൻ എന്നു പറഞ്ഞിരിക്കുന്നത്.

യഹോവായുടെ വചനം അറിയിക്കുന്നതിൽ മോശ ഒരു മദ്ധ്യസ്ഥൻ ആയിരുന്നു. (ആവ. 5. 5) അതുപോലെ യേശുവിനെക്കുറിച്ചു പ്രസംഗിക്കുന്ന മദ്ധ്യസ്ഥന്മാരും ഉണ്ട്. യേശു മരിച്ചിട്ടും ഉയിർത്തെഴുന്നേററു. അദ്ദേഹം അനേകർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു. നമുക്ക് സ്വർഗ്ഗം പ്രാപിക്കാനുള്ള മാർഗ്ഗം അദ്ദേഹം നമ്മോടു പ്രസംഗിക്കുകയും അതു പ്രവർത്തിച്ചു കാണിക്കുകയും ചെയ്തു, അതേപ്പററി അപ്പോസ്ഥലന്മാർ പ്രസംഗിച്ചു. പത്രോസിന്റെ ആദ്യത്തെ പ്രസംഗത്തിന് മൂവായിരം യഹൂദന്മാർ ക്രിസ്ത്യാനികളായി. രണ്ടാമത്തെ പ്രസംഗത്തിന് അയ്യായിരംപേരും ക്രിസ്ത്യാനികളായി. അപ്പോൾ മററുള്ളവർ ആ പ്രാസംഗികരെ പിടികൂടി. ഇനിയും നിങ്ങൾ ക്രിസ്തുവിനെപ്പററി പ്രസംഗിക്കരുതെന്നും പ്രസംഗിച്ചാൽ ഞങ്ങൾ നിങ്ങളെ കൊല്ലുമെന്നും അപ്പോസ്ഥലന്മാരോടു പറഞ്ഞു. അതിനു മറുപടിയായി ഞങ്ങൾ കാണുകയും കേൾക്കുകയും തൊട്ടറിഞ്ഞു ഗ്രഹിക്കു

www.malankaralibrary.com

കയും ചെയ്തിട്ടുള്ള കാര്യം മററുള്ളവരോടു പറയാതിരിപ്പാൻ ഞങ്ങൾക്കു സാധിക്കുകയില്ല എന്നു് പറഞ്ഞു. അവർ പ്രസംഗം തുടർന്നുനടത്തി. ഉടനെ യഹൂദന്മാർ അവരെ പിടിച്ചു കൊന്നു തുടങ്ങി. അപ്പോസ്ഥലന്മാർ പ്രസംഗിക്കുന്നതു തെററാണെന്നു് അവർക്കു് ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ അവർ അതിനായി മരിക്കാൻ ഒരുങ്ങുകയില്ലായിരുന്നു.

എന്നാൽ അപ്പോസ്ഥലന്മാർ അങ്ങനെ രക്ഷപ്പെടാൻ തുനിഞ്ഞില്ല. മനുഷ്യരുടെ ആത്മാക്കൾ സ്വർഗ്ഗം പ്രാപിക്കുന്നതിനുള്ള മാർഗ്ഗം പ്രസംഗിച്ചു മരിച്ചാൽ ദൈവം അവർക്കും സ്വർഗ്ഗം നല്കുമെന്നവർ വിശ്വസിച്ചിരുന്നു. അതേ വിശ്വാസത്തിൽ രക്ഷാമാർഗ്ഗം പ്രസംഗിക്കുവാനായി നാടും വീടും വിട്ട് വിദേശത്തു നിന്നും നമ്മുടെ അടുക്കലേയ്ക്കു് വന്നിട്ടുള്ള പിതാക്കന്മാരെ ബഹുമാനിക്കയും അവരുടെ പെരുനാളുകൾ നടത്തുകയും അവരുടെ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നതു് ക്രിസ്തുവിനു വിരോധമായിത്തീരുകയില്ല. വി. പൌലോസ് പറഞ്ഞിരിക്കുന്നതു് കേൾക്കുക; 'നിങ്ങൾക്കു ദൈവവചനം പറഞ്ഞുതന്നു് നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ അവരുടെ ജീവിതത്തിൻെറ അന്ത്യത്തെ ഓർത്തു് ധ്യാനിപ്പിൻ. അവരുടെ വിശ്വാസത്തെ അനുകരിപ്പിൻ. (എബ്രാ 13. 7) പുതിയ സഭക്കാർക്കു് ഒന്നും ഇത്തരം പിതാക്കന്മാരില്ല.

ഒരു സ്ഥലത്തു് ഉൽകൃഷ്ടകുടുംബത്തിൽപ്പെട്ട ഒരു വീടുണ്ടായിരുന്നു. ആ വീട്ടിലെ പൂർവ്വന്മാരുടെ പടങ്ങൾ എടുപ്പിച്ചു് ആ കെട്ടിടത്തിൻെറ ഭിത്തികളിൽ വച്ചിരുന്നു. ആ വീട്ടിനടുത്തുള്ള ഒരു കൂലിക്കാരൻെറ മകൻ പട്ടാളത്തിൽ ചേർന്നു് വളരെ പണവുമായി മടങ്ങിയെത്തി. അയാൾ ആ കെട്ടിടത്തിൻെറ മുമ്പിൽ ഒരു പറമ്പു വാങ്ങി. അവിടെ അതേ പ്ലാനിൽ ഒരു കെട്ടിടം പണിയിച്ചു. അയാളുടെ പൂർവ്വന്മാരുടെ പടങ്ങൾ എഴുതിച്ചു് അതിൻെറ ഭിത്തികളിലും വച്ചു. കാഴ്ചക്കാർ ഓരോരുത്തർ വന്നു് ഈ രണ്ടു കെട്ടിടങ്ങളും സന്ദർശിച്ചുതുടങ്ങി. അവർ ആദ്യത്തെ വീട്ടിൽ ചെന്നു് ഓരോ പടവും ആരുടേതെല്ലാമാണെന്നു് ചോദിക്കും. അപ്പോൾ ആ വീട്ടുടമസ്ഥൻ ഈ പടം എൻെറ അച്ഛൻെറ പടമാണു്. അച്ഛൻ ഇവിടെ ഒരു പേഷ്കാരായിരുന്നു. ആ പടം വലിയച്ഛൻേറതാണു്. അദ്ദേഹം

www.malankaralibrary.com

ഇവിടെ ദിവാനായിരുന്നു. അക്കാണുന്നതു വലിയപ്പൂപ്പന്റെ പട മാണ്. അദ്ദേഹം ഒരു കളക്ടരായിരുന്നു. എന്നിങ്ങനെ പറയും. അതു കേട്ട് അവർ ആ വീടിനെക്കുറിച്ചുള്ള വലിയ മതിപ്പോടു കൂടെപ്പോകും.

അവർ അടുത്തുള്ള പുതിയ വീട്ടിലും കയറി അവിടെ യുള്ള ഓരോ പടത്തെക്കുറിച്ചും ചോദിക്കും. അപ്പോൾ ആ വീട്ടു മസ്ഥൻ ഇതു എന്റെ അച്ഛന്റെ പടമാണ്. അച്ഛൻ ഒരു കൂലിപ്പണിക്കാരനായിരുന്നു. ആ പടം വലിയച്ഛന്റേതാണ്. സദ്യയുള്ളിടത്തെല്ലാം പോയി ഊണുകഴിച്ചുവന്നിരുന്നു. അക്കാ ണുന്നതു വലിയപ്പൂപ്പന്റെ പടമാണ്. തെരുവുകൾതോറും പോയി ഭിക്ഷ യാചിച്ചു കഴിഞ്ഞുവന്നു എന്നൊക്കെ പറയും സന്ദർശകർ അതു കേട്ട് ഇതു ഒരു മോശപ്പെട്ട വീടാണെന്നുകണ്ട് മുഖം ചുളു ക്കിക്കൊണ്ട് പോകും. ഇങ്ങനെ ആയപ്പോൾ ഈ പടങ്ങളാണ് തങ്ങൾക്കു മതിപ്പുകുറവിനു കാരണം എന്നു കരുതി അതെല്ലാം എടുത്തു മാററിട്ട് ആ പഴയ വീട്ടിൽ ചെന്നു ഈ പൂർവ്വന്മാരുടെ പടങ്ങൾ വയ്ക്കുന്നതു തെററാണ്, അതു വിഗ്രഹാരാധനയാണ്, എന്റെ വീട്ടിൽ അങ്ങിനെയുള്ള യാതൊന്നുമില്ല, വന്നു നോക്കു എന്നൊക്കെ പറഞ്ഞു. എന്നിട്ടും അവരതു എടുത്തു മാററിയില്ല. അതിലാണ് അവരുടെ മതിപ്പിരിക്കുന്നതെന്നു അവർക്കറിയാ മായിരുന്നു. ഉടനെ അവർ മൂഢന്മാരാണെന്നും വിഗ്രഹാരാധന ക്കാരാണെന്നും അയാൾ പട്ടണംതോറും നടന്നു പ്രസംഗിക്കുവാൻ തുടങ്ങി.

ഏതാണ്ടിതുപോലെയാണ് നമ്മുടെ ചില പുതിയ സഭ ക്കാരുടെയും നില. അവരുടെ ഭീഷണി കേട്ട് നമ്മുടെ പൂർവ്വ ന്മാരെ നാം മറന്നുകളയരുതു്. സത്യവിശ്വാസം പ്രചരിപ്പിക്കു വാൻ ജീവനെ പരിത്യജിച്ചുപോലും പണിപ്പെട്ടവരാണവർ. രാജ്യത്തിനു വേണ്ടി യുദ്ധം ചെയ്തു ജയിച്ച രാജാക്കന്മാരു ടെയും ചക്രവർത്തിമാരുടെയും പ്രതിമകളുണ്ടാക്കി പ്രോട്ടസ്റ്റന്റു കാർപോലും പബ്ലിക്ക് സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു, അതിനെ ബഹുമാനിക്കുന്നു. ആ സ്ഥിതിക്കു് നമ്മോടു സുവിശേഷമറിയി ക്കുവാൻ വന്ന പിതാക്കന്മാരെ ഓർക്കുകയും അവരുടെ പെരുനാ ളാഘോഷിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ധർമ്മമല്ലയോ ചിന്തി പ്പിൻ. അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കും. അവരുടെ പ്രാർത്ഥന നമുക്കൊരഭയസ്ഥാനമായിരിക്കട്ടെ...... എന്നിങ്ങനെ ഞാൻ പ്രസംഗിച്ചു.

www.malankaralibrary.com

## എന്റെ വൈദീകപട്ടം

അനന്തരം പെരുന്നാൾകഴിഞ്ഞു ഞാൻ കോട്ടയത്തു വന്നു. മാർ ഏലിയാചാപ്പലിൽവെച്ച് മാർ ഗ്രീഗോറിയോസു തിരുമേനി എനിക്കു വൈദികപട്ടം തരികയും ചെയ്തു. അതു് 1916 സെപ്റ്റംബർ 14-ാംനു- ആയിരുന്നു. ഞാൻ വൈദികപട്ടമേററശേഷം ചേപ്പാട്ടു ചെന്നു പുത്തൻകുർബാന നടത്തുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. അന്നു ചേപ്പാട്ടു പള്ളിയിൽ നാലച്ചന്മാരുണ്ടായിരുന്നു. അവർ നാലു പള്ളിയും നടത്തിവന്നിരുന്നു. ഏവരത്തു കിഴക്കതിൽ മാത്തുണ്ണി മുതലായവർ പുത്തൻകുർബാനയുടെ സദ്യ അലങ്കോലപ്പെടുത്തുവാൻ ശ്രമിക്കുന്നതായി അറിയുകയാൽ സദ്യയും ആഡംബരങ്ങളും വേണ്ടെന്നുവെച്ചു. അവ കൂടാതെ ഞാൻ പുത്തൻകുർബാന ചൊല്ലി, എന്റെ ജേഷ്ടൻ പള്ളിപ്പാട്ടു കൈമൂട്ടിൽ യോഹന്നാൻ അച്ചന്റെ തവണയിലാണ് ഞാൻ കുർബാന ചൊല്ലിയതു്. അന്നുമുതൽ ആ തവണ ഞാൻ നടത്തിക്കൊണ്ടുപോരികയും ചെയ്തു. യോഹന്നാനച്ചൻ നല്ല സുഖമില്ലാതെ സ്വസ്ഥമായിരിക്കുകയായിരുന്നു.

## എന്റെ ഇടവകപ്രവർത്തനം

ഞാൻ പുത്തൻകുർബാന ചൊല്ലിയതിനെ തുടർന്ന് ഇടവകയുടെ ആത്മീകവും ലൗകീകവുമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ഞാൻ പരിശ്രമിച്ചുതുടങ്ങി. ഇടവക മുഴുവൻ അഞ്ചെട്ടു വായനയോഗങ്ങളായി തിരിച്ചു, ഞായറാഴ്ച ഉച്ച കഴിഞ്ഞു് വായനയോഗം നടത്തണമെന്നും, ആ കരയിലുള്ളവരെല്ലാം അതിൽ സംബന്ധിക്കണമെന്നും ചട്ടംകെട്ടി. ചേപ്പാട്ടും മുട്ടത്തുമായി രണ്ടു സ്ത്രീസമാജങ്ങളും തുടങ്ങി. അതുകൂടാതെ പള്ളിവകയായി ഒരു ഇംഗ്ലീഷ് സ്കൂൾ തുടങ്ങുന്നതിനും ശ്രമിച്ചു. എന്റെ വലിയപ്പച്ചൻ ചേപ്പാട്ടു പുത്തൻവീട്ടിൽ പീലിപ്പോസ് കോർഎപ്പിസ്ക്കോപ്പായുടെ കാലത്തു പള്ളിവകയായി ഒരു മലയാളം പള്ളിക്കൂടം നടത്തിവന്നിരുന്നു. പാലക്കുന്നത്തു മത്യൂസ് മാർ അത്താനാസ്യോസ് തിരുമനസ്സിലെ കല്പനപ്രകാരം ആൺകുട്ടികളിൽനിന്നു രണ്ടു ചക്രംവീതം ഫീസുപിരിച്ചും പെൺകുട്ടികളെ ഫീസില്ലാതെയും പഠിപ്പിച്ചിരുന്നു. ആശാന് പതിനഞ്ചു പണ

www.malankaralibrary.com

ത്തിൽ കുറയാതെയും മുപ്പതു പണത്തിൽ കൂടാതെയും ഉള്ള ശമ്പളം പള്ളിമുതൽ പിടിയിൽനിന്നും കൊടുത്തുവന്നിരുന്നു. അതുകൂടാതെ ഏതാനും യുവജനങ്ങളെ ചേർത്ത് ഒരു കലാപ്രകടന സമിതിയും രൂപീകരിച്ചിരുന്നു. ഉർശീനാനാടകം എന്നൊരു നാടകവും അവർ അഭിനയിച്ചു വന്നിരുന്നു. അതെല്ലാം അദ്ദേഹത്തിൻെറ മരണത്തോടു കൂടെ ഇല്ലാതായി, ഇംഗ്ലീഷു സ്കൂൾ തുടങ്ങുന്നതിനു എന്നെ സഹായിച്ചു കൊണ്ടിരുന്നതു് എം. ഡി. സിമിനാരി ഹെഡ്മാസ്റ്ററായിരുന്ന മി. കെ. വി. ചാക്കോയും തിരുവല്ലാ എം ജി. എം. ഹൈസ്കൂൾ മാനേജർ കൊച്ചുമാമ്മച്ചനും ആയിരുന്നു. കൊച്ചുമാമ്മച്ചൻ ഒരു വക്കീലും അന്നത്തെ പ്രജാസഭാ മെമ്പറും ആയിരുന്നു.

## ചേപ്പാട്ടു ഇംഗ്ലീഷു സ്കൂൾ ആരംഭം

ചേപ്പാട്ടു ഒരു ഇംഗ്ലീഷ് സ്കൂൾ തുറക്കുന്നതിനു വേണ്ട ഗവമ്മെൻറു അനുവാദത്തിനായി ഞാൻ അപേക്ഷകൊടുത്തു. അതേപ്പററി അന്വേഷിപ്പാൻ അന്നു പള്ളിക്കൂടം ഇൻസ്പെക്ടരായിരുന്ന മി. ജെ. ററി. യേശുദാസൻ വരുന്നുണ്ടെന്ന കത്തു കിട്ടി. ഉടനെ ഞാൻ ഇടവകപ്രമാണികളെയെല്ലാം വിളിച്ചുകൂട്ടി വിവരം അറിയിച്ചു. യാക്കോബായ സമുദായത്തിൽ തുമ്പമൺ, മുളന്തുരുത്തി, എന്നീ ഇടവകകളൊഴികെയുള്ള യാതൊരിടവകയ്ക്കും ഇംഗ്ലീഷ് സ്കൂളില്ലെന്നും ഒരു ഇംഗ്ലീഷ്സ്കൂൾ തുടങ്ങാൻ ലഭിച്ച അവസരം നഷ്ടപ്പെടുത്തരുതെന്നും ഇൻസ്പെക്ടർ തരുന്ന നിർദ്ദേശം അനുസരിച്ചുള്ള കെട്ടിടം പണിയിച്ചുകൊടുക്കാമെന്നു സമ്മതിച്ചു പറയണമെന്നും ഞാൻ അവരോടുപദേശിച്ചു്. അതെല്ലാവരും സമ്മതിച്ചു. ഇൻസ്പെക്ടർ വരുമ്പോൾ എല്ലാവരും ഉണ്ടായിരിക്കണമെന്നും പറഞ്ഞു. ഞാൻ എൻെറ പെട്ടിവണ്ടി കായംകുളം ഹൈസ്കൂളിലേക്കയച്ചു. അവിടെ സ്കൂൾ പരിശോധനയും മററുമായി വന്ന യേശുദാസനെ ചേപ്പാട്ടേക്ക് കൊണ്ടുവന്നു. ഇടവകപ്രമാണികളെല്ലാം വന്നിരുന്നു. ഇൻസ്പെക്ടർ പറയുന്നതുപോലെ പുതിയകെട്ടിടം പണിയിക്കാമെന്നും തൽക്കാലം പള്ളിമേടയിൽ സ്കൂൾ തുടങ്ങാമെന്നും മൂന്നുക്ലാസുകൾ അവിടെ നടത്തുവാൻ സൗകര്യമുണ്ടെന്നും പറഞ്ഞു. ഇൻസ്പെക്ടർ മേട തുറപ്പിച്ചു നോക്കി അതു

www.malankaralibrary.com

തൽക്കാലത്തേക്കു ഉപയോഗിക്കാമെന്നു സമ്മതിച്ചു. അദ്ദേഹത്തിൻെറ ശുപാർശ പ്രകാരം 1918 മെയ് മാസം 17-ാംനു സ്കൂൾ തുറന്നുകൊള്ളുവാൻ അനുവാദം കിട്ടി. സ്കൂളിൻെറ ആവശ്യത്തിലേയ്ക്കു പള്ളിമേട തുറന്നു. സ്കൂൾ അവിടെ ആരംഭിച്ചു. അതോടുകൂടെ എൻെറ താമസവും പള്ളിമേടയിലായി. ഊണു വീട്ടിലും.

അക്കാലത്തു കുട്ടികളുടെ ഫീസു പിരിച്ചെടുക്കുന്നതും അദ്ധ്യാപകർക്കു ശമ്പളം കൊടുക്കുന്നതും മാനേജരായിരുന്നു. പാഠപുസ്തകങ്ങൾ നിശ്ചയിക്കുന്നതും ഓരോ വാദ്ധ്യാന്മാരുടെ യോഗ്യത നിർണ്ണയിക്കുന്നതും, ഓരോ വർഷവും എന്തെല്ലാം പഠിപ്പിക്കണമെന്നു നിശ്ചയിക്കുന്നതും ഗവൺമെൻ്റായിരുന്നു. ഇതൊന്നും ഇടവകക്കാർക്കറിഞ്ഞുകൂടാ. പള്ളിവക പള്ളിക്കൂടമാകയാൽ ഇടവകക്കാരുടെ അഭിലാഷങ്ങളെല്ലാം അതിൽ ചെലുത്താമെന്നായിരുന്നു അവരുടെ ധാരണ. ഓരോ കുട്ടിയുടെയും ഫീസ് ഓരോ പ്രമാണികൾ തന്നുകൊള്ളാമെന്നു പറഞ്ഞേററു തുടങ്ങി. പക്ഷേ മുപ്പതാം തീയതിക്കകം ഫീസുകൊടുത്തു വരവു വയ്പിച്ചില്ലെങ്കിൽ അദ്ധ്യാപകർ കുട്ടിയെ ക്ലാസ്സിൽ നിന്നിറക്കിവിടും, അങ്ങനെ വന്നപ്പോൾ പ്രമാണികൾക്കെല്ലാം വഴക്കായി.

എൻെറ ഒരു ജേഷ്ഠൻെറ മകനും ഒരു വലിയ ധനികനും ബാങ്കറും ചിട്ടിത്തലയാളും മററുമായ പുളിമൂട്ടിൽ പിലിപ്പോസു തോമസ് എന്നൊരാളുണ്ടായിരുന്നു. ദിവസം തോറും ആളുകളും ഫീസു പിരിവുപണവും വരുന്നതു കണ്ടപ്പോൾ ഈ സ്കൂളിൻെറ മാനേജ്മെൻറ് എങ്ങിനെയെങ്കിലും അയാൾക്കു കിട്ടിയാൽകൊള്ളാമെന്നാഗ്രഹമായി. അതിലേക്കുള്ള ശ്രമം തുടങ്ങി.

യാക്കോബായ സഭ ബാവാകക്ഷിയെന്നും മെത്രാൻകക്ഷിയെന്നും രണ്ടു കക്ഷിയായി നിന്നുകൊണ്ടു് വടം വലി നടത്തുന്ന അന്തരീക്ഷത്തിൽ കൂടുതൽ ജനസ്വാധീനം സമ്പാദിക്കേണ്ടതു് മെത്രാന്മാർക്കു അത്യന്താപേക്ഷിതമായിരുന്നു. ഇതെല്ലാം അറിയാവുന്ന തോമസ് ഫീസു പിരിവിൽ കൈകടത്താൻ സാധിക്കാതെ ഭഗ്നാശയരായിരുന്നവരെയെല്ലാം വിളിച്ചുകൂട്ടി പള്ളിക്കൂടത്തിൻെറ മാനേജ്മെൻറു് ഇടവക മെത്രാപ്പോലീത്താ ആയ കുണ്ടറ മാർ ഗ്രിഗോറിയോസിനു് കൊടുക്കണമെന്നൊരു നിശ്ചയം പാസാക്കിച്ചു. സ്കൂൾ നന്നായി നടക്കുവാൻ മെത്രാപ്പോലീത്താ

www.malankaralibrary.com

മാനേജ്മെൻ്റ് ഏൾക്കുന്നതു സഹായകരമായിരിക്കുമെന്നു് എനിക്കും തോന്നി. മെത്രാച്ചൻ മാനേജ്മെൻറ് ഏൾക്കാമെന്നും തോമസിനെ ലോക്കൽ മാനേജരും കറസ്പോണ്ടൻറും ആക്കാമെന്നും സമ്മതിച്ചു. തദനുസരണം മാനേജ്മെൻറ് മാററത്തിനുള്ള ഫാറം ഞാൻ തന്നെ തയ്യാറാക്കി മാനേജ്മെൻറ് ഏൾക്കുന്ന മാർ ഗ്രീഗോറിയോസ് തിരുമേനിയെക്കൊണ്ടു് ഒപ്പിട്ടുവിച്ചു ഞാൻ മാനേജ്മെൻറ് അദ്ദേഹത്തിനു് കൊടുത്തിരിക്കുന്നതായി കാണിച്ചു ഗവമ്മെൻറിലേക്കു് എഴുതി അയച്ചു് അനുവദിപ്പിച്ചു വരുത്തി. ഉടനെ പുളിമൂട്ടിൽ തോമസിനെ കറസ്പോണ്ടൻറും ലോക്കൽ അധികാരിയും ആയി നിയമിച്ചിരിക്കുന്നതായി മാർ ഗ്രീഗോറിയോസ് തിരുമേനി അനുവാദത്തിനായി ഡിപ്പാർട്ടുമെൻറിലേക്കു് എഴുതി അയക്കുകയും ചെയ്തു.

## ഞാൻ മദ്രാസിനു പോകുന്നതു്

അന്നു മദ്രാസിൽ പഠിക്കുന്ന കുട്ടികളുടെയും അവിടെയുള്ള യാക്കോബായക്കാരായ ഉദ്യോഗസ്ഥന്മാരുടെയും മററും ചാപ്ളെയിനായി ഒരാളെ ആവശ്യപ്പെട്ടിരുന്നു. അതിലേക്കു് എന്നെ നിയമിക്കുകയാൽ ഞാൻ മദ്രാസിലേക്കു പോയി. മദ്രാസ് ഗവമ്മെൻറു വക ബ്രോഡ്വെയിലുള്ള ഹോളിഎമ്മാനുവേൽ പള്ളി ഞങ്ങളുടെ ആവശ്യത്തിനുപയോഗിച്ചു കൊള്ളുവാൻ മദ്രാസ് ബിഷപ്പ് അനുവദിച്ചിരുന്നു. അങ്ങിനെ ആ പള്ളി നടത്തിക്കൊണ്ടു് ഞാൻ മദ്രാസിൽ താമസിച്ചു.

## ചേപ്പാട്ടെ സ്കൂൾ പണി

ചേപ്പാട്ടു പള്ളിക്കു് എൻെറ അപ്പച്ചൻ ഉൾപ്പടെ എട്ടു കൈക്കാരന്മാരുണ്ടായിരുന്നു. പള്ളിക്കൂടത്തിൻെറ കറസ്പോണ്ടൻറായ പുളിമൂട്ടിൽ തോമസ് അവരെക്കൊണ്ടു പള്ളിവക കുറെ പുഞ്ചനിലം മൂവായിരം രൂപായ്ക്കു ഒററി കൊടുപ്പിച്ചു പണം വാങ്ങി. ഒററി എഴുതാൻ വിസമ്മതിച്ച പാത്രിയക്കീസു കക്ഷിക്കാരനായ തയ്യിൽ തോമ്മാ കോശി കത്തനാരെ മലങ്കര മെത്രാപ്പോലീത്തായെക്കൊണ്ടു മുടക്കിച്ചു. തോമസിൻെറ സ്വാധീന ബലം പ്രയോഗിച്ചു അദ്ദേഹത്തെ പള്ളിയിൽ കയററാതെ ഇറക്കിവിടുകയും ചെയ്തു. വാങ്ങിച്ച രൂപാ കുറെ ഇഷ്ടിക ചുട്ടു

www.malankaralibrary.com

വിക്കുവാനായി തോമസ്തന്നെ എടുത്തു. കുറെ പണം തടി വാങ്ങി അറപ്പിച്ചുകൊണ്ടുവരുവാനായി മററു ചില പ്രമാണികളെ ഏൾപ്പിച്ചു. കല്ലിറക്കുന്നതിനും ചരലിറക്കുന്നതിനും മററുമായി കുറെ പണം മററു ചിലരെയും ഏൾപ്പിച്ചു.

അതെല്ലാം കഴിഞ്ഞപ്പോൾ തോമസിനു് ഇംഗ്ലീഷ് അറിഞ്ഞുകൂടാ എന്ന കാരണത്താൽ കറസ്പോണ്ടൻറ് സ്ഥാനം ഗവണ്മെൻറ് അംഗീകരിക്കുന്നതല്ലെന്ന മറുപടിവന്നു. അതോടുകൂടെ പള്ളിക്കൂടം പണിയ്ക്കുള്ള ഒരുക്കങ്ങളെല്ലാം സ്തംഭിതമായി. ഇഷ്ടിക ചുട്ടതെല്ലാം പള്ളിക്കൂടപ്പുറമ്പിൽ കിടപ്പായി. തടിയും കുറെയൊക്കെ വന്നുചേർന്നിരുന്നു. എങ്കിലും പണികൾ ഒന്നും നടത്താതെ അതു ഷെഡ്ഡിൽ കിടപ്പായി. കെട്ടിടപ്പണിക്കുള്ള വാനംപോലും തോണ്ടിയിട്ടില്ല. അതിനാൽ സെക്കൻഡ്ഫാറം തുറക്കാൻ അനുവദിക്കുന്നതല്ലെന്നു ഡയറക്ടർ ഉത്തരവിടുകയും ചെയ്തു.

## കത്തോലിക്കാസഭയെപ്പററിയുള്ള എൻെറ പഠനം

ഞാൻ മദ്രാസിൽ താമസിച്ചിരുന്നകാലത്തു് അർമ്മീനിയൻ സ്ട്രീറ്റിലുള്ള കത്തോലിക്കാ പള്ളിയിൽ ഒരു ജർമ്മൻകാരൻ അച്ചൻ താമസിച്ചിരുന്നു. ജർമ്മൻയുദ്ധകാലത്തു് അദ്ദേഹം പുറത്തെങ്ങും പോകരുതെന്നു് ഗവണ്മെൻറു വിലക്കിയിരുന്നു. അദ്ദേഹത്തെ കാണുവാൻ ഞാൻ പലപ്പോഴും അവിടെ പോകുമായിരുന്നു. അന്നു് ആ പള്ളിയുടെ മുൻപിൽ ഐറിഷ് കാത്തലിക്ക് ട്രൂത്തു സൊസൈററിക്കാരുടെ ഒരണ വിലയ്ക്കുള്ള അനേകം ലഘുപത്രികകൾ വില്പനയ്ക്കായി വയ്ക്കുക പതിവായിരുന്നു. എനിക്കു വായിക്കണമെന്നാഗ്രഹം തോന്നിയ ലഘുപത്രികകൾ. അതിൻെറ വില അവിടെ വെച്ചിരുന്ന പെട്ടിയിൽ ഇട്ടശേഷം ഞാൻ എടുത്തുകൊണ്ടുപോയി വായിച്ചുവന്നിരുന്നു. അങ്ങനെ കത്തോലിക്കാ സഭയെക്കുറിച്ചു് എനിക്കറിയേണ്ടതെല്ലാം ആഴ്ചതോറുമുള്ള ആ വായനമൂലം ലഭിക്കാനിടയായി.

## ഞാൻ വീണ്ടും സ്കൂൾ ചുമതല ഏൽക്കുന്നതു്

ചേപ്പാട്ടു പള്ളിക്കൂടത്തിനു് മേൽക്ലാസ്സനുവദിക്കയില്ലെന്നു കേട്ടു് മദ്ധ്യവേനൽ അവധിക്കാലത്തു ഞാൻ മദ്രാസിൽനിന്നും ചേപ്പാട്ടെത്തി. അന്നു് ഇൻസ്പെക്ടരായിരുന്ന പ്രൈഡ്സാ

www.malankaralibrary.com

യ്പിനെ പോയി കണ്ടു. സ്കൂളിനോടു ബന്ധം ഒന്നും ഇല്ലാത്ത എന്നോടു സ്കൂൾ കാര്യങ്ങൾ പറയുവാൻ സായ്പു വൈമനസ്യം പ്രദർശിപ്പിച്ചു. കുണ്ടറപ്പോയി ആ വിവരങ്ങൾ ഞാൻ തിരുമേനിയെ അറിയിച്ചു. പള്ളിക്കൂടക്കെട്ടിടം തീർക്കാത്തതിൽ മുഷിഞ്ഞിരുന്ന അദ്ദേഹം എന്നെ പള്ളിക്കൂടം കറസ്പോണ്ടൻറായി നിയമിച്ചു കല്പന തന്നു. കറസ്പോണ്ടൻറു നിയമനത്തിനുള്ള ഫാറവും ഒപ്പിട്ടു തന്നു. അതു ഞാൻ പള്ളിക്കൂടം ഇൻസ്പെക്ടർക്കയച്ചുകൊടുത്തു. അതു അനുവദിക്കയും ചെയ്തു. അന്നു മുതലുള്ള എഴുത്തുകുത്തുകളെല്ലാം ഞാൻതന്നെ നടത്തിത്തുടങ്ങി

പള്ളിക്കൂടത്തിനു സെക്കൻറുഫോറം അനുവദിക്കണമെന്നുള്ള ഒരപേക്ഷയുമായി ഞാൻ ഡയറക്ടരെ സമീപിച്ചു. പള്ളിക്കൂടപ്പണിക്കു വേണ്ട സാമഗ്രികളെല്ലാം ശേഖരിച്ചിട്ടുണ്ടെന്നും രണ്ടുമാസത്തിനകം പണി തീർത്തുകൊള്ളാമെന്നും അറിയിച്ചു. അദ്ദേഹം അതെല്ലാം കേട്ടശേഷം ഒരു തീരുമാനം ചെയ്തു. ഹരിപ്പാട്ടു ഗവണ്മെൻറുസ്കൂൾ ഹെഡ്മാസ്റ്റർ ചേപ്പാട്ടു ചെന്നു നോക്കി വിവരത്തിനു റിപ്പോർട്ട് അയയ്ക്കാൻ എഴുതാമെന്നും, ആ റിപ്പോർട്ട് മാനേജുമെൻറിനനുകൂലമാണെങ്കിൽ ക്ലാസ്സനുവദിക്കാമെന്നും അദ്ദേഹം പറഞ്ഞു. അതു താമസമാണെന്നും സ്കൂൾ നാലുദിവസത്തിനകം തുറക്കുമെന്നും അപ്പോൾ മേൽക്ലാസിനു അനുവാദം ഇല്ലാതിരുന്നാൽ കുട്ടികളെ പിരിച്ചുവിടേണ്ടിവരുമെന്നും ഞാൻ പറഞ്ഞു. റിപ്പോർട്ട് ഉടനെ വരുത്താമെന്നും സ്കൂൾ തുറക്കുന്നതിനുള്ള അനുമതി കമ്പിയടിച്ചറിയിക്കാമെന്നും അതിലേക്കുള്ള കമ്പിച്ചെലവ് ആഫീസിൽ ഹെഡ്ക്ലാർക്കിനെ ഏല്പിച്ചാൽമതിയെന്നും അദ്ദേഹം പറഞ്ഞു. അതനുസരിച്ച് കമ്പിയടിക്കുന്നതിനുള്ള പണം ഏല്പിച്ചശേഷം ഞാൻ ഹരിപ്പാട്ടെത്തി ഹെഡ്മാസ്റ്ററെ കണ്ടു. അദ്ദേഹം ശുപാർശ ചെയ്ത മി. സി. എ. ഫിലിപ്പിനെ ഹെഡ്മാസ്റ്ററാക്കാമെന്നു ഞാൻ സമ്മതിച്ചു. അദ്ദേഹം ചേപ്പാട്ടു വന്നു നോക്കി അനുകൂലമായ റിപ്പോർട്ടയയ്ക്കുകയും, ക്ലാസ്സനുവദിച്ചിരിക്കുന്നതായി ഡയറക്ടരുടെ കമ്പി കിട്ടുകയും ചെയ്തു. അതോടുകൂടി, പള്ളിക്കൂടം ഞാൻ ഏറെറടുത്തു നടത്തുകയാണെന്നും, അതിനാൽ ഇനിയും സ്കൂൾ അഭിവൃദ്ധിപ്പെടുമെന്നും ഒരു ധാരണ ജനങ്ങളുടെയിടയിലുണ്ടായിത്തുടങ്ങി.

www.malankaralibrary.com

## പള്ളിക്കൂടപ്പണി തുടരുന്നതു്

വസ്തു ഒററികൊടുത്തു വാങ്ങിയ പണം മുഴുവനും തീർന്നു പോയി എന്നു് പുളിമൂട്ടിൽ തോമസ് പറഞ്ഞു. അതിനാൽ വേറൊരു വസ്തു പണയപ്പെടുത്തി ആയിരം രൂപാകൂടി വാങ്ങി. പള്ളിക്കൂടപ്പണി ഉഴപ്പാതെ നടത്തുകയാണ വേണ്ടതെന്ന വടക്കടത്തു തോമസിനു താല്പര്യം തോന്നി. അവരായിരുന്ന അന്നു് പള്ളിയുടെ പണച്ചുമതലക്കാർ. അതിനാൽ ആ പണം അവരെ ഏല്പിച്ചു. ഉടനെ വടക്കടത്തു തോമസ് പള്ളിക്കൂടത്തിനു് വാനം തോണ്ടിച്ചു. അതിൻെറ കല്ലിടീൽ പ്രാർത്ഥനയോടുകൂടെ ഞാൻ തന്നെ നടത്തി. വടക്കടത്തു തോമസിന്റെ പരിശ്രമത്തിൽ ഭിത്തി പണി മിക്കവാറും തീരാറായി. അപ്പോൾ ആ പണവും തീർന്നു പോയി എന്നു പറഞ്ഞു. നിശ്ചിതസമയത്തു കെട്ടിടം ഉപയോഗ യോഗ്യമാക്കിത്തീർത്തുകൊള്ളാമെന്നു് മാനേജർക്കുവേണ്ടി കറസ്പോണ്ടൻറായ ഞാൻ ഗവണ്മെൻറിനു രേഖാമൂലം ഉറപ്പുകൊടുത്തിട്ടുണ്ടായിരുന്നു. അതിനാൽ ഞാൻ തന്നെ കുറെ പണം കടമെടുത്തു് കെട്ടിടപ്പണി തുടർന്നു നടത്തി. പൊതുജനങ്ങളിൽനിന്നും കുറെപണം പിരിച്ചു. നാനാജാതിമതസ്ഥരും പണം തന്നു് സഹായിച്ചു.

പുളിമൂട്ടിൽ തോമസിൻെറ ഇഷ്ടം സാധിക്കുവാൻ ഇതു വിഘാതമാണെന്നയ്യാൾ കരുതി. പള്ളിക്കൂടപ്പണി ഏതുവിധത്തിലെങ്കിലും തടഞ്ഞുനിറുത്തണമെന്നു്കരുതി തലചുട്ടാലോചനയായി. ഏവരത്തു കിഴക്കതിൽ മാത്തുണ്ണി എന്നയാളിനേയും കൂട്ടുപിടിച്ചു. അദ്ദേഹം ഒരു ആധാരമെഴുത്തുകാരനും കേസ് നടത്തിപ്പുകാരനുമായിരുന്നു. അങ്ങിനെയുള്ളവരോടു ഇടപെടുവാൻ തക്ക നൈപുണ്യം എനിക്കുണ്ടായിരുന്നില്ല. അവർ രണ്ടുപേരും എനിക്കു് വേണ്ടപ്പെട്ടവരുമായിരുന്നു. അതുമൂലം ഞാൻ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. എങ്കിലും ദൈവകൃപയാൽ പള്ളിക്കൂടത്തിനു് മേൽക്കൂര ചെലുത്തി ഓടിട്ടുവിച്ചു ക്ലാസുകൾ അവിടേക്കു മാററിയിട്ടു പഠിത്തം തുടന്നു.

## സ്കൂൾസാമാനങ്ങളുടെ മോഷണം

പള്ളിക്കൂടത്തിൻെറ കതകുകൾ പിടിപ്പിക്കുന്നതിനു് മുമ്പായി ഒരു ദിവസം പള്ളിക്കൂടത്തിലെ എട്ടുപത്തു കസേരകളും

www.malankaralibrary.com

ഭിത്തിയിൽ തൂക്കിയിട്ട് കുട്ടികളെ കാണിച്ചു പഠിപ്പിക്കുവാനുള്ള പത്തു നാല്പതു വലിയ ഭൂപടങ്ങളും എല്ലാം മോഷ്ടിച്ചു കൊണ്ടു പോയി. ആരാണതു മോഷ്ടിച്ചതെന്നും എവിടെയാണ് അതു് ഒളിച്ചു വച്ചിരിക്കുന്നതെന്നും പലരും സംസാരമായി, സ്കൂൾ സാമാനങ്ങൾ മോഷണം പോയ വിവരം കത്തുകൾ മൂലം ഞാൻ പൊലീസിനെയും പള്ളിക്കൂടം ഇൻസ്പെക്ടരെയും അറിയിച്ചു. നിൻെറ പുറംകുപ്പായത്തിനു ഒരുവൻ പിടികൂടിയാൽ നിൻെറ ഉൾകുപ്പായം കൂടെ അവനു വിട്ടുകൊടുക്കുക എന്നുള്ള ക്രിസ്തുവിൻെറ കല്പന ഞാൻ ഓത്തു. അതിനാൽ മോഷണക്കേസ് നടത്താൻ ബദ്ധപ്പെട്ടില്ല.

മോഷണം പോയ സാമാനങ്ങൾക്ക് പകരമായി വേറെ സാമാനങ്ങൾ വിലയ്ക്കു വാങ്ങിച്ചു വെയ്ക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ കേസ്‌നടപടികളുടെ മർമ്മങ്ങളെല്ലാം അറിയാവുന്ന തോമസ് മാത്തോമ്മാ പള്ളിയിലെ പുരസ്കൂൽ സ്കറിയാ അച്ചനെ എൻെറ അടുക്കൽ പറഞ്ഞയച്ചു. മോഷണക്കേസിൽ സർച്ചുവാറണ്ടയച്ചു ഞാൻ തോമസിൻെറ വീടു പരിശോധിപ്പിക്കരുതെന്നും അതു കുടുംബത്തിന് പൊതുവെ ആക്ഷേപകരമായി തീരുമെന്നും അറിയിച്ചു. അതു എനിക്കറിയാമെന്നും ഞാൻ അതിന് തുനിയുന്നില്ലെന്നും മോഷ്ടിച്ചെടുത്ത സ്കൂൾ ഉപകരണങ്ങൾ മോഷ്ടാവു് തിരിച്ചു കൊടുക്കേണ്ടതാണെന്നും അല്ലെങ്കിൽ ന്യായവിധിദിവസം അതിനുത്തരം പറയേണ്ടിവരുമെന്നും തോമസിനോടു പറയണമെന്ന് ഞാൻ അദ്ദേഹത്തെത്തന്നെ ചുമതലപ്പെടുത്തി അയച്ചു. എന്നാൽ ആ സാധനങ്ങൾ തിരികെ തരാതെ അവയെല്ലാം തല്ലിയൊടിച്ചും വലിച്ചുകീറിയും തീയിലിട്ടു ചുട്ടു ചാമ്പലാക്കി നഷ്ടപ്പെടുത്തി കളകയാണ് ചെയ്തതെന്നു അറിവുകിട്ടി,

പോലീസുകാർ മുറപ്രകാരം കേസ് അന്വേഷണം തുടങ്ങി. അവർ പള്ളിക്കൂടത്തിൽ വന്നു. അന്നു കൊച്ചാലുംമൂട്ടിൽ പാപ്പി എന്ന ആളായിരുന്നു പള്ളിക്കൂടത്തിലെ പ്യൂൺ. പോലീസുകാർ അയാളോടോരോന്നു ചോദിച്ചു. അപ്പോൾ, അയാൾതന്നെ ചെന്ന് എല്ലാ സംഗതികളും വിവരമായി ഇൻസ്പെക്ടരോടു പറയാമെന്നു അവരോടു പറഞ്ഞു. പോകുവാൻ അനുവാദം വാങ്ങാൻ അയാൾ എൻെറ അടുക്കൽ വന്നു. പോകരുതെന്നു ഞാൻ വിലക്കിയെങ്കിലും അതു വകവെയ്ക്കാതെ അയാൾ പോയി. പോലീ

www.malankaralibrary.com

സുകാരുടെ നയം അയാൾക്കറിഞ്ഞുകൂടായിരുന്നു. അന്നു പോലീസുകാർ അയാളെ വിട്ടില്ല. ഇൻസ്പെക്ടരെ കണ്ടതുമില്ല. സന്ധ്യയായപ്പോൾ പാപ്പിയെ കാണാഞ്ഞതുകൊണ്ട് അവൻെറ ജേഷ്ഠനും മററും പള്ളിമേടയിൽ വന്നു കരഞ്ഞു കൂവി ശല്യമുണ്ടാക്കുകയും സങ്കടമറിയിക്കുകയും ചെയ്തു. അതിനാൽ പിറേറദിവസം രാവിലെതന്നെ പോലീസ് ഇൻസ്പെക്ടരെ കാണാൻ ഞാൻ ഹരിപ്പാട്ടിനു പോയി. കുറേദൂരം ചെന്നപ്പോൾ പാപ്പി വരുന്നതു കണ്ടു. ആ മോഷണത്തിൽ അവനു പങ്കില്ലെന്നു ബോദ്ധ്യപ്പെട്ടതിനാൽ അവനെ വിട്ടു എന്നു പറഞ്ഞു.

## സിവിൽക്കേസു കൊടുക്കുന്നു

പള്ളിക്കൂടത്തിനു കതകും പൂട്ടും എല്ലാം ആയി, വെള്ളതേപ്പും തുടങ്ങി. പണി പിന്നെയും പുരോഗമിക്കുന്നുവെന്നു കണ്ടപ്പോൾ അതു തടയാൻ തോമസും മാത്തുണ്ണിയും കൂടി ഒരു പുതിയ മാർഗ്ഗം കണ്ടുപിടിച്ചു. പള്ളിക്കൂടത്തിൻെറ അതേവരെയുള്ള കണക്ക് ഇടവകപ്രതിപുരുഷന്മാരായ വാദികളെ ഏല്പിക്കണമെന്നും മാനേജരെ മാററികിട്ടണമെന്നും വാദികളെ മാനേജരാക്കണമെന്നും കാണിച്ചു 1923-നു കൊല്ലവർഷം 1099 ചിങ്ങം 4-ാം തീയതി സി. ഏഴാംനമ്പരായി ഹരിപ്പാട്ടു മുൻസിഫ് കോർട്ടിൽ ഒരു കേസു ഫയൽചെയ്തു. കേസിൻെറ ബലത്തിനുവേണ്ടി കന്നിമേൽ ഗീവറുഗീസച്ചനേയും കൂടി വാദിസ്ഥാനത്തു ചേർത്തു. കേസിൽ ഒന്നാംവാദി, ഫാദർ ഗീവറുഗീസു കന്നിമേലും, രണ്ടാം വാദി പുളിമൂട്ടിൽ പിലിപ്പോസു തോമസും, മൂന്നാംവാദി ഏവരത്തു കിഴക്കതിൽ ഇട്ടി മാത്തുണ്ണിയും ആയിരുന്നു. പ്രതികൾ രണ്ടു പേരായിരുന്നു: ഒന്നാംപ്രതി കുണ്ടറ മാർ ഗ്രിഗോറിയോസു തിരുമേനിയും, രണ്ടാംപ്രതി പള്ളിക്കൂടം കറസ്പോണ്ടൻറായ ഞാനും ആയിരുന്നു. കേസു പത്രികക്കും, വിവരപത്രികക്കും സാക്ഷിപ്പട്ടികക്കും മററുമായി അവധിവെച്ച് അങ്ങിനെ മുറപ്രകാരം നടന്നു പോന്നു.

## എൻെറ ഇടവകഭരണഡയറിക്കുറിപ്പ്

അന്ന് എനിക്ക് ഇടവക ഭരണവുംകൂടി ഉണ്ടായിരുന്നു. ഇടവക ഭരണത്തിൽ നടന്ന ചില സംഗതികളുണ്ട്. അവ

www.malankaralibrary.com

ഇവിടെ വിസ്മരിക്കുവാൻ പാടില്ലാത്തതാണ്. 1923-ന്-1099-ചിങ്ങം 4-ാനു- ഏവൂർ കണ്ണംപള്ളി വടക്കതിൽ (ബൻകുര്യൻ) കുര്യാക്കോസ് എന്ന കുഞ്ഞിനെ ഞാൻ മാമ്മോദീസാമുക്കി. ഈ കുഞ്ഞു വളന്നു വിവാഹം കഴിച്ചു. ഡൽഹിയിലും മററും ജോലിയിലിരുന്നു. ഒടുവിൽ ഇംഗ്ളണ്ടിൽ പോയി ജേർണലിസം പഠിച്ചു ഒരു നല്ല ഗ്രന്ഥകർത്താവായി മടങ്ങി വന്നിരിക്കയാണ്. NIRMALA എന്നൊരു പുസ്തകവും ഇംഗ്ളീഷിൽ അയാൾ എഴുതീട്ടുണ്ട്.

1923-ന്- 1099- ചിങ്ങം 16-നു- പള്ളിയമ്പിൽ പാപ്പിയും തഴക്കരകാമ്പുശ്ശേരിൽ വടക്കതിൽ മാത്തൻ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം ഞാൻ ആശീർവദിച്ചു. ഈ കുടുംബം ഇപ്പോഴും ക്ഷേമമായിരിക്കുന്നു.

1924-ന് 1099 കുംഭം 19-ാനു- യാക്കോബായ പാത്രിയക്കീസു ഭാഗത്തെ നായകനായ മി. സി. ജെ.കുര്യൻ നിര്യാതനായി. ആ വിവരം അറിഞ്ഞു ഞാൻ കോട്ടയത്തേയ്ക്കു പോയി. അവരെ കണ്ടു് അവരുടെ ദുഃഖത്തിൽ പങ്കുകൊണ്ടു. 1924-ന് 1099 മീനം 22-ാംനു-മുതൽ മൂന്നു നാലു ദിവസത്തേയ്ക്കു ഒരു സുവിശേഷ പ്രസംഗ മഹായോഗം മുതുകുളത്തു മലപ്പുറത്തു വീട്ടുകാരുടെ മുററത്തു തയ്യാറാക്കിയിരുന്ന പന്തലിൽ വെച്ചു ഞാൻ നടത്തി. ഏവൂർ കണ്ണംപള്ളി വടക്കതിൽ മുൻഷിയും ഒരു പ്രാസംഗികനായി ഉണ്ടായിരുന്നു. വളരെ പേരും അതിൽ സംബന്ധിച്ചിരുന്നു. അവിടെ ഒരു യാക്കോബായ പള്ളി ഇല്ലാതിരുന്നതിനാലും ഒരു യാക്കോബായ പള്ളിയവിടെ ഉണ്ടാകണമെന്നു കരുതിയും ആണ് ഞാൻ ആ വീട്ടുമുററത്തു വെച്ച് ആ പ്രസംഗയോഗം നടത്തിയതു്.

1924- ന 1099 ഇടവം 7-ാനു- തുമ്പമൺ കടയ്ക്കാട്ടു പുലിത്തിട്ട എബ്രഹാം ശെമ്മാശ്ശനെ ഞാൻ ചേപ്പാട്ടു സ്കൂൾ ഹെഡ് മാസ്റ്ററായി നിയമിച്ചു. ആദ്യം നിയമിച്ചിരുന്ന മി. സി എ. ഫിലിപ്പിൻെറ കാലാവധി കഴിഞ്ഞതിനാൽ അദ്ദേഹം പിരിഞ്ഞുപോയി, ആ സ്ഥാനത്താണു ശെമ്മാശ്ശനെ നിയമിച്ചതു്. അദ്ദേഹം ആ ചുമതല ഭംഗിയായി നിർവഹിക്കുകയും ചെയ്തു.

## എൻെറ ജേഷ്ഠൻ കൈമൂട്ടിൽ അച്ചൻെറ മരണം

എൻെറ സഹോദരനും മുൻഗാമിയുമായ പള്ളിപ്പാട്ടു കൈമൂട്ടിലച്ചനു സുഖക്കേടു കൂടുതലാകയാൽ 1924-ന് 1099

www.malankaralibrary.com

ഇടവം 24-ാംനു- കാർത്തികപ്പള്ളിൽ ചക്കോലിൽ അച്ചനും കിഴക്കേപുറത്തച്ചനും ചേപ്പാട്ടു കന്നിമേൽ അച്ചനും തയ്യിൽ അച്ചനും ഞാനുംകൂടി കന്തീലാ എന്ന അന്ത്യതൈലാഭിഷേകകർമ്മം നടത്തി. മൂന്നു നാലു പള്ളികളിൽ നിന്നുള്ള ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. അതിന്റെ പിറ്റേദിവസം 1924-ന് 1099 ഇടവം 25-ാംനു- ശനിയാഴ്ച അദ്ദേഹം മരിച്ചു. മരിക്കുന്നതിനു മുൻപ് അച്ചൻ ദിവസവും സമയവും ഒക്കെ ചോദിച്ചറിഞ്ഞു. പോകാൻ സമയമായി. എന്റെ കർത്താവേ, എന്നെ കൈക്കൊള്ളണമേ! എന്നു പറഞ്ഞു മൗനമായി കുറച്ചുസമയംകൂടി കിടന്നശേഷം മരിച്ചു. കബറടക്കം ഞായറാഴ്ച ഉച്ചകഴിഞ്ഞു പള്ളിപ്പാട്ടു യാക്കോബായ പള്ളിയിൽ അദ്ദേഹത്തിന്റെ അപ്പച്ചനായ വലിയച്ചന്റെ കബറിനടുക്കൽ അനേകം പട്ടക്കാരുടെയും ഇടവക ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുകയും ചെയ്തു. എന്റെ ജ്യേഷ്ഠനും മുൻഗാമിയുമായ ഈ അച്ചന്റെ നിര്യാണം മൂലം ഞാൻ ശത്രുക്കളുടെയിടയിൽ ഒരു നിസ്സഹായനായി ഒററപ്പെട്ടുന്നതുപോലെ എനിക്കു തോന്നിയിരുന്നു.

1924-ന് 1099 മിഥുനം 29-ാംനു- ചേപ്പാട്ടു പുളിമൂട്ടിൽ പിലിപ്പോസു തോമസിന്റെ മകൾ തങ്കമ്മ മരിച്ചു. തോമസും ഞാനും വാദിപ്രതികളായിരുന്നുവെങ്കിലും ഞങ്ങൾ ഒരു കുടുംബക്കാരാകയാൽ ഞാൻതന്നെയാണ് ആ ശവസംസ്കാരം നടത്തിയതു്.

## തിരുമേനിയും മടുത്തു

1924-ന്-1100 കന്നി 25-ാംനു- മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസ്യോസു തിരുമേനിയെ ചേപ്പാട്ടു പള്ളിയിലേക്കു ക്ഷണിച്ചുവരുത്തി. ഞാൻ സ്കൂൾ കുട്ടികളോടുകൂടി കാഞ്ഞൂർ വരെ പോയി തിരുമേനിയെ എതിരേററു കൊണ്ടുവന്നു. പള്ളിക്കുടക്കേസിലെ വാദികളുടെ ഇംഗിതങ്ങൾ പോലെയുള്ള ഒരു തീരുമാനം ഉണ്ടാകയില്ലെന്നു കണ്ടു് അവർ ഒന്നിനും സഹകരിച്ചില്ല. അതിനാൽ തിരുമേനി ഭഗ്നാശയനായി കാർത്തികപ്പള്ളിയിലേക്കു പോയി. അവിടെ ഒരു കല്യാണം ആശീർവ്വദിച്ചശേഷം പരുമലസെമിനാരിയിലേക്കു മടങ്ങി.

www.malankaralibrary.com

1924-നു് 1100 വൃശ്ചികം 6-ാംനു- ഏവൂർ കണ്ണംപള്ളി വടക്കതിൽ കട്ടി എന്നയാൾ മരിച്ചു. അദ്ദേഹം തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽ മുൻഷിജോലി നോക്കിവന്നയാളും എൻെറ ഒരു സ്നേഹിതനുമായിരുന്നു. അദ്ദേഹത്തിൻെറ ശവസംസ്കാരം ഞാൻ നടത്തിയ അവസരത്തിൽ താഴെ കാണുന്നതുപോലെ ഒരു പ്രസംഗവും കൂടെ നടത്തി.

## പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന

കർത്താവിൽ പ്രിയരെ, മനുഷ്യൻ സ്വേച്ഛാനുസരണം നന്മയോ തിന്മയോ പ്രവർത്തിച്ചു മരിക്കുന്നു. പിന്നെ അവൻ ചെയ്തതിനു് തക്കവണ്ണമുള്ള കൂലി പ്രാപിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളു. അതിൽ വ്യത്യാസം വരുത്തുവാനാരാലും സാദ്ധ്യമല്ല. ആകയാൽ പരേതർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാവശ്യമില്ല. എന്നൊക്കെയാണു് ചില സഭക്കാർ പഠിപ്പിച്ചുവരുന്നതു്. അതു കേൾക്കുമ്പോൾ ശരിയാണെന്നു് തോന്നിപ്പോകയും ചെയ്യും.

നാം ആരെ അനുകരിച്ചാണു് ഈ പ്രാർത്ഥന നടത്തുന്നതു്. നാം ആരോടാണു് പ്രാർത്ഥിക്കുന്നതെന്നുകൂടെ ഓർക്കണം. ക്രിസ്തു പ്രാർത്ഥിച്ചുകൊണ്ടാർക്കുവേണ്ടി കുരിശിൽ യാഗമായി തീർന്നുവോ അങ്ങിനെയുള്ള പരേതർക്കുവേണ്ടിയാണു് നാം പ്രാർത്ഥിക്കുന്നതു്. ആദാം മുതൽ ക്രിസ്തുവരെ മരിച്ചുപോയിട്ടുള്ള എല്ലാവരുടെയും പാപപരിഹാരത്തിനുവേണ്ടി ക്രിസ്തുവിനു് ഗോഗുൽത്തായിൽ സ്വശരീരവും ആത്മാവും ബലിയായി അർപ്പിച്ചുകൊണ്ടു് പ്രാർത്ഥിക്കാമെങ്കിൽ അതുപോലെ ചെയ്യുവാൻ നമുക്കും കടമയില്ലയോ. സാറാ മരിച്ചപ്പോൾ അബ്രഹാം നാനൂറു ശേക്കൽ വെള്ളി കൊടുത്തു മക്കഫേലാ എന്ന ഗുഹ വിലയ്ക്കു വാങ്ങി സാറായെ വലിയ ദുഃഖത്തോടും പ്രാർത്ഥനയോടുംകൂടെ അവിടെയടക്കി. തങ്ങൾക്കു് എപ്പോഴും അവിടെപ്പോയി ധൂപമർപ്പിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും വേണ്ട സൗകര്യമുണ്ടായിരിക്കണമെന്നു കരുതിയായിരിക്കണം അത്ര വലിയ വിലകൊടുത്തതു വാങ്ങിയതു്. അബ്രഹാം മരിച്ചപ്പോൾ അദ്ദേഹത്തേയും സാറായുടെ അടുക്കൽതന്നെയടക്കി. (ഉല്പ. 25. 8-9) ഇസഹാക്കും മരിച്ചു സ്വജനത്തോടു ചേർക്കപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നു. (ഉല്പ. 35. 29) യാക്കോബ് മിസ്രേമി വച്ചാണു് മരിച്ചതെങ്കിലും പട്ടാ

www.malankaralibrary.com

ളങ്ങളുടെയും രഥങ്ങളുടെയും മിസ്രേം മൂപ്പന്മാരുടെയും ഒരു വലിയ ജനക്കൂട്ടത്തിന്റെയും അകമ്പടിയോടുകൂടെ യാക്കോബിന്റെ മൃതശരീരം കനാനിൽ കൊണ്ടുവന്നു് അടക്കി. യൌസേപ്പ് മരിച്ചപ്പോൾ മിസ്രേമിൽതന്നെയടക്കി. എങ്കിലും ഇസ്രായേൽക്കാർ മിസ്രേം വിട്ടുപോന്നപ്പോൾ യൌസേപ്പിന്റെ ശവകുടീരം തുറന്നു് അദ്ദേഹത്തിന്റെ അസ്ഥിയും കൂടെ കൊണ്ടുവന്നു കനാനിൽ അടക്കി. (യോശു. 24-32) മോശ മരിച്ചപ്പോൾ ഇസ്രായേൽ ജനം മുപ്പതു ദിവസത്തേക്കു് വിലാപപ്രാത്ഥന നടത്തി. (ആവ. 34-8) അഹറോൻ മരിച്ചപ്പോഴം 30 ദിവസത്തെ വിലാപപ്രാത്ഥന നടത്തി. (സംഖ്യ. 20-29) യോശിയാ രാജാവു് മരിച്ചപ്പോൾ യഹൂദിയായും യറുശലേമും വിലാപപ്രാത്ഥന നടത്തി. യറമിയാ ദീർഘദർശിയും അതനുഷ്ഠിച്ചു പ്രാത്ഥന നടത്തി. (2 നാളാ. 35-25) പഴയ കാലത്തു പരേതക്കുവേണ്ടി വളരെ സങ്കടത്തോടുകൂടെ പ്രാത്ഥിച്ചുവന്നിരുന്നു എന്നു് ഇവയിൽനിന്നു ഗ്രഹിക്കാം.

യേശു ലോകത്തിലേക്കെഴുന്നള്ളി വന്നതു് ആദാം മുതലുള്ള പരേതരുടെ പാപങ്ങൾക്കു് പരിഹാര ബലിയായി തീരുന്നതിനു് വേണ്ടിയും കൂടെയായിരുന്നു. അവർ ഏൽക്കേണ്ടിയിരുന്ന ശിക്ഷകളെല്ലാം യേശു അവക്കു പകരമായി ഏററു. അങ്ങിനെ അവരെ താൻ വിമോചിപ്പിച്ചു. യേശു മരിച്ചതിനു ശേഷം ഉയിക്കുന്നതിനു മുമ്പായി ആത്മാവിൽ പാതാളത്തിൽ പ്രവേശിച്ചു. അവിടെയുണ്ടായിരുന്ന പരേതരുടെ ആത്മാക്കളോടു പ്രസംഗിച്ചു. (1 പത്രോ. 3. 19) യേശു പരേതക്കു വേണ്ടി മരിച്ചു എങ്കിലും അതിന്റെ പുണ്യം ആരുടെയും തലയിൽ കെട്ടി വെയ്ക്കുകയില്ല. അങ്ങിനെ ചെയ്താൽ അതു് ദൈവം മനുഷ്യനു് നല്കിയിരിക്കുന്ന സ്വാതന്ത്ര്യത്തിനു ഭംഗമായിരിക്കും. എന്നാൽ ചോദിക്കുന്ന ഏവനും ആ പുണ്യം നല്കുകയും ചെയ്യും. ആകയാൽ പരേതക്കു വേണ്ടി പ്രാത്ഥിക്കുന്നതിനു് ആരും മടി കാണിക്കരുതു്. യേശു രക്ഷിക്കും എന്ന വിശ്വാസത്തോടു കൂടെ പ്രാത്ഥിക്കുക. മുടിയനായ പുത്രൻ പശ്ചാത്തപിച്ചു മടങ്ങി വന്നപ്പോൾ അയാളുടെ അപ്പൻ ഇറങ്ങിച്ചെന്നു് അവനെ സ്വീകരിച്ചാശ്ലേഷിച്ചു. അപ്പോൾ അവന്റെ ദേഹത്തു് പന്നിയുടെ നാററമുണ്ടെന്നും അവന്റെ വസ്ത്രം മുഷിഞ്ഞതാണെന്നും മനസ്സിലാക്കി. ആ വേഷത്തിൽ ആ അപ്പന്റെ വീട്ടിൽ താമസിക്കുവാൻ

www.malankaralibrary.com

സാധിക്കുകയില്ല. ആകയാൽ അപ്പൻ തൻെറ വേലക്കാരെ വിളിച്ച് ആ മകനെ കുളിപ്പിച്ച് നല്ല വസ്ത്രം ധരിപ്പിച്ച് കൈക്ക് മോതിരവും കാലിനു ചെരുപ്പും ഇട്ടുവിച്ചു കൊണ്ടു വരുവാൻ പറഞ്ഞു. ഇതുപോലെ ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിൽ പറ്റീട്ടുള്ള അഴുക്കുകളും നാററങ്ങളും മററും നീക്കേണ്ടതായുണ്ടെങ്കിൽ അതെല്ലാം നീക്കി നമ്മെ സ്വർഗ്ഗാധിവാസത്തിനു യോഗ്യരാക്കിത്തീർക്കും. അതിനാലാണ് നാം പരേതക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു പറയുന്നത്. പരേതനായ ഈ എൻെറ സ്നേഹിതന് പരലോകത്തിൽ ദൈവം വേണ്ട സ്വീകരണം നല്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിപ്പിൻ

## കമ്പനാട്ടു പള്ളിയിൽ

അതുകഴിഞ്ഞു് ഞാൻ കടമ്പനാട്ടു പള്ളിയിൽ പോയി ഒരു പ്രസംഗയോഗം നടത്തി. അവിടെ ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിക്കേണ്ടതിൻെറ ആലോചനയ്ക്കുംകൂടിയാണ് ഞാൻ പോയതു്. ചെറക്കോണത്തു മൂത്തകുഞ്ഞൊഴികെ മററാരും അതു് ഗൗനിച്ചതേയില്ല. അതിൻെറ ആവശ്യം അവർക്കു് മനസ്സിലായിരുന്നില്ല. അതിനാൽ അതു നടന്നില്ല. എങ്കിലും കുറെ വർഷങ്ങൾ കഴിഞ്ഞു് അവർ അവിടെ ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിച്ചു. അതു് ഇന്നും നടന്നുവരുന്നുണ്ടു്.

1924 ന് – 1100 വൃശ്ചികം 28-ാം തീയതി കന്നീലേത്തു വർഗ്ഗീസിന്റെ പെങ്ങൾ മരിച്ചു. ശവസംസ്കാരം, ഞാൻ യാക്കോബായ പള്ളി സെമിത്തേരിയിൽവച്ച് നിർവ്വഹിക്കയും ചെയ്തു.

1925 ന് – 1100 മീനം 29-ാം തീയതി ഞാൻ തിരുവനന്തപുരം പള്ളിയിലേക്കു പോയി. വികാരി പുതക്കുഴിയിൽ എബ്രഹാം അച്ചൻെറ ക്ഷണം അനുസരിച്ച് ഞാൻ അവിടെ കഷ്ടാനുഭവാഴ്ച നടത്തി. ഞാൻ തിരുവനന്തപുരത്തു ചെന്നപ്പോൾ എൻെറ ഒരു സഹപാഠിയും കോട്ടയത്തു കുഞ്ഞുകുഞ്ഞുമുതലാളിയുടെ മകനും തിരുവനന്തപുരത്തു ലോക്കോളേജിലെ ഒരു വിദ്യാർത്ഥിയുമായിരുന്ന കുര്യൻ ജനറലാശുപത്രിയിൽവച്ചു മരിച്ചുവെന്നറിഞ്ഞു. ഞാൻ പോയി ആ ശവസംസ്കാരകർമ്മം നടത്തി. തിരുവനന്തപുരം യാക്കോബായ പള്ളിയുടെ സെമിത്തേരിയിലാണ് അടക്കിയതു. കഷ്ടാനുഭവാഴ്ച മുഴവൻ ഞാൻ തിരുവനന്തപുരം യാക്കോബായ പള്ളിയിൽ താമസിച്ചു. അനേകർ എന്നെ

www.malankaralibrary.com

വിളിച്ചുകൊണ്ടുപോയി സൽക്കരിച്ചു. 1925 ന് – 1100 മേടം 15–ാം തീയതി ഏവരത്തു കിഴക്കതിലെ പാപ്പി പള്ളിപ്പാട്ടു് ആഞ്ഞിലിമൂട്ടിൽനിന്നും കല്യാണം കഴിച്ചു. വധു എന്റെ ഒരു ചാർച്ചക്കാരിയായിരുന്നു. ഞാൻ തിരുവനന്തപുരത്തായിരുന്നതിനാൽ ആ കല്യാണത്തിനു പള്ളിപ്പാട്ടു പള്ളിയിൽ പോയി സംബന്ധിക്കാൻ സൗകര്യപ്പെട്ടില്ല.

## യാക്കോബായസഭ ഓർത്തഡോക്സ് ആകുന്നത്

വട്ടിപ്പണക്കേസ് മാർ ദിവന്നാസ്യോസ് കക്ഷിക്കെതിരായി ശ്രീ. വീരരാഘവയ്യങ്കാർ വിധിച്ചു. തിരുവല്ലായ്ക്കു കിഴക്ക് കറോടിനു സമീപമുള്ള യാക്കോബായക്കാർക്ക് അടുത്തൊരു പള്ളിയില്ലായിരുന്നു. അതിനാൽ അവർ കുണ്ടറ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കല്പന വാങ്ങി ഒരു യാക്കോബായ പള്ളി വയ്ക്കുവാൻ ഗവണ്മെൻറനുവാദത്തിനപേക്ഷിച്ചു. കേസിൽ ജയിച്ച ബാവാകക്ഷിക്കാർ മാർ ഗ്രിഗോറിയോസ്, യാക്കോബായ പാത്രിയർക്കീസിന്റെ കീഴിലുള്ളയാളല്ലെന്നും യാക്കോബായ പള്ളിവയ്ക്കുവാൻ അദ്ദേഹത്തിനവകാശമില്ലെന്നും അതിനാൽ ആ അപേക്ഷപ്രകാരം പള്ളി അനുവദിക്കരുതെന്നും കാണിച്ച് എതിർത്തു പരാതി സമർപ്പിച്ചു. ആ കാരണങ്ങൾ കാണിച്ചു ഗവണ്മെൻറു് പള്ളി അനുവദിക്കാൻ പാടില്ലെന്നു മറുപടി കൊടുക്കുകയും ചെയ്തു.

മാർ ദിവന്നാസ്യോസും മാർ ഗ്രിഗോറിയോസും വളരെ കുഴഞ്ഞു. അവർ പോയി ദിവാൻജിയെ കണ്ടു് ചോദിച്ചു. മററുള്ളവർ എതിർക്കാതിരിക്കത്തക്കവണ്ണം നിങ്ങളുടെ സഭയ്ക്കു് വേറൊരു പേരുപറഞ്ഞപേക്ഷിക്കുക എന്നു് അദ്ദേഹം പറഞ്ഞു. മെത്രാന്മാർ തിരിച്ചുവന്നു ആ അപേക്ഷാഫോറത്തിൽ യാക്കോബായ സഭയ്ക്കുവേണ്ടി എന്നുള്ളതു വെട്ടി ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി എന്നു് തിരുത്തി എഴുതിക്കൊടുത്തു. അതു് അനുവദിക്കുകയും ചെയ്തു. അന്നുമുതൽ മാർ ഗ്രിഗോറിയോസ് തിരുമേനി പള്ളിക്കുള്ള അപേക്ഷാഫോറങ്ങളിലെല്ലാം ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി എന്നു് എഴുതിപ്പോന്നിരുന്നു. അദ്ദേഹത്തെ മെത്രാനായി സ്വീകരിച്ചുവന്ന പഴയ പള്ളികളും ബാവാകക്ഷിക്കാരുടെ വ്യവഹാരം ഭയന്നു് യാക്കോബായ എന്നു് പേരുമാററി ഓർത്ത-

www.malankaralibrary.com

ഡോക്സ് പള്ളി എന്ന് കണക്കുകളിലും കുറികളിലുംമററും എഴുതിത്തുടങ്ങുകയും ചെയ്തു. ഒടുവിൽ സുപ്രീംകോർട്ടിലെ വിധി പാത്രിയർക്കീസിനു ദോഷമായും കാതോലിക്കായ്ക്കു ഗുണമായും വന്നതോടുകൂടെ എല്ലാ ബാവാകക്ഷിക്കാരും കാതോലിക്കായെ സ്വീകരിച്ചു നടന്നുകൊള്ളുവാനും കാതോലിക്കായ്ക്കു പട്ടമില്ലെന്നും മുടക്കപ്പെട്ടവനാണെന്നും തന്റെ മുൻഗാമികൾ മൂന്നു തലമുറയായി പറഞ്ഞുവന്നതു് കേസിന്റെ ഗുണത്തിനുവേണ്ടി പറഞ്ഞതാണെന്നും കേസ് തീർന്നിരിക്കുന്നതിനാൽ അതു ഇനിയും കാര്യമാക്കേണ്ടതില്ലെന്നും അബ്ദൽമിശിഹാ കൊടുത്ത പട്ടം സാധുവാണെന്നും പാത്രിയർക്കീസ് സമ്മതിച്ചു. അതോടുകൂടെ യാക്കോബായസഭ എന്ന പേരു് എല്ലാവരും ഉപേക്ഷിച്ചു ഓർത്തഡോക്സ് സുറിയാനിസഭ എന്നപേരു് എല്ലാവരും സ്വീകരിക്കുകയും ചെയ്തു. അങ്ങനെ യാക്കോബായസഭ ഓർത്തഡോക്സായിത്തീർന്നു.

## രണ്ടാം കാതോലിക്കാവാഴ്ച

1925-നു് 1100 മേടം 18-ാംനു- നിരണത്തു പള്ളിയിൽ വെച്ചു വാകത്താനത്തു മെത്രാച്ചനെ കാതോലിക്കായായി വാഴിക്കയും, പി. റ്റി. ഗീവർഗ്ഗീസു റമ്പാച്ചനെ ബഥനി മെത്രാനായി പിറെറദിവസം അവരോധിക്കുകയും ചെയ്തു. ആ വൻപിച്ച ചടങ്ങിൽ സംബന്ധിക്കുവാൻ ഞാനും നിരണത്തു പോയിരുന്നു.

1100 ഇടവം 19-ാംനു- എന്റെ സഹോദരപുത്രൻ ചേപ്പാട്ടു ചേമത്തു കൊച്ചുമ്മൻ പള്ളിപ്പാട്ടു തോട്ടാത്തു നിന്നും കല്യാണം കഴിച്ചു. ഞാനും കന്നിമേലച്ചനും തയ്യിലച്ചനുമുണ്ടായിരുന്നു. ഞാനായിരുന്നു പ്രധാന കാർമ്മികൻ.

1925-നു് 1100 ഇടവം 25-ാംനു- കണ്ടനാട്ടു മാർ ഈവാനിയോസു തിരുമേനി പരുമല സെമ്മിനാരിയിൽ വെച്ചു കാലം ചെയ്തു. പരുമല പള്ളിയിൽ വടക്കേ വരാന്തയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ സംസ്കരിച്ചു. അതിനും ഞാൻ സംബന്ധിച്ചിരുന്നു.

1925-നു് 1100 കർക്കടകം 25-ാംനു- മുട്ടത്തു പുളിനില്ക്കുന്നതിലേ വലിയമ്മ മരിച്ചു, നല്ല ദൈവഭക്തയായ ഒരു സ്ത്രീയായിരുന്നു. പള്ളിയിലെ പ്രസംഗം സശ്രദ്ധം കേൾക്കുകയും വല്ലതും സംശയമുണ്ടായാൽ പിന്നീടു കാണുമ്പോൾ ചോദിച്ചു മനസ്സിലാ

www.malankaralibrary.com

ക്കുകയും ചെയ്യുമായിരുന്നു. ശവസംസ്ക്കാരത്തിന്റെ വഴിക്കാലാ ശുശ്രൂഷ നിയന്ത്രിച്ചതു് പരുമല സെമിനാരിയിലെ തോമസു മല്പാനച്ചനായിരുന്നു. ഭക്തിനിർഭരമായ ഒരു വിലാപയാത്രയായിരുന്നു അതു്. ആ നല്ല തള്ളയ്ക്കുവേണ്ടി ഞാൻ പലപ്പോഴും പ്രാർത്ഥിക്കാറുണ്ട്.

1925-ന് 1101 ചിങ്ങം 29-ാംനു- ചേപ്പാട്ട എവരത്തു മുൻഷി കുട്ടി മാവേലിക്കര ആററുമാലിവീട്ടിലെ ഒരു പെൺകുട്ടിയെ കല്യാണം കഴിക്കുവാൻ നിശ്ചയിച്ചിരുന്നു. സമയമായപ്പോൾ ചില തർക്കംമൂലം പെൺകുട്ടക്കാർ മാറിക്കളഞ്ഞു. ഒടുവിൽ കാരിച്ചാൽ കറുകയിലെ ഒരു പെൺകുട്ടിയെ വരുത്തി കുട്ടിയെക്കൊണ്ട വിവാഹം കഴിപ്പിച്ചു. മുൻകൂട്ടി കുറിവാങ്ങാതെയും മനസ്സമ്മതം ചോദിക്കാതെയും കല്യാണം ഉറയ്ക്കുന്നതിൽ വന്നുകൂടിയ ഒരു കുഴപ്പമായിരുന്നു അതു്.

## ഞാൻ ആലപ്പുഴ യാക്കോബായ പള്ളിയിൽ

1925-ന് 1101 വൃശ്ചികം 21-ാംനു- ഞാൻ ആലപ്പുഴ യാക്കോബായ പള്ളി ഭരണം കൈയേററു. അന്നുമുതൽ ഞാൻ ആ പള്ളിയും നടത്തിത്തുടങ്ങി.

## മാർ ഗ്രിഗോറിയോസിന്റെ മൊഴി

1926-ന് 1101 കുംഭം 14-ാംനു- ചേപ്പാട്ട പള്ളിക്കേസിനു മൊഴികൊടുക്കാനായി ഒന്നാംപ്രതിയായ മാർ ഗ്രിഗോറിയോസ്സ തിരുമേനി കാരിച്ചാൽ യാക്കോബായ പള്ളിയിൽ എഴുന്നള്ളി. തോമസിന്റെയും മാത്തുണ്ണിയുടെയും വക്കീലായ കാർത്തികപ്പള്ളിൽ കിണററുകര ഈപ്പൻ വക്കീലും. എന്റെ ഭാഗത്തേയ്ക്കു സുബ്ബരായർ വക്കീലും ഹാജരായിരുന്നു. മെത്രാച്ചൻ ചേപ്പാട്ട ഇടവകയുടെ മെത്രാപ്പോലീത്താ ആണെന്നും അതു് ഒരു രജിസ്റ്റർ ഉടമ്പടിമൂലം ചേപ്പാട്ട യാക്കോബായ പള്ളിക്കാർ സമ്മതിച്ചിട്ടുള്ളതാണെന്നും പള്ളിക്കാര്യങ്ങൾ തന്റെ തീരുമാനമനുസരിച്ചു നടത്തേണ്ടതാണെന്നും, തന്നെ പ്രതിയാക്കി ചോദ്യം ചെയ്യുവാൻ വാദികൾക്കു് അവകാശവും അധികാരവുമില്ലെന്നും, കാതോലിക്കോസിന്റെ കാര്യം ഈ കേസിൽ ചോദിക്കേണ്ട കാര്യമില്ലെന്നും, ഇതു വെറുമൊരു ദുർവ്യവഹാരമാണെന്നും മററുമായിരുന്നു തിരുമേനിയുടെ മൊഴി.

www.malankaralibrary.com

1926-ന് 1101 കുംഭം 21-ാംനു ആലപ്പുഴ ഫിഷറി ഇൻസ്പെക്ടർ മി. പോത്തൻെറ ഒരു പെൺകുട്ടിക്ക് കാലിൽ ഒരു മുറിവുണ്ടായി ടെററാനസ് എന്ന രോഗം പിടിപെട്ടു മരിച്ചു.

ആലപ്പുഴ യാക്കോബായക്കാർക്കു സ്വന്തമായി ഒരു ശവക്കോട്ടയില്ലാതിരുന്നതിനാൽ മാർത്തോമ്മാ പള്ളിയുടെ ശവക്കോട്ടയിൽ ആ കുട്ടിയെ സംസ്കരിച്ചു. സംസ്കാരകർമ്മം ഞാൻ തന്നെ നടത്തി. 14 രൂ. കുഴിക്കാണം കൊടുത്തു.

ആ കാലത്ത് ഒരു പ്രൊട്ടസ്റ്റണ്ടു പാസ്റ്ററുമായി സംസാരിക്കാൻ ഇടയായി. അപ്പോൾ, ക്രിസ്തു രണ്ടു കൂദാശകളേ സ്ഥാപിച്ചിട്ടുള്ളുവെന്നും മററുള്ളതൊന്നും കൂദാശകളല്ലെന്നും അദ്ദേഹം വാദിച്ചു. ഇത്തരം തെററിദ്ധാരണ എൻെറ ഇടവകക്കാർക്കും ഉണ്ടാകാവുന്നതാണല്ലോ എന്നു കരുതി അടുത്ത ഞായറാഴ്ച ഏഴു കൂദാശകളെപ്പററി ഞാൻ പള്ളിയിൽ പ്രസംഗിച്ചു.

## ഏഴു കൂദാശകൾ

മനുഷ്യവർഗ്ഗം സ്ഥിതി ചെയ്യുന്നതിന് ഏഴു പ്രധാന ഘടകങ്ങൾ കൂടിയേ തീരൂ. അവയിൽ ഒന്നുപോലും വേണ്ടെന്നു വെയ്ക്കാവുന്നതല്ല.

1. മനുഷ്യനു ജനനം വേണം.

2. ജനിച്ചാൽ ജീവിക്കുന്നതിനു വായുവുള്ള ഒരന്തരീക്ഷം വേണം.

3. മനുഷ്യനു നീഹാരവും ശുചീകരണവും വേണം.

4. അവനു ഭക്ഷണ പാനീയങ്ങൾ വേണം.

5. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാകയാൽ സാമൂഹ്യ സംഘടന വേണം. തേനീച്ചയ്ക്കു റാണിഈച്ചഉള്ളതു പോലെ മനുഷ്യർക്കും ഒരു നായകൻ വേണം

6. വിവാഹം വേണം. സ്ത്രീപുരുഷ ബന്ധം കൂടാതെ മനുഷ്യനുണ്ടാകയില്ല.

7. മനുഷ്യന് രോഗത്തിനു ചികിത്സ വേണം.

ഇങ്ങനെ ഏഴുഘടകങ്ങളാവശ്യമായ മനുഷ്യൻ പാപിയായി തീർന്നതിനാൽ അവനെ ഉദ്ധരിക്കുന്നതിനുള്ള ദൈവകൃപ ഈ ഏഴു ഘടകങ്ങളിലും ഉണ്ടായിരിക്കണം. അതിനാലാണ് ഏഴു കൂദാശകൾ വേണ്ടിവരുന്നത്.

www.malankaralibrary.com

1. "മനുഷ്യകുലം മുഴുവനും പാപികളായിത്തീർന്നതിനാൽ സ്വർഗ്ഗപ്രാപ്തി അസാദ്ധ്യമായിത്തീന്നു. ക്രിസ്തു മനുഷ്യന്റെ പാപത്തിനു പരിഹാരം വരുത്തി, മനുഷ്യനെ വീണ്ടും സ്വർഗ്ഗാവകാശിയാക്കി ദത്തെടുക്കാമെന്നു വെച്ചു. അതിലേക്കു ക്രിസ്തു ഏർപ്പെടുത്തിയതാണു ജ്ഞാനസ്നാനം. അഥവാ വീണ്ടും ജനനം. അതു വേണ്ടെന്നു വെയ്ക്കുവാൻ പാടില്ല. (യോഹ. 3,5)

2. ജനിച്ച മനുഷ്യനു ജീവിക്കാൻ വായു വേണം. ഒരു ക്രിസ്ത്യാനി പരിശുദ്ധാത്മാവിനെ പ്രാപിച്ചു ഒരാത്മീയാന്തരീക്ഷത്തിൽ ജീവിക്കണം. അതിനുള്ള കൂദാശയാണു മൂറോനഭിഷേകം. അല്ലെങ്കിൽ സ്ഥിരീകരണം.

3. മനുഷ്യനു ശുചീകരണം വേണം. കുളിവേണം. അതുപോലെ ആത്മാവിന്റെ ശുദ്ധീകരണത്തിനും, മനസ്സിലുണ്ടാകുന്ന ദുർവികാരങ്ങളെയും തെററുകളെയും ഏററുപറഞ്ഞുപേക്ഷിക്കുന്നതിനും കുമ്പസാരമെന്ന കൂദാശ വേണം. ക്രിസ്തു അതും ഏർപ്പെടുത്തി.

4. ശരീരത്തിനു ഭക്ഷണ പാനീയങ്ങൾ വേണം. അതുപോലെ ആത്മീയ ഭക്ഷണ പാനീയമായി ക്രിസ്തു തന്നെ ഏർപ്പെടുത്തിയിരിക്കുന്നതാണ് കുർബാന. അതിനാലതും വേണം.

5. സാമൂഹ്യ സംഘടനയ്ക്കായി ഏർപ്പെടുത്തിയതാണു പൗരോഹിത്യം. ജീവരക്തം ശരീരത്തിലെല്ലായിടത്തും നല്കുന്നതിനു രക്തധമനികൾ ഉള്ളതു പോലെ ക്രിസ്തീയ സമൂഹത്തിൽ കൃപാവരം നല്കുന്നതിനധികാരമുള്ള വൈദീകരെ ക്രിസ്തു തന്നെ നിയമിച്ചിരിക്കുന്നു.

6. മാനുഷീക തലമുറ നില നില്ക്കുന്നതിനു വിവാഹം വേണം. മനുഷ്യന് ശരീരം മാത്രമല്ല, ആത്മാവും കൂടിയുള്ളതിനാൽ ആണ് അതൊരു കൂദാശയാക്കി നല്കിയിരിക്കുന്നതു്.

7. മനുഷ്യനു ചികിത്സ വേണം. ആത്മാവിന്റെ രോഗ നിവാരണത്തിന് ഏർപ്പെടുത്തിയിരിക്കുന്നതാണു രോഗികളുടെ തൈലാഭിഷേകം. നിങ്ങളിലൊരുത്തൻ രോഗിയായാൽ ഉടനെ പള്ളിയിലെ കശീശായെ വിളിച്ചു പ്രാർത്ഥിപ്പിക്കണമെന്നു യാക്കോബു പറഞ്ഞിരിക്കുന്നതു ക്രിസ്തുവിന്റെ ഉപദേശം കേട്ട

www.malankaralibrary.com

പഠിച്ചു പറഞ്ഞിട്ടുള്ളതാണ്. ആകയാൽ ഏഴു കൂദാശകളും വേണം രണ്ടു കൂദാശകൾ മാത്രം മതിയെന്നു വെയ്ക്കരുത്. എന്നു പദേശിച്ചു.

1926 ന് 1101 മേടം 26-ാംനു ചേപ്പാട്ടു വടക്കടത്തെ കുട്ടിയമ്മ എന്ന പെൺകുട്ടിയെ കാർത്തികപ്പള്ളിൽകല്യണം കഴിപ്പിച്ചു. ക്ഷണമനുസരിച്ചു ഞാനും ആ കല്യാണവിരുന്നിൽ സംബന്ധിച്ചിരുന്നു.

1102 കുംഭം 16-ാംനു എൻെറ പെങ്ങളുടെ മകൻ കാരിച്ചാൽ കൊച്ചുണ്ണൂണ്ണിയും കല്ലുപ്പാറ താഴത്തെ പീടികയിൽ അച്ചൻെറ മകളും തമ്മിലുള്ള വിവാഹത്തിനു ഞാൻ പോയി. കല്ലൂപ്പാറ പള്ളിയിൽ വെച്ചു വിവാഹം നടക്കേണ്ടതായിരുന്നു. അവിടെ കല്ലൂരച്ചൻെറ വഴക്കുനിമിത്തം ഇരവിപേരൂർ പള്ളിയിൽവച്ചാണ് വിവാഹം നടന്നതു്. ഞാനാണ് വിവാഹം ആശീർവദിച്ചതു്. മുട്ടത്തു കൊച്ചുകോയിക്കൽ മി. കൊച്ചുമ്മന്റെ കല്യാണവും ഇതോടൊന്നിച്ചു ഞാൻ ആശീർവ്വദിച്ചു. ഒടുവിൽ താഴത്തെ പീടികയിൽ വന്നു കല്യാണസദ്യയും കഴിഞ്ഞു ഞാൻ മടങ്ങിപ്പോന്നു.

1926 ന് 1102 മീനം 9-ാം തീയതി പുളിമൂട്ടിലെ കൊച്ചുണ്ണൂണ്ണിയുടെ മകൻ മാത്തുക്കുട്ടി മരിച്ചു. ക്ഷയരോഗം സംബന്ധിച്ചുള്ള ഒരു ഓപ്പറേഷനിലുണ്ടായ അപാകതമൂലം രോഗം വർദ്ധിക്കയും രോഗി മരിക്കയുമാണുണ്ടായതു്. അവൻ സമർത്ഥനും കുടുംബത്തോടു താല്പര്യം ഉള്ളവനുമായിരുന്നു. ആ ശവസംസ്കാരത്തിനു വന്നവർക്കെല്ലാം 'പഷ്ണിക്കഞ്ഞി' നടത്തിയതു് എന്റെ ചിലവിലായിരുന്നു.

## ചേപ്പാട്ടു ഞാപ്പള്ളിൽ വീട്ടുകാർ

ചേപ്പാട്ട് ഇടവകയിൽ കുതന്ത്രം പ്രയോഗിച്ചുവന്ന തോമസിൻെറയും മാത്തുണ്ണിയുടെയും വക്കാണങ്ങൾ അനുഭവിക്കേണ്ടിവന്ന ഒരാളാണ് ഞാപ്പള്ളിൽ മി. മാത്തൻ. അദ്ദേഹവും യാക്കോബായക്കാരനായിരുന്നു. അങ്ങിനെയിരിക്കെ മകൻ വറുഗീസിന്റെ കല്യാണം വന്നു. വധു ചേപ്പാട്ടു മാർത്തോമ്മാപ്പള്ളിക്കാരിയായിരുന്നു. അതിനാൽ കല്യാണസദ്യക്കു യാക്കോബായക്കാരും

www.malankaralibrary.com

മാർത്തോമ്മാക്കാരും ഉണ്ടായിരുന്നു. ഏവരത്തു കിഴക്കേതിൽ മാത്തുണ്ണിയെ ഈ കല്യാണസദ്യയ്ക്കു് ക്ഷണിച്ചിട്ടില്ലായിരുന്നു. അയാളെക്കൂടെ ക്ഷണിച്ചുവരുത്തിയേ ഉണ്ണുകയുള്ളുവെന്നു് പുളിമൂട്ടിൽ തോമസും മററും ശഠിച്ചു. അവരെ പിൻതാങ്ങിക്കൊണ്ടു് യാക്കോബായക്കാരെല്ലാം ഉണ്ണാതെ ഇറങ്ങിപ്പോയി. മാർത്തോമ്മാക്കാരെല്ലാം സദ്യയ്ക്കു സംബന്ധിച്ചു. അന്നുമുതൽ ഞാപ്പള്ളിക്കാർ മാർത്തോമ്മാപള്ളിയിൽ ചേർന്നു നടന്നുതുടങ്ങി. എങ്കിലും അവർ അത്ര ഇഷ്ടപ്പെട്ടിരുന്നില്ല. ചേപ്പാട്ടു യാക്കോബായ പള്ളിക്കാരെല്ലാം മാർ ദിവന്നാസ്യോസ്തിരുമേനിയുടെ കക്ഷിക്കാരായിരുന്നു. യാക്കോബായ പാത്രിയർക്കീസിനെ നിരസിച്ചുള്ള നില ശരിയല്ലെന്നായിരുന്നു മി. മാത്തൻെറ അഭിപ്രായം. അതിനാൽ അദ്ദേഹം സ്വന്തമായൊരു പള്ളി വെയ്ക്കാനും ഒരു മകനെ വൈദികനാക്കുവാനും തീർച്ചപ്പെടുത്തി. ഒരു പള്ളി വെയ്ക്കുവാനുള്ള ഗവൺമെൻറനുവാദത്തിനായി അപേക്ഷിച്ചു. കായംകുളം മിഖായേൽ മാർ ദിവന്നാസ്യോസ്തിരുമേനിയുടെ കല്പനപ്രകാരമാണപേക്ഷിച്ചതു്. പലരുടെയും എതിർപ്പുമൂലം പള്ളി വെയ്ക്കുവാൻ പാടില്ലെന്നു കാണിച്ചു് 92-ാംപക്കം ഉത്തരവു കിട്ടി. പള്ളിക്കപേക്ഷ കൊടുത്താൽ 90 ദിവസത്തിനകം ഗവൺമെൻറു തീരുമാനം കക്ഷിയെ അറിയിച്ചിരിക്കണമെന്നാണു് ചട്ടം. അതിനാൽ 91-ാംപക്കം താൻ പള്ളി വെച്ചുപോയതായി ഗവൺമെൻറിനെഅറിയിക്കുകയും ചെയ്തു. അങ്ങനെയാണു് ഞാപ്പള്ളിക്കാരുടെ പള്ളിയുണ്ടായതു്. അദ്ദേഹത്തിൻെറ ഒരു മകനു പട്ടം കൊടുപ്പിച്ചു വൈദികനാക്കുകയും ചെയ്തു.

## തയ്യിലച്ചൻെറ മുടക്കു തീർകാൽ

ചേപ്പാട്ടേ പള്ളിക്കുടക്കേസ്സിൽ സ്കൂൾവക കണക്കുകളും റിക്കാർഡുകളും ഹാജരാക്കാൻ കോടതിയിൽനിന്നും ഉത്തരവായി. അതനുസരിച്ചു് എല്ലാററിൻെറയും പ്രതികളെഴുതി ഇൻസ്പെക്ടറെ കാണിച്ചു സാക്ഷിപ്പെടുത്തി സ്കൂളിൽ വെച്ചശേഷം അസൽ കണക്കുകളും റിക്കാർഡുകളും ഞാൻ കോടതിയിൽ ഹാജരാക്കി.

മാർഗ്രീഗോറിയോസ്സ തിരുമേനിയുടെ മൊഴിയെഴുത്തും എൻെറ കണക്കു ഹാജരാക്കലും എല്ലാം കഴിഞ്ഞപ്പോൾ, പള്ളിക്കുടക്കേസു തള്ളിപ്പോകുമെന്നു വാദികൾക്കു മനസ്സിലായി. ഇട

www.malankaralibrary.com

വകയിൽ ഇപ്പോഴുള്ള മെത്രാൻ പാർട്ടിയെ കൂടാതെ ഒരു ബാവാ പാർട്ടി കൂടെ ഉണ്ടാക്കിയ ശേഷം. ആ ബാവാ കക്ഷിയിൽ ചേർന്നു നിന്നുകൊണ്ടു മെത്രാൻ കക്ഷിക്കാരെ പ്രതിയാക്കി കേസു കൊടുത്തെങ്കിലേ കേസു ശരിയാകയുള്ളുവെന്നു വക്കിലന്മാരിൽ നിന്നു വാദികൾഗ്രഹിച്ചു. പാത്രിയർക്കീസു കക്ഷിയുണ്ടാക്കാനുള്ള ശ്രമമായി. മുടക്കിലിരിക്കുന്ന തയ്യിൽ കോശിക്കത്തനാരെ പള്ളിയിൽ കയററി തവണ കൊടുത്തു തങ്ങളുടെ ഭാഗത്തെ വൈദീകനാക്കി നിർത്തണമെന്നുവാദികൾ ഒരു രഹസ്യാലോചന നടത്തി തീരുമാനിച്ചു.

ഇടവകക്കാരായ ചില യുവാക്കന്മാരേ എന്റെ അടുക്കലയച്ചു. തയ്യിലച്ചന്റെ വീട്ടിൽ ഞെരുക്കമാണെന്നും, ഭാര്യ സുഖക്കേടായി കിടപ്പിലാണെന്നും, അച്ചനെക്കൂടി പള്ളിയിൽ കയററി ചൊല്ലിക്കുന്നതു വലിയ ഒരു പുണ്യമായിരിക്കും എന്നും ഞാനതിനു വേണ്ടതു ചെയ്യണമെന്നുംമററും അവർ ആവശ്യപ്പെട്ടു. വാദികൾ എതുക്കും, എനിക്കു കഴികയില്ല, എന്നൊക്കെ പറഞ്ഞൊഴിയാൻ നോക്കിയെങ്കിലും, അവർ സമ്മതിക്കാതെ തുടരെ നിർബന്ധിച്ചുകൊണ്ടിരുന്നു.

അതിനാൽ ഞാൻ തയ്യിലച്ചന്റെ അടുക്കൽ രഹസ്യമായി ആളയച്ചു. 'മെത്രാൻകക്ഷിയിൽ അനുസരിച്ചു നടന്നു കൊള്ളാ'മെന്ന് അദ്ദേഹവും ഭാര്യയും സമ്മതിച്ചു. ഞാൻ അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു കുണ്ടറയ്ക്കു പോയി. തിരുമേനിയെ കണ്ട് വിവരമെല്ലാം ധരിപ്പിച്ചു. ഉടനെ ഒരു എഴുത്തുകാരനെ വരുത്തി, 1927 ന് 1102 കർക്കടകം 24-ാം തീയതി ഒരു ഉടമ്പടി എഴുതിച്ച് മൂന്നാം നമ്പർ പുസ്തകത്തിൽ ചേർത്തു രജിസ്റ്റർ ചെയ്യിച്ചു. ഈ മൂന്നാം നമ്പർ പുസ്തകത്തിലെ ഉടമ്പടി പകർപ്പുകൾ കോടതികളിലെ ഉത്തരവുകൂടാതെ അന്യർക്കു കൊടുക്കുന്നതല്ല. ആ ഉടമ്പടിയിൽ, അച്ചൻ, മാർ ദിവന്നാസ്യോസു തിരുമേനിയേയും, മാർ ഗ്രിഗോറിയോസു തിരുമേനിയേയും അനുസരിച്ചു നിന്നുകൊള്ളാമെന്നും, പാത്രിയർക്കീസുകക്ഷി ഉണ്ടാക്കുവാനോ അതിലൊരംഗമാകുവാനോ ശ്രമിക്കുന്നതല്ലെന്നും അങ്ങനെ വല്ലതുമുണ്ടായാൽ സകല നഷ്ടങ്ങളും തന്നു യാതൊരവകാശത്തക്കവുമുന്നയിക്കാതെ പള്ളിവിട്ടു പൊയ്ക്കൊള്ളാമെന്നും അച്ചൻ പൂർണ്ണമായി സമ്മതിച്ചൊപ്പുവെച്ചിരുന്നു.

www.malankaralibrary.com

## തയ്യിലച്ചന്റെ ഉടമ്പടിക്ക് ശേഷം

ഈ ഉടമ്പടി എഴുതിയ കാര്യം ആരോടും പറയരുതെന്നും, പറഞ്ഞാൽ കാര്യങ്ങളെല്ലാം വഷളാകുമെന്നും അദ്ദേഹത്തെ ഞങ്ങൾ ധരിപ്പിച്ചിരുന്നു. ഉടമ്പടി എഴുതിക്കഴിഞ്ഞു് മുടക്കു തീർത്ത കല്പനയും കൊടുത്തു. എല്ലാവരുടേയും അപേക്ഷപ്രകാരം അച്ചനെ എന്റെ തവണയിൽത്തന്നെ പള്ളിയിൽ കയററി ചൊല്ലിക്കയും ചെയ്തു. വളരെ ആളുകളും പള്ളിയിൽ കൂടിയിരുന്നു. അതെല്ലാം കഴിഞ്ഞപ്പോൾ തോമസും, മാത്തുണ്ണിയും പതുക്കെ അച്ചനെ സമീപിച്ചു. പാത്രിയർക്കീസുകക്ഷി ഉണ്ടാക്കണമെന്നും, അച്ചൻ മുന്നിട്ടു നില്ക്കണമെന്നും, അവരും ആ കക്ഷിയിൽ ചേർന്നു നിന്നുകൊള്ളാമെന്നും മററും പറഞ്ഞു നിർബന്ധിച്ചു. അതേവരെയും പാത്രിയർക്കീസു കക്ഷിക്കാരനായിരുന്ന അച്ചൻ, കഴത്തിൽ കയറിട്ട പൂച്ചയെ പോലെ പുറകോട്ടു വലിയുന്നതു കണ്ടു. അവർ അത്ഭുതപ്പെട്ടു. കിഴിഞ്ഞും കിടഞ്ഞും ചോദിച്ചപ്പോൾ അച്ചൻ ഉടമ്പടിക്കാര്യം അവരോടു പറഞ്ഞു. അവരതു കേട്ടപ്പോൾ ഞെട്ടിപ്പോയി. എങ്കിലും, അതു സാരമില്ല ഞങ്ങൾ മിഖായേൽ മാർദിവന്നാസ്യോസു മെത്രാച്ചനെ കൊണ്ടുവരാം, അച്ചനും കൂടെ വരണം എന്നുപറഞ്ഞു പിരിഞ്ഞു.

അവർ പോയി മിഖായേൽ മാർ ദിവന്നാസ്യോസു മെത്രാച്ചനെ കണ്ടു വിവരം അറിയിച്ചു. തനിക്കു കക്ഷിക്കാരില്ലാത്ത ഒരു പള്ളിയിൽ, ഒരു കക്ഷിയുണ്ടാക്കുന്നതു മിടുക്കാണെന്നു കരുതി എഴുന്നള്ളാമെന്നു സമ്മതിച്ചു. എന്റെ തവണയ്ക്കു കുർബാന ചൊല്ലാൻ തയ്യിലച്ചനെ ചുമതലപ്പെടുത്തിയിട്ട് ഞാൻ ആലപ്പുഴയ്ക്കു പോകാൻ ഇരുന്ന ഒരു ഞായറാഴ്ചയുടെ തലേ ശനിയാഴ്ച രാവിലെ, എന്റെ ഒരു സഹോദരനായ കന്നിമേലച്ചന്റെ ജേഷ്ഠൻ വന്ന് പള്ളി പൂട്ടാനുള്ള കതകിന്റെ മുൻപിലുള്ള പൂമുഖത്തു കാവലിരുന്നു, പള്ളിക്കൂടക്കുട്ടികളുടെയും അദ്ധ്യാപകരുടെയും മററും ആവശ്യം കരുതി പകൽ മുഴുവൻ പള്ളി തുറന്നിട്ടേയ്ക്കുക പതിവായിരുന്നു. അതു ഞാൻ പൂട്ടാൻ ചെന്നാൽ തടയണമെന്നു കരുതിയാണ് അദ്ദേഹം വന്നിരുന്നത്. ഈ ഇരിപ്പു കണ്ടപ്പോൾ എനിക്കു സംശയം തോന്നി. അന്നു ഞാൻ ആലപ്പുഴയ്ക്കു പോയില്ല. ആലപ്പുഴ പള്ളി മുടങ്ങാതിരിപ്പാൻ വേറൊരച്ചനെ ആലപ്പുഴയ്ക്കയച്ചിട്ടു ഞാൻ ചേപ്പാട്ടു നിന്നു.

www.malankaralibrary.com

## മിഖായേൽ മാർ ദിവന്നാസ്യോസിൻെറ എഴുന്നള്ളത്തു്

ഞാൻ വീട്ടിൽ പോയി അത്താഴം കഴിഞ്ഞു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പള്ളിയിൽ കൂട്ടമണി അടിക്കുന്നതു കേട്ടു. അല്പം കഴിഞ്ഞപ്പോൾ കപ്യാർ ഓടിവന്നു. മിഖായേൽ മെത്രാച്ചൻ പള്ളിയിൽവന്നു. പുളിമൂട്ടിൽ തോമസും ഏവരാത്തു കിഴക്കേതിൽ മാത്തുണ്ണിയും കന്നിമേലച്ചനും തയ്യിലച്ചനും എല്ലാം ഉണ്ടു് എന്നു പറഞ്ഞു. ഉടനെ ഞാൻ പള്ളിയിലേയ്ക്കു പോയി. കൂട്ടമണി കേട്ടു് ഇരു കക്ഷിക്കാരും ഓടിക്കൂടിയിട്ടുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ എന്റെ കക്ഷിക്കാർ വന്നു 'എന്താണു വേണ്ടതു്'' നാം ഇതു നോക്കിനിന്നാൽ പോരാ. മെത്രാച്ചൻ പള്ളിയിൽ കയറിയതു സമാധാനത്തോടെയല്ലെന്നു പരസ്യമാകണം' എന്നു പറഞ്ഞു അവർ പള്ളിയിലേയ്ക്കോടിക്കയറി.

ചെന്നിത്തലക്കാരൻ ഒരു ശെമ്മാശ്ശനായിരുന്നു തിരുമേനിയുടെ അംശ വടി ഉയർത്തിപ്പിടിച്ചിരുന്നതു്. ഈ പള്ളിയിൽ അംശവടി പിടിക്കേണ്ടതു നിങ്ങളല്ലെന്നു പറഞ്ഞു് അംശവടി പിടിച്ചു പറിച്ചു. അതുകണ്ടപ്പോൾ മറു കക്ഷിക്കാരും കയറി പിടികൂടി. പിടിവലികളുടെ ഫലമായി അംശവടി പല കഷണങ്ങളായി ഒടിഞ്ഞു. അപ്പോൾ മിഖായേൽ മെത്രാച്ചൻ ഭയന്നു മദ്ബഹായിൽ കയറി. മുൻപേതന്നെ ഭയന്നു് അവിടെ കയറിയിരുന്ന തയ്യിലച്ചൻ അതുകണ്ടു പെട്ടെന്നു മദ്ബഹായുടെ വടക്കേ ജനൽ വഴി വെളിയിലേയ്ക്കു ചാടി. ഭിത്തിയുടെ ബലത്തിനു വേണ്ടി പുറകു വശം ചരിച്ചു കെട്ടിയിട്ടുണ്ടായിരുന്നു. അതിൻെറ മുകളിലേയ്ക്കു ചാടിയ അച്ചൻ കാലു രണ്ടും ഉറയ്ക്കാതെ വഴുതി മുതുകു കുത്തിവീണു താഴോട്ടു് നിരങ്ങി ഒഴുകിപ്പോയി. അവിടെ നിന്നും ഒരു വിധത്തിലെഴുന്നേററു അദ്ദേഹം കടന്നു കളഞ്ഞു, അത്ര ഭീരുവായിരുന്നു അദ്ദേഹം.

അപ്പോഴേയ്ക്കും മൂന്നു പോലീസുകാരും വന്നുചേർന്നു. എല്ലാവരെയും പള്ളിയുടെ അകത്തു നിന്നു പുറത്താക്കി. വടിയുടെ കഷണങ്ങളെല്ലാം പോലീസുകാർ വാങ്ങിച്ചു. രണ്ടു സർപ്പത്തലയുടെ നടുവിലുള്ള സ്വർണ്ണക്കുരിശും മററും കിട്ടിയില്ല. തിരുമേനിയെ പള്ളിയിൽത്തന്നെ ഇരുത്തി. മററുള്ളവരെയെല്ലാം പുറത്താക്കി പള്ളിയുടെ വാതിലടച്ചു. പോലീസു കാരിലൊരുവൻ കാവൽ നിന്നു. മററു രണ്ടുപേർ മഹസ്സർ എഴുതാൻ തുടങ്ങി.

www.malankaralibrary.com

ജനങ്ങൾ അവരുടെ ചുററും കൂടിനിന്നു. ഞാൻ വീട്ടി ലേയ്ക്കു പോയി. 1927- ന് 1103 ചിങ്ങം 26-ാംനു- ഞായറാഴ്ച മിഖായേൽ മെത്രാച്ചൻ ചേപ്പാട്ട പള്ളിയിൽ കുർബാന ചൊല്ലി. അപ്പോഴേയ്ക്കു്. 'പള്ളിവിട്ട ഉടൻ പൊയ്ക്കൊള്ളണ'മെന്നുള്ള മജിസ്റ്റ്റേട്ടിൻെറ ഓർഡർ വന്നു. അതനുസരിച്ചു് അദ്ദേഹം പള്ളിവിട്ട പോകുകയും ചെയ്തു. മിഖായേൽ മെത്രാച്ചൻ ചേപ്പാട്ട പള്ളിയിൽ കയറിയതിൻെറയും അംശവടി ഒടിഞ്ഞതിൻെറയും കേൾവി കാട്ടതീ പോലെ നാലു വഴിക്കും പരന്നു.

## പുത്തൻവീട്ടിൽ കൊച്ചുണ്ണൂണ്ണിയുടെ മരണം

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി അന്നു തിരുവനന്തപുരത്തായിരുന്നു. വിവരങ്ങളെല്ലാം അദ്ദേഹത്തെ അറിയിക്കണമെന്നു കരുതി ഞാൻ തിരുവനന്തപുരത്തിനു പോയി. കാരിച്ചാൽ ആലുംമൂട്ടിലെ മൂത്തകുഞ്ഞു് എന്ന എൻെറ അളിയനും ഉണ്ടായിരുന്നു. ഞങ്ങൾ തിരുവനന്തപുരത്തു് എത്തി. അപ്പോൾ എൻെറ ഒരു സഹോദരനായ ചേപ്പാട്ട പുത്തൻ വീട്ടിലെ കൊച്ചുണ്ണൂണ്ണി മരിച്ചു എന്നു കമ്പി വന്നു. ക്ഷീരബല സേവിച്ചിരുന്ന അദ്ദേഹം പള്ളിയിലെ മല്പിടുത്തത്തിൽ ദണ്ഡം തട്ടിയാണു് മരിച്ചതു്. അതു 1103 ചിങ്ങം 27-ാം തീയതി ആയി രുന്നു. ഉടനെതന്നെ ഞങ്ങൾ ചേപ്പാട്ടേക്കു മടങ്ങിപ്പോയി കൊച്ചുണ്ണൂണ്ണിയുടെ ശവസംസ്കാരം നടത്തി.

പള്ളിയിൽ വച്ചുണ്ടായ 'വടിപിടുത്തത്തിൽ' എൻെറ കക്ഷിക്കാരനായ പുത്തൻവീട്ടിൽ കൊച്ചുണ്ണൂണ്ണിയോടെതൃത്തു് മറു വശത്തു നിന്നു് ശക്തിയായി പിടിച്ച ഒരാളും കൊച്ചുണ്ണൂണ്ണിയുടെ മരണ വാൎത്ത കേട്ടു് ഓടിക്കൂടിയവരുടെ കൂട്ടത്തിലുണ്ടായിരുന്നു. കൊച്ചുണ്ണൂണ്ണിയുടെ പട്ടി മൗനമായി മുററത്തു കിടക്കുകയായിരുന്നു. ആ പട്ടി എഴുന്നേററു് ജനക്കൂട്ടത്തിനിടയിൽ കൂടി ചെന്നു് അയാ ളുടെ കാലിൽ ഒരു നല്ല കടി കൊടുത്തിട്ടു് ഞരങ്ങി മൂളി ക്കൊണ്ടു് കടന്നു കളഞ്ഞു. അതുകണ്ടു് എല്ലാവരും അത്ഭുതപ്പെട്ടു. ആ പട്ടി പിന്നീടു് വീട്ടിൽ തിരിച്ചു വന്നിട്ടില്ലാ. അതും വീട്ടുവിട്ടു് എവിടേയൊ പോയി.

www.malankaralibrary.com

## പ്രമുഖന്മാരുടെ ആലോചന

അതു കഴിഞ്ഞു് ഞാൻ കോട്ടയത്തിനു പോയി. ഞാൻ കോട്ടയത്തു ചെന്നപ്പോൾ എറികാട്ടു കുഞ്ചെപ്പൻ മുതലായ മെത്രാൻ കക്ഷി പ്രമാണികൾ എന്നെ സമീപിച്ചു. മിഖായേൽ മെത്രാച്ചനെ പ്രതിയാക്കി ഒരു കൊലക്കേസ് കൊടുക്കണമെന്നും, മെത്രാച്ചനെ അറസ്റ്റും ചെയ്യിക്കണമെന്നും, അതിലേക്കു വേണ്ടി വരുന്ന ചെലവു മുഴുവൻ അവർ വഹിച്ചുകൊള്ളാമെന്നും പറഞ്ഞു് എന്നെ വളരെ നിർബ്ബന്ധിച്ചു. വ്യവഹാരത്തിനുള്ള നമ്മുടെ ജനങ്ങളുടെ ആർത്തി ഓർത്തു് എനിക്കു് വളരെ അത്ഭുതം തോന്നി. നിങ്ങൾ പണം ചെലവാക്കാമെന്നു പറയുന്നതു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇതിലേക്കു വേണ്ടിവരുന്ന കള്ളങ്ങളെല്ലാം ആരു പറയും? അംശവടിക്കു പിടി ഉണ്ടായപ്പോൾ മെത്രാച്ചൻ കൊച്ചുണ്ണൂണ്ണിയെ തല്ലിയെന്നും, ചങ്കുനോക്കിഇടിച്ചെന്നും, അതുകൊണ്ടാണു് കൊച്ചുണ്ണൂണ്ണി മരിച്ചതെന്നും, ഞാനും മററു പലരും അതു കണ്ടുവെന്നും ഒക്കെ പറയാതെ മെത്രാച്ചനെ കുററക്കാരനാക്കുന്നതെങ്ങനെയെന്നു് ഞാൻ പറഞ്ഞപ്പോൾ ഹാ! അങ്ങനെ തന്നെ മൊഴി കൊടുക്കണം. അതൊക്കെ കച്ചേരിക്കാര്യമല്ലയോ? അച്ചൻ ജീവിക്കുന്നതു് ഈ ലോകത്തിലാണു്. ഇവിടെ ഇതൊന്നും കൂടാതെ പററുകയില്ല. അല്ലെങ്കിൽ അച്ചൻ വല്ല ഗുഹയിലും പോയി തപസ്സുചെയ്തു ജീവിക്കണം. ഇവിടെ ആണായി ജീവിക്കണമെങ്കിൽ അതിനുതക്ക തന്റേടവും മിടുക്കും വേണം. എന്നൊക്കെയായിരുന്നു മറുപടി. അതുകേട്ടു് ഞാൻ വളരെ ദുഃഖിച്ചു. ഭഗ്നാശയനായി. ഇതൊക്കെ ചെയ്തു ജീവിച്ചാൽ പിന്നെ എനിക്കു സ്വർഗ്ഗരാജ്യം കിട്ടുമോ എന്നോർത്തു.

ഇസ്രായേൽക്കാരെക്കൊണ്ടു് അടിമവേല ചെയ്യിക്കുന്ന ഫറവോ രാജാവിന്റെ കൊട്ടാരത്തിലെ ജീവിതം വേണ്ടെന്നുവച്ചു് മോശ കൊട്ടാരം വിട്ടിറങ്ങിയതുപോലെ ഞാനും ഇതെല്ലാം വിട്ടു് ഇറങ്ങണം എന്ന ഒരു ചിന്ത എന്നിൽ ശക്തിമത്തായി തോന്നി. അങ്ങിനെയാണു് ഞാൻ കോട്ടയം വിട്ടതു്.

## വാദികളുമായുള്ള ഒത്തുതീർപ്പു്

ചേപ്പാട്ടു വന്ന ഉടനെ ഞാൻ എന്റെ എതിരാളികളെ സമീപിച്ചു. നാം എന്തിനാണു് ഇങ്ങനെ തമ്മിൽ മത്സരിക്കു

www.malankaralibrary.com

ന്നതു്? ഞാൻ എന്തു ചെയ്യണമെന്നു് നിങ്ങൾ പറയുക. അതു ഞാൻ ചെയ്തുകൊള്ളാം. അസത്യവും അനീതിയും ആകരുതെന്നേ എനിക്കു നിർബ്ബന്ധമുള്ളു. അതിനാക്കം പരിഭവമുണ്ടാകയില്ലല്ലൊ എന്നു് പറഞ്ഞു. മിഖായേൽ മെത്രാച്ചനെ വിളിച്ചു വരുത്തി അദ്ദേഹത്തെ കയ്യേററക്കാരനാക്കി അപമാനിച്ചു വിട്ടതിൽ സകലരും പുളിമൂട്ടിൽ തോമസിനേയും എവരത്തു കിഴക്കതിൽ മാത്തുണ്ണിയേയും കുററപ്പെടുത്തിക്കൊണ്ടിരുന്നു. അതിനാൽ ഇതിനൊരു വിരാമമിടണമെന്നു തോമസിനും തോന്നി. പള്ളിക്കൂടത്തിൻെറ മാനേജുമെൻറ് മാർ ഗ്രിഗോറിയോസ് തിരുമേനി ഒഴിയണമെന്നും ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയെ മാനേജരാക്കണമെന്നും അങ്ങനെയായാൽ കേസെല്ലാം അവസാനിപ്പിക്കാമെന്നും തോമസ് പറഞ്ഞു.

സ്ഥലവാസിയല്ലാത്ത പുതിയ ഒരു മാനേജർ വന്നാൽ അദ്ദേഹത്തിൻെറ ലോക്കൽമാനേജർ എന്ന നിലയിൽ സ്കൂൾ തൻെറ കൈവശം വരുത്താമെന്നായിരിക്കാം തോമ്മസ്സിന്റെ അന്തർഗതം. അതെങ്ങനെയുമാകട്ടെ. ഈ മത്സരത്തിൽനിന്നും മാറണം എന്നു് എനിക്കു തോന്നി. ' അതിലേക്കു തിരുവല്ലായിൽ കൊച്ചുമാമ്മൻ വക്കീലിനേയും കാർത്തികപ്പള്ളിൽ പീലിപ്പോസ് വക്കീലിനേയും കിണററുകര ഈപ്പൻ വക്കീലിനെയുംമററും ചേപ്പാട്ടു പള്ളിയിൽ വിളിച്ചുവരുത്തി ആലോചിച്ചു. എല്ലാവരും ഈ തീരുമാനത്തെ പിൻതാങ്ങി. അനന്തരം ഞാൻ കോട്ടയത്തു ചെന്നു് മാർ ദിവന്നാസ്യോസ് തിരുമേനിയെ കണ്ടു് വിവരം അറിയിച്ചു. കല്പന വാങ്ങി. ഞാൻ പെരിനാട്ടു ബഥനിയിൽ ചെന്നു് ബഥനി മെത്രാച്ചനെ അറിയിച്ചു. മാർ ഗ്രിഗോറിയോസ് തിരുമേനി അന്നു് മാക്കാംകുന്നു് പള്ളിയിലുണ്ടായിരുന്നു. മാനേജുമെൻറ് മാററത്തിനുള്ള ഫാറം രണ്ടുപേരെക്കൊണ്ടും ഒപ്പിട്ടുവിച്ചു് കറസ്പോണ്ടൻറായ ഞാൻതന്നെ ഡയറക്ടർക്കയച്ചു. അതു് അനുവദിക്കുകയും ചെയ്തു.

## പുതിയ കേസ് ആലപ്പുഴ ജില്ലാക്കോർട്ടിൽ

ഇങ്ങനെ കേസ് രാജിയായി തീർന്നിരിക്കുന്ന വിവരം ഹരിപ്പാട്ടു് മുൻസിഫ് കോർട്ടിൽ ഹർജി കൊടുക്കുന്നതിനു് മൂന്നാം വാദിയായ മാത്തുണ്ണി ചേർന്നില്ല. അദ്ദേഹം മാറിക്ക

www.malankaralibrary.com

ളഞ്ഞു. ഒന്നും രണ്ടും വാദികൾ മാത്രമേ ഹർജിയിൽ ഒപ്പിട്ടുള്ളു. മൂന്നു വാദികളും ചേർന്നിട്ടില്ലാത്തതിനാൽ കേസ് വിധി പറയു വാനായി എടുത്തു. ഇടവക മെത്രാപ്പോലീത്തായും സ്കൂൾ മാനേ ജരുമായ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മൊഴിയും, ഞാൻ ഹാജരാക്കിയ കണക്കുകളും പരിശോധിച്ചശേഷം ഈ കേസ് ഒരു അനാവശ്യക്കേസാണെന്നും അതിനാൽ കേസ് ചെലവുസ ഹിതം തള്ളിയിരിക്കുന്നു എന്നും കാണിച്ച് വിധി പ്രസ്താവിച്ചു. ഉടനെ മാത്തുണ്ണി ആലപ്പുഴ ജില്ലാക്കോർട്ടിൽ ഒരു പുതിയ കേസുകൊടുത്തു. തോമസിൻെറയും മററും ഉള്ളാലോചനയോടു കൂടിയായിരിക്കണം മാത്തുണ്ണി ആ കേസ് കൊടുത്തതെന്നു വിചാ രിപ്പാൻ ന്യായമുണ്ട്.

## യാക്കോബായസഭ വിടാനുള്ള ആലോചന

ആലപ്പുഴ ജില്ലാക്കോർട്ടിൽ കേസുകൊടുത്തു എന്നറിഞ്ഞ പ്പോൾ ഈ യാക്കോബായസഭ ഉടൻ വിടണം. ക്രിസ്തുവിൻ്റെ സമാധാനം ശീശ്മസഭകളിൽ ലഭ്യമല്ല. അതു പത്രോസിനെ തലവനാക്കിക്കൊണ്ട് ക്രിസ്തു സ്ഥാപിച്ച കത്തോലിക്കാസഭയിൽ മാത്രമേ കിട്ടുകയുള്ളു എന്ന ചിന്തയായി. കത്തോലിക്കാ പുന രൈക്യം എങ്ങനെ സാധിക്കും? ഞാൻ ഏകനും അശക്തനുമാണ്. നല്ല ചങ്കുററവും തീഷ്ണതയുമുള്ള കുറെപ്പേരെക്കൂടി കിട്ടണം. അന്ത്യോക്യൻ റീത്ത് അനുവദിച്ചു കിട്ടുമെങ്കിൽ കത്തോലിക്കരു മായി പുനരൈക്യപ്പെടാമെന്ന് ബഥനി തിരുമേനിയും ആശ്രമ സ്ഥരും പറയുന്നതു കേട്ടിട്ടുണ്ട്. അതിനാൽ ബഥനി ആശ്രമ ത്തിൽ ചേർന്ന് അവരോടുകൂടെ പുനരൈക്യത്തിനു ശ്രമിക്കുക യാണു നല്ലതെന്ന് തോന്നി. ഞാൻ ആശ്രമത്തിൽ താമസിക്കു മ്പോൾ വരുന്ന ചെലവിലേയ്ക്കായി ഒന്നേമുക്കാൽ ഏക്കറിൽ കൂടു തൽ വിസ്താരം വരുന്ന ഒരു തെങ്ങിൻപുരയിടവും അവിടെ ഒരു ചാപ്പൽ വയ്ക്കുവാനായി എഴുന്നൂറിൽപരം രൂപായുടെ ഒരു പണ യാധാരവും കൂടി 1928 ന് 1103 മീനം 15-ാം തീയതി ബഥനി സുപ്പീരിയർ മാർ ഈവാനിയോസ് തിരുമനസ്സിലേയ്ക്കു ഞാൻ തീറാധാരം എഴുതിക്കൊടുത്തു. ബാക്കി വസ്തുക്കൾ രണ്ടായി വീതിച്ച് ഒരു ഭാഗം എൻെറ ജ്യേഷ്ഠസഹോദരനും മറേറഭാഗം എൻെറ ഇളയ സഹോദരനും ആയി 1103 മീനം 16-ാം തീയതി

www.malankaralibrary.com

ഇഷ്ടദാനയാധാരമായും എഴുതിക്കൊടുത്തു. പള്ളിക്കുടപ്പണിക്കായി പണയാധാരപ്രകാരം വാങ്ങിയ ആയിരം രൂപ പലിശ സഹിതം കൊടുത്തു വീട്ടുന്നതിനു് ആയിരത്തിഅഞ്ഞൂറു രൂപ രൊക്കമായി മാർ ഈവാനിയോസിനെ ഏല്പിച്ചു. അദ്ദേഹം ആ കടം വീട്ടുകയും ചെയ്തു.

## എൻെറ വിടവാങ്ങൽ

അനന്തരം ഞാൻ പള്ളിയിൽ കയറി. ഞങ്ങളുടെ കുടുംബത്തിലെ വലിയ പിതാമഹനായ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താതിരുമനസ്സിലെ കബറിടത്തിൽ ചെന്നു് കുമ്പിട്ടുകിടന്നു് കരഞ്ഞുപ്രാർത്ഥിച്ചു. എൻെറ പിതാവെ! എന്നിൽ നിന്നും വന്നുപോയിട്ടുള്ള തെററുകൾ ദൈവം ക്ഷമിക്കുവാനായി പ്രാർത്ഥിക്കണമെ! വഴക്കും വ്യവഹാരവുമായി ഞാൻ കഴിഞ്ഞുകൂടുന്നതിനു് എനിക്കിഷ്ടമില്ല. വ്യവഹാരം വെറുത്തു് തിരുമേനി സമുദായഭരണം ഉപേക്ഷിച്ചതുപോലെ ഈ പള്ളിഭരണം ഞാനും ഉപേക്ഷിക്കുന്നു. മകനായ അബ്ശാലോം എതൃത്തപ്പോൾ ദാവീദുരാജാവു് കൊട്ടാരം വിട്ടു വിജനപ്രദേശത്തേയ്ക്കു് ഓടിപോയതുപോലെ ഞാനും മക്കളോടു യുദ്ധംചെയ്യുവാൻ നില്ക്കാതെ വനവാസത്തിനു പോകയാണു്. എൻെറ ശത്രുക്കൾ അന്യരായിരുന്നെങ്കിൽ സഹിക്കാമായിരുന്നു. മക്കളോടു പോരാടാൻ പോകുന്നതിൽ ഭേദം കൊട്ടാരം വിടുകയാണു് നല്ലതെന്നു ദാവീദു രാജാവിനു തോന്നിയെങ്കിൽ ഈ ഏഴയുടെ കാര്യം എന്തു പറയാനാണു്! ഞാനും ദൈവത്തിൻെറ ന്യായാസനത്തിൻെറ മുമ്പാകെ നില്ക്കേണ്ടവനല്ലയോ? വഴക്കും വ്യവഹാരവുമായി ആയുസ്സു് കഴിച്ചാൽ എൻെറ സ്വർഗ്ഗരാജ്യം നഷ്ടപ്പെട്ടുപോകയില്ലയോ? ഇനിയും ഈ കബറിടത്തിൽ വന്നു് ഇതുപോലെ സങ്കടം അറിയിക്കുവാൻ എനിക്കു സാധിച്ചില്ലെന്നു വരാം. എൻെറ ഭാവിക്കുവേണ്ടി തിരുമേനി സഹായിക്കേണമേ! എന്നൊക്കെ പ്രാത്ഥിച്ചു ശേഷം അവിടെനിന്നും എഴുന്നേററു് എൻെറ വലിയപ്പച്ചനായ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടേയും വലിയമ്മച്ചിയുടേയും കബറിങ്കൽ പോയി മുട്ടുകുത്തി. കണ്ണീരൊഴുക്കി ഇതുപോലെ പ്രാർത്ഥിച്ചു. വിടവാങ്ങി തിരിയെ പള്ളിയിൽ കയറി ഞാൻ

www.malankaralibrary.com

എല്ലാം ചുററിനോക്കി. എൻെറ ദേവാലയമെ! എൻെറ ബലി പീഠമെ! ഞാൻ പോകയാണ്. ഗീവറുഗീസ്സ് സഹദായെ എൻെറ വഴി വളരെ ഇരുണ്ടതും ഇടുങ്ങിയതുമായി തോന്നുന്നു. അങ്ങ് സ്വർഗ്ഗത്തിൽനിന്നു എന്നെ കാത്തുകൊള്ളേണമേയെന്ന് പ്രാർത്ഥിച്ചശേഷം പള്ളിയും പള്ളിമേടയും പൂട്ടി രണ്ടിൻേറയും താക്കോൽ വിട്ടിൽ ഏല്പിച്ചു. അതു പുളിമ്മൂട്ടിൽ തോമസിനെ ഏല്പിക്കവാൻ എൻെറ അനുജൻ മാത്തുക്കുട്ടിയോടു പറഞ്ഞിട്ട് എൻെറ സഞ്ചിയുമെടുത്ത് 1928 ന് 1103 മീനം 17-ാം തീയതി ഞാൻ തിരുവല്ലാ ബഥനി ആശ്രമത്തിലേയ്ക്കു യാത്രയായി

## തിരുവല്ലാ ചേരീലെ കൊച്ചുകുഞ്ഞിൻെറ മരണം

വടശ്ശേരിക്കര ബഥനി ആശ്രമത്തിലേയ്ക്ക് പോകുന്നതിനു മുമ്പായി ഞാൻ തിരുവല്ലായിൽ രണ്ടാഴ്ച താമസിച്ചു. തിരുവല്ലാ ചേരിയിലെ കൊച്ചുകുഞ്ഞ് കത്തോലിക്കാസഭയുമായി പുനരൈക്യമുണ്ടായിക്കാണുവാൻ വളരെ ആഗ്രഹിച്ചിരുന്ന ഒരാളായിരുന്നു. അദ്ദേഹം സുഖമില്ലാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പോയി ചികിത്സനടത്തി സുഖമാകാതെ തിരുവല്ലായ്ക്ക് തിരികെ വന്നിരുന്നു. ഞാൻ തിരുവല്ലായിൽ താമസിക്കുമ്പോൾ അദ്ദേഹം മരിച്ചു. തൻെറ മൃതശരീരം ബഥനി പള്ളി സെമിത്തേരിയിൽ തന്നെ അടക്കണമെന്ന് മരിക്കുന്നതിനു മുമ്പുതന്നെ കുടുംബാംഗങ്ങളോടെല്ലാം അദ്ദേഹം പറഞ്ഞിരുന്നു. അതിനാൽ മൃതശരീരം ബഥനി പള്ളിയിലേക്കു കൊണ്ടുപോകാനായി ഒരു പെട്ടിയിൽവച്ചു എടുത്ത് വീട്ടിൽനിന്നിറങ്ങി വടക്കോട്ടു തിരിച്ചു അപ്പോൾ കുറെ യാക്കോബായക്കാർ വന്ന് തടഞ്ഞുനിറുത്തി. ശവം യാക്കോബായ പള്ളിയിലേക്കു കൊണ്ടുപോകണമെന്നു ശഠിച്ചു. അങ്ങനെ വാദിച്ച് ഒരുമണിക്കൂറോളം വഴിയിൽ നില്ക്കേണ്ടിവന്നു. ആ സമയത്ത് ആശ്രമക്കാർ വഴിക്കാലായുടെ വിലാപഗീതം നിറുത്താതെ ചൊല്ലിക്കൊണ്ടിരുന്നു. ഒടുവിൽ ഒരു കാർ കൊണ്ടുവന്ന് മൃതശരീരം ആ കാറിൽവച്ച് തെക്കോട്ടു വിട്ട് തിരുമൂലപുരം ബഥനി പള്ളിയിൽ കൊണ്ടുചെന്നു ഞങ്ങൾ ആ മൃതശരീരം ആ പള്ളിയിൽ സംസ്കരിക്കയും ചെയ്തു.

www.malankaralibrary.com

## ഹൈക്കോടതിയുടെ വിധിക്കു ശേഷം

മാർ ദിവന്നാസ്യോസിൻെറ മുടക്ക് ശരിയാണെന്നും അദ്ദേഹത്തിനു് സമുദായസ്വത്തു ഭരിക്കുവാനവകാശമില്ലെന്നും സമുദായഭരണം മാർ ക്കുറിലോസ് പാർട്ടിക്കാർക്കു വിട്ടുകൊടുക്കണമെന്നും തിരുവിതാംകൂർ ഹൈക്കോടതി വിധിച്ചു. അബ്ദല്ലാ പാത്രിയർക്കീസും അബ്ദൽമിശിഹാ പാത്രിയർക്കീസും കാലംചെയ്തു പോയി. പകരം ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് സിംഹാസനസ്ഥനായി. അദ്ദേഹത്തെ കണ്ടു ഒരു സമാധാനമുണ്ടാക്കാമെന്നു കരുതി മാർ ദിവന്നാസ്യോസ് 1924 ൽ മറുദീനിലേക്ക് പോയി. വഴിമദ്ധ്യേ ബാഗ്ഡാഡിലുള്ള ഒരു റയിൽവേസ്റ്റേഷനിൽവച്ച് റഹമ്മാനി പാത്രിയർക്കീസിനെ കാണാനിടയായി. അദ്ദേഹം യാക്കോബായ സഭ വിട്ടു കത്തോലിക്കാസഭയിൽ ചേന്നു നടന്നുവന്ന ഒരു അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു. യാക്കോബായ പാത്രിയർക്കീസന്മാർ വഴക്കാളികളാണെന്നും. സമുദായത്തെ ഭിന്നിപ്പിച്ചു ഭരണം നടത്തുന്ന നയക്കാരാണെന്നും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ സമ്മതമുണ്ടെങ്കിൽ മലങ്കരസഭയ്ക്കു് വേണ്ടതെല്ലാം താൻ ചെയ്തുതരാമെന്നും പറഞ്ഞു. മാർ ദിവന്നാസ്യോസ് അതെല്ലാം കേട്ടശേഷം താൻ തിരിച്ചു വരുമ്പോൾ അദ്ദേഹത്തിൻെറഅടുക്കൽ ചെല്ലാമെന്നും സമ്മതിച്ചു പിരിഞ്ഞു.

മാർ ദിവന്നാസ്യോസ് മറുദീനിൽ എത്തി. മോറാൻ മോർ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസിനെ കണ്ടു. അദ്ദേഹം മാർ ദിവന്നാസ്യോസിൻെറ മുടക്കു തീർത്തു് കല്പനയെഴുതി. അതു മലങ്കരെ വന്ന ഇരുകക്ഷികളെയും രമ്യപ്പെടുത്തി വായിക്കുന്നതിലേക്കായി മാർ യൂലിയോസ് ബാവായുടെ പക്കൽ കൊടുത്തു് അദ്ദേഹത്തേയും കൂടെ മാർ ദിവന്നാസ്യോസിനോടൊരുമിച്ചു അയച്ചു. മാർ യൂലിയോസ് കൂടെയുണ്ടായിരുന്നതിനാൽ റഹമ്മാനി പാത്രിയർക്കീസിൻെറ അടുക്കൽ പോകാൻ സാധിച്ചില്ല. മെത്രാച്ചന്മാർ രണ്ടുപേരും ബോംബെയിലെത്തി. ബാവാകക്ഷി പ്രമാണികൾ നേരത്തെ ബോംബെയിലെത്തിയിരുന്നു. അവർ മാർ യൂലിയോസ് ബാവായേയും കൂട്ടിക്കൊണ്ടു് പോന്നു. ആ കല്പന പിന്നെ വായിക്കയുണ്ടായില്ല.

www.malankaralibrary.com

## പാത്രിയർക്കീസ് മലങ്കരയിൽ

ഇൻഡ്യ വൈസ്രോയി എർവിൻ പ്രഭു ഇക്കാര്യത്തിൽ ഇടപെട്ടു. പാത്രിയർക്കിസിനെ തന്നെ മലങ്കരയ്ക്കു വരുത്തി. മാർ ദിവന്നാസ്യോസിൻെറ മുടക്ക് തീർത്ത വിവരം അദ്ദേഹം ആലുവായിൽവച്ച് പ്രസ്താവിച്ചു എങ്കിലും കല്പന ഇറക്കുന്നതിനു മുമ്പായി പാത്രിയർക്കീസു മഞ്ഞനിക്കരവച്ചു കാലംചെയ്യുകയും ചെയ്തു.

## കേസിൻെറ റിവിഷൻ അപേക്ഷ

ശ്രീ. വീരരാഘവയ്യങ്കാരുടെ വിധിയിൽ പിശകുണ്ടെന്നും കേസ് വീണ്ടും കേൾക്കണമെന്നും കാണിച്ച് ഒരു റിവിഷൻ അപേക്ഷ കൊടുക്കണമെന്ന് തീർച്ചപ്പെടുത്തി. ശ്രീ. വീരരാഘവയ്യങ്കാർ തന്നെ അതു കേട്ടാൽ അദ്ദേഹത്തിൻെറ മുൻ വിധിയെ സ്ഥിരപ്പെടുത്തി വിധിക്കുകയേ ഉള്ളു എന്ന് ആശങ്കയുണ്ടായിരുന്നു. റിവിഷൻ അപേക്ഷയ്ക്കു രണ്ടുമാസത്തെ കാലാവധിയെ ഉള്ളു. വീരരാഘവയ്യങ്കാർ പെൻഷൻ പററി പിരിയുന്നതിന് മൂന്നുമാസം കൂടിയുണ്ടുതാനും. റിവിഷൻ പെററീഷൻ കയ്യിൽ കിട്ടിയാൽ അദ്ദേഹം അതുകേട്ട് തള്ളിവിധിക്കയും ചെയ്യും. എന്താണ് വേണ്ടതെന്നറിയാതെ എല്ലാവരും വിഷമിച്ചു. ഏതായാലും കാലാവധി തീരുന്നതിനു് മുമ്പെ റിവിഷൻ അപേക്ഷ കൊടുത്തു.

ആ അപേക്ഷ വന്നതായി ഹൈക്കോടതിയിലെ ഇൻവന്ററി രജിസ്റ്ററിൽ രേഖപ്പെടുത്തി. അനന്തരം ആ അപേക്ഷ മററു ചില റിക്കാർഡുകളോടുകൂടെ ചേർന്ന് പരവൂർ കോർട്ടിലേക്ക് പോയി. അതു അവിടെ ചെന്ന വിവരം ആ കോടതിയിലെ ഇൻവന്ററി രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം അതു തിരുവനന്തപുരം ഹൈക്കോടതിയിലേക്ക് തിരിച്ചയക്കുവാനായി ഡസ്പാച്ചിംങ്ങ് ക്ലാർക്കിനെ ഏൽപ്പിച്ചു. എങ്കിലും ശ്രീ വീരരാഘവ അയ്യങ്കാർ പെൻഷൻ പററി പിരിയുന്നതുവരെയും അതു അവിടെ കിടന്നുപോയി. പിന്നത്തെ ചീഫ് ജസ്റ്റീസായി മി. ചാററു ഫീൽഡ് ചാർജ്ജെടുത്തു അപ്പോൾ തങ്ങളുടെ റിവിഷൻ പെററീഷൻ ഇങ്ങനെ വച്ചു താമസിപ്പിക്കുന്നതു് സങ്കടമാണെന്നും അതു് ഉടനെ കേൾക്കണമെന്നും കാണിച്ച് മാർ ദിവന്നാസ്യോസ് പക്ഷക്കാർ കോടതിയിൻ അപേക്ഷ കൊടുത്തു.

www.malankaralibrary.com

അപ്പോഴേക്ക് ആ റിവിഷൻ പെററീഷൻ പറവൂർ കോടതിയിൽനിന്നും തിരിച്ചു വന്നിരുന്നു. കേസ് ഉടനെ എടുത്തു സൂക്ഷ്മക്കുറവിനു് ക്ലർക്കന്മാർക്കു് രണ്ടുരൂപാവീതം പിഴ നിശ്ചയിച്ചു. ഇരുകക്ഷികളുടെയും വാദം കേട്ടശേഷം മാർ ദിവന്നാസ്യോസിനെ വിസ്തരിക്കുകയോ അദ്ദേഹത്തോടു സമാധാനം ചോദിക്കുകയോ ചെയ്യാതെയാണു് മുടക്കിയതെന്നും അതു സാധാരണ പ്രകൃതിനീതിക്കു് (Natural justice) ചേർന്നതല്ലെന്നും അതിനാൽ മുടക്കു് അസാധുവാണെന്നും അദ്ദേഹത്തിനു് മലങ്കര മെത്രാനായി ഭരണം തുടരാമെന്നും വിധിച്ചു. അങ്ങിനെ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാനായി കാലംചെയ്യുന്നതുവരെയ്ക്കും വാണു.

## കത്തോലിക്കാ പുനരൈക്യ ചിന്ത

മാർ ദിവന്നാസ്യോസ് തിരുമേനി അങ്ങിനെ രക്ഷപ്പെട്ടു. എങ്കിലും അന്ത്യോക്യാ പാത്രിയർക്കീസന്മാരുടെ ഈ ദുർക്കിനയം എപ്പോഴെങ്കിലും കുഴപ്പമുണ്ടാക്കുമെന്നും അദ്ദേഹത്തെ ഉപേക്ഷിച്ചു അപ്രേംറഹമാനി പാത്രിയർക്കീസിനെ സ്വീകരിച്ചാലെന്താണെന്നു ചിന്തയായി. അദ്ദേഹത്തിന്റെ പേർക്കു് ഉടൻതന്നെ എഴുതി ചോദിച്ചു. തന്നോടുകൂടെ കത്തോലിക്കാ പുനരൈക്യത്തിൽ ചേരുന്ന പക്ഷം മലങ്കരസഭ ആവശ്യപ്പെടുന്ന എല്ലാ ആനുകൂല്യങ്ങളും ചെയ്തുതരാമെന്നു് റഹമാനി പാത്രിയർക്കീസിൻെറ മറുപടി വന്നു. എല്ലാവർക്കും വലിയ സന്തോഷമായി. ഈ വിവരം സമുദായപ്രമാണികളെ അറിയിച്ചു അവരുടെ അഭിപ്രായമെന്താണെന്നറിയുവാനായി അവരെയെല്ലാം ക്ഷണിച്ചുവരുത്തി തിരുവനന്തപുരത്തുവച്ചു് ഒരു യോഗം കൂടി.

ഫാദർ പി. ററി. ഗീവറുഗീസ് എം. എ. സംഗതികളെല്ലാം അവരെ വിശദമായി പറഞ്ഞു മനസ്സിലാക്കി. ഉടനെ മി. ഇ. ജെ. ജോൺ വക്കീൽ എഴുന്നേററു് പറഞ്ഞു: ഈ റഹമാനി പാത്രിയർക്കീസും നമ്മുടെ അബ്ദല്ലാബാവായുടെ നാട്ടുകാരനല്ലിയോ? അതു രണ്ടും ഒരുപോലെയിരിക്കും. നാം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാനാണു് വിചാരിക്കുന്നതെങ്കിൽ നേരേ മാർപ്പാപ്പായുമായി എഴുത്തുകുത്തു നടത്തി പുനരൈക്യപ്പെടുകയാണു് വേണ്ടതു്. അവർ യൂറോപ്യന്മാരാണു്. തുർക്കികളെ

www.malankaralibrary.com

പ്പോലെ വരികയില്ല എന്നു പറഞ്ഞു. അതു ശരിയാണെന്നെല്ലാവരും സമ്മതിച്ചു. അങ്ങിനെയാണ് റഹമാനി പാത്രിയർക്കീസുമായുള്ള ആലോചന വിട്ടു 1926 മുതൽ റോമ്മായുമായി നേരെ എഴുത്തുകുത്തു നടത്തിത്തുടങ്ങിയതെന്നുള്ളതും സ്മർത്തവ്യമാണ്.

## എൻെറ ആശ്രമ ജീവിതം

ഞാൻ തിരുവല്ലായിൽനിന്നും പെരുനാട്ട് ബഥനി ആശ്രമത്തിൽ എത്തി. ഞാൻ ആശ്രമത്തിൽ ചെന്നപ്പോൾ അവിടത്തെ സുപ്പീരിയർ ഫാദർ ഏബ്രഹാം ഒ. ഐ. സി. ആയിരുന്നു. ആശ്രമത്തിലെ വ്രതാനുഷ്ഠാനങ്ങളെക്കുറിച്ച് വളരെ പഠിക്കാനുണ്ട്. അതു കൂടാതെ പല വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും വായിക്കാനുണ്ടായിരുന്നു. ആശ്രമത്തിലുള്ളവരെല്ലാം ഒന്നുരണ്ടു മണിക്കൂർ വേലചെയ്യണമെന്നാണ് നിയമം. ഞാൻ ഒരു വൈദീകനാകയാൽ എനിക്കു വേല തരുന്നതിൽ അവർ വിമുഖരായിരുന്നു. എങ്കിലും, ഞാനും അവരോടൊത്തു് വേല ചെയ്തുവന്നു. ഭക്ഷണം പാത്രത്തിൽ വിളമ്പിവച്ചതിനുശേഷമായിരക്കും മണി അടിക്കുന്നതു്. വേദപുസ്തകത്തിൽനിന്നോ വിശുദ്ധന്മാരുടെ ജീവചരിത്രത്തിൽനിന്നോ ഒരുഭാഗം ഒരാൾ ഭക്ഷണസമയത്തു് എഴുന്നേററുനിന്നു വായിക്കും. അദ്ദേഹം ഒഴിച്ചുള്ളവരെല്ലാം മൌനമായിരുന്നു് ഭക്ഷണം കഴിക്കും. അങ്ങനെയായിരുന്നു അവിടുത്തെ പതിവു്.

## വഴിയിൽ പാമ്പു്

അവിടങ്ങളിലെ പാമ്പിനു് മനുഷ്യരെ ഭയമില്ല. അതിനു മനുഷ്യരെ കടിക്കണമെന്നുമില്ല. ഒരിക്കൽ ഞാൻ ചാപ്പലിൽ നിന്നും ഇറങ്ങി വരുമ്പോൾ വഴിയരികിലെ ഈടിക്കുള്ള ഒരു പൊനത്തിൽനിന്നു് ഒരു നല്ല മൂർഖൻ പാമ്പു് തല വെളിയിലേക്കിട്ടു് പത്തി വിടർത്തി നിന്നു് ഇളംവെയിലേററു് സുഖിക്കുന്നതു കണ്ടു. കുറച്ചുനേരം ഞാൻ നോക്കിനിന്നു. അതു് എന്നെ കണ്ടിട്ടു് തെല്ലും അനങ്ങിയില്ല. ഞാൻ ചെന്നു് മററുള്ളവരോടു വിവരം പറഞ്ഞു. അവർ വടിയുമായി എത്തിയപ്പോഴും ഇഷ്ടൻ വെയിൽ കാച്ചി സുഖിക്കയായിരുന്നു. അതുകണ്ടാൽ ആർക്കും അതിനെ കൊല്ലാൻ തോന്നുകയില്ല. എന്നാൽ അവർ അടുത്തു ചെന്നു് അതിനെ തല്ലികൊന്നുകളഞ്ഞു.

www.malankaralibrary.com

## കാട്ടുതീ കയറി വന്നത്

ഞങ്ങൾ താമസിക്കുന്ന കുന്നിൻെറ വടക്കുവശത്തായി വളരെ ഉയരമുള്ള ഒരു മല കിഴക്കുപടിഞ്ഞാറായി നീണ്ടുനിവന്നു കിടപ്പുണ്ട്. അതു വനമാണ്. ഞങ്ങളുടെ ആശ്രമക്കെട്ടിടങ്ങളും അനാഥശാലയും ചാപ്പലുമെല്ലാം മേയുന്നതിനുള്ള പുല്ല് അറുത്തു കൊണ്ടുവരുന്നത് ആ വനത്തിൽനിന്നായിരുന്നു. പുല്ലറുക്കുവാൻ ചെന്നവർ നൂറുനൂററമ്പതുകെട്ടു പുല്ലറുത്തുകെട്ടി അടുത്തുള്ള കാട്ടു വൃക്ഷങ്ങളിൽ കുത്തിച്ചാരി വച്ചു. അപ്പോൾ ആ മലയുടെ താഴെ നിന്നും കാട്ടുതീയ് പടർന്നുപിടിച്ചു കയറിവരുന്നതു കണ്ടു്, 'കാട്ടുതീയ് വരുന്നേ! ഓടിവരിനോ!' എന്ന് ആ മലയിൽനിന്നും വേലക്കാർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഭക്ഷണം വേഗത്തിൽ കഴിച്ചു തീർത്തിട്ടു ഞങ്ങൾ ഓടി മലകയറിച്ചെന്നു. ഒന്നും രണ്ടും കെട്ടു വീതം എടുത്തുകൊണ്ടു് മലയിറങ്ങി വന്നു. കാടില്ലാത്തതും തീയ് കയറാനിടമില്ലാത്തതുമായ സ്ഥലത്തു കൊണ്ടുവന്ന് വൃക്ഷച്ചുവട്ടിൽ കുത്തിച്ചാരി വച്ചുതുടങ്ങി.

അപ്പോൾ പാട്ട് പാടിക്കൊടുത്തതു ഞാനായിരുന്നു. കണ്ണിൽ കണ്ടതും വായിൽ തോന്നിയതുമെല്ലാം പാട്ടായി നീട്ടിപ്പാടി. അതുകേട്ട് എല്ലാവരും ചിരിച്ചു. മലഞ്ചെരുവിൽക്കൂടി തൂക്കെ ഇറങ്ങാൻ സാധിക്കയില്ല. ചരിഞ്ഞു നീളത്തിൽ നടന്നു പതുക്കെ ഇറങ്ങിവരണം. കാട്ടുതീയ് മുകളിൽ കയറുന്നതിനു മുൻപുതന്നെ പുല്ലുകെട്ടുകളെല്ലാം ഞങ്ങൾ താഴത്തെ ആശ്രമപ്പുറമ്പിൽ കൊണ്ടുവന്ന് കുത്തിച്ചാരിവെച്ചു. ആ മലയിൽ പന്നികളുടെയും, മരപ്പട്ടികളുടെയും, കുരങ്ങിൻെറയുംമററും ശല്യം ധാരാളം ഉണ്ടായിരുന്നു. തെങ്ങിനു മണ്ടപ്പുഴുവിൻെറ ഉപദ്രവവും കുറവല്ലായിരുന്നു. അതിനൊക്കെ ഞങ്ങൾ പ്രതിവിധി ചെയ്തു കൊണ്ടിരുന്നു

## എൻെറ അപ്പച്ചൻെറ മരണം

അങ്ങനെയിരിക്കെ 1929 ന് 1104 മീനം 28–ാം തീയതി വഞ്ചിയിൽ പീലിപ്പോസ് കൊച്ചുകോശിയെന്ന എൻ്റെ അപ്പച്ചനു ദീനം കൂട്ടുതലായിരിക്കുന്നുവെന്ന് എന്നോടു പറയുവാൻ വീട്ടിൽ

www.malankaralibrary.com

നിന്നും എന്റെ അമ്മാച്ചന്റെ മകൻ വേലൻേറത്തേ ശമുവേൽ വന്നു. അതിരാവിലെതന്നെ ഞങ്ങൾ രണ്ടുപേരും ആശ്രമത്തിൽ നിന്നും പുറപ്പെട്ടു. വടശ്ശേരിക്കരവഴി വന്നു പത്തനംതിട്ടയെത്തി. പന്തളത്തിനുള്ള ബസ്സു കയറി. വഴിമദ്ധ്യേ പെട്രോളില്ലാഞ്ഞതു കൊണ്ട് ബസ്സു നിന്നു. ഒരാൾ സൈക്കിളിൽ പന്തളത്തു ചെന്നു് പെട്രോൾ കൊണ്ടുവരുന്നതുവരെയും ഞങ്ങൾ വഴിയിൽ താമസി ക്കേണ്ടിവന്നു. വിശപ്പും ക്ഷീണവും വളരെയായി. അടുത്തെങ്ങും കാപ്പിക്കടപോലുമില്ല. എന്റെ കാഷായവസ്ത്രം കണ്ടു് ഒരു സ്ത്രീ ഞാനൊരു ബഥനിക്കാരനാണെന്നു മനസ്സിലാക്കി. അടുത്തുവന്നു് സംസാരിച്ചു അവർ ചെന്നു് രണ്ടു കരിക്കു് കൊണ്ടുവന്നു തന്നു. അതു കഴിച്ചപ്പോൾ അല്പം ആശ്വാസം കിട്ടി. അപ്പോഴേക്കും പെട്രോളും വന്നു.

ഞങ്ങൾ ബസ്സു കയറി പന്തളത്തെത്തി. അവിടെനിന്നും വേറൊരു ബസ്സുകയറി തട്ടാരമ്പലത്തിലിറങ്ങി. അപ്പോൾ അപ്പ ച്ചൻ മരിച്ചു എന്ന വിവരം തിരുവല്ല, മല്ലപ്പള്ളി മുതലായ സ്ഥലങ്ങളിലുള്ള ബന്ധുക്കളെ അറിയിക്കാൻ പോകുന്ന ആളെ ക്കണ്ടു. അയാളെ ബസ്സിൽ കയററി വിട്ടിട്ടു് അയാൾ വന്ന സൈക്കിൾ വാങ്ങി ഞാൻ അതിൽ കയറി വീട്ടിലെത്തി. വഴിക്കു് എന്നെക്കണ്ട ഇടവകക്കാരായ സ്ത്രീകളെല്ലാം കരഞ്ഞു. എന്റെ വരവു കാത്തു് അക്ഷമരായി വീട്ടിലുണ്ടായിരുന്ന സ്ത്രീകളും കുഞ്ഞു ങ്ങളുമെല്ലാം കരഞ്ഞു. ഞാൻ അവരെ സമാശ്വസിപ്പിച്ചശേഷം ശവസംസ്കാരത്തിനു മാർ ഗ്രിഗോറിയോസു തിരുമേനിയെ കൊണ്ടു വരുവാൻ കുണ്ടറയ്ക്കു് അപ്പോൾത്തന്നെ കാറയച്ചു. തിരുമേനി വന്നുവേണം ശവസംസ്ക്കാരം നടത്താനെന്നു ഞങ്ങൾ ആഗ്ര ഹിച്ചു. തിരുമേനി വന്നു. 1929 ഏപ്രിൽ മാസം 12-ാംനു എന്റെ അപ്പച്ചന്റെ കബറടക്കം കഴിഞ്ഞു തിരുമേനിയെ പരു മലയ്ക്കയച്ചു.

## മംഗളപത്രം തരാനൊരാലോചന

എനിക്കൊരു മംഗളപത്രം തരാൻ ചിലരെല്ലാംകൂടി ആ ലോചിച്ചു. "ഞാൻ സന്തോഷത്തോടുകൂടിയല്ല, ഖേദത്തോടുകൂടി യാണു് നിങ്ങളെയും ഇടവകപ്പള്ളിയേയും വിട്ടുപോയതു്. ആ ഖേദം ഇപ്പോഴും തീർന്നിട്ടില്ല. അതിനാൽ ഒരു മംഗളപത്രം

www.malankaralibrary.com

വാങ്ങാൻ ഞാൻ ഇഷ്ടപ്പെട്ടുന്നില്ല" എന്നു പറഞ്ഞു് അതുപേക്ഷിച്ചു. മൂന്നു ദിവസത്തോളം ഞാൻ ചേപ്പാട്ടു താമസിച്ചശേഷം ബഥനി ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോയി.

## എന്റെ റമ്പാൻ സ്ഥാനം

ബഥനി ആശ്രമത്തിലെ സന്യാസപരിശീലനത്തിനുള്ള പോസ്റ്റുലൻറുഷിപ്പു കഴിഞ്ഞു് ഞാൻ നൊവീഷ്യേറ്റിൽ പ്രവേശിച്ചു. അതും ഏതാണ്ടു തീരാറായി. അന്നു് കത്തോലിക്കാ പുനരൈക്യത്തെപ്പററി തിരുമേനിയും ഞാനുമായി പലപ്പോഴും രാത്രി 12 മണിവരെയും, ചിലപ്പോൾ ഒരുമണി വരെയും സംസാരിക്കുമായിരുന്നു. ആശ്രമസ്ഥരെല്ലാം പത്തുമണിക്കു മുൻപായി പഠനവും വായനയും കഴിഞ്ഞു് വിളക്കണച്ചു കിടന്നുകൊള്ളണമെന്നായിരുന്നു ചട്ടം. തിരുമേനി എന്നെ അതിൽനിന്നൊഴിവാക്കിയിരുന്നു. ചിലപ്പോൾ തിരുമേനി പരുമലയും കോട്ടയത്തുമുള്ള സെമിനാരികളിൽ പോകയും കത്തോലിക്കാ പുനരൈക്യത്തെപ്പററി മാർ ദിവന്നാസ്യോസുതിരുമേനിയേയും കാതോലിക്കാബാവാതിരുമേനിയേയുംമററും കണ്ടു സംസാരിക്കുമായിരുന്നു. അതിൽനിന്നെല്ലാം ബഥനി മെത്രാന്മാർ കത്തോലിക്കാസഭയിലേക്കു പോകുമെന്നവർ മനസ്സിലാക്കിയിരുന്നു.

വാകത്താനം കാതോലിക്കാബാവായും കണ്ടനാട്ടു മെത്രാച്ചനും കാലംചെയ്തു. മാർ ഗ്രിഗോറിയോസ് മെത്രാച്ചൻ കാതോലിക്കായുമായി. പിന്നെയുള്ള മെത്രാന്മാരിൽ രണ്ടുപേർ ബഥനിക്കാരുമായി. അതിനാൽ ബഥനി മെത്രാന്മാർ പോകുന്നതിനു മുൻപായി രണ്ടുപേരെ മെത്രാന്മാരായി വാഴിക്കണമെന്നു് അവർ തീർച്ചപ്പെടുത്തി. പുലിക്കോട്ടു ജോസഫ് അച്ചനെയും ചേപ്പാട്ടു പിലിപ്പോസച്ചനായ എന്നെയും അതിലേക്കു് തിരഞ്ഞെടുത്തു. പുലിക്കോട്ടു ജോസഫ് അച്ചനെ കുന്നംകുളത്തുവച്ചു് കാതോലിക്കാബാവാ റമ്പാച്ചനായി വാഴിച്ചു. എന്നെ റമ്പാച്ചനായി വാഴിക്കുന്നതിനു ബഥനി ആശ്രമത്തിൽനിന്നും അയയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ബാവാതിരുമേനി ബഥനി മെത്രാപ്പോലീത്തായുടെ പേർക്കെഴുതി അയച്ചു. ബഥനിയുടെ മാർ ഈവാനിയോസുതിരുമേനിക്കു് അതിനു സമ്മതമില്ലാതിരുന്നതിനാൽ അനുവദിച്ചില്ല. കണ്ടറ മാർ ബസ്സേലിയോസു കാതോലിക്കാബാവാ

www.malankaralibrary.com

അതിൽ കുപിതനായി, സഭ പറയുന്നതു കേട്ട് ചേപ്പാട്ടു പീലിപ്പോസച്ചനെ അയയ്ക്കാത്തപക്ഷം മുടക്കമെന്നു കാണിച്ച് മാർ ഈവാനിയോസിൻെറപേർക്ക് എഴുതി അയച്ചു.

എൻെറപേർക്കും എഴുത്തുകൾ വന്നിരുന്നു. പക്ഷേ, ആശ്രമനിയമമനുസരിച്ച് ആശ്രമസുപ്പീരിയർ പൊട്ടിച്ചുവായിച്ച് തൃപ്തി തോന്നിയെങ്കിൽമാത്രമേ ആശ്രമസ്ഥർക്കുള്ള എഴുത്തുകൾ കൊടുക്കുകയുള്ളൂ. അതിനാൽ എനിക്കു വന്ന എഴുത്തുകൾ ഒന്നും എനിക്കു ലഭിച്ചിരുന്നില്ല. 'മുടക്ക'മെന്നു കാണിച്ചുള്ള കല്പന ചെന്നപ്പോൾ തിരുമേനി എന്നെ വിളിച്ച്, വിവരം പറഞ്ഞു. "പോകണമെന്നോ എപ്പിസ്കോപ്പാസ്ഥാനം ഏല്ക്കണമെന്നോ ആഗ്രഹമുണ്ടോ" എന്നു ചോദിച്ചു. 'സ്ഥാനമേല്ക്കണമെന്നാണു മനസ്സ്'. എന്നാൽ ഞാൻ മെത്രാൻസ്ഥാനമേല്ക്കുവാൻ തുടങ്ങുന്ന അവസരത്തിലായാലും തിരുമേനി കത്തോലിക്കാസഭയിൽ ചേരുന്നുവെന്നു കേട്ടാൽ ഉടനെ ചുവന്ന കുപ്പായം താഴെ വച്ചിട്ടു പുനരൈക്യപ്പെടുവാൻ ഞാൻ വരുന്നതായിരിക്കും." റീത്തു തുടങ്ങുന്നതു തിരുമേനിതന്നെ ആയിരിക്കണം. ഒരു മെത്രാനെക്കൊണ്ടല്ലാതെ ഒരു റീത്തനുവദിപ്പിക്കുവാൻ സാധ്യമല്ല. തിരുമേനി മടിച്ചു നില്ക്കുകയും ഞാൻ മെത്രാനാകുകയും ചെയ്താൽ ഉടൻ ഞാൻ റീത്തനുവദിപ്പിച്ച് കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുമെന്നും, യാക്കോബായസഭ ഭരിക്കാനായി ഒരു മെത്രാൻസ്ഥാനം എനിക്കു വേണമെന്ന് ഒട്ടും ആഗ്രഹമില്ലെന്നും പറഞ്ഞു. തിരുമേനി വളരെ ആലോചിച്ചശേഷം പോകാൻ എനിക്കനുവാദം തന്നു.

അങ്ങനെ ഞാൻ ബഥനി ആശ്രമത്തിൽനിന്നും പരുമലക്കു പോകയും പരുമലപ്പെരുന്നാളിന്റെ പിറേറദിവസം – അതായതു് 1929 നവംബർ 3 ന് 1105 തുലാം 18-ാംനു – മെത്രാഭിഷേകത്തിൻെറ പ്രാരംഭമായി കാതോലിക്കാബാവാ എനിക്കു റമ്പാൻസ്ഥാനം തരികയുംചെയ്തു. എന്നോടുകൂടി, പുത്തൻകാവിൽ കിഴക്കേതലയ്ക്കൽ തോമസുകത്തനാരുടെ മകൻ ഗീവർഗ്ഗീസ് അച്ചനെയുംകൂടി റമ്പാനാക്കി. ഗീവർഗ്ഗീസച്ചനു കത്തനാർപട്ടം കൊടുത്തിട്ടു കുറച്ചുദിവസം മാത്രമേ ആയിരുന്നുള്ളൂ. ഞങ്ങൾ രണ്ടുപേരും കൂടിയാണ് പരുമലപ്പള്ളിയുടെ വാതുക്കൽ ഓരോ വലിയ തടിക്കുരിശും പിടിച്ചുനിന്നു് ജനങ്ങളെയെല്ലാം മുത്തിച്ചതു്.

www.malankaralibrary.com

അതിന്റെ പിറേറദിവസം അവിടെവച്ചുതന്നെ മാരാമണ്ണു കൊലത്തലാക്കലച്ചന്നു കോർ-എപ്പിസ്കോപ്പാസ്ഥാനം കൊടുത്തു. അദ്ദേഹം മാർത്തോമ്മാസഭയിൽനിന്നും യാക്കോബായസഭയിൽ ചേർന്നതിനാൽ മുൻപതിവുപോലെ പട്ടം അഴിച്ചു കൊടുക്കുന്നതിനു പകരം കോർ - എപ്പിസ്ക്കോപ്പാസ്ഥാനം കൊടുത്തതാണ്.

## റമ്പാനായി പഴയ സെമിനാരിയിൽ

റമ്പാനായശേഷം വീട്ടിൽനിന്നും കാർ വരികയാൽ ഞാൻ വീട്ടിൽ പോയി എന്റെ അമ്മച്ചിയും, അതുപോലെ പ്രായമുള്ള സ്ത്രീകളും പുരുഷന്മാരും എല്ലാം വന്ന് എന്റെ കൈ മുത്തി. ഒന്നുരണ്ടുദിവസം അവിടെ താമസിച്ചശേഷം ഞാൻ പഴയ സെമിനാരിയിലേയ്ക്കു പോയി. മെത്രാന്മാർ നടത്തേണ്ട പൊണ്ടിപ്പിക്കൽ ശുശ്രൂഷക്രമങ്ങളെല്ലാം പഠിച്ചുകൊണ്ടും പകർത്തിയെഴുതിക്കൊണ്ടുമിരുന്നു.

## റമ്പാനായി മല്ലപ്പള്ളിക്ക്

ആ വർഷത്തെ ക്രിസ്തുമസ്സുശുശ്രൂഷ നടത്താൻ മല്ലപ്പള്ളി വട്ടശ്ശേരി തോപ്പിലെ പാപ്പി എന്ന എന്റെ ഇച്ചായൻ വന്ന് എന്നെ ക്ഷണിച്ചുകൊണ്ടുപോയി. എന്റെ പിതൃസഹോദരീപുത്രനായിരുന്നു അദ്ദേഹം. ഞാൻ അവിടെ പോയി ക്രിസ്തുമസ്സു ശുശ്രൂഷകളും പ്രസംഗങ്ങളും നടത്തി. എന്റെ ഒരദ്ധ്യാപകനായിരുന്ന മല്ലപ്പള്ളിൽ കയ്യാലാത്തു മി. കെ.വി. ചാക്കോ ബി. എ. എൽ. ടി. അന്നു പെൻഷൻപററിയിരിക്കുകയായിരുന്നു. അദ്ദേഹം വന്ന് എന്നെ ക്ഷണിച്ചുകൊണ്ടുപോയി സല്ക്കരിച്ചു.

അതുകഴിഞ്ഞു വട്ടിപ്പണക്കേസിന്റെ ആവശ്യത്തിലേയ്ക്കു പണം പിരിക്കുവാൻ ഞാൻ പല സ്ഥലങ്ങളിലും പോയി. മല്ലപ്പള്ളിക്കു കിഴക്കുള്ള പുന്നവേലിപ്പള്ളി ഒരു ഓലമേഞ്ഞ ഷെഡായിരുന്നു. അതു വിരോധികളാരോ തീയ്വെച്ചു നശിപ്പിച്ചുകളഞ്ഞതിനാൽ അതു ശരിപ്പെടുത്തുന്നതിനു അവർ തിരക്കിട്ടു ശ്രമിക്കുകയായിരുന്നു. തന്മൂലം അവിടെനിന്ന് ഒന്നും ലഭിച്ചില്ല. പിന്നെയും ചില പള്ളികളിലൊക്കെ പോയെങ്കിലും പ്രയോജനമൊന്നുമുണ്ടായില്ല.

www.malankaralibrary.com

## അലക്സിയോസച്ചൻെറ പിണക്കം

അപ്പോഴേക്ക് മാർ ഈവാനിയോസ് തിരുമേനിയും ബഥനിയിലെ ഒരംഗമായ നിരണത്തു മട്ടയ്ക്കൽ അലക്സിയോസച്ചനും തമ്മിൽ കത്തോലിക്കാ പുനരൈക്യത്തെക്കുറിച്ചു തർക്കമായി. ബഥനിക്കാർ യാക്കോബായസഭയിൽ തന്നെ നിന്നാൽമതിയെന്ന് അലക്സിയോസച്ചൻ ശാഠ്യം തുടങ്ങി. കത്തോലിക്കാപുനരൈക്യത്തിനു പോകുന്ന ബഥനിക്കാരെ പിൻതിരിപ്പിക്കുവാൻ മററു ആളുകളെയുംകൂടെ ചട്ടംകെട്ടി. പുനരൈക്യപ്പെടണമെന്ന് അഭിപ്രായമുള്ളവരായിരുന്നു ബഥനിയിലുള്ള മററു അംഗങ്ങളെല്ലാവരും. ഒരു ഏററുമുട്ടൽ കൂടാതെ കഴിയാൻവേണ്ടി അനുകൂലാഭിപ്രായമുള്ളവരെയെല്ലാം കൂട്ടിക്കൊണ്ടു തിരുമേനി വടശ്ശേരിക്കര ബഥനി ആശ്രമം വിടണമെന്ന് തീർച്ചപ്പെടുത്തി. അങ്ങിനെ പോയാൽ വടശ്ശേരിക്കര ബഥനി സ്വത്തുക്കളുടെ നില എന്താകുമെന്നായി ചിന്ത.

അതിലേക്കു രണ്ടുമൂന്നുപേരെ ബഥനി ട്രസ്റ്റികളായി തിരഞ്ഞെടുത്തു നിയമിച്ചു. ബഥനിസ്വത്തുക്കൾ മുഴുവനും ആ ട്രസ്റ്റികളെ ഏല്പിക്കുന്നതായി ഒരു രജിസ്റ്റർ ഉടമ്പടിയും എഴുതി. അനന്തരം മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും വെണ്ണിക്കുളത്ത് ഒരു വസ്തു വാങ്ങിച്ചു. അതിൽ ഒരു താല്ക്കാലിക ഷെഡ് പണിയിച്ച് അവിടെ താമസമാക്കി. അവിടെ വച്ച് ചൂരനാട്ടുകാരൻ ഉമ്മൻ അച്ചന് കക്ഷി മറിയണമെന്ന് തോന്നി. ഇസ്റ്റീറിയായുടെ ചില രോഗലക്ഷണങ്ങളെല്ലാം കാണിച്ച് രണ്ടുമൂന്നു ദിവസം കിടന്നശേഷം അദ്ദേഹം വെണ്ണിക്കുളം വിട്ടുപോയി. ഇവയിൽനിന്നെല്ലാം മാർ ഈവാനിയോസിനുണ്ടായ വിഷമതകൾ വളരെ വലുതായിരുന്നു. കത്തോലിക്കാ പുനരൈക്യമുണ്ടാക്കുവാൻ ഒരിക്കലും ധൃതി കൂട്ടരുതെന്ന് ദിവന്നാസ്യോസ് തിരുമേനി ശക്തിയായി മാർ ഈവാനിയോസ്തിരുമേനിയോട്ട് പറഞ്ഞുകൊണ്ടുമിരുന്നു.

വട്ടിപ്പണക്കേസിൽ വിജയം കിട്ടുന്നതുവരെ താമസിച്ചാലും, പിന്നെയും അവിടെത്തന്നെ തൂങ്ങിക്കിടക്കേണ്ടതായിട്ടേ വരികയുള്ളൂ എന്ന് പഴയകാലത്തെ ചരിത്രം കൊണ്ട് ഏവർക്കും അറിയാമായിരുന്നു. മാർ ദിവന്നാസ്യോസ് മെത്രാച്ചൻ പറയുന്നതുകേട്ട് പുനരൈക്യത്തിനു നാളുകൾ നീട്ടിവച്ചാൽ പിന്നെ

www.malankaralibrary.com

മാർ ഈവാനിയോസിനെക്കൊണ്ടു പുനരൈക്യം തുടങ്ങാൻ പററു കയുമില്ല. എന്നു മാത്രമല്ല പുതുതായി പട്ടം ഏല്ക്കുന്ന മെത്രാന്മാർ ആരെങ്കിലും കത്തോലിക്കാപുനരൈക്യം നടപ്പിലാക്കുകയുംചെയ്യും. അപ്പോൾ, മാർ ഈവാനിയോസ് തിരുമേനിയുടെ പരിശ്രമ ഫലം അനുഭവിക്കുന്നതു് അവരായിരിക്കും. ഫാദർ അലക്സി യോസ് കൂടെനിന്നെങ്കിൽ മതിയായിരുന്നു. അദ്ദേഹത്തിനു സമ്മ തവുമില്ല. റീത്തുണ്ടാക്കുവാൻ സന്നദ്ധതയുള്ള പുതിയ മെത്രാന്മാർ രണ്ടു മാസത്തിനകം ഉണ്ടാകുകയും ചെയ്യും. അതിനാൽ എന്താണു വേണ്ടതെന്നു് മാർഈവാനിയോസ് കിഴിഞ്ഞു ആലോചനയായി.

നല്ല ദീർഘദൃഷ്ടിയുള്ള ഒരാളായിരുന്നു മാർ ഈവാനി യോസ്. റോമ്മായുമായുള്ള എഴുത്തുകുത്തുകൾ മുറെയ്ക്കു നടക്കുന്നുമു ണ്ടായിരുന്നു. ഒടുവിൽ അന്ത്യോക്യൻറീത്തു് നിലനിറുത്തിക്കൊ ള്ളാമെന്നും, ആ റീതിൽനിന്നുള്ളവരെ തന്നെ തുടർന്നു് മെത്രാ ന്മാരായി വാഴിച്ചുതന്നുകൊള്ളാമെന്നും സമ്മതിച്ചു് റോമിൽ നിന്നും മറുപടി വന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ സ്വദേശമായ മാവേലിക്കര, കൊല്ലം രൂപതയുടെ അതൃത്തി ക്കകത്താകയാൽ കൊല്ലത്തെ ബൻസിഗർ ബിഷപ്പു് തിരുമന സ്സിലെ സന്നിധിയിൽ പോയി സത്യപ്രതിജ്ഞ നടത്തി ചേർന്നു കൊള്ളുവാനും റോമിൽനിന്നു് അനുവദിച്ചു. ഞങ്ങളെ സ്വീകരി ക്കുവാൻ കൊല്ലംബിഷപ്പു് ബൻസിഗർ തിരുമനസ്സിലെ പേർക്കും റോമിൽനിന്നു് കല്പന അയച്ചുകൊടുത്തു.

## ഞാൻ പഴയ സെമിനാരി വിടുന്നതു്

ഇത്രയുമായപ്പോൾ ഈവാനിയോസു മെത്രാച്ചൻ പുലി ക്കോട്ടു റമ്പാച്ചനെ വിളിച്ചു് ചേപ്പാട്ടു റമ്പാച്ചനെ എഴുതി അയച്ചു വരുത്തുവാൻ കല്പിച്ചു. തദനുസരണം, തിരുമൂലപുരത്തു നാഴിച്ചേരിൽ ചാക്കോ എന്ന യുവാവിനെ ഒരെഴുത്തും കൊടുത്തു കോട്ടയം പഴയ സെമ്മിനാരിയിൽ താമസിച്ചിരുന്ന എന്റെ അടു ലേക്കയച്ചു. ഞാൻ വന്നേയ്ക്കാമെന്നുപറഞ്ഞു് ഒരു കുറിപ്പുമായി അയാളെ തിരിച്ചയച്ചു. രണ്ടുദിവസം കഴിഞ്ഞപ്പോൾ പള്ളി പ്പാട്ടു യാക്കോബായപള്ളിയിലെ സൺഡെസ്കൂൾ സമ്മാനദാന യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ഞാൻ ചെല്ലണമെന്നുകാ ണിച്ചു് ഒരു ക്ഷണക്കത്തും പുറകെ ഒരു കമ്പിയും വന്നു. അതിനു

www.malankaralibrary.com

പോകുവാൻ ഞാൻ അനുവാദം ചോദിച്ചു. മാർ ദിവന്നാസ്യോസ് തിരുമേനി സസന്തോഷം അതിനു് അനുവാദം തന്നു. അങ്ങനെ ഞാൻ പഴയ സെമിനാരി വിട്ടു. പള്ളിപ്പാട്ടെത്തി അവിടത്തെ സൺഡേസ്കൂൾ സമ്മാനദാനം കഴിഞ്ഞു് ഞാൻ തിരുവല്ലാക്കു പോയി ബഥനിമെത്രാച്ചനെ കണ്ടു. ആവശ്യപ്പെട്ടപ്പോൾ ഞാൻ വരാമെന്നറിയിച്ചശേഷം ചേപ്പാട്ട വന്നു് താമസിച്ചു.

## നങ്ങ്യാർകുളത്തെ താമസം

ബഥനിതിരുമേനി ഉടനെ പുനരൈക്യപ്പെട്ടുകയാണെങ്കിൽ, ഞാൻ പറഞ്ഞതനുസരിച്ചു പ്രവർത്തിക്കണമല്ലോ. സെമിനാരിയിലുംമററും താമസിച്ചാൽ അതു പ്രയാസമാകും. അതിനാൽനങ്ങ്യാർകുളത്തു ബഥനിവകയായുള്ള പറമ്പിൽ ഒരു വസതി ഉണ്ടാക്കി അവിടെ താമസിക്കാമെന്നു വിചാരിച്ചു. ചേപ്പാട്ട സ്കൂളിൽ ദൂരെനിന്നും വരുന്ന കുട്ടികൾക്കു് ഉച്ചക്കിരുന്നു ഊണു കഴിപ്പാൻ ഒരു ടിഫിൻഷെഡ് വേണമെന്നു കരുതി 12 അടി വീതിയും 36 അടി നീളവുമുള്ള ഒരു ഷെഡ് വയ്ക്കുവാനുള്ള മേൽക്കൂടിന്റെ തടി ഉരുപ്പടികൾ ഞാൻ പണിയിച്ചിരുന്നു. ആ ഷെഡ് പണിയിച്ചാൽ പള്ളിയുടെ മതിലിനു കേട്ടവരുമെന്നും അതിനാൽ ആ പണി തടയണമെന്നും കാണിച്ചു് എന്റെ പ്രതിയോഗികൾ മജിസ്റ്റ്റേട്ടിന്റെ പക്കൽ ഒരു ഹർജി കൊട്ടത്തിരുന്നു. അതേപ്പററി അന്വെഷിക്കുവാൻ പൊലീസുകാർ വന്നു. അതുമൂലം ആ ടിഫിൻഷെഡ് പണിയിക്കാതെ അതിന്റെ മേൽക്കൂടിനുള്ള തടികൾ ഞാൻ സൂക്ഷിച്ചിരുന്നു അതുകൂടാതെ പള്ളിപ്പറമ്പിൽ ഒരു കക്കൂസു പണിയിക്കുന്നതിനു കുറെ ചുട്ടകട്ടയും ഞാൻ ഇറക്കിച്ചു് വച്ചിരുന്നു. അതിനും പ്രതിയോഗികൾ എതിർപ്പുണ്ടാക്കിയതിനാൽ പണിയിക്കാതെ ആ കട്ടയും അവിടെ സൂക്ഷിച്ചിരുന്നു. ഞാൻ ആ മേൽക്കൂട്ടും ചുട്ടകട്ടയും നങ്ങാർകുളത്തേക്കു കൊണ്ടുപോയി. നീലാർമഠം പുരയിടത്തിൽ നിന്നിരുന്ന ഒരു മാവും വെട്ടി പലകയറപ്പിച്ചു. അതെല്ലാംകൂടി ഉപയോഗിച്ചു് ഒരു ഷെഡ് നങ്ങ്യാർകുളത്തു പണിയിച്ചു് ഞാൻ അവിടെ താമസമാക്കി. മാർ ഈവാനിയോസുതിരുമേനിയുംമററും എപ്പോൾ പുനരൈക്യപ്പെട്ടുമോ അപ്പോൾ പുനരൈക്യപ്പെട്ടുവാൻ ഞാൻ സന്നദ്ധനായി നങ്ങ്യാർകുളത്തു താമസിച്ചു.

www.malankaralibrary.com

## പുനരൈക്യത്തിൽനിന്നും എന്നെ തടയാനുള്ള ശ്രമം

മാർ ദിവന്നാസ്യോസുതിരുമേനിയും, കാതോലിക്കാബാവാതിരുമേനിയും എന്നെ കത്തോലിക്കാപുനരൈക്യത്തിനു വിടാതിരിക്കുവാൻ ആവതു ചെയ്തു. ഒരിക്കൽ ബാവാ കുമ്പഴപള്ളിയിൽ എഴുന്നള്ളി ഇരുന്നപ്പോൾ ഞാൻ അത്രടം ചെല്ലണമെന്ന് എഴുത്തുവന്നു. അതനുസരിച്ച് ഞാൻ അവിടെ ചെന്നു. വട്ടിപ്പണക്കേസിലേയ്ക്കുള്ള പണം പിരിച്ചുകൊണ്ടു ചെല്ലാൻ ബാവാ ഒരു കല്പനയും തന്ന് എന്നെ ചെങ്ങന്നൂർ യാക്കോബായപള്ളിയിലേയ്ക്കയച്ചു. ഞാൻ ചെങ്ങന്നൂർ ചെന്ന് രണ്ടുദിവസം പള്ളിയിൽ താമസിച്ചു. ഒന്നും ലഭിച്ചില്ല. വെറുംകയ്യായി മടങ്ങിപ്പോന്നു. വിവരം ബാവായെ കണ്ടറിയിച്ചശേഷം ഞാൻ നങ്ങ്യാർകുളത്തു പോയി താമസിച്ചു.

അതിനുശേഷം ഞാൻ കത്തോലിക്കാപുനരൈക്യത്തിന് അനുകൂലിക്കുകയോ അതിൽ ചേരുകയോ ചെയ്യരുതെന്ന് പറയുവാൻ മാർ ദിവന്നാസ്യോസുതിരുമേനിയുടെ കല്പനപ്രകാരം ആലപ്പുഴ ഇടവകപ്രധാനികളായ പൂപ്പള്ളി കുട്ടി. കണ്ടത്തിൽ ഫീലിപ്പോസ് മുതലായവർ നങ്ങ്യാർകുളത്ത് വന്നു. കത്തോലിക്കാസഭയിൽ പോയാൽ വലിയ കഷ്ടപ്പാടായിരിക്കും. കത്തോലിക്കാസഭയിൽനിന്നും ഞങ്ങൾ യാക്കോബായസഭയിലേയ്ക്കു പോന്നവരാണ്. ഞങ്ങൾക്കറിയാം അവിടുത്തെ കഷ്ടസ്ഥിതി. റമ്പാച്ചൻ പോകരുത്. എന്ന് അവരിലൊരാൾ പറഞ്ഞു. ക്രിസ്തു നമുക്കുവേണ്ടി സഹിച്ച കഷ്ടതകളോർക്കുമ്പോൾ, നാം എത്ര കഷ്ടത സഹിച്ചാലും അതു് സാരമില്ലെന്നു കരുതണം. ക്രിസ്തുവാണ് പത്രോസിനെ സഭയ്ക്കു തലവനാക്കിയതു്. അദ്ദേഹത്തിൻെറ പിൻഗാമിയാണ് മാർപ്പാപ്പാ. അദ്ദേഹത്തെ അനുസരിച്ചു നില്ക്കുന്നതിനു കഷ്ടത ഒരു കാര്യമായ തടസ്സമല്ല' എന്ന് ഞാൻ പറഞ്ഞു. 'മാർ ഈവാനിയോസുമെത്രാച്ചൻ ചതിയനാണ്. സൂത്രക്കാരനാണ്. അദ്ദേഹത്തിൻെറ പിറകെ റമ്പാച്ചൻ പോകരുതു്. പോയാൽ ചതി പററും' എന്ന് മറെറയാൾ പറഞ്ഞു. നോഹയുടെ പെട്ടകത്തിൽ കയറിയവരിൽ ഒരുവൻ ചീത്തയായിരുന്നു അദ്ദേഹത്തെ പഴിപറഞ്ഞു് അവരിലൊരുവൻ പിൻതിരിഞ്ഞിരുന്നെങ്കിൽ ജലപ്രളയത്തിൽ കുടിച്ചു ചാകേണ്ടിവരുമായിരുന്നു. യാക്കോബിന് 12 മക്കളുണ്ടായിരുന്നു. അവ

www.malankaralibrary.com

രിൽ ഒരാൾ ചീത്തയായിരുന്നു. അദ്ദേഹത്തെ പഴിപറഞ്ഞു മററുള്ളവരാരും പിന്മാറിയില്ല. ക്രിസ്തുവിനു് 12 അപ്പസ്തോലന്മാരുണ്ടായിരുന്നു. അവരിലും ഒരുവൻ ചീത്തയായിരുന്നു. അദ്ദേഹത്തെ പഴിപറഞ്ഞു മററുള്ളവർ പിന്മാറിയില്ല. മാർ ഈവാനിയോസ് സൂത്രക്കാരനാണെന്നുപറഞ്ഞു ഞാൻ പിന്മാറിയാൽ എനിക്കു കിട്ടേണ്ട ഭാഗ്യം നഷ്ടപ്പെട്ടും. അതിനാൽ ഇതൊന്നും, കത്തോലിക്കാസഭയിൽനിന്നു പിന്മാറുന്നതിനുള്ള മതിയായ കാരണങ്ങളല്ല. പക്ഷേ, നാം നന്നായി ആലോചിച്ചു ചെയ്യേണ്ട ഒരു സംഗതിയാണതു്. എന്നു ഞാൻ പറഞ്ഞു് അവരെ സമാധാനപ്പെടുത്തി അയച്ചു.

പിന്നീടു് കൈപ്പട്ടൂർ തേരകത്തെ, എൻെറ ഒരു ഉപ്പാപ്പനായ പത്രോസുകുഞ്ഞിനെ പറഞ്ഞയച്ചു. ഉപ്പാപ്പൻ വന്നു പറഞ്ഞതെല്ലാം ഞാൻ മൂളിക്കേട്ടു. ഒന്നും ശേഷം പറഞ്ഞില്ല. പിന്നീടു് ചേപ്പാട്ടു പുളിമൂട്ടിലെ ഫിലിപ്പോസു തോമസിനെ പറഞ്ഞയച്ചു. അദ്ദേഹം വന്നപ്പോൾ ഞാൻ ചില സംഗതികൾ ചോദിച്ചു. "നമ്മുടെ വലിയപ്പച്ചൻ പള്ളിക്കു സമ്പാദിച്ചു കൊടുത്തിട്ടുള്ള നിലങ്ങളുംമററുമുണ്ടല്ലോ? ഞാൻ ഒരു റമ്പാച്ചനല്ലേ? പള്ളിയിൽ വന്നു താമസിച്ചാൽ എനിക്കതിൽനിന്നു ചെലവിനു തരുമോ?" എന്നു ചോദിച്ചു. "അതൊന്നും സാധിക്കയില്ല" എന്നു തോമസു പറഞ്ഞു. "എനിക്കു പള്ളിയിൽനിന്നും കുറെ പണം തരാനുണ്ടല്ലോ. അതു കണക്കുനോക്കി തരുമോ?" എന്നു ഞാൻ ചോദിച്ചു. "അതു നമ്പർ പതിച്ചു ഈടാക്കാവുന്നതാണല്ലോ" എന്നായിരുന്നു മറുപടി. അങ്ങനെയാണെങ്കിൽ ഈ അഭ്യർത്ഥനയും കൊണ്ടു വരാൻ തോമസു യോഗ്യനല്ല" എന്നു ഞാൻ പറഞ്ഞു. "റമ്പാച്ചൻ പോകുകയാണെങ്കിൽ, നമ്മുടെ കുടുംബത്തിൽനിന്നു് ഒരച്ചൻ വേണമല്ലോ. അതിനു് എൻെറ മകനു് പട്ടം കൊടുപ്പിക്കണമെന്നു വിചാരിക്കുന്നു. അതിനു വിരോധമുണ്ടോ? എന്നു് ചോദിച്ചു. "എനിക്കു വിരോധമില്ലെന്നു മാത്രമല്ല വളരെ സന്തോഷവുമുണ്ടു്" എന്നു ഞാൻ മറുപടി പറഞ്ഞു.

ക്രിസ്തുവിൻെറ മണവാട്ടിയായ സഭയ്ക്കു് തലവനായി പത്രോസിനെ കർത്താവു നിയമിച്ചിട്ടുണ്ടു്. ആ പത്രോസിൻെറ പിൻഗാമിയെ അനുസരിച്ചു നില്ക്കണം. അതിനാൽ പുലി

www.malankaralibrary.com

ക്കോട്ട മെത്രാച്ചന്റെ അനന്തരഗാമിയായിരിക്കേണ്ട പുലി ക്കോട്ട ജോസഫ് റമ്പാനും, ചേപ്പാട്ട മെത്രാച്ചന്റെ അനന്തര ഗാമിയായിരിക്കേണ്ട ചേപ്പാട്ട പിലിപ്പോസ് റമ്പാനും എന്തു കൊണ്ട് പുനരൈക്യത്തിനാലോചിക്കുന്ന എന്ന് മലങ്കര യാക്കോ ബായ സുറിയാനിക്കാരെ ഒന്നറിയിക്കേണ്ട കടമ ഞങ്ങൾക്കു ണ്ടെന്ന തോന്നി. ആ കടമ നിർവ്വഹിക്കുവാനായി, ഞങ്ങളുടെ പുനരൈക്യത്തിനു മുമ്പായി 1930 ൽ ഞങ്ങളിരുവരുംകൂടി "മല ങ്കരസഭയുടെ കുഴൽക്കണ്ണാടി" എന്നൊരു പുസ്തകം എഴുതി അച്ച ടിപ്പിക്കുവാൻ കൊടുത്തു.

## ഞങ്ങളുടെ കുന്നംകുളം യാത്ര

ആ പുസ്തകം അച്ചടിപ്പിക്കുന്നതിലേക്കായി ഞങ്ങളിരു വരുംകൂടി കുന്നംകുളത്തിനു പോയി. ഞങ്ങൾ ചെന്ന വിവരം അറിഞ്ഞു പത്തുനൂറ് ആളുകൾ പള്ളിമുറിയിൽ ഓടിക്കൂടി. അവ രിൽ ഒരാൾ എഴുന്നേററുനിന്ന് പ്രസംഗിച്ചു. ഒരു ഒററ വെടിക്കു രണ്ടു പക്ഷികളെയും ഒരുമിച്ചു കിട്ടിയതു ഞങ്ങളുടെ ഭാഗ്യമാണ്. തെക്കരുടെ കൂടെ പോയതിനാലാണ് ഇവരുടെ തലയ്ക്ക് ഇളക്കം തട്ടിയതു്. അതിനാൽ ഇനിയും നിങ്ങളെ രണ്ടുപേരെയും ഞങ്ങൾ തെക്കോട്ട വിടുന്നില്ല. ഇവരുടെ താമസത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും കൈക്കാരന്മാർ ചെയ്തുകൊടുക്കണം. ഒരുപക്ഷേ, നമ്മെ കളിപ്പിച്ചിട്ട കടക്കാമെന്ന റമ്പാച്ചന്മാർക്ക് തോന്നി യേക്കാം. അതു സാദ്ധ്യമല്ലെന്ന് അവരെ മനസ്സിലാക്കണം. ഏതു സമയത്തും അമ്പതു ചെറുപ്പക്കാർ പള്ളിമേടയുടെ വരാന്തയിൽ കാവലുണ്ടായിരിക്കണം' എന്നെല്ലാമായിരുന്നു ആ പ്രസംഗ ത്തിന്റെ ചുരുക്കം. കത്തോലിക്കാപുനരൈക്യത്തിന്റെ ആവ ശ്യത്തെക്കുറിച്ചും അതുകൊണ്ടുണ്ടാകാവുന്ന നന്മയെക്കുറിച്ചും അര മണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗം ഞാനും അവരോടു പറഞ്ഞു. പക്ഷേ, അവർക്കതിന്റെ ആവശ്യമില്ല. ചേപ്പാട്ട മെത്രാച്ചൻ വന്നു താമസിച്ചിട്ടുള്ള പള്ളിമുറിയാണിതു്. റമ്പാച്ചൻ വന്ന സ്ഥിതിക്ക് രണ്ടുമൂന്നു മാസം എങ്കിലും ഈ മുറിയിൽ താമസിച്ചു ഞങ്ങൾക്കു കാണണം. അതു മാത്രമേ ഞങ്ങൾക്കാഗ്രഹമുള്ളു, അപേക്ഷയുള്ളു, നിർബ്ബന്ധമുള്ളു എന്നായി അവർ.

www.malankaralibrary.com

നേരം സന്ധ്യയായി. 50 ചെറുപ്പക്കാർ കിടക്കവിരികളുമായി വന്നുകഴിഞ്ഞു. മേടയുടെ വരാന്തയിൽ കിടന്നു വർത്തമാനവും ചിരിയുമായി. ഇപ്പണി ഞാൻ ആദ്യം കാണുകയാണ്. അത്താഴമേശ പുലിക്കോട്ടു റമ്പാച്ചന്റെ വീട്ടിലാണെന്നു ഒരാൾ വന്നു പറഞ്ഞു. ഞങ്ങൾ അങ്ങോട്ടു പോയി. കുറെ ചെറുപ്പക്കാർ അവിടെയും വന്നുകൂടി. ഇതിനിടയിൽ ഞങ്ങളുടെ സാമാനങ്ങളുമായി റമ്പാച്ചന്റെ വേലക്കാരൻ-വാറു-ഉടനെ കുന്നംകുളത്തിനു വരണമെന്നു റമ്പാച്ചന്റെപേരിൽ ആരോ ഒരു കമ്പി തിരുവല്ലാ തിരുമൂലപുരത്തിനയച്ചു. അച്ചടിച്ചപുസ്തകങ്ങളും ഞങ്ങളുടെ സാമാനങ്ങളും പള്ളിമുറിയിലാണ്. അതിനാൽ അവിട്ടത്തെ വരാന്തയിലും കുറെ ചെറുപ്പക്കാർ കാവലുണ്ട്. ഇവരുടെ വലയിൽനിന്നും ഭംഗം കൂടാതെ രക്ഷപ്പെടാനുള്ള മാർഗ്ഗം എന്തുണ്ടെന്ന് ഞങ്ങൾ ആലോചിച്ചു. ഒരു മാർഗ്ഗവുമില്ല. പിറ്റേ ദിവസം ഒരു പെരുനാളാണ്. അവരുടെ അപേക്ഷപ്രകാരം ഞാൻതന്നെ വി. കുർബാനയർപ്പിച്ചു. അതിന്റെ പിറ്റേദിവസം ഞായറാഴ്ചയാണ്. അവരുടെ സ്ത്രീസമാജം ഞാൻതന്നെ നടത്തി. എന്റെ പിതാമഹനും കുന്നംകുളത്തുകാരുമായുള്ള സൌഹാർദ്ദബന്ധത്തിന്റെ സ്മരണയും അവരെന്നോടു കാണിച്ച സ്നേഹവായ്പിന്റെ നന്ദിയും എന്നെ വല്ലാതെ ബന്ധിച്ചിരുന്നു. തിരിച്ചു പോരാനുള്ള ആഗ്രഹം നിവർത്തിക്കുള്ള മാർഗ്ഗം ഒന്നും കാണുന്നില്ല. ഒടുവിൽ പുലിക്കോട്ടു റമ്പാച്ചൻ ഒന്നു തീർച്ചപ്പെടുത്തി ചേപ്പാട്ടു റമ്പാച്ചൻ വന്നിട്ടുള്ളതുകൊണ്ടു പഴയ കാരണവന്മാരുടെ സ്നേഹം പറഞ്ഞു നമുക്ക് ഒരു വീട്ടുസന്ദർശനം നടത്താം എന്നു പറഞ്ഞു.

നേരം സന്ധ്യയായി. അവിടെ വീട്ടുസന്ദർശനത്തിന് ഒരു പ്രയാസവും ഇല്ല. ഒരു മുറിയിൽനിന്നു വേറൊരു മുറിയിൽ കയറുന്ന പ്രയാസമേയുള്ളു അവിടെ ഒരു വീട്ടിൽനിന്ന് വേറൊരു വീട്ടിൽ കയറാൻ. അത്രയ്ക്ക് ആളുകൾ തിങ്ങിപ്പാർക്കുന്ന അങ്ങാടികളാണ് എല്ലാടവും. ചേപ്പാട്ടു റമ്പാച്ചൻ വന്നതിന്റെ സന്തോഷപ്രകടനം എല്ലാ വീടുകളിലും ഉണ്ടായിരുന്നു. തിന്നും കാഫിയും തയ്യാർ. പലഹാരക്കടകളും കാഫിക്കടകളും ഇടയ്ക്കിടയ്ക്കുള്ളതുകൊണ്ട് അതിനും പ്രയാസമൊന്നും ഇല്ല. ചേപ്പാട്ടു മെത്രാച്ചനെപ്പറ്റിയുള്ള പൂർവ്വസ്മരണകൾ ഓരോ കാരണവക്കും ഒട്ടേറെ പറയാനുണ്ട്. അതെല്ലാം കേട്ടും, ഓരോ വീടുകളിൽ കയറിയും

www.malankaralibrary.com

ഇറങ്ങിയും രാത്രി മണി ഒന്നായി. ഞങ്ങളെ കാക്കുവാനായി ഞങ്ങളുടെ പുറകെവന്ന ചെറുപ്പക്കാർ ഓരോരുത്തർ ഓരോ വീടിൻെറ ഉമ്മറത്തു ചാരിയിരുന്നും കിടന്നും ഉറങ്ങി കൂർക്കം വലിച്ചുതുടങ്ങി. പിന്നണിസൈന്യം മുഴവൻ ഉറക്കമായി എന്ന റിഞ്ഞപ്പോൾ റമ്പാച്ചന്റെ ഒരു വേലക്കാരനെ അയച്ച് ഒരു കാർ വരുത്തി ഞങ്ങൾ രണ്ടുപേരും അതിൽ കയറി, തൃശ്ശൂരേയ്ക്കു പോയി. നേരം വെളുക്കുമ്പോൾ ഞങ്ങളുടെ സാമാനങ്ങളുമായി എറണാകുളം T. B. യിൽ വരാൻ വേലക്കാരനെ ഏർപ്പാടുചെയ്തുകൊണ്ടാണ് പോയതു്. തിരുവല്ലായിൽ കിട്ടിയ കമ്പിയനുസരിച്ചു ഞങ്ങളുടെ സാമാനങ്ങളുമായി വന്ന വാറുവിൻെറ വണ്ടി ദൈവഗത്യാ വഴിക്കുവെച്ചു ഞങ്ങൾ കണ്ടുമുട്ടി. അയാളും ടി. ബി യിൽ വരുവാൻ പറഞ്ഞു. ഞങ്ങൾ പോന്നതിനാൽ സാമാനങ്ങൾ എടുത്തുകൊണ്ടുപോകുവാൻ ആരും തടസ്സം പറഞ്ഞില്ല. അങ്ങനെ ആ സാമാനങ്ങളുമായി കുന്നംകുളത്തെ വേലക്കാരനും വന്നുചേർന്നു. തൃശ്ശൂരിൽനിന്നും ഞങ്ങൾ തീവണ്ടി കയറി എറണാകുളത്തിനും, അവിടെനിന്നും ബോട്ടുവഴി കോട്ടയത്തിനും, കോട്ടയത്തുനിന്നും ബസ്സുമാർഗ്ഗം തിരുവല്ലായിലും വന്നുചേർന്നു. പിറേറദിവസത്തെ 'മനോരമ'യിൽ 'പുലിക്കുട്ടി ചാടിപ്പോയി' എന്ന ശിർഷകത്തിൽ കുന്നംകുളത്തുനിന്നും ഇതേപ്പററി ആരോ എഴുതിയ ഒരു വാർത്തയും കാണ്മാനിടയായി. ഞങ്ങൾ ഞങ്ങളുടെ പുസ്തകം പൊതുജനങ്ങളുടെ ഇടയിൽ വിതരണം ചെയ്തു.

അതേപ്പററി അന്നാരും ഒന്നും പറഞ്ഞില്ലെങ്കിലും ഞങ്ങൾ പുനരൈക്യപ്പെട്ടുകഴിഞ്ഞപ്പോൾ 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' എന്നൊരു ഗ്രന്ഥം കോട്ടയത്തുനിന്നും ഒരു യാക്കോബായക്കാരൻ പ്രസിദ്ധം ചെയ്തു. അതിൽ ഞങ്ങളെ വളരെ ആക്ഷേപിച്ചിരുന്നു. അതിനു ഞങ്ങൾ മറുപടി എഴുതേണ്ടിവന്നില്ല. അതിനു മുൻപുതന്നെ 'ദാസൻ' പത്രാധിപരായിരുന്ന തൃപ്പൂണിത്തുറ മൂക്കംചേരിൽ മി. എം. എം. വർക്കി, 'ഭൂതക്കണ്ണാടി'ക്കു മറുപടിയായി 'മലങ്കരസഭയുടെ എക്സ്റേ' എന്ന ഒരു കനത്ത പുസ്തകം എഴുതി 1931 ൽ പ്രസിദ്ധം ചെയ്തു. അതോടുകൂടി കത്തോലിക്കാസഭയിൽ ചേരാതിരിക്കുന്നതിനുള്ള അന്നത്തെ ന്യായംപറച്ചിൽ അവസാനിച്ചു.

www.malankaralibrary.com



ആർച്ചുബിഷപ്പ്

**മാർ ഈവാനിയോസ് മെത്രാപ്പോലീത്താ**

തിരുമനസ്സുകൊണ്ട്

തിരുവനന്തപുരം അതിരൂപത

www.malankaralibrary.com

## മാർ ഈവാനിയോസു തിരുമേനിയുടെ പുനരൈക്യം

1930 സെപ്റ്റംബർ 19-ാംനു വൈകിട്ട പുളിക്കീഴിൽ മേളാംപാറമ്പിൽക്കാരുടെ ഒരു ടാക്സികാറിൽ മാർ ഈവാനിയോസു തിരുമേനിയും, മാർ തെയോഫിലോസു തിരുമേനിയും, സിറാഫിയോനച്ചനും, ജോൺ ശെമ്മാശ്ശനും, മാനേജർ ചാക്കോച്ചനും കൂടി കാറിലിരുന്നു. കാററും മഴയുംകൊണ്ടു് നനഞ്ഞൊലിച്ചു നങ്ങ്യാർകുളത്തു വന്നു കയറി. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ കൊല്ലംബിഷപ്പായ ബൻസിഗർ തിരുമേനിയുടെ അട്ടക്കലേയ്ക്കു് പോകയാണെന്നും, ഞാൻകൂടി ചെല്ലണമെന്നും പറഞ്ഞു. പുലിക്കോട്ട റമ്പാച്ചനെവിടെ എന്നു് ഞാൻ ചോദിച്ചു. 'അദ്ദേഹം വെണ്ണിക്കുളത്തുണ്ട്'. കാറിൽ തീരെ സ്ഥലമില്ലായിരുന്നു. അതുകൊണ്ടു് വന്നില്ലെന്നേയുള്ളു' എന്നു പറഞ്ഞു. ഡ്രൈവറെക്കൂടാതെ നിങ്ങൾ തന്നെ അഞ്ചുപേരുണ്ടു്. അതിനാൽ ഈ കാറിൽ പോരാൻ എനിക്കും സ്ഥലമില്ലല്ലോ. പുലിക്കോട്ട റമ്പാച്ചനെ കൂടാതെ ഞാൻ തനിച്ചു ചേർന്നാൽ അദ്ദേഹത്തിനെന്തുതോന്നും? ഞങ്ങൾ രണ്ടുപേരുംകൂടി ഒരുമിച്ചു ചേരാം. നിങ്ങൾ കൊല്ലത്തുപോയി ചേർന്നിട്ട നാളെത്തന്നെ മടങ്ങി വെണ്ണിക്കുളത്തെത്തുമല്ലോ. അപ്പോഴേയ്ക്കു ഞാനും അവിടെ വരാം. റമ്പാച്ചനും ഞാനും അവിടെവെച്ചു നിങ്ങളുടെ അട്ടക്കൽ സത്യപ്രതിജ്ഞ നടത്തിച്ചേർന്നാൽ മതിയല്ലോ' എന്നു ഞാൻ പറഞ്ഞു. "അതാണു നല്ലതു്, അതു മതി'' എന്നു തിരുമേനിമാരും സമ്മതിച്ചു. അവർ കൊല്ലത്തേയ്ക്കു പോകയും ചെയ്തു

തിരുമേനിമാർ കൊല്ലത്തു ചെന്നു് 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാസഭയിൽ ചേർന്നശേഷം അവിടെ വെച്ചുതന്നെ വി. കുർബാന അർപ്പിച്ചു. ഒരു നല്ല ജനക്കൂട്ടവും പള്ളിയിൽ സന്നിഹിതരായിരുന്നു. പതിവുപോലെ തിരുമേനി മലയാളത്തിലാണു് കുർബാനയുടെ പരസ്യപ്പാർത്ഥനകളെല്ലാം നടത്തിയതു്. അതനുവദനീയമാണോ എന്നു ബൻസിഗർ തിരുമേനിക്കു സംശയം തോന്നി. അദ്ദേഹം റോമിലേക്കു് എഴുതി കല്പനപ്രകാരം ഞാൻ അവരെ ചേർത്തു. ഇവർ സുറിയാനിക്കാരാണെന്നു് പറയുന്നുണ്ടെങ്കിലും കുർബാന ചൊല്ലുന്നതു മലയാളത്തിലാണു്. അതു അനുവദനീയമാണോ എന്നു് ഞാൻ സംശയിക്കുന്നു എന്നറിയിച്ചു. അതിനു മറുപടി വന്നു. അവർ

www.malankaralibrary.com

എങ്ങിനെ ചൊല്ലുന്നുവോ അങ്ങിനെ ചൊല്ലിക്കൊള്ളട്ടെ. അവരെ ചേർത്തതിൽ വളരെ സന്തോഷം. എന്നായിരുന്നു ബൻസിഗർ തിരുമേനിക്കു വന്ന മറുപടി. WELCOME. A BIG WELCOME. എന്നു റോമിൽനിന്നും മാർ ഈവാനിയോസ് തിരുമേനിക്കും കമ്പി കിട്ടി.

## എന്റെ കത്തോലിക്കാപുനരൈക്യം

മാർ ഈവാനിയോസ് തിരുമേനിയുംമററും കൊല്ലത്തു നിന്നും വെണ്ണിക്കുളത്തു തിരിച്ചെത്തി. അപ്പോഴേക്കു ഞാനും വെണ്ണിക്കുളത്തു എത്തിയിരുന്നു. പുലിക്കോട്ടു റമ്പാച്ചൻ അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരുംകൂടി 1930 സെപ്റ്റംബർ 21-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ നടത്തി കത്തോലിക്കാസഭയിൽ ചേർന്നു. അതു കഴിഞ്ഞു ആശ്രമത്തിലും മഠത്തിലും ഉള്ളവരും അനാഥശാലക്കാരും എല്ലാം പുനരൈക്യപ്പെട്ടു.

അങ്ങിനെ ആശ്രമസ്ഥർ വെണ്ണിക്കുളത്തു താമസിക്കുമ്പോൾ ആശ്രമസ്ഥരിലൊരാളായ സ്തേപ്പാനോസ് അച്ചൻ മരിച്ചു. അവിടെ അടക്കപ്പെട്ടു. ഇസ്രായേൽക്കാർ മിസ്രേംദേശം വിട്ടു പോന്നപ്പോൾ യൌസേപ്പിന്റെ അസ്ഥികളുംകൂടെ എടുത്തുകൊണ്ടുപോയി കാനാനിൽ അടക്കം ചെയ്തതുപോലെ ബഥന്യാശ്രമസ്ഥർ വെണ്ണിക്കുളം വിട്ടപ്പോൾ തങ്ങളുടെ സഹോദരനായ ഈ അച്ചന്റെ അസ്ഥികളുംകൂടെ എടുത്തുകൊണ്ടുപോന്നിരുന്നു. അവർ തിരുവനന്തപുരത്തു നാലാംചിറ വന്നു ബഥന്യാശ്രമത്തിനു വേണ്ടി ഒരു സ്ഥലം വാങ്ങി. ആ പരേതന്റെ അസ്ഥികൾ അവിടെ അടക്കം ചെയ്യുകയും ചെയ്തു.

ആദ്യകാലത്തു പുനരൈക്യപ്രസ്ഥാനത്തെ ബഥനിപ്രസ്ഥാനമെന്നും, പുനരൈക്യപ്പെട്ട മെത്രാന്മാരെ ബഥനിമെത്രാന്മാരെന്നും ആയിരുന്നു വിളിച്ചുവന്നിരുന്നതു്. എതിരാളികൾ ഞങ്ങളെ അപകടത്തിൽ ചാടിക്കുവാനും അപഹസിക്കുവാനും ഞങ്ങൾ ചെല്ലുന്നിടത്തെല്ലാം കരിങ്കൊടി കാണിക്കുവാനും, ഗോബാക്കു പറയുവാനും, കോലം കെട്ടി കത്തിക്കുവാനും ഒരുങ്ങി നടന്നു. പുനരൈക്യം കഴിഞ്ഞു ഞങ്ങൾ കേരളത്തിലുള്ള കത്തോലിക്കാ മെത്രാന്മാരെയെല്ലാം പോയി കണ്ടു. കാഞ്ഞിരപ്പള്ളിക്കാരുംമററും ഞങ്ങളെ ആഘോഷപൂർവ്വം സ്വീകരിച്ചു വരവേല്പു നടത്തി.

www.malankaralibrary.com

അന്നു ഞങ്ങൾക്കു് സ്വന്തമായി കാറും വണ്ടിയും ഒന്നും ഇല്ലായിരുന്നു. പുളിക്കീഴിൽ മേളാംപറമ്പിൽക്കാരുടെ വക കാർ വാടകയ്ക്കെടുത്തായിരുന്നു ഞങ്ങൾ സഞ്ചരിച്ചിരുന്നതു്. അതിന്റെ ഡ്രൈവർ തമ്പി എന്നു പേരുള്ള ഒരു മുസ്ലീം യുവാവായിരുന്നു. ഞങ്ങളെ വല്ല കുഴിയിലോ, പാലത്തിൻകീഴിലോ കൊണ്ടുചെന്നു ചാടിക്കുന്നതായാൽ അയാൾക്കു നല്ല പാരിതോഷികം നല്കാമെന്നു ചില പ്രമാണികൾ അയാളോടു വാഗ്ദാനം ചെയ്തു. എന്നാൽ അയാൾ അതിനൊന്നും വഴിപ്പെട്ടില്ല. ഞങ്ങളോടുകൂടി പുനരൈക്യപ്പെട്ട മാനേജർ ചാക്കോച്ചനെ വഴിക്കുവച്ചു കണ്ട ഒരു യാക്കോബായപ്രമാണി അയാളുടെ വയറ്റത്തു് ഒരു തൊഴി കൊടുത്തു. വയറും പൊത്തിപ്പിടിച്ചയാൾ ഓടിപ്പോന്നു. ഞങ്ങൾ മദ്രാസിലും മൈലാപ്പൂരിലും ചിന്നമലയിലുംമററും പോയി പ്രാർത്ഥിച്ചു. അവിടെയെല്ലാമുള്ളവർ ഞങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിച്ചു. അപ്പോഴേയ്ക്കും ബ: മററത്തിൽ കുര്യച്ചനും ഞങ്ങളോടുകൂടി വന്നുചേർന്നു. അദ്ദേഹം മാർ ഈവാനിയോസു തിരുമേനിയോടുകൂടി ഗോവയിലും, പിന്നെ റോമിലും പോയി. 'പ്രോദോത്തു്'' എന്നൊരു സ്ഥാനവും റോമിൽവച്ചു വാങ്ങി അദ്ദേഹം തിരിച്ചുവന്നു.

ഞങ്ങൾ പുനരൈക്യപ്പെട്ടു് അധികദിവസങ്ങൾ കഴിയുന്നതിനു മുൻപു് കുമ്പഴമേലേതിൽ ഫീലിപ്പോസച്ചൻ, ചരുവിലേത്തു ഗീവർഗ്ഗീസച്ചൻ, കാരിച്ചാൽ തകിടിയിൽ തൊമ്മി തോമ്മാ കത്തനാർ മുതലായവർ ഞങ്ങളോടുകൂടി പുനരൈക്യപ്പെട്ടു. 1931 മെയ് മാസത്തിൽ പന്തളത്തു കിളന്നമണ്ണിൽ ഗീവർഗ്ഗീസച്ചനും അദ്ദേഹത്തിന്റെ മകൻ ജേക്കബ്ബച്ചനും പുനരൈക്യപ്പെട്ടു. 1931 ജൂൺമാസം 22-ാം തീയതി പന്തളത്തു പമ്പൂരേത്തു് അലക്സാണ്ഡർ അച്ചനും 1931 ജൂൺ 29-ാം തീയതി അദ്ദേഹത്തിന്റെ പിതാവായ ചാണ്ടപ്പിള്ള വലിയച്ചനും പുനരൈക്യപ്പെട്ടു.

## പള്ളിക്കൂടങ്ങളുടെ ചുമതല എന്നെ ഏല്പിക്കുന്നതു്

മാർ ഈവാനിയോസു തിരുമേനിയുടെ മാനേജ്മെന്റിൽ കുറെ പ്രൈമറിസ്കൂളുകളുണ്ടായിരുന്നു. ആ സ്കൂളുകളുടെ കറസ്പോണ്ടന്റായി ജോലിനോക്കിവന്നിരുന്നതു നിരണം പീലിപ്പോസുവാധ്യാരായിരുന്നു. ഞങ്ങൾ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ അദ്ദേഹം അതു രാജിവെച്ചു. പള്ളിക്കൂടം മാനേജരായും കറസ്പോ

www.malankaralibrary.com

ണ്ടൻറായും ജോലിചെയ്തു് എനിക്കു് പരിചയമുണ്ടായിരുന്നു. അതിനാൽ പള്ളിക്കൂടങ്ങളുടെ മാനേജരും കറസ്പോണ്ടൻറുമായി എന്നെ നിയമിച്ചെഴുതി അയച്ചു. ഈ സ്കൂളുകൾ മാർ ദിവന്നാസ്യോസു തിരുമേനി, മാർ ഈവാനിയോസു തിരുമേനിയെ ഏല്പിച്ചതാണു്. അദ്ദേഹം ആ സ്കൂളുകൾ തിരികെ വേണമെന്നാവശ്യപ്പെട്ടു. മാർ ഈവാനിയോസുതിരുമേനി ചില സ്കൂളുകൾക്കുവേണ്ടി ബാങ്കിൽനിന്നും പണം കടം വാങ്ങി ചെലവുചെയ്തിരുന്നു. പണം ചെലവാക്കീട്ടില്ലാത്ത സ്കൂളുകൾ ഉടനെ തന്നെ തിരിച്ചെഴുതിക്കൊടുത്തു. ചെലവാക്കിയിട്ടുള്ള പണം തന്നാൽ ബാക്കിയുള്ള സ്കൂളുകളും തിരിച്ചെഴുതിക്കൊടുത്തേക്കാമെന്നദ്ദേഹം പറഞ്ഞു. എന്നാൽ സ്കൂളുകൾ തിരിച്ചു കിട്ടുന്നതിനേക്കാൾ മാർ ഈവാനിയോസ് തിരുമേനിയുംമററും സഭയെ ചതിച്ചേച്ചു പോയവരാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കണമെന്നുള്ളതായിരുന്നു കൂടുതൽ ആവശ്യം. അതിനാൽ സ്കൂൾ തരുന്നില്ലെന്നും അവ തിരിച്ചു കിട്ടണമെന്നും കാണിച്ചു മാർ ഈവാനിയോസുതിരുമേനിയെ പ്രതിയാക്കി മാർ ദിവന്നാസ്യോസുതിരുമേനി ഒരു കേസു കൊടുത്തു. അതു് മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു.

## ബഥനിപ്രസ്സ് അപഹരിച്ചതു്

അതു കഴിഞ്ഞു് തിരുവല്ലായിലെ ബഥനിപ്രസ്സും ആശ്രമവും പള്ളിയും ഞങ്ങളുടെ പക്കൽനിന്നും ബലാൽക്കാരമായി യാക്കോബായക്കാർ കൈവശപ്പെടുത്തി. അപ്പോൾ ഞങ്ങൾ അതെല്ലാം വിട്ടു തിരുമൂലപുരത്തു പോയി താമസിച്ചു.

1931 മെയ്മാസത്തിൽ അടൂർ പാറക്കൂട്ടത്തിൽ അമ്പനാട്ടു തോമസുമുതലാളി ശെമ്മാശ്ശൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽനിന്നും വൈദികപട്ടം സ്വീകരിച്ചു കത്തോലിക്കാസഭയിൽ ചേർന്നു. ഇദ്ദേഹം തൻെറ പുനരൈക്യത്തെ വിവരിച്ചു ഒരു പുസ്തകം എഴുതിയിട്ടുണ്ടു്. പാറക്കൂട്ടത്തിൽ ഒരു പള്ളിയും വെച്ചിട്ടുണ്ടു്.

1931 മെയ് 3-ാം തീയതി മാവേലിക്കര പറമ്പിൽ തോമസു പണിക്കരച്ചൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അദ്ദേഹം ഒരു മികച്ച ഹോമിയോ ഡോക്ടർ കൂടിയാണു്.

www.malankaralibrary.com

1931–11–23 ൽ കാരിച്ചാൽ തകിടിയിൽ തൊമ്മി തോമ്മാകത്തനാർ (യാക്കോബായ പള്ളി വികാരി) കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടശേഷം മരിച്ചു. ഇദ്ദേഹം മരിച്ചപ്പോൾ മൃതശരീരം യാക്കോബായ പള്ളി ശവക്കോട്ടയിൽ കൊണ്ടുപോയി സംസ്കരിക്കണമെന്നു പറഞ്ഞു കവറാട്ട ചോനാ ഐപ്പിന്റെ നേതൃത്വത്തിൽ ചിലർ ഒരു പ്രക്ഷോഭണം ഉണ്ടാക്കി. കവിയൂർ കലയക്കാട്ടിലച്ചൻ മുൻകൂട്ടി പൊലീസു സഹായം തേടിയിരുന്നതിനാൽ അവരുടെ പ്രക്ഷോഭണം ഫലിച്ചില്ല. അച്ചന്റെ മൃതശരീരം സിറിയൻ കത്തോലിക്കാ പള്ളിയിൽത്തന്നെ സംസ്കരിച്ചു. ഇദ്ദേഹത്തിന്റെ മകനാണ് പരേതനായ മുളപ്പംപള്ളിൽ യാക്കോബച്ചൻ. അതുകഴിഞ്ഞു് കാരിച്ചാൽക്കാർ ഗവണ്മെന്റിൽ അപേക്ഷിച്ചു. പള്ളിക്കും ശവക്കോട്ടയ്ക്കും ഗവണ്മെൻറനുവാദം വാങ്ങിക്കുകയും ചെയ്തു.

## നഞ്ഞ്യാർകുളം ബഥനി ബാലികാമഠം ഹൈസ്കൂൾ

ഞങ്ങളുടെ ബഥനി സിസ്റ്റേഴ്സ് തിരുവല്ലാ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൽ വേദോപദേശം പഠിപ്പിച്ചു വന്നിരുന്നു. ഞങ്ങളുടെ പുനരൈക്യത്തോടുകൂടി യാക്കോബായക്കാർ അതു് തടഞ്ഞു. അതുമൂലം സിസ്റ്റേഴ്സിനുണ്ടായ മനപ്രയാസത്തിനു ഒരു പരിഹാരമുണ്ടാക്കണമെന്നെനിക്കു തോന്നി. അന്നു് ഞാൻ നഞ്ഞ്യാർകുളത്തു താമസിക്കുകയായിരുന്നു. മാർ ഈവാനിയോസു തിരുമേനി റോമിനു പോകുവാനുള്ള ഒരുക്കവുമാണു്. ആ അവസരത്തിൽ അദ്ദേഹത്തോടു പറഞ്ഞാൽ അനുവാദം കിട്ടാൻ പ്രയാസമായി വരുമെന്നു കരുതി ആരോടും ചോദിക്കാതെ 1930 ഡിസംബർ 18-ാം തീയതി നഞ്ഞ്യാർകുളത്തു ഒരു ഇംഗ്ലീഷ് ഗേൾസ്കൂൾ തുടങ്ങുന്നതിനുള്ള ഗവണ്മെൻറനുവാദത്തിനു് ഞാൻ അപേക്ഷിച്ചു.

അന്നു പെൺപള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ട്രസായിരുന്നതു് മിസ്സ്. റോസ് മേയറായിരുന്നു. അവർ സ്ഥലം കാണുവാൻ വന്നു. നഞ്ഞ്യാർകുളത്തിനു് ഏകദേശം പതിനഞ്ചു മൈൽ ചുററളവിൽ എങ്ങും ഗേൾസ് ഹൈസ്കൂളില്ലെന്നു് ഞാൻ അവരെ ബോദ്ധ്യപ്പെടുത്തി. അവരുടെ റിപ്പോർട്ടു് അനുസരിച്ചു സ്കൂൾ തുറന്നുകൊള്ളുവാൻ ഗവണ്മെൻറിന്റെ അനുവാദം ലഭിച്ചു. 1931 മെയ്

www.malankaralibrary.com

19-ാം തീയതി സ്കൂൾ തുറന്നു. അതിന് ബഥനി ബാലികാമഠം എന്ന പേരു് കൊടുത്തു. രണ്ടു ക്ലാസ്സിലേക്ക് ആവശ്യമുള്ള ബഞ്ചും, ഡസ്കും, ബോർഡും, കസേരയുമെല്ലാം ചേപ്പാട്ടു ഇംഗ്ലീഷ് സ്കൂളിൽനിന്നും കൊണ്ടുവന്നു. അന്ന് അതു ഞങ്ങളുടെ മാനേജുമെൻറിലായിരുന്നു. വിവരമെല്ലാം തിരുമേനിയുടെ പേർക്ക് റോമിലേക്ക് എഴുതി അയച്ചു. കെട്ടിടത്തിനുള്ള പ്ലാനും എസ്റ്റിമേററും തയ്യാറാക്കി അതിൻെറ ഓരോ കോപ്പിയും കൂടെ അയച്ചുകൊടുത്തു. തിരുമേനിക്ക് സന്തോഷമായി. അതനുസരിച്ചു ഉടനെ ഒരു കെട്ടിടം പണിയിക്കുവാൻ തിരുമേനിയുടെ സഹോദരൻ മത്തായി പണിക്കരുടെ പേർക്ക് കല്പന വരികയും അദ്ദേഹം അതു പണിയിക്കുകയും ചെയ്തു. പള്ളിക്കൂടം ഹൈസ്കൂളാക്കിയശേഷം അതിൻെറ മാനേജ്മെൻറ് ബഥനിമഠത്തിലെ മദർ ജനറാലിന് ഞാൻ എഴുതിക്കൊടുത്തു. 1933 മെയ്മാസത്തിൽ ബഥനിമഠത്തിൻെറ ഒരു ശാഖാമന്ദിരം അവിടെ തുടങ്ങി. ഒരു ചാപ്പലും ഹോസ്റ്റലിന് വേണ്ട കെട്ടിടങ്ങളുംകൂടി ഇപ്പോൾ അവിടെ തീർന്നിട്ടുണ്ട്. നീലാർമഠം എന്നറിയപ്പെട്ടിരുന്ന പഴയ നമ്പൂതിരിമാരുടെ മഠം അങ്ങിനെ ബഥനി ബാലികാമഠം ഹൈസ്കൂളായി ഉയർന്നിരിക്കയാണ്.

1931 നവംബർ 22-ാം തീയതി ഓമല്ലൂർ ആററരികത്തു എഴിയത്തു ബ. സക്കറിയാസച്ചനും ചന്ദനപ്പള്ളിൽ പെരുമല ബ. തോമസ് അച്ചനും പുനരൈക്യപ്പെട്ടു. ഈ രണ്ടു കുടുംബത്തിൽനിന്നും പിൻഗാമികളായി പുതിയ അച്ചന്മാരും ഉണ്ടായിട്ടുണ്ട്.

## ചേപ്പാട്ടു തിരുഹൃദയപള്ളി

ഞാൻ ബഥന്യാശ്രമത്തിലേക്ക് പോയപ്പോൾ എൻെറ ചിലവിലേക്കായി മാർ ഈവാനിയോസ്തിരുമനസ്സിലെ പേർക്കു എഴുതിക്കൊടുത്ത എഴുനൂററടത്തു പുരയിടത്തിൽ ഒരു ബഥനി പള്ളി വെയ്ക്കുവാനുള്ള ഗവണ്മെൻറനുവാദം വാങ്ങുന്നതിന് തിരുമേനി പുളിമൂട്ടിൽ തോമസിനെ ചുമതലപ്പെടുത്തുകയും തോമസ് അപേക്ഷ കൊടുത്തു അനുവാദം വരുത്തുകയും ചെയ്തിരുന്നു. ഞാൻ ബഥന്യാശ്രമം വിട്ടപ്പോൾ ആ വസ്തു തിരുമേനി തിരികെ എഴുതിതന്നിരുന്നു. ഞാൻ നങ്ങാർകുളത്തു് താമസിച്ചിരുന്നപ്പോൾ

www.malankaralibrary.com

ആ പറമ്പിൽ ഒരു തൽക്കാല പള്ളി പണിയിച്ചു. ബഥനിയിലെ ഫാദർ ബർസ്ലീബാ ഒ. ഐ. സി. യും ഫാദർ യോബ്യ് ഒ. ഐ. സി. യും അവിടെ താമസിച്ചു പുനരൈക്യത്തിനുള്ള പ്രചരണം നടത്തിക്കൊണ്ടിരുന്നു.

## റവ. ഫാദർ ഗീവറുഗീസ് കന്നിമേലിന്റെ പുനരൈക്യം

ഞാൻ കത്തോലിക്കനായിപ്പോയതിനാൽ കുടുംബത്തിൽ ഒരു യാക്കോബായ പട്ടക്കാരൻ വേണമെന്നു കരുതി പുളിമൂട്ടിൽ തോമസിന്റെ മകന് പട്ടം കൊടുപ്പിക്കുവാൻ ആലോചനയായി. ഉടനെ ഏവരത്തു കിഴക്കതിൽനിന്നൊരു ആൾക്കുടി പട്ടം കൊടുപ്പിക്കണമെന്ന് അവർ ശഠിച്ചു. കന്നിമേൽ അച്ചന് അതു വിരോധമായി. മാർ ദിവന്നാസ്യോസ് അതു വകവയ്ക്കാതെ അവർക്കു രണ്ടുപേർക്കും പട്ടം കൊടുത്തു. ഉടനെ ഫാദർ ഗീവറുഗീസ് കന്നിമേൽ യാക്കോബായസഭ വിട്ടു ഞങ്ങളോടുകൂടെ പുനരൈക്യപ്പെടുകയും ചെയ്തു. അദ്ദേഹം മാതൃവഴിക്ക് എനിക്കൊരു സഹോദരനാണ്. അദ്ദേഹം കത്തോലിക്കനായപ്പോൾ ബഥനി അച്ചന്മാർ രണ്ടുപേരും ചേപ്പാട്ടെ ചുമതല അദ്ദേഹത്തെ ഏൾപ്പിച്ചശേഷം കാർത്തികപ്പള്ളിൽ ഒരു പള്ളി തുടങ്ങാനായി അവിടേയ്ക്കു് പോകയും ചെയ്തു. എനിക്കു പകരമായി പട്ടം കൊടുത്ത പുളിമൂട്ടിലെ തോമസിന്റെ മകൻ ശെമ്മാശുപട്ടം ഉപേക്ഷിച്ചു എം. എ. പാസായി വടക്കെ ഇൻഡ്യയിൽ ഒരു കോളജിൽ പ്രവേശിച്ചശേഷം ഭാര്യാസമേതം ഇപ്പോൾ അമേരിക്കയിലേയ്ക്കു് പോയിരിക്കയാണ്.

## ആയൂർ കോയിക്കലഴികത്തു വീട്ടുകാർ

ഞങ്ങൾ പുനരൈക്യപ്പെടുന്നതിനു മുമ്പായി ആയൂർ കോയിക്കലഴികത്തു വീട്ടുകാർ ലത്തീൻറീത്തിൽ ചേന്നു് നടന്നുതുടങ്ങി. ഞങ്ങൾ ചേർന്നപ്പോൾ അവർക്കും ഞങ്ങളോടുകൂടെ സിറിയൻ റീത്തിൽ ചേരണമെന്നു തോന്നി. അവരുടെ ആവശ്യപ്രകാരം ഞങ്ങൾ അവിടെ ഒരു സ്ഥലം വാങ്ങി. ഒരു തല്ക്കാലഷെഡ് വയ്ക്കുന്നതിനുള്ള മേൽക്കൂര തെങ്ങിൻതടികൊണ്ടു് പണിയിച്ചു. അതറിഞ്ഞു് കൊല്ലത്തു അന്നു് അഡ്മിനിസ്ട്രേറ്റർ ആയിരുന്ന വെ. റവ. ഫാദർ ബർനാർഡിൻ ഞങ്ങളുടെ പേർക്കു് ഒരു

www.malankaralibrary.com

നിരോധനക്കത്തയച്ചു. ഞങ്ങൾ പള്ളിക്കു വാങ്ങിച്ചിരിക്കുന്ന സ്ഥലം അവർ പള്ളിക്കായി വാങ്ങിച്ചിരിക്കുന്ന സ്ഥലത്തിനടുത്താണെന്നും അതിനാൽ ഞങ്ങളുടെ പള്ളി വേറെ സ്ഥലത്തേക്കു മാററിക്കൊള്ളണമെന്നും, അല്ലാത്തപക്ഷം റോമിലേക്ക് എഴുതി അയയ്ക്കുമെന്നു കാണിച്ചുകൊണ്ടുള്ള ഒരു വാർണിംഗായിരുന്നു അതു്. ആ കത്തിൻെറ സ്വരം എനിക്കു തീരെ രസിച്ചില്ല. ആ വിവരം ഡലിഗററു് അപ്പസ്റ്റോലിക്കയെ അറിയിക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടു. എന്നാൽ പുലിക്കോട്ടു റമ്പാച്ചൻ അതു സമ്മതിച്ചില്ല.

## ഞങ്ങളുടെ തിരുവനന്തപുരത്തെ പ്രവേശനം

ഒരു വീട്ടു് കൂലിയ്ക്കെടുത്തു എങ്കിലും തിരുവനന്തപുരത്ത് ഒരു മിഷ്യൻ ഉടനെ തുടങ്ങി വിവരം അറിയിക്കണമെന്നു് റോമിൽനിന്നും മാർ ഈവാനിയോസ് തിരുമനസ്സിലെ കേബിൾ വന്നു. അതിലേക്ക് പുലിക്കോട്ടു ജോസഫ് റമ്പാച്ചനും ഞാനും കൂടി തിരുവനന്തപുരത്തു് എത്തി. ഡോക്ടർ ക്രിസ്ത്യൻെറ ഒരു കെട്ടിടം വാടകയ്ക്കു് എടുത്തു. ബഥനിയിലെ രണ്ടു് അച്ചന്മാരെ അവിടെ താമസിപ്പിച്ചു. ആ വിവരം കമ്പിമൂലം മാർ ഈവാനിയോസ് തിരുമേനിയെ അറിയിക്കുകയും ചെയ്തു.

## ആയൂരെ പള്ളിസ്ഥലവും പള്ളിയും

അതുകഴിഞ്ഞു് ഞങ്ങൾ കൊല്ലത്തേക്കു പോയി. പാരിപ്പള്ളിഭാഗത്തു് ചെന്നപ്പോൾ നല്ല വലിപ്പമുള്ള ചുമന്ന പഴുത്ത മാങ്ങാ വില്പനക്കു് വച്ചിരിക്കുന്നതു കണ്ടു. ഞങ്ങൾ മുന്നൂറു മാങ്ങാ വിലയ്ക്കു വാങ്ങിച്ചു. കൊല്ലത്തു ചെന്നു് അഡ്മിനിസ്ട്രേററർ പെ. ബ. ബർനാർഡീൻ അച്ചനെ കണ്ടു. ഞങ്ങൾക്കു് നങ്ങ്യാർകുളത്തു് ഒരു ലേൾസ് സ്കൂൾ ഉണ്ടെന്നും അതിൻെറ ചാപ്പലിൽ ഒരു സ്ലീബാപാഠ അദ്ദേഹംവന്നു സ്ഥാപിച്ചുതരണമെന്നും പോകുന്നതിലേക്കു ഞങ്ങൾ കാർ കൊണ്ടുവന്നിട്ടുണ്ടു് എന്നും പറഞ്ഞു. അദ്ദേഹം സമ്മതിച്ചു. അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു ഞങ്ങൾ നങ്ങ്യാർകുളം ബാലികാമഠത്തിൽ ചെന്നു. അദ്ദേഹം ആ ചാപ്പലിൽ സ്ലീബാപാഠ പടങ്ങൾ വാഴ്ത്തി സ്ഥാപിക്കുകയും ചെയ്തു.

www.malankaralibrary.com

കുട്ടികളെ കണ്ടപ്പോൾ. "ഇവർക്ക് കൊടുക്കുവാൻ ഒന്നും നാം കരുതിയില്ലല്ലൊ" എന്ന് അദ്ദേഹം പറഞ്ഞു. അല്ല, ഞങ്ങൾ കരുതിയിട്ടുണ്ട് എന്നു പറഞ്ഞു് മാങ്ങാ കെട്ട് അഴിച്ചു വച്ചു. അച്ചൻ ഓരോന്ന് എടുത്തു് ഓരോ കുട്ടിക്കും കൊടുത്തു. കൊച്ചു കുട്ടികൾ അതു കടിച്ചും ചിലർ പൂളിയും ഈരണ്ടുപേർ കൂടി ഓരേ മാങ്ങായിൽ കടിച്ചും തിന്നുതുടങ്ങി. ഈ കളിയും ബഹളവും കണ്ടു് അച്ചൻ സന്തുഷ്ടനായി. അനന്തരം, ഞങ്ങൾ കാപ്പി മേശക്കിരുന്നു. ആയൂരെ പള്ളി മാററി വേറെ സ്ഥലത്തു് വയ്ക്കുന്നമെന്ന് അദ്ദേഹം എഴുതി അയച്ചതിനേപ്പററി റമ്പാച്ചൻ ഓർമ്മിപ്പിച്ചു. "ഞങ്ങൾ പള്ളി എങ്ങോട്ടു മാററനാണു്? ഒരു സ്ഥലം വാങ്ങിച്ചുപോയി. നിങ്ങളുടെ സ്ഥലം അടുത്തുണ്ടെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. അവിടെ നിങ്ങൾ പള്ളിയുമൊന്നും വച്ചിട്ടുമില്ല, ഇനിയും, അവിടെ വേറൊരു സ്ഥലംകൂടി വാങ്ങുവാൻ ഞങ്ങൾക്ക പണവുമില്ല. ഈ സാഹചര്യത്തിൽ ഞങ്ങൾ എന്തു ചെയ്യണമെന്ന് അവിടുന്നുതന്നെ പറയുക" എന്നു പറഞ്ഞു.

ഉടനെ അച്ചൻ പറഞ്ഞു "കിഴക്കേ മെയിൻറോഡ് അരികിൽ ഞങ്ങൾക്കു് അഞ്ചു് ഏക്കർ ഭൂമിയുണ്ടു്. അതു നിങ്ങൾക്കു് വില കൂടാതെ തന്നേക്കാം. നിങ്ങൾ അവിടെ പള്ളി വച്ചുകൊള്ളുക. നിങ്ങളുടെ കാര്യസ്ഥനെ അയച്ചാൽ ഞാൻ ആധാരം എഴുതി തന്നുകൊള്ളാം" എന്നു പറഞ്ഞു. അങ്ങിനെയാകട്ടെയെന്ന് ഞങ്ങൾ സമ്മതിച്ചു. അദ്ദേഹത്തെ ഞങ്ങളുടെ കാറിൽ കൊല്ലത്തേയ്ക്കു് അയച്ചശേഷം ഞങ്ങൾ മടങ്ങിവന്നു് മാനേജർ ചാക്കോച്ചനെ കൊല്ലം അരമനയിലേക്കു് അയച്ചു. ആയൂർ ഇപ്പോൾ ഞങ്ങളുടെ പള്ളി നില്ക്കുന്ന സ്ഥലം കൊല്ലത്തെ അഡ്മിനിസ്ട്രേററർ പെ. ബ. ബർനാർഡിൻ അച്ചൻ അവരുടെ ചെലവിൽ വിലകൂടാതെ എഴുതിതരികയും ചെയ്തു. ഒരു കൽദായാ സുറിയാനിക്കാരനായ മി. ജോസഫ് മുരിക്കനാണു് ഇപ്പോൾ കാണുന്നപള്ളി അദ്ദേഹത്തിന്റെ ചിലവിൽ പണിയിച്ചുതന്നതു്. അതിൻെറ കൂദാശയ്ക്കു് മി. ജോസഫ് മുരിക്കനും ഭാര്യയും എല്ലാം വന്നിരുന്നു. കൽദായാ റീത്തുകാരുടെ പള്ളി ഞങ്ങളുടെ പള്ളിയ്ക്കു് കിഴക്കുവശത്താണു്. ആ പള്ളിയുടെ സ്ഥലം കൊടുത്തതു് ഒരു മലങ്കര സിറിയൻ കത്തോലിക്കനാണു്. ഈ മൂന്നു പള്ളിയും ആദ്യകാലത്തേപ്പോലെതന്നെ ഇന്നും സൌഹാർദ്ദതയിൽ കഴിഞ്ഞു വരുന്നു. അവിടുത്തെ അച്ചന്മാർ അന്യോന്യം സഹായിച്ചും സഹകരിച്ചും വരുന്നു.

www.malankaralibrary.com

ഇന്നത്തെ ഏകറീത്തുവാദികൾ പൊക്കിക്കാണിക്കുന്ന കുഴപ്പങ്ങളൊന്നുംതന്നെ അവിടെ ഉണ്ടായിട്ടില്ല. ഇന്നുമില്ല. അവിടെ മൂന്നു പള്ളികളുള്ളത് സത്യത്തിൽ എല്ലാവർക്കും വളരെ ഉപകാരപ്രദമായിട്ടാണിരിക്കുന്നത്.

## പുത്തൻകാവിലെ കൂക്കുവിളി

കുമ്പഴമേലേതിൽ പീലിപ്പോസച്ചനോടുകൂടെ കത്തോലിക്കാസഭയിൽ ചേരുവാൻ ആളുകൾ ഒരുക്കമുള്ളതായി അറിഞ്ഞു. അവരെ കാണുവാനായി പുത്തൻകാവുവഴി ഞങ്ങൾ പത്തനംതിട്ടയ്ക്കു തിരിച്ചു. വഴിമദ്ധ്യേ പുത്തൻകാവിൽ, പുത്തൻപുരയ്ക്കൽ കൊച്ചുമാത്തച്ചൻ എന്നൊരു ബന്ധു തിരുമേനിക്കുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളെ കണ്ടു. കാപ്പികുടിച്ചേ പോകാവൂ എന്നു നിർബ്ബന്ധിച്ചു. കൊച്ചുമാത്തച്ചനേക്കൂടി കത്തോലിക്കാസഭയിൽ ചേർക്കണമെന്ന് തിരുമേനിക്ക് ആഗ്രഹവുമുണ്ടായിരുന്നു. അതിനാൽ, ഞങ്ങൾ അവിടെ കയറി. കുറെക്കഴിഞ്ഞപ്പോൾ പുത്തൻകാവുകാരായ അനേകം ചെറുപ്പക്കാർ വന്ന് ഞങ്ങളെ ആക്ഷേപിച്ച് കൂക്കുവിളിക്കുവാൻ തുടങ്ങി. അവിടുത്തുകാരിൽ പലരേയും തിരുമേനിക്കറിയാമായിരുന്നു. കാപ്പികുടി കഴിഞ്ഞ് തിരുമേനിയും ഞാനും ഇറങ്ങിച്ചെന്നു. തിരുമേനി അവരിൽ ഓരോരുത്തരോടും "കുഞ്ഞ് എവിടുത്തേതാണ്? വീട്ടിൽ ഇന്നാക്കും ഇന്നാക്കും എല്ലാം സുഖമാണോ" എന്നൊക്കെ ചോദിച്ചു. എന്തിനു പറയുന്നു! "എന്നെക്കണ്ടതുമില്ലല്ലേ" എന്ന മട്ടിൽ ഓരോരുത്തരും പിൻതിരിഞ്ഞ് കടന്നുകളഞ്ഞു. ഞങ്ങൾ കാറിൽ കയറി പോകയും ചെയ്തു.

## ഒരു ഹെഡ്മാസ്റ്ററുടെ സാമർത്ഥ്യം

ഞങ്ങളുടെ സ്കൂൾ നടത്തിപ്പ് മോശമാണെന്നു വരുത്തണമെന്ന് ചില തല്പരകക്ഷികൾക്കു തോന്നി. അതിലേക്ക് ഞങ്ങളുടെ പ്രൈമറിസ്കൂളിൽ കുട്ടികളില്ലെന്നും, ഹെഡ്മാസ്റ്റർ കള്ളഹാജർ വെയ്ക്കുയാണെന്നും സ്കൂൾ ഇൻസ്പക്ടരുടെ അടുക്കൽ പരാതിപ്പെട്ടു. അതൊന്നു പരിശോധിച്ചറിയണമെന്ന് ഇൻസ്പെക്ടർക്കു തോന്നി. അദ്ദേഹം പരിശോധനയ്ക്കായി സ്കൂളിൽ ചെന്നു. "ഇന്നലെ വരാതിരുന്ന കുട്ടികളെല്ലാം എഴുനേല്ക്കട്ടെ"

www.malankaralibrary.com

എന്നു് പറഞ്ഞു. കുറെ കുട്ടികൾ എഴുന്നേററു നിന്നു. അവരുടെ പേരും നമ്പരുമെല്ലാം അദ്ദേഹം ഡയറിയിൽ കുറിച്ചിട്ടു. അതു തകരാറാണെന്നു ഗ്രഹിച്ച ഹെഡ്മാസ്റ്റർ, കുട്ടികളെല്ലാം ഇരിക്കുവാൻ പറഞ്ഞിട്ട് 'ഇന്നു വരാത്ത കുട്ടികളെല്ലാം എഴുന്നേൽക്കട്ടെ', എന്നു പറഞ്ഞു. അപ്പോഴും കുറെ കുട്ടികൾ എഴുന്നേററു നിന്നു. കൊച്ചുകുട്ടികൾക്കു് അത്രയ്ക്കുള്ള അറിവേയുള്ളു. 'ഈ കുട്ടികളുടെ പേരും നമ്പരും കൂടി കുറിച്ചെടുക്കണം' എന്നു് ഹെഡ്മാസ്റ്റർ ഇൻസ്പെക്ടരോടാവശ്യപ്പെട്ടു. അതു കേട്ടപ്പോൾ, അധ്യാപകൻ സമർത്ഥനും കുട്ടികളുടെ മനസ്ഥിതി ഗ്രഹിച്ചിട്ടുള്ള ആളുമാണെന്നു പരിശോധനയുദ്യോഗസ്ഥനു് ബോദ്ധ്യപ്പെട്ട് മടങ്ങിപ്പോയി.

## കുമ്പഴക്കാരെ ചേർക്കാൻ പോയതു്

കൈപ്പട്ടൂർ ഇന്നു കാണുന്ന പാലം തീരുന്നതിനു മുൻപു് ഒരു ചെങ്ങാടത്തിൽ കയററിയാണു് വാഹനങ്ങൾ അക്കരെയിക്കരെ കടത്തിക്കൊണ്ടിരുന്നതു്. ഞങ്ങൾ മാവേലിക്കര വന്നു തിരുമേനിയുടെ വീട്ടിൽ ഇരിക്കുമ്പോൾ, 'കുമ്പഴയുള്ള കുറെ വീട്ടുകാരെ ചേർക്കണ'മെന്നു പറഞ്ഞു് ചിലർ അവിടെ വന്നു. ഞങ്ങൾ ഉടൻതന്നെ ചെല്ലാമെന്നു പറഞ്ഞു് അവരെ അയച്ചു. ഉച്ചമേശ കഴിഞ്ഞു് ഞങ്ങൾ കാറിൽ കുമ്പഴയ്ക്കു തിരിച്ചു. അന്നു തുമ്പമൺ കരിങ്ങാട്ടിലച്ചൻ കത്തോലിക്കാസഭയിൽ ചേർന്നിട്ടില്ലായിരുന്നു. ഞങ്ങൾ തുമ്പോണെത്തി. കരിങ്ങാട്ടിൽ മത്തായി അച്ചന്റെ ക്ഷണപ്രകാരം അവിടെ കയറി. അപ്പോഴേയ്ക്കും ഞങ്ങൾ ചെല്ലുന്ന വിവരം എങ്ങനെയോ കൈപ്പട്ടൂരുള്ള ചില യാക്കോബയക്കാരറിഞ്ഞു. അവർ കുറെപേരെ കരിംകൊടിയും പിടിപ്പിച്ചു് ഗോബാക്ക പറയുവാൻ തയാറാക്കി കൈപ്പട്ടൂർ കടവിൽ നിറുത്തി. ചെങ്ങാടം വടക്കേ കരയിലുമാക്കി. ചെങ്ങാടം ഊന്നുകാരും യാക്കോബായക്കാരായിരുന്നു. അവരും അക്കരെ പോയി മറഞ്ഞു. അന്നു കടവുകളൊക്കെ പരിശോധിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. 'കടുവാ സുബ്രഹ്മണ്യയ്യർ' എന്നായിരുന്നു സാധാരണക്കാരുടെയിടയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നതു്. ഞങ്ങൾ തുമ്പമൺ കരിങ്ങാട്ടിലച്ചന്റെ വീട്ടിൽനിന്നും കാർ കയറുന്നതിനു് അല്പം മുൻപേ 'കടുവാ സുബ്രഹ്മണ്യയ്യരുടെ'

www.malankaralibrary.com

കാർ ഞങ്ങളെ മുന്നിട്ട കൈപ്പട്ടൂരേയ്ക്കു പോയി. ഞങ്ങളെ കാത്തു നിന്നവർ, മി. സുബ്രഹ്മണ്യയ്യരുടെ കാർ കണ്ട ഉടനെ, ഞങ്ങളാണെന്നു് കരുതി 'കരിങ്കൊടിയാട്ടലും ഗോബായ്ക്കട്ടഹാസവും' തുടങ്ങി. 'കടുവാ സുബ്രഹ്മണ്യയ്യർ' അത്ഭുതപ്പെട്ട നോക്കിയപ്പോൾ ചെങ്ങാടവുമില്ല, കടത്തുകാരുമില്ല. അദ്ദേഹം ഒരു ബാററൺ വടിയുമെടുത്തു വീശി 'ആരെടാ, എവിടെടാ' എന്നൊക്കെ ഗർജ്ജിച്ചുകൊണ്ട കാറിൽനിന്നും ഒരു കടുവായെപ്പോലെ ചാടിയിറങ്ങി. കരിംകൊടിക്കാർ അമ്പരന്നു. അവർ കിഴക്കെ പറമ്പിൻെറ ഈടിക്കുള്ള കരിങ്കൽത്തുണും മുള്ളുവേലിയും മറിച്ചിട്ട പരക്കംപാഞ്ഞു. അദ്ദേഹം അങ്ങനെ ഗർജ്ജിച്ചുകൊണ്ട നില്ക്കുമ്പോൾ ഞങ്ങളുടെ കാറും കടവിലെത്തി. അപ്പോഴേയ്ക്കും ചെങ്ങാടവുമായി കടത്തുകാരും ഊന്നിക്കരയെത്തി. മി. അയ്യർ തിരുമേനിയെ കണ്ടപ്പോൾ കാര്യം മനസ്സിലാക്കി. ചെങ്ങാടക്കാരനോട 'തിരുമേനിയുടെ കാർ അക്കരയ്ക്കു വിട്ട' എന്നാജ്ഞാപിച്ചു. 'അതല്ല, ആദ്യം വന്ന കാർ ആദ്യം പോകട്ടെ' എന്നു തിരുമേനി പറഞ്ഞു. അപ്പോഴേയ്ക്കും കടത്തുകാരൻ വന്നു് വലിയ ആദരവോടെ, 'കൊച്ചുതിരുമേനി കയറിയാട്ടെ, വലിയ തിരുമേനിയും കയറിയാട്ടെ', കൂട്ടുകാരുടെ നേക്കു തിരിഞ്ഞുനിന്നു തട്ടുപടി നേരേയിട്ട, കാർ ചെങ്ങാടത്തിൽ കയററാം' എന്നൊക്കെ പറഞ്ഞു ഭക്ത്യാദരവുകൾ കാട്ടിത്തുടങ്ങി. കടത്തുകാരൻെറ അപ്പോഴത്തെ ആ ആദരവും പ്രകടനവും ഒന്നു കാണേണ്ടതുതന്നെയായിരുന്നു. എന്തിനു്, യാതൊരു ശല്യവും കൂടാതെ ഞങ്ങൾ അക്കരെ കടന്നു പത്തനംതിട്ടയ്ക്കു പോയി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

## കററാണത്തു മാങ്കാവിലച്ചനെ ചേർക്കാൻ പോയതു്

മാങ്കാവിൽ, ബ. ശാമുവൽ അച്ചനെ കത്തോലിക്കാസഭയിൽ ചേർക്കുവാൻ കററാനത്തിനു പോകാനായി ഞങ്ങൾ മാവേലിക്കര മേടയിലെത്തി. അവിടെനിന്നു നേരേ തെക്കോട്ടു് കററാനത്തിനു് ഒരു നല്ല വഴിയുണ്ടു്. കാറും ബസ്സും അതിലെ പോകുന്നുമുണ്ടു്. ഞങ്ങൾ ആ വഴി ചെല്ലുമെന്നു കരുതി ഒരു തെങ്ങു് വെട്ടി റോഡിൽ കുറുകെ ഇട്ടുംകൊണ്ടു ചിലർ കാത്തിരിപ്പായി. അപ്പോൾ, തുമ്പമൺവഴി പോകണമെന്നും, കരിങ്ങാട്ടിലച്ചനെ ചേർക്കണമെന്നും ഞങ്ങൾക്കു തോന്നി. ഞങ്ങൾ പന്തളംവഴി

www.malankaralibrary.com

തുമ്പമണ്ണിനു പോയി. അവിടെനിന്നും അട്ടൂർവഴി കററാനം ടി. ബി. യിൽ എത്തി. അപ്പോൾ, മുൻകൂട്ടി പറഞ്ഞിരുന്നതു പോലെ അച്ചനും ജനങ്ങളും അവിടെ സന്നിഹിതരായിരുന്നു. അന്നു ഞങ്ങൾക്കു കററാനത്തു പള്ളിയും പള്ളിക്കൂടവും ഒന്നും ഉണ്ടായിരുന്നില്ല. അതിനാലാണ് ടി. ബി. യിൽവച്ച് അവരെ പുനരൈക്യപ്പെടുത്താമെന്നു വച്ചത്. തിരുമേനി ഒരു ചെറിയ പ്രസംഗം നടത്തി അവരെയെല്ലാം സഭയിൽ ചേർക്കുകയും ചെയ്തു. അതിനുശേഷം അത്താഴമേശയും കഴിഞ്ഞു് ഉറങ്ങാൻ ഭാവിച്ചപ്പോഴാണു്, തെങ്ങുവെട്ടിയിട്ടുംകൊണ്ടു കാത്തിരുന്നവർ 'ഇലവു കാത്ത ശുക'ന്നെപ്പോലെ ഭഗ്നാശരായി മടങ്ങിയെത്തിയ വിവരം അറിയാനിടയായതു്. എല്ലാവരും ചിരിച്ച് അത്ഭുതപ്പെട്ടു. സ്തൂത്താറാപ്രാർത്ഥന കഴിഞ്ഞു ഞങ്ങൾ കിടന്നുറങ്ങി.

## മാലേത്തു വലിയകുഞ്ഞിൻെറ മാനസാന്തരം

തിരുമേനിമാരും, ഞങ്ങളും, ബഥനിക്കാരും പുനരൈക്യപ്പെട്ട് അധികം കഴിയുന്നതിനുമുൻപു് കല്ലൂപ്പാറ മാരേട്ടു പീലിപ്പോസു ജഡ്ജിയും, മല്ലപ്പള്ളിൽ കയ്യാലത്തു കെ. വി. ചാക്കോ ബി. എ എൽ. ടി. യും കാരയ്ക്കൽ അട്ടക്കളയിൽ ഏബ്രഹാം വക്കീൽ ബി. എ. ബി. എല്ലും, മല്ലപ്പള്ളിൽ വട്ടശ്ശേരിൽ വി. എ. വറുഗീസു ബി. എ. എൽ. ടിയും മററും കത്തോലിക്കാസഭയിൽ ചേർന്നു. അതുപോലെതന്നെ മററുചിലർ ഓരോ ദ്രോഹകൃത്യങ്ങൾ ചെയ്തു് ഈ പ്രസ്ഥാനത്തെ നിരുത്സാഹപ്പെടുത്തുവാൻ കഴിവതു യത്നിച്ചുകൊണ്ടും പോന്നു.

പുത്തൻകാവിനു കിഴക്കു നീർവിളാകത്തു മാലേത്തു വലിയകുഞ്ഞു് എന്നൊരാൾ ഉണ്ടായിരുന്നു. ഫലിതരസത്തിൽ കളിയാക്കി പ്രസംഗിക്കാൻ അദ്ദേഹം ബഹുസമർത്ഥനായിരുന്നു. അദ്ദേഹം തിരുവല്ലായിൽ ചെന്നപ്പോൾ, ചിലർ അദ്ദേഹത്തെ പിടികൂടി. വലിയകുഞ്ഞു്, എസ്സ്. സി. സെമ്മിനാരിക്കു പടിഞ്ഞാറുവശമുള്ള കുരിശുംമൂട്ടിൽ വന്നു് ഒരു വീഞ്ഞപ്പെട്ടിയുടെ പുറത്തു കയറിനിന്നു, ബഥനി ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയുമൊക്കെ കളിയാക്കി ഒരു നെടുങ്കൻ പ്രസംഗം നടത്തി. 'റാന്നിയിലെ മുണ്ടൻമലയിൽനിന്നും കുറെ പന്നികൾ ചീറി മുക്രായിട്ട് ചാടിയിറങ്ങി ആറുകടന്നു് വെണ്ണിക്കുളത്തു വന്നു. കുറേ

www.malankaralibrary.com

കുരുവില്ലാച്ചക്ക പമ്പയാററിൽക്കൂടി താഴോട്ടൊഴുകിവന്നു, തിരുവല്ലായിലടുത്തു'. എന്നിങ്ങനെ ഓരോ കല്ലുവച്ച വാക്കുകൾ ചേർത്തു് പ്രസംഗിച്ചു. കുറേപ്പേർ അതിനു കയ്യടിക്കുവാനും ഉണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞു് മാലേത്തു വല്ല്യകുഞ്ഞു വീട്ടിൽ ചെന്നപ്പോൾ ഒരു നെഞ്ചുവേദനയും ഉരുണ്ടുകയററവുമെല്ലാം തുടങ്ങി. ബഥനി സന്യാസികളെ അനാവശ്യമായി ആക്ഷേപിച്ചതിനാലുണ്ടായ ദൈവകോപമാണെന്നു് അദ്ദേഹത്തിനു തോന്നി. അദ്ദേഹം ഉടനെതന്നെ തിരുവനന്തപുരത്തെത്തി മാർ ഈവാനിയോസുതിരുമേനിയെ കണ്ടു കൈമുത്തി സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കാസഭയിൽ ചേരുകയും പള്ളിക്കനുവാദം വാങ്ങിയിട്ടിരുന്ന തൻെറ സ്വന്തമായ ഒരു സ്ഥലം തിരുമേനിയുടെ പേർക്കു വില എഴുതിക്കൊടുക്കയും ചെയ്തു.

## എവിഡൻസ്ഗിൽഡുകാരുടെ പ്രസംഗം

കല്ലൂപ്പാറ മാരേട്ട് ഫീലിപ്പോസു ജഡ്ജി പെൻഷൻ പററി. അദ്ദേഹം കുറെ ചെറുപ്പക്കാരെ ചേർത്തു് ചന്തസ്ഥലത്തും വഴിക്കവലകളിലുംമററും പോയി കത്തോലിക്കാസഭയെപ്പററി പ്രസംഗിക്കുന്നതിനു് ഒരു 'എവിഡൻസ്ഗിൽഡ്'' രൂപീകരിച്ചു. അവർ പോയി പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ പ്രസംഗിച്ചു തുടങ്ങി. അങ്ങിനെയിരിക്കെ, പുത്തൻകാവിൽനിന്നൊരാൾ ചെന്നു്, അവിടെ ഒരു പ്രസംഗം നടത്തണമെന്നും, വഴിയരികിലുള്ള തൻെറ വീടിൻെറ മുററം അതിലേയ്ക്കനുവദിക്കാമെന്നും പറഞ്ഞതനുസരിച്ചു് ഫിലിപ്പോസു ജഡ്ജി ചെല്ലാമെന്നു സമ്മതിച്ചു. വിവരം പുത്തൻകാവു് സിറിയൻകത്തോലിക്കാപള്ളിയിൽ താമസിച്ചിരുന്ന ബർസ്ലീബാ ഒ. ഐ. സി. അച്ചനെ അറിയിച്ചു. ഫിലിപ്പോസ് ജഡ്ജിയുംമററും വരുന്ന വിവരത്തിനു് ഉടനെ ഒരു നോട്ടീസ് അച്ചടിപ്പിച്ചു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

നിശ്ചിതദിവസമായപ്പോൾ വീടിൻെറ ഉടമസ്ഥൻ ഓടിവന്നു്, ''അച്ചാ, ഞങ്ങളുടെ വീടിൻെറ മുൻവശത്താക്കുകയില്ല; വലിയ എതിർപ്പാണു്'' എന്നു പറഞ്ഞു. അച്ചൻ വിഷമിച്ചു. ആ സംഭാഷണം കേട്ടുകൊണ്ടുനിന്ന ഒരാൾ ഈ ചതിപ്രയോഗത്തിൽ കുപിതനായി. അയാൾ താമസിക്കുന്ന റോഡരികിലുള്ള വീടിൻെറ മുററം അനുവദിക്കാമെന്നു ഭാരമേററു. മുൻപിൽ ഒരു

www.malankaralibrary.com

ക്രൂശിതരൂപവും ഉയർത്തിപ്പിടിച്ച് തമ്പേറുകൊട്ടിയും പാട്ടു പാടിയും ആയിരുന്ന പ്രസംഗകരുടെ വരവ്. ഈ പ്രസംഗം അലങ്കോലപ്പെടുത്തണമെന്ന് എതിർകക്ഷിക്കാരായ കുറെ ചെറുപ്പക്കാരും നിശ്ചയിച്ചു. അവരിൽ ഒരുവന് ഓമനിച്ചു വളർത്തുന്ന ഒരു പട്ടിയുണ്ടായിരുന്നു. അത് അയാളുടെ കൂടെ എപ്പോഴും സഞ്ചരിക്കുമായിരുന്നു. അതിനെക്കൂടി കൊണ്ടുപോയില്ലെങ്കിൽ കെട്ടിൻമൂട്ടിൽ കിടന്ന് അതു വലിയ കുരയും ബഹളവുമുണ്ടാക്കും. കൂടെ കൊണ്ടുപോയേ അതടങ്ങുകയുള്ളു.

എതിർപാർട്ടിക്കാർ അയാളെയും പട്ടിയെയും വരുത്തി. എവിഡൻസുഗിൽഡുകാർ പ്രസംഗിക്കാൻ പോകുന്ന കെട്ടിടത്തിന്റെ വരാന്തയിലെ തൂണിൽ അതിനെ കെട്ടിയിട്ടു. ഉടമസ്ഥനെയും അടുത്തു നിറുത്തി. പ്രസംഗം തുടങ്ങുമ്പോൾ പട്ടിയെ ഇട്ടേച്ച് ഉടമസ്ഥനെയുംകൊണ്ടു പോകണമെന്നും, അപ്പോൾ പട്ടി കുരച്ചു ശല്യമുണ്ടാക്കിക്കൊള്ളുമെന്നുമായിരുന്നു അവരുടെ പ്ലാൻ. പതിവുപോലെ എവിഡൻസുഗിൽഡുകാർ പാട്ടും തമ്പേറുമൊക്കെയായിട്ടു വന്നു. വളരെ ആളുകളും കൂടി. അപ്പോൾ ഒരു ചാററൽമഴയും അതേതുടർന്ന് ഒരിളംകാററുമടിച്ചു. പട്ടിക്കെന്തോ ഒരു പ്രത്യേകസുഖം തോന്നി. അതു ചുരുണ്ടുകിടന്നുറക്കമായി. ഉടമസ്ഥനെ പിടിച്ചുകൊണ്ടുപോകുന്നു. പട്ടിയെ തട്ടുന്നു, കടയിട്ടു കുത്തുന്നു, എന്തൊക്കെയായിട്ടും പട്ടി അനങ്ങുന്നില്ല. പ്രസംഗം തീരുന്നതുവരെ പ്രസംഗപീഠത്തിനടുക്കൽ പട്ടി അനങ്ങാതെ കിടന്നു. പലരും അത്ഭുതപ്പെട്ടു. പ്രസംഗം മംഗളമായി പര്യവസാനിച്ചു. എല്ലാവരും മടങ്ങിപ്പോകയും ചെയ്തു

## കുമ്പഴ പള്ളിക്കൂടത്തിലെ പ്രസംഗയോഗം

കുമ്പഴ പ്രൈമറിസ്കൂൾ അന്നു ഞങ്ങളുടെ കൈവശമായിരുന്നു. ആ സ്കൂളിൽവച്ച് ഒരു പ്രസംഗയോഗം നടത്തുവാൻ കുമ്പഴ മേലേതിൽ പീലിപ്പോസച്ചൻ തീർച്ചപ്പെടുത്തി. തുമ്പമൺ പുത്തൻവീട്ടിലച്ചനും ഞാനുമായിരുന്നു പ്രസംഗകർ. ഈ വിവരം അറിഞ്ഞു യാക്കോബായക്കാരും മാർത്തോമ്മാക്കാരും ഓരോ പ്രസംഗയോഗം ഇതേസമയത്ത് ഇതിനടുത്തുവച്ചുതന്നെ നടത്തത്തക്കവണ്ണം ഏർപ്പാടുചെയ്തു. മാർത്തോമ്മാക്കാരുടെ പ്രസംഗകൻ, മി. കെ. എൻ. ദാനിയേലും, യാക്കോബായക്കാരുടെ

www.malankaralibrary.com

പ്രസംഗകരിൽ പ്രധാനി മാർ യൂലിയോസ് ബാവായുമായിരുന്നു. പക്ഷേ, ഇതുകൊണ്ടൊന്നും ഞങ്ങളുടെ പ്രസംഗത്തിനു ശ്രോതാക്കൾ കുറഞ്ഞില്ല. പുത്തൻവീട്ടിലച്ചന്റെ പ്രസംഗം ഫലിതം തുളുമ്പുന്ന ഉദാഹരണങ്ങളോടുകൂടിയതായിരുന്നു.

## യാക്കോബായ എന്ന പേർ

അദ്ദേഹം പറയുകയാണ്, "യാക്കോബായസഭ ക്രിസ്തു സ്ഥാപിച്ചതാണെന്നും, യാക്കോബായ എന്ന പേരു് ശത്രുക്കൾ വിളിച്ചതാണെന്നും ചില പുതിയ പ്രസംഗകന്മാർ പറയുന്നു. എന്നാൽ യാക്കോബായക്കാരുടെ നമസ്കാരപുസ്തകം, യാക്കോബായസഭയുടെ കുർബാനക്രമം എന്നൊക്കെ അവരുടെ പുസ്തകങ്ങളുടെ ആരംഭത്തിലും കവറിലും അച്ചടിച്ചുവിടുന്നതാരാണ്? ഈ പുസ്തകങ്ങൾ അച്ചടിച്ചുകൊടുക്കുന്നതും ശത്രുക്കളാണോ? ഇതു കേൾക്കുമ്പോൾ പണ്ടത്തെ ഒരു കഥയാണോർമ്മയിൽ വരുന്നതു്.

"തിരുവനന്തപുരത്തു് കോട്ടയ്ക്കകത്തു ബ്രാഹ്മണർ മാത്രമേ താമസമുള്ളു. അവിടെനിന്നും നല്ല ഉണക്ക പരവാ ചുട്ട മണം പൊന്തിവന്നു. അതെങ്ങനെ ഉണ്ടാകുന്നതാണെന്നു കണ്ടുപിടിക്കുവാൻ കോട്ടവാതുക്കൽ നില്ക്കുന്ന പൊലീസുകാരെ ചട്ടംകെട്ടി. അങ്ങിനെയിരിക്കെ ഒരു കുടവയറൻ സ്വാമി വല്ലാതെ, തിക്കും പക്കം സൂക്ഷിച്ചും കവച്ചുകവച്ചു് നടന്നുവരുന്നതു കണ്ടു. ബ്രാഹ്മണനെ അറസ്റ്റുചെയ്യുവാനും ആക്ഷേപിക്കുവാനും പാടില്ലെന്നാണു ചട്ടം. അതിനാൽ ഒരു പൊലീസുകാരൻ അടുത്തുചെന്നു് 'എന്നാ സ്വാമീ, സുഖം താനാ. അന്ത മഠത്തിലെ അമ്മാവുക്കമെല്ലാം സുഖം താനാ!' എന്നു ചോദിച്ചുകൊണ്ടു സ്വാമിയെ പിടിച്ചു് അടിമുടിയൊന്നു കുലുക്കി. ഉടനെ പത്തിരുപതു് ഉണക്കപ്പരവാ സ്വാമിയുടെ പാളത്താറിൽനിന്നും താഴെ വീണു റോഡിലെല്ലാമായി. അപ്പോൾ സ്വാമി അത്ഭുതം നടിച്ചു പറയുകയാണ്. ഇതെന്നതെടേ! എൻ പാളത്താറിലേയാ ഇന്ത കരുവാടു കട്ടവെയ്ക്കുറതു്! ചന്തപ്പിള്ളകൾമൂലം അങ്ങാടിയിലും പോക മുടിയാതായിരിക്കിറതു്? ഇതു റൊമ്പം കഷ്ടമല്ലാവാ? ഉങ്കൾതാൻ ഇതൈ കണ്ടുപിടിത്തുതരവേണ്ടും" എന്നായി. ആ ഉണക്കമീൻ അങ്ങാടിയിലെ ആരോ കൊള്ളരുതാത്തവർ സ്വാമിയുടെ താറി

www.malankaralibrary.com

നകത്തു സ്വാമി അറിയാതെ ഒളിച്ചു വച്ചതാണെന്നും, പൊലീസുകാർ അവരെ കണ്ടുപിടിച്ചുകൊടുക്കണമെന്നുമാണ് സ്വാമിയുടെ അഭ്യർത്ഥന.

"യാക്കോബായക്കാരുടെ ഇപ്പോഴത്തെ പ്രസംഗവും ഏതാണ്ടിതുപോലെയിരിക്കുന്നു. ഏകസ്വഭാവവാദത്തിനു കൂട്ടുപിടിച്ചുനടന്ന യാക്കോബു ബുർദ്ദാനായുടെ കക്ഷിക്കാരാണ് ഞങ്ങൾ എന്നു സ്വയം വൻപു പറയാൻവേണ്ടി സ്വന്തം പാളത്താറിൽ എടുത്തുവച്ച പേരാണ് യാക്കോബായ എന്നുള്ളത്. അതെങ്ങനെ അവരുടെ നമസ്കാരപുസ്തകത്തിലും, കുർബാനക്രമത്തിലും വന്നു എന്നു ഞാൻ കണ്ടുപിടിച്ചുകൊടുക്കണംപോലും!" ഇത്തരം വിനോദകരവും ഫലിതരസസമ്മിളിതവുമായ ഉദാഹരണങ്ങളുദ്ധരിച്ചുള്ള പ്രസംഗം കേട്ട് ഉത്തരമില്ലാതെ കറങ്ങിയപ്പോൾ ചിലർ മുറ്റത്തും റോഡിലും നിന്നുകൊണ്ടു കൂവി ശബ്ദം ഉണ്ടാക്കാൻ തുടങ്ങി. കുമ്പഴയച്ചനു കോപമായി. 'ആരാണവിടെ ശബ്ദമുണ്ടാക്കുന്നത്? ഇവിടെ വാളൻറിയേഴ്സില്ലേ?' എന്നു ചോദിച്ചുകൊണ്ട് അച്ചൻ എഴുന്നേററു. അപ്പോഴേക്കും ആ ശബ്ദം ഉണ്ടാക്കിയവർ, 'ഓ, കുമ്പഴമുട്ടന്മാർ! കുമ്പഴമുട്ടന്മാർ!' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ഓടിപ്പോയി.

## കുമ്പഴമുട്ടന്മാർ എന്ന പേർ

'കുമ്പഴമുട്ടന്മാർ' എന്ന പേര് പരിഹാസമായി തോന്നുമെങ്കിലും ഒരു സ്ഥാനപ്പേരുപോലെയാണ് അവർ അതു കരുതിപ്പോരുന്നത്. മത്തിയൂസ് മാർ അത്തനാസ്യോസ് മെത്രാച്ചന്റെ കാലത്തു സി. എം. എസ്, മിഷ്യനറിമാരുടെ ഉപദേശം കേട്ട്, "ഇനിയും 'നന്മനിറഞ്ഞമറിയം', നമസ്കരിച്ചുകൂടാ', എന്നൊരു കല്പന അദ്ദേഹം എല്ലാ പള്ളികൾക്കും അയച്ചു. വല്ലവരും അതനുസരിക്കാതിരിക്കുന്നുണ്ടോ എന്നന്വേഷണമായി. അപ്പോൾ കുമ്പഴക്കാർ അതു പഴയപടി ചൊല്ലിവരുന്നതായി കേട്ട 'കുമ്പഴ പള്ളിക്കാർ ഉടനെ പഴയ സെമിനാരിയിൽ വരട്ടെ', എന്നു കല്പനയായി. തൻെറ കല്പന അനുസരിക്കാത്തവരെ അദ്ദേഹം മുളവടികൊണ്ടടിച്ചിട്ടുണ്ടെന്നാണു കേൾവി. അതിനദ്ദേഹത്തിനധികാരം നല്കുന്ന തിരുവെഴുത്തുവിളംബരവും ഉണ്ടായിരുന്നു. എന്താണു ചെയ്യേണ്ടതെന്നു കുമ്പഴക്കാർ തിരക്കായി. കല്പനയനുസരിച്ചു ചെല്ലാതെയിരുന്നാൽ അതു് അതിലും കുഴപ്പം.

www.malankaralibrary.com

അപ്പോൾ ഒരു വലിയപ്പൻ പറഞ്ഞു: "അവിടെ ചെല്ലുമ്പോൾ ഞാൻ പറയുന്നതുപോലെ പറയുകയും ഞാൻ കാണിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യാമെന്നുള്ള വല്ലവരുമുണ്ടെങ്കിൽ അങ്ങനെയുള്ളവർ എന്റെകൂടെ വരട്ടെ! നമുക്കൊന്നു പോയിനോക്കാം" എന്നു പറഞ്ഞു. എല്ലാവരും അതു സമ്മതിച്ചു. അങ്ങിനെ അവരിൽ കുറേപ്പേർ കോട്ടയത്തെത്തി. അവർ ചെന്ന വിവരം അറിയിച്ചു. കയറിച്ചെല്ലുവാൻ കല്പന ഉണ്ടായതനുസരിച്ച് കയറിച്ചെന്നു. തിരുമേനി:- "കുമ്പഴക്കാരാണല്ലേ?" വലിയപ്പൻ:- "അടിയൻ" (വലിയപ്പൻ വായ് പൊത്തി തലകുനിച്ചാദരിച്ചു) എല്ലാവരും അതുപോലെ ചെയ്തു. തിരു:- "നിങ്ങൾക്കു കർത്താവിനോടു പ്രാർത്ഥിച്ചാൽ പോരേ? മാതാവിനോടും പരിശുദ്ധന്മാരോടും ഒക്കെ പ്രാർത്ഥിക്കണമോ എന്ന് ചോദിച്ചു. വല്ല്യപ്പൻ:- "അപ്പന്മാർ കൊച്ചുന്നാളിലേ പഠിപ്പിച്ചതുപോലെ ചെയ്തുവരുന്നു എന്നേയുള്ളേ!" തിരു:- "അതു തെറ്റാണെന്ന് അറിവുള്ളവർ പറഞ്ഞുതന്നാൽ അതനുസരിക്കരുതോ?" വലിയപ്പൻ:- "അറിയാവുന്നവർതന്നെയാണ് പറഞ്ഞുതന്നത്." തിരു:- "ആങ്ഹാ, തറുതല പറയുകയാണോ?" എന്നു പറഞ്ഞു കട്ടിലിന്റെ തലയ്ക്കൽ വച്ചിരുന്ന മുളവടി കൈനീട്ടി എടുത്തു. ഉടനെ വലിയപ്പൻ താറു പാച്ചി. തോളിൽ കിടന്നിരുന്ന രണ്ടാം മുണ്ടെടുത്ത് അരയ്ക്കും കെട്ടി. അതുകണ്ടു കുമ്പഴക്കാരെല്ലാവരും അങ്ങിനെ തന്നെ ചെയ്തു ഉടനെ തിരുമേനി "നിങ്ങളെന്തിനാടാ താറു പാച്ചിയത്?" വലി:- തിരുമേനി എന്തിനാണ് വടി എടുത്തത്?" തിരു:- "നിങ്ങൾക്കു രണ്ടു തരാൻ" വലി:- "താറുപാച്ചിയതു് അതിങ്ങു വാങ്ങിക്കാനാണേ!" പോരുകോഴിയെപ്പോലെ തിരുമേനിയും വലിയപ്പനും കുറേനേരം കണ്ണിൽക്കണ്ണ് സൂക്ഷിച്ചു നോക്കി. വലിയപ്പനോടൊപ്പം മററുള്ള കുമ്പഴക്കാരും! ഒടുവിൽ തിരുമേനി:- "അല്ലെങ്കിലും നിങ്ങൾ കുമ്പഴ മുട്ടന്മാരാണ്. എനിക്കറിയാം. ഇറങ്ങിപ്പൊയ്ക്കൊള്ളൂ" എന്നു കല്പിച്ചു. ഉടനെതന്നെ തല്ലുകൊള്ളാതെ അവർ ഇറങ്ങിപ്പോരുകയും ചെയ്തു.

കുമ്പഴ പ്രസംഗം അലങ്കോലപ്പെടുത്തുവാൻ വന്നവർ അലോഹ്യമുണ്ടാക്കിയപ്പോൾ ഗത്യന്തരമില്ലാതെ, ആരാണവിടെ എന്നു പറഞ്ഞ് അവരെ വെരട്ടി ഓടിച്ച അച്ചനും ചെറുപ്പക്കാരും ഈ

www.malankaralibrary.com

വലിയപ്പന്മാരുടെ മക്കളായിരുന്നത്രേ. അതിനാലാണ് കൂവാൻ വന്നവർ 'കുമ്പഴമുട്ടന്മാർ' എന്നു വിളിച്ചുപറഞ്ഞു് ഓടിപ്പോയതു്. അതോടുകൂടി പ്രസംഗയോഗം ശാന്തമായി നടക്കുകയും ചെയ്തു.

## കാട്ടൂർ മണ്ണിൽ വലിയച്ചൻ

കാട്ടൂർ മണ്ണിൽ ഏബ്രഹാം കത്തനാർ എന്നു കേൾവി കേട്ട ഒരു മൂപ്പച്ചനുണ്ടായിരുന്നു. മാർ ഈവാനിയോസു തിരുമേനി അച്ചനായിരുന്നപ്പോൾമുതലേ അവർ സ്നേഹിതന്മാരായിരുന്നു. കത്തോലിക്കാസഭയോടു പുനരൈക്യപ്പെടണമെന്ന് ആലോചന മുറുകിവരുകയായിരുന്നു. തിരുമേനിയും ഞാനും ഒരു കെട്ടുവള്ളത്തിൽ കയറി വടശ്ശേരിക്കര ആശ്രമത്തിൽനിന്നും തിരുവല്ലായ്ക്കു പോകുന്ന വഴി കാട്ടൂർ വന്നപ്പോൾ നമുക്കിവിടൊന്നു കയറാമെന്നു പറഞ്ഞു വള്ളം കരയ്ക്കടുപ്പിച്ചു. ആ വീട്ടിൽ കയറി. വലിയച്ചൻ വയസ്സനും ക്ഷീണനും ആയിരുന്നു. അച്ചൻ പറഞ്ഞു "പത്രോസിനെ ക്രിസ്തു ശ്ലീഹന്മാരുടെ തലവനാക്കി എന്ന സത്യം ആർക്കും നിഷേധിക്കാനാവുകയില്ല. തിരുമേനി കത്തോലിക്കാ പുനരൈക്യം ഉണ്ടാക്കുമെങ്കിൽ ഞാൻ ഒന്നാമതായി ചേരും." അങ്ങനെ കുറെ ഏറെനേരം അവർ തമ്മിൽ സംസാരിച്ചു്, ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞു. അച്ചനു് അവശത കൂടിയപ്പോൾ തിരുമേനി പുനരൈക്യപ്പെട്ടുകഴിഞ്ഞിരുന്നു. ഉടനെതന്നെ തിരുമേനിയെ കാട്ടൂർ വരുത്തി. വലിയച്ചൻ പുനരൈക്യപ്പെടുകയും ചെയ്തു.

അച്ചന്റെ മക്കളുടെയും കൊച്ചുമക്കളുടെയും പരിശ്രമത്താൽ അവിടെ ഒരു സ്ഥലം വാങ്ങി ചാപ്പലുണ്ടാക്കി ഓടിട്ടു കഴിഞ്ഞിരുന്നു. അധികം താമസിച്ചില്ല. 1935 ഏപ്രിൽ 30-ാം തിയതി വലിയച്ചൻ ഈ ലോകത്തോടു യാത്ര പറഞ്ഞു. ഞാൻ അന്നു് അടൂർ താമസിക്കുകയായിരുന്നു. അച്ചൻ മരിച്ചു എന്നു കേട്ടു് അയിരൂർ കർമ്മലീത്താ ആശ്രമത്തിൽനിന്നും ചെന്ന കുറെ കർമ്മലീത്താ വൈദികരെയും ബ്രദേഴ്സിനെയും യാക്കോബായക്കാർ ഭീഷണിപ്പെടുത്തി മടക്കി അയച്ചിരുന്നു. കാട്ടൂർ പുത്തൻപുരയ്ക്കൽ ഗീവറുഗീസ് അച്ചൻ കത്തോലിക്കാസഭയിൽച്ചേർന്ന് ഉത്സാഹമായി വേല ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അതു്. വലിയച്ചനെ പുതിയ കെട്ടിടത്തിനകത്തുതന്നെ കബറടക്കുവാൻ തീർച്ച

www.malankaralibrary.com

പ്പെട്ടുത്തി. യാക്കോബായക്കാർ ശല്യമുണ്ടാക്കിയേയ്ക്കുമെന്ന് പൊലീസുകമ്മീഷണരെ അറിയിച്ചു. അദ്ദേഹം ആറന്മുള പൊലീസിനു വേണ്ട നിർദ്ദേശങ്ങളും കൊടുത്തു. ഈ വിവരമെല്ലാം അറിഞ്ഞു് പൊലീസുകാരുടെ വരവും കാത്തു വഴിയിൽ നില്ക്കുകയായിരുന്നു കടമ്മനിട്ടയച്ചനും കാവുംകോട്ട കുറുപ്പും. അവർ രണ്ടും ഉററ മിത്രങ്ങളായിരുന്നു.

ആ ശവസംസ്കാരകർമ്മം ഞാൻ പോയി നടത്തിക്കൊടുക്കണമെന്നും, തിരുമേനി വരുന്നില്ലെന്നും, കടമ്മനിട്ടയച്ചൻ സ്ഥലത്തുണ്ടായിരിക്കുമെന്നും എല്ലാംകാണിച്ച് ഒരുകത്തുമായി ഒരാളെ തിരുമേനി എന്റെ അടുക്കലയച്ചു. ഉടനെതന്നെ ഞാൻ കാട്ടൂരേയ്ക്കു തിരിച്ചു. വഞ്ചിത്തറമുക്കിൽ ചെന്നപ്പോൾ കടമ്മനിട്ടയച്ചൻ അവിടെ നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം പൊലീസുകാരെ കൂട്ടിക്കൊണ്ടുവരാൻ നില്ക്കുകയാണ്. 'റമ്പാച്ചൻ പൊയ്ക്കൊള്ളുക' എന്നു പറഞ്ഞു. ഞാൻ കട്ടൂർ പൊന്മേലിൽ ചെന്നു. ഒരു പന്തൽ മുററത്തിട്ടിട്ടുണ്ട്. നല്ല ഒരാൾക്കൂട്ടവുമുണ്ട്. മൃതശരീരം മുറിയിൽനിന്നും പന്തലിൽ ഒരു കട്ടിലിൽ ഇറക്കിക്കിടത്തി. ഞാൻ പ്രാർത്ഥനയാരംഭിച്ചു. അപ്പോഴേയ്ക്കു് കടമ്മനിട്ടയച്ചനും പൊലീസുകാരും വന്നു പൊലീസുകാരുടെ ആവശ്യം ഉണ്ടെന്ന് എനിക്കു തോന്നിയില്ല. അത്ര ശാന്തമായിരുന്നു അന്തരീക്ഷം. എല്ലാവരും വലിയച്ചന്റെ കൈ മുത്തി. മൃതശരീരം പെട്ടിയിൽ വച്ചെടുത്തു. വഴിക്കാലാ ചൊല്ലി പുതിയ കെട്ടിടത്തിലേയ്ക്കു വിലാപയാത്രയായിപ്പോയി ഞാൻ ചെറുതായൊരു ചരമപ്രസംഗം ചെയ്തു. മൃതശരീരം ആ കെട്ടിടത്തിനുള്ളിൽ കെട്ടിയൊരുക്കിയിരുന്ന കല്ലറയിൽ യഥാവിധി സംസ്ക്കരിക്കുകയും ചെയ്തു.

അതേതുടർന്ന് മുടങ്ങാതെ അവിടെ വി. കുർബാന അപ്പിച്ചുതുടങ്ങി. അവിടെ പള്ളിക്കു ഗവണ്മെൻറനുവാദം ലഭിച്ചിട്ടില്ലായിരുന്നു. അതിനാൽ അവിടെ വി. കുർബാന ചൊല്ലുന്നതിനെപ്പററി എതിരാളികൾ പരാതിപ്പെട്ടു. അതു പരേതന്റെ കബറിടമാണെന്നും ഞങ്ങൾ അദ്ദേഹത്തിന്റെ അമരക്രിയകൾ നടത്തുകയാണെന്നും ഞങ്ങൾ സമാധാനം പറഞ്ഞുകൊണ്ടു മുടങ്ങാതെ പള്ളി നടത്തിക്കൊണ്ടിരുന്നു. മരിച്ചവരുടെ അമരക്രിയകൾ തടയുന്നതിനു ഗവണ്മെൻറിനു നിയമമില്ല. അതിനാൽ അവിടെ കുർബാന ചൊല്ലുന്നതിനു വിരോധം പറയാൻ ഉദ്യോ

www.malankaralibrary.com

ഗസ്ഥന്മാർക്കു നിവർത്തിയില്ലാതായി. ഇപ്പോൾ അവിടെ ഒരു നല്ല പള്ളിയും പള്ളിമേടയും ഉണ്ട്. പള്ളിക്കടുത്തു ഒരു ചെറിയ റബ്ബർതോട്ടവും ഉണ്ട്. ഒരച്ചൻ അവിടെ സ്ഥിരമായി താമസിച്ചു വരുന്നു. കൂടാതെ പരേതൻെറ കൊച്ചുമക്കളായി ഫാദർ മാത്യു പൊന്മേലിൽ, ഫാദർ തോമസു പൊന്മേലിൽ എന്നിങ്ങനെ രണ്ടു ബ. അച്ചന്മാരുമുണ്ട്. ഈ വലിയച്ചൻെറ വിശ്വാസതീഷ്ണത അവരിലും ദൃശ്യമാണ്. മരിക്കുന്നതിനു മുൻപായി കത്തോലിക്കാ സഭയിൽ ചേർന്നിരിക്കണമെന്ന് ആഗ്രഹിച്ച ചേന്ന വലിയച്ചന്മാരിൽ പ്രഥമൻ ഇദ്ദേഹമായിരുന്നു. കൂടാത ഇപ്പോൾ ഒരു ഫ്രാൻസീസ്ക്കൻ ബ്രദറും 15-ൽ പരം കന്യാസ്ത്രികളും ആ കുടുംബത്തിൽനിന്നുമുണ്ട്.

## ചേപ്പാട്ടു മുട്ടം പള്ളിക്കേസ്സ്

ചേപ്പാടിനടുത്തുള്ള മുട്ടത്തുകാർ പുനരൈക്യപ്പെടുവാൻ സന്നദ്ധരായിരുന്നു. അതിനാൽ ഞങ്ങളുടെ പുനരൈക്യത്തിനു മുൻപുതന്നെ അവിടെ ഒരു ബഥനി പള്ളി വയ്പിച്ചിരുന്നു. ഞങ്ങൾ പുനരൈക്യപ്പെട്ടുകഴിഞ്ഞപ്പോൾ, ആ പള്ളി യാക്കോബായക്കാർക്കു കിട്ടണമെന്നു പറഞ്ഞു് വിരോധകക്ഷികൾ ഒരു കേസു കൊടുത്തു. അതു് ഞങ്ങൾക്കനുകൂലമായി വിധിച്ചു. ആ വിധി നടത്തി എടുക്കുന്നതിനു കടമ്മനിട്ട അച്ചൻ കൂടി വന്നിരുന്നു. ഞങ്ങൾക്കതു നടത്തിച്ചുതരുന്നതിനും പൊലീസുദ്യോഗസ്ഥന്മാരെ പോയി കാണുന്നതിനും, ഞങ്ങൾ അവിടെ കുർബാന ചൊല്ലിയതു കണ്ടതായി മഹസ്സർ എഴുതിക്കുന്നതിനും കടമ്മനിട്ട ഗീവറുഗീസച്ചനായിരുന്നു ഓടിനടന്നതു്. കത്തോലിക്കാ പുനരൈക്യത്തിൻെറ ആരംഭകാലത്തു് എത്രയും തീഷ്ണതയോടെ വേല ചെയ്തിരുന്ന ഒരാളായിരുന്നു പരേതനായ കടമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവറുഗീസച്ചൻ. അദ്ദേഹത്തിൻെറ പിതാവു് കടമ്മനിട്ട വലിയച്ചൻ, എൻെറ വലിയപ്പനായ ചേപ്പാട്ടു പുത്തൻവീട്ടിൽ പിലിപ്പോസു കോർ എപ്പിസ്കോപ്പായോടുകൂടി ചേപ്പാട്ടു താമസിച്ചാണു പള്ളിക്രമങ്ങൾ നടത്താൻ പഠിച്ചതെന്നു കേട്ടിട്ടുണ്ട്. ഇന്നും ഞങ്ങളുടെ ഈ രണ്ടു കുടുംബങ്ങളിൽനിന്നും കുറേപ്പേർ വീതം കത്തോലിക്കാസഭാംഗങ്ങളായി തീർന്നിട്ടുണ്ട്.

www.malankaralibrary.com

## കല്ലുമല പള്ളിമേടയുടെ തീവയ്പുകേസ്സ്

മാവേലിക്കരയ്ക്കടുത്തു കല്ലുമല എന്ന സ്ഥലത്തു ഞങ്ങളുടെ പുനരൈക്യത്തിനു മുൻപേതന്നെ ഒരു ബഥനി പള്ളി സ്ഥാപിച്ചിരുന്നു. പുതുപ്പള്ളിയിലുള്ള ഒരു എൻജിനീയറാണ് ആ പള്ളി പണിയിച്ചുതന്നതു്. പള്ളിമുറി ഓല മേഞ്ഞതായിരുന്നു. ഞങ്ങളുടെ പുനരൈക്യത്തിനുശേഷം അതിനു യാക്കോബായക്കാരാരോ തീയ്‌വച്ചു. കാരമൂട്ടിൽ തെക്കതിൽവീട്ടുകാരുംമറ്റും ഈ പള്ളിയിൽ ചേർന്നു ഞങ്ങളോടുകൂടി നടപ്പാൻ ഇഷ്ടപ്പെട്ടിരുന്നു. അതു തടയാനും പള്ളി യാക്കോബായക്കാരുടേതാണെന്നു വരുത്താനും വേണ്ടി ഞങ്ങളോടനുഭാവമുള്ള ചിലരെ പ്രതിചേർത്തു് അവർ ഒരു തീവയ്പുകേസുകൊടുത്തു. വളരെ പ്രമാദമായ ഒരു കേസായിരുന്നു അതു്. ആ കേസു് മി. എൻ. എസ്. രാമൻപിള്ള ഞങ്ങൾക്കനുകൂലമായി വിധിച്ചു. ആ പള്ളി ഇന്നും ഞങ്ങളുടെ കൈവശമിരിക്കുന്നു.

## ഉള്ളന്നൂർ പള്ളിയുടെ തീയ്‌വയ്പുകേസ്സ്

പന്തളത്തിനടുത്തു് ഉള്ളന്നൂർ എന്ന സ്ഥലത്തും ഞങ്ങൾ മുൻകൂട്ടി വച്ച ഒരു ബഥനിപ്പള്ളി ഉണ്ടായിരുന്നു. മലഞ്ചരുവിൽ വീട്ടുകാർ, ചിറക്കരവീട്ടിൽ എം. സി. ഇടിക്കുളയുടെ വീട്ടുകാർ, വെങ്ങാട്ടൂർ ഇടിക്കുള മുതലായവർ ഞങ്ങളോടുകൂടി കത്തോലിക്കാസഭയിൽ ചേരാൻ ഒരുങ്ങിയിരുന്നു. ഞങ്ങൾ പുനരൈക്യപ്പെട്ടുകഴിഞ്ഞപ്പോൾ ആ പള്ളിക്കും യാക്കോബായക്കാരാരോ തീയ്‌വച്ചു. അനന്തരം ഞങ്ങളോടു സഹകരിച്ചു പ്രവർത്തിച്ചിരുന്ന മലഞ്ചരുവിൽ മത്തായിവാധ്യാരെയും ചിറക്കരവീട്ടിൽ ഇടിക്കുളയേയുംമറ്റും പ്രതികളാക്കി യാക്കോബായക്കാർ ഒരു തീയ്‌വയ്പുകേസു കൊടുത്തു. തീയ്‌വച്ചു എന്നു പറയുന്ന ദിവസം മത്തായിവാധ്യാരും ഇടിക്കുളസാറും എന്നോടുകൂടെ നങ്ങാർകുളത്തു താമസിച്ചു് ഒരു കത്തോലിക്കാ പ്രസംഗമഹായോഗം നടത്തുകയായിരുന്നു. പരേതനായ ബ. പഞ്ഞിക്കാരനച്ചനും ആ യോഗത്തിൽ പ്രസംഗകനായിരുന്നു അതിനാൽ ഈ തീയ്‌വയ്പുകേസിൽ കൊല്ലത്തു പോയി ഞാനും എൻെറ ജ്യേഷ്ഠൻ പുന്നക്കുന്നിൽ ഉമ്മച്ചനച്ചായനും മൊഴി കൊടുക്കേണ്ടിവന്നു. ആ കേസും ഞങ്ങൾക്കനുകൂലമായി വിധിച്ചു.

www.malankaralibrary.com

മലഞ്ചരുവിൽ മത്തായി വാദ്ധ്യാരുടെ ആൺമക്കളിൽ മൂന്നുപേർ ഇപ്പോൾ കത്തോലിക്കാ വൈദികരാണ്. നാലു പെൺമക്കൾ കന്യാസ്ത്രീകളുമായി. അവരിൽ മൂന്നുപേരും അദ്ധ്യാപികകളാണ്. മത്തായി വാദ്ധ്യാർ യാക്കോബായ സഭയിലായിരുന്ന കാലത്തും ഒരു സുവിശേഷ പ്രവർത്തകനായിരുന്നു. ഞങ്ങൾ ഒരുമിച്ചു ചില യാക്കോബായ പള്ളികളിൽ പോയി മാജിക്ക് ലാൻേറൺ കാണിച്ചു പ്രസംഗിച്ചിട്ടുണ്ട്. ഇപ്പോൾ ഉള്ളന്നൂർ ഒരു നല്ല വലിയ പള്ളിയും ഒരു സ്കൂളും ഒരു കന്യാസ്ത്രീമഠവും ഉണ്ട്.

## പമ്പുമലപ്പള്ളി

തുമ്പമണ്ണിനു് വടക്കുവശമാണ് പമ്പുമലപ്പള്ളി. ഞങ്ങളോടു കൂടി കത്തോലിക്കാ പുനരൈക്യത്തിനൊരുങ്ങി നിന്ന ഒരു നല്ല ജനക്കൂട്ടം ഇവിടെയുണ്ടായിരുന്നു. കാലായികിഴക്കേതിൽ വറുഗീസു്, വാഴത്തോട്ടത്തിൽ ചാണ്ടിവാദ്ധ്യാർ ആദിയായവർ അവരിൽ പ്രമുഖരായിരുന്നു. ഞങ്ങൾ അവിടെ ഒരു ചാപ്പൽ വെച്ചു. അപ്പോൾ ഞങ്ങളോടു പിണങ്ങി മാറിപ്പോയ ചൂരനാട്ടുകാരൻ ഉമ്മനച്ചൻ അവിടെച്ചെന്നു ഞങ്ങൾക്കെതിരായി വേല ചെയ്തു തുടങ്ങി. അദ്ദേഹം ഞങ്ങളുടെ പള്ളിക്കടുത്തു് ഒരു പുരയിടം വാങ്ങി. അവിടെ ഒരു ചാപ്പലും ഗവമ്മെൻറനുവാദമില്ലാത്ത ഒരു സ്കൂളും സ്ഥാപിച്ചു. പക്ഷേ, കാലായിൽ വറുഗീസിൻെറയും ചാണ്ടിസാറിൻെറയും തീക്ഷ്ണത കൊണ്ടു് അച്ചൻ ഉദ്ദേശിച്ച അട്ടിമറി പ്രസ്ഥാനങ്ങളൊന്നും പററിയില്ല. അച്ചൻ വാങ്ങിയ സ്ഥലവും കൂടി ഞങ്ങൾക്കെഴുതിത്തന്നിട്ടു് അച്ചൻ സ്ഥലം വിട്ടു. 1936-ൽ മാർ ഈവാനിയോസു തിരുമേനിയും ഞാനും കൂടി അവിടെ ചെന്നു് ഒരു പ്രസംഗയോഗം നടത്തിക്കൊണ്ടിരുന്നപ്പോഴായിരുന്നു തട്ടയിൽ നിന്നും കുറെപ്പേർ അവിടെ വന്നു കത്തോലിക്കാ സഭയിൽ ചേർന്നതു്.

## തട്ടയിൽ ഇടവക

അടൂരിനടുത്ത ഒരു സ്ഥലമാണ് തട്ട. 13-2-1930 ൽ അവിടെ ഒരു വസ്തു എഴുതി വാങ്ങിച്ചു് ഞങ്ങൾ ഒരു ചാപ്പൽ വെച്ചു. എത്ര എതിരുവന്നാലും വകവയ്ക്കാതെ പുനരൈക്യപ്പെടുവാൻ അവിടത്തുകാരിൽ ഒരു നല്ല പങ്കു സന്നദ്ധമായിരുന്നു.

www.malankaralibrary.com

ആദ്യകാലത്തു് അവിടത്തെ ചില നായർ പ്രമാണികൾ അവിടെ പള്ളി വരുന്നതിൽ എതിരായിരുന്നു. അവരിൽ ആരോ ആ ചാപ്പലിനു തീയ്‌വച്ചു. അതിനു് വലിയ ഒരു കേസ്സു് നടത്തേണ്ടതായും വന്നു. പ്ലാവിളയിൽ വറുഗീസു്, വലിയയ്യത്തു് ഈശോ, നാമ്പുഴിയിൽ സ്കറിയാ. മങ്കഴിയിൽ മത്തായി മുതലായ എട്ടുപേരായിരുന്നു മുന്നിട്ടു നിന്നിരുന്നതു്. അവരെ തട്ടയിലെ അഷ്ടദിക്കു്പാലന്മാരായി കരുതിവന്നിരുന്നു. ഇവിടെ ഒരു കല്യാണം നടത്താനുണ്ടായിരുന്നു. അതിനെ തടയാൻ നായന്മാർ കോടതിയിൽ ഹർജി കൊടുത്തു. പെട്ടെന്നു് ഒരു നിരോധന ഉത്തരവിടീച്ചു. എന്നാൽ ആ ഉത്തരവു വരുന്നതിനു മുൻപു് ബ. കുമ്പഴമേലേതിൽ അച്ചൻ തട്ടയിൽ ചെന്നു് ആ കല്യാണം നടത്തിക്കൊടുത്തു.

അവിടെ പള്ളിവെച്ചു കുർബാന ചൊല്ലിയതിനു രണ്ടോ മൂന്നോ പ്രാവശ്യം ബ. ജേക്കബ് കിളന്നമണ്ണിലച്ചനെ കോടതി ശിക്ഷിച്ചിട്ടുണ്ടു്. എന്നിട്ടും കൂട്ടാക്കാതെ അദ്ദേഹം പള്ളി നടത്തിക്കൊണ്ടു പോന്നു. ആ പള്ളി കിളന്നമണ്ണിലച്ചന്റെ ആശ്രമമാണെന്നായിരുന്നു കോടതിയിൽ മൊഴികൊടുത്തതു്. ആ ആശ്രമം കുറേ നാൾ ആരും താമസമില്ലാതെ വെറും പള്ളിയായി കിടന്നു. പിന്നീടു് അതിന്റെ ചുററുപാടിലുള്ള കുറേ സ്ഥലം കൂടി വാങ്ങി. ഒരു കഷ്ടാനുഭവാഴ്ച ഞാൻ അവിടെ കർമ്മാദികൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ പേഷ്‌ക്കാരും തഹസീൽദാരും മററും ആ സ്ഥലം നോക്കാൻ വന്നിട്ടു് എന്റെ അടുക്കൽ വരാതെ കടന്നുപോയി. ഞാൻ അവിടെ താമസം ഉണ്ടെന്നു വരുന്നതു നായന്മാരുടെ കേസിനു ദോഷമായിരുന്നു. പിന്നീടു്, ബ. ആന്റണി കേളംപറമ്പിലച്ചനെ അവിടേക്കു നിയമിച്ചു. അദ്ദേഹത്തിന്റെ ഉത്സാഹത്തിലും പരിശ്രമത്തിലുമാണു് അവിടെ ഒരു പള്ളിയും ഗ്രോട്ടോയും പള്ളി ബംഗ്ളാവുമെല്ലാമുണ്ടായതു്. അവിടെ ഒരു വൈദികൻ സ്ഥിരമായി താമസവുമുണ്ടു്. ഇപ്പോൾ ആ ഇടവകയിൽ നിന്നും മൂന്നു നാലു് വൈദികരുണ്ടായിട്ടുണ്ടു്.

## പുതുശ്ശേരി മലപ്പള്ളി

കല്ലൂപ്പാറ മാത്തൻ എന്നറിയപ്പെട്ടുന്ന ഒരാൾ പുതുശ്ശേരി മലയിൽ ഒരു പള്ളിവേണമെന്നു പറഞ്ഞു് 4-8-1930 ൽ കുറേ സ്ഥലം എഴുതിത്തന്നു. ആ സ്ഥലം പോയി കണ്ടു പള്ളിക്കു

www.malankaralibrary.com

കൊള്ളാമോ എന്നറിയാൻ പുലിക്കോട്ട റമ്പാച്ചനെ അയച്ചു. മാത്തൻെറ വീട്ടുകാരല്ലാതെ അവിടെ അധികം ആരും ഇല്ലായിരുന്നു. അന്ന് അവിടം അച്ചന്മാർക്കും മററും ചെന്നു പറവാനും പ്രയാസമുള്ള ഒരു സ്ഥലമായിരുന്നു. റമ്പാച്ചൻെറ റിപ്പോർട്ടാണു രസകരം, "എന്താ റമ്പാച്ചാ, പുതുശ്ശേരിമലയ്ക്കു പോയോ ?" "പോയി". "എന്താ തരക്കേടില്ലേ?" "തരക്കേടില്ല, കുറുക്കനു പട്ടം കൊട്ടത്തെങ്കിലേ അവിടെ പള്ളി നടത്താൻ പററൂ". എന്നായിരുന്നു റമ്പാച്ചൻെറ മറുപടി. അന്ന് അങ്ങനെയായിരുന്നുവെങ്കിലും ഇപ്പോൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്. നീരൊഴുക്കുള്ള തോട്ട കടക്കാൻ ഒരു പാലം തീർന്നിട്ടുള്ളതുകൊണ്ട് അവിടെ ചെന്നുപററാൻ വേണ്ട സൗകര്യമുണ്ട്, ഞാൻ അവിടെ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തിയിട്ടുണ്ട്.

## ചന്ദനപ്പള്ളിയിടവക

ചന്ദനപ്പള്ളിൽ പെരുമല തോമസച്ചനും, അച്ചൻെറ അപ്പൻ ചാണ്ടപ്പിള്ളയും, തെങ്ങുവിള കൊച്ചാണ്ടിയും കുറ്റിയിൽ ഉണ്ണൂണ്ണിയും എണ്ണശ്ശേരിൽ കൊച്ചു കുഞ്ഞും മററും പുനരൈക്യത്തിനു ഞങ്ങളെ പ്രോത്സാഹിപ്പിച്ചവരാണ്. ഞങ്ങൾ പുനരൈക്യപ്പെട്ടതോട്ടുകൂടി അവരെല്ലാം പുനരൈക്യപ്പെടുകയും ചെയ്തു. 14-8-30 ൽ അവിടെ "കോട്ടപുരയിടം" എന്ന സ്ഥലം ഞങ്ങൾ എഴുതി വാങ്ങിച്ചു. ശവക്കോട്ടയും അവിടെയാക്കി. അവിടെ ഒരു ഷെഡ്ഡും വെച്ചു. ഞാൻ അവിടെപ്പോയി താമസിച്ച് ഒരു പീഡാനുഭവ വാരം നടത്തി. ആദ്യകാലത്തു ചന്ദനപള്ളിൽ കൊപ്പാറ ഗീവർഗ്ഗീസച്ചൻ ഞങ്ങൾക്കു വളരെ എതിരായിരുന്നു. അദ്ദേഹം ഞങ്ങളുടെ പള്ളിക്കെതിരായി ഒരു കേസുകൊടുത്തു. പേഷ്ക്കാർ ആ കേസ്, ഹരിപ്പാട്ട്, ചേർത്തല, മുതലായി അദ്ദേഹത്തിൻെറ സർക്കീട്ട സ്ഥലങ്ങളിൽ വച്ചാണു നടത്തിയത്. അവിടെയൊക്കെയും നടന്ന കൊപ്പാറയച്ചൻ മടുത്തുപോയി ഇപ്പോൾ ആ ഇടവക നല്ല അഭിവൃദ്ധിയിൽത്തന്നെയിരിക്കുന്നു. മാർ ഈവാനിയോസു തിരുമേനി ഇവിടെവെച്ച് ആദ്യമായി മാമോദീസാ മുക്കിയ ആളാണ് ഇപ്പോഴത്തെ ഫാദർ ജോർജ്ജ് കുറ്റിയിൽ. കൊച്ചാണ്ടിയുടെ ഒരു മകനും അച്ചനായി. ഈ ഇടവ

www.malankaralibrary.com

കയിൽനിന്നും ഇപ്പോൾ പത്തച്ചന്മാരുണ്ടായിട്ടുണ്ട്. ഇവിടെ ഒരു മഠവും പടിഞ്ഞാറെ മെയിൻ റോഡരുകിൽ ഒരു നല്ല പള്ളിയും തീർന്നിട്ടുണ്ട്. കുററിയിൽ ഉണ്ണൂണ്ണി യാക്കോബായ സഭയിൽ ആയിരുന്നപ്പോഴും ഒരു നല്ല പ്രാസംഗികനും സുവിശേഷ പ്രവർത്തകനുമായിരുന്നു, ഉണ്ണൂണ്ണിയോടു കൂടി ബ. ആൻറണിയച്ചനും ഈ ഇടവകയ്ക്കു വേണ്ടി വളരെ പ്രയത്നിച്ചിട്ടുള്ളയാളാണ്.

## നാരങ്ങാനംപള്ളി

ഞാൻ എം. എസ്. സി. സ്കൂൾ കറസ്പോണ്ടൻറായിരുന്ന കാലത്തു പല വാദ്ധ്യാന്മാരും പുനരൈക്യത്തിനു താല്പര്യം കാണിച്ചുകൊണ്ടിരുന്നു. നിരണം യാക്കോബായ പള്ളിയോടു ചേർന്നുള്ള ട്രയിനിംഗ് സ്കൂളിലായിരുന്നു അവർ പരിശീലനം നടത്തിയിരുന്നതു്. ആ ട്രയിനിംഗ് സ്കൂളിലെ ഹെഡ്മാസ്റ്റർ മല്ലപ്പള്ളി കയ്യാലത്തു് മി. കെ. വി. ചാക്കോ ആയിരുന്നു. പുനരൈക്യം കൊണ്ടു മാത്രമേ നമ്മുടെ യാക്കോബായ സമുദായത്തിന് അഭിവൃദ്ധി വരുത്തുവാൻ സാധിക്കയുള്ളവെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം ഞങ്ങളെ അനുകരിച്ച് പുനരൈക്യപ്പെട്ടുകയും ചെയ്തു. ശ്രീ കെ. വി. ചാക്കോച്ചൻെറ ആത്മീയ തീക്ഷ്ണത ഈ അദ്ധ്യാപകരിലും കണ്ടു തുടങ്ങി. അവരിൽ ഒരാളായിരുന്നു നാരങ്ങാനം തോമസ്. അദ്ദേഹത്തിന്റെ പരിശ്രമത്തിൽ 15-12-30 ൽ അവിടെ ഒരു വസ്തു വിലയ്ക്കു വാങ്ങിച്ചു. ഒരു താല്ക്കാലിക ഷെഡ്ഡും ഉണ്ടാക്കി, ബ. തുമ്പമൺ പുത്തൻ വീട്ടിലച്ചനും ഞാനും കൂടി പോയി അവിടെ ഒരു കൺവെൻഷൻ നടത്തി. കുറേപേർ കത്തോലിക്കാ സഭയിൽ ചേർന്നു. അവിടെയും ഒരു തീയ് വെയ്പു കേസുണ്ടായി. ആ കേസിൽ പത്തനം തിട്ട കച്ചേരിയിൽ പോയി ഞാൻ മൊഴി കൊടുത്തിട്ടുണ്ട്. നാരങ്ങാനം തോമസായിരുന്നു ആ ഇടവകയുടെ നട്ടെല്ലെന്ന് എന്നുപറയാം. അദ്ദേഹം മരിച്ചുപോയി. അവിടെ ഇപ്പോൾ ഒരു നല്ല പള്ളിയും പള്ളിമേടയും ഉണ്ടായിട്ടുണ്ട്.

## വലഞ്ചുഴിപ്പള്ളി

പതാലിൽ മി. പി. ജെ. വറുഗീസ്, മുളയ്ക്കുകുഴി മത്തായി, വട്ടക്കളഞ്ഞിപ്പാലം തലയ്ക്കൽ സ്കറിയാ ആദിയായവർ വലംചുഴിയിൽ പുനരൈക്യപ്പെട്ടുവാൻ സന്നദ്ധരായി 8-1-31 ൽ അവിടെ

www.malankaralibrary.com

ഒരു വസ്തു ഞങ്ങൾ എഴുതിവാങ്ങിച്ചു. അവിടെ ഒരുതല്ക്കാല ഷെഡ് ഉണ്ടാക്കി പള്ളിയായി ഉപയോഗിച്ചു. അവിടെവച്ച് അവരെയെല്ലാം ചേർക്കുകയും ചെയ്തു. അനന്തരം തുമ്പമൺ പുത്തൻവീട്ടിൽ ജേക്കബച്ചനും ഞാനുംകൂടി അവിടെ പോയി മൂന്നു നാലു ദിവസത്തെ പ്രസംഗയോഗം നടത്തി. മാർ തെയോഫിലോസ് തിരുമേനിയും. ബ. പ്ലാസിഡച്ചനും ഉണ്ടായിരുന്നു. അന്നു തിരുവല്ലായും തിരുവനന്തപുരവും രണ്ടായി തിരിച്ചിരുന്നില്ല. അവിടെ യൂയോമയക്കാരനായ നെല്ലിമൂട്ടിൽ സ്കറിയായും, കാലായിൽ കുഞ്ഞച്ചനും ദിവസംതോറും വന്നു ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. എങ്കിലും അവരാരും ചേർന്നില്ല ഇപ്പോൾ അവിടെ ഒരു നല്ല പള്ളി തീർന്നിട്ടുണ്ട്. പതാലിൽ ശീവറുഗീസിന്റെ അനുജന്റെ മകൻ ഫ്രാൻസീസ്ക്കൻ ബ്രദർ ഹുഡിൽ ചേർന്നു് 4-10-68 ൽ ഒരു ബ്രദറായി. അദ്ദേഹമാണ് റവ. ബ്രദർ ഒഗ്ബർട്ട് C. M. S. F. കുഴിപ്പാമ്പിൽ ഫാദർ സഖറിയാസും ഈ ഇടവകയിൽനിന്നു് പുത്തനായി പട്ടമേററയാളാണ്.

## ചീക്കനാൽ ഇടവക

ചീക്കനാൽ കുഴിമാപ്പുറത്തു ജോണച്ചൻ ബഥനി ആശ്രമത്തിൽ ഒരു സാധുവായി ചേർന്നു പഠിച്ചു് അച്ചനായതാണ്. ഞാൻ ബഥനി ആശ്രമത്തിൽ ചെല്ലുമ്പോൾ ഇദ്ദേഹം പോസ്റ്റുലൻസിന്റെ സുപ്പീരിയർ ആയിരുന്നു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട ആദ്യത്തെ അഞ്ചുപേരുടെ കൂട്ടത്തിൽ ഇദ്ദേഹവുമുണ്ടായിരുന്നു. അവിടെ ഒരു കത്തോലിക്കാപ്പള്ളി വേണമെന്നു് അവർക്കു നിർബ്ബന്ധമായി. അതിനാൽ 22-8-1931 ൽ ഇപ്പോഴത്തെ ചീക്കനാൽ പള്ളിസ്ഥലം വാങ്ങിച്ചു. ഓമല്ലൂർ കാപ്പിൽവീട്ടിൽ കുഞ്ഞുകുഞ്ഞുസാറിന്റെ പരിശ്രമത്തിലാണ് അവിടെ ആദ്യം ഒരു പള്ളിക്കെട്ടിടം തീർന്നതു്. കുഞ്ഞകുഞ്ഞുസാറിന്റെ മകൻ കാപ്പിൽ സേവ്യർ സ്കൂൾഫൈനൽ പാസായ ശേഷം, വൈദികപഠനത്തിനായി സെമ്മിനാരിയിൽ ചേർന്നു. പഠനത്തിൽ സമർത്ഥനായിരുന്നതിനാൽ ഉപരിപഠനാർത്ഥം പൂനാസെമ്മിനാരിയിലേയ്ക്കയയ്ക്കുകയും അവിടുത്തെ ശീതോഷ്ണാവസ്ഥ പിടിക്കാതെ അവിടെവെച്ചദ്ദേഹം മരിക്കുകയുമാണുണ്ടായതു്. മാർ ഈവാനിയോസ്തിരുമേനിയും ഞാനുംകൂടി ഒരിക്കൽ

www.malankaralibrary.com

ചീക്കനാൽ പള്ളിയിൽ പോയി. അവിടെ ഒരു പ്രസംഗയോഗം നടത്തുകയും ആ പള്ളിയുടെ കൂദാശ നിർവഹിക്കുകയും ചെയ്തു. അങ്ങനെയിരിക്കുമ്പോഴാണ് പ്രക്കാനത്തു് ആശാരേത്യുത്തു എബ്രഹാമച്ചൻ പുനരൈക്യപ്പെട്ടതു്.

## ഏഴംകുളം ഇടവക

അട്ടൂരിനു കിഴക്ക് ഏഴംകുളം എന്ന സ്ഥലത്തു കുറേപ്പേർ പുനരൈക്യത്തിനു സന്നദ്ധരാണെന്നറിഞ്ഞു. ഞാൻ പോയി അവരെ ചേർക്കുവാൻ തിരുമേനി കല്പിച്ചു. തദനുസരണം ഞാനവിടെ പോയി. മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. കുറേപ്പേർ ചേർന്നു. 6-7-31 ൽ അവിടെ ഒരുവസ്തു വാങ്ങിച്ചിട്ടുണ്ടായിരുന്നു. ഒരു പ്രൈമറിസ്കൂൾ അവിടെ അനുവദിച്ചുകിട്ടുവാൻ ഞാനപേക്ഷിച്ചു. അനുവാദം വാങ്ങി. ഒരു പ്രൈമറി സ്കൂളും തുടങ്ങി. കാഞ്ഞിരപ്പള്ളിൽ മി. ജോർജ്ജുതോമസ് അന്നു് അട്ടൂർ മജിസ്ട്രേട്ടായിരുന്നു. അട്ടൂർ, ഏഴംകുളം, പഴകുളം, പാറക്കൂട്ടം എന്നിവിടങ്ങളിലായി നാലു പള്ളിക്ക് അനുവാദം വാങ്ങാൻ അപേക്ഷയും കൊണ്ടു മാനേജർ ചാക്കോച്ചൻ കൊല്ലം പേഷ്ക്കാരുടെ അടുക്കൽ ചെന്നപ്പോൾ അദ്ദേഹം അതെല്ലാം വായിച്ചുനോക്കിയ ശേഷം 'തനിക്കൊരു ലോറി പിടിച്ചു് ഇതെല്ലാം കയറ്റി കൊണ്ടു വരാൻ പാടില്ലായിരുന്നുവോ' എന്നു് ചോദിക്കയുണ്ടായി. എങ്കിലും, മി. ജോർജ്ജു് തോമസിൻെറ സഹായംകൊണ്ടു് ആ നാലു പള്ളിക്കും അനുവാദം കിട്ടി. അങ്ങനെ ഏഴംകുളം പള്ളിയും തുടങ്ങി. ഇപ്പോൾ വേറൊരുപറമ്പു വാങ്ങി മനോഹരമായ ഒരു പള്ളി അവിടെ തീർത്തിട്ടുണ്ടു്. പഴയ കെട്ടിടം പള്ളിക്കൂടമായി ഉപയോഗിച്ചുവരുന്നു.

## കാരിച്ചാൽ പള്ളി

കാരിച്ചാൽ പുത്തൻപുരയ്ക്കൽ കുടുംബക്കാർ മാർ ഈവാനിയോസു തിരുമേനിയോടു ബന്ധപ്പെട്ടവരായിരുന്നു. അതിനാൽ അവരും പുനരൈക്യത്തിനു തയ്യാറായി. 16-5-31 ൽ അവിടെ ഒരു സ്ഥലം വാങ്ങിച്ചു. ഒരു ചെറിയ ചാപ്പലും വച്ചു. പുത്തൻപുരയ്ക്കൽ പി. റ്റി. ഗീവർഗ്ഗീസച്ചൻ അന്നു ശെമ്മാശ്ശനായിരുന്നു.

www.malankaralibrary.com

8-6-1936 ൽ ആണു് അദ്ദേഹം വൈദികനായതു്. അവിടെ ഇപ്പോൾ പുതുതായി പട്ടമേററ മൂന്നച്ചന്മാരുണ്ടു്. മാർ ഈവാനിയോസു കോളേജ് പ്രിൻസിപ്പളായ സി. റ്റി. ഗീവർഗീസുപണിക്കർ എം. എ. യും കണ്ടന്തേത്തിൽ ചെറിയാൻ പണിക്കരച്ചനും പുത്തൻപുരയ്ക്കൽ ഗീവർഗീസച്ചൻെറ മകൻ പി. ജി. തോമസു പണിക്കരച്ചനും ആണവർ. ഇവരിൽ പ്രിൻസിപ്പളച്ചൻെറ വീട്ടുകാർ ഇപ്പോൾ പന്തളത്തിനടുത്തു വന്നു താമസിക്കുന്നു.

## തുമ്പമൺ

തുമ്പമൺ പുത്തൻവീട്ടിലച്ചൻ ഈ റീത്തിൻെറ ആദ്യകാലത്തുതന്നെ പുനരൈക്യപ്പെട്ട ഒരാളാണു്. യാക്കോബായസഭയിൽ ആയിരുന്നപ്പോൾ അദ്ദേഹം പാത്രിയർക്കീസുപക്ഷക്കാരനായിരുന്നു. അവിടെ പള്ളിക്കൂടത്തിനും പള്ളിക്കുമായിട്ടു് 22-7-31 ൽ ഒരു വസ്തു വാങ്ങിച്ചു. ഒരു കെട്ടിടവും പണിയിച്ചു. അവിടെ പോയി ഞാൻ ഒരു പ്രസംഗയോഗം നടത്തി. ബാവാകക്ഷിയിൽപ്പെട്ട ഒരച്ചൻ അവിടെ തർക്കിക്കാൻ വന്നു. പത്രോസാണു് അന്ത്യോക്യായിൽ സഭ സ്ഥാപിച്ചതെന്നു് അദ്ദേഹം ഒരു വാദം ഉന്നയിപ്പിച്ചു. അപ്പോ. പ്ര. 11. 19-26 വരെയുള്ള ഭാഗം ഉദ്ധരിച്ചുകൊണ്ടു ബർന്നബാസും പൗലോസും കൂടിയാണു് ആ സഭ സ്ഥാപിച്ചതെന്നും അന്ത്യോക്യാ, റോമാഗവണ്മെൻറിൻെറ ഒരു ഡിവിഷൻ തലസ്ഥാനമാകയാലും അവിടെ ക്രിസ്ത്യാനികളുണ്ടായിരുന്നതിനാലും പത്രോസു തൻെറ സിംഹാസനം അവിടേയ്ക്കു മാറ്റിയതാണെന്നും ആദ്യത്തെ മൂന്നു വർഷം പത്രോസിൻെറ സിംഹാസനം യറുശലേമിൽ ആയിരുന്നു എന്നും പിന്നീടു് ഏഴു വർഷം അന്ത്യോക്യായിലായിരുന്നു എന്നും അവിടെനിന്നും 43 ൽ പത്രോസിൻെറ സിംഹാസനം റോമിലേക്കു മാററി സ്ഥാപിച്ചു എന്നും ഞാൻ അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുത്തു. തുമ്പമൺ പുത്തൻവീട്ടിലച്ചനു ദീനമായപ്പോൾ തിരുമേനിയും, തിരുവല്ലാ മെത്രാച്ചനും ഞാനും പല പട്ടക്കാരും കൂടെ അദ്ദേഹത്തിൻെറ കന്തീലാ നടത്തുകയും 1948 ഓഗസ്ററു് 29-ാംതീയതി അദ്ദേഹം മരിച്ചപ്പോൾ ആ ചാപ്പലിൽത്തന്നെ അദ്ദേഹത്തെ അടക്കുകയും ചെയ്തു. അധികംതാമസിയാതെ അവിടെ ഒരു പ്രൈമറിസ്കൂളും തുടങ്ങി. പുത്തൻവീട്ടിലച്ചൻെറ മകൻ ജേക്കബ് ബി. എ. ബി റ്റി. ഇപ്പോൾ ഞങ്ങളുടെ ഒരു M.S.C. ഹൈസ്കൂൾ ഹെഡ്മാസ്റ്ററാണു്.

www.malankaralibrary.com

## ചക്കാലമണ്ണിൽ വലിയപ്പൻ

തുമ്പമൺ ചക്കാലമണ്ണിൽ വലിയപ്പൻെറ ഒരു മകളെ എൻെറ പിതൃസഹോദരപുത്രനായ പള്ളിപ്പാട്ടു കൈമൂട്ടിൽ ഉമ്മച്ചൻ ഇച്ചായൻ കല്യാണം കഴിച്ചിരുന്നു. ഇച്ചായൻ പള്ളിപ്പാട്ടുള്ള വസ്തുക്കൾ വിററിട്ട് ആ പണത്തിൻെറ ഒരു നല്ല ഭാഗം ബഥനി ആശ്രമത്തിലേ അനാഥശാലയ്ക്കു നൽകിയശേഷം ഇച്ചായനും തുമ്പമൺ വടക്കേക്കര പുന്നക്കുന്നിൽ പോയി താമസമാക്കിയിരുന്നു. ആ സ്ഥലം വലിയപ്പൻ മകൾക്കു കൊടുത്തതായിരുന്നു. അച്ചായനും വലിയപ്പനോടുകൂടി കത്തോലിക്കാസഭയിൽ ചേൻനു. അന്നു ഞങ്ങളാരും ചേർന്നിട്ടില്ലായിരുന്നു. വലിയപ്പൻ വി. കുർബ്ബാനയ്ക്കു സംബന്ധിച്ചുവന്നതു് ചെത്തിപ്പുഴച്ചെന്നായിരുന്നു. ഞങ്ങളെല്ലാം കത്തോലിക്കാസഭയിൽ ചേർന്നു് അധികം താമസിക്കുന്നതിനു മുൻപേ വലിയപ്പൻ മരിച്ചു. അദ്ദേഹത്തിൻെറ ശവസംസ്ക്കാരത്തിനു ഞാനുംകൂടി ചെല്ലണമെന്നുപറഞ്ഞു് എൻെറ ഇച്ചായൻ അടൂർ വന്നു് എന്നെ ക്ഷണിച്ചു. അതനുസരിച്ചു് ഞാൻ രാമൻചിറയ്ക്കു പോയി. രാമൻചിറ പള്ളിയുടെ ശവക്കോട്ടസ്ഥലം അദ്ദേഹം ദാനമായി എഴുതിത്തന്നതാണു്. അവിടെയാണു് വലിയപ്പനെയും, പിന്നീടു് ഇച്ചായൻ മരിച്ചപ്പോൾ ഇച്ചായനെയും മററുപലരെയും അടക്കിയിരിക്കുന്നതു്.

വലിയപ്പൻ ഒരു സത്യാന്വേഷകനും അഭിപ്രായധീരനുമായിരുന്നു. ഒരു കാര്യം സത്യമാണെന്നു ബോധ്യപ്പെട്ടാൽ അതനുസരിച്ചു പ്രവത്തിക്കുന്നതിൽനിന്നും ആർക്കും വലിയപ്പനെ തടയാൻ സാധ്യമായിരുന്നില്ല. മാർത്തോമാസഭയിൽനിന്നുമായിരുന്നു വലിയപ്പൻ കത്തോലിക്കനായതു്. അദ്ദേഹം കത്തോലിക്കനായ ഇടയ്ക്കു്, മാർത്തോമ്മാ സഫ്രഗൻമെത്രാപ്പോലീത്താ അവരുടെ പള്ളിയിൽ ചെന്നിരുന്നുകൊണ്ടു വലിയപ്പനാളയച്ചു. അന്നു് ഒരു പുത്തൻകൂററു സുറിയാനിക്കാരൻ കത്തോലിക്കനാകുന്നതു് മററുള്ളവരുടെയിടയിൽ ഒരു വലിയ പരിഹാസവും ആക്ഷേപവുമായിരുന്നു. തിരുമേനി വലിയപ്പനോടു്: "എടോ, താനിത്ര ഭോഷനായിപ്പോയല്ലോ! താൻ ചത്താലെങ്ങനാടോ?" എന്നു് ചോദിച്ചു. തന്നെ ആരെടുത്തു് എവിടെ കൊണ്ടുപോയി കുഴിച്ചിടും? എന്ന അർത്ഥത്തിലാണു് തിരുമേനി ചോദിച്ചതു്.

www.malankaralibrary.com

"എന്റെ തിരുമേനി, ചത്താലെങ്ങനാണെന്നു ചിന്തിച്ചതുകൊണ്ടാണല്ലോ ഞാൻ കത്തോലിക്കാസഭയിൽ ചേരേണ്ടിവന്നതു്." എന്നായിരുന്നു വലിയപ്പന്റെ മറുപടി. അതു കേട്ടശേഷം തിരുമേനി പിന്നൊന്നും പറഞ്ഞിട്ടില്ല .

വലിയപ്പന്റെ ശവസംസ്ക്കാരത്തിനു്; തട്ട, തുമ്പമൺ, പത്തനംതിട്ട, മൈലപ്രാ, പ്രക്കാനം മുതലായി അടുത്തുള്ള ഇടവകകളിൽനിന്നെല്ലാം ധാരാളം ആളുകൾ കൂടിയിരുന്നു. രണ്ടോ മൂന്നോ കടത്തുവള്ളമിട്ടാണു് കുടയും, കൊടിയും, കുരിശുമെല്ലാം എടുത്തിട്ടുള്ള ജനങ്ങളെ തെക്കേക്കരനിന്നും ആറിന്റെ വടക്കേക്കരയിലേക്കിറക്കിക്കൊണ്ടിരുന്നതു്. ശവസംസ്ക്കാരസമയത്തു വലിയപ്പന്റെ സുപ്രസിദ്ധമായ ആ മറുപടിയായിരുന്നു ചരമപ്രസംഗത്തിനു കുറിവാക്യമായി ഞാൻ എടുത്തുപയോഗിച്ചതു്. ഇത്ര ഭക്തിനിർഭരവും ആർഭാടപൂർവ്വവുമായ ഒരു ശവസംസ്ക്കാരം മാർത്തോമ്മാസഭയിലായിരുന്നുവെങ്കിൽ അദ്ദേഹത്തിനു ലഭിക്കുകയില്ലായിരുന്നു. വലിയപ്പന്റെ ജീവിതം മററുള്ളവർക്കു ഒരു മാതൃകയായിരുന്നു എന്നു പറയാം. ശവസംസ്ക്കാരത്തിൽ തുമ്പമൺ പുത്തൻവീട്ടിലച്ചനും ഞാനും മററനേകം അച്ചന്മാരും ഉണ്ടായിരുന്നു. പള്ളിസാമാനങ്ങളെല്ലാം ആരും ആവശ്യപ്പെടാതെ തന്നെ അതാതു പള്ളിക്കാർ കൊണ്ടുവന്നതായിരുന്നു. ശവസംസ്ക്കാരശേഷം ഒരു കഞ്ഞിവിളമ്പലുമുണ്ടായിരുന്നു. അതെല്ലാം കഴിഞ്ഞു ഞാൻ അടൂരേയ്ക്കു മടങ്ങി. ഈ വലിയപ്പന്റെ ഒരു കൊച്ചുമകനാണു് ചക്കാലമണ്ണിൽ ബ. കോശിയച്ചൻ.

## കുട്ടംപേരൂർ

30-1-31 ൽ കുട്ടംപേരൂർ ഞങ്ങൾ ഒരു പള്ളി വച്ചു. മാനേജർ ചാക്കോച്ചന്റെ ബന്ധത്തിൽപ്പെട്ട ഒരാൾ അവിടെ താമസം ഉണ്ടായിരുന്നു. ആ പള്ളിക്കെട്ടിടം വലുതാക്കി നീട്ടി പണിയിച്ചാണു് പിന്നീട്ട മാന്നാർ സിറിയൻ പ്രൈമറിസ്കൂൾ നടത്തിവന്നതു്. മാനേജരുടെ ശേഷകാരൻ ആ സ്ഥലം വിട്ടുപോയി. പള്ളിക്കൂടത്തിന്റെ മാനേജുമെന്റ് ബനിഡിക്റ്റ് മാർ ഗ്രീഗോറിയോസു തിരുമേനി യാക്കോബായക്കാർക്കു വിട്ടുകൊടുത്തു. ആ പള്ളിക്കെട്ടിടത്തിൽ ഇപ്പോഴും യാക്കോബായക്കാർ പള്ളിക്കൂടം നടത്തിക്കൊണ്ടിരിക്കയാണു്. അതുമൂലം ബാക്കി ഇടവകക്കാർ വീണ്ടും യാക്കോബായസഭയിൽ ചേർന്നു നടന്നുവരുന്നു.

www.malankaralibrary.com

## വടക്കപുറം

എം. എസ് സി. സ്കൂളിലെ ഒരദ്ധ്യാപകനായിരുന്ന വടക്കപുറത്തു ശംകരത്തിൽ ജോൺ മത്തായിവാദ്ധ്യാർ കുറച്ചു സ്ഥലം 16-10-31 ൽ കത്തോലിക്കാസഭയ്ക്കെഴുതിത്തന്നു. അവിടെ ഒരു ചാപ്പൽ വച്ചു. തുമ്പമൺ പുത്തൻവീട്ടിലച്ചനും ഞാനുംകൂടി അവിടെ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തുകയും അവിടെയുള്ള ചാപ്പൽകൂദാശ ചെയ്കയും ചെയ്തു. ശംകരത്തിൽ ജോൺ മത്തായി സാറും, കയ്യാലയ്ക്കൽ പാന്തൂസ് മാത്തുനുമായിരുന്നു അവരിൽ പ്രധാനികൾ. ഈ പള്ളി നടത്തിക്കൊണ്ടു പോകുന്നതിനു കുമ്പഴമേലേതിൽ ഫിലിപ്പോസച്ചനെയും ചരുവിലേത്തു ഗീവറുഗീസച്ചനേയും ഏഴിയത്തു സഖറിയാസച്ചനെയും ചുമതലപ്പെടുത്തി. അങ്ങിനെയിരിക്കെ കിഴവള്ളൂർ, ആമക്കുന്ന്, വടക്കപുറം മുതലായ യാക്കോബായ പള്ളികളുടെ വികാരിയായിരുന്ന ഫാദർ ശമുവേൽ ശംകരത്തിൽ 1950 മാർച്ച് 9-ാംതീയതി പുനരൈക്യപ്പെട്ടു. അന്നുമുതൽ അദ്ദേഹമാണ് ആ പള്ളി നടത്തിക്കൊണ്ടുവരുന്നത്. തിരുവനന്തപുരം അതിരൂപതയിൽ ആദ്യമായി എട്ടുനോമ്പാചരണം തുടങ്ങിയതു് ഈ ഇടവകയിലായിരുന്നു. അയ്യനേത്തു ഗീവർഗ്ഗീസ്, ശംകരത്തിൽ കുരുവിള, പുന്നത്തോട്ടത്തിൽ സ്കറിയാ, മാലേത്തു മാമ്മൻ, കയ്യാലയ്ക്കൽ തോമസ്, പരുത്തിയാനിക്കൽ മാത്തൻ, മണ്ണിൽ ദാനിയേൽ എന്നിങ്ങനെ അനേകം പേർ ഇതിൻെറ ആരംഭത്തിൽത്തന്നെ ചേർന്നു. അവരുടെ പരിശ്രമത്തിൽ മററു പലരും പുനരൈക്യപ്പെട്ടു. അങ്ങനെ ആ ഇടവക അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. കയ്യാലയ്ക്കൽ മാത്യു ശെമ്മാശ്ശൻ താമസിയാതെ വൈദികനാകുന്നതാണ്.

## കുറത്തിയാട്ടു പള്ളി

കുറത്തിയാട്ടു ചേരാവള്ളിൽ മാണി യോഹന്നാൻ കത്തനാർ ഒരു കേൾവികേട്ട വലിയച്ചനായിരുന്നു. മാരാമണ്ണു മെത്രാച്ചന്മാരുടെ ഒരു ഉററ മിത്രവുമായിരുന്നു. എന്നാൽ അവരുടെ നവീകരണത്തോട് അദ്ദേഹത്തിനത്ര ഇഷ്ടമില്ലായിരുന്നു. കായംകുളം പള്ളിക്കേസ്സിൽ ഇദ്ദേഹവും പാലക്കുന്നത്തു മെത്രാച്ചനോടുകൂടി ഒരു പ്രതിയായിരുന്നു. മാർ ഈവാനിയോസു തിരുമേനിക്ക് ഇദ്ദേഹത്തെയും മകൻ മാത്യൂസുകത്തനാരെയുംകുറിച്ചു വളരെ

www.malankaralibrary.com

താല്പര്യമുണ്ടായിരുന്നു. അതിനാൽ 1932 ൽ കത്തോലിക്കാസഭയുമായി ഇവർ പുനരൈക്യപ്പെട്ടു. ഉടനെ തന്നെ അവിടെ ഒരു സ്ഥലം വാങ്ങി ഒരു ചാപ്പലുംവെച്ചു. 1933 ൽ പള്ളിക്ക് ഗവണ്മെൻറനുവാദം ലഭിച്ചു. അവിടെ ഒരു മാർത്തോമ്മാക്കാരൻ ഒരു പ്രൈമറിസ്കൂൾ നടത്തിവന്നിരുന്നു. അതു് വിലയ്ക്കു വാങ്ങിച്ചു. മാണി യോഹന്നാൻ കത്തനാർ 1934 ജൂലൈ 15-ാം തീയതി മരിച്ചു. ആ അച്ചൻെറ ശവസംസ്ക്കാരത്തിനു് ഞാനും പോയിരുന്നു. ഒരു നല്ല ജനക്കൂട്ടവും ഉണ്ടായിരുന്നു. ചരമപ്രസംഗം ഞാൻ നടത്തി. ഇപ്പോൾ അവിടെ ഒരു നല്ല പള്ളിയും പള്ളിമുറിയും തീർന്നിട്ടുണ്ടു്. വേറൊരു പറമ്പിലായി മേല്പറഞ്ഞ പള്ളിക്കൂടവും ഉണ്ടു്.

## വഴുതാനം പള്ളി

പള്ളിപ്പാടിനു വടക്കുഭാഗത്തായി വഴുതാനം എന്ന സ്ഥലത്തുള്ള കുറേപ്പേർ പുനരൈക്യപ്പെട്ടു. അവിടെ, 12-2-'32 ൽ ഒരു സ്ഥലം വാങ്ങിച്ചു. ഒരു താല്ക്കാലികഷെഡ്ഡുവെച്ചു, ജോസഫ് താഴത്തുവീട്ടിലച്ചൻ ചേപ്പാട്ട് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കാലത്തു് ഈ ഇടവകക്കാരോടുള്ള താല്പര്യത്താൽ അവിടെ ചെറിയതെങ്കിലും ഭംഗിയുള്ള ഒരു പള്ളി പണിയിച്ചു. ഞാൻ അവിടെ പോയി ഒരു പ്രസംഗയോഗം നടത്തി. പള്ളിയിലേയ്ക്കു പോകുവാൻ ഒരു വരമ്പുമാത്രമേ ഉണ്ടായിരുന്നുള്ളു. കുറെ സ്ഥലം കൂടി വാങ്ങി വരമ്പു വിസ്താരപ്പെടുത്തി കാർ പോകത്തക്ക വിധത്തിലാക്കി. ഇപ്പോഴവിടെ റോഡരുകിലായി ഒരു കുരിശടിക്കു ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഇക്കാലഘട്ടമായപ്പോഴേയ്ക്കും കൂട്ടതലാളുകൾ പുനരൈക്യപ്പെടുവാൻ തുടങ്ങി. 1932 ൽ പര്യാരം, ഉളനാട്ടു്, കലയപുരം, മൈലപ്രാ, ഇടപ്പോൺ, ആററരികം, മാമ്പിലായി, പുത്തൂർ, കുമ്പഴ, കാർത്തികപ്പള്ളി, പട്ടം, പാളയം, നാലാഞ്ചിറ എന്നീ സ്ഥലങ്ങളിൽ പള്ളി വെയ്ക്കുവാൻ ഞങ്ങൾ വസ്തുക്കൾ വാങ്ങിച്ചു. ഷെഡ്ഡുകൾ വെച്ചു കർമ്മാദികൾ നടത്തിത്തുടങ്ങി.

## അതിരൂപത അനുവദിച്ചതു്

1932 ജൂൺ 11-ാം തീയതി ആയിരുന്നു പതിനൊന്നാം പിയൂസുമാർപ്പാപ്പാ തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ

www.malankaralibrary.com

ഭ്രുപതയും സ്ഥാപിച്ചുകൊണ്ടുള്ള തിരുവെഴുത്തു തുല്യംചാർത്തിയതു്. തദനുസരണം 1933 മാർച്ചുമാസം 11-ാം തീയതി തിരുവനന്തപുരം അതിഭ്രുപത തുടങ്ങി. അതിലേയ്ക്കായി മി. മോത്തായുടെ, പോംപിഡോർ എന്ന സിനിമാശാല ഞങ്ങൾ വിലയ്ക്കു വാങ്ങിച്ചു. ഗവണ്മെൻറനുവാദം വാങ്ങി അതു കൂദാശ ചെയ്തു പള്ളിയാക്കി. അതിൻെറ പിറേറദിവസം മാർ ഈവാനിയോസു തിരുമേനി, മാർ തെയോഫിലോസു തിരുമേനിയുടെയും പുലിക്കോട്ട ജോസഫ് റമ്പാച്ചൻെറയും എൻെറയും സഹകരണത്തിൽ അവിടെ വി. കുർബാന അർപ്പിച്ചു. എറണാകുളം ആർച്ചുബിഷപ്പു മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയും ഉണ്ടായിരുന്നു. കൊല്ലത്തെ ബൻസിഗർ ബിഷപ്പുതിരുമേനി ആയിരുന്നു അതിഭ്രുപത ഉത്ഘാടനം ചെയ്തതു്.

അതിനുശേഷം പട്ടത്തുള്ള ശവക്കോട്ടസ്ഥലവും പള്ളിയും ഗവണ്മെൻറനുവാദം വാങ്ങി ഉത്ഘാടനം ചെയ്തു. അതു കഴിഞ്ഞു് നാലാംചിറ ഒരു സ്ഥലം വാങ്ങി ഇപ്പോഴത്തെ ബഥനി ആശ്രമവും, വേറൊരു സ്ഥലം വാങ്ങി ബഥനിമഠവും സ്ഥാപിച്ചു.

അന്നു ഞാൻ വികാരി ജനറാളും എം. എസ്. സി. സ്കൂൾ കറസ്പോണ്ടൻറും ആയിരുന്നു. അതിഭ്രുപതയിൽ പള്ളികൾ, മിഷ്യൻസ്ഥലങ്ങൾ, സ്കൂളുകൾ മുതലായവ ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നു.

## ഞങ്ങളുടെ കീക്കൊഴൂർ പ്രസംഗം

കീക്കൊഴൂരുള്ള ചിലരുടെ ക്ഷണപ്രകാരം ചങ്ങനാശേരിയിലെ വേദപ്രചരണഡയറക്ടർ റവ. ഫാദർ ഡോമിനിക്ക് തോട്ടാശ്ശേരി എം. എ., എൽ. ടിയും ഞാനുംകൂടി വള്ളം കയറി കീക്കൊഴൂരേക്കു് പോയി. ഈച്ചരാമണ്ണിക്കാരുടെ ഒരു വീട്ടുമുററത്തു തയാറാക്കിയിരുന്ന ഒരു ചെറിയ പന്തലിലാണു് ഞങ്ങൾ ചെന്നുചേർന്നതു്. അവർ ഞങ്ങളോടനുഭാവമുള്ള ഒരു മാർത്തോമ്മാ കുടുംബക്കാരായിരുന്നു. അനേകം മാർത്തോമ്മാക്കാർ ഞങ്ങളോടു തർക്കിക്കാനായി അവിടെ കൂടിയിരുന്നു. രക്ഷിക്കപ്പെട്ടവരെ സഭയോടു ചേർത്തു. (അപ്പോ. പ്ര. 2:47) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ടു് രക്ഷിക്കപ്പെടാത്തവരെ ഞങ്ങൾ സഭയിൽ ചേർക്കുന്നതു തെററാണെന്നു് അവർ വാദിച്ചു

www.malankaralibrary.com

ആ വാക്യം മലയാളവേദപുസ്തകത്തിൽ ശരിയായിട്ടല്ല വിവർത്തനം ചെയ്തിരിക്കുന്നതെന്നും രക്ഷിക്കപ്പെടേണ്ടവരെ സഭയോടു ചേർത്തു എന്നതാണ് ശരിയായ വിവർത്തനമെന്നും, പ്രോട്ടസ്റ്റൻറുകാരുടെ റിവൈസ്ഡ് ബൈബിളിൽ നോക്കിയാൽ അതു കാണാമെന്നും തോട്ടാശ്ശേരിലച്ചൻ പറഞ്ഞു. അവിടെ ഒരാളുടെ കയ്യിൽ ആ പുസ്തകമുണ്ടായിരുന്നു. അച്ചൻ ആ പുസ്തകം വാങ്ങി ആ വാക്യം എടുത്തു കാണിച്ചുകൊടുത്തു. ക്രിസ്തു തന്റെ ശരീരമായി സ്ഥാപിച്ചിരിക്കുന്ന സഭയുടെ ഉപദേശമനുസരിച്ച് ജീവിച്ച് എല്ലാവരും സ്വർഗ്ഗപ്രാപ്തിക്കു യോഗ്യരായിത്തീരണം. സഭ സ്ഥാപിച്ചിരിക്കുന്നതും നാം സഭയിൽ ചേരുന്നതും അതിലേക്കാണ് എന്നെല്ലാം അച്ചൻ അവരോടു പ്രസംഗിച്ചു. അവരതു കാര്യമാക്കിയില്ല. അവർ വളരെപ്പേരുണ്ടായിരുന്നു. അതിനാൽ അവർ ഞങ്ങളുടെ പുറകെ കൂക്ക് വിളിച്ചുകൊണ്ട് വള്ളക്കടവു വരെ വന്നു. വള്ളത്തിൽ കയറിയപ്പോൾ രക്ഷിക്കപ്പെട്ടവർ ഇവിടെ കിടന്നു കരഞ്ഞുകൂവി ശല്യമുണ്ടാക്കാതെ സ്വർഗ്ഗത്തിൽ പോയിരുന്നു ആനന്ദിക്കുവിൻ എന്നു പറഞ്ഞുകൊണ്ടാണ് തോട്ടാശ്ശേരിലച്ചൻ അവരോടു യാത്രപറഞ്ഞു പിരിഞ്ഞത്.

1933 ജൂലൈ 3-ാംതീയതി പന്തളം തെക്ക് കല്ലട മത്തായി അച്ചനും 9-ാം തീയതി കൈതപ്പറമ്പു മണ്ണിക്കരോട്ടു ലൂക്കോസച്ചനും പുനരൈക്യപ്പെട്ടു. 1933 ൽ പഴകുളം, ഇലഞ്ഞിമേൽ, കീക്കൊഴൂർ, കററാണം, പുത്തൻകാവ്, അഞ്ചൽ, മഞ്ഞക്കാലാ, നരിക്കൽ, ആയൂർ, പന്തളം തെക്ക്, ഇരുമ്പ, അരശുപറമ്പ്, കഴക്കൂട്ടം, പൊടിയാട്ടുവിള, കാഞ്ഞിരംപാറ, ഹരിപ്പാട്ട്, ഈരേഴ എന്നീ സ്ഥലങ്ങളിൽനിന്നാളുകൾ പുനരൈക്യപ്പെടുകയും ഞങ്ങൾ അവിടങ്ങളിലെല്ലാം വസ്തുക്കൾ വാങ്ങി തല്ക്കാലഷെഡ്ഡുകൾ വച്ച് മിഷ്യൻവേല നടത്തിത്തുടങ്ങുകയും ചെയ്തു.

ഞങ്ങളുടെ പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചു ശരിയായി അറിയണമെന്നാഗ്രഹിക്കുന്നവരുടെ പരിഗണനയ്ക്കായി യഥാർത്ഥ ക്രൈസ്തവപുനരൈക്യമെന്നപേരിൽ അന്നു ഞാൻ ഒരു ലഘുപത്രിക പ്രസിദ്ധം ചെയ്തു. അതിൻെറ ചുരുക്കം താഴെ ചേർത്തുകൊള്ളുന്നു.

## യഥാർത്ഥ ക്രൈസ്തവപുനരൈക്യം

ക്രൈസ്തവസഭ ഭിന്നിച്ചു പിരിഞ്ഞുനില്ക്കുന്നതു് ഒരു അഭിവൃദ്ധിമാർഗ്ഗമാണെന്നാണ് ചിലർ പറയുന്നതു്. എന്നാൽ ഏതെ

www.malankaralibrary.com

ങ്കിലും ഒരു ക്രിസ്തീയസഭയെ ഉപദ്രവിക്കുന്നതിനു് അക്രൈസ്തവർ വേറൊരു ക്രിസ്തീയസഭയെത്തന്നെ ആയുധമാക്കി ഉപയോഗിച്ചു വരുന്നതു കണ്ടാൽ ഈ വിഭിന്നത ദോഷമാണെന്നു് ആർക്കും ഗ്രഹിക്കാവുന്നതാണു്.

എല്ലാ സഭക്കാരും ക്രിസ്തുവിനെ ആണല്ലോ പ്രസംഗിക്കുന്നതു്. അതുകൊണ്ടു് സഭാഭിന്നത അത്ര ദോഷകരമായി കരുതേണ്ടതില്ല എന്നാണു് വേറെ ചിലർ പറയുന്നതു്. എല്ലാവരും ക്രിസ്തുവിനെയാണു് പ്രസംഗിക്കുന്നതെങ്കിൽ അവർക്കു് ഒരു സഭയായി നടക്കരുതോ? എന്തിനു് വിരുദ്ധോപദേശം പ്രസംഗിക്കുന്നു? അതിനവർക്കു് ശരിയായ ഉത്തരം പറയുവാനില്ല.

ക്രിസ്തീയസഭകൾ യോജിക്കണം. പുനരൈക്യപ്പെടണം എന്നു് കത്തോലിക്കരും പ്രോട്ടസ്റ്റൻറ്കാരും ഒരുപോലെ പറയുന്നുണ്ടു്. പ്രോട്ടസ്റ്റൻറ്കാർ പറയുന്നതു് വിശ്വാസവൈപരീത്യവും ഏകനേതൃത്വമില്ലായ്മയും പരിഗണിക്കാതെ എല്ലാസഭക്കാരും അന്യോന്യം സഹകരിച്ചും സ്വീകരിച്ചും നടക്കണമെന്നാണു്. മാമ്മോദീസാ വേണ്ടെന്നു് പറയുന്ന സഭക്കാരും മാമ്മോദീസാവേണമെന്നു പറയുന്ന സഭക്കാരും ഒരേ പീഠത്തിൽ നിന്നു പ്രസംഗിച്ചാൽ അതു തർക്കത്തിലും കലഹത്തിലും അവസാനിക്കും. വി. കുർബ്ബാന തിരുശരീരരക്തങ്ങളാണെന്നു് പറയുന്ന സഭക്കാരും അതിനെ നിഷേധിക്കുന്ന സഭക്കാരും തമ്മിൽ യോജിച്ചാൽ ആ യോജിപ്പു് അവരിൽ ഒരുകൂട്ടർക്കു് വിശ്വാസത്യാഗത്തിനു് കാരണമായി പരിണമിക്കുമെന്നുള്ളതും നിശ്ചയമാണു്.

ഐക്യതയ്ക്കു് വിശ്വാസവൈപരീത്യവും ഭരണവ്യത്യാസവും പരിഗണിക്കാൻ പാടില്ലെങ്കിൽ ഹിന്ദുക്കളെയും മഹമ്മദീയരെയുംകൂടെ ആ ഐക്യവലയത്തിൽ പെടുത്തരുതോ? ഓരോ വിശ്വാസം പാലിക്കുന്ന സഭയെ ഓരോ നായകന്മാർ നടത്തുന്നതുപോലെ ഹൈന്ദവവിശ്വാസം പാലിക്കുന്നവരെ ഹൈന്ദവാചാര്യന്മാർ നടത്തിക്കൊള്ളാൻ അനുവദിക്കണം. മഹമ്മദീയരുടെ വിശ്വാസം പാലിച്ചുകൊണ്ടു് അവരുടെ മേധാവികൾ അവരുടെ പള്ളികളും നടത്തിക്കൊള്ളട്ടെ എന്നു വയ്ക്കണം. അങ്ങനെയുള്ള ഒരു ഐക്യതയല്ലേ ഇപ്പോഴുള്ള പ്രോട്ടസ്റ്റൻറ് സഭകളുടെ ഐക്യതയേക്കാൾ വലുതു്, എന്നു പറയുമ്പോൾ പ്രോട്ടസ്റ്റൻറ്കാർ

www.malankaralibrary.com

അതിനോടനുകൂലിക്കയുമില്ല. അതിൽനിന്നും അവരുടെ സഭൈക്യപ്രസ്ഥാനത്തിൻെറ ഉള്ളിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശം എന്താണെന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്.

പ്രോട്ടസ്റ്റന്റ്കാർ പറയുന്നതു് കോർപറേറ്റ് റീയൂണിയൻ അതായതു ക്രൈസ്തവസഭാസഹകരണപുനരൈക്യം എന്നാണ്. ക്രിസ്തു സ്ഥാപിച്ച കാതോലികവും പരിശുദ്ധവും ശ്ലൈഹീകവുമായ ഏകസഭയിൽനിന്നുള്ള വേർപാടുമൂലം ഓരോ സഭക്കാരും ഉണ്ടാക്കീട്ടുള്ള വിശ്വാസപ്രമാണത്തിൻെറയും ഭരണത്തിൻെറയും കുറവും ദൂഷ്യവും അന്യസഭക്കാർ കുത്തിപ്പൊക്കി വെളിക്കെടുത്തിട്ട നാററിക്കാതെ മൂടിവെയ്ക്കുവാൻ സഹായിക്കുന്ന ഒരു ഐക്യമാണ് പ്രോട്ടസ്റ്റൻറ്കാർ പറയുന്നതു്. ആ ഐക്യസമ്മേളനത്തിൽ പാലിക്കേണ്ട ചില പ്രമാണങ്ങളുണ്ട്. (1) ആ സഭാഐക്യത്തിൽ കൂടുന്നവരാരും ഇതരസഭകളുടെ വിശ്വാസത്തേയും ഭരണത്തേയുംപററി വാദപ്രതിവാദം നടത്തരുതു്. (2) വിഭിന്ന സഭക്കാർ അന്യോന്യം വിശ്വാസവ്യത്യാസം നോക്കാതെ സഹോദരബുദ്ധ്യാ വീക്ഷിയ്ക്കണം. (3) സഭാഐക്യസംഘത്തിൽ പ്രതിനിധികളെ അയയ്ക്കുന്ന സഭകളെല്ലാം ശരിയായ ക്രൈസ്തവസഭകളാണെന്ന് സമ്മതിക്കണം. ഈ മൂന്നു പ്രമാണങ്ങളും ആ ഐക്യസമാജത്തിൻെറ സമാധാനപരമായ പര്യവസാനത്തിനു് അത്യന്താപേക്ഷിതവുമാണ്. ഇതുമൂലം ആണ്ടുതോറും പലരും പുതിയ സഭകൾ ഉണ്ടാക്കിക്കൊണ്ടും ആ സമ്മേളനത്തിൽ അംഗത്വം സ്വീകരിച്ചുകൊണ്ടും ഇരിക്കുന്നു.

ഈ സഭാപുനരൈക്യക്കാർക്കു ക്രിസ്തീയസഭയെപ്പററി തെററായ ധാരണയാണുള്ളതു്. ക്രിസ്തു തൻെറ ശരീരമായി സ്ഥാപിച്ച ഏക സഭ, കാലാന്തരത്തിൽ ഇരുസ്വഭാവക്കാരെന്നും ഏകസ്വഭാവക്കാരെന്നും രണ്ടായി പിരിഞ്ഞു എന്നും പിന്നീട് കിഴക്കൻസഭയെന്നും പടിഞ്ഞാറൻസഭയെന്നും രണ്ടായി പിളന്നു എന്നും അനന്തരം കത്തോലിക്കാസഭയെന്നും പ്രോട്ടസ്റ്റൻറ് സഭയെന്നും രണ്ടായി വേർപെട്ടു എന്നും അങ്ങനെ ഇന്നും പിരിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു എന്നും ക്രിസ്തു സ്ഥാപിച്ച ഏകസഭ ഇന്നില്ലെന്നും ആണ് അവർ പറയുന്നതു്. ഈ ധാരണക്കാർ ക്രൈസ്തവസഭാപുനരൈക്യത്തിനു് പല പരിശ്രമങ്ങൾ നടത്തീട്ടുണ്ട്. (1) എ. പി. യു. സി. സംഘക്കാർ. അതായതു് Association

www.malankaralibrary.com

for promoting the unity of christendom. (2) ഇ. സി. എ. സംഘക്കാർ (Estern Church Association) (3) എ. ഈ. ഒ. സി. യു. സംഘക്കാർ (Anglican and Eastern Orthodox Church Union) (4) സി. യു. എഫ്. സംഘക്കാർ (Church Union Foundation) എന്നിങ്ങനെ പല പേരിൽ പലതവണ സഭാഐക്യത്തിനു് ശ്രമിച്ചിട്ടുണ്ടു്. വേറെ ഓരോ പുതിയ പേരിൽ ഇന്നു് ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഇതുമൂലം പൗരസ്ത്യസഭക്കാരുടെയിടയിൽ പ്രോട്ടസ്റ്റൻറ് ഉപദേശം കടത്തിവിടുവാൻ സാധിക്കുന്നു എന്നതല്ലാതെ വേറെ യാതൊരു ഫലവും ഉണ്ടാകുന്നില്ല.

വേറൊരുകൂട്ടർ പറയുന്നതു് പിരിച്ചിൽമൂലം എല്ലാ സഭക്കാരും കുറെയൊക്കെ തെററുകൾ സ്വീകരിച്ചുപോയിട്ടുണ്ടെന്നും അതിനാൽ ഒരു മൗലികതത്വം ഉണ്ടാക്കിക്കൊണ്ടു് അതിൽ സഭകളെയെല്ലാം യോജിപ്പിച്ചു കൊണ്ടുപോകണമെന്നുമാണു്. അങ്ങിനെയുള്ള അഭിപ്രായക്കാർ ഉണ്ടാക്കിയതാണു് ഫണ്ടമൻറാലിസ്റ്റ്സഭ, നസ്രായക്കാരൻെറ പെന്തിക്കോസ്റ്റ്സഭ, ജീവനുള്ള ദൈവത്തിൻെറ സഭ, ക്രിസ്തീയവേലക്കാരുടെ കൂട്ടായ്മസഭ എന്നിവകളെല്ലാം.

കത്തോലിക്കാസഭ പറയുന്നതു്, സഭ ക്രിസ്തുവിന്റെ ശരീരമാണു്. അതു് പലതായി പിളരുകയില്ല. അതു് ശിമോൻ പത്രോസാകുന്ന പാറമേൽ സ്ഥാപിക്കപ്പെട്ടതാണു്. അതിനോടു പാതാളവാതില്വകൾ പ്രബലപ്പെടുകയില്ല എന്നും ലോകാവസാനംവരെ ക്രിസ്തു അതിനോടുകൂടെ ഉണ്ടായിരിക്കുമെന്നു് ക്രിസ്തു തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും, അതു എന്നും കാതോലികവും ഏകവും,പരിശുദ്ധവും ശ്ലൈഹികവുമായി സ്ഥിതിചെയ്യുമെന്നും ആണു്. ആ സഭ പത്രോസിൻെറ പിൻഗാമികളാൽ ഭരിക്കപ്പെട്ടുപോരുന്നുമുണ്ടു്. ആ സഭയോടു യോജിച്ചു പോകുന്നതിനു് ആരുംതന്നെ അവരവരുടെ ആചാരാനുഷ്ഠാനരീതി മാറ്റേണ്ടതില്ല. എന്നാൽ വിശ്വാസത്തിലും ഭരണത്തിലും ഐക്യത പാലിക്കയും വേണം. കത്തോലിക്കാസഭ നിർദ്ദേശിക്കുന്ന ഈ ക്രൈസ്തവസഭാപുനരൈക്യമാർഗ്ഗത്തിൽക്കൂടെ 1942 ലും 1943 ലും ആയി കുറെ ഏകസ്വഭാവവാദികളും, 1781 ൽ കുറെ ഈഗുപ്തായക്കാരും

www.malankaralibrary.com

1869 ൽ കുറെ ഗ്രീക്ക് ഓർത്തഡോക്സ്കാരും, 1724 ൽ കുറെ ഇററലോ ഗ്രീക്കുകാരും പുനരൈക്യപ്പെട്ടു. അങ്ങിനെ റുമാനിയൻസ്, ബൾഗേറിയൻസ് എന്നിങ്ങനെ ഇരുപതോളം റീത്തുക്കാർ പുനരൈക്യപ്പെട്ടിട്ടുണ്ട്. 1930 ൽ മലങ്കര അന്ത്യോക്യൻ റീത്തുകാരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഇതാണ് ശരിയായ ക്രൈസ്തവപുനരൈക്യമാർഗ്ഗം എന്നായിരുന്നു ആ ലഘുപത്രികയിലെ ചുരുക്കം

## ഡി. എം. കോൺവൻറിൻെറ ആരംഭം

1934 ജൂൺ 30-ാംതീയതി മീനച്ചിൽ കുഴിഞ്ഞാലിൽ ജോസഫ് അച്ചൻ മിഷ്യൻവേലക്കായി ചങ്ങനാശേരി രൂപതയിൽനിന്നും തിരുവനന്തപുരം അതിരൂപതയിൽ വരികയും മാർത്താണ്ഡത്തു ഒരു കെട്ടിടം വാടകക്കെടുത്തു് താമസമാക്കുകയും വേറൊരു കെട്ടിടംകൂടി വാടകക്കെടുത്തു് 1938 മേയ് 8-ാം തീയതി മേരിമക്കളുടെ കന്യാസ്ത്രീമഠം (D. M. Convent) തുടങ്ങുകയും ചെയ്തു.

1934 ൽ ഞങ്ങൾ പുങ്കറ, അട്ടൂർ, കാവടിത്തല, കാട്ടൂർ, ഉണ്ടമാൻകടവു, കോന്നി, എരുത്താവൂർ, വടശേരിക്കര, തോട്ടമൺ, തോട്ടപ്പുറം, ബാലരാമപുരം, വഞ്ചിത്തറ എന്നിങ്ങനെ പല സ്ഥലത്തു വസ്തുക്കൾ വാങ്ങുകയും കെട്ടിടങ്ങൾ വച്ചു് പള്ളി നടത്തി തുടങ്ങുകയും പുനരൈക്യത്തിലേക്ക് വരുന്നവരെ ചേർത്തുകൊണ്ടിരിക്കുകയും ചെയ്തു.

1935 ന് 1110 മിഥുനം 9-ാം തീയതി മാക്കാംകുന്നു് പുഷ്പപുരംവീട്ടിൽ മി. പി. സി. ചെറിയാൻ വക്കീലും കുടുംബവും കത്തോലിക്കാസഭയിൽ ചേർന്നു. ഞങ്ങൾ പുനരൈക്യപ്പെട്ടപ്പോൾമുതൽ യാക്കോബായസഭയാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്നും അതു വിട്ടുപോകുന്നതു ശരിയല്ലെന്നും മററും പലതും പ്രസംഗിക്കുവാനും എഴുതുവാനും തുടങ്ങി. അവർ തെററായ വ്യാഖ്യാനങ്ങൾ വേദവാക്യങ്ങൾക്കു കൊടുത്തു മനുഷ്യരെ വഴിപിഴപ്പിക്കുന്ന പ്രസംഗങ്ങൾ നടത്തുന്നതു് അറിഞ്ഞപ്പോൾ സത്യാവസ്ഥ വെളിപ്പെടുത്തി ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിലേക്ക് ഞാൻ വേറൊരു ലഘുപുസ്തകം പ്രസിദ്ധം ചെയ്തു.

www.malankaralibrary.com

## യാക്കോബായസഭയോ
## കാതോലീകവും ശ്ലൈഹീകവുമായ ഏകസഭ?

ഇതായിരുന്നു ആ ലഘുഗ്രന്ഥത്തിൻെറ പേരു്. ക്രിസ്തീയ സഭ സ്ഥാപിച്ചതു ക്രിസ്തുതന്നെയാണു്. അതിൻെറ പരമാധികാരിയേയും ഭരണക്രമത്തെയും ഏർപ്പെടുത്തിയതും ക്രിസ്തുതന്നെയാണു്. ഇന്നത്തെ മലങ്കര യാക്കോബായസഭക്കാർ അതിനെ എതിർക്കുന്നു. ക്രിസ്തീയസഭക്കു് ഒരു പരമാധികാരി വേണ്ടെന്നും ക്രിസ്തു സഭക്കൊരു പരമാധികാരിയെ നിയമിച്ചിട്ടില്ലെന്നും വാദിക്കുന്നു. എന്നാൽ യാക്കോബായ, മാർത്തോമാ, സി. എം. എസ്. മുതലായ എല്ലാ സഭക്കാർക്കും അവയിലെ മെത്രാന്മാരുടെമേൽ അധികാരമുള്ള ഓരോ പരമാധികാരിയും ഓരോ ഭരണഘടനയും ഉണ്ടു്. ഇവയുടെ അടിസ്ഥാനം എവിടെനിന്നാണെന്നു് ചോദിച്ചാൽ അതു് ക്രിസ്തു ഏർപ്പെടുത്തിയതാണെന്നു് അവർ പറയുകയുമില്ല.

പാത്രിയർക്കീസന്മാർ സമാധികാരികളായിരുന്നു എന്നവർ പറയുന്നു. ആ സമാധികാരം, അതു പറയുന്നവരുടെ സഭയിലുമില്ല. കത്തോലിക്കാസഭക്കു പരമാധികാരിയായി കർത്താവു് നിയമിച്ച പത്രോസും അദ്ദേഹത്തിൻെറ പിൻഗാമിയായ മാർപ്പാപ്പായും ഉണ്ടു്. യാക്കോബായസഭയിലെ മെത്രാന്മാരുടെമേൽ അധികാരമുള്ള ഒരു പാത്രിയർക്കീസ് അവർക്കുണ്ടു്. അതുപോലെ മാർത്തോമ്മാ സഭയിലെ മെത്രാന്മാരുടെമേൽ അധികാരമുള്ള ഒരു മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്താ അവർക്കുണ്ടു്. സി. എം. എസ്സ്കാർക്ക അവരുടെ മെത്രാന്മാരുടെമേൽ അധികാരമുള്ള ഒരു കാൻറർബറി ആർച്ചുബിഷപ്പുണ്ടു്. ഈ സഭകളിലൊന്നിലും മെത്രാന്മാർ സമാധികാരികളല്ല. മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളാണല്ലോ.

യാക്കോബായ പാത്രിയർക്കീസ് മലങ്കര വന്നു് മലങ്കര മെത്രാപ്പോലീത്തായെ ചിലരുടെ ദുരുപദേശംകേട്ടുകൊണ്ടു മുടക്കി. പകരം മാർ കൂറിലോസിനെ മലങ്കര മെത്രാനാക്കി. മുടക്കപ്പെട്ട ഓർത്തഡോക്സ്കാരുടെ മെത്രാന്മാർക്കു് പട്ടത്വമില്ലെന്നും അവരെ സ്വീകരിക്കരുതെന്നും നാലു പാത്രിയർക്കീസന്മാർ തുടരെ തുടരെ പറഞ്ഞുകൊണ്ടിരുന്നു. പല പട്ടക്കാർക്കും അവർ രണ്ടാമതു

www.malankaralibrary.com

പട്ടം കൊടുത്തു. എന്നാൽ സുപ്രീംകോടതിയിലെ വിധി പാത്രിയർക്കീസിനെതിരായി തീരുകയും പാത്രിയർക്കീസിനു് ഇവിടെ അധികാരമില്ലെന്നു വിധിക്കുകയും ചെയ്തപ്പോൾ ഓർത്തഡോക്സ്കാർക്കു് പട്ടവുമുണ്ടെന്നും അവരെ സ്വീകരിക്കാമെന്നും ശങ്കാവിഹീനം പാത്രിയർക്കീസുതന്നെ പ്രസ്താവിച്ചു. ഇതെല്ലാം നാം അനുഭവിച്ചറിഞ്ഞിട്ടുള്ളതാണു്. ഓരോരുത്തർ കരസ്ഥമാക്കിയിരിക്കുന്ന അധികാരം എങ്ങിനെയെങ്കിലും നിലനിറുത്തണമെന്നല്ലാതെ മറ്റൊന്നും അവർക്കു് ചിന്തയില്ല.

യാക്കോബായ പാത്രിയർക്കീസു മുടക്കിയാൽ അതു വകവയ്ക്കേണ്ടെന്നു് പറഞ്ഞുവന്നവരാണു് മാർത്തോമ്മാക്കാർ. ഇവാഞ്ചലിക്കൽസഭയുണ്ടായപ്പോൾ അവരെ മാർത്തോമ്മാമെത്രാപ്പോലിത്താ മുടക്കി. അതു വകവയ്ക്കാതെ അവരും പതിനെട്ടു അച്ചന്മാരെക്കൊണ്ടു് വേറെ മെത്രാന്മാരെ വാഴിച്ചു. കർത്താവു് നിയമിച്ചാക്കിയ പത്രോസിന്റെ പിൻഗാമിയെ നിഷേധിച്ചു പിരിഞ്ഞുപോയ എല്ലാവരുടെയും അനുഭവമിതാണു്. ഇവർ അവരുടെ വേർപാടിനെ നീതീകരിക്കുവാനും അവരുടെ മേലധികാരം നിലനിറുത്തുവാനുംവേണ്ടി വേദപുസ്തകത്തെ ദുർവ്യാഖ്യാനംചെയ്തു പഠിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ളവരെ ശിരസിലേറ്റി ദുർവിധി അനുഭവിക്കാനിടയായിട്ടുള്ള മലങ്കരസഭ ഇനിയുമെങ്കിലും സത്യമാർഗ്ഗത്തിലേക്കു് തിരിയേണ്ടതാണു്. ക്രിസ്തു തന്റെ സഭയ്ക്കേർപ്പെടുത്തിയ പരമാധികാരിയെത്തന്നെ നമ്മുടെ പരമാധ്യക്ഷനായി നാം സ്വീകരിക്കണം.

യാക്കോബായക്കാരുടെ തുബ്ദേനിൽ പറയുന്ന ഇഗ്നാത്തിയോസ്, പത്രോസിനാൽ നിയമിക്കപ്പെട്ടയാളാണു്. ക്ലീമീസ്, എ. ഡി. 97 വരെ റോമിൽ വാണ മാർപ്പാപ്പായാണു് ദിവന്നാസ്യോസ് 248 വരെ അലക്സാന്ത്രിയാ പാത്രിയർക്കീസായി വാണയാളാണു്. അത്താനാസ്യോസും അലക്സാന്ത്രീയാ പാത്രിയർക്കീസായിരുന്നു. യൂലിയോസ്, മാർപ്പാപ്പായായിരുന്നു. ബസേലിയോസ് നയസായിലെ മെത്രാനായിരുന്നു. ഗ്രിഗോറിയോസ് കേസരിയായിലെ മെത്രാനായിരുന്നു, ഇവരോടെല്ലാം നമുക്കു് ആദ്യകാലത്തു് ബന്ധമുണ്ടായിരുന്നു. നാം മാർപ്പാപ്പായെ ഉപേക്ഷിച്ചു നില്പാൻ തുടങ്ങിയപ്പോൾമുതൽ ഈ ബന്ധമെല്ലാം നമുക്കു് നഷ്ടപ്പെട്ടു, സത്യം നോക്കുകയാണെങ്കിൽ കത്തോലിക്കാ പുന

www.malankaralibrary.com

രൈക്യമാണ് നമുക്കു നല്ലതു് എന്നായിരുന്നു ആ ലഘുപത്രിക യിലെ ചുരുക്കം.

## മാർ ദിവന്നാസ്യോസിൻെറ മരണം

1934 ഫെബ്രുവരി 22-ാംതീയതി മാർ ഈവാനിയോസു തിരുമേനിയും ഞാനുംകൂടി കോട്ടയം പഴയ സെമിനാരിയിൽ പോയി. ദീനക്കിടക്കയിലായിരുന്ന മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ കണ്ടു. അദ്ദേഹത്തിനൊന്നും സംസാരിപ്പാൻ കഴിവില്ലായിരുന്നു. ഞങ്ങൾ ഒരു ചെറിയ പ്രാർത്ഥന നടത്തി മടങ്ങിപ്പോന്നു. 1934 ഫെബ്രുവരി 23-ാം തീയതി അദ്ദേഹം കാലംചെയ്യുകയും ചെയ്തു.

1935 ന് 1111 ചിങ്ങം 27-ാം തീയതി ചേപ്പാട്ടു കാവട വറുഗീസ് കത്തോലിക്കാപുനരൈക്യത്തിൽ ചേരുകയും തിരുവന ന്തപുരം തോപ്പിൽ പള്ളി ഇടവകക്കാരിയും കൊല്ലം ആശുപത്രി യിലെ ഒരു നഴ്സും ആയ ത്രേസ്യാമ്മയെ അട്ടർ പള്ളിയിൽവച്ചു വിവാഹം കഴിക്കയും ചെയ്തു. ഞാനായിരുന്നു അവരുടെ വിവാഹം ആശീർവദിച്ചുകൊടുത്തതു്.

1935 ന് 1111 തുലാം 2-ാം തീയതി കൊട്ടാരക്കര വലിയ വീട്ടിൽ ഫാദർ അലക്സാന്റരും കുടുംബവും പുനരൈക്യപ്പെട്ടു. ആദ്യകാലത്തു ഇദ്ദേഹം എതിരായി പ്രവർത്തിച്ചിട്ടുള്ള ആളാണ്. പുനരൈക്യപ്പെട്ടശേഷം അതുപോലെ ശക്തിയായും ഊർജ്ജിത മായും പുനരൈക്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1935 ൽ ഞങ്ങൾ കടമ്മനിട്ട, കട്ടച്ചിവിള, വെമ്പായം, മാർത്താണ്ഡം, ശാസ്താമംഗലം, വടകോട്ട്, പുളിന്തിട്ട, മുണ്ടേല, കിരാത്തൂർ എന്നീ സ്ഥലങ്ങളിൽ ആളുകളെ പുനരൈക്യപ്പെടു ത്തുകയും അവിടെയൊക്കെ സ്ഥലങ്ങൾ വാങ്ങി ഷെഡ്ഡുകൾവച്ചു് പള്ളികൾ നടത്തിത്തുടങ്ങുകയും ചെയ്തു.

1936 നവംബർ 8-ാം തീയതി ഇലന്തൂർ കൊച്ചുകല്ലിൽ ഫീലിപ്പോസ് അച്ചൻ കുറെ വീട്ടുകാരോടുകൂടി ഇലന്തൂർ പള്ളി യിൽവച്ചു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു 1936 ന് 1111 മകരം 24-ാം തീയതി തിരുവനന്തപുരം അതിരൂപത വകയായി തിരുവനന്തപുരത്തു് ഒരാശുപത്രി തുടങ്ങി. ജർമ്മനി

www.malankaralibrary.com

യിൽനിന്നു വന്ന ഒരു ഡോക്ടർ ജേസ്റ്റുബിയും പത്നിയും ആയി രുന്ന ഡോക്ടറന്മാർ അതു ശരിപ്പെട്ടില്ല. അതു നിന്നുപോയി.

## കാരിച്ചാൽ പുത്തൻപുരയ്ക്കലച്ചൻ

1936 ജൂൺമാസം 8-ാം തീയതി കാരിച്ചാൽ പുത്തൻപുര യ്ക്കൽ ഗീവറുഗീസ് ശെമ്മാശനു് മാർ ഈവാനിയോസ് തിരു മേനി വൈദികപട്ടം കൊടുത്തു. ഇദ്ദേഹം വിവാഹം കഴിച്ച ശെമ്മാശനായിരുന്നു. 1936 നവംബർ 15-ാം തീയതി പുത്തൻ കാവു് പള്ളിക്കു പുതുതായി പണിയിച്ച ഷെഡ് കൂദാശ ചെയ്തു. അന്നുമുതൽ അവിടെ കുർബാന അർപ്പിച്ചുതുടങ്ങി. അന്നു യഥാർത്ഥ പുനരൈക്യത്തെക്കുറിച്ചു ഞാൻ അവിടെ പ്രസംഗിച്ചു. 1936 നു് 1112 തുലാം 26-ാം തീയതി മുട്ടം ബഥനി പള്ളി കല്ലട മത്തായി അച്ചൻെറ പേരിൽ വാദികളായ യാക്കോബായക്കാരിൽ നിന്നും നടത്തി വാങ്ങിയെടുത്തു.

## മൈലപ്രാ എ. ജി. ഏബ്രഹാം അച്ചൻ

1936 ജൂലൈ 19-ാം തീയതി മൈലപ്രാ എ. ജി. ഏബ്ര ഹാം അച്ചൻ പുനരൈക്യപ്പെട്ടു. മാർ ഈവാനിയോസ് തിരു മേനി മാർ ദിവന്നാസ്യോസ് തിരുമേനിക്കു് വിട്ടുകൊടുത്ത 26 പള്ളിക്കുടങ്ങളുടെ കറസ്പോണ്ടൻറായിരുന്ന അദ്ദേഹം. കത്തോ ലിക്കനായപ്പോൾ അതെല്ലാം വിട്ടു. 1936 നു് 1112 വൃശ്ചികം 10-ാം തീയതി പുതുശേരി സൌത്തു എം. എസ്സ്. സി. സ്കൂൾ ഹെഡ്മാസ്റ്റർ മുണ്ടിയപ്പള്ളിൽ തെക്കേവീട്ടിൽ മി. ടി. എം. ജോൺ തിരുവനന്തപുരം ജനറലാശുപത്രിയിൽവച്ചു് നിര്യാത നായി. ഞാൻ പോയി പ്രാർത്ഥന നടത്തി. മൃതശരീരം കല്ലു പ്പാറയ്ക്കു് കൊണ്ടുപോയി. അവിടെ സംസ്ക്കരിച്ചു.

1936 നു് 1112 വൃശ്ചികം 23-ാം തീയതി വടശേരിക്കര മി. ഫ്രാൻസിസ് പണിയിച്ചുതന്ന പള്ളിയിൽ ഞങ്ങൾ പോയി. മാർ ഈവാനിയോസ് തിരുമേനി അതിൻെറ കൂദാശ നടത്തി. ഞാൻ പള്ളിയെപ്പററി അവിടെ പ്രസംഗിക്കുകയും ചെയ്തു. 1936 നു് 1112 ധനു 14-ാം തീയതിമുതൽ മൈലപ്രായിൽവച്ചു് ഒരു പ്രസംഗയോഗം നടത്തി. ഒന്നുരണ്ടു ദിവസം ഞാനും അവി ടെ പ്രസംഗിച്ചു.

www.malankaralibrary.com

## നാലാംചിറ ബധന്യാശ്രമം

1936 ഏപ്രിൽമാസം 22-ാം തീയതി നാലാംചിറ ബധന്യാശ്രമം തുടങ്ങി. 1936 ൽ ഞങ്ങൾ വയലത്തല, കോന്നീത്താഴം, നെല്ലിക്കാക്കുഴി, മുല്ലൂർ, കൈതപ്പറമ്പ്, രാമൻചിറ, കോട്ടാത്തല, അന്തോണിമംഗലം, ഇടയാറൻമുള, മണ്ണാരക്കുളഞ്ഞി കണ്ണമ്മൂല, മാമ്പാറ, ചെറിയനാട്ട് എന്നീ സ്ഥലങ്ങളിൽ ആളുകളെ പുനരൈക്യപ്പെടുത്തുകയും വസ്തുക്കൾ വാങ്ങി കെട്ടിടങ്ങൾ വച്ച് ആരാധന നടത്തിത്തുടങ്ങുകയും ചെയ്തു.

## എന്റെ അമ്മച്ചി രോഗശയ്യയിൽ

ചെപ്പാട്ടു ഞങ്ങൾക്ക് ശവസംസ്കാരത്തിനായി മാർത്തോമ്മാക്കാരുടെ ശവക്കോട്ടയോടു അടുത്ത് തെക്കുവശം റോഡിറമ്പിലായി ഒരു നായരുടെ സ്ഥലം എഴുതി വാങ്ങിച്ചു. അവിടെ ആരെയും അടക്കിട്ടില്ല. അങ്ങിനെയിരിക്കെ എന്റെ അമ്മച്ചിക്ക് വാർദ്ധക്യത്തിന്റെ ക്ഷീണം കൂടുതലായി. ആ വിവരത്തിനു് എന്റെ പേർക്ക് വീട്ടിൽനിന്നും തിരുവനന്തപുരത്തേയ്ക്കു് കമ്പിവന്നു. ഞാൻ അവിടെയില്ലായിരുന്നു. പള്ളിക്കൂടങ്ങളുടെ പരിശോധനയ്ക്കും അച്ചന്മാരെ കാണുന്നതിനും മററുമായി ഞാൻ തിരുവല്ലായ്ക്കു് പോയിരുന്നു. അതിനാൽ വിവരം എന്നെ അറിയിക്കുവാൻ തിരുവനന്തപുരത്തുനിന്നും തിരുവല്ലായ്ക്കു കമ്പിയടിച്ചു. അപ്പോഴേയ്ക്കു് ഞാൻ തിരുവല്ലാനിന്നും പത്തനംതിട്ടയ്ക്കു് പൊയ്ക്കഴിഞ്ഞിരുന്നു.

## ഞായല്ലൂർ വല്ല്യമ്മയുടെ മരണം

പത്തനംതിട്ട ഞായല്ലൂർ ജോൺസാറിന്റെ അമ്മയ്ക്കു് ദീനം കൂടുതലാണെന്നു് അറിഞ്ഞതിനാലാണ് ഞാൻ പത്തനംതിട്ടയ്ക്കു പോയതു്. ജോൺസാറും അമ്മയുമെല്ലാം കത്തോലിക്കാസഭയിൽ ചേർന്നവരായിരുന്നു. ഞാൻ അവിടെയെത്തി അവർക്കു് അന്ത്യക്കൂദാശ കൊടുത്തു. പിറേറദിവസം അവർ മരിക്കുകയും ചെയ്തു. ഞാൻ വെട്ടൂർ, കുമ്പഴ, കോന്നീത്താഴം മുതലായ പള്ളിക്കൂടങ്ങൾ പരിശോധിച്ചശേഷം പത്തനംതിട്ടയെത്തിയപ്പോഴാണു് മരണവിവരം അറിഞ്ഞതു്. 1936 ആഗസ്റ്റ് 21-ാം

www.malankaralibrary.com

തീയതി ആയിരുന്ന മരണം. അന്നു ഞാൻ പത്തനംതിട്ട താമസിച്ചു. അപ്പോഴേയ്ക്കു് തിരുവല്ലാനിന്നും എന്റെ അമ്മച്ചിയുടെ സുഖക്കേടുപ്രമാണിച്ചുള്ള കമ്പിയുമായി ഒരാൾ വന്നു. കമ്പി കിട്ടിയതിനാൽ ഞാൻ ഉടനെ പൊയ്ക്കളയുമെന്നും ജോൺസാറിന്റെ അമ്മയുടെ ശവസംസ്കാരത്തിൽ അച്ചന്മാരില്ലാതെവരുമെന്നും ഭയന്നു് ജോൺസാർ ഓടി എന്റെ അടുക്കൽ വന്നു. വരവു് കണ്ടപ്പോൾത്തന്നെ എനിക്കു് കാര്യം മനസ്സിലായി. ജോൺസാറെ! ദൈവതിരുവിഷ്ടം പ്രവർത്തിക്കുന്നവരെല്ലാം എന്റെ അമ്മയും സഹോദരന്മാരുമാണെന്നാണു് കർത്താവു പറഞ്ഞിരിക്കുന്നതു്. എന്റെ അമ്മച്ചിക്കു സുഖക്കേടു് കൂടുതലാണെന്നേ കമ്പിയുള്ളു. ജോൺസാറിന്റെ അമ്മ മരിച്ചുകഴിഞ്ഞു. അതിനാൽ ഈ ശവസംസ്ക്കാരം കഴിഞ്ഞേ ഞാൻ പോകുന്നുള്ളു എന്നു പറഞ്ഞു് ജോൺസാറിനെ സമാധാനപ്പെടുത്തി. പിറേറ ദിവസം രാവിലെ ആ ശവസംസ്ക്കാരം പുത്തൻപീടിക ലത്തീൻ പള്ളിസിമിത്തേരിയിൽ നിർവ്വഹിച്ചശേഷം ഒരു കാർ വാടകയ്ക്കു പിടിച്ചു് മൂന്നുനാലു അച്ചന്മാരെയും കയററി ഞാൻ ചേപ്പാട്ടേയ്ക്കു് പോയി.

## എന്റെ അമ്മച്ചിയുടെ മരണം

ഞാൻ ചെല്ലുമ്പോൾ അമ്മച്ചിയ്ക്കു് അല്പം ആശ്വാസമുണ്ടായിരുന്നു. അന്നാണു് അമ്മച്ചിയെ കത്തോലിക്കാസഭയിൽ ചേർത്തതു്. പല അച്ചന്മാരുണ്ടായിരുന്നതുകൊണ്ടു് അന്ത്യകൂദാശ അപ്പോൾത്തന്നെ നടത്തി. പിറേറദിവസം ഞാൻ വി. കുർബ്ബാന എഴുന്നള്ളിച്ചു കൊണ്ടുവന്നു് കൊടുത്തു. 1936 ഓഗസ്റ്റ് 26-ാം തീയതി എന്റെ അമ്മച്ചി കർത്താവിൽ നിദ്രപ്രാപിച്ചു. എന്റെ ക്ഷണപ്രകാരം ചങ്ങനാശേരിയിൽനിന്നും രണ്ടുമൂന്നു് അച്ചന്മാർ വെള്ളിക്കുരിശുമായി കാറിൽ വന്നിരുന്നു. മൂന്നു പൊലീസുകാരുമായി പുളിമൂട്ടിൽ പീലിപ്പോസ് തോമസും വന്നു. മൃതശരീരം യാക്കോബായ ശവക്കോട്ടയിൽ കൊണ്ടുപോയി സംസ്ക്കരിയ്ക്കണമെന്നും അല്ലെങ്കിൽ കേസു് പറയേണ്ടിവരുമെന്നും തോമസ് ഭീഷണിപ്പെടുത്തി. അതു ഞാൻ വകവച്ചില്ല. നിങ്ങൾ യാക്കോബായസഭയിലും ഞാൻ ഇപ്പോൾകത്തോലിക്കാസഭയിലും ആണു് നില്ക്കുന്നതു്. ചങ്ങനാശേരിൽനിന്നു് അച്ചന്മാരുംമററും വെള്ളി

www.malankaralibrary.com

കുരിശുമായി വന്നിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയും ഉടനെ വരും. കത്തോലിക്കർക്ക് ഇവിടെ ഒരു ശവക്കോട്ടയില്ല. എന്റെ അമ്മച്ചിതന്നെ അതു് ഉൽഘാടനം ചെയ്യട്ടെ. അതിനു് തോമ്മസ് വിസമ്മതിക്കരുതു്എന്നു ഞാൻ പറഞ്ഞു.

അപ്പോഴേയ്ക്കും മാർ ഈവാനിയോസ് തിരുമേനിയും അച്ചന്മാരും വന്നുചേർന്നു. തോമസ് പൊലീസുകാരുമായി എതിരു നില്ക്കുന്നതു കണ്ടു് ചിലർ സഹകരിക്കാൻ മടിച്ചു. അപ്പോൾ ഉള്ളന്നൂർ മത്തായിവാദ്ധ്യാരുംമററും: എന്താണു് മടിച്ചു നില്ക്കുന്നതു്! എടുക്കു ശവപ്പെട്ടി. എന്നു പറഞ്ഞു് മൃതശരീരം എടുപ്പിച്ചു പന്തലിൽ സജ്ജമാക്കിയിരുന്ന പീഠത്തിൽ കൊണ്ടുവന്നു വച്ചു. കുരിശും മെഴുകുതിരിക്കാലുകളുമെല്ലാം ക്രമപ്പെടുത്തി വച്ചു. ആദ്യം കൽദായറീത്തിലുള്ള പ്രാർത്ഥന നടത്തി. പിന്നീടു് അന്ത്യോക്യൻറീത്തിലുള്ള പ്രാർത്ഥനകളും നടത്തി. മൃതശരീരം പള്ളിയിലേയ്ക്കും അവിടെനിന്നും ശവക്കോട്ടയിലേയ്ക്കും കൊണ്ടുപോയി. അവിടെ തയ്യാറാക്കിയിരുന്ന കല്ലറയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കരിക്കയും ചെയ്തു.

## ചേപ്പാട്ടെ ശവക്കോട്ടക്കേസ്

അതേത്തുടർന്നു് ഒരു കേസ് നടന്നു. അന്നു് ചേപ്പാട്ടു പാർവ്വത്യകാരൻ ഒരു യാക്കോബായക്കാരനായിരുന്നു, അദ്ദേഹത്തിന്റെ റിപ്പോർട്ടു് അനുസരിച്ചു് തഹസീൽദാർ അന്വേഷണത്തിനു് വന്നു. പത്തു് അടി അകലത്തിലുള്ള മാർത്തോമ്മാക്കാരുടെ ഒരു ശവക്കുഴി ഞങ്ങൾ അദ്ദേഹത്തെ കാണിച്ചു. അതു കൊണ്ടു ദോഷമൊന്നുമില്ലെങ്കിൽ ഇതുകൊണ്ടും ഒന്നും വരാനില്ല. ഇതു വെറും കക്ഷിമത്സരം പുലർത്താനുള്ള ഒരു ശ്രമം മാത്രമാണു് എന്നു ഞങ്ങൾ പറഞ്ഞു. തഹസീൽദാർക്കു് അതു ബോദ്ധ്യമായി. അതിനാൽ ആ പരാതി തള്ളിക്കളഞ്ഞു. എന്നു മാത്രമല്ല ആ പാർവ്വത്യകാരനെ ആ പകുതിയിൽനിന്നും വേറൊരു പകുതിയിലേക്കു് സ്ഥലം മാററുകയും ചെയ്തു.

പിന്നീടു് ചേപ്പാട്ടു തുരുത്തീയിലെ അച്ചന്മാരുടെ വലിയമ്മയായ എന്റെ ജ്യേഷ്ഠത്തി മരിച്ചപ്പോഴും അതുപോലെ ഒരു ശവക്കോട്ടക്കേസ് ഉന്നയിപ്പിച്ചു. അതും തള്ളിപ്പോയി.

www.malankaralibrary.com

1936 ൽ ഞങ്ങൾ വയലത്തല, കോന്നീത്താഴം, നെല്ലിക്കാക്കുഴി, മുല്ലൂർ, കൈതപ്പറമ്പ്, കിടങ്ങന്നൂർ, രാമഞ്ചിറ, കോട്ടാത്തല, അത്താണിമംഗലം, ഇടയാറന്മുള, മണ്ണാരക്കുളഞ്ഞി, കണ്ണേറ്റുമല, മാമ്പാറ, ചെറിയനാട്ട് എന്നിവിടങ്ങളിലെല്ലാം ആളുകളെ പുനരൈക്യപ്പെടുത്തുകയും അവരുടെ ഉപയോഗത്തിനായി അവിടങ്ങളിലെല്ലാം വസ്തുക്കൾ വാങ്ങിച്ചു ഷെഡ്ഡുകൾ വച്ചു ആരാധന തുടങ്ങുകയും ചെയ്തു.

1937 ജനുവരി 24-ാം തീയതി വള്ളിയറപ്പൻകാട്ട് എന്ന സ്ഥലത്തു മി ജോസഫ് മുരിക്കൻ അവരുടെ തോട്ടത്തിൽ ഒരു പള്ളി പണിയിച്ചശേഷം ആ പള്ളിയും പള്ളിസ്ഥലവുംകൂടി തിരുവനന്തപുരം അതിരൂപതക്ക് എഴുതിത്തന്നു. ഞങ്ങൾ അവിടെ പോയി തിരുമേനി ആ പള്ളി കൂദാശ ചെയ്യുകയും ഞാൻ അവിടെ പള്ളിയെപ്പററി പ്രസംഗിക്കുകയും ചെയ്തു.

1937 ഫെബ്രുവരി ഒന്നാം തീയതി ഞാൻ തോട്ടപ്പുറം പള്ളിയിൽ പോകയും പുത്തൻപീടികയിൽ ഗീവറുഗീസച്ചൻെറ മകൾ മറിയാമ്മയും തോട്ടപുറം കൊല്ലൻെറയ്യത്തു ജോൺകുട്ടിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചുകൊടുക്കുകയും ചെയ്തു.

## പരിയാരം വടക്കേക്കര തോമസച്ചൻെറ മരണം

1937 ന് 1113 തുലാം 24-ാം തീയതി ഇലന്തൂർ പരിയാരം വടക്കേക്കര തോമസ് അച്ചൻ മരിച്ചു. ഞാൻ അവിടെ പോയി പല വൈദികരുടെയും ഒരു വലിയ ജനക്കൂട്ടത്തിൻെറയും സഹായസഹകരണത്തിൽ ആ പള്ളിയുടെ ശവക്കോട്ടയിൽ ആ ശവസംസ്ക്കാരം നിർവഹിച്ചു. അദ്ദേഹത്തിനുപകരം തല്ലൂലത്തേസ്സ് ബഥനി ആശ്രമത്തിലെ യോബ് അച്ചനെ വികാരിയാക്കുകയും ചെയ്തു 1937 ന് 1113 വൃശ്ചികം 13-ാം തീയതി മൈലാപ്പൂരിൽവച്ച് നടത്തപ്പെട്ട മദ്രാസു യൂക്കറിസ്റ്റിക്ക് കോൺഗ്രസിനു സംബന്ധിക്കുവാൻ ഞാൻ പോയി. കോൺഗ്രസ് കഴിഞ്ഞു മടങ്ങിപ്പോന്നു.

## തുമ്പമൺ കരിങ്ങാടിലച്ചൻെറ മരണം

1937 മാർച്ച് 18 ാം തീയതി തുമ്പമൺ കരിങ്ങാടിൽ അച്ചൻ മരിച്ചു. ആ വിവരത്തിനു കമ്പി വരികയാൽ ഞാനും അവിടെ എത്തി. മാർ ഈവാനിയോസ് തിരുമേനിയും കലയ

www.malankaralibrary.com

ക്കാട്ടിൽ അച്ചനും വേറെ പല പട്ടക്കാരും ഒരു നല്ല ജനക്കൂട്ടവും ഉണ്ടായിരുന്നു. നരിയാപുരം സിറിയൻകത്തോലിക്കാ പള്ളിയുടെ തെക്കുവശത്തു പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ ശവസംസ്ക്കാരം നടത്തി. ഇപ്പോൾ അവിടെ പുത്തനായി ഒരു നല്ല പള്ളിയും പണിതീർത്തിട്ടുണ്ട്.

1937 ന് 1112 മീനം 7-ാംതീയതി ഞാൻ ചന്ദനപ്പള്ളി പള്ളിയിൽ പോയി കഷ്ടാനുഭവ ആഴ്ച നടത്തി അവിടെ കുറെ വീട്ടുകാരെ ചേർക്കുകയും ചെയ്തു. 1937 ന് 1—9—1112 ൽ കാത്തലിക്ക് എവിഡൻസ് ഗിൽഡിന് വേണ്ട അദ്ധ്യാപകരെ പരിശീലിപ്പിക്കുവാനായി പോത്തനാംമൂഴിയിലച്ചനും (ഇദ്ദേഹം ഇപ്പോൾ കോതമംഗലം ബിഷപ്പാണ്) ആന്ററണിയച്ചൻ ബി. എ. എൽ. റ്റിയും ഞാനുംകൂടി കാട്ടൂർ പള്ളിയിൽ പോയി താമസിച്ച് ഒരു പരിശീലനക്യാമ്പു നടത്തി. 1937 ഫെബ്രുവരി 27-ാം തീയതി ചേപ്പാട്ടു തുരുത്തിയിലെ പാപ്പിയും കുടുംബവും മാർ ഈവാനിയോസ് തിരുമനസ്സിലെ സന്നിധിയിൽവച്ച് കത്തോലിക്കാസഭയിൽ ചേർന്നു. 13—1—1113 ൽ പന്തളത്തിനു വടക്ക് കിടങ്ങന്നൂർ പള്ളിയിൽ കിളന്നമണ്ണിലച്ചനും ഞാനുംകൂടിപോയി കുർബാനയപ്പിച്ചു. അവിടെ പള്ളിക്കനുവാദം ലഭിച്ചിട്ടില്ലായിരുന്നതിനാൽ പാർവ്വത്യകാരനും പിള്ളയും പരിശോധനക്കായി വന്നിരുന്നു. കുർബാന കഴിഞ്ഞു് ഞങ്ങൾ അവരെയും കൂടെ ക്ഷണിച്ച് കാപ്പിസൽക്കാരത്തിൽ സംബന്ധിപ്പിച്ചു വിട്ടു. 1937 സെപ്റ്റമ്പർ 12-ാം തീയതി തോട്ടപ്പള്ളിൽ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് വന്ന് താമസിച്ചു സുവിശേഷവേല തുടങ്ങി.

## മാർസേവേറിയോസ് തിരുമേനിയുടെ പുനരൈക്യം

മല്ലപ്പള്ളിൽ വാളക്കുഴിയിൽ ജോസഫ് അച്ചൻ ആദ്യകാലത്തു് പുനരൈക്യത്തിനെതിരായി പ്രവർത്തിച്ചിരുന്ന ആളായിരുന്നു. പുനരൈക്യപ്പെട്ടിരുന്ന കയ്യാലാത്തു ശ്രീ. കെ. വി. ചാക്കോ ബി. എ. എൽ. ററി. മരിച്ചപ്പോൾ ഇദ്ദേഹം തന്റെ സ്വാധീനം ചെലുത്തി അദ്ദേഹത്തിന്റെ മൃതശരീരം എടുപ്പിച്ച് യാക്കോബായ പള്ളിയുടെ സിമിത്തേരിയിൽ കൊണ്ടുചെന്ന് സംസ്കരിച്ചു. പുനരൈക്യപ്പെടാനിരുന്ന പല കുടുംബക്കാരെയും അദ്ദേഹം തടഞ്ഞുകളഞ്ഞു. അതെല്ലാം കണ്ടപ്പോൾ പുനരൈക്യത്തിൽപ്പെട്ടു

www.malankaralibrary.com

ചോയ എനിക്കു പകരം മാർ ദിവന്നാസ്യോസ് അദ്ദേഹത്തെ നിരണം ഇടവകയുടെ മെത്രാപ്പോലീത്തായായി അവരോധിച്ചു. മെത്രാനായി ഭരണം തുടങ്ങിയപ്പോൾ പല ഇടവകക്കാരുടെയും ശക്തിയായ എതിർപ്പുണ്ടായി. അതുമൂലം യാക്കോബായ സഭ വിട്ടു പുനരൈക്യപ്പെടാനദ്ദേഹം തീരുമാനിച്ചു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും കാലം ചെയ്തുപോയി. തന്റെ ഒരു സഹോദരൻ മുമ്പെതന്നെ കത്തോലിക്കാസഭയിൽ ചേർന്നിട്ടുമുണ്ടായിരുന്നു.

1937 ന് 1113 വൃശ്ചികം 14-ാം തീയതി നിരണത്തു കുരിയാക്കോസ് അച്ചനേയും ബഥനിയിലെ ഗീവറുഗീസച്ചനേയും മേളാംപറമ്പിൽ മി. ഉമ്മനേയും മല്ലപള്ളിൽ കയ്യാലാത്തു മി. എബ്രഹാമിനേയും സ്വ സഹോദരനേയും കൂട്ടിക്കൊണ്ട് അദ്ദേഹം തിരുവനന്തപുരത്തെത്തി: വിശ്രമാർത്ഥം ബഥന്യാശ്രമത്തിൽ താമസിച്ചിരുന്ന മാർ. ഈവാനിയോസ് തിരുമനസ്സിലെ സന്നിധിയിൽവച്ച് സത്യപ്രതിജ്ഞ നടത്തി പുനരൈക്യപ്പെടുകയും ചെയ്തു. അല്പം കഴിഞ്ഞപ്പോൾ കവിയൂർ കലയക്കാട്ടിൽ തോമസ് അച്ചൻ ഒരു കാറിൽ അവിടെ എത്തി. പരുമല സെമിനാരി വക എന്തൊക്കെയോ സാമാനങ്ങൾ തിരുമേനി എടുത്തുകൊണ്ടു പോന്നിട്ടുണ്ടെന്നും അതു ഉടനെ കണ്ടു പിടിക്കണമെന്നും കാണിച്ച് യാക്കോബായക്കാർ ഒരു സർച്ചു വാറണ്ടയപ്പിക്കുവാൻ ആലോചിക്കുന്നതായി അറിയിച്ചു. അതുകേട്ട ഉടനെ തിരുമേനി മാർ രണ്ടുപേരും കൂടി കാറിൽ കയറി കന്യാകുമാരിയിലുള്ള അതിരൂപത വക കെട്ടിടത്തിലേക്കും അവിടെനിന്നും തിരുവിതാംകൂറിനു വെളിക്കു തുത്തുക്കുടി രൂപതയിലുള്ള ഒരു പള്ളിയിലേക്കും പോയി. കുറെ ദിവസങ്ങൾ കഴിഞ്ഞു് തിരിച്ചെത്തുകയും ചെയ്തു.

1937-ൽ ഞങ്ങൾ കടമ്പനാട്ട, വലിയ അയത്തി. തോട്ടപ്പുള്ളി, അമ്പിലികോണം, മഞ്ചുമ്പാറ, പുതുപ്പള്ളി, ഉള്ളൂർ, വെഞ്ചണി എന്നിവിടങ്ങളിൽ പുനരൈക്യത്തിൽ ചേർന്നവർക്കായി പള്ളി വെയ്ക്കുന്നതിന് വേണ്ടി വസ്തുക്കൾ വാങ്ങി തൽക്കാല കെട്ടിടങ്ങൾ വച്ചു കർമ്മാദികൾ നടത്തി തുടങ്ങി.

1938 ജനുവരി 29-ാം തീയതി തിരുവല്ലാ കല്ലൂരെ എന്റെ പെങ്ങളുടെ ഭർത്താവ് മി. ജോർജ് വറുഗീസ് വക്കീൽ മരിച്ചു. ഞാൻ അവിടെപ്പോയി പ്രാർത്ഥന നടത്തി. അദ്ദേഹം പാത്രിയാർക്കീസ് കക്ഷിക്കാരനായിരുന്നതിനാൽ തിരുവല്ലാ കട്ടപ്പുറത്തു പള്ളി സിമിത്തേരിയിൽ കൊണ്ടുചെന്നടക്കി.

www.malankaralibrary.com

## ബാരിസ്റ്റർ മി. ജോർജ് ജോസഫിൻെറ മരണം

1938 മാർച്ച് മാസം 5-ാം തീയതി ബാരിസ്റ്റർ ജോർജ് ജോസഫിന് സുഖക്കേട് കൂടുതലാണെന്ന അറിയുകയാൽ മാർ ഈവാനിയോസ് തിരുമേനിയും, ഞാനും കൂടി മധുരയ്ക്ക് പോയി. അതിനുമുമ്പൊരിക്കൽ ഞങ്ങൾ അവിടെ ചെന്നു അദ്ദേഹത്തെ കത്തോലിക്കാ പുനരൈക്യത്തിൽ ചേർത്തിരുന്നു. ഞങ്ങൾ ആശുപത്രിയിൽ പോയി അന്ത്യകൂദാശ നടത്തിയ ശേഷമാണ് മരിച്ചത്. വീട്ടിൽ വച്ചുള്ള ചരമ പ്രസംഗം ഞാൻ നടത്തി, അവിടത്തെ പഴയ പള്ളിയുടെ ശവക്കോട്ടയിൽ ആണ് അദ്ദേഹത്തെ സംസ്കരിച്ചത്. വീട്ടിൽ നിന്നും സെമിത്തേരിയിലേക്കുള്ള വിലാപയാത്രയിൽ അവിടത്തെ കോൺഗ്രസ്സുകാരെല്ലാം ജാതി മത ഭേദമെന്യെ അകമ്പടി സേവിച്ചിരുന്നു. പിറേറ ദിവസം ജോർജ് ജോസഫിന് വേണ്ടി അവിടെ കുർബാന ചൊല്ലിയ ശേഷം ഞങ്ങൾ മടങ്ങിപോരുകയും ചെയ്തു,

1938 സെപ്തംമ്പർ 5-ാം തീയതി എൻെറ അനുജൻ മാത്തുകുട്ടിയുടെ മകൾ തങ്കമ്മയും തിരുമൂലപുരത്തു കൊച്ചുമാലി വൈദ്യന്റെ മകൻ കൊച്ചുകുഞ്ഞിയും തമ്മിലുള്ള വിവാഹം ചേപ്പാട്ടു പള്ളിയിൽ വച്ച് ഞാൻ ആശീർവദിച്ചു കൊടുത്തു. 1938 സെപ്റ്റംബർ 8-ാം തീയതി തിരുവനന്തപുരത്തു താമസിക്കുന്ന തട്ടക്കാരൻ വറുഗീസിൻെറ ഭാര്യ്യ മരിച്ചു. ശവസംസ്കാര കർമ്മം ഞാൻ നടത്തി. 1938 സെപ്ററംമ്പർ 17-ാം തീയതി മുട്ടത്തു തുണ്ടത്തിൽ കുട്ടി എന്നയാൾ മരിച്ചു. അദ്ദേഹം ഞങ്ങളോടു കൂടെ കത്തോലിക്കാ സഭയിൽ ചേർന്നയാളായിരുന്നു. എത്വാ പള്ളിയിൽ നിന്നും വെള്ളിക്കുരിശും മററും കൊണ്ടുവന്നു വിലാപയാത്രയ്ക്കുപയോഗിച്ചിരുന്നു. അദ്ദേഹത്തെ ഞാൻ ചേപ്പാട്ടു സിറിയൻ കത്തോലിക്കാ പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിച്ചു.

## കിഴക്കേ വീട്ടിൽ പത്രോസച്ചൻെറ പുനരൈക്യം

1938 നവംബർ 19-ാം തീയതി പത്തനംതിട്ട കിഴക്കേ വീട്ടിൽ പത്രോസച്ചൻ നന്നുവക്കാട്ടു സ്കൂൾ ചാപ്പലിൽ വച്ച് പുനരൈക്യപ്പെട്ടു. അതിലേക്കായി മാർ ഈവാനിയോസ്

www.malankaralibrary.com

തിരുമേനിയും ഞാനും നേരത്തെ അവിടെ എത്തിയിരുന്നു. 1938 ഡിസംബർ 9-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ പിതാവ് മരിച്ചു ഞങ്ങൾ അവിടെ ഉണ്ടായിരുന്നു. ശവസംസ്കാരം കഴിഞ്ഞു് ഞങ്ങൾ തിരുവനന്തപുരത്തിനു പോന്നു

1938 ഡിസംബർ 20-ാം തീയതി നന്നുവക്കാട്ടുവച്ചു് അധ്യാപകരുടെ ധ്യാനയോഗം ഞാൻ പോയി നടത്തി.

1938 ൽ ഞങ്ങൾ നെല്ലിമൂട്ട്, വണ്ടന്നൂർ, കുന്നപ്പുഴ, പൂവാർ, എന്നിവിടങ്ങളിൽ പുനരൈക്യപ്പെട്ടവരുടെ ആരാധന നടത്തുവാൻ വസ്തുക്കൾ വാങ്ങിച്ചു, പള്ളികൾ വച്ചു.

## പൂതക്കുഴിയിൽ ഏബ്രഹാം അച്ചൻ

1938 ഒക്ടോബർ 8-ാം തീയതി മാർ സേവേറിയോസ് തിരുമേനിയെ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്ററാക്കി. അന്നു പല യാക്കോബായക്കാരും അദ്ദേഹത്തെ ആക്ഷേപിച്ചു പ്രസംഗിക്കുന്നുണ്ടായിരുന്നു അക്കൂട്ടത്തിൽ തിരുവനന്തപുരം യാക്കോബായപള്ളി വികാരിയായിരുന്ന തുമ്പമൺ പൂതക്കുഴിയിൽ ഏബ്രഹാം അച്ചൻ അദ്ദേഹത്തെ ആക്ഷേപിച്ചു് "റോമാസഭയും റീത്തുകളും" എന്നൊരു ലഘുപത്രിക അച്ചടിച്ചുവിട്ടു. അതിൽ വേദപുസ്തകവാക്യങ്ങൾ എടുത്തു ദുർവ്യാഖ്യാനം ചെയ്തെഴുതിയിരുന്നതിനാൽ അതിനൊരു മറുപടി എഴുതേണ്ടതായി വന്നു. അങ്ങിനെ ഞാൻ എഴുതിയതാണ് "നേർവഴികാട്ടി" എന്ന പുസ്തകം. ആ പുസ്തകം വായിച്ചശേഷം തിരുവനന്തപുരത്തു് ഒരു അഡ്വക്കേറ്റായിരുന്ന മിസ്സ് മേരി പോത്തൻ ബി. എ. ബി. എൽ. അതിന്റെ രണ്ടു ഡസൺ കോപ്പി വിലയ്ക്കു് വാങ്ങി. മെത്രാന്മാർക്കും ചില സമുദായപ്രമാണിമാർക്കും അയച്ചുകൊടുത്തുകൊണ്ട് അതിനു വല്ല മറുപടിയും പറയാനുണ്ടെങ്കിൽ പറയണമെന്നാവശ്യപ്പെട്ടു. ആരും മറുപടി എഴുതിയില്ല. അതിനുശേഷം അവർ കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു. അതിലെ ചുരുക്കം താഴെ ചേർക്കുന്നു.

## നേർവഴികാട്ടി

റോമ്മാസഭയ്ക്കു് ഒരു നല്ല ഭരണ ഘടനയുണ്ട്. അതു കൊണ്ടാണ് ആ സഭ വലുതായിരിക്കുന്നതു എന്നു് പൂതക്കുഴിയിൽ

www.malankaralibrary.com

എബ്രഹാം അച്ചൻ പറയുന്നു, ആ പുസ്തകം വിലക്കു വാങ്ങാൻ കിട്ടും അതു വാങ്ങിച്ചു നിങ്ങൾക്കും നടപ്പിലാക്കാവുന്നതാണെല്ലോ അതെന്തുകൊണ്ട് നിങ്ങൾ ചെയ്യുന്നില്ല. ആ ചോദ്യത്തിനദ്ദേഹത്തിനു് ഉത്തരം പറയുവാനില്ല.

ശ്ലീഹന്മാർ നല്ലവരായിരുന്നു, എന്നിട്ടും അവർക്ക് തലവനായി ക്രിസ്തു പത്രോസിനെ നിയമിച്ചു. അദ്ദേഹത്തെ തലവനായി സ്വീകരിച്ച് നിങ്ങളും നടക്കേണ്ടതല്ലെയോ എന്നു ചോദിച്ചപ്പോൾ പത്രോസിനു കൊടുത്ത അധികാരം എല്ലാ ശ്ലീഹന്മാർക്കും കൂടെയായിരുന്നു കൊടുത്തതു് എന്നദ്ദേഹം പറയുന്നു. ഒരു ഹെഡ്മാസ്റ്ററുടെ അധികാരം എല്ലാ അദ്ധ്യാപകർക്കുമുണ്ടോ? ഒരു ചീഫ് മിനിസ്റ്ററുടെ അധികാരം എല്ലാ മിനിസ്റ്ററന്മാർക്കുമുണ്ടോ? എന്നൊക്കെ ചോദിക്കുമ്പോൾ അതിനും അദ്ദേഹത്തിനു് മറുപടി പറയാനില്ല.

സഭ ക്രിസ്തുവിൻെറ മണവാട്ടിയാണ്. സഭയുടെ തല ക്രിസ്തുവാണ്. മററാരുമല്ല സഭയുടെ തല. എന്നൊക്കെ അദ്ദേഹം പറയും. സഭ ക്രിസ്തുവിൻെറ മണവാട്ടിയാണെങ്കിൽ മണവാട്ടിക്കൊരു തലവേണ്ടയോ? തലയില്ലാത്ത മണവാട്ടിക്ക് ക്രിസ്തു മണവാളനായിരിക്കുമോ? അതുകൊണ്ടല്ലെയോ മണവാട്ടിയായ സഭയുടെ തലവനായി ക്രിസ്തു പത്രോസിനെ നിയമിച്ചതു്. മണവാളൻ മണവാട്ടിയുടെ തലയാകുന്നു. പുരുഷൻ സ്ത്രീയുടെ തലയാകുന്നു എന്നൊക്കെയും പൌലോസും പറയുന്നില്ലെയോ. സഭ ഏകമായിരിക്കണമെങ്കിൽ എല്ലാവരും പത്രോസിനെ അവരുടെ സഭകൾക്കെല്ലാം പരമാദ്ധ്യക്ഷനായി സ്വീകരിക്കേണ്ടയോ? എന്നൊക്കെ ചോദിച്ചാൽ അതിനും അദ്ദേഹത്തിനു് മറുപടിയില്ല

എല്ലാ അപ്പോസ്ഥലന്മാരും സമന്മാരാണെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും അതു അദ്ദേഹത്തിൻെറ സഭയിലാകട്ടെ മററു സഭകളിലാകട്ടെ നടപ്പിലില്ലാത്ത ഒരു സംഗതിയാണ്. എല്ലാ സഭക്കാരും അവരുടെ മെത്രാന്മാരുടെ മേൽ അധികാരികളായി മലങ്കര മെത്രാൻ, കാതോലിക്കാ, പാത്രിയർക്കീസ്, എന്നിങ്ങനെ ഓരോ പരമാധികാരികളെ നിയമിക്കുന്നതെന്തിനു്? അവരുടെ അധികാരം സ്വർഗ്ഗത്തിൽ നിന്നോ ഭൂമിയിൽനിന്നോ എന്നു ചോദിച്ചാൽ അതിനും മറുപടിയില്ല. നേരായ മാർഗ്ഗം റീത്തനുവദിപ്പിച്ചു കൊണ്ടു് പത്രോസിൻെറ പിൻഗാമിയെ സ്വീകരിച്ചു നില്ക്കുക

www.malankaralibrary.com

എന്നതാണ്. എന്നായിരുന്ന ആ ലഘു പത്രികയുടെ ചുരുക്കം. 1939 ജനുവരി 6 മുതൽ തരിക്കൽപള്ളിയിൽ വച്ച് ബ. നങ്ങേച്ചി വീട്ടിലച്ചനും മത്തായി സാറും, ഞാനും, കൂടി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. ഒടുവിലത്തെ ദിവസം വി. കുർബാനയുടെ വാഴ്‌വോടു കൂടെ അതു അവസാനിപ്പിച്ചു. 1939 ജനുവരി 25-ാം തീയതി തുമ്പമൺ നരിയാപുരത്തു പുത്തൻ പുരയിൽ ദാനിയേലച്ചൻ യാക്കോബായ സഭയിൽ നിന്നും പുനരൈക്യത്തിൽ ചേർന്നു.

1939 ഫെബ്രുവരി 7-ാം തിയതി കിഴവള്ളൂർ സ്കറിയാ മുതലായവരെ ഞാൻ കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചു. സ്കറിയായുടെ വീട്ടിൽ വച്ച് മൂന്നു ദിവസത്തേക്ക് ഒരു പ്രസംഗയോഗം നടത്തുകയും ചെയ്തു. അന്ന് അവിടെ ഞങ്ങൾക്കു പള്ളിയില്ലായിരുന്നു,

## 11-ാം പീയൂസ് മാർപാപ്പായുടെ നിര്യാണം

1939 ഫെബ്രുവരി 11-ാം തീയതി പീയൂസ് XI മൻ മാർപാപ്പാ കാലം ചെയ്തു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ പള്ളികൾക്കെല്ലാം കല്പന അയച്ചു. ഞങ്ങൾ പാളയം പ്രോകത്തീഡ്രൽ പള്ളിയിൽ പോയി മാർപാപ്പായ്ക്കു വേണ്ടി കൂട്ട പ്രാർത്ഥന നടത്തി.

1939 ഫെബ്രുവരി 18-ാംനു ഞാൻ പഴകുളം പള്ളിയിൽ പോയി ഒരു പ്രസംഗ യോഗം നടത്തി. മൂന്നാം ദിവസം യാക്കോബു ശ്ലീഹായുടെ പെരുനാളും ആഘോഷമായി നടത്തി, ഉള്ളന്നൂർ മത്തായി സാറും പ്രസംഗിച്ചു. പന്തളത്തു കിളന്നമണ്ണിലച്ചനും, പാറക്കൂട്ടത്തിലച്ചനും, ഞാനും കൂടി പെരുനാൾ ദിവസം ഒരു കോൺസലിബറേഷനും നടത്തി.

## വാച്ചാപറമ്പിൽ അച്ചന്റെ നിര്യാണം

1939 ഫെബ്രുവരി 23-ാനു വാച്ചാപറമ്പിലച്ചൻ മരിച്ചു എന്നു കമ്പിവന്നു, അന്നു ചന്ദനപ്പള്ളിൽ ഞങ്ങൾ ഒരു പ്രസംഗയോഗം നടത്തിക്കൊണ്ടിരിക്കയായിരുന്നു. അതിനാൽ പോകാൻ സാധിച്ചില്ല. പ്രസംഗ യോഗം 26 നേ അവസാനിച്ചുള്ളു.

www.malankaralibrary.com

1939 ഫെബ്രുവരി 27, 28, മാർച്ച് ഒന്ന് എന്നീ തീയതികളിൽ രാമൻചിറ പള്ളിയിൽ വെച്ചും 3, 4, 5, എന്നീ തീയതികളിൽ വടക്കുപുറം പള്ളിയിൽവച്ചും ഓരോ പ്രസംഗയോഗം ഞാൻ നടത്തി. മലഞ്ചരുവിൽ മത്തായി സാറും ഉണ്ടായിരുന്നു.

## ചേപ്പാട്ടു വീവിംങ്ങ് സ്കൂൾ

1939 മെയ് 8-ാനു- ചേപ്പാട്ട് ഒരു വീവിംഗ് സ്കൂൾ തുറക്കുവാൻ എനിക്കനുവാദം കിട്ടി. സ്കൂൾ തുറന്ന് കുറേനാൾ നടത്തി. പഠിക്കാൻ അധികം കുട്ടികളില്ലാതെ വന്നതിനാൽ സ്കൂൾ നിറുത്തേണ്ടതായി വന്നു. യന്ത്രസാമഗ്രികളെല്ലാം ബാലരാമപുരത്തേയ്ക്കു കൊണ്ടുപോയി.

1939 ജൂൺ 15-ാനു- കൈപട്ടൂർ റവ: ഫാദർ ജോഷ്വാ കുന്നത്തു പുനരൈക്യപ്പെട്ടു. തിരുവനന്തപുരം അതിരൂപതയിൽ ചേർന്നു. ഇദ്ദേഹം ഒരു നല്ല നോവലെഴുത്തുകാരനാണ് 1938 മാർച്ച് 11-ാനു- കാതോലിക്കാബാവയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചയാളാണ്

1939 ആഗസ്റ്റ് 17-ാനു- ഇലംതൂർ താഴേതിൽ എബ്രഹാം അച്ചന്റെ ഭാര്യ മരിച്ചു. മാർ സേവേറിയോസു തിരുമേനിയും ഞാനും ഒരു വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. ഇലംതൂർ കത്തോലിക്കാ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി

1939 ആഗസ്റ്റ് 22-ാനു- മുതൽ മൂന്നു ദിവസത്തേയ്ക്കു വട്ടിയൂർക്കാവിൽവെച്ച് ഞാനൊരു പ്രസംഗയോഗം നടത്തി. ഉള്ളന്നൂർ മത്തായിസാറും ഉണ്ടായിരുന്നു.

1939 ജൂൺ 19-ാനു- മൈലപ്രാ എ. ജി. എബ്രഹാമച്ചന്റെ അമ്മ മരിച്ചു എന്നു കമ്പിവരികയാൽ ഞാൻ പോയി ആ ശവസംസ്ക്കാര കർമ്മത്തിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

1939 സെപ്റ്റംബർ 5-ാനു- ഫാദർ മത്തെയോ ക്രൗളി വന്ന് അച്ചന്മാരുടെ ധ്യാനം നടത്തി.

1939 ഒക്ടോബർ 24-ാനു- ചേപ്പാട്ടുതുരുത്തിയിലെ ബ്രദർ പിലിപ്പ് പഠിക്കുവാനായി റോമിൽ പോകുന്നുണ്ടായിരുന്നു. അദ്ദേഹത്തെ യാത്രയയക്കുവാനായി ബ്രദറിന്റെ അപ്പൻ പാപ്പിയും

www.malankaralibrary.com

കാരിച്ചാലേ എൻെറ പെങ്ങളുടെ മകൻ എ, കെ. ജോൺ ബി, എ. യും എൻെറ അനുജൻ മാത്തുക്കുട്ടിയും വന്നിരുന്നു. അവർ റയിൽവേസ്റ്റേഷനിൽ പോയി അദ്ദേഹത്തെ തീവണ്ടിയിൽ കയറ്റി അയച്ചശേഷം മടങ്ങിപ്പോന്നു.

റവ: ഫാ. തോമസ് നങ്ങച്ചിവീട്ടിൽ 1938 മാർച്ച് 19-ാം തീയതി റോമിൽ വച്ച് വൈദികപട്ടമേററു തിരുവനന്തപുരത്തേക്ക് മടങ്ങിവന്നു, ഞങ്ങൾ അദ്ദേഹത്തിന് ഹൃദയംഗമമായ ഒരു സ്വീകരണം നല്കി.

1939 സെപ്ററംബർ 22-ാനു ഞാനും പുത്തൻ വീട്ടിൽ യാക്കോബച്ചനും ഉള്ളന്നൂർ മലഞ്ചെരുവിൽ മത്തായിസാറും കൂടി ഇലന്തൂർ പള്ളിയിൽ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. 1939 ഒക്ടോബർ 27-ാം തീയതി മുതൽ മൂന്നു ദിവസത്തെ യോഗം ഞാൻ കൊട്ടാരക്കര കിഴക്കേ തെരുവു പള്ളിയിൽ പോയി നടത്തി.

## സർ. സി.പി യ്ക്കു് സ്വീകരണവും മംഗളപത്രവും.

1939 നവംബർ 16-ാനു ഇപ്പോഴത്തെ പട്ടം കത്തീഡ്രൽ പള്ളിനില്ക്കുന്ന സ്ഥലത്തു് വച്ച് തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ അവർകൾക്ക് അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ച ഒരു അനുമോദനം നല്കി. എല്ലാ ഗവണ്മെന്റുദ്യോഗസ്ഥന്മാരും ഒരു വലിയ ജനക്കൂട്ടവും അതിൽ സംബന്ധിച്ചിരുന്നു. 1. കോറി. 13, 8 എന്ന വേദവാക്യം ഉദ്ധരിച്ചു സർ. സി. പി. ഒരു നല്ല പ്രസംഗംനടത്തി. ഒരു നാലു നില പന്തലായിരുന്നു ഇതിലേയ്ക്കു തയ്യാറാക്കിയിരുന്നതു്, മംഗളപത്രം സ്വർണ്ണത്തകിടിൽ അച്ചടിച്ചാണ് കൊടുത്തതു്. അതു് അദ്ദേഹം തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ പ്രദർശനത്തിനായി വെച്ചു. മി. പട്ടം താണുപിള്ള ചീഫ് മിനിസ്റ്ററായ ഉടനെ അതു് മോഷണം പോയി. അന്വേഷിച്ചിട്ട കണ്ടുകിട്ടിയില്ല.

1939 മെയ്മാസം 28-ാം തീയതി മാവേലിക്കര വീട്ടിനാൽ വലിയച്ചൻെറ ഭാര്യ മരിച്ചു. വിവരം അറിഞ്ഞ ഉടൻ ഞാൻ അവിടെ എത്തി. മൃതശരീരം മാവേലിക്കര ഞങ്ങളുടെ പള്ളിയിൽ കൊണ്ടുവന്നു സംസ്കരിച്ചു.

www.malankaralibrary.com

1939-ൽ ഞങ്ങൾ വെള്ളലുമ്പ്, മതത്തൂർ മുട്ടത്തു കോണം, മുണ്ടുകോട്ടയ്ക്കൽ, കുളപ്പുറം, ചെമ്പുമല എന്നിവിടങ്ങളിൽ വസ്തുക്കൾ വാങ്ങി പള്ളികൾ പണിയിച്ചുതുടങ്ങി.

1940 ആഗസ്റ്റ് 24-ാം തീയതി റവ. ഫാദർ തോമസ് കരിയിൽകാണ്ടിസിമ്മിനാരിയിൽ വച്ചു് പട്ടമേററു് മടങ്ങിവന്നു.

1940 ൽ മെതുകുമ്മേൻ, പാമ്പുക്കാലാ, തൊഴിക്കൽ എന്നിവിടങ്ങളിൽ ഞങ്ങൾ വസ്തുക്കൾ വാങ്ങി പള്ളിവച്ചു് ആളുകളെ പുനരൈക്യത്തിൽ ചേർത്തു നിറുത്തി,

## കാഹളം മാസികയുടെ ആരംഭം

1933 ൽ ഞാൻ തിരുമൂലപുരത്തു താമസിക്കയായിരുന്നു. കാരയ്ക്കൽ മി. പി. പി. ജോൺ എന്നൊരു സ്നേഹിതനും എനിക്കുണ്ടായിരുന്നു, കാഹളം എന്നൊരു വാരികയ്ക്കു് ഞങ്ങൾ ലൈസൻസെടുത്തു. അതു നടത്തി കുറെ കഴിഞ്ഞപ്പോൾ നിന്നുപോയി. അതിനാൽ സത്യസഭാകാഹളം എന്നപേരിൽ 1934 ൽ ഞാൻ തനിച്ചൊരു ലൈസൻസ് എടുത്തു. അതു് 1941 ഡിസംബർ മാസത്തിലെ തുടങ്ങാൻ സാധിച്ചുള്ളു. 1960 വരെയും ആ പേരിൽ ഞാൻ അതു നടത്തി. മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അഭിപ്രായ പ്രകാരം ആ പേരു് മാററി ക്രൈസ്തവ കാഹളം എന്ന ഇപ്പോഴത്തെ പേരിൽ 1960 മെയ് മാസം മുതൽ ഇന്നേവരെയും അതു ഞാൻ നടത്തിക്കൊണ്ടിരിക്കുന്നു.

## പുലിക്കോട്ടു് ജോസഫ് റമ്പാച്ചന്റെ മരണം

1941 ജൂലൈ 6-ാംതീയതി കുന്നംകുളത്തു പുലിക്കോട്ടു് ജോസഫ് റമ്പാച്ചൻ നിര്യാതനായി. മാർ ഈവാനിയോസ് തിരുമേനിയും മാർസേവേറിയോസ് തിരുമേനിയും കുന്നംകുളത്തു ചെന്നു് അദ്ദേഹത്തിന്റെ കബറടക്കം ഭംഗിയായി നിർവഹിച്ചു, അന്നു് എനിക്കു് പോകുവാൻ സാധിച്ചില്ല, അതിനാൽ ഒരാണ്ടുവീടികയ്ക്കു് അവർ എന്നെ ക്ഷണിച്ചുകൊണ്ടു പോയി അതു നടത്തിച്ചു. അന്നു ഞാൻ തൊഴിയൂർ മാർകുറീലോസ് മെത്രാച്ചന്റെ അരമനയിൽ പോയി, ഞങ്ങൾ ഇരുവരുംകൂടി അവിടെ ഉച്ചമേശ കഴിച്ചു. ചേപ്പാട്ടു മെത്രാച്ചൻ ഇരുന്നകാലത്തു തൊഴിയൂരേക്കു് പണിയിച്ചുകൊടുത്ത ദന്തപല്ലക്കു്, കട്ടിലുകൾ, കോളാമ്പികൾ മുതലായവയെല്ലാം മുറികൾതോറും എന്നെ കൊണ്ടു

www.malankaralibrary.com

നടന്നു അദ്ദേഹം കാണിച്ചു തന്നു. വളരെ സന്തോഷം പ്രകാശിപ്പിച്ചു.

## ഫാ. ഡോമനിക്ക് തോട്ടാശേരിയുടെ മരണം

എല്ലാ പ്രകാരത്തിലും ഞങ്ങളുടെ മിഷ്യൻപ്രവർത്തനത്തിന് ഒരു വലിയ സഹായി ആയിരുന്നു തോട്ടാശേരിലച്ചൻ. അദ്ദേഹം രോഗിയായി തിരുവനന്തപുരം ജനറലാശുപത്രിയിലെത്തി. മാർ ഈവാനിയോസു തിരുമേനിയും ഞാനും ദിവസം തോറും പോയി അച്ചനെ സന്ദർശിച്ചുകൊണ്ടിരുന്നു. അച്ചന്റെ ദീനം സുഖപ്പെടുന്നതല്ലെന്നു ഡാക്ടർമാർ പറഞ്ഞു. അപ്പോൾ കഴക്കൂട്ടം മിഷ്യൻ ഹാസ്പിററലിലെ ഒരു ഡോക്ടർ ഈ രോഗം സുഖപ്പെട്ടുത്താവുന്നതാണെന്നു പറഞ്ഞു. അതിനാൽ അച്ചനെ കഴക്കൂട്ടം ആശുപത്രിയിലേയ്ക്കു കൊണ്ടുപോയി ഞങ്ങൾ അവിടെയും പോയി അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ 1941 ഡിസംബർ 5-ാം തീയതി അന്ത്യകൂദാശയും കൈക്കൊണ്ട് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മാർ ഈവാനിയോസു തിരുമേനിയും ഞാനും ബ. നങ്ങച്ചിവീട്ടിലച്ചനും തോട്ടാശേരിലച്ചന്റെ കിടക്കയ്ക്കരുകിലുണ്ടായിരുന്നു. ആ രാത്രിതന്നെ മൃതശരീരം ചങ്ങനാശേരിയിലേയ്ക്കു കൊണ്ടുപോയി. അച്ചൻ ചെയ്ത ത്യാഗപൂർവ്വമായ ഓരോ സംഗതികളോർത്തു ദൈവത്തെ സ്തുതിച്ചുകൊണ്ടു ഞങ്ങൾ തിരുവനന്തപുരത്തിന് മടങ്ങിപ്പോരുകയും ചെയ്തു.

## റോമിൽനിന്നുള്ള ശെമ്മാശന്മാരുടെ സന്ദേശം

1941 ലെ ക്രിസ്തുമസ്സ് അടുത്തിരുന്നതിനാലും, കടമ്മനിട്ട പുതുതായി ഒരു പള്ളി തുടങ്ങിയിരുന്നതിനാലും അവിടെ ക്രിസ്തുമസ്സുശുശ്രൂഷയും പ്രസംഗയോഗവും നടത്തുവാനായി ഞാൻ കടമ്മനിട്ടയ്ക്കു പോയി. ക്രിസ്തുമസ്സു കഴിഞ്ഞ ഉടനെ ഞാൻ തിരുവനന്തപുരത്തേയ്ക്കു മടങ്ങി. അന്ന് റോമിൽ പഠിച്ചുകൊണ്ടിരുന്ന ഫാദർ ജോസഫ് വടക്കേക്കുററും ചേപ്പാട്ടു തുരുത്തിയിൽ പീലിപ്പോസച്ചനും റോമിൽനിന്ന് തങ്ങളുടെ ബന്ധുമിത്രാദികളോട് റേഡിയോവഴി, 1941 ഡിസംബർ 30-ാം തീയതി ഒരു പ്രഭാഷണം നടത്തുന്നുണ്ടെന്നു അറിഞ്ഞതിനാലാണ് ഞാൻ ധൃതിയിൽ തിരുവനന്തപുരത്തിനു വന്നത്. അന്ന് അരമനയിൽ റേഡിയോയുംമററും ഇല്ലായിരുന്നു. അതിനാൽ പാളയത്തുള്ള

www.malankaralibrary.com

ഞങ്ങളുടെ പള്ളിയിൽ ഒരു സ്നേഹിതൻ കൊണ്ടുവന്ന റേഡിയോയിലൂടെ ആ ഭാഷണം ഞങ്ങൾ ശ്രവിച്ചു.

ഞങ്ങൾ തിരുവനന്തപുരത്തു താമസം ആയതോടുകൂടി നാടാന്മാരും മററും ഞങ്ങളോടുകൂടി ചേരുവാൻ അഭിലാഷം കാണിച്ചു തുടങ്ങി. അവരുടെ ആവശ്യം പ്രമാണിച്ച് മണലയം പള്ളി സ്ഥാപിച്ചു. ആ പ്രസ്ഥാനങ്ങളെല്ലാം ഞങ്ങൾക്ക് നവചൈതന്യം നല്കുന്നവയായിരുന്നു. അവരുടെ ഉപയോഗത്തിനായി 'സത്യവിശ്വാസ സംക്ഷേപം' എന്നൊരു പുതിയ പുസ്തകം തിരുമേനി എഴുതി അച്ചടിപ്പിച്ചുകൊടുത്തു.

## മേരിഗിരി വേദോപദേശ പാഠാവലി

യാക്കോബായ സഭയിൽനിന്നും മററും വന്നവർ വേദപുസ്തകം വായിച്ചു ശീലിച്ചവരായിരുന്നു. അതിനാൽ വേദപുസ്തക പഠനം കത്തോലിക്കാസഭയിൽ ചേർന്ന കാരണത്താൽ ഇല്ലാതാക്കുന്നതു് ശരിയല്ലെന്നു തോന്നി. അതിലേക്കു പഴയ നിയമ ചരിത്രകഥകൾ, പുതിയ നിയമചരിത്ര കഥകൾ, നമസ്ക്കാരം കാററിക്കിസം എന്നിങ്ങനെ നാലുഭാഗങ്ങൾ ചേർത്തു് മേരിഗിരി വേദോപദേശ പാഠാവലി ഞാൻ എഴുതി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തു. ഒന്നും രണ്ടും പുസ്തകം 1939 ലും മൂന്നാം പുസ്തകം 1940 ലും നാലാംപുസ്തകം 1941 ലും അഞ്ചാം പുസ്തകം 1945 ലും പ്രസിദ്ധം ചെയ്തു. അങ്ങനെ സൺഡേ സ്കൂൾ പഠനം ശക്തിപ്പെടുത്തി. അദ്ധ്യാപകർക്കായി ആണ്ടുതോറും ഓരോ ധ്യാനയോഗവും നടത്തി തുടങ്ങി.

1941 ആഗസ്റ്റ് 24 ൽ വൈക്കം കൊതവറ ഫാദർ സേവ്യർ ഞായപള്ളിയും, തൊടുപുഴ താഴത്തു വീട്ടിൽ ഫാദർ ജോസഫ് ബി, എ. യും കാൻഡി സെമ്മിനാരിയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു വന്നു. 1941 ൽ കരിക്കം എന്ന സ്ഥലത്തു് ഞങ്ങൾ ഒരു പള്ളി തുടങ്ങി.

1942 ജനുവരി ഒന്നാം തീയതി മൈലാടിയിൽ ജോസഫ് അച്ചൻ ആലുവാ സിമ്മിനാരിയിലെ പഠനം കഴിഞ്ഞു് തിരുവനന്തപുരത്തെത്തി മാർഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദീക പട്ടമേററു. ഇങ്ങനെ മൂന്നു് അച്ചന്മാർ പുതുതായുണ്ടായതു ഞങ്ങൾക്കെല്ലാം വലിയ സന്തോഷമായിരുന്നു.

www.malankaralibrary.com

## എന്റെ എതിരാളികളുടെ ക്ഷുദ്രപ്രയോഗം

ചേപ്പാട്ടുള്ള ഞങ്ങളുടെ പള്ളിസ്ഥലത്തു് ഒരു ഹൈസ്കൂൾ തുടങ്ങുവാൻ ഞാൻ ശ്രമം തുടങ്ങി. എന്റെ എതിരാളികൾക്ക് ഏതു വിധേനയും അതു തടയണമെന്നു തോന്നി. ചാത്തൻസേവക്കാരെക്കൊണ്ടു് എന്തൊക്കെയോ ക്ഷുദ്രപ്രയോഗം നടത്തി കൊത്തിച്ച ഒരു ചെമ്പു തകിടും മററു ചില സാധനങ്ങളും കൂടി ഒരു ചെറിയ മൺ കുടത്തിലാക്കി ഞങ്ങളുടെ പള്ളിപറമ്പിലേക്കു് കയറുന്ന വഴിയിൽ കൊണ്ടുവന്നു കുഴിച്ചിട്ടു. ആയിട ആ പറമ്പിൽ പണിതു കൊണ്ടിരുന്ന ഒരു കെട്ടിടത്തിന്റെ തറ നിരപ്പാക്കുവാൻ വേണ്ടി പറമ്പിന്റെ നടുവിൽ നിന്നും മണ്ണെടുത്തു കെട്ടിടത്തിനകത്തിട്ടുകൊണ്ടിരുന്നു. തൽസമയം മാർസേവേറിയോസ് തിരുമേനിയും ഞാനും കൂടി യാദൃശ്ചികമായി അവിടെ ചെല്ലുവാനിടയായി. പറമ്പിന്റെ നടുവിൽ നിന്നു് മണ്ണെടുക്കാതെ കിഴക്കേ അരുകിൽ നിന്നു് മണ്ണു് എടുക്കുവാൻ മൺവെട്ടുകാരോടു പറഞ്ഞു. ആലുംമൂട്ടിൽ ഉണ്ണി എന്നൊരു യാക്കോബായക്കാരനായിരുന്നു മണ്ണു വെട്ടിവച്ചുകൊടുത്തുകൊണ്ടിരുന്നതു്. ഞങ്ങൾ പറഞ്ഞതനുസരിച്ചു് അയാൾ കിഴക്കെ അരുകിൽ പറമ്പിലേക്കു കയറുന്ന വാതുക്കൽ ചെന്നു് രണ്ടു മൂന്നു തളം മണ്ണു വെട്ടി കഴിഞ്ഞപ്പോൾ വാ മൂടിക്കെട്ടിയ ഒരു മൺകുടം പൊന്തി വന്നു. അതു് അഴിച്ചുനോക്കിയപ്പോൾ മുമ്പു് പറഞ്ഞ ചെമ്പുതകിടും മററും കണ്ടു. അതു് ആരോ ചെയ്യിച്ച ക്ഷുദ്രപ്രയോഗമാണെന്നു മനസിലായി. ഏതെങ്കിലും ഒരു മന്ത്രവാദിയെ കാണിച്ചു് അതെന്താണെന്നു് അറിയണമെന്നു് പറഞ്ഞു് എന്റെ അനുജൻ അതെടുത്തുകൊണ്ടു പോയി. പിറേറ ദിവസം രാവിലെ നോക്കിയപ്പോൾ അതു കണ്ടില്ല. ഉടനെ മാത്തുകുട്ടിപോയി ഒരു മന്ത്രവാദിയെ കണ്ടു ചോദിച്ചു. അയാൾ വിവരമെല്ലാം ചോദിച്ചറിഞ്ഞശേഷം ഇതു കൊണ്ടു് നിങ്ങൾക്കു് ഒരു ദോഷവുമില്ല. ആ പറമ്പിൽ യാതൊരുവക ഐശ്വര്യവും ഉണ്ടാകാതെയിരിപ്പാൻവേണ്ടി ആരോ ചെയ്യിട്ടുള്ളതാണു്. ആ പറമ്പിലും അതിന്റെ ഉടമസ്ഥരിലും അടുത്തു നില്പാൻ പോലും ചാത്തനു നിവൃത്തിയില്ലാഞ്ഞതിനാലാണു് അതു് കണ്ടെടുക്കുവാനും അതു കാണാതെപോകുവാനും ഇടയായതു്. ഒരുപക്ഷെ ആ ക്ഷുദ്രപ്രയോഗം

www.malankaralibrary.com

ചെയ്യിച്ചവരുടെ നേർക്കുതന്നെ ആ ചാത്തൻ പാഞ്ഞടുത്തു എന്നു വരാം. അതിൻെറ അവസാനം ഭയങ്കരവുമായിരിക്കും എന്നുപറഞ്ഞു. അതു കേട്ട് എൻെറ അനുജൻ മടങ്ങിപ്പോന്നു.

## ചേപ്പാട്ട് ഇംഗ്ലീഷ് ഹൈസ്കൂൾ ആരംഭം

ഞാൻ യാക്കോബായിൽ ആയിരിക്കുമ്പോൾ തുടങ്ങിയ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹൈസ്കൂളാക്കുവാൻ ഞാൻ രണ്ടു വർഷം ശ്രമിച്ചതാണ്. എതിരാളികളുടെ എതിർപ്പു മൂലം അതു സാധിച്ചില്ല. ഞാൻ കത്തോലിക്കനായശേഷവും അതിനായി ശ്രമിച്ചുതുടങ്ങി. അന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി. പി. രാമസ്വാമി അയ്യരും മാർ ഈവാനിയോസ് തിരുമേനിയും തമ്മിൽ അടുപ്പമായിരുന്നു. ചേപ്പാട്ട് ഒരു ഹൈസ്കൂൾ അനുവദിച്ചു തരാമെന്ന് സർ. സി പി. സമ്മതിച്ചു. അദ്ദേഹം ഉടനെ അനുവാദഉത്തരവു തരുമെന്ന് കരുതി 1941 സ്കൂൾ വർഷാരംഭത്തിൽ ചേപ്പാട്ടു സ്കൂളിൽ ഫോർത്തു ഫോറം തുടങ്ങുകയും ചെയ്തു. സർ. സി. പി, വേനൽകാല വിശ്രമത്തിനായി പീരിമേട്ടിലേക്ക് പോയി. എഡ്യൂക്കേഷൻ ഡയറക്ടറെ വിവരമറിയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതിനാൽ ഫോർത്തു ഫോറത്തിലെ കുട്ടികളെ ഉടൻ പിരിച്ചയച്ചുകൊള്ളണമെന്ന് ഡയറക്ടർ മിസ്റ്റർ എ. ഗോപാലമേനോൻ ഓർഡർ ഇടുകയും ചെയ്തു.

അതിനാൽ ആ കുട്ടികൾക്കെല്ലാം ഞങ്ങൾ തന്നെ ബോർഡിങ്ങുഫീസ് കൊടുത്തു കററാണം ഹൈസ്കൂളിൽ കൊണ്ടുപോയി ചേർത്തു പഠിപ്പിച്ചു.

1942 ൽ ഫോർത്തു് ഫോറം തുടങ്ങാനുള്ള അനുവാദം ഞങ്ങൾ മുൻകൂട്ടി വാങ്ങിച്ചു. 1942 സെപ്റ്റമ്പർ 11-ൽ ഹൈസ്കൂൾ കെട്ടിടത്തിന് ഞാൻ അടിസ്ഥാന കല്ലിടുകയും ആ വർഷത്തിൽ തന്നെ ഹൈസ്കൂൾ തുടങ്ങുകയും ചെയ്തു.

## പുളിമൂട്ടിൽ തോമസിൻെറ മരണം

ഒരുദിവസം തോമസ് പള്ളിയിൽ വന്ന് ഹൈസ്കൂൾ തുറക്കാനനുവാദം കിട്ടിയോ എന്നു ചോദിച്ചു. അനുവാദം കിട്ടി എന്ന് പറഞ്ഞപ്പോൾ ഇനിയും നിങ്ങളോടൊന്നും പറയുകയില്ല

www.malankaralibrary.com

എന്നു പറഞ്ഞു. ഹൈസ്കൂൾ തുടങ്ങി കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ തോമസിനു സുഖക്കേടാണെന്ന് വീട്ടിൽനിന്നും കമ്പി വരികയാൽ ഞാൻ ചേപ്പാട്ടു പോയി തോമസിനെ കണ്ടു. തോമസ് മാവേലിക്കരക്കു പോവാനായി തിരിച്ചു ഏകദേശം കരിപ്പുഴവരെയെത്തിയപ്പോൾ ശക്തിയായ ഒരു നെഞ്ചുവേദന തുടങ്ങി. ഉടനെ മടങ്ങി വീട്ടിലെത്തിയതാണ്.

ഹരിപ്പാട്ടുനിന്നും ഡോക്ടറെ വരുത്തി. അദ്ദേഹം വേണ്ട പരിശോധന നടത്തിയിട്ടും ദീനം എന്താണെന്ന് പിടികിട്ടിയില്ല. ഉടനെ മാവേലിക്കരയ്ക്കാളയച്ചു വേറൊരു ഡോക്ടറെ വരുത്തി. അദ്ദേഹവും വേണ്ട പരിശോധന നടത്തി. അദ്ദേഹത്തിനും രോഗത്തെപ്പററി ഒരു പിടിയും കിട്ടിയില്ല അവർ ഏതാണ്ടെല്ലാ മരുന്നും കൊടുത്തു. ഒരു ഫലവുമുണ്ടായില്ല. തോമസ് എന്നെ കണ്ടപ്പോൾ വലിയ നിരാശയോടുകൂടി ഏങ്ങലടിച്ചു കരഞ്ഞു. എന്റെ കൈപിടിച്ചു മുത്തിക്കൊണ്ട് കുറെനേരം കിടന്നു ഒന്നും ശബ്ദിക്കാൻ ശേഷിയില്ലായിരുന്നു. ഞാൻ ഒരു പ്രാർത്ഥന കഴിച്ചശേഷം മടങ്ങി തിരുവനന്തപുരത്തേയ്ക്ക് പോന്നു. പിറ്റേ ദിവസം അതായതു് 1942 ജൂലൈ 9-ാം തീയതി തോമസ് മരിച്ചു. ശവസംസ്കാരം യാക്കോബായപള്ളിയുടെ ശവക്കോട്ടയിൽ പ്രത്യേകം കെട്ടിയ കല്ലറയിൽ ആഡംബരപൂർവ്വം നിർവ്വഹിക്കുകയും ചെയ്തു.

1942 ൽ മേക്കൊഴൂർ, ചെല്ലാക്കോണം, പാവുമ്പാ, ഇടമുളക്കൽ, പള്ളിപ്പാട്ട് എന്നിവിടങ്ങളിൽനിന്നും വളരെപ്പേർ പുനരൈക്യപ്പെട്ടു. അതിനാൽ അവിടെയൊക്കെയും സ്ഥലങ്ങൾ വാങ്ങി ഞങ്ങൾ പള്ളികൾ പണിയിപ്പിക്കുകയും ആരാധന നടത്തിത്തുടങ്ങുകയും ചെയ്തു.

## മൈലപ്രാ കൺവൻഷൻ

1942 ഫെബ്രുവരിമാസത്തിൽ മൈലപ്രായിൽ വെച്ച് ഒരു വലിയ കൺവൻഷൻ നടത്തി. അതിൽ ഞാനും ഒരു പ്രസംഗകനായിരുന്നു. അതേ തുടർന്നു വടക്കുപുറംപള്ളി, വലംചുഴിപ്പള്ളി. നരിക്കൽ പള്ളി, കല്ലേലി പള്ളി, കുമ്പഴ പള്ളി, രാമൻചിറ പള്ളി എന്നിവിടങ്ങളിലെല്ലാം ഞാൻ പോയി പ്രസംഗയോഗങ്ങൾ നടത്തി.

www.malankaralibrary.com

1942 മാർച്ച് 25–ാം തീയതി തൈക്കാട്ടുശേരിയിൽ ആന്റണികേളംപറമ്പിലച്ചനും കുടമാളൂർ ചാക്കോടവിൽ ജോസ്സ മാത്യു അച്ചനും കുരുവിനാൽ തരെച്ചാട്ട ജോസഫ് അച്ചനും കാഞ്ഞിരപ്പള്ളിൽ ഇലഞ്ഞിമറ്റത്തു കുര്യൻ അച്ചനും മാർ ഈവാനി യോസു തിരുമേനിയിൽനിന്നും വൈദികപട്ടം ഏററു. പട്ടം കൊട ശുശ്രൂഷയുടെ കർമ്മങ്ങളെല്ലാം നടത്തിയിട്ടും തിരുമേനി ഒട്ടും തന്നെ ക്ഷീണിച്ചില്ല. പുതുതായി അച്ചന്മാരുണ്ടായി കാണുന്നതു് എല്ലാവക്കും ആനന്ദപ്രദമായിരുന്നു. ഇതെല്ലാം തിരുവനന്തപുരം അതിരൂപതയുടെ അഭിവൃദ്ധിയെ കുറിക്കുന്ന നാഴികക്കല്ലുകളായിരുന്നു. ഇതു സംബന്ധിച്ച് ഒന്നു രണ്ടു ദിവസം ഞാനും ബദ്ധപ്പെട്ടു. വിശേഷിച്ചും അന്നു മംഗലവാർത്താ പെരുനാളുമായിരുന്നു

## മാർ ദീയസ്കോറസ് വീണ്ടും സഭയിൽ

പള്ളത്തു് ഒറ്റത്തൈക്കൽ മാർദീയസ്ക്കോറോസു തിരുമേനി അച്ചനായിരുന്നപ്പോൾ കത്തോലിക്കാസഭയിൽ ചേർന്നു. അന്നത്തെ കൽദായ സുറിയാനി മെത്രാന്മാർ പുനരൈക്യപ്പെടുന്ന യാക്കോബായ വൈദീകർക്കു കുർബാന ചൊല്ലാനല്ലാതെ മററു കൂദാശകളൊന്നും നടത്താൻ അനുവദിച്ചിരുന്നില്ല. അതിനാൽ ഒററത്തൈക്കലച്ചൻ. മല്ലപള്ളിൽ പയ്യംപള്ളിലച്ചൻ മുതലായവർ യാക്കോബായ സഭയിലേക്കു മടങ്ങിപ്പോന്നു. അപ്പോൾ ഒററത്തൈക്കലച്ചനെ തെക്കും ഭാഗക്കാരുടെ മെത്രാനായി വാഴിച്ചു. മെത്രാനായി ഭരിക്കാൻ തുടങ്ങിയപ്പോൾ പല ഉപദ്രവങ്ങളും അനുഭവപ്പെട്ടു തുടങ്ങി. ഉടനെ ഇടവക ഭരണം വേണ്ടെന്നു വെച്ച് ഞങ്ങളോടു കൂടി വീണ്ടും പുനരൈക്യപ്പെട്ടു കത്തോലിക്കാസഭയിൽ ചേർന്നു.

ഇതിനുശേഷം ചീക്കനാൽ വെണ്ണിക്കുളം. നാരങ്ങാനം കാട്ടൂർ, വയലത്തല കിഴക്കുപുറം കടമ്മനിട്ട എന്നിവിടങ്ങളിലെല്ലാം ഞാൻ പോയി മുമ്മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

ബ, അച്ചന്മാരുടെ ആവശ്യം കരുതി മാർ ഈവാനിയോസു തിരുമേനി, കർമ്മാദികൾ നടത്തേണ്ട ക്രമീകരണങ്ങൾ കാണിക്കുന്ന മൂന്നു തുക്കാസാ പുസ്തകങ്ങളെഴുതി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തു.

www.malankaralibrary.com

## ബിഷപ്പ് ബെൻസിഗർ തിരുമനസ്സിലെ നിര്യാണം

1942 മെയ് 12-ാം തീയതി, കൊല്ലം രൂപതയുടെ മെത്രാനും പുനരൈക്യ പ്രസ്ഥാനത്തിൻെറ ഉൽഘാടകനുമായ ബിഷപ്പു ബെൻസിഗർ തിരുമേനി കാലം ചെയ്തു. ഞങ്ങളുടെ തിരുവനന്തപുരം അതിരൂപതയിലുള്ള എല്ലാ പള്ളികളിലും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥനകളും നേർച്ചകളും നടത്തുവാൻ കല്പന അയച്ചു. മാർ ഈവാനിയോസ് തിരുമേനിയും ഞാനും പോയി അദ്ദേഹത്തെ സന്ദർശിച്ചു. ഒടുവിൽ കബറടക്കത്തിലും ഞങ്ങൾ സംബന്ധിച്ചു.

1942 സെപ്റ്റംബറിൽ പാറക്കൂട്ടം പള്ളിയിൽ ഞാൻ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. വളരെയാളുകൾ ദിവസവും വന്നു സംബന്ധിച്ചുകൊണ്ടിരുന്നു.

1942 ന് 1118 കന്നി നാലാം തീയതി മാക്കാംകുന്ന് പുഷ്പപുരം മി. സി. പി. ചെറിയാൻവക്കീലിൻെറ ഭാര്യ മരിച്ചു. ഞങ്ങൾ അവിടെ പോയി. ധൂപാർപ്പണവും പ്രാത്ഥനയും നടത്തി.

1943 ജനുവരിമാസത്തിൽ കുന്നംകുളത്തുള്ള ഞങ്ങളുടെ പള്ളിയിൽവെച്ചു മൂക്കംചേരിൽ, മി: എം. കെ. ചെറിയാൻ ബി. എ. എൽ. എൽ. ബി. കത്തോലിക്കാസഭയിൽ ചേർന്നു.

## ചെങ്ങന്നൂർ പള്ളിസ്ഥലം

1943 ജനുവരി 29-ാം തീയതി കൊട്ടാരക്കര വലിയവീട്ടിൽ ഫാ. അലക്സാണ്ടർ അവർകളും ഞാനുംകൂടി ചെങ്ങന്നൂരേയ്ക്കു പോയി അവിടെ ഞങ്ങൾ എഴുതിച്ച പള്ളിസ്ഥലവും കെട്ടിടവും ഏററുവാങ്ങിച്ചു.

1943—2—13 ൽ ചെങ്ങന്നൂർവെച്ച് സൺഡെസ്കൂൾ അദ്ധ്യാപകരുടെ ഒരു ധ്യാനയോഗം നടത്തി.

## മാർ ദീയസ് കോറോസുതിരുമേനിയുടെ കബറടക്കം

1943 ഫെബ്രുവരിമാസത്തിൽ ഞാൻ എരുമേലിൽ മി. എബ്രഹാംവക്കീലിൻെറ മേടയ്ക്കുട്ടത്തുള്ള തിരുവല്ലാ രൂപതയിലെ പള്ളിയിൽ ചെന്നു് മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി.

www.malankaralibrary.com

അതുകഴിഞ്ഞു് കുമ്പളന്താനം, മണർകാട്ട് എന്നീ പള്ളികളിലും മൂന്നു ദിവസത്തെ പ്രസംഗയോഗങ്ങൾ നടത്തി. അപ്പോൾ ഒററത്തെക്കൽ മാർ ദീയോസ്ക്കോറോസ്സതിരുമേനിക്കു സുഖക്കേട്ട് കൂടുതലാണെന്നു കേൾക്കുകയാൽ ഞാൻ തിരുവല്ലാ തിരുമൂലപുരം പള്ളിയിലേയ്ക്കു പോയി അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിൻെറ കന്തീലാശുശ്രൂഷയിൽ സംബന്ധിച്ചു.

1943 ഫെബ്രുവരി 21-ാം തീയതി സകല പരേതപുരോഹിതന്മാരുടെയും ഓർമ്മദിവസം അദ്ദേഹം കാലംചെയ്തു. അദ്ദേഹത്തിൻെറ കബറടക്കത്തിലും ഞാൻ സംബന്ധിച്ചു. അതെല്ലാം കഴിഞ്ഞു ഞാൻ തിരുവനന്തപുരത്തേയ്ക്കു മടങ്ങിപ്പോരുകയുംചെയ്തു.

## ചെറിയമഠത്തിൽ അന്ത്രയോസച്ചൻെറ മരണം

1943 ഫെബ്രുവരി 23-ാം തിയതി ചെറിയമഠത്തിൽ അന്ത്രയോസച്ചൻ മരിച്ചു. ഞാനും ആ ശവസംസ്കാരത്തിനു പോയിരുന്നു. മാർ ഈവാനിയോസ്സതിരുമേനിയും മാർ സേവേറിയോസ്സതിരുമേനിയും വന്നിരുന്നു. കൊല്ലാട്ടുള്ള മലങ്കര സിറിയൻ കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു വളരെ പട്ടക്കാരും വലിയ ഒരു ജനക്കൂട്ടവും ഉണ്ടായിരുന്നു.

വയലത്തല കുഴിയംമണ്ണിൽ മി ജോൺ ബി. എ എൽ. റ്റിയും, മിസ്സിസ്സ് ജോൺ ബി. എ. എൽ. റ്റിയും, മി. എ. റ്റി. നൈനാനും കുടുംബവും കത്തോലിക്കാസഭയിൽ ചേരാനിരിക്കുന്നു എന്നറിഞ്ഞു. അവരുടെ ക്ഷണപ്രകാരം തിരുമേനിയും ഞാനും അങ്ങോട്ടു പോയി. 1943 ഏപ്രിൽ 27-ാം തീയതി അവരെ കത്തോലിക്കാസഭയിൽ ചേർക്കുകയും ചെയ്തു.

1943—11—8 ൽ എൻെറ അനുജൻ മാത്തുക്കുട്ടിയുടെ മകൻ തമ്പാൻ തുമ്പമൺ പുത്തൻവീട്ടിൽ കാടൻപ്ലാലിൽ ഉണ്ണൂണ്ണിയുടെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ചേപ്പാട്ടു പള്ളിയിൽവെച്ചു ഞാൻ ആ വിവാഹം ആശീർവദിച്ചു.

## മാങ്കാവിലച്ചൻെറ മരണം

1943 ജൂലൈ 25-ാം തീയതി കററാനത്തു മാങ്കാവിൽ ഫാദർ ഗീവർഗ്ഗീസ് (വലിയച്ചൻ) മരിച്ചു. അഞ്ചാറു കൊല്ല

www.malankaralibrary.com

ത്തിനു മുൻപായിരുന്നു അദ്ദേഹം പുനരൈക്യപ്പെട്ടതു്. മാർ ഈവാനിയോസ്സ തിരുമേനിയും ഞാനും അനവധി പട്ടക്കാരും ജനങ്ങളും ആ ശവസംസ്ക്കാരകർമ്മത്തിൽ സംബന്ധിച്ചു. അച്ചൻ വലിയ ഒരു വേദപണ്ഡിതനും യാക്കോബായസഭയിലെ ഒരു പ്രസിദ്ധ പ്രാസംഗികനും ആയിരുന്നു.

1943 ആഗസ്റ്റ് 11-ാം തീയതി ഇലംതൂർ താഴയിൽ റവ. ഫാദർ ഏബ്രഹാം നിര്യാതനായി. മാർ സേവേറിയോസ്സ തിരുമേനിയും ഞാനും മററു പല അച്ചന്മാരും ഒരു വലിയ ജനക്കൂട്ടവും കബറടക്കത്തിൽ സംബന്ധിച്ചിരുന്നു. മരിക്കുന്നതിനു മുമ്പ് മാർ തോമ്മായിലെ സഹോദരങ്ങൾക്കായി അദ്ദേഹം ഒരു അന്ത്യലേഖനം എഴുതി എന്നതും സ്മരണീയമാണ്.

1943 ൽ ഞാറയ്ക്കാട്ട വടക്കെ ചരുവിളവീട്ടിൽ ചാക്കൊ, പുത്തലദാനിയേൽ, പ്ലാവിള തെക്കേതിൽ ചാക്കൊ മുതലായവർ പുനരൈക്യപ്പെട്ടകയാൽ ഞങ്ങൾ അവിടെ ഒരു ചാപ്പൽ വച്ചു കർമ്മാദികൾ നടത്തിത്തുടങ്ങി. ഞാൻ അവിടെ ചെന്നു് മൂന്നു ദിവസത്തെ യോഗം നടത്തി.

1943 ഓഗസ്റ്റ് 24-ാം തീയതി കാൻഡി പേപ്പൽ സിമ്മനാരിയിൽനിന്നും ചങ്ങനാശേരി തുരുത്തിയിൽ ചകപായിൽ കുരുവിള അച്ചനും, മാത്യു പുറവടി അച്ചനും വൈദികപട്ടമേററുവന്നു.

1943 സെപ്റ്റംബർ 8-ാം തീയതി കാർത്തികപ്പള്ളി സെൻറ് ഫിലോമിനാ പള്ളിയുടെ കല്ലിടീൽ കർമ്മം നടത്തി.

1943 ൽ ഞങ്ങൾ ചെങ്ങന്നൂർ, പത്തനംതിട്ട, പള്ളിപ്പാട്ട്, ഞാറയ്ക്കാട്ട്, പുന്നമൂട്ട്, കോക്കാട്ട്, വകയാർ എന്നിവിടങ്ങളിൽ വസ്തുക്കൾ വാങ്ങി കെട്ടിടങ്ങൾ വച്ചു് പള്ളിശുശ്രൂഷകൾ നടത്തിത്തുടങ്ങി.

1944 ജനുവരി 6-ാം തീയതി പട്ടം ചെറുപുഷ്പദേവാലയത്തിൽ വച്ചു് റവ: ഫാ. മാത്യു തേക്കുംകാട്ട് വൈദികപട്ടം ഏററു. ഞങ്ങൾ അദ്ദേഹത്തിനു് സന്തോഷപ്രദമായ ഒരു സ്വീകരണം നല്കി.

1944 ഫെബ്രുവരി 7-ാം തീയതി ഫാദർ മാത്യു എഴാനിക്കാട്ട മാംഗളൂർ സെമിനാരിയിൽ വച്ചു് വൈദികപട്ടമേററു

www.malankaralibrary.com

വന്നു. ഞങ്ങൾ അദ്ദേഹത്തിനും ഒരു നല്ല സ്വീകരണം നല്കി. ഇദ്ദേഹം ഇപ്പോൾ ഞങ്ങളുടെ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുകയാണ്.

## കുടശനാട് കീപ്പള്ളിൽ പത്രോസച്ചന്റെ മരണം

1944 ഒക്ടോബർ 9-ാം തീയതി കുടശനാട് കീപ്പള്ളിൽ പത്രോസച്ചൻ നിര്യാതനായി. ഇദ്ദേഹം കാൻസർ രോഗിയായി നെയ്യൂർ മിഷ്യനാശുപത്രിയിൽ പോയി ചികിത്സിച്ചു ഭേദമാകാതെ തിരുവനന്തപുരത്തുവന്നു കത്തോലിക്കാസഭയിൽ ചേരുകയാണ് ചെയ്തതു്. ആത്മരക്ഷയ്ക്കായി മരിക്കുന്നതിനുമുമ്പ് കത്തോലിക്കാസഭാംഗമായിരിക്കണമെന്ന് കരുതി ചേർന്ന ഒരാളായിരുന്നു അദ്ദേഹം. ഞങ്ങൾ അദ്ദേഹത്തിന്റെ ഭവനത്തിൽവച്ച് ശവസംസ്കാരത്തിന്റെ കൊഹനൈത്താശുശ്രൂഷ നടത്തിക്കൊണ്ടിരുന്നപ്പോൾ അവിടെ ഒരു സ്ത്രീ പ്രസവിച്ചു് ഒരു ശിശു ജാതം ചെയ്കയും ചെയ്തു. അന്നു ഞങ്ങൾക്കു് അവിടെ ഒരിഞ്ചു സ്ഥലംപോലുമില്ലായിരുന്നു. അച്ചന്റെ വീട്ടുകാരുടെ വക കുറെ സ്ഥലം പള്ളി വയ്ക്കുവാനായി തരാമെന്നു പറഞ്ഞതനുസരിച്ചു് അദ്ദേഹത്തെ അവിടെ സംസ്കരിച്ചു. അച്ചനെ യാക്കോബായ പള്ളിയിൽ കൊണ്ടുപോയി അടക്കണമെന്നു യാക്കോബായക്കാർക്കു് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ അതിനനുകൂലിക്കുവാൻ ആ കുടുംബത്തിലാരും ഉണ്ടായിരുന്നില്ല. അച്ചനെ സംസ്കരിച്ച സ്ഥലത്തു് ഞങ്ങൾ ഒരു ചാപ്പലും പണിയിച്ചു. ഇപ്പോൾ അവിടെ മനോഹരമായ ഒരു വലിയ പള്ളിയും തീർന്നിട്ടുണ്ടു്.

1944 നവംബർ 4-ാം തീയതി കരിക്കത്തിൻ പള്ളിക്കൂദാശയോടനുബന്ധിച്ചു് ഞാൻ അവിടെ മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. മുളവക്കുളം പള്ളിയിലെ മൂന്നുദിവസത്തെ പ്രസംഗം കഴിഞ്ഞാണ് ഞാൻ കരിക്കത്തിലേയ്ക്കു പോയതു്. അപ്പോൾ വലിയ ക്ഷീണം തോന്നി. തുടർന്നു് തഴവായിൽവച്ചു നടത്താനിരുന്ന യോഗം 23, 24, 25 എന്നീ തീയതികളിലേക്കു മാററിവച്ചുകൊണ്ടു് ഞാൻ തിരുവനന്തപുരത്തു പോയി വിശ്രമിച്ചു. അതു കഴിഞ്ഞു് തഴവായിൽ പോയി ആ യോഗവും നടത്തി.

1944 നവംബർ 13-ാം തീയതി ചെങ്ങന്നൂർ ബഥനിമഠവും ഹൈസ്കൂളും തുടങ്ങി.

www.malankaralibrary.com

## തഴക്കര വീട്ടിനാൽ നൈനാനച്ചന്റെ മരണം

1944-12-9 ൽ തഴക്കരവീട്ടിനാൽ നൈനാനച്ചൻ രക്തസംവർദ്ധത്തിന്റെ സുഖക്കേടുമൂലം കിടപ്പിലായി. മാർ ഈവാനിയോസ് തിരുമേനി ചെന്നു് അദ്ദേഹത്തിനന്ത്യകൂദാശ നൽകി. അധികം താമസിയാതെ അദ്ദേഹം മരിച്ചു. മാവേലിക്കര പള്ളിയിൽ കബറടക്കി. കബറടക്കത്തിനു് രണ്ടു തിരുമേനിമാരും അനവധി പട്ടക്കാരും ഞാനും വലിയ ഒരു ജനക്കൂട്ടവും സംബന്ധിച്ചിരുന്നു.

1944-12-16 ൽ മുളവക്കുളത്തുള്ള ഞങ്ങളുടെ റബർ തോട്ടത്തിൽ ഒരു ഷെഡ് തീർത്തു. ഞാൻ പോയി അതു് കൂദാശ ചെയ്തു. അവിടെ കുർബാന ചൊല്ലി. ഷെഡ് നിറയെ ആളുകളുണ്ടായിരുന്നു. തുടർന്നു കുറെ നാളത്തേയ്ക്കു ഞാൻതന്നെ തിരുവനന്തപുരത്തുനിന്നും ചെന്നു് ആ പള്ളി നടത്തിക്കൊണ്ടിരുന്നു. ഇപ്പോൾ അവിടെ റോഡരുകിൽ കിഴക്കുവശത്തായി ഒരു സ്ഥലം കൂടി വാങ്ങി ഒരു നല്ല പള്ളി തീർത്തിട്ടുണ്ടു്. തോട്ടത്തിലെ ചാപ്പലും നടത്തിവരുന്നു.

1944 ൽ വള്ളിക്കോട്ടു്, കോട്ടയം, പെരിങ്ങനാട്ടു്, കുടശ്ശനാട്ടു്, പുത്തൻപീടിക, കിഴവള്ളൂർ, വെണ്ണിയൂർ, മുളവക്കുളം, വല്ലന, മര്യാഗിരി, കീഴ്‌വന്മഴി, കായംകുളം എന്നീ സ്ഥലങ്ങളിൽ ഞങ്ങൾ വസ്തുക്കൾ എഴുതിവാങ്ങിച്ചു് പള്ളികൾ വച്ചു.

1945 മാർച്ചു് 15, 16, 17, 18 തീയതികളിലായി ഒരു പ്രസംഗയോഗം പാവുമ്പാ പള്ളിയിൽവച്ചു ഞാൻ നടത്തി.

## വിയോജിത സഭക്കാരുടെ തുമ്പമൺ പ്രസംഗം

പഴയ സഭകളെല്ലാം തെററിപ്പോയതിനാൽ, അവയിൽ നിന്നെല്ലാം വേർപെട്ട സഭ എന്ന അർത്ഥത്തിൽ 'വിയോജിത സഭ' എന്നൊരു പുതിയസഭ മഹാകവി, മി. കെ. വി. സൈമൺ തുടങ്ങിയിരുന്നു. താൻ പറയുന്നതിനെ ഖണ്ഡിക്കാൻ കഴിവുള്ളവർ മറുപടിപ്രസംഗംമൂലം അതു ഖണ്ഡിക്കട്ടെ എന്നു കാണിച്ചു് ഒരു നോട്ടീസ് അച്ചടിപ്പിച്ചു് അദ്ദേഹം പ്രസിദ്ധം ചെയ്തു. തുമ്പമൺ യാക്കോബായ പള്ളിയുടെ മുൻവശമാണു് പ്രസംഗത്തിനു തെരഞ്ഞെടുത്ത സ്ഥലം. നിശ്ചിതദിവസം മി. സൈമൺ വന്നു.

www.malankaralibrary.com

ക്രിസ്തീയസഭയുടെ അതായതു് കത്തോലിക്കാസഭയുടെ ആരംഭകാലംമുതലുള്ള വളർച്ചയെ വിവരിച്ചു ഭംഗിയായി പ്രസംഗിച്ചവസാനിപ്പിച്ചശേഷം എതിരുപ്രസംഗം കേൾപ്പാനായി കാത്തിരുന്നു. അദ്ദേഹത്തിന്റെ വിയോജിതസഭക്കാരിൽ പ്രധാനികളും ഉണ്ടായിരുന്നു തുമ്പമൺ യാക്കോബായ പള്ളിയിലെ അച്ചന്മാർ ഒന്നും പറയാതെ മൗനംദീക്ഷിച്ചു. സത്യത്തിനെതിരായി അവരെന്തുപറയാനാണു്! മറുപടി പറയാനാളില്ലാതെ വന്നതിൽ ഭഗ്നാശയരായ യാക്കോബായ ചെറുപ്പക്കാർ ഓടി പുത്തൻവീട്ടിലച്ചന്റെ അടുക്കൽ ചെന്നു. അന്നു് അച്ചൻ കത്തോലിക്കാസഭയിൽ ചേർന്നിരുന്നതുകൊണ്ടു് അദ്ദേഹത്തെ ശത്രുവായിട്ടാണു് അവർ കരുതിയിരുന്നതു്. എങ്കിലും അവർ അതൊക്കെ മറന്നു, "ഇത്തവണ ഒന്നു സഹായിക്കണ"മെന്നു പറഞ്ഞു് പുത്തൻവീട്ടിൽ, ബ. യാക്കോബച്ചനെ സമീപിച്ചു.

തദനുസരണം പുത്തൻവീട്ടിലച്ചൻ പ്രസംഗവേദിയിൽ പ്രവേശിച്ചു പറഞ്ഞു: "മി. സൈമൺ എന്റെ ഒരു സ്നേഹിതനാണു് ഇതുപോലെ എനിക്കു വേറൊരു സ്നേഹിതനുണ്ടായിരുന്നു. പരേതനായ കടമ്മനിട്ടവലിയച്ചൻ. അദ്ദേഹം കോളറാ പിടിപെട്ടു് തിരുവനന്തപുരം ജനറലാശുപത്രിയിൽ കിടക്കുന്നുവെന്നു കേട്ടു്, വെയിലിന്റെ ചൂടോ, യാത്രയുടെ ക്ഷീണമോ ഒന്നും വകവയ്ക്കാതെ ഞാൻ ആശുപത്രിയിലെത്തി. ഒറ്റനോട്ടത്തിനു് രോഗി ഞാൻ വിയർത്തൊലിച്ചിരിക്കുന്നതും, എന്റെ ക്ഷീണവുമൊക്കെ മനസ്സിലാക്കി. "അതാ, പഞ്ചസാരയും വെള്ളവും" എന്നു ചൂണ്ടിക്കാണിച്ചുതന്നു. പഞ്ചസാര ആരും കൈകൊണ്ടു തൊട്ടിട്ടുള്ളതല്ലെന്നു കവറിന്റെ പുറത്തു അച്ചടിച്ചിട്ടുമുണ്ടു്. വെള്ളവും ഫിൽട്ടർചെയ്തു കൊണ്ടുവന്നിട്ടുള്ളതാണു്. രണ്ടും നല്ലതുതന്നെ.

എന്നാൽ ആ വാർഡിന്റെ മുൻപിൽ "കോളറാവാർഡ്" എന്നൊരു ബോർഡ് വച്ചിട്ടുണ്ടായിരുന്നു. അതു കണ്ടപ്പോൾ ആ വാർഡിൽനിന്നു് ഇതൊക്കെ വാങ്ങി കഴിച്ചാൽ കോളറാ പിടിപെട്ടു് ഞാൻ അടുത്ത കട്ടിലിൽ കിടക്കേണ്ടിവരികില്ലേ? എന്നു് ശങ്കിച്ചു. അതു കഴിക്കാതെ ഇറങ്ങിപ്പോന്നു. മി. കെ. വി. സൈമൺ ഒരു പണ്ഡിതനാണു്. അദ്ദേഹത്തിന്റെ പ്രസംഗം ഞങ്ങൾ സ്വീകരിക്കണമെങ്കിൽ അദ്ദേഹം ഏതു സഭക്കാരനാണെന്നു പറയണം. അതറിയാതെ നിങ്ങളുടെ പ്രസംഗം ഞങ്ങൾ

www.malankaralibrary.com

സ്വീകരിക്കുകയില്ല. സ്വീകരിച്ചാൽ ഞങ്ങൾക്കും വിശ്വാസസംബന്ധമായ കോളറാ പിടിപെട്ടേയ്ക്കും. അതുകൊണ്ട് മി. സൈമൺ ദയവുണ്ടായി ഏതു സഭക്കാരനാണെന്ന് തുറന്നു പറയണം" എന്ന് നിർബ്ബന്ധിച്ചു. വളരെ നിർബ്ബന്ധിച്ചിട്ടും മി. സൈമൺ ഏതു സഭക്കാരനാണെന്ന് പറഞ്ഞില്ല. അങ്ങിനെ അദ്ദേഹം സ്ഥലംവിട്ടു. യാക്കോബായ ചെറുപ്പക്കാരെല്ലാം ജയഭേരി മുഴക്കിക്കൊണ്ട് മടങ്ങിപ്പോയി.

തൃശ്ശൂർ രൂപതയുടെ മാർ ജോർജ്ജ് ആലപ്പാട്ട തിരുമേനിയുടെ സ്ഥാനാഭിഷേകശുശ്രൂഷ നടത്തിയതു് 1944 മേയ് 1-ാം തീയതി ആയിരുന്നു. മാർ ഈവാനിയോസ് തിരുമേനിയും ഞാനും തൃശ്ശൂർ പോയി ആ മംഗളകർമ്മത്തിൽ സംബന്ധിച്ചു.

ഇടപ്പോൺ, ഏഴംകുളം, വടക്കുപുറം എന്നിവിടങ്ങളിലെ പള്ളികളിൽ ഞാൻ പോയി മൂന്നുദിവസത്തെ സുവിശേഷ പ്രസംഗയോഗം നടത്തി. 1944 ഓഗസ്റ്റ് 24-ാം തീയതി ബനഡിക്ടച്ചൻ (ഇപ്പോഴത്തെ ആർച്ചുബിഷപ്പു തിരുമേനി) കാൻഡി സെമ്മിനാരിയിൽ വച്ചു വൈദികപട്ടം ഏററു് തിരിച്ചുവന്നു. സസന്തോഷം അദ്ദേഹത്തെ ആശ്രമസ്ഥർ സ്വീകരിച്ചു.

1945 മാർച്ച് 13-ാം തീയതി തഴവായ്ക്കു കിഴക്കു പാവുമ്പാ പള്ളിയിൽ ഞാൻ പോയി മൂന്നു ദിവസത്തെ സുവിശേഷ പ്രസംഗം നടത്തി.

1945 ഏപ്രിൽ 8-ാം തീയതി പുത്തൻകാവ് അയിരൂക്കുഴിയിൽ ഏ. ജി. തോമസച്ചനും കുടുംബവും കത്തോലിക്കാസഭയിൽ ചേരാൻ തയ്യാറായി. മാർ ഈവാനിയോസു തിരുമേനി പുത്തൻകാവു പള്ളിയിയിൽ ചെന്നു് അവരെ ചേർത്തു.

ഏനാത്തു കുറേപ്പേർ പുനരൈക്യപ്പെട്ടു. അതിനാൽ അവിടെ ഒരു സ്ഥലം വാങ്ങി ഒരു ഷെഡ് വച്ചു. താമസിയാതെ വടകോട്ടും കുറേപ്പേർ ചേർന്നു. അപ്പോൾ അവിടെയും ഒരു സ്ഥലം വാങ്ങി ഷെഡ് പണിയിച്ചു. അതിനുശേഷം ഞാൻ പോയി ഏനാത്തും വടകോട്ടും ഓരോ പ്രസംഗയോഗം നടത്തി കുറേപ്പേരേക്കൂടി ചേർക്കുകയും ചെയ്തു.

മാർ ഈവാനിയോസു തിരുമേനി 1945 സെപ്റ്റംബർ 9-ാം തീയതി ഹരിപ്പാട്ട ഇടവക സന്ദർശിച്ച് പ്രസംഗവും കർബാനയും നടത്തി. ഗൃഹസ്ഥൻ കുട്ടിയേയും കുടുംബത്തേയും

www.malankaralibrary.com

കത്തോലിക്കാസഭയിൽ ചേർത്തതന്നാണ്. അതിനുശേഷം തിരുമേനി ഇടയാറൻമുളയ്ക്കു് പോയി. 1945 സെപ്റ്റംബർ 23-ാം തീയതി അവിടെയും കുറേപ്പേരെ പുനരൈക്യപ്പെടുത്തി. അതുകഴിഞ്ഞു് തിരുമേനിയും ഞാനുംകൂടി കോട്ടയത്തു പോയി തോമസ് തറയിൽ തിരുമേനിയുടെ സ്ഥാനാരോഹണത്തിൽ സംബന്ധിച്ചു.

1945 ൽ ഞങ്ങൾ ഏനാത്തു്, പൂങ്കാവു്, തോണിക്കടവു്, മണപ്പള്ളി, മഞ്ഞക്കാല, കണ്ണൂർവിള, മേകോട്ട് എന്നിവിടങ്ങളിൽ സ്ഥലങ്ങൾ വാങ്ങി പുനരൈക്യപ്പെട്ടവർക്കുവേണ്ടി പള്ളികൾ വച്ചു.

1945 ഓഗസ്റ്റ് 24-ാം തീയതി കാൻഡി സെമിനാരിയിൽ വച്ചു് ഈരേഴ ഇലഞ്ഞിലേത്തു ഫാദർ ജോൺ മാത്യു വൈദികപട്ടമേററു് മടങ്ങിവന്നു. ഞങ്ങൾ അദ്ദേഹത്തെ സന്തോഷപുരസരം സ്വീകരിച്ചു. ഞാൻ നങ്ങാർകുളത്തു താമസിക്കുമ്പോൾ ഇദ്ദേഹം അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചുകൊണ്ടു് മറഞ്ഞു നിന്നു് മിഠായി തിന്നുന്ന ഒരു കുട്ടിയായിരുന്നു. ഇപ്പോൾ അദ്ദേഹം അമേരിക്കയിലാണ്. അക്കാലത്താണ് വലിയനോമ്പിലെ ഓരോ ഞായറാഴ്ചയും പ്രസംഗമോ ധ്യാനമോ നടത്തുന്നതിനു ഉപകരിക്കത്തക്കവിധം ഞാൻ "അമ്പതു നോമ്പു ധ്യാനങ്ങൾ" എന്ന പുസ്തകമെഴുതിയതു്.

എന്റെ സഹോദരന്റെ പൗത്രൻ പിലിപ്പു് അച്ചൻ 1945 മാർച്ച്മാസം 18-ാം തീയതി റോമിൽവച്ചു് വൈദീകപട്ടമേററു് തിരുവനന്തപുരത്തു മടങ്ങിയെത്തി.

1945 നവംബർ 15, 16, 17, 18 എന്നീ തീയതികളിൽ ഞാൻ തോട്ടപുറംപള്ളിയിൽവച്ചു് ഒരു പ്രസംഗയോഗം നടത്തി.

1946 ജനുവരി 27-ാംതീയതി കല്ലൂർക്കാട്ട് നെട്ടംകല്ലിൽ ഫാ. സെബാസ്റ്റിൻ പട്ടത്തു പള്ളിയിൽവച്ചു് വൈദീകപട്ടമേറ്റു.

1946 ഫെബ്രുവരി 4-ാം തീയതി ചെല്ലംകോണത്തു കന്യാസ്ത്രീ മഠം തുടങ്ങി.

1946 മേയ്മാസം 20-ാം തീയതി എന്റെ അനുജൻ മാത്തുക്കുട്ടിയുടെമകൾ അമ്മിണിയെ കൈനകരി പള്ളിയിൽവച്ചു് നങ്ങച്ചിവീട്ടിൽ അന്തോനിച്ചന്റെ മകൻ പോത്തച്ചനെക്കൊണ്ടു് വിവാഹം കഴിപ്പിച്ചു. മാർ ഈവാനിയോസ് തിരുമേനി ആയിരുന്നു കല്യാണം ആശീർവ്വദിച്ചതു്. ഞാനും അതിൽ സംബന്ധിച്ചിരുന്നു.

www.malankaralibrary.com

കാലംചെയ്ത കണ്ടനാട്ട യൂയാക്കീം മാർ ഈവാനിയോസു തിരുമനസിലെ സഹോദരപുത്രനായ സൈമൺ ഡി. കരോട്ട കോർ എപ്പിസ്കോപ്പാ 1946 മേയ്മാസം 26–ാം തീയതി പുനരൈക്യത്തിൽ ചേർന്നു. അദ്ദേഹം പുനരൈക്യത്തിൻെറ ആവശ്യത്തെ പുരസ്ക്കരിച്ച് ഒരു ലേഖനം എഴുതി സത്യസഭാകാഹളത്തിൽ പ്രസിദ്ധീകരിക്കയും ചെയ്തു. ഇദ്ദേഹവും ഞാനും സെമിനാരിയിൽ സഹപാഠികളും ഉററ സ്നേഹിതന്മാരുമായിരുന്നു. അദ്ദേഹം മരിച്ചുപോയി.

1946 ജൂലൈ 5–ാം തീയതി കല്ലട തോലശേരി പണാപ്പുറത്തു ടി. ഒ. മത്തായി അച്ചനും ഏഴാം തീയതി തഴവാ പുത്തൻ വീട്ടിൽ തോമസ് വൈദ്യൻെറ മകൻ ഫാദർ പി. ററി. ഗീവറുഗീസും പുനരൈക്യത്തിൽ ചേർന്നു. ഇവർ രണ്ടുപേരും ചേർന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ടായിരുന്നു. പക്ഷെ മണപ്പുറത്തു മത്തായി അച്ചൻ കുറെ വർഷങ്ങൾ കഴിഞ്ഞു് കത്തോലിക്കാസഭ വിട്ടു തിരികെപ്പോകയാണുണ്ടായതു്.

## കുഴിയംമണ്ണിൽ കോശി അച്ചൻെറ മരണം

വയലത്തല കുഴിയംമണ്ണിൽ കോശി അച്ചൻ പ്രമേഹരോഗംമൂലം തിരുവനന്തപുരം ജനറലാശുപത്രിയിൽ വന്ന് ചികിത്സ നടത്തി. ഒരു കാലിൻെറ മുട്ടിനു താഴ്വശം മുറിപ്പിച്ചു കളഞ്ഞു. എന്നിട്ടും രോഗം ഭേദമാകാതെ വീട്ടിലേക്കു തിരിച്ചുപോയി. 1946 സെപ്റ്റംബർ 6–ാം തീയതി മരിച്ചു. തിരുവല്ലായിലെ മാർ സേവേറിയോസ് തിരുമേനി ചെന്നു് ശവസംസ്കാരം നടത്തി. വഴി മോശമായിരുന്നതിനാൽ ഞാൻ ചെന്നുചേരുന്നതിനു താമസിച്ചുപോയി. എങ്കിലും ഞാൻ ചെന്നു രാവിലെ അച്ചനുവേണ്ടി അവിടെ കുർബാന ചൊല്ലിയശേഷം വീട്ടിലുള്ളവരെയെല്ലാം സന്ദർശിച്ചു പ്രാർത്ഥന നടത്തി തിരിച്ചുപോന്നു. വളരെ തീഷ്ണതയുള്ള ഒരു വൈദീകനായിരുന്നു അദ്ദേഹം.

1946 ജനുവരി 27–ാം തീയതി കൊഴവനാൻ റവ: തോമസ്സ് കൈതനാൽ പട്ടത്തെ ചെറുപുഷ്പദേവാലയത്തിൽ വച്ചു് വൈദീകപട്ടമേററു. ഞങ്ങൾ അദ്ദേഹത്തിനു് ഒരു അനുമോദനവും നല്കി.

www.malankaralibrary.com

1946 ഓഗസ്റ്റ് 24-ാം തിയതി റവ: മാത്യു കൊമ്പ നാൽ കാൻഡി സെമിനാരിയിൽവച്ചു വൈദികപട്ടമേററു് ഡിസംബർ 8-ാം തീയതി തിരുവനന്തപുരത്തു എത്തി. ഞങ്ങൾ അദ്ദേഹത്തെ സസന്തോഷം സ്വീകരിച്ചു.

1946 ഡിസംബർ 15-ാം തീയതി കൊട്ടമൺ എന്ന സ്ഥലത്തു കുറെ വീട്ടുകാർ പുനരൈക്യപ്പെട്ടു. ഞങ്ങൾ അവിടെ ഒരു വസ്തു വാങ്ങി ഒരു ചാപ്പലും വച്ചു. ഇപ്പോൾ അവിടെ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂളും ഒരു നല്ല പള്ളിയും ശവക്കോട്ടയും എല്ലാമായിട്ടുണ്ടു്.

1946 ൽ ഞങ്ങൾ പനച്ചിമൂട്ട്, മുറിഞ്ഞകല്ലു്, ആഞ്ഞിലികുന്നു്, മീൻകുളം, എറത്തുമ്പമൺ, കുളത്തൂർ, ഏത്രൂർ, രാമപുരം, അതിരുങ്കൽ, കീരുകുഴി; പൂഴിക്കാട്ടു്, തഴവാ, കണ്ണംകോട്ടു്, കറവൂർ, കുണ്ടറ, പുലമൺ, പാലവിള, കുടയാൽ, കൊട്ടമൺ എന്നീ സ്ഥലങ്ങളിലെല്ലാം ആളുകളെ പുനരൈക്യത്തിൽ ചേർക്കുകയും അവിടങ്ങളിൽ വസ്തുക്കൾ വാങ്ങിച്ചു പള്ളിവച്ചു് ആരാധന തുടങ്ങുകയും ചെയ്തു.

1947 ഒക്ടോബർ 20-ാം തീയതി തുമ്പമൺ ചക്കാലമണ്ണിൽ മി. സി. എം. മാത്യു പുനരൈക്യപ്പെട്ടുകയും രാമൻചിറ ഇടവകയിൽ ചേരുകയും ചെയ്തു. അദ്ദേഹം ഒരു വലിയ കൺട്രാക്ടരും ഒരു സാമൂഹ്യപ്രവർത്തകനുമായിരുന്നു.

1947 ജനുവരി 13, 14, 15 എന്നീ തീയതികളിൽ ഞാൻ ചീക്കനാൽ പള്ളിയിൽ പോയി ഒരു പ്രസംഗയോഗം നടത്തി. അതു കഴിഞ്ഞു് ഞാൻ മലങ്കോട്ടയത്തു പള്ളിയിൽ പോയി 16, 17, 18, 19 എന്നീ തീയതികളിൽ അവിടെ പ്രസംഗിച്ചു.

അവിടെനിന്നും പൂങ്കാവു പള്ളിയിലെത്തി. 20, 21, 22 എന്നീ തീയതികളിൽ അവിടെയും മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി മൂന്നു സ്ഥലത്തും ഓരോ വീട്ടു് പുനരൈക്യപ്പെട്ടു. അതുകഴിഞ്ഞു തിരുവനന്തപുരത്തിനു കിഴക്കു് അഞ്ചാമട പള്ളിയിലെത്തി. അവിടെ പള്ളിപ്പെരുനാളായിരുന്നു. അവിടെയും ഞാൻ പ്രസംഗിച്ചു.

1947 ജനുവരി 27-ാം തീയതി ചെങ്ങന്നൂർ പൂവത്തൂർ മാമ്പഴക്കാട്ടു് എന്ന പുരാതന കുടുംബത്തിൽ നിന്നും ബഥനി മഠത്തിൽ ചേർന്നിരുന്ന സിസ്റ്റർ തൈബൂസ് നിര്യാതയായി. നാലാം-

www.malankaralibrary.com

ച്ചിറ ബഥനി മഠം സെമിത്തേരിയിൽ അടക്കംചെയ്തു. രണ്ടു മെത്രാച്ചന്മാരും ഞാനും കുറേ ജനങ്ങളും അച്ചന്മാരും അതിൽ സംബന്ധിച്ചിരുന്നു. 1947 ഫെബ്രുവരി 9-ാം തിയതി വലഞ്ചുഴിയിടവകയിൽ പുതുതായി പണിയിച്ച മനോഹരമായ ദേവാലയത്തിന്റെ കൂദാശ നടത്തി. അതിനു മുൻപായി ഞാൻ അവിടെ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1947 ഫെബ്രുവരി 10- മുതൽ 14 വരെയുള്ള തീയതികളിൽ ഞാൻ ആഞ്ഞിലികുന്നു പള്ളിയിൽവെച്ചും, 16 വരെയുള്ള തീയതികളിൽ മണ്ണാരക്കുളഞ്ഞി പള്ളിയിൽ വെച്ചും ഓരോ പ്രസംഗയോഗം നടത്തി.

1947 മാർച്ചു് 13-ാം തീയതി മുതൽ മൂന്നു ദിവസത്തേയ്ക്കു് എരുർ ഇടവക പള്ളിയിൽ വെച്ചുഞാൻ ഒരു പ്രസംഗ യോഗം നടത്തി.

1947 മാർച്ചു് 17-ാം തീയതിമുതൽ കുമ്പല്ലൂർ പള്ളിയിൽ മൂന്നു ദിവസത്തെ ഒരു പ്രസംഗയോഗം നടത്തി.

1947 മാർച്ചു് 25-ാംനു- ആലുവാ സെമ്മിനാരിയിലെ പഠനം കഴിഞ്ഞു വന്ന ഞായല്ലൂർ ജേക്കബ് ശെമ്മാശൻ പട്ടത്തു പള്ളിയിൽ വെച്ചു് വൈദീക പട്ടമേററു. ഇദ്ദേഹം ഒരു നല്ല സാഹിത്യകാരനും ഗ്രന്ഥമെഴുത്തുകാരനുമാണു്. ഇപ്പോൾ ശ്രവണശക്തി മിക്കവാറും നഷ്ടപ്പെട്ടിരിക്കയാണു്. കാഹളത്തിന്റെ ജോലിയിൽ ഒരു നല്ല പങ്കു് ഇപ്പോൾ ഇദ്ദേഹമാണു നിർവഹിക്കുന്നതു്.

മാർച്ചു് 26-ാനു- മുതൽ മൂന്നു ദിവസത്തെ പ്രസംഗയോഗം തുമ്പമൺ പള്ളിയിൽ വെച്ചുനടത്തി. 30-ാനു- മുതൽ കഷ്ടാനുഭവാഴ്ച മുഴുവനും ഞാൻ കൊട്ടമൺ പള്ളിയിൽ താമസിച്ചു് പ്രസംഗവും, കഷ്ടാനുഭവാഴ്ചയിലെ ശുശ്രൂഷകളും നടത്തി.

## പുത്തൂർ വിളയിൽ മത്തായി അച്ചന്റെ കബറടക്കം

1947 ഏപ്രിൽ 20-ാനു- പുത്തൂർ ഫാദർ മത്തായി വിളയിൽ നിര്യാതനായി, അതിനാൽ ഞാൻ അവിടേയ്ക്കു പോയി. തിരുമേനിക്കു വരാൻ സാധിച്ചില്ല. അനേകം പട്ടക്കാരുടെയും ജനങ്ങളുടെയും സഹായ സഹകരണത്തിൽ അദ്ദേഹത്തിന്റെ

www.malankaralibrary.com

കബറടക്കം നടത്തി. ഈ പരേതന്റെ പരിശ്രമത്തിൽ അവിടെ ഒരു പള്ളിയും ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളുമുണ്ടായിട്ടുണ്ട്. ആദ്യം യാക്കോബായക്കാരുടെ കഠിനമായ എതിർപ്പുണ്ടായിരുന്നു അച്ചൻ വളരെ ശാന്തമായി അതെല്ലാം സഹിച്ചു. മരിച്ചുപോയ ഒരാളെ അടക്കാൻ ശവക്കോട്ടയിൽ ചെന്നപ്പോൾ യാക്കോബായക്കാർ തടഞ്ഞതിനാൽ ഇദ്ദേഹം ആ മൃതശരീരം കൊണ്ടുവന്നു സ്വന്തം പറമ്പിൽ സംസ്കരിച്ചു. അത്ര ദൈവവിചാരമുള്ള ഒരു പട്ടക്കാരനായിരുന്ന അദ്ദേഹം. ഇദ്ദേഹത്തിന്റെ രണ്ടുമക്കൾ ഇപ്പോൾ പട്ടക്കാരായിട്ടുണ്ട്.

## ഞാപ്പള്ളിക്കാർ കത്തോലിക്കരാകുന്നത്

എന്റെ പുനരൈക്യത്തിനുശേഷം കുറെനാൾ കഴിഞ്ഞ് ഞാൻ ചേപ്പാട്ട ചെന്നപ്പോൾ ഞാപ്പള്ളിൽ മി. മാത്തനെ കാണാനിടയായി. ഞങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽനിന്നും പത്രോസിന്റെ സാക്ഷാൽ പിൻഗാമി മാർപ്പാപ്പായാണെന്ന് മി. മാത്തന് മനസിലായി. അപ്പോൾ നിങ്ങൾ ഇവിടെ ഒരു നല്ല പള്ളി പണിയിക്കുവിൻ. ഞാനും എന്റെ കുടുംബവും അതിൽ ചേർന്നു നടന്നുകൊള്ളാം എന്ന് പറഞ്ഞു. ഞങ്ങൾ ഒരു ചെറിയ പള്ളി പണിയിച്ചു. എങ്കിലും അധികം താമസിയാതെ അദ്ദേഹം മരിച്ചുപോയി. അദ്ദേഹം പറഞ്ഞ വചനം പിന്നീട്ട നിറവേറി. 1947 മേയ്മാസം 8-ാം തീയതി അട്ടൂരിനു വടക്ക് പൊങ്ങലടി യാക്കോബായ പള്ളി നടത്തിക്കൊണ്ടിരുന്ന ഫാദർ യൌനാൻ ഞാപ്പള്ളിയും കുടുംബവും പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ പരിശ്രമത്തിൽ അവിടെ ഒരു കത്തോലിക്കാപ്പള്ളിയും ഒരു പ്രൈമറിസ്കൂളും ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹോദരന്മാരിൽ ഒരാൾ ഒഴിച്ചുള്ളവരെല്ലാം ചേപ്പാട്ട് കത്തോലിക്കാപ്പള്ളിയിൽ ചേർന്നു നടന്നുവരുന്നു. ചേപ്പാട്ട് ഒരു നല്ല പള്ളി പണിയിക്കുവാൻ അവർ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

1947 മേയ് 17-ാം തീയതി അട്ടൂരിൽ ഡി. എം. കോൺവൻറിന്റെ ഒരു ശാഖ സ്ഥാപിതമായി. അവിടെയുള്ള പ്രൈമറിസ്കൂളും ഇപ്പോൾ അവരാണ് നടത്തുന്നത്.

1947 മെയ് 23-ാനു കൊട്ടാരക്കര കൈപടസ്സൂൽ തോമസ് അച്ചനും മകൻ ജോസഫ് അച്ചനും പുനരൈക്യപ്പെട്ടു.

www.malankaralibrary.com

## മാർ ഈവാനിയോസിൻെറ അമേരിക്കൻ യാത്ര

1947 മെയ് 26-ാം തീയതി മാർ ഈവാനിയോസ് തിരുമേനി സെക്രട്ടറി റവ. ഫാദർ ജോസഫ് വടക്കേക്കുററുമൊരുമിച്ചു അമേരിക്കൻ പര്യടനത്തിനു് പോയി. തിരുവല്ലാ മെത്രാൻ മാർതേയോഫീലോസ് തിരുമേനിയും അഡ്മിനിസ്ട്രേറ്റർ മാർ സേവേറിയോസ് തിരുമേനിയും ഞാനും വടക്കു നിന്നും, തെക്കു നിന്നും വന്നിരുന്ന അനവധി വൈദീകരും ജനങ്ങളും എട്ടുപത്തു കാറുകളിലായി എയറോഡ്രോം വരെ പോയി തിരുമേനിയെ യാത്രയാക്കി.

## എന്നെ അതിരൂപതയുടെ അഡ്മിനിസ്ട്രേററാക്കുന്നു.

1947 മെയ് 20-ാംനു എന്നെ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററാക്കി കല്പന തന്നിട്ടാണ് തിരുമേനി യാത്രയായതു്.

1947 ജൂലൈ 7-ാം തീയതി വടശേരിക്കര വാഴപ്പള്ളേത്തു ജോസഫച്ചൻ മൈലപ്രാപ്പള്ളിയിൽ വരികയും അവിടെവച്ച് ഞാൻ അദ്ദേഹത്തെ കത്തോലിക്കാസഭയിൽ സ്വീകരിക്കുകയും ചെയ്തു. പിറ്റേ ദിവസം വടശേരിക്കര ചെന്നു് വീട്ടുകാരിൽ കുറെ പേരെ കൂടെ ചേർത്തു. അവർ എനിക്കു് ആഡംബരപൂർവ്വമായ ഒരു സ്വീകരണം നല്കി. 1947 ജൂലൈ മുതൽ ഞാൻ പള്ളിസന്ദർശനം തുടങ്ങി. ചെറിയ വെളിവല്ലൂർ, കൊട്ടാരക്കര, കുണ്ടറ കിഴക്കേക്കല്ലട, പടിഞ്ഞാറെ കല്ലട, അടൂർ, തുവയൂർ പൊങ്ങലടി പുന്നമൂട്ട്, മീൻകുളം, വടകോട്ട് പാണ്ടിത്തിട്ട മുതലായ ഇടവകകൾ സന്ദർശിച്ചു. അവിടങ്ങളിലെല്ലാം മുമ്മൂന്നു ദിവസത്തെ സുവിശേഷ പ്രസംഗം നടത്തി. 1947 ഓഗസ്റ്റ് 11-ാം തിയതി മഞ്ഞക്കാലാ പള്ളിതുടങ്ങി. 1947 ഓഗസ്റ്റ് 29 മുതൽ പിറവന്തൂർ മിഷ്യനിൽ പോയി ഞാൻ മൂന്നു ദിവസത്തെ പ്രസംഗം നടത്തി. അതിനുശേഷം കറവൂർ പള്ളിയിലും പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1947 സെപ്റ്റംബർ 1-ാംനു വീണ്ടും വടശ്ശേരിക്കരയെത്തി, കുറേപേരെക്കൂടി തിരുസഭയിൽ ചേർത്തു.

www.malankaralibrary.com

## മാർത്തോമ്മാ സഫ്രഗൻ മെത്രാച്ചന്റെ നിര്യാണം

മാർത്തോമ്മാ വലിയ മെത്രാച്ചൻ (സഫ്രഗൻ) തിരുമേനി കാലം ചെയ്തുവെന്നു കേൾക്കുകയാൽ ഞാൻ ഉടൻ തന്നെ തിരുവല്ലാ എസ്. സി. സെമ്മിനാരിയിലേയ്ക്കു പോയി എന്റെ അനുശോചനം പ്രദർശിപ്പിച്ചു.

സെപ്റ്റംബർ 3-ാനു ഓടനാവട്ടത്തെത്തി. അവിടെ കുറെപേരെ തിരുസഭയിലേയ്ക്കു സ്വീകരിച്ചു. 4-ാനു ആര്യൻകാവിലെത്തി. അവിടെ ഒരു പുതിയ മിഷ്യൻ തുടങ്ങി. അവിടെ നിന്നും വന്നു തിരുവനന്തപുരത്തു കത്തീഡ്രൽ പള്ളിയിൽ പെരുനാളിനു പ്രസംഗിച്ചു.

1947 സെപ്ററംബർ 27-ാം തിയതി തോട്ടപ്പള്ളിൽ സെൻറുതോമസിന്റെ തിരുനാൾ സംബന്ധിച്ചു മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തിയശേഷം ഒക്ടോബർ 4-ാം തീയതി തഴവാഴ്ക്കുട്ടത്തുള്ള മണപ്പള്ളി മിഷ്യൻ ഹൗസിൽ എത്തി. അവിടെയും ഒരു പ്രസംഗ യോഗം നടത്തി. 12-ാനു മുളന്തറ ഒരു പുതിയ ഇടവക തുടങ്ങി. 30-ൽ പരം ആളുകളെ അവിടെ പുതുതായി ചേർത്തു. 13-ാനു കോന്നീത്താഴം മിഷ്യൻ സന്ദർശിച്ച ശേഷം കാർമല പള്ളിയിലേയ്ക്കു പോയി.

1947 സെപ്ററംബർ 25-ാം തീയതി തിരുവല്ലാരൂപതയിൽപ്പെട്ട പെരുമ്പാവൂർ പള്ളിയിൽ പോയി ഒരു പ്രസംഗം ചെയ്തു. രാജത്വ തിരുനാൾ മീററിംഗിൽ ആദ്ധ്യക്ഷം വഹിച്ചു. അവിടെ നിന്നും ഞാൻ മലയാററൂർ പള്ളി കാണുവാൻ പോയി

1947 സെപ്റ്റംബർ 26-ാം തീയതി റവ: ഫാ. തോമസ് നങ്ങച്ചിവീട്ടിൽ ഉപരിപഠനാർത്ഥം അമേരിക്കയിലേയ്ക്കു പോയി. അദ്ദേഹത്തിനു റയിൽവേസ്റ്റേഷനിൽവച്ച് ഒരു യാത്രയപ്പു നല്കി.

## പീടികയിൽ അച്ചൻ അന്ത്യോഖ്യൻ റീത്തിൽ ചേരുന്നു

പീടികയിലച്ചൻ കൊല്ലം രൂപത വിട്ടു മലങ്കര റീത്തിൽ ചേരാൻ വരികയും 1947 സെപ്റ്റംബർ 30-ാംനു അദ്ദേഹത്തെ മലങ്കര അന്ത്യോക്യൻ റീത്തിൽ ഞാൻ സ്വീകരിക്കുകയും ചെയ്തു.

## കലയക്കാട്ടിൽ തോമസച്ചന്റെ മരണം

1947 നവംബർ 5-ാം തീയതി കലയക്കാട്ടിൽ തോമസു കത്തനാർ നിര്യതനായി. അതിനാൽ ഞാൻ കവിയൂർ പോയി. ആ ശവസംസ്കാരത്തിൽ സംബന്ധിച്ചു. അദ്ദേഹം തിരുവല്ലാ

www.malankaralibrary.com

ത്രുപതയിൽപ്പെട്ട ആളായിരുന്നുവെങ്കിലും പല പ്രകാരത്തിൽ തിരുവനന്തപുരം അതിരൂപതയ്ക്കും വേണ്ടപ്പെട്ട ആളായിരുന്നു. ആരംഭകാലത്തു് അതിരൂപതയ്ക്കു വളരെ സഹായങ്ങൾ ചെയ്തിട്ടുള്ള ആളായിരുന്നു അദ്ദേഹം.

1947 നവംബർ 24-ാം തീയതി കിരാത്തൂർ D. M. കന്യാസ്ത്രീമഠം തുടങ്ങി.

## ഒരു കള്ള പ്രചരണം

അക്കാലത്താണ് '250 വൈദികർ റോമാസഭ വിട്ടുന്നു' എന്നൊരു കള്ളക്കഥ 'മലങ്കരസഭാതാരക' പ്രസിദ്ധം ചെയ്തതു്. 'ചർച്ചുംവീക്കിലി' അതെടുത്തുദ്ധരിച്ചു. ഉടനെ 'മലങ്കരസഭ'യും അതേററുപാടി. തെക്കേഅമേരിക്കയിലെ വെനിസൂലായിൽ 30 ലക്ഷം ആളുകളുടെ വൈദികരാണു് പോയെന്നു പറഞ്ഞതു്. അതേപ്പററി ഞാൻ വെനിസൂലാബിഷപ്പിൻെറ പേർക്കെഴുതി ചോദിച്ചു. യുദ്ധകാലത്തു് തെക്കേ അമേരിക്കയിലുള്ള ഒരു ബിഷപ്പിനോടു തനിക്കു പട്ടം തരണമെന്നു് ഒരു സ്പെയിൻകാരൻ ആവശ്യപ്പെട്ടു. കൊടുക്കാഞ്ഞതിനാൽ ചില കള്ളക്കത്തുകളുണ്ടാക്കിക്കൊണ്ടു് അയാൾ സ്പെയിനിൽ പോയി, ഒരു വയസ്സൻ ബിഷപ്പിനെ കബളിപ്പിച്ചു പട്ടമേററു് ഒരു പുതിയ സഭ നിർമ്മിച്ചതായിരുന്നു കഥയെന്നു മനസ്സിലായി. ഉടനെ ആ സത്യാവസ്ഥ കാണിച്ചു ഞാൻ കാഹളത്തിൽ എഴുതുകയും ചെയ്തു.

1947 നവംബർ 9 മുതൽ ഞാറയ്ക്കാട്ടു മിഷ്യനിൽ ഞാൻ ഒരു പ്രസംഗയോഗം നടത്തി. അന്നു് അവിടെ ഒരു താല്ക്കാലിക ഷെഡ്ഡാണുണ്ടായിരുന്നതു്. ആ സ്ഥലം കൊടുത്തിട്ടു വേറൊരു സ്ഥലം വാങ്ങിച്ചു. അവിടെയാണിപ്പോഴത്തെ വലിയ പള്ളി നില്ക്കുന്നതു്. പിന്നീടു് 5-ാം തീയതി മഞ്ഞക്കാലായിൽ പോയി. അവിടെ 28 വീട്ടുകാർ കത്തോലിക്കാസഭയിൽ ചേർന്നു. അവിടെവെച്ചും ഒരു പ്രസംഗയോഗം നടത്തി. പിന്നീടവിടെനിന്നും ഞാൻ 23-ാം തീയതി പാണ്ടിതിട്ടയ്ക്കു പോയി. അവിടെയും ഒരു പ്രസംഗയോഗം നടത്തിയശേഷം 24-ാം തീയതി കിരാത്തൂർ മഠത്തിൻെറ കെട്ടിടം ഉൽഘാടനം ചെയ്തിട്ടു ഞാൻ തിരുവനന്തപുരത്തിനു പോന്നു. അനന്തരം തെക്കൻതിരുവിതാംകൂറിലേയ്ക്കു പോയി.

www.malankaralibrary.com

1947 നവംബർ 27-ാം തീയതി കത്തോലിക്കാസഭയിൽ ചേരാനൊരുങ്ങി വന്ന പഴഞ്ഞിക്കാരൻ പുലിക്കോട്ടു മത്യൂസച്ചനെ കത്തോലിക്കാസഭയിൽ ചേർത്തു. അദ്ദേഹത്തെ തല്ക്കാലം തിരുവനന്തപുരത്തു താമസിപ്പിച്ചു. അദ്ദേഹം കുടശ്ശനാട്ടു യാക്കോബായ പള്ളി നടത്തിക്കൊണ്ടിരിക്കയായിരുന്നു. അതിനാലാണ് തിരുവനന്തപുരത്തു വന്നു കത്തോലിക്കാസഭയിൽ ചേരാനിടയായതു്. ഒടുവിൽ അദ്ദേഹത്തെ തിരുവല്ലാ തിരുമേനി ആവശ്യപ്പെട്ടതനുസരിച്ചു തിരുവല്ലായിലേക്ക് അയയ്ക്കുകയും ചെയ്തു.

1947 ൽ പുന്തല, ശൂരനാട്ട്, ചെങ്കുളം, വാളകം, പോത്തൻകോട്ട് എന്നിവിടങ്ങളിലെല്ലാം ഞങ്ങൾ വസ്തുക്കൾ വാങ്ങിച്ച് പള്ളിവച്ചു ഇടവക നടത്തിത്തുടങ്ങി.

1947 ഡിസംബർ 13-ാം തീയതി ഓടനാവട്ടത്തു് ഒരു പുതിയ മിഷ്യൻ തുറക്കുകയും കുറേപ്പേരെ തിരുസഭയിൽ ചേർക്കുകയും ചെയ്തു. അതിലേയ്ക്കു ഞാൻ ചെന്നപ്പോൾ അവർ വാദ്യമേളങ്ങളോടുകൂടി ഒരു വരവേല്പു് എനിക്കു നല്കുകയുണ്ടായി.

റവ. ഫാ. ജേക്കബ് മുളപ്പുംപള്ളി 1948 ഫെബ്രുവരി 8-ാം തീയതി അന്ത്യോക്യൻറീത്തിൽ ചേർന്നു. ഞാൻ അദ്ദേഹത്തെ പഴകുളം, പാറക്കൂട്ടം എന്നിവിടങ്ങളിലെ പള്ളികളുടെ വികാരിയായി നിയമിച്ചു. ഇരുപതു വർഷം കഴിഞ്ഞു് അദ്ദേഹം 1968 ജൂൺ 28-ാം തീയതി മരിച്ചു. പഴകുളം പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു.

1948 ജനുവരി 10-ാംതീയതി വടക്കേക്കുററു്, ബ. ജോസഫ് അച്ചൻ അമേരിക്കയിൽനിന്നും തിരിച്ചെത്തി. ഞാൻ അദ്ദേഹത്തെ കാർമല പള്ളിയിൽ വികാരിയായി നിയമിച്ചു.

1948 ഫെബ്രുവരി 15-ാം തീയതി പുന്തല മിഷ്യൻ തുറക്കാൻ ഞാൻ പോയി. അവിടെ കുറെ വീട്ടുകാരെ ചേർത്തു. 18-ാം തീയതി കൈതക്കുഴി പള്ളിയിൽ ഞാൻ പോയി പ്രസംഗിക്കുകയും വി. കുർബാന ചൊല്ലുകയും കുറെവീട്ടുകാരെ പുനരൈക്യപ്പെടുത്തുകയും ചെയ്തു.

1948 ഫെബ്രുവരി 27, 28, 29 എന്നീ തീയതികളിൽ ഞാൻ കാരിച്ചാൽ പള്ളിയിൽ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. മാർ ഈവാനിയോസു കോളേജിലെ പ്രിൻ

www.malankaralibrary.com

സിപ്പാലായ പണിക്കരച്ചനും ഉണ്ടായിരുന്നു. അതുകഴിഞ്ഞു ഞാൻ തിരിച്ചുപോന്നു. റീത്തുമാറ്റത്തിനനുവാദം ലഭിച്ച കൊട്ടാരക്കര തെക്കേടത്തു ഫാദർ സഖറിയാസിനെ ഞാൻ തിരുവനന്തപുരം അതിരൂപതയിലേയ്ക്കു സ്വീകരിച്ചു. ബഥനി കോളേജ് എന്ന പേരിലാണ് മാർ ഈവാനിയോസ് കോളേജ് ആരംഭിക്കാനിരുന്നതു്. ഒടുവിൽ ആ പേരുമാററി മാർ ഈവാനിയോസ് കോളേജ് എന്നപേരു് ഇടുകയും കോളേജ് 1949 ലേ തുടങ്ങുന്നുള്ളു എന്നു് തീരുമാനിക്കയും ചെയ്തു.

1948 നവംബർ 24-ാം തീയതി വെണ്ണിയൂർ ഡി. എം. കോൺവൻറ് തുടങ്ങി.

1948 ൽ അമലോത്ഭവത്തെപ്പററി കത്തോലിക്കർ പറയാത്ത ചില ആരോപണങ്ങൾ ചുമത്തി 'ഫാദർ ജെ. പി.' എന്നൊരാൾ 'സഭാമിത്രം' മാസികയിൽ പ്രസിദ്ധംചെയ്തിരുന്ന ലേഖനത്തിലെ പിശകുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ ഒരു മറുപടി കാഹളത്തിൽ പ്രസിദ്ധംചെയ്തു.

## മാതാവിൻെറ അമലോത്ഭവം

ആദാമും, ഹവ്വായും ദൈവത്തിൻെറ കല്പന ലംഘിച്ചതു മൂലം അവരുടെ സന്താനങ്ങൾ മുഴുവനും പാപികളായിത്തീർന്നു. അടിമയുടെ സന്താനവും അടിമയാണല്ലോ. അതുപോലെ ആദാമിന്റെ സന്തതികളെല്ലാം ജന്മപാപം ഉള്ളവരും അതിന്റെ ശിക്ഷ ഏല്ക്കേണ്ടവരുമായിത്തീർന്നു. അങ്ങനെയുള്ളവരെ രക്ഷിക്കാൻ വരുന്ന ആൾ, അതേ പാപമുള്ളയാളോ, അതിൻെറ ശിക്ഷയേല്ക്കേണ്ടയാളോ ആയിരുന്നാൽ പോരാ. കിണററിൽ വീണവനെ രക്ഷിക്കാൻ കരയ്ക്കുനിന്നു് ആൾ വരണം. പാപമില്ലാത്ത ഒരാൾക്കു മാത്രമേ നമ്മുടെ പാപത്തിന്റെ ശിക്ഷയേററു് നമ്മുടെ കടംവീട്ടി നമ്മെ രക്ഷിക്കാൻ സാധിക്കയുള്ളു. അതിനാൽ ലോകത്തിൻെറ പാപക്കടം വീട്ടുവാൻ വരുന്ന ക്രിസ്തു എടുക്കുന്ന ശരീരം ആദാമും ഹവ്വായും പാപം ചെയ്യുന്നതിനു മുൻപിലത്തെ അവസ്ഥയിൽ ഉള്ള ശരീരം എടുത്തേ മതിയാകൂ. അതിനാൽ ക്രിസ്തുവിൻെറ അമ്മയ്ക്കു ദൈവം അമലോത്ഭവം നല്കി. "കൃപ നിറഞ്ഞവളേ, വാഴ്ക!" എന്നാണു് മാലാഖ പറഞ്ഞതു്. കൃപ നിറയാനുള്ളവളേ എന്നല്ല. മാതാവു് അമലോത്ഭവയാണെന്നു് ആ വചനം

www.malankaralibrary.com

സൂചിപ്പിക്കുന്നു. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും" എന്നാണു ദൈവം പറഞ്ഞതു്. അമലോത്ഭവയായ ഒരു സ്ത്രീയിൽ നിന്നു ശരീരമെടുക്കുന്ന ക്രിസ്തു പിശാചിനെ ജയിക്കും എന്നാണു തിന്റെ അർത്ഥം. 'മാലിന്യമില്ലാത്ത വിശുദ്ധ കന്യകയായ ദൈവമാതാവു്' എന്നു യാക്കോബായക്കാരും പറയുന്നുണ്ട്. അതു ഗ്രഹിക്കാതെ ഒരു യാക്കോബായ പട്ടക്കാരൻ അതിനെ എതിർക്കുന്നതു കഷ്ടമാണു്. എന്നൊക്കെയും കാണിച്ചു ഞാൻ മറുപടി യെഴുതി. അതിനവരിൽനിന്നു മറുപടി ഉണ്ടായില്ല.

1948 ജൂൺ 13-ാം തീയതി പൊടിയാട്ടുവിള പുതുതായി പണിത പള്ളി ഞാൻ കൂദാശ ചെയ്തു. ഫാദർ സക്കറിയാസ് തെക്കേടത്തിനെ ആ പള്ളിയുടെ വികാരിയായി നിയമിച്ചു.

1948 ജൂൺ 23-ാം തീയതി ആർച്ചുബിഷപ്പു തിരുമേനി അമേരിക്കൻപര്യടനം കഴിഞ്ഞു കൊട്ടാരക്കരയെത്തി. ചുററുമുള്ള ഇടവകക്കാർ ചേർന്നു തിരുമേനിക്കു ഹൃദ്യമായ ഒരു സ്വീകരണം നല്കി. റയിൽവേസ്റ്റേഷനിൽനിന്നും കിഴക്കെ തെരുവിലേയ്ക്കു പോകുന്ന വഴിക്കു ധൃതിപിടിച്ചു കൈമുത്താൻ ചെന്ന അയ്യനേത്തു ഫിലിഫ് സാറിൻെറ കാലിൽ കാറിന്റെ വീൽ കയറി ചതഞ്ഞു. ഉടൻതന്നെ അദ്ദേഹത്തെ ഞാൻ കയറിവന്ന കാറിൽ കയററി എൻെറ അനുജനോടുകൂടി തിരുവനന്തപുരം ജനറലാശുപത്രിയിലേയ്ക്കയച്ചു. അനുമോദനയോഗവുംമററും കഴിഞ്ഞു് ഞാൻ മറ്റൊരു കാറിൽ തിരുവനന്തപുരത്തേയ്ക്കു മടങ്ങി. 24-ാം തീയതി അതിരൂപതയുടെ ഭരണഭാരം എന്നിൽനിന്നു് ആർച്ചുബിഷപ്പുതിരുമേനി കയ്യേല്ക്കുകയും അതിരൂപതയിൽനിന്നും ചാരിതാർത്ഥ്യസൂചകമായി തിരുമേനിക്കും എനിക്കും ഓരോ മംഗളപത്രം തരികയും ചെയ്തു. നാനാഇടവകകളിൽനിന്നുമായി ഒട്ടേറെ ജനങ്ങൾ ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

1948 ജൂലൈ 5-ാം തീയതി കറ്റാനത്തു പള്ളിക്കാരും ചേപ്പാട്ടു പള്ളിക്കാരും തിരുമേനിക്കു് ഓരോ മംഗളപത്രം സമർപ്പിച്ചു.

1948 ജൂലൈ മാസത്തിൽ ശൂരനാട്ടു താളിയത്തു കുരിയാക്കോസച്ചനും കാരിച്ചാൽ പുത്തൻപറമ്പിൽ ഫാദർ ജോർജ്ജ് അവർകളും കത്തോലിക്കാസഭയിൽ ചേർന്നു. പുത്തൻപറമ്പിലച്ചൻ കുറേനാൾ കഴിഞ്ഞു യാക്കോബായസഭയിലേയ്ക്കു തിരിച്ചു പോയി. അദ്ദേഹം 1968 ഓഗസ്റ്റ് 4-ാം തീയതി നിര്യാതനാകുകയും ചെയ്തു.

www.malankaralibrary.com

## പുത്തൻവീട്ടിൽ അച്ചന്റെ മരണം

1948 ആഗസ്റ്റ് 29-ാം തീയതി തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബച്ചൻ നിര്യാതനായി. 20-ാംതീയതി ആയിരുന്നു അദ്ദേഹത്തിന്റെ കന്തീലാശുശ്രൂഷ നടത്തിയതു്. ശവസംസ്കാരത്തിന് തിരുമേനിമാരും ഞാനും മറ്റനവധി പട്ടക്കാരും ജനങ്ങളും ഉണ്ടായിരുന്നു. തുമ്പമൺ പള്ളിയിൽത്തന്നെ അടക്കി. അവിടെ ഞങ്ങൾക്കൊരു പള്ളിക്കൂടവും ഉണ്ട്.

1948 സെപ്റ്റംബർമാസത്തിൽ കൊട്ടാരക്കര കുന്നബംഗ്ലാവിൽ പാസ്റ്റർ മാത്തുണ്ണിപ്പണിക്കരും കുടുംബവും എൽ. എം എസ്. സഭയിൽനിന്നും അന്ത്യോഖ്യൻറീത്തിൽ ചേർന്നു. ഇദ്ദേഹത്തിന്റെ ഒരു മകൻ ഫാദർ അലക്സാണ്ടർ എം. പണിക്കർ കത്തോലിക്കാ സെമ്മിനാരിയിൽ പഠിച്ചു 1960 ഒക്ടോബർ 4-ാം തീയതി പട്ടമേററു വൈദികനായിട്ടുണ്ട്.

1948 ഒക്ടോബർ 30, 31 തീയതികളിൽ ശൂരനാട്ട പള്ളിയിലും പിന്നീട്ട നവംബർ 1, 2, 3 എന്നീ തീയതികളിൽ കരിക്കം പള്ളിയിലും 4, 5, 6 തീയതികളിൽ ഓടനാവട്ടത്തു പള്ളിയിലും പിന്നീട്ട അമ്പലത്തുംകാലാ പള്ളിയിലും അനന്തരം മുളവക്കളം പള്ളിയിലും പോയി ഞാൻ ഓരോ പ്രസംഗയോഗം നടത്തി. നവംബർ 6-ാം തീയതി കടമ്പനിട്ട പള്ളിയിലേയ്ക്കു പോയി, അവിടത്തെ സൺഡെസ്കൂൾ സമ്മാനദാനം നടത്തി. അതു കഴിഞ്ഞു് കൊട്ടാരക്കര കിഴക്കേതെരുവു പള്ളിയിലെ വ്യാകുലമാതാവിന്റെ പെരുനാളാഘോഷത്തിൽ സംബന്ധിച്ചു. അവിടെനിന്നും ചെങ്ങമനാട്ട പോയി. അതൊരു പുതിയ മിഷ്യനായിരുന്നു. അവിടെയും മൂന്നു ദിവസം പ്രസംഗിച്ചു.

## മാങ്കാവിൽ ശമുവേലച്ചന്റെ മരണം

1948 നവംബർ ഒന്നാം തീയതി രാത്രിയിൽ മാങ്കാവിൽ എം. ജി. സാമുവൽ അച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചുവെന്നറിഞ്ഞു് ഞാൻ അവിടെ പോയി. ശവസംസ്കാരം 3-ാം തീയതി ആയിരുന്നു. തിരുവല്ലാ മാർ സേവേറിയോസ് തിരുമേനിയും ഞാനും അനവധി പട്ടക്കാരും ധാരാളം ജനങ്ങളും സന്നിഹിതരായിരുന്നു.

1949 ജനുവരി 27-ാം തീയതി പനച്ചിമൂട്ട് D. M. കോൺവൻറ് തുടങ്ങി.

www.malankaralibrary.com

1949 മാർച്ച് മാസം 4-ാം തീയതി തുമ്പമൺ ചക്കാലമണ്ണിൽ മി. സി. എം. മാത്യു മരിച്ചു. ഞാൻ അവിടെ പോയി ആ ശവസംസ്കാരകർമ്മം നടത്തി. വളരെ പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. കേരള കത്തോലിക്കാ കോൺഗ്രസിൻെറ പ്രസിഡണ്ടായിരുന്നു അദ്ദേഹം.

## മാർപ്പാപ്പായുടെ തെററില്ലായ്മ

ആയിടെ മാർപ്പാപ്പായുടെയും സഭയുടെയും അപ്രമാദിത്വത്തെപ്പററി തെററിദ്ധരിപ്പിക്കുന്ന ഒരു ലേഖനം കണ്ടു. ഞാൻ അതിനു മറുപടി എഴുതി. ക്രിസ്തു സഭയെ തൻെറ ശരീരമായി സ്ഥാപിച്ചു. ജീവൻ ഒരു ശരീരംവഴി മാത്രമെ നിലനില്ക്കുകയുള്ളു. ക്രിസ്തുവിൻെറ ആത്മാവായ പരിശുദ്ധാത്മാവ് വേല ചെയ്യുന്നതും ക്രിസ്തുവിൻെറ ശരീരമായ സഭവഴിയായിട്ടാണ്. അങ്ങനെയുള്ള സഭ തെററ് പഠിപ്പിക്കുന്നതാകുകയില്ല. ക്രിസ്തുവിൻെറ ആത്മാവു പഠിപ്പിക്കുന്നതു് സഭവഴിയായിട്ടാകയാൽ സഭയ്ക്കും സഭാതലവനും സത്യവിശ്വാസം പഠിപ്പിക്കുന്ന കാര്യത്തിൽ തെററുവരാൻ ഇടയില്ല. പൌലൂസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഞങ്ങൾ നിങ്ങളോടുപദേശിച്ചതിനു വിപരീതമായി ആരെങ്കിലും നിങ്ങളോടുപദേശിച്ചാൽ, അവൻ ദൈവദൂതനായാലും ശപിക്കപ്പെട്ടവനായിരിക്കും." (ഗലാ. 1, 8) ക്രിസ്തുവിൻെറ ആത്മാവ് സഭയിലിരുന്നാൽ പാപമുള്ള മനുഷ്യനായ സഭാതലവനെക്കൊണ്ട് സത്യോപദേശം തെററിപ്പോകാത്തവിധം പഠിപ്പിക്കുവാൻ സാധിക്കും. അതുകൊണ്ടാണ് സത്യോപദേശം പഠിപ്പിക്കുന്നതിൽ സഭയ്ക്കും സഭാതലവനും തെററില്ലായ്മ ഉണ്ടെന്നു പറയുന്നതെന്ന് ഞാനെഴുതി. അതിനു മറുപടി ഉണ്ടായില്ല.

## പമ്പൂരേത്തു തോപ്പിൽ വലിയച്ചൻെറ മരണം

1949 ലെ കഷ്ടാനുഭവാഴ്ച ശുശ്രൂഷകൾ നടത്താനായി ഞാൻ കടമ്പനിട്ട പള്ളിയിൽ പോയിരുന്നു. അപ്പോഴാണ് പമ്പൂരേത്തു ചാണ്ടിപ്പിള്ള വലിയച്ചൻ 1949 ഏപ്രിൽ 10-ാം തീയതി മരിച്ചു എന്നറിഞ്ഞതു്. തിരുവല്ലായിൽനിന്നു മാർ സേവേറിയോസ് തിരുമേനി വന്നിരുന്നു. അദ്ദേഹം ശവസംസ്കാരം നടത്തിയിട്ടു പോയി. ഞാൻ താമസിച്ചാണു ചെന്നതു്, അതിനാൽ ഞാൻ അവിടെ താമസിച്ച് രാവിലെ അദ്ദേഹത്തിനുവേണ്ടി വി. കുർബാന ചൊല്ലിയശേഷം കടമ്മനിട്ടയ്ക്കു മടങ്ങിപ്പോയി.

www.malankaralibrary.com

1949 ഓഗസ്റ്റ് 10-ാം തീയതി അഞ്ചലിൽ മേരിമക്കളുടെ കന്യാസ്ത്രീമഠം തുടങ്ങി.

1949 ഓഗസ്റ്റ് 24-ാം തീയതി കാൻഡി സെമിനാരിയിൽവെച്ചു കാരിച്ചാൽ സി. റ്റി. ഗീവർഗ്ഗീസു പണിക്കരച്ചനും അയിരൂർ പന്തോളിൽ ഫിലിപ്പച്ചനും വൈദികപട്ടമേററു. ഡിസംബറിൽ അവർ തിരുവനന്തപുരത്തു വന്നു. ഇവർ രണ്ടു പേരും മടങ്ങിവന്നശേഷം വീണ്ടും പഠിച്ചു് എം. എ. പാസ്സായി. ഗീവർഗ്ഗീസുപണിക്കരച്ചൻ മാർ ഈവാനിയോസു കോളേജിലെ പ്രിൻസിപ്പളായും, പന്തോളിൽ ഫിലിപ്പച്ചൻ അഞ്ചൽ സെൻറ് ജോൺസു കോളേജിലെ പ്രിൻസിപ്പളായും ജോലിചെയ്തുവരുന്നു.

## ആശാരിയേത്തു അച്ചൻെറ മരണം

1949 സെപ്റ്റംബർ 21-ാം തീയതി പുനരൈക്യവിരോധിയായ ഒരു ഘാതകൻെറ കുത്തേററു് പ്രക്കാനത്തു് ആശാരിയേത്തു ഗീവർഗ്ഗീസച്ചൻ മരിച്ചു. ആ വിവരം അറികയാൽ ഞാൻ ഉടനെ ചീക്കനാൽ പള്ളിയിലെത്തി. അപ്പോഴേക്കു് പോസ്റ്റുമാർട്ടം കഴിഞ്ഞു് മൃതശരീരം പള്ളിയിൽ കൊണ്ടുവന്നിരുന്നു. ഞാൻ അച്ചൻെറ ശവസംസ്കാരം നടത്തി. അനേകം പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. അതുകഴിഞ്ഞു ഞാൻ പ്രക്കാനത്തു് ആശാരിയേത്തു് അച്ചന്റെ വീട്ടിൽ പോയി. എല്ലാവരെയും കണ്ടു സാന്ത്വനപ്പെടുത്തിയിട്ടു തിരികെ പോന്നു.

## എൻെറ കാവൽമാലാഖായുടെ സഹായം

1949 ഒക്ടോബർ 25-ാം തീയതി കറ്റാണത്തു മാങ്കാവിൽ തോമസ് മരിച്ചു. അതിരൂപതയ്ക്കു് പല സഹായങ്ങളും ചെയ്തിട്ടുള്ള ആളായിരുന്നു അദ്ദേഹം. ആ ശവസംസ്കാരത്തിനു ഞാൻ കററാണത്തു് പോയി. മടങ്ങിവരുമ്പോൾ കല്ലുവാതുക്കലെത്തി. ഡ്രൈവറുടെ ശ്രദ്ധക്കുറവുമൂലം കാർ ഒരു വശത്തേയ്ക്കു വഴുതി. ഡ്രൈവർ പെട്ടെന്നു് ഉണർന്നു. കാർ മറുവശത്തേയ്ക്കു് വെട്ടിത്തിരിച്ചു. അതുകണ്ടു് ഞാൻ ഇരുന്ന പുറകിലത്തെ സീററിൽനിന്നിറങ്ങി രണ്ടു സീറ്റിനും ഇടയിലായി പതുങ്ങി ഇരുന്നു. റോഡിന്റെ മറുവശത്തു വെള്ളമൊഴുകുവാൻ ഉള്ള ഗട്ടർ വെട്ടിയിരുന്നതു നല്ല കട്ടപ്പുള്ള കല്ലിലായിരുന്നു. കാറിന്റെ മുൻവശത്തെ വീൽ രണ്ടും

www.malankaralibrary.com

ആ ഗട്ടറിൽ ചെന്നു് തട്ടി. കാർ തല കുത്തി കീഴ്മേലായി മറിഞ്ഞു. വീലു് നാലും മുകളിലായി. ഞാൻ ഇരുന്ന സീറ്റിലെ മെത്ത പെട്ടന്നു് എന്റെ പുറത്തേയ്ക്കു വീഴുകയും ഞാൻ മെത്തപ്പുറത്താകുകയും ചെയ്തതിനാൽ എനിക്കു ദണ്ഡമൊന്നും പററാനും കൈകാലുകൾ ഒടിയുവാനും ഇടയായില്ല.

അപ്പോഴേയ്ക്കു കുറെ ക്രിസ്ത്യാനികളും ഓടിയെത്തി. കാറിന്റെ മേൽഭാഗം ചാക്കുതുണിയായിരുന്നു. സഡാൻ ബോഡിയല്ലായിരുന്നു. ഏതായാലും എല്ലാവരുംകൂടി കാർ പൊക്കി ത്തന്നു. ഞാൻ വെളിയിലേക്കിറങ്ങി. എനിക്കു് ചെറിയ ഒരു ഉരവുപോലും പററിയില്ല. "നിന്റെ കാലു് കല്ലിൽ തട്ടാതെയിരിപ്പാൻ നിന്റെ കാവൽദൂതൻ നിന്നെ താങ്ങിക്കൊള്ളും" എന്നു ദാവീദു് പറഞ്ഞിരിക്കുന്നതു് എനിക്കു അനുഭവത്തിലായല്ലോ എന്നോർത്തു് ഞാൻ ദൈവത്തെ സ്തുതിച്ചു.

എന്റെ കൂടെയുണ്ടായിരുന്ന പയ്യനും ഡ്രൈവർക്കും ഒന്നും പററിയില്ല. കാറിന്റെ കിടപ്പുകണ്ടിട്ടു അതു തകർന്നു് തരിപ്പണമായി എന്നു ഞാൻ വിചാരിച്ചു. അവിടെ വന്നവരെക്കൊണ്ടു് അതു പൊക്കിയെടുപ്പിച്ചു. പടിഞ്ഞാറെ പറമ്പിലെ കയ്യാലയ്ക്കകത്തു ഒരു വൃക്ഷച്ചുവട്ടിൽ ഇടുവിച്ചു. ഡ്രൈവറേയും വേലക്കാരനേയും അവിടെ റോഡരുകിലുള്ള ഒരു വീട്ടിൽ താമസിപ്പിച്ചിട്ടു ഞാൻ ലൈൻബസ്സുകയറി തിരുവനന്തപുരത്തെത്തി. തിരുമേനിയുടെ ഡ്രൈവർ വറുഗീസിനെ കല്ലുവാതുക്കലേക്കയച്ചു. അയാൾ ചെന്നു നോക്കിയപ്പോൾ കാറിന്റെ മേൽത്തട്ടി പൊക്കിവെയ്ക്കുവാനുള്ള ഫ്രെയിമിനല്ലാതെ മറെറാന്നിനും കേടില്ലെന്നു മനസ്സിലാക്കി. മേൽമൂടിയെല്ലാം മടക്കി കെട്ടിവച്ചു. കുറെ പെട്രോളും വാങ്ങിയൊഴിച്ചു ഡ്രൈവറേയും വേലക്കാരനേയും കയററി കാർ ഓടിച്ചു തിരുവനന്തപുരത്തു വരികയും ചെയ്തു.

## കൈപ്പടയ്ക്കൽ അച്ചന്റെ മരണം

1949 മെയ് 13-ാം തീയതി കൊട്ടാരക്കര പുലമൺ കൈപ്പടയ്ക്കൽ ജോസഫ് അച്ചൻ ഒരു സൈക്കിളിൽനിന്നു വീണു് ബോധമില്ലാതായതിനാൽ തിരുവനന്തപുരം ജനറലാശുപത്രിയിൽ കൊണ്ടുവന്നു. മൂന്നുനാലുദിവസം കഴിഞ്ഞു് മരിച്ചു. മൃതശരീരം കൊട്ടാരക്കര കൊണ്ടുപോയി സിറിയൻകത്തോലിക്കാ ശവക്കോട്ടയിൽ സംസ്ക്കരിച്ചു. ഞാനും ആ കബറടക്കത്തിനു പോയിരുന്നു.

www.malankaralibrary.com

1949 ൽ ചെങ്ങമനാട്ട്, നല്ലാനിക്കുന്ന്, ആലാ, വെട്ടിയാർ, പൊങ്ങലടി, മടത്തറ എന്നിവിടങ്ങളിൽ പുനരൈക്യപ്പെട്ടവർക്കായി ഞങ്ങൾ വസ്തുക്കൾ വാങ്ങി പള്ളി വച്ച് കർമ്മാദികൾ നടത്തിത്തുടങ്ങി.

## മി. കെ. എൻ. ദാനിയേലിൻെറ വെല്ലുവിളി

അക്കാലത്തു ചാക്കോ ദാനിയേൽ കേസിൽ മി. കെ. എൻ. ദാനിയേൽ വല്ല കള്ളവും പറഞ്ഞിട്ടുള്ളതായി ആർക്കെങ്കിലും തെളിയിക്കാമോ എന്നൊരു വെല്ലുവിളി അദ്ദേഹം മുഴക്കി. അദ്ദേഹം ആ കേസിൽ പല കള്ളങ്ങളും പറഞ്ഞിട്ടുള്ളതായി എനിക്കറിയാമായിരുന്നു. അതിനാൽ മി. ദാനിയേലിന്റെ മൊഴിപ്പകർപ്പു വരുത്തി അദ്ദേഹം പറഞ്ഞിട്ടുള്ള ഒൻപതു കള്ളങ്ങൾ എടുത്തു ഉദ്ധരിച്ചുകൊണ്ടു "മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ" എന്ന ശീർഷകത്തിൽ ഞാൻ ഒരു ലേഖനമെഴുതി. അതിൻെറ കോപ്പി മി. ദാനിയേലിനും അയച്ചുകൊടുത്തു. മി. ദാനിയേൽ അതു വായിച്ചശേഷം അതിനെല്ലാററിനും മറുപടി എഴുതുന്നതായാൽ ഒരു വലിയ പുസ്തകമായിപ്പോകുമെന്നും പ്രധാനപ്പെട്ട രണ്ടു് എണ്ണം ചൂണ്ടിക്കാണിച്ചുതന്നാൽ അതിനു മറുപടി പറയാമെന്നും കാണിച്ചു ഒരു കത്തു് എനിക്കയച്ചുതന്നു. പ്രധാനപ്പെട്ടതാണെന്നുപറഞ്ഞു് ഞാൻ രണ്ടെണ്ണം ചൂണ്ടിക്കാണിച്ചാൽ മററുള്ളതെല്ലാം അവാസ്ഥവങ്ങളാണെന്നു് ഞാൻതന്നെ സമ്മതിച്ചിരിക്കുന്നതായി ഒരു വ്യാജപ്രസ്ഥാവന അദ്ദേഹമിറക്കും എന്നു തോന്നിയതുകൊണ്ടു് എൻെറ ലേഖനത്തിനു് മറുപടി പറയാനുണ്ടെങ്കിൽ പറയുക എന്നു് മാത്രം ഞാൻ എഴുതി അയച്ചു. അതിനു് അങ്ങിനെയൊക്കെ മൊഴികൊടുക്കാനുണ്ടായ കാരണം എന്തെല്ലാമാണെന്നു് കാണിക്കുന്ന ഒരു മറുപടിയാണു് അദ്ദേഹം പ്രസിദ്ധം ചെയ്തതു്. അദ്ദേഹത്തിൻെറ മൊഴി കള്ളമല്ലെന്നു തെളിയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അങ്ങിനെ ആ വീരവാദം അവസാനിച്ചു.

## ഇൻഡ്യയിലെ ദേശീയ സുന്നഹദോസ്

1950 ജനുവരി 18-ാം തീയതി ഇൻഡ്യയിലെ പ്രഥമ ദേശീയ സുന്നഹദോസ് ബാങ്ക്ളൂരിൽവച്ചു കൂടി. അതു മംഗളമായി അവസാനിച്ചു.

www.malankaralibrary.com

1950 ജൂൺ 18-ാം തീയതി മലഞ്ചരുവിൽ ജോർജ്ജ് ശെമ്മാശനും കവിയൂർ വടശേരിൽ ഗീവറുഗീസ് ശെമ്മാശനും മാർ ഈവാനിയോസിൽനിന്നും വൈദികപ്പട്ടമേററു.

1950 ഓഗസ്റ്റ് 6-ാം തീയതി കൈനകരി മുണ്ടപ്പള്ളിൽ യാക്കോബ് ശെമ്മാശനും പുത്തൻകാവിൽ തെക്കേടത്തു എബ്രഹാം ശെമ്മാശനും മാർ ഈവാനിയോസ് തിരുമേനിയിൽനിന്നും വൈദികപട്ടമേററു.

ഒരു പെന്തിക്കോസ്തുകാരൻെറ കുഞ്ഞിനു ദീനമായിട്ട് പ്രാർത്ഥിച്ചു സുഖപ്പെടുത്താമെന്നു പറഞ്ഞു് കുറെ പെന്തിക്കോസ്തു ഉപദേശിമാർ കുഞ്ഞിനെ ചികിത്സിപ്പിക്കാനനുവദിക്കാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രാപകലില്ലാതെ രണ്ടുമൂന്നുദിവസം പ്രാർത്ഥന കഴിച്ചിട്ടും രോഗം സുഖപ്പെടാതെ ആ കുഞ്ഞു് മരിക്കാനിടയായി. അതിനാൽ രോഗശാന്തിവരത്തെപ്പററി ഞാൻ ഒരു ലഘുപത്രികയെഴുതി പ്രസിദ്ധം ചെയ്തു.

## അത്ഭുത രോഗശാന്തിവരത്തെപ്പററിയുള്ള എൻെറ ലഘുപത്രിക

ചില പെന്തിക്കോസ്തുകാർ പ്രാർത്ഥിച്ചു രോഗശമനം വരുത്തിക്കൊടുക്കാമെന്നു പറഞ്ഞു് സാധുക്കളായ രോഗികളെ ചികിത്സിപ്പിക്കാൻ അനുവദിക്കുന്നില്ല. പ്രാർത്ഥിച്ചു രോഗശമനം വരുത്താം. അതിനുള്ള വരം എല്ലാ പെന്തിക്കോസ്തു പാസ്റ്റർമാർക്കും ഉപദേശിമാർക്കും ഉണ്ടെന്നു പറയുന്നതു ശരിയല്ല. പൗലോസു പറയുന്നതു കേൾക്കുക: 'എല്ലാവർക്കും രോഗശാന്തിവരം ഉണ്ടോ? എല്ലാവരും ഭാഷകളിൽ സംസാരിക്കുന്നുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ?' (1 കോറി. 12. 30) ഇതിൽനിന്നും രോഗശാന്തിവരം ഒരു പ്രത്യേക വരമാണെന്നും. അതു് എല്ലാവർക്കുമില്ലെന്നും ഗ്രഹിക്കാവുന്നതാണ്. കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്. (1 കോറി 12. 4. 9.) ചിലതു കൈവെയ്പുമൂലം ലഭിക്കാവുന്നതാണ്. എന്നാൽ ചിലതു കൈവെയ്പുമൂലം ലഭിക്കുന്നതല്ല. പ്രത്യേക ദൈവപ്രസാദത്താൽ മാത്രമേ രോഗശാന്തിവരം ലഭിക്കുകയുള്ളു. അതു കിട്ടിയിട്ടുള്ളവർ പ്രാർത്ഥിച്ചാൽ ഒട്ടും താമസിയാതെ അപ്പോൾത്തന്നെ രോഗശമനം ലഭിക്കുന്നതാണ്. അങ്ങനെ രോഗശമനം ഉണ്ടായില്ലെങ്കിൽ ചികിത്സിപ്പിക്കാവുന്നതാണ്.

www.malankaralibrary.com

മുടന്തനായി ജനിച്ച ഒരുവനോടു, 'നീ കർത്താവിൻെറ നാമത്തിൽ എഴുന്നേററു നടക്കുക' എന്നു പത്രോസു പറഞ്ഞു. ഉടനെ അവൻ ചാടി എഴുന്നേററു. (അപ്പോ. പ്ര. 3, 8.) ലുദ്ദയായിൽവച്ചു് ഒരു പക്ഷവാതക്കാരനെ പത്രോസു സൗഖ്യമാക്കി. അവൻ ഉടനെ എഴുന്നേററു (അപ്പോ. പ്ര. 9, 33—34.) ലുസ്ത്ര എന്ന സ്ഥലത്തുവെച്ചു പൗലോസു്, ഒരിക്കലും നടന്നിട്ടില്ലാത്ത ഒരു മുടന്തനെ സൗഖ്യമാക്കി. അവൻ കുതിച്ചെഴുന്നേററു. (അപ്പോ. പ്ര. 14, 8—10.) പബ്ലിയൻ എന്ന ദ്വീപിലെ പ്രമാണിയുടെ പിതാവിൻെറ പനിയും, അതിസാരവും പൗലോസു കൈവെച്ചു പ്രാർത്ഥിച്ചു സൗഖ്യമാക്കി. (അപ്പോ. പ്ര. 28, 8.) ഇങ്ങനെ പലർക്കും രോഗശമനമുണ്ടായിട്ടുണ്ടു്.

ദൈവത്തിൽ പരിപൂർണ്ണവിശ്വാസമുള്ള അനേകരും രോഗശമനത്തിനു മരുന്നുപയോഗിച്ചിട്ടുണ്ടു്. മരുന്നിനു രോഗശമനശക്തി കൊടുത്തിരിക്കുന്നതും ദൈവമാണു്. ആകയാൽ ചികിത്സ വിലക്കി രോഗികളെ അപകടത്തിൽ ചാടിക്കുന്നതു തെററാണു്. മനുഷ്യൻെറ പാപത്തിനു ദൈവം നല്കിയിരിക്കുന്ന പരിഹാരമാർഗ്ഗമാണു് അനുതാപം, കുമ്പസാരം, വി. കുർബാനാനുഭവം മുതലായവ. ഈ പെന്തക്കോസ്തുകാർ അതെല്ലാം വിലക്കുകയും ചെയ്യുന്നു.

പ്രാർത്ഥിച്ചു രോഗിയെ സുഖപ്പെടുത്താമെന്നുള്ളവർ അങ്ങനെ ചെയ്യട്ടെ. അതിനു ചികിത്സ വിലക്കണമെന്നില്ലല്ലോ. സുഖമുള്ളവർക്കല്ല, രോഗികൾക്കാണു് വൈദ്യനെക്കൊണ്ടാവശ്യമുള്ളതു്. (മത്താ. 9—12.) എന്നു യേശുതന്നെ പറഞ്ഞിട്ടുണ്ടു്. കള്ളന്മാരുടെ കുത്തും വെട്ടും ഏററുകിടന്നവൻെറ മുറിവിൽ എണ്ണയും വീഞ്ഞും പകർന്നു വെച്ചുകെട്ടിയ നല്ല ശമരിയാക്കാരനെപ്പററി യേശു പുകഴ്ത്തി പറഞ്ഞിട്ടു് "നീയും പോയി അതുപോലെ ചെയ്യുക" എന്നു് പറഞ്ഞിരിക്കുന്നു. (ലൂക്കോ. 10, 37.) വയററുവേദനക്കാരനായ തീമോത്തിയോസിനോടു്, 'അല്പം വീഞ്ഞു് കുടിച്ചുകൊള്ളുവാൻ' പൗലോസ് ഉപദേശിച്ചു. (1, തീമോ. 5, 23.) പ്രാർത്ഥിച്ചു് ആ സുഖക്കേടു് മാററിക്കൊടുക്കുവാൻ പൗലോസിനു കഴിവുണ്ടായിരുന്നിട്ടും അല്പം വീഞ്ഞു് കുടിച്ചുകൊള്ളുവാൻ ഉപദേശിക്കയാണു ചെയ്തതു്. ഒരു സുവിശേഷഗ്രന്ഥവും

www.malankaralibrary.com

അപ്പോസ്തലന്മാരുടെ നടപടികളുമെഴുതിയ ലൂക്കോസ് ഒരു വൈദ്യനായിരുന്നു. (കൊലോ. 4, 14.)

ഹെസക്കിയാ രാജാവിന്റെ പരുവിന് അത്തിപ്പഴക്കുഴമ്പുണ്ടാക്കിയിടണമെന്ന് യേശയ്യാ ദീർഘദർശി ഉപദേശിച്ചു. (ഏശാ. 38, 21.) (രണ്ടു രാജാ. 20. 7.) ആ മരുന്നിട്ടു രാജാവ് സുഖം പ്രാപിക്കയും ചെയ്തു. വേദപുസ്തകസാക്ഷ്യം ഇങ്ങനെയിരിക്കെ, ചികിത്സ വിലക്കുകയും "പ്രാർത്ഥിച്ചു രോഗങ്ങൾ സുഖപ്പെടുത്തുന്ന ഒരാൾ വന്നിരിക്കുന്നുവെന്നും, അദ്ദേഹം പ്രസംഗയോഗത്തിലുണ്ടായിരിക്കുമെന്നും, എല്ലാവരുമായോഗത്തിൽ വന്നുചേരണമെന്നും, സ്തോത്രക്കാഴ്ച പിരിവുണ്ടായിരിക്കു"മെന്നും ഒക്കെ അച്ചടിപ്പിച്ചിട്ടുള്ള പരസ്യങ്ങളും, വാൾപ്പോസ്റ്ററുകളുമായി നടക്കുന്ന ഇവർ പണം മോഹിച്ച് കുഞ്ഞാടിന്റെ വേഷത്തിൽ വരുന്ന ചെന്നായ്ക്കളാണെന്ന് മനസിലാക്കണം. ഇതു ക്രിസ്തുമതത്തിന് ഒരു അവഹേളനമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല' എന്നായിരുന്നു എന്റെ ആ ലഘുലേഖയിലെ ചുരുക്കം.

1950 ൽ ചാരുംമൂട്, പൊങ്ങലടി കിഴക്ക് എന്നീ സ്ഥലങ്ങളിൽ വസ്തു എഴുതിവാങ്ങി പള്ളികൾവെച്ച് ഞങ്ങൾ ഇടവക നടത്തിത്തുടങ്ങി.

## ചൂളപ്പുറമ്പിൽ തിരുമേനിയുടെ കബറടക്കം

കോട്ടയം മെത്രാനായിരുന്ന മാർ അലക്സാണ്ഡർ ചൂളപ്പുറമ്പിൽ തിരുമേനി 1951 ജനുവരി 8-ാം തീയതി കാലംചെയ്തു. തിരുമേനിക്കു ദീനമാണെന്നറിഞ്ഞു തറയിൽ മാർ തോമസു തിരുമേനി ഇംഗ്ലണ്ടിൽനിന്നും കോട്ടയത്തു മടങ്ങിവന്നു. വിവരമറിഞ്ഞു മാർ ഈവാനിയോസു തിരുമേനിയും ഞാനും കോട്ടയത്തിനു പോയി. 9-ാം തീയതി കബറടക്കത്തിൽ സംബന്ധിച്ചു ശേഷം മടങ്ങിപോന്നു.

1951 ജനുവരി 2-ാംതീയതി ഈരേഴ ബഥനിമഠം തുടങ്ങി. ഫാദർ മാത്യു ഏഴാനിക്കാടിന്റെ അപ്പനു രോഗം അല്പം കൂടുതലാണെന്നു കേട്ട് ഞാൻ പോയി അദ്ദേഹത്തെ സന്ദർശിച്ചു മടങ്ങിപ്പോന്നു. അദ്ദേഹം 1951 ഫെബ്രുവരി 19-ാം തീയതി നിര്യാതനായി.

www.malankaralibrary.com

## എൻെറ ഡൊമസ്റ്റിക്ക പ്രിലേററ സ്ഥാനം

1951 ഏപ്രിൽ 18-ാംതിയതി അടൂർവെച്ചു ഡൊമസ്റ്റിക്ക പ്രിലേററുസ്ഥാനവസ്ത്രങ്ങൾ തിരുമേനി എനിക്കു നല്കി. അന്നു മാർ ഈവാനിയോസു തിരുമനസ്സിലെ മെത്രാൻസ്ഥാനത്തിൻെറ രജതജൂബിലി ഞങ്ങൾ അടൂർവെച്ചാഘോഷിക്കുകയായിരുന്നു. അതുകഴിഞ്ഞു പുത്തൻപീടിക പള്ളിക്കാർ എന്നെ ക്ഷണിച്ചു കൊണ്ടുപോയി അനുമോദിക്കുകയും പുത്തൻപീടിക ഇടവകക്കാരുടെ പുനരൈക്യജൂബിലിമഹാമഹം എൻെറ അദ്ധ്യക്ഷതയിൽ ആഘോഷമായി കൊണ്ടാടുകയും ചെയ്തു. കൊട്ടാരക്കര തെക്കേടത്തു ജോർജ്ജ് ശെമ്മാശനു് 1951 ഏപ്രിൽ 18-ാം തീയതി അടൂർ പള്ളിയിൽവെച്ചു തിരുമേനി വൈദികപട്ടം കൊടുത്തു.

1951 മെയ് 2-ാം തീയതി ഞാൻ ഏത്തുർ പള്ളയിൽ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി.

1951 മെയ് 22-ാം തീയതി കോട്ടയത്തു കൊണ്ടാട്ടുപറമ്പിൽ കുടുംബാംഗവും തിരുവിതാംകൂറിൽ ആദ്യം ഒരു ഇംഗ്ലീഷു പത്രം തുടങ്ങിയ ആളും ഡെയിലി ന്യൂസുപത്രത്തിന്റെ എഡിററുമായ മി. ജേക്കബ് പോത്തനും കുടുംബാംഗങ്ങളും കത്തോലിക്കാസഭയിൽ ചേർന്നു.

1951 ജൂൺമാസം 12-ാം തീയതി അമേരിക്കയിൽനിന്നും ബ. നങ്ങച്ചിവീട്ടിലച്ചൻ മടങ്ങിവന്നു. അദ്ദേഹത്തെ സ്വീകരിക്കുവാനായി ഞാനും എയ്റോഡ്രോമിൽ പോയി. അദ്ദേഹം വന്നു് ഫാദർ ബനഡിക്ട് ഒ. ഐ. സി. യിൽനിന്നും മാർ ഈവാനിയോസു കോളേജിന്റെ പ്രിൻസിപ്പൽസ്ഥാനം ഏറ്റുവാങ്ങിച്ചു. റവ. ഫാ. ബനഡിക്ട് തിരുവനന്തപുരം ആർച്ചുബിഷപ്പായി കുറെവർഷം കഴിഞ്ഞപ്പോൾ, ബ. നങ്ങച്ചിവീട്ടിലച്ചൻ പ്രിൻസിപ്പൽസ്ഥാനം രാജിവെച്ചിട്ടു ചങ്ങനാശേരി രൂപതയിൽ ചേരുകയും ചങ്ങനാശേരി സെൻറ് ബർക്കുമൻസു കോളേജിൽ ഒരു ഉദ്യോഗം സ്വീകരിച്ചു് അവിടെ പ്രവേശിക്കുകയും ചെയ്തു.

## അഞ്ചൽ ആശുപത്രിമന്ദിരം

1951 ജൂൺ 25-ാം തീയതി അഞ്ചൽ ആശുപത്രിക്കെട്ടിടത്തിനു കല്ലിട്ടു. പ്രോ. വികാരിജനറാൾ വെരി. റവ. ഫാദർ

www.malankaralibrary.com

ആൻറണി കേളംപറമ്പിലാണ് ആ കർമ്മം നിർവ്വഹിച്ചതു്. ആയിടെ വേദസിദ്ധാന്തബോധിനിക്കാരുടെ അബദ്ധോപദേശങ്ങൾക്കു ഞാൻ മറുപടി എഴുതി.

1951 ജൂലൈ 8-ാം തീയതി ഞാൻ അമ്പിലികോണം പള്ളിയിൽ പോയി. മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളിനോടനുബന്ധിച്ചു മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1951 ആഗസ്റ്റ് 15-ാം തീയതി ഫാദർ തോമസു വിളയിലിൻെറ പട്ടം കൊടയിൽ ഞാൻ സംബന്ധിച്ചു.

അയ്യനേത്തു ദാനിയേലച്ചൻ കാൻഡി സെമിനാരിയിൽ വച്ചു 1951 ആഗസ്റ്റ് 24-ാം തീയതി പട്ടമേററശേഷം തിരുവനന്തപുരത്തു മടങ്ങിയെത്തി. അദ്ദേഹത്തെ സ്വീകരിക്കുവാൻ ഞാനും പോയിരുന്നു. ഇങ്ങനെ രണ്ടു വൈദികർകൂടി അതിരൂപതയ്ക്കുണ്ടായതിൽ എല്ലാവരും സന്തോഷിച്ചു.

ഫാദർ ഡാനിയേൽ അയ്യനേത്തു പിന്നീടു പഠിച്ച് എം. എ. പാസായി. ഇപ്പോൾ അഞ്ചൽ കോളേജിൽ വൈസ് പ്രിൻസിപ്പളായി ജോലിനോക്കുന്നു. ഇദ്ദേഹം ഒരു നല്ല സുവിശേഷ പ്രസംഗകനുമാണ്.

1951 സെപ്റ്റംബർ 1-ാം തീയതി ഞാൻ ശൂരനാട്ടു പള്ളിയിൽ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. അതുകഴിഞ്ഞു് 6-ാംതീയതിമുതൽ പിറവന്തൂർപള്ളിയിൽ പോയി രണ്ടുദിവസത്തെ പ്രസംഗയോഗം നടത്തി. പിന്നീട് ഞാൻ കറവൂർ പള്ളിയിലേയ്ക്കു പോയി. അൻപതോളം പേരെ കത്തോലിക്കാസഭയിൽ ചേർത്തു. അനന്തരം തിരുവനന്തപുരം അതിരൂപതയിലുള്ള ഇടവകകളിലെ ആചാരാനുഷ്ഠാനങ്ങളുടെ ക്രമീകരണത്തിനു വൈദികരുടെ ഒരു യോഗം തിരുവനന്തപുരത്തുവെച്ചു നടത്തി. ആ കമ്മററിയുടെ ചെയർമാനായി എന്നെ നിയമിച്ച് റോമിലേയ്ക്കെഴുതുകയും ചെയ്തു.

## റവ: മദർ ശൈനായുടെ നിര്യാണം

1951 ഒക്ടോബർ 10-ാം തീയതി ബഥനിമഠത്തിലെ വെ. റവ മദർ ശൈനാ കർത്താവിൽ നിദ്രപ്രാപിച്ചു. മരണക്കിടക്കയുടെ അരികൽ ഞാനും ഉണ്ടായിരുന്നു. ശവസംസ്കാരം തിരുവ

www.malankaralibrary.com

നന്തപുരം ബഥനിമഠത്തിൻെറ സെമിത്തേരിയിൽ നിർവ്വഹിക്കുകയും ചെയ്തു. അനേകം കന്യാസ്ത്രികളും വൈദികരും അതിൽ സംബന്ധിച്ചിരുന്നു.

1951 ഒക്ടോബർ 2-ാം തീയതി കായംകുളം ബഥനിമഠം തുടങ്ങി.

1951 ഒക്ടോബർ 28-ാം തീയതി കാഞ്ഞിരംപാറ ഡിസ്ട്രിക്ടിലുള്ള എല്ലാ ഇടവകകളുംകൂടി ഏകോപിച്ചു നടത്തിയ രാജത്വതിരുനാളാഘോഷവും പൊതുയോഗവും എൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

1951 ൽ മണ്ണൂർ, പുതുശേരിഭാഗം, പരുത്തിക്കുഴി എന്നിവിടങ്ങളിൽ വസ്തുക്കൾ എഴുതിവാങ്ങിച്ച് പള്ളിവെച്ചു ഞങ്ങൾ ഇടവകകൾ നടത്തിത്തുടങ്ങി.

1952 ജനുവരി 27-ാം തീയതി നെല്ലിമൂട്ട് ഡി. എം. മഠം തുടങ്ങി.

## മാർ ഈവാനിയോസിൻെറ രോഗം

അമേരിക്കൻപര്യടനം കഴിഞ്ഞുവന്ന് മാർ ഈവാനിയോസുതിരുമേനി സുഖമില്ലാതെ ചികിത്സാർത്ഥം മദ്രാസിനു പോകയും അവിടെവെച്ച് ഒരു ഓപ്പറേഷൻ നടത്തിയശേഷം അവിടെ വലിയ ചൂടായിരുന്നതിനാൽ ബാംഗ്ളൂരിൽ സെൻറ് മാർത്താസ് ഹോസ്പിററലിലേയ്ക്കു പോകുകയും കുറേനാൾ അവിടെ താമസിച്ചശേഷം 1952 ഓഗസ്റ്റ് 10-ാം തീയതി തിരുവനന്തപുരത്തിനു പോരികയും ചെയ്തു. അതിനുശേഷം സെപ്റ്റംബർ 2-ാംതീയതി തിരുമേനിക്ക് കന്തീലാ എന്ന അന്ത്യതൈലാഭിഷേകകർമ്മം നടത്തി. അതിൽ നാലു മെത്രാന്മാർ സംബന്ധിച്ചിരുന്നു.

'നിത്യനരകമില്ലെ'ന്നുള്ള റസ്സൽസഭക്കാരുടെ ദുരുപദേശത്തെ ഖണ്ഡിച്ചു ഞാൻ ഇക്കാലത്തു് ഒരു ലേഖനമെഴുതി കാഹളത്തിൽ പ്രസിദ്ധം ചെയ്തു.

1952 സെപ്റ്റംബർ 18-ാംതീയതി കൊച്ചുകല്ലിൽ ഫീലിപ്പോസച്ചനു സുഖക്കേടാണെന്നറിഞ്ഞു ഞാൻ അവിടെ പോയി കന്തീലാശുശ്രൂഷ നടത്തി. അനേകം പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു.

www.malankaralibrary.com

1952 സെപ്റ്റംബർ 27-ാം തീയതി എന്റെ ജ്യേഷ്ഠ സഹോദരൻ ചേപ്പാട്ടു ചേമത്തു ഗീവർഗ്ഗീസ് ഇച്ചായൻ നിര്യാതനായി. മാർ സേവേറിയോസു തിരുമേനി വന്നു അന്ത്യകൂദാശ കൊടുത്തശേഷം കുറേദിവസങ്ങൾ കഴിഞ്ഞാണു് ഇച്ചായൻ മരിച്ചതു്. ശവസംസ്കാരം 28-ാം തിയതി നടത്തി. ഞാനായിരുന്നു പ്രധാന കാർമ്മികൻ. അനവധി പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. ചേപ്പാട്ടുള്ള കത്തോലിക്കാശവക്കോട്ടയിൽ അടക്കി.

## ഫാദർ സക്കറിയാസ് തെക്കേടത്തു

1952 ഒക്ടോബർ 17-ാം തീയതി കൊട്ടാരക്കര തെക്കേടത്തു സഖറിയാസച്ചൻ വെല്ലൂരാശുപത്രിയിലെ ചികിത്സയിൽ സുഖം ലഭിക്കാതെ തിരിച്ചുവന്നു. അദ്ദേഹത്തിന്റെ കന്തീലാ ശുശ്രൂഷ എന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.

1952 നവംബർ 20-ാം തീയതി അദ്ദേഹം മരിച്ചു. ഞാൻ ഉടനെ അവിടെ പോയി. അദ്ദേഹത്തിന്റെ ശവസംസ്കാരം അദ്ദേഹം ആവശ്യപ്പെട്ടിരുന്നപ്രകാരം കൊട്ടാരക്കര ലത്തീൻപള്ളിയുടെ സെമിത്തേരിയിൽ നിർവ്വഹിക്കുകയും ചെയ്തു.

## വേദവായനക്രമം

ഇക്കാലത്തായിരുന്നു പള്ളിയിൽ വായിക്കേണ്ട "വേദവായനക്രമം" എന്ന പുസ്തകം ഞാൻ അച്ചടിപ്പിച്ചതു്. ചെങ്ങന്നൂർ പള്ളിയിൽവെച്ചു മാർത്തോമ്മാശ്ലീഹായുടെയും സെൻറ് സേവ്യറിൻേറയും പെരുനാളിനോടനുബന്ധിച്ചു് ഞാൻ അവിടെ മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. പിന്നീടു ഞാൻ അമ്പിലികോണം പള്ളിയിൽ പോയി അവിടെവെച്ചും ഒരു പ്രസംഗ യോഗം നടത്തി.

## മാർ ഗ്രിഗോറിയോസുതിരുമേനിയുടെ സ്ഥാനാരോഹണം

1953 ജനുവരി 29-ാം തീയതി ബനഡിക്ട് മാർ ഗ്രിഗോറിയോസു തിരുമേനിയുടെ മെത്രാൻസ്ഥാനാഭിഷേകം നടന്നു. അനേകം മെത്രാന്മാരും വലിയ ഒരു ജനക്കൂട്ടവും ഒട്ടേറെ വൈദികരും കന്യാസ്ത്രീകളും അതിൽ സംബന്ധിച്ചു. അഭിഷേകകർമ്മം

www.malankaralibrary.com



തിരുവനന്തപുരം ആർച്ച്ബിഷപ്പ്

**ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി**

www.malankaralibrary.com

നടത്തിയ മൂന്നുപേരിൽ പ്രധാന കാർമ്മികൻ മാർ ഈവാനിയോസു തിരുമേനിയും മററു രണ്ടുപേരിൽ ഒന്നു് മാർ സേവേറിയോസു തിരുമേനിയും, ഒരാൾ കോട്ടയം തോമസുതറയിൽ തിരുമേനിയും ആയിരുന്നു.

1953 ഫെബ്രുവരി 12-ാം തീയതി കൈനകരി നങ്ങച്ചിവീട്ടിൽ അന്തോനിച്ചൻ മരിച്ചു. മാർ സേവേറിയോസ് തിരുമേനിയും ഞാനും പോയിരുന്നു ചരമപ്രസംഗം ഞാൻ നടത്തി.

1953 മെയ്മാസം 14-ാം തിയതി സ്വർഗ്ഗാരോഹണ തിരുനാളിൽ നെല്ലിക്കാക്കുഴി കാക്കത്തോട്ടത്തു ലോറൻസ് അച്ചനും, കായംകുളത്തു കിളിലേത്തു സഖറിയാസച്ചനും പട്ടം ചെറുപുഷ്പദേവാലയത്തിൽവെച്ചു് വൈദികപട്ടം സ്വീകരിച്ചു.

1953 നവംബർ 29, 30 തീയതികളിൽ കാട്ടൂർ, കീക്കൊഴൂർ എന്നീ ഇടവകകളുടെ ഏകോപിച്ചുള്ള പെരുനാൾമഹാമഹം കൊണ്ടാടി. രണ്ടു് ഇടവകക്കാരും കൂടി ചേർന്നു എനിക്കു് ആഘോഷമായ ഒരു സ്വീകരണം നല്കി.

## സിസ്റ്റർ ശ്മൂതിയുടെ നിര്യാണം

1953 മാർച്ചു് 22-ാം തീയതി നങ്ങ്യാർകുളത്തു പഠിപ്പിച്ചിരുന്ന റവ. സിസ്റ്റർ ശ്മൂതി എസ്. ഐ. സി. നിര്യാതയായി. മൃതദേഹം തിരുവനന്തപുരത്തു കൊണ്ടുവന്നു് മഠംവക സെമിത്തേരിയിൽ സംസ്കരിച്ചു. ഞങ്ങൾ എല്ലാവരും അതിൽ സംബന്ധിച്ചിരുന്നു. കറ്റാനത്തു് ആന്നിയിൽ കുടുംബാംഗമായിരുന്നു സിസ്റ്റർ. അക്കാലത്തായിരുന്നു ഒരു യാക്കോബായ പട്ടക്കാരനായിരുന്ന ഫാദർ, കെ. പി. പൗലോസ് 'ക്രിസ്തുവിൽ ഏകസ്വഭാവമേയുള്ളു' എന്നു പറഞ്ഞു് 'മലങ്കരസഭാ'മാസികയിൽ ഒരു ലേഖനം എഴുതിയതു്. ഞാൻ അതിനെ ഖണ്ഡിച്ചു് ക്രിസ്തുവിൽ ഏകയാളും രണ്ടു സ്വഭാവവും ഉണ്ടെന്നു കാണിച്ചു് ഒരു ലേഖനമെഴുതി.

## ക്രിസ്തുവിൽ ഏകമൂർത്തിയും രണ്ടു സ്വഭാവവും

ക്രിസ്തു വെറും ഒരു മനുഷ്യൻ മാത്രമല്ല; ദൈവം മനുഷ്യരൂപത്തിൽ വന്നയാളാണു്. ചുവന്ന കോഴിവാലൻ ചെടിയുടെ ഒരു കമ്പു മുറിച്ചിട്ടു് തൽസ്ഥാനത്തു് മഞ്ഞക്കോഴിവാലൻചെടിയുടെ ഒരു കമ്പു് ഗ്രാഫ്റ്റുചെയ്തു ചേർത്താൽ ചുവന്ന കോഴിവാലന്റെ തായ്ത്തടിയിൽ രണ്ടുതരം കോഴിവാലനും ഉണ്ടായി

www.malankaralibrary.com

രിക്കും. അതുപോലെ ദൈവത്തിന്റെ വചനം തന്റെ ദൈവ സ്വഭാവം കളയാതെ മനുഷ്യസ്വഭാവം കൂടി സ്വീകരിച്ചു വന്നാൽ ആ ആളിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവും ഉണ്ടായിരിക്കും.

ദൈവസ്വഭാവം മരണമില്ലാത്തതാണ്. മനുഷ്യസ്വഭാവം മരണം ഉള്ളതാണ്. അതു രണ്ടുംകൂടി യോജിച്ചാൽ ഏതെങ്കിലും ഒന്നു നഷ്ടപ്പെട്ടുപോകും. അങ്ങനെ നഷ്ടപ്പെട്ടിട്ടില്ല എന്നു കാണിപ്പാനാണ് യാക്കോബായക്കാർ അവരുടെ കൗമാ പ്രാർത്ഥനയിൽ 'മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു'വെന്നു ചൊല്ലിയ ശേഷം 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ', – അതായതു് ക്രൂശിൽ മരിച്ചവനെ – ഞങ്ങളെ അനുഗ്രഹിക്കണമെ! എന്നു ചൊല്ലുന്നതു്. ക്രിസ്തു ക്രൂശിൽ മരിച്ചവനാണ്. എന്നാൽ മരണമില്ലാത്തവനുമാണ്. ആകയാൽ ദൈവവചനമാകുന്ന ക്രിസ്തു എന്ന ഏകയാളിൽ രണ്ടു വ്യത്യസ്തസ്വഭാവങ്ങളുണ്ടു്. ഈ സത്യോപദേശം കൗമാപ്രാർത്ഥന ചൊല്ലുന്ന യാതൊരു യാക്കോബായക്കാരനും മാർത്തോമാക്കാരനും നിഷേധിക്കാവുന്നതല്ല എന്നു കാണിച്ചുകൊണ്ടു് ആ ഏകസ്വഭാവവാദത്തിനു ഞാൻ മറുപടി എഴുതി. അദ്ദേഹം അതിനു മറുപടി പറഞ്ഞില്ല.

## ഏക പരമാധികാരി വേണ്ടയോ?

1953 മെയ്മാസത്തിൽ നാം ഒരു പരമാധികാരിയെ സ്വീകരിച്ചു നില്ക്കേണ്ട ആവശ്യകതയെക്കുറിച്ചു ഞാൻ എഴുതി. "അൽഹോയി കീപ്പോ ദ്ബെസ് ശെമ ഊൻറിശ് തൽ മീദെബനിയോനോ ലോ ദോ ഹലോ നോ ഈത്തോ നോസ്തവ മറാസ്" എന്ന യാക്കോബായക്കാരുടെ ശനിയാഴ്ചനമസ്കാരഗാനം ഞാൻ ഉദ്ധരിച്ചു. ഞാൻ ശ്ലീഹന്മാരുടെ തലവനായ ശെമഊൻ കീപ്പാമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഞാൻ ഭയപ്പെടുകയില്ല എന്നു സഭ പറയുന്നതായി ആ ഗാനത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ ക്രൈസ്തവസഭകളെല്ലാം ഏശു നിയമിച്ചാക്കിയിരിക്കുന്ന ഏക തലവനായ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായെ സ്വീകരിച്ചു നില്ക്കേണ്ടതാണ്. അകത്തോലിക്കർ പറയുന്നതു ഓരോ സഭയും സ്വതന്ത്രമായി നില്ക്കാമെന്നാണ്. അതേസമയം എല്ലാ സഭകളും യോജിച്ചു് പോകണമെന്നും ഐക്യം വേണമെന്നും പ്രസംഗിക്കുകയും ചെയ്യും. ഇതൊരു വിരോധാഭാസമല്ലേ?

www.malankaralibrary.com

ഇതു പറയുമ്പോൾ എല്ലാസഭകളുംകൂടെ കൂടി ഭൂരിപക്ഷ മനുസരിച്ചു തീരുമാനിക്കേണ്ട ഒരു സംഗതിയാണ് അതെന്നു പറയും. ആ അഭിപ്രായം ആദരിച്ചു പ്രായപൂർത്തിയവകാശ ക്രമത്തിലുള്ളവോട്ടിനു വരട്ടെ. ലോകത്തിലുള്ള ക്രിസ്ത്യാനികളിൽ പകുതിയിൽ കൂടുതൽ കത്തോലിക്കരാണ്. വോട്ടെടുത്താൽ പകുതിയിൽ കൂടുതൽ വോട്ട്, പരമാധികാരിയായി ഒരു പൊതു തലവൻ വേണമെന്നുള്ളതിനായിരിക്കും ലഭിക്കുന്നത്, പല ആരാധനക്രമങ്ങൾ കത്തോലിക്കാസഭ അനുവദിക്കുന്നുണ്ട്. ഒരു പരമാധികാരിയെ ക്രിസ്തു നിയമിച്ചിട്ടുമുണ്ട്. ആ സ്ഥിതിക്ക് ക്രിസ്തു നിയമിച്ചാക്കിയ പൊതു തലവനെ നിഷേധിച്ചുകൊണ്ട് നില്ക്കുന്നതു തെറ്റാണ് എന്നു കാണിച്ചുകൊണ്ട് എന്റെ ലേഖനം അവസാനിപ്പിച്ചു.

## മാർ ഈവാനിയോസ് തിരുമേനിയുടെ മരണം

1953 ജൂലൈ 15-ാനു മാർ ഈവാനിയോസു തിരുമേനി തന്റെ 72-ാമത്തെ വയസ്സിൽ തിരുവനന്തപുരം പട്ടം അരമനയിൽ വെച്ച് കാലം ചെയ്തു. അപ്പോൾ ഞാൻ തിരുമേനിയുടെ അടുത്തുണ്ടായിരുന്നു. മൃതശരീരം അപ്പോൾ തന്നെ അംശവസ്ത്രങ്ങളണിയിച്ചു പാളയം പ്രൊകത്തീഡ്രൽ പള്ളിയിലേയ്ക്കു കൊണ്ടുപോയി. മാർ സേവേറിയോസു തിരുമേനിയും മാർഗ്രിഗോറിയോസു തിരുമേനിയും ഉണ്ടായിരുന്നു. വി. കുർബാനയും പ്രസംഗവും കഴിഞ്ഞു് അലങ്കരിച്ച ഒരുലോറിയിൽ പട്ടം അരമനയോടു ചേർന്നുള്ള കത്തീഡ്രൽ പള്ളിയിലേയ്ക്കു കൊണ്ടുവന്നു. ആ ലോറിയിൽ ഞാനുമുണ്ടായിരുന്നു. വലിയ ഒരു ജനക്കൂട്ടവും ഉണ്ടായിരുന്നു. പട്ടം പള്ളിയുടെ ശവസംസ്കാര മുറിയിൽ പ്രധാന കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു. രാജപ്രമുഖൻ തിരുമേനിയുടെയും, എറണാകുളം ആർച്ചു ബിഷപ്പുതിരുമേനിയുടെയും മററുമായി പല അനുശോചന കമ്പികളും വന്നിരുന്നു.

1953 ആഗസ്റ്റു 30-ാം തീയതി തിരുമേനിയുടെ അടിയന്തിരവും കഴിച്ചു.

1953 സെപ്ററംബർ 20-ാനു പുനരൈക്യ ദിനം ആയിരുന്നു. അന്നു ഞാൻ കത്തീഡ്രൽ പള്ളിയിൽ ദിവ്യബലിയർപ്പിച്ചു. 1953 ഓഗസ്റ്റ് 14-ാനു മാർഗ്രിഗോറിയോസു തിരുമേനിയും

www.malankaralibrary.com

ഞാനും മററു വൈദീകരും ഒരു വലിയജനക്കൂട്ടവും കൂടി ചേപ്പാട്ട് കന്നിമേൽ ഫാദർ ഗീവർഗ്ഗീസിൻെറ കന്തീലാ ശുശ്രൂഷ ചേപ്പാട്ട് തിരുഹൃദയ പള്ളിയിൽ വെച്ചു നടത്തി.

## കന്നിമേലച്ചൻെറ മരണം

1953 ഒക്ടോബർ 10-ാംനു ഫാദർ ഗീവർഗ്ഗീസു കന്നിമേൽ മരിച്ചു. ആ വിലാപ യാത്രയ്ക്കു് ഒരു വലിയ ജനക്കൂട്ടമുണ്ടായിരുന്നു. ചേപ്പാട്ട കത്തോലിക്കാപള്ളിയുടെ ശവക്കോട്ടയിൽ എന്റെ പ്രധാന കാർമ്മികത്വത്തിൽ സംസ്കരിച്ചു. ഓർത്തഡോക്സ് പള്ളിക്കാരും മാർത്തോമാ പള്ളിക്കാരും അവരുടെ പള്ളികളിൽ അനുശോചനമണിയടിക്കുകയും ശവസംസ്കാരത്തിൽ സംബന്ധിക്കുകയും ശവമഞ്ചത്തിൽ പൂമാല ചാർത്തുകയും ചെയ്തു.

1953 ഒക്ടോബർ 16-ാംനു എന്റെ സഹോദര പുത്രനായ ചേമത്തു പീലിപ്പോസു ചരമം പ്രാപിച്ചു. വിവരമറിഞ്ഞു് ഞാൻ തിരുവനന്തപുരത്തു നിന്നും ഒരു സ്പെഷ്യൽ കാർ പിടിച്ചു ചേപ്പാട്ടെത്തി. കബറടക്കം യാക്കോബായ പള്ളിയിലായിരുന്നു. ആ കബറടക്കംകഴിഞ്ഞു് ഞാൻ തിരുവനന്തപുരത്തിനു പോന്നു.

## കർദ്ദിനാൾ തിസരാങ്ങിൻെറ ആഗമനം

1953 നവംബർ 15-ാം തീയതി അത്യുന്നത കർദ്ദിനാൾ തിസരാങ്ങു തിരുമേനി എറണാകുളത്തു നിന്നു് ആലപ്പുഴ വഴി വന്നു് നങ്ങ്യാർകുളം, ചേപ്പാട്ടു, കായംകുളം എന്നീ പള്ളികൾ സന്ദർശിച്ചു. അനന്തരം അദ്ദേഹത്തെ കൊല്ലം ഫാത്തിമാ കോളേജിലേക്കു എതിരേററു കൊണ്ടുപോയി. ഞാനും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. 16-ാംനു ആയിരുന്നു തിരുവനന്തപുരത്തെ സ്വീകരണം. 17-ാംതീയതി പാളയം സെൻറുമേരീസുപള്ളിയിൽവച്ചും അദ്ദേഹത്തിനു ഒരു സ്വീകരണം നൽകി. തിരുമേനി ആ പള്ളിയിൽ കർബാന ചൊല്ലുകയും ചെയ്തു. പിന്നിട്ടു് വെള്ളയമ്പലം അരമനയിൽ പോയി. 18-ാം തീയതി ബാലരാമപുരം, മാർത്താണ്ഡം മുതലായ പള്ളികൾ സന്ദർശിച്ചശേഷം കോട്ടാറേയ്ക്കു പോയി. 19-ാം തീയതി തിരുമേനി പട്ടം അരമനയിൽ തിരിച്ചെത്തി താമസിച്ചു. പിന്നീട്ട വടക്കോട്ടു യാത്രതിരിച്ചു.

www.malankaralibrary.com

കൊട്ടരക്കര, അടൂർ, പന്തളം, ചെങ്ങന്നൂർ എന്നീ പള്ളികളും; പിന്നീട് വഞ്ചിത്ര, ഇലന്തൂർ, മൈലപ്രാ, മണ്ണാരക്കുളഞ്ഞി, വടശേരിക്കര, പെരുനാട്ട് എന്നീ പള്ളികളും സന്ദർശിച്ചു. രാത്രി പെരുനാട്ടിൽ വിശ്രമിച്ചു.

പിന്നീട് പത്തനംതിട്ട വന്ന് നന്നുവക്കാട്ട പള്ളിയുടെ കൂദാശ നടത്തിയശേഷം തിരുവല്ലാ രൂപതയിലേക്ക് പോയി.

1953 ൽ കുളപ്പട എന്ന സ്ഥലത്ത് ഒരു വസ്തു വാങ്ങി പള്ളിവെച്ചു.

1954 ജനുവരിയിൽ 'ഔവർ മാഗസിൻ' എന്നൊരു പ്രൊട്ടസ്റ്റണ്ടുമാസിക, 'സ്‌ക്കോട്ട്ലണ്ടിലെ മണിവിളക്ക്' എന്ന ശീർഷകത്തിൽ കത്തോലിക്കാസഭയെ ആക്ഷേപിക്കുന്ന ഒരു ലേഖനമെഴുതി. അവയിലെ അവാസ്തവങ്ങളുടെ സത്യാവസ്ഥ വെളിപ്പെടുത്തിക്കൊണ്ടു ഞാൻ ഒരു മറുപടിലേഖനം എഴുതി.

1954 ജനുവരിമാസത്തിൽ കാർമല പള്ളിയിലും ചെമ്പുമല പള്ളിയിലുമായി മുമ്മൂന്നുദിവസത്തെ പ്രസംഗയോഗം ഞാൻ നടത്തി. അവിടുത്തെ പെരുനാളുകളോടനുബന്ധിച്ചായിരുന്നു ആ പ്രസംഗയോഗം നടത്തിയത്.

## ളാക്കൂർ മിഷ്യൻ

1954 ജനുവരി 10-ാം തീയതി മാർ ഗ്രിഗോറിയോസ് തിരുമേനി ഏനാത്തു പള്ളി കൂദാശ ചെയ്തു. അതിനുശേഷം ഞാൻ ളാക്കൂർ പോയി. അവിടെയും മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. വന്ദ്യതിരുമേനി അവിടെ എഴുന്നള്ളി, 200-ഓളംപേരെ കത്തോലിക്കാസഭയിൽ ചേർത്തു. അങ്ങനെ കോന്നിക്ക പടിഞ്ഞാറുവശം ഉള്ള ളാക്കൂർ പള്ളി സമാരംഭിച്ചു.

## ചാക്കോച്ചേട്ടന്റെ മരണം

1954 ഫെബ്രുവരി 3-ാം തീയതി മാർ ഈവാനിയോസു തിരുമേനിയുടെ ഒരു ആശ്രിതനായിരുന്ന ചാക്കോച്ചേട്ടൻ മരിച്ചു. ഞങ്ങൾ കത്തോലിക്കാസഭയിൽ ചേരുന്നതിനു മുൻപുതന്നെ ഇദ്ദേഹം ഞങ്ങളോടുകൂടി വന്നു ചേർന്നതാണ്. മരണംവരെ

www.malankaralibrary.com

വിശ്വസ്തനായി നിന്നു. അദ്ദേഹത്തിന്റെ അന്ത്യകൂദാശയും ശവസംസ്ക്കാരവും അനവധി പട്ടക്കാരുടെയും ഒരു നല്ല ജനക്കൂട്ടത്തിന്റെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

1954 ഫെബ്രുവരി 28-ാം തീയതി പന്തോളിലച്ചൻ ബോംബെയ്ക്കും അവിടെനിന്നും ആഫ്രിക്കയിലേക്കും പോയി. നൈറോബിയിൽ ആർച്ചുബിഷപ്പിന്റെകൂടെ താമസിച്ചശേഷം റോമിൽ പോയിട്ടു മടങ്ങിവന്നു.

## പ്ലാസിഡച്ചൻ റോമിലേക്ക്

1954 ഫെബ്രുവരി 26-ാം തീയതി ഫാദർ പ്ലാസിഡ് റോമിലേക്ക് പോകാൻ യാത്രചോദിക്കാനായി വന്നു. ഇദ്ദേഹം ഇപ്പോൾ റോമിലാണു താമസിക്കുന്നത്. ഞങ്ങളുടെ പുനരൈക്യകാലത്തു വളരെ സഹായം ചെയ്തിട്ടുള്ള പണ്ഡിതനായ ഒരു കർമ്മലീത്താ വൈദികനാണദ്ദേഹം. പല പുസ്തകങ്ങളും ഇദ്ദേഹം എഴുതീട്ടുണ്ട്.

1954 ഫെബ്രുവരിമാസത്തിൽ പുലിയൂർമിഷൻ തുടങ്ങി.

1954 ഫെബ്രുവരി 20, 21, 22 എന്നീ തീയതികളിൽ മീൻകുളത്തുവച്ചും, മാർച്ച് 5-ാം തീയതി ചാരുംമൂട്ടപള്ളിയിൽ വെച്ചും, മാർച്ച് 6, 7, 8, 9 തീയതികളിൽ പുലിയൂർപള്ളിയിൽ വെച്ചും, മാർച്ച് 11, 13, 14 തീയതികളിൽ വാളകത്തുവെച്ചും, 26, 27, 28 തീയതികളിൽ കൊട്ടാരക്കര കിഴക്കേതെരുവു പള്ളിയിൽവെച്ചും ഓരോ സുവിശേഷപ്രസംഗയോഗം ഞാൻ നടത്തി. പുനരൈക്യം എന്താണെന്നുകാണിച്ച് പ്രസംഗിച്ചു.

## ദാവൂദ് ദമ്പതികൾ

1954 മാർച്ചുമാസത്തിൽ ദാവൂദദമ്പതികൾ പ്രാർത്ഥിച്ച് ഏതു രോഗവും പൊറുപ്പിക്കാമെന്നു പറഞ്ഞു് വളരെപ്പേരെയും വരുത്തി. രോഗശാന്തി ലഭിക്കാഞ്ഞതിനാൽ ബാംഗ്ളൂരിൽവെച്ചു ജനങ്ങൾ ബഹളമുണ്ടാക്കി. പൊലീസ് ഇടപെട്ട് അടിപിടി കൂടാതെ തീർത്തു. അവർ ഇവിടെയും വന്നിരുന്നു.

1954 ഏപ്രിൽ 6-ാം തീയതി മംഗലാപുരം സെമിനാരിയിൽവെച്ചു മലങ്കരവിൽ മത്തായി ശെമ്മാശനും, തുമ്പമൺ പാണ്ടിയത്തു് ഇടിക്കുള ശെമ്മാശനും വൈദികപട്ടമേററു മടങ്ങിവന്നു. ഞങ്ങൾ അവരെ സന്തോഷപുരസ്സരം സ്വീകരിച്ചു.

www.malankaralibrary.com



തിരുവല്ലാ ബിഷപ്പ്
**മാർ അത്താനാസിയോസ് തിരുമേനി**

www.malankaralibrary.com

## മാർ അത്തനാസ്യോസ് തിരുമേനിയുടെ സ്ഥാനാഭിഷേകം

1954 ഏപ്രിൽ 22-ാം തീയതി സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയെ മെത്രാനായി വാഴിക്കുന്നതിൽ സംബന്ധിക്കുവാൻ ഞാനും തിരുവല്ലായിക്കു പോയി കാപ്പയിട്ടുകൊണ്ട് ആ കർമ്മത്തിൽ സഹകരിച്ചു.

1954 മെയ്മാസത്തിൽ കൊടങ്ങാവിള പള്ളിയിൽ ഞാൻ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. അവിടെ അവസാനദിവസം ഗീവർഗ്ഗീസു സഹദായുടെ പെരുന്നാളും ആഘോഷിച്ചു.

1954 മെയ്മാസത്തിൽ ഞാൻ കിരാത്തൂർ ഇടവകയിൽ പോയി. മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി.

## കല്ലൂപ്പാറ, മാരേട്ടച്ചൻെറ മരണം

1954 ജൂലൈ 1-ാം തീയതി ഫാദർ ഏബ്രഹാം മാരേട്ട് തൻെറ 58-ാമത്തെ വയസ്സിൽ മരിച്ചു. ശവസംസ്ക്കാരത്തിനു ഞാൻ പോയിരുന്നു. കല്ലൂപ്പാറയ്ക്കടുത്തുള്ള ഈട്ടിക്കൽ പള്ളിയിലാണ സംസ്ക്കരിച്ചത്. ഇദ്ദേഹം ശെമ്മാശനായിരുന്ന കാലം മുതലേ എൻെറ സ്നേഹിതനായിരുന്നു. ഞങ്ങൾ ഒരുമിച്ചു പരുമല സെമിനാരിയിലും കോട്ടയം പഴയ സെമിനാരിയിലുംമററും താമസിച്ചു പഠിച്ചിട്ടുണ്ട്. എന്നെക്കാൾ മുൻപെ കത്തോലിക്കാ സഭയിൽ ചേരുകയും ചെയ്തു. ഇദ്ദേഹം നല്ല ഒരു പുനരൈക്യ പ്രസംഗകനായിരുന്നു.

1954 ആഗസ്റ്റ് 21-ാം തീയതി ഞാൻ വടശേരിക്കര പള്ളിയിലേക്കു പോയി. അവിടെ മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1954 ആഗസ്റ്റ് 27, 28, 29 തീയതികളിൽ ഞാൻ അമ്പൂരി പള്ളിയിൽ പോയി. അവിടെയും ഒരു പ്രസംഗയോഗം നടത്തി.

1954 ഒക്ടോബറിൽ കളിയിക്കവിള മരിയാഗിരി പള്ളിയിൽവെച്ചു മരിയൻ ജൂബിലിവർഷവും പുനരൈക്യജൂബിലിയും എൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

www.malankaralibrary.com

ബ്രദറൺസഭക്കാരുടെ 'സത്യപ്രകാശിനി' എന്ന മാസികയിൽ, വെളിപാടിൽ കാണുന്ന '666' മാർപ്പാപ്പായെപ്പററിയുള്ളതാണെന്നു പറഞ്ഞു് പരിഹസിച്ച ഒരു ലേഖനം പ്രസിദ്ധം ചെയ്തിരുന്നു. അതിനു ഞാൻ മറുപടി എഴുതി. അതിൻെറ ചുരുക്കം താഴെ ചേർക്കുന്നു.

## വെളിപാടിലെ '666'

"സാററൂർണിയാ" എന്ന പേരിൽനിന്നാണ് റോമാ എന്ന പേരുണ്ടായതെന്നു ലേഖകൻ പറയുന്നു. അതു ശരിയല്ല. സാററൂർണിയം എന്ന എട്രൂറിയൻ നഗരം റോമാസാമ്രാജ്യത്തോടു ചേർത്തതു് 280 ബി. സി. യിലാണ്. അതിൽനിന്നല്ല റോമാ സാമ്രാജ്യത്തിന്റെ പേരു് ഉണ്ടായതു്. സാററൂർണിയാ എന്ന പദം ലത്തീനാണ്. വെളിപാടിൻെറ ഭാഷ ഗ്രീക്കാണ്. യോഹന്നാൻ അപ്പസ്തോലനു് ലത്തീൻ അറിഞ്ഞുകൂടായിരുന്നു. റോമാ എന്ന പേരു് റോമലൂസ് എന്ന പദത്തിൽനിന്നുണ്ടായതാണ്. റോമലൂസ് ആ ദേശക്കാരുടെ ഒരു സങ്കല്പ ദേവനായിരുന്നു.

വികാരിയൂസ്സ് ഫിലദെയ് –ദൈവത്തിൻെറ വികാരി– എന്നു മാർപ്പാപ്പായുടെ മുടിയിൽ എഴുതിയിട്ടില്ല. ക്രിസ്തുവിൻെറ വികാരി എന്നാണെഴുതിയിരിക്കുന്നതു്. അക്ഷരങ്ങളുടെ സംഖ്യ '666' ഒപ്പിക്കുവാൻവേണ്ടി ഇവർ ദൈവത്തിന്റെ വികാരി എന്നു് മാററി പറയുന്നതാണ്. നിറോ കൈസർ എന്ന വാക്കിലെ അക്ഷരങ്ങളുടെ സംഖ്യ കൂട്ടിയാൽ '666' കിട്ടും. ലത്തീൻഭാഷയിലുള്ള ഈ എഴുത്തുകൾക്കു് യോഹന്നാൻ ശ്ലീഹാ ഗ്രീക്കുഭാഷയിലെഴുതിയ വെളിപാടുമായി യാതൊരു ബന്ധവും ഇല്ല. 'നീ എൻെറ ആടുകളെ മേയ്ക്കുക' എന്നുള്ള ക്രിസ്തുവിൻെറ കല്പന അനുസരിച്ചാണ് മാർപ്പാപ്പാ ക്രിസ്തുവിന്റെ വികാരിയായതെന്നും മററും കാണിച്ചു ഞാൻ മറുപടി എഴുതി. അതിനവർ മറുപടി ഒന്നും പറഞ്ഞില്ല. കത്തോലിക്കാ പുനരൈക്യത്തിൽ ആളുകൾ ചേരാതിരിക്കുവാൻ ഇവർ എന്തെല്ലാം പണികൾ പ്രയോഗിക്കുന്നു! 1954 നവംബർ 5, 6, 7 എന്നീ തീയതികളിൽ പത്തനംതിട്ട മരിയൻജൂബിലിസമ്മേളനത്തിൽ ഞാൻ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ഡിസംബർ 5–ാം തീയതി ചിന്നമാർത്താണ്ഡൻതുറ ലത്തീൻപള്ളിയിൽ പോയി മരിയൻജൂബിലിസമ്മേളനത്തിൽ ഞാൻ ആദ്ധ്യക്ഷം വഹിച്ചു.

www.malankaralibrary.com

1954 നവംബർ 16, 17, 18 എന്നീ തീയതികളിൽ ഞാൻ ചേപ്പാട്ടിനടുത്തുള്ള രാമപുരം പള്ളിയിൽ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1954 ഡിസംബർ 3, 4, 5 തീയതികളിൽ കുന്നപ്പുഴ പള്ളിയിൽവെച്ചും; 6, 7, 8 തീയതികളിൽ ചെമ്പുമലപ്പള്ളി പെരുനാളോടനുബന്ധിച്ച് ആ പള്ളിയിൽവെച്ചും; ഡിസംബർ 12-ാം തീയതി തിരുവനന്തപുരത്തുവെച്ചു നടത്തപ്പെട്ട മരിയൻ ജൂബിലി വാർഷികയോഗത്തിൽവെച്ചും; 18, 19, 20 തീയതികളിൽ ഇടമുളക്കൽ പള്ളിയിൽവെച്ചും ഞാൻ ഓരോ സുവിശേഷ പ്രസംഗമഹായോഗം നടത്തി.

1954 ഡിസംബർ 20-ാം തീയതി ജോർജ്ജ് പാലത്തുംപാട്ടച്ചൻ റോമിൽവെച്ചു വൈദികപട്ടമേററു. അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തിനു ഞങ്ങൾ ഒരു നല്ല സ്വീകരണം നല്കി.

1954 ൽ ഞങ്ങൾ കൂടൽ, പുലിയൂർ, അമ്പൂരി, മുഖത്തല, വെള്ളൂർക്കോണം, തണ്ണിത്തോട്ട്, കരവാളൂർ എന്നീ സ്ഥലങ്ങളിൽ വസ്തുക്കൾ വാങ്ങിച്ചു, പള്ളികൾവെച്ച് ഇടവകക്കാരെ ചേർത്തു പള്ളി നടത്തിത്തുടങ്ങി.

## മാർ സേവേറിയോസു തിരുമനസ്സിലെ ചരമം

1955 ജനുവരി 18-ാംതീയതി തിരുവല്ലായുടെ ജോസഫ് മാർ സേവേറിയോസു തിരുമേനി ഹൃദയസ്തംഭനംമൂലം കാലം ചെയ്തു. തിരുമേനി പാലക്കാട്ടു പോയി ഒരു വിവാഹം ആശീർവ്വദിച്ചുകൊടുത്തിട്ടു മടങ്ങി അരമനയിലെത്തി ഒരുമണിക്കൂർ കഴിഞ്ഞപ്പോഴാണ് കാലംചെയ്തതു്. ആ കബറടക്കത്തിനു ഞാനും പോയി സംബന്ധിച്ചു. കൊച്ചി ബിഷപ്പും, ആലപ്പുഴ ബിഷപ്പും, തിരുവനന്തപുരം ആർച്ചുബിഷപ്പും കബറടക്കത്തിൽ സംബന്ധിച്ചു. 20-ാം തീയതിയാണു കബറടക്കിയതു്.

1955 ജനുവരി 3, 4, 5 തീയതികളിൽ നീലേശ്വരം പള്ളിയിൽവെച്ചും; 6, 7, 8 തീയതികളിൽ മണ്ണൂർ പള്ളിയിൽ വെച്ചും; 15, 16, 17, 18 തീയതികളിൽ ചെങ്ങമനാട്ടു പള്ളിയിൽവെച്ചും; 22-ാം തീയതി മടത്തറ പള്ളിയിൽവെച്ചും ഞാൻ

www.malankaralibrary.com

ഓരോ പ്രസംഗയോഗം നടത്തി. ചെങ്ങമനാട്ട പള്ളിയിൽ പാസ്റ്റർ മാത്തുണ്ണിപ്പണിക്കരും എന്നോടുകൂടി പ്രസംഗിക്കുവാനുണ്ടായിരുന്നു.

1955 ജനുവരി 30-ാം തീയതി പുത്തൂർവിളയിൽ ജേക്കബ് ശെമ്മാശനും, പന്തളത്തു മണ്ണിൽ ശമുവേൽ ശെമ്മാശനും തൃശ്ശിനാപ്പള്ളി സെമിനാരിയിലെ പഠിത്തം കഴിഞ്ഞു വൈദികപട്ടമേററു മടങ്ങിയെത്തി. അവർക്കു ഞങ്ങൾ ഒരു നല്ല സ്വീകരണം നല്കി.

1955 ഫെബ്രുവരി 3-ാം തീയതി കൂടൽ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1955 ജനുവരി 18-ാം തീയതി ഫാദർ ശമുവേൽ ശങ്കരത്തിലിൻെറ പിതാവായ ഫിലിപ്പോസു തോമസു ശങ്കരത്തിൽ കുടുംബത്തിലുള്ള മററു 12 അംഗങ്ങളോടുകൂടി പുനരൈക്യപ്പെട്ടു. 1955 ഫെബ്രുവരി 5-ാം തീയതി എളമണ്ണൂർ മിഷ്യൻ തുടങ്ങി. 40 ൽ പരം ആളുകൾ അവിടെ പുനരൈക്യപ്പെട്ടു.

1955 ഫെബ്രുവരി 24, 25 26, 27 എന്നീ തീയതികളിൽ മൈലപ്രാ പള്ളിയിൽവെച്ചു ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1955 മാർച്ച് 7, 8, 9, 10 തീയതികളിൽ കാരിച്ചാൽ പള്ളിയിൽവെച്ചും 18, 19, 20, 21 തീയതികളിൽ കരവാളൂർ പള്ളിയിൽവെച്ചും ഞാൻ ഓരോ പ്രസംഗയോഗം നടത്തി.

## മെത്രാപ്പോലീത്താ സ്ഥാനാഭിഷേകം

1955 ഫെബ്രുവരി 22-ാം തീയതി മാർ ഗ്രിഗോറിയോസ് തിരുമേനിയെ തിരുവനന്തപുരം മെത്രാപ്പോലീത്തായാക്കി നിയമിച്ചതിനെ പ്രഖ്യാപിക്കുന്ന സ്ഥാനാരോഹണകർമ്മം ഏപ്രിൽ 29 ൽ നടത്തി. അതിൽ ഞാനും സംബന്ധിച്ചിരുന്നു.

1955 ജൂൺ 23-ാം തീയതി തിരുമേനിയുടെ കല്പനപ്രകാരം കോട്ടവട്ടം പള്ളി ഉത്ഘാടനം ചെയ്യുവാൻ ഞാൻ പോകയും അവിടെ പ്രസംഗിക്കുകയും ചെയ്തു. അതുകഴിഞ്ഞു് കല്പനപ്രകാരം ഇടമൺ പള്ളിയും ഞാൻ കൂദാശ ചെയ്തു.

www.malankaralibrary.com

## കൊച്ചുകല്ലിൽ പീലിപ്പോസച്ചന്റെ മരണം

1955 ജൂലൈ 29-ാം തീയതി കൊച്ചുകല്ലിലച്ചൻ മരിച്ചു. കൂടൽ പള്ളിയിൽ സംസ്കരിച്ചു. ഞാൻ ആയിരുന്നു പ്രധാന കാർമ്മികൻ. ചന്ദനപ്പള്ളി, കൊട്ടമൺ, കൂടൽ, വകയാർ, മുറിഞ്ഞകല്ല് മുതലായ ഇടവകക്കാർ അതിൽ സംബന്ധിച്ചിരുന്നു. വിശ്വാസത്തിൽ വളരെ ഉറപ്പുള്ള ഒരാളായിരുന്നു അദ്ദേഹം. ഇദ്ദേഹത്തിന്റെ പൌത്രനാണ് കൊച്ചുകല്ലിൽ പീലിപ്പോസ് തോമസച്ചൻ.

1955 ജൂലൈ 15-ാംതീയതി മാർ ഈവാനിയോസു തിരുമനസ്സിലെ ചരമവാർഷികത്തിനു മൂന്നുമ്മേൽ കുർബാന ചൊല്ലിയതിൽ ഞാനും ഉണ്ടായിരുന്നു.

1955 ജൂലൈ 31-ാം തീയതി തിരുവനന്തപുരത്തെ ഒരു പ്രധാന ഡോക്ടറായ ഡോക്ടർ വിൻസെൻറ് കത്തോലിക്കാസഭയിൽ ചേർന്നു. അദ്ദേഹത്തിന്റെ സ്വീകരണത്തിൽ ഞാനും സംബന്ധിച്ചു.

## കടമ്പനിട്ടയച്ചന്റെ മരണം

1955 ആഗസ്റ്റ് 16-ാം തീയതി കടമ്പനിട്ട ഫാദർ പി. സി. വറുഗീസു മരിച്ചു. വിവരമറിഞ്ഞു ഞാൻ കടമ്മനിട്ട പോയി. തിരുവല്ലായിലെ അത്തനാസ്യോസു തിരുമേനി ആയിരുന്നു പ്രധാന കാർമ്മികൻ. കബറടക്കം കടമ്മനിട്ട പള്ളിയിൽ നടത്തി. 1924 ൽ ആയിരുന്നു അച്ചൻ വൈദികനായതു്.

1955 സെപ്റ്റംബർ 29-ാം തീയതി കൊട്ടാരക്കര കിഴക്കേ തെരുവിൽവച്ചു പുനരൈക്യജൂബിലിസമാപനയോഗത്തിൽ ഞാൻ പ്രസംഗിച്ചു.

1955 ഓഗസ്റ്റ് 15-ാംതീയതി കിരാത്തൂർ മഠംവക പള്ളിയിൽവെച്ചു അഞ്ചു സഹോദരികൾക്കു ഞാൻ തലമൂണ്ട് ഇടീൽ ശുശ്രൂഷ നടത്തി.

1955 ഒക്ടോബർ 11-ാം തീയതി ചന്ദനപ്പള്ളിൽ വറുഗീസ് കഞ്ചാണ്ടി മരിച്ചു. ഞാൻ പോയി ആ ശവസംസ്കാര ശുശ്രൂഷ നടത്തി. ചന്ദനപ്പള്ളി ഇടവകയിലെ ഒരു പ്രാരംഭ പ്രവത്തകനായിരുന്നു അദ്ദേഹം. തെങ്ങുവിളയിൽ ശമുവേൽ അച്ചൻ ഇദ്ദേഹത്തിന്റെ പുത്രനാണ്.

www.malankaralibrary.com

## ശാസ്താംകോട്ട മിഷ്യൻ

1955 ഒക്ടോബർ 25-ാം തീയതി കഴിഞ്ഞു ഞാൻ ശാസ്താംകോട്ടയ്ക്ക് പോയി. അവിടെ ഒരു വീട്ടിൽവച്ച് ഇരുപതോളം വീട്ടുകാരെ ഞാൻ പുനരൈക്യത്തിൽ ചേർത്തു. ഇപ്പോൾ അവിടെ ഒരു വസ്തു വാങ്ങിച്ച് ഒരു പള്ളിയും വച്ചിട്ടുണ്ട്.

1955 ഡിസംബർ 26-ാം തീയതി റോമിലെ പ്രൊപ്പഗാന്താ കോളജിൽ പഠിച്ചിരുന്ന മൂവാററുപുഴ വാളകം കാരക്കുന്നു വീട്ടിൽ തോമസുപണിക്കർ ശെമ്മാശൻ വൈദീകപട്ടമേററു മടങ്ങിവന്നു. ഇദ്ദേഹം മാർ ഈവാനിയോസു തിരുമേനിയുടെ സഹോദരീപുത്രനാണ്.

1955 ഡിസംബർ 22, 23, 24 എന്നീ തീയതികളിൽ നെട്ടവങ്കാവിൽവച്ച് ഞാൻ ഒരു പ്രസംഗയോഗം നടത്തി. ബ. ഇഞ്ചക്കലോടി അച്ചനും ഉണ്ടായിരുന്നു.

1955 ൽ ഞങ്ങൾ കൊച്ചുകോയിക്കൽ, പലപ്പേരൂർ എന്നിവിടങ്ങളിൽ സ്ഥലങ്ങൾ വാങ്ങി പള്ളിവച്ചു പുനരൈക്യപ്പെട്ടവരുടെ കർമ്മാദികൾ നടത്തിത്തുടങ്ങി.

## കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമേനിയുടെ ചരമം

1956 ജനുവരി 10-ാം തീയതി എറണാകുളം ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി കാലം ചെയ്തു. ആ കബറടക്കത്തിൽ സംബന്ധിക്കുവാനായി ഞാനും എറണാകുളത്തിനു പോയിരുന്നു.

1956 ജനുവരി 10-ാം തീയതി ആയൂർ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ഞാൻ അവിടെ മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി. അനന്തരം നല്ലില എന്ന സ്ഥലത്തു 30 ൽ പരം വീട്ടുകാർ പുനരൈക്യപ്പെട്ടുകയാൽ ഞാൻ അവിടെയും പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി.

1956 ഫെബ്രുവരി 5-ാം തീയതി മെഴുവേലി പള്ളിയുടെ ഉൽഘാടനത്തോടനുബന്ധിച്ചും 19-ാം തീയതിമുതൽ 22-ാം തീയതിവരെ വയലത്തല പള്ളിൽവച്ചും; 24, 25, 26 എന്നീ തീയതികളിൽ കായംകുളത്തിനു തെക്ക് പുതുപ്പള്ളി പള്ളിയിൽവച്ചും ഞാൻ മുമ്മൂന്നുദിവസത്തെ സുവിശേഷപ്രസംഗം നടത്തി.

www.malankaralibrary.com

1956 മാർച്ച് 1, 2, 3, 4 തീയതികളിൽ ഞാൻ പാമ്പ്യ ക്കാലാ പള്ളിയിൽവെച്ചു് ഒരു പ്രസംഗയോഗം നടത്തി. അവി ട്ടത്തെ പെരുനാളും നടത്തി.

1956 മാർച്ച്മാസം 7-ാം തീയതി മാഞ്ഞൂർ മാക്കീൽ ലൂക്കോസു ശെമ്മാശൻ പട്ടം ചാപ്പലിൽവെച്ചു വൈദികപട്ടം സ്വീകരിച്ചു. അച്ചൻെറ അപ്പൻ ഇടിക്കുള കുരുവിള 1960 ജൂൺ 17-ാം തീയതി മരിച്ചു. അതിനു തിരുമേനിയും ഞാനും പോയി രുന്നു. ഇദ്ദേഹം മാക്കീൽ മെത്രാച്ചൻെറ കുടുംബക്കാരനാണ്.

1956 മാർച്ച് 5, 6, 7 തീയതികളിൽ തെക്കു് പൂവാർ പള്ളിയിൽവെച്ചു് ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1956 മാർച്ച് 11-ാം തീയതി ഞാൻ നെല്ലിക്കുന്നത്തു പള്ളിയിൽ പോയി പ്രസംഗിച്ചു.

## ഓടനാവട്ടം കൺവൻഷൻ

1956 മാർച്ച് 15, 16, 17, 18 എന്നീ തീയതികളിൽ ഓടനാവട്ടം പള്ളിയിൽവെച്ചു് ഞാൻ ഒരു കൺവൻഷൻ നടത്തി. 150 ഓളം പേർ അവിടെ പുനരൈക്യപ്പെട്ടു.

1956 മാർച്ച് 17-ാം തീയതി തട്ടയിൽ പള്ളിയിൽ വെച്ചു ചന്ദനപ്പള്ളിൽ അയ്യനേത്തു ഉമ്മൻ ശെമ്മാശനും, തെങ്ങു വിള ശമുവേൽ ശെമ്മാശനും, ഉളനാട്ട് ഇ. എസ്. ജോൺ ശെ മ്മാശനും, തട്ടയിൽ പ്ലാവിള തോമസുശെമ്മാശനും വൈദിക പട്ടമേററു.

1956 ഏപ്രിൽ 5-ാം തീയതിമുതൽ 7-ാം തിയതിവരെ പനച്ചിമൂട്ട് കന്യാസ്ത്രീമഠത്തോടു ചേർന്നുള്ള പള്ളിയിൽവെച്ചും: ഏപ്രിൽ 7 മുതൽ 10 വരെയുള്ള തീയതികളിൽ കറ്റാണത്തിനു കിഴക്കു് കോമല്ലൂർ പള്ളിയിൽവെച്ചും ഞാൻ ഓരോ പ്രസംഗ യോഗം നടത്തി.

ഏപ്രിൽ 15-ാം തീയതി അമ്പലത്തുംകാലാ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ആ പള്ളിയിൽവെച്ചും, 24-ാംതീയതി പരേതനായ കാട്ടൂർ മണ്ണിൽ വലിയച്ചൻെറ ചരമവാർഷികത്തോട നുബന്ധിച്ചു കാട്ടൂർ പള്ളിയിൽവെച്ചുംഞാൻ ഓരോ പ്രസം ഗയോഗം നടത്തി.

www.malankaralibrary.com

1956 ജൂൺ 1-ാം തീയതി ചെങ്ങന്നൂർ കിഴക്കേടത്തു ജേക്കബ് ശെമ്മാശൻ പൂനാ സെമ്മിനാരിയിൽവെച്ചു വൈദിക പട്ടം ഏററു. അദ്ദേഹം തിരുവനന്തപുരത്തു വന്നപ്പോൾ ഞങ്ങൾ ഹൃദ്യമായ ഒരു സ്വീകരണം നല്കി. 1956 ജൂൺ 7, 8, 9 തീയതികളിൽ കററാനത്തിനടുത്തുള്ള കോമല്ലൂർ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് മൂന്നുദിവസത്തെ പ്രസംഗയോഗം ഞാൻ പോയി നടത്തി.

## തെയോഫിലോസു തിരുമേനിയുടെ കബറടക്കം

1956 ജൂൺ 27-ാം തീയതി മാർ തെയോഫിലോസു തിരുമേനി കാലം ചെയ്തു. അതറിഞ്ഞു ഞാൻ തിരുവല്ലായിക്കു പോയി. ആശ്രമത്തിൽനിന്നും മൃതശരീരം കത്തീഡ്രൽ പള്ളിയിൽ കൊണ്ടുവന്നിരുന്നു. 28-ാം തീയതി രണ്ടു തിരുമേനിമാരും ഞാനുംകൂടി മൂന്നുമ്മേൽ കുർബാന ചൊല്ലി. എറണാകുളം, കോട്ടയം, ചങ്ങനാശേരി, പാലാ, ആലപ്പുഴ, വിജയപുരം എന്നീ രൂപതകളിലെ തിരുമേനിമാരും ഉണ്ടായിരുന്നു. വിവിധ റീത്തുകളിലുള്ള ശുശ്രൂഷകൾ നടത്തിയശേഷം കോട്ടയം മാർ തോമസു തറയിൽ തിരുമേനി ചരമപ്രസംഗം നടത്തി. മദ്ബഹായിൽ തെക്കുവശത്തു തയ്യാർചെയ്തിരുന്ന കല്ലറയിൽ അടക്കംചെയ്തു. 28-ാംതീയതി രണ്ടു രൂപതകളിലെയും സ്ഥാപനങ്ങൾക്കെല്ലാം അവധി കൊടുത്തു.

## പാട്ടാശേരി പൗലൂസു മാപ്പിളയുടെ ലേഖനത്തിനു മറുപടി

തൃപ്പൂണിത്തുറ പാട്ടാശേരിൽ പൗലോസുമാപ്പിള കത്തോലിക്കരെയും അവരുടെ റീത്തിനെയും പുച്ഛിച്ച് ഒരു പരിഹാസ ലേഖനം എഴുതി. കത്തോലിക്കാസഭയിൽ ചേരുന്നവരോട് അദ്ദേഹത്തിനു വലിയ വിരോധമാണ്. "കഴിയുമെങ്കിൽ എന്നെയും കത്തോലിക്കനാക്കുക!'' എന്ന ശീർഷകത്തിൽ ഒരു ലഘുപത്രിക അദ്ദേഹം ഇറക്കി. അതു വായിച്ചാൽ വെറും വാശിയല്ലാതെ കഴമ്പൊന്നും അതിൽ കാണാനില്ല അതിലെ 22 വ്യാജ പ്രസ്താവനകൾ എടുത്തു കാണിച്ചുകൊണ്ടായിരുന്നു ഞാൻ മറുപടി എഴുതിയതു്. അതു കണ്ടശേഷം പിന്നൊന്നും പറഞ്ഞില്ല.

www.malankaralibrary.com

1956 സെപ്റ്റംബർ 8-ാം തീയതി പുലിയൂർ പള്ളി കൂദാശ ചെയ്തു. അതിനു മുൻപായി ഞാൻ അവിടെ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി.

1956 സെപ്റ്റംബർ 19-ാം തീയതി റവ. ഫാദർ കുര്യൻ ഇലഞ്ഞിമററത്തിൻെറ പിതാവ് തൊമ്മച്ചൻ മരിച്ചു. ക്ഷണമനുസരിച്ച് ഞാനും അവിടെ പോയി. അമ്പലക്കാട്ടു പള്ളി സെമിത്തേരിയിൽ അടക്കി.

1956 സെപ്റ്റംബർ 29-ാം തീയതി മുളന്തറ പള്ളിയുടെ കൂദാശ നടത്തി.

## ചെങ്ങന്നൂർ കെ. സി. മാമ്മൻ സാറിൻെറ ചരമം

1956 ഒക്ടോബർ 5-ാം തീയതി ചെങ്ങന്നൂർ ആൽത്തറമൂട്ടിൽ കെ. സി. മാമ്മൻ സാർ മരിച്ചു. അവരോടുള്ള അനുശോചനം കാണിപ്പാൻ അന്നു പോകാൻ എനിക്ക് സാധിച്ചില്ല. ഒരാഴ്ച കഴിഞ്ഞു ഞാൻ അവിടെ പോയി എന്റെ അനുശോചനം പ്രകാശിപ്പിച്ചു.

## കലയപുരത്തു മുഞ്ഞനാട്ടച്ചൻെറ മരണം

1956 നവംബർ 18-ാം തീയതി കലയപുരത്തു മുഞ്ഞനാട്ടു മത്തായി അച്ചൻ കൂദാശകളെല്ലാം കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചു. തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കലയപുരം കിഴക്കേ പള്ളിയിൽ സംസ്കരിച്ചു. ഞാനും ഉണ്ടായിരുന്നു. ചരമപ്രസംഗം ഞാൻ നടത്തി.

1956 ഡിസംബർ 1, 2, 3 എന്നീ തീയതികളിൽ മഞ്ഞക്കാലാ പള്ളിയിൽവെച്ചു ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1956 ഡിസംബർ 12 മുതൽ 15 വരെ വയലത്തല പള്ളിയുടെ കൂദാശയോടനുബന്ധിച്ചു മൂന്നുദിവസത്തെ പ്രസംഗയോഗം ഞാൻ നടത്തി. 16-ാം തീയതി തിരുമേനി പള്ളികൂദാശയും നടത്തി.

1956 ഡിസംബർ 16-ാം തീയതി കരിമ്പേക്കല്ലേൽ പള്ളിയിൽ പോയി ഞാൻ പ്രസംഗിച്ചു. 35 വീട്ടുകളിൽനിന്നുമായി 120 പേരോളം പുനരൈക്യപ്പെട്ടു.

www.malankaralibrary.com

1956 ഡിസംബറിൽ പുനരൈക്യപ്പെട്ട ഗീവർഗീസു കോർ എപ്പിസ്കോപ്പായെ ആക്ഷേപ്പിച്ചുംകൊണ്ടു് അമ്പലത്തറ മി. കെ. വി. തോമസ് എഴുതിയ ലേഖനത്തിനു ഞാൻ മറുപടി എഴുതി കാഹളത്തിൽ പ്രസിദ്ധംചെയ്തു.

1956 ഡിസംബർ 21-ാം തീയതി മാർത്താണ്ഡം പള്ളിയിൽവെച്ചു് വൈ. ജോസഫ് ശെമ്മാശനു വൈദികപട്ടം നല്കി. 1956 ഡിസംബർ 14-ാം തീയതി വാളകം പുതിയപള്ളി കൂദാശ ചെയ്തു. ഡിസംബർ 17, 18, 19 തീയതികളിൽ ശൂരനാട്ടു പള്ളിയിൽവെച്ചു് ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1956 ഡിസംബർ 29-ാം തീയതി ചെറിയനാട്ടു നാക്കോലയ്ക്കൽ പാപ്പി എന്ന എൻെറ അളിയൻ മരിച്ചു. തിരുവല്ലാ മാർ അത്തനാസ്യോസ് തിരുമേനിയും വന്നിരുന്നു. ഞങ്ങളുടെ കത്തോലിക്കാ സെമിത്തേരിയിൽ സംസ്ക്കരിക്കപ്പെട്ട അതുകഴിഞ്ഞു് ഞാൻ തിരിച്ചുപോന്നു.

ഞാൻ മണ്ണൂർ പള്ളിയിൽ ഒരു പ്രസംഗയോഗം നടത്തിക്കൊണ്ടിരുന്നപ്പോൾ അടുത്തുള്ള ഒരു പെന്തിക്കോസ്തു്സഭക്കാരൻെറ വീട്ടിൽ പാട്ടും മറുഭാഷപറച്ചിലും തുടങ്ങിയതിനാൽ അതേപ്പററി ഞാൻ അവിടെ പ്രസംഗിക്കേണ്ടതായിവന്നു.

## മറുഭാഷപറച്ചിൽ

ആദ്യത്തെ ക്രിസ്തീയ പെന്തിക്കോസ്തു്ദിവസത്തിൽ യറുശലേമിൽ കൂടിയിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിറങ്ങി. ഏകദേശം 17 ഭാഷക്കാർ അവിടെ ഉണ്ടായിരുന്നു. അവരോടു പത്രോസു പറഞ്ഞതു് എല്ലാവരും അവരവരുടെ ഭാഷകളിൽ കേട്ടു. ഇവർ ദൈവത്തിൻെറ വൻകാര്യങ്ങൾ പറയുന്നതു നാം നമ്മുടെ ഭാഷകളിൽ കേൾക്കുന്നതെങ്ങിനെ? എന്നു് അവർ പറഞ്ഞു. ദൈവത്തിനു് ഒരു പ്രത്യേകഭാഷയില്ല. ദൈവം ആരോടെങ്കിലും സംസാരിക്കുന്നെങ്കിൽ അവരുടെ ഭാഷയിലായിരിക്കും സംസാരിക്കുന്നതു്. പരിശുദ്ധാത്മാവിറങ്ങി പത്രോസ് സംസാരിച്ചതു് ശ്രോതാക്കൾ ഓരോരുത്തരും അവരവരുടെ ഭാഷകളിൽ കേട്ടതു് അതുകൊണ്ടാണു്. അതു ദൈവത്തിൻെറ സംസാരമാണെന്നവർ മനസിലാക്കി. ഞങ്ങൾ എന്തു ചെയ്യണമെന്നു്

www.malankaralibrary.com

ചോദിച്ചു. നിങ്ങൾ യേശു ഏർപ്പെടുത്തിയ സ്നാനം ഏൾക്കണം എന്നു് പത്രോസ് പറഞ്ഞു. അന്നു് മൂവായിരത്തോളം പേർ മാമ്മോദീസായേററു ക്രിസ്ത്യാനികളായി. (അപ്പോ. പ്ര. 2. 1-42) ഇതായിരുന്ന ഒന്നാമത്തെ മറുഭാഷാഭാഷണം. യഹൂദനായാലും ആത്മരക്ഷയ്ക്കു് ത്രീത്വത്തിൻെറ നാമത്തിൽ കർത്താവേർപ്പെടുത്തിയ സ്നാനം ഏററിരിക്കണം എന്നു് യഹൂദന്മാരെ ഗ്രഹിപ്പിക്കുവാനാണു് അതുണ്ടായതു്.

രണ്ടാമത്തേതു ക്രിസ്തുവിൻെറ സഭയിൽ സകല ജാതിക്കാരെയും സ്നാനപ്പെടുത്തി ചേർക്കാം, അതിനു ദൈവാനുവാദമുണ്ടു് എന്നു കാണിപ്പാനുണ്ടായതാണു്. കൊർന്നേലിയോസായിരുന്നു ആദ്യമായി ക്രിസ്തുമതത്തിൽ ചേർന്ന പുറജാതിക്കാരൻ. യേശുവിൽ വിശ്വസിക്കുന്ന ഏവനും പാപമോചനം ലഭിക്കും എന്നു് പത്രോസ് പറഞ്ഞു. അതു കേട്ടുകൊണ്ടിരുന്ന എല്ലാവരുടെമേലും പരിശുദ്ധാത്മാവിറങ്ങി. അവർ ഭാഷകളിൽ സംസാരിച്ചു. യഹൂദക്രിസ്ത്യാനികൾ അതു കണ്ടു് അത്ഭുതപ്പെട്ടു. പരിശുദ്ധാവു് ലഭിച്ച ഇവരെ സ്നാനപ്പെടുത്താതിരിക്കുന്നതെങ്ങിനെ എന്നു പറഞ്ഞു് അവരെ സ്നാനപ്പെടുത്തുവാൻ പത്രോസ് കല്പിച്ചു. (അപ്പോ. പ്ര. 10. 24-48) ഇതത്രെ രണ്ടാമത്തെ മറുഭാഷാഭാഷണം.

മൂന്നാമത്തേതു് ആത്മരക്ഷയ്ക്കു് യോഹന്നാൻ സ്നാപകൻെറയും മററും സ്നാനം പോരാ, ക്രിസ്തു ത്രീത്വത്തിൻെറ നാമത്തിൽ ഏർപ്പെടുത്തിയ സ്നാനം തന്നെ ഏറ്റിരിക്കണം എന്നു് കാണിപ്പാനുണ്ടായതാണു്. യോഹന്നാൻെറ സ്നാനം കൊണ്ടു് തൃപ്തിപ്പെട്ടിരുന്ന കുറേപ്പേർ എപ്പേസൂസിലുണ്ടായിരുന്നു. അതുപോരെന്നു് അവരെ ഗ്രഹിപ്പിച്ചശേഷം അവർക്കു് ക്രിസ്തീയ സ്നാനം നല്കി. അപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവിറങ്ങി അവർ സംസാരിച്ചതു് വേറെ ഭാഷക്കാർ അവരുടെ ഭാഷയിൽ കേട്ടു. (അപ്പോ. പ്ര. 19.1-5) ഇതത്രെ മൂന്നാമത്തെ മറുഭാഷ ഭാഷണം. ഈ മൂന്നു മറുഭാഷ പറച്ചിലല്ലാതെ വേറെയുണ്ടായിട്ടില്ല.

എന്നാൽ ഇന്നത്തെ പെന്തിക്കോസ്തു് സഭക്കാർ പറയുന്ന കർ-പിർ- കിർ- എന്നീങ്ങനെയുള്ള മറുഭാഷ കോറിന്തുകാർക്കുള്ള ലേഖനം വായിച്ചു് തെററായി അനുകരിക്കുന്നതാണു്. അർത്തെമീസ് ദേവിയുടെ അമ്പലത്തിൽ വല്ല പ്രശ്നവുമായി ഒരുത്തൻ

www.malankaralibrary.com

ചെന്നാൽ അവിടുത്തെ വെളിച്ചപ്പാടു തുള്ളി കർ, പിർ, കിർ എന്നിങ്ങനെ ഓരോ അർത്ഥമില്ലാത്ത വാക്കുകൾ പറയും. ഉടനെ വേറൊരു വെളിച്ചപ്പാടു് അതിൻെറ അത്ഥം എന്താണെന്നു് അഭ്യത്ഥനയും കൊണ്ടുചെന്നവരോടു പറയും. കോറിന്തുകാർ സഭ കൂടുമ്പോൾ ഇതുപോലെ ചെയ്യുവന്നു. പൌലൂസ് അതിനെ വിലക്കി. "സഭയെല്ലാം ഒരുമിച്ചു കൂടുകയും നിങ്ങൾ ഇങ്ങനെ ഓരോ ഭാഷയിൽ സംസാരിക്കുകയും ചെയ്താൽ എതെങ്കിലും സാമാന്യക്കാരനോ അവിശ്വാസിയോ വന്നു് അതുകണ്ടാൽ നിങ്ങൾക്കു് ഭ്രാന്തുണ്ടെന്നു പറയുകയില്ലയോ (1 കോ., 14.23) ഭാഷകളിലുള്ള ഭാഷണമുണ്ടായതും ക്രിസ്ത്യാനികൾക്കു് വേണ്ടിയല്ല. അക്രൈസ്തവക്കു് വേണ്ടിയായിരുന്നു, (1 കോറ, 14-22) മാത്രമല്ല അതു അന്നുതന്നെ നിന്നുപോകേണ്ട ഒരു വരവുമായിരുന്നു. ഭാഷകളെങ്കിലോ അവ നിന്നുപോകും. (1 കോറ, 13. 8) എന്നു് പൗലോസു തന്നെ പറഞ്ഞിരിക്കുന്നു. ക്ഷേത്രങ്ങളിൽ വെളിച്ചപ്പാടന്മാർ തുള്ളി ഓരോന്നു പറയുന്ന പതിവുതന്നെ നിന്നുപോയിരിക്കുന്ന ഇക്കാലത്തു ഈ പെന്തിക്കോസ്തുകാർ ഈ തുള്ളലും മറുഭാഷ പറച്ചിലും നിറുത്തേണ്ടതല്ലേ? ക്രിസ്തുമതത്തിനു തന്നെ ഇതു് ഒരു അവഹേളനമാണു്. എന്നായിരുന്നു എന്റെ പ്രസംഗത്തിന്റെ ചുരുക്കം.

## വീട്ടിനാലച്ചൻെറ മരണം

1957 ജനുവരി 17-ാം തീയതി തഴക്കരവീട്ടിനാൽ ഫാദർ നൈനാൻ മരിച്ചു. മാവേലിക്കര സിറിയൻ കത്തോലിക്കാ പള്ളിയിൽ അടക്കി. ഞാനും ഉണ്ടായിരുന്നു. രണ്ടു തിരുമേനിമാരും വളരെ അച്ചന്മാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു.

1957 ഫെബ്രുവരി 15 - 16 - 17 എന്നീ തീയതികളിൽ പരിയാരം പള്ളിയിൽ വച്ചു് ഞാൻ ഒരു പ്രസംഗയോഗം നടത്തി.

1957 മാർച്ചു് മാസം 17-ാം തീയതി ബ റ്റി.വി. ജോണച്ചൻ എം.എ. പുനരൈക്യപ്പെട്ടു, ഞങ്ങൾ ഒരുമിച്ചു കോട്ടയത്തു താമസിച്ചിരുന്നവരാണു്.

പുനരൈക്യപ്പെട്ട ഗീവറുഗീസ് കോറെപ്പിസ്കോപ്പായെ അധിക്ഷേപിച്ചു ഫാ. ഗീവറുഗീസ് ആത്തുങ്കൽ എഴുതിയ മിഥ്യാരോപണത്തിനു് ഞാൻ മറുപടി എഴുതി.

www.malankaralibrary.com

1957 മാർച്ച് 25-ാം തീയതി മാവേലിക്കര വടക്കേ വീട്ടിൽ ഫാദർ വി. ററി. തോമസ് കൊല്ലം ഭദ്രാസനത്തിൽനിന്നും തിരുവനന്തപുരം അതിരൂപതയിൽ ചേർന്നു.

1957 ഏപ്രിൽ 2-ാം തീയതി മംഗലപ്പുഴ സെമിനാരിയിൽവച്ച് പത്തനംതിട്ട തെക്കുട്ടത്തിൽ ശമുവേൽ ശെമ്മാശൻ വൈദീക പട്ടമേററു വന്നു. ഞങ്ങൾ സസന്തോഷം അദ്ദേഹത്തെ സ്വീകരിച്ചു.

1957 ഏപ്രിൽ 10-ാം തീയതി മുറിഞ്ഞകൽ പള്ളിയും, 28-ാം തീയതി ളാക്കൂർ പള്ളിയും, ജൂൺ 16-ാം തീയതി ആററൂർ പള്ളിയും കൂദാശചെയ്തു. മൂന്നിനും ഞാൻകൂടെ ഉണ്ടായിരുന്നു.

1957 ഏപ്രിൽ 28, 29, 30 എന്നീ തീയതികളിൽ ഞാൻ കിരാത്തൂർ പള്ളിയിൽവച്ച് ഒരു പ്രസംഗയോഗം നടത്തി.

## ഡോ. ചാക്കോച്ചൻെറയും, ചടയമംഗലം ഈപ്പൻമാപ്പിളയുടെയും മരണം

1957 ഓഗസ്റ്റ് 30-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു സഹോദരപുത്രനായ ഡോ. പി റ്റി. ചാക്കോ M.B B.S. മെഡിക്കൽ കോളേജ് ഹോസ്പിററലിൽവച്ച് മരിച്ചു. പട്ടം പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. അതിന് ഞാനും സംബന്ധിച്ചിരുന്നു.

1957 ഡിസംബർ 13-ാം തീയതി ചടയമംഗലത്തു കണ്ടത്തിൽ ഈപ്പൻമാപ്പിള മരിച്ചു. ആയൂർ പള്ളി സെമിത്തേരിയിൽ അടക്കി. ഞാനായിരുന്നു പ്രധാന കാർമ്മികൻ.

1957 മെയ് 16-ാം തീയതി പോങ്ങുംമൂട്ട് ഡി. എം. കോൺവൻറ് തുടങ്ങി.

1957 ജൂലൈ 21-ാം തീയതി ഫാ. സി. എ. ഏബ്രഹാം M. A. പുനരൈക്യപ്പെട്ടു. ഇദ്ദേഹം 1948 മെയ്മാസത്തിൽ യാക്കോബായസഭയിൽനിന്നും പട്ടമേററതാണ്.

1957 സെപ്റ്റംബർ 1-ാം തീയതിമുതൽ നല്ലില പള്ളിയിലെ എട്ടുനോമ്പിനു് ഞാൻ പ്രസംഗിച്ചു.

www.malankaralibrary.com

1957 ജനുവരി 1-ാം തീയതി വെള്ളൂർക്കോണം പള്ളി കൂദാശയോടനുബന്ധിച്ച് ആ പള്ളിയിൽവച്ചും ഫെബ്രുവരി 21, 22, 23 എന്നീ തീയതികളിൽ കാർത്തികപ്പള്ളി പള്ളിയിൽ വച്ചും ഞാൻ ഓരോ പ്രസംഗയോഗം നടത്തി.

1958 ജനുവരി 4-ാം തീയതി പറക്കോടിനു കിഴക്കുള്ള ഇളമണ്ണൂർ എന്ന സ്ഥലത്ത് മി. ജോസഫ് അന്ത്രപ്പേർ തന്നു സ്ഥലത്തു പണിയിച്ച പള്ളി കൂദാശ ചെയ്തു. അതോടനുബന്ധിച്ചു എൻെറ പ്രസംഗങ്ങളുമുണ്ടായിരുന്നു.

## ഹയരാർക്കിയുടെ സിൽവർ ജൂബിലി

1958 ഫെബ്രുവരി 8 മുതൽ 11 വരെയുള്ള തീയതികളിലായി നമ്മുടെ ഹയരാർക്കി സ്ഥാപിച്ചതിന്റെ സിൽവർജ്ജൂബിലി വകയാററു പള്ളിയിൽവെച്ചു നടത്തി.

1958 മാർച്ച്മാസം 1-ാം തീയതി പുത്തൂർ കടകം പള്ളിയിൽ ദാനിയേൽ ശെമ്മാശനും കവിയൂർ പ്ലാപിറപ്പടിക്കൽ ജോർജ്ജ് ശെമ്മാശനും മംഗലാപുരം സെമിനാരിയിൽവെച്ചു വൈദികപട്ടമേററു വന്നു.

1958 മാർച്ച് 25-ാം തീയതി ശൂരനാട്ടു പുതുതായി പണിയിച്ച പള്ളി കൂദാശ ചെയ്തു. ഞാനും അതിൽ സംബന്ധിച്ചു.

1958 ഓഗസ്റ്റ് മാസത്തിൽ നാലാംചിറ മരിയഗൊറേത്തി അപ്പർപ്രൈമറിസ്കൂളിൽവെച്ച് എന്റെ അദ്ധ്യക്ഷതയിൽ മരിയഗൊറേത്തിയുടെ പെരുന്നാൾ ആഘോഷിച്ചു.

## പൂനാ ബഥന്യാശ്രമം

1958 ഒക്ടോബർ 5-ാംതീയതി പൂനാ ബഥന്യാശ്രമത്തിൽ വെച്ച് ഫാദർ ഫ്രാൻസിസുസാലസ്, ഫാദർ അഗസ്റ്റിൻ, ഫാദർ സേവ്യർ എന്നിവർ വൈദികപട്ടം ഏററുവന്നു.

1958ൽ ഒരു ശനിയാഴ്ച മാർ ഈവാനിയോസുകോളജിൽ പരീക്ഷവെച്ചു. ശാബത് മിഷ്യനിൽപ്പെട്ട ചില കുട്ടികൾ അവിടെ പഠിക്കുന്നുണ്ടായിരുന്നു. ശാബതിൽ പരീക്ഷ വെയ്ക്കാതെ ഒഴിവു കിട്ടണമെന്നവർ ആവശ്യപ്പെട്ടു. അവരുടെ അപേ

www.malankaralibrary.com

ക്ഷപ്രകാരം അന്നത്തെ പരീക്ഷ മാററിവെച്ചു. ആ വർഷത്തിൽ ത്തന്നെ പത്തനാപുരത്തിനടുത്തു ഇടത്തറമുക്ക് എന്ന സ്ഥലത്തു ശാബതുമിഷൻകാർ ആറുദിവസത്തേയ്ക്കു ഒരു വലിയ കൺവൻഷൻപരിപാടി ഏർപ്പെടുത്തി. ഒരു വലിയ പന്തലും തയാറാക്കി. അപ്പോൾ അവരുടെ ഈ നവീനോപദേശത്തിനു എന്താണ് മറുപടി പറയാനുള്ളതെന്ന് ചിലർ എന്നോട് എഴുതി ചോദിച്ചു. സാബത് മിഷ്യനെപ്പററി ഒരു സംവാദം എന്ന പേരിൽ ഒരു ലഘുലേഖ ഞാൻ എഴുതി അച്ചടിപ്പിച്ചയച്ചുകൊടുത്തു. ആ ലഘുലേഖയ്ക്കു മറുപടി പറയാൻ നിവർത്തിയില്ലാതെവന്നതിനാൽ ആ കൺവൻഷൻ രണ്ടാംദിവസം നിറുത്തി. വലിയ നഷ്ടം സഹിച്ചുകൊണ്ടവർ പിന്മാറി. ആ ലഘുപത്രികയുടെ ചുരുക്കം താഴെ ചേർത്തുകൊള്ളുന്നു.

## ശാബത്കാരുടെ അനാവശ്യ ഉപദേശം

ഞായറാഴ്ചയ്ക്കു പകരം ശനിയാഴ്ച ശാബതനുഷ്ഠിക്കണമെന്നുള്ളതാണ് ഇവരുടെ ഉപദേശം. ശനിയാഴ്ച ശാബതനുഷ്ഠിക്കണമെന്നുള്ള കല്പന ആദാമിന്റെ കാലംമുതല്ക്കുള്ളതാണെന്നാണ് ഈ സഭക്കാർ പറയുന്നതു്. അതു ശരിയല്ല. 'ഏഴാംദിവസം ദൈവം സ്വസ്ഥമായിരുന്നു.' (ഉല്പ. 2, 3.) എന്ന് കാണുന്നുണ്ടെങ്കിലും ആ ദിവസം ഒരു സ്വസ്ഥദിവസമായി ആചരിക്കണമെന്ന് ദൈവം അന്നു കല്പിച്ചിരുന്നില്ല. മിസ്രേമിലെ ഫറവൊ രാജാവിന്റെ അടിമത്വത്തിൽനിന്ന് ഇസ്രായേലിനെ മോശയും അഹറോനുംകൂടി വിടുവിച്ചു കൊണ്ടുവന്ന വിശ്രമമനുഷ്ഠിച്ച ദിവസത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് യഹൂദന്മാർ ശാബതാചാരം തുടങ്ങിയതു്. (ആവ. 5, 15) അതു് യഹൂദചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു.

പാപത്തിന്റെ അടിമത്വത്തിൽനിന്നും വിടുതൽ സമ്പാദിച്ചുകൊണ്ടു് യേശു ഉയിർത്തെഴുന്നേററ ഞായറാഴ്ചയുടെ ഒരു മുൻ അടയാളവും നിഴലുമായിരുന്നു അതു്. അതിനാൽ യേശു ഉയിർത്തെഴുന്നേററ ഞായറാഴ്ചയുടെ ആചാരം വന്നപ്പോൾ നിറുത്തലാക്കേണ്ടതായിരുന്നു ശനിയാഴ്ചദിവസത്തിലെ ശാബതാചാരം. ഹോശയാ ദീർഘദർശി പറഞ്ഞിരിക്കുന്നതു നോക്കുക: "ഞാൻ അവളുടെ (യഹൂദസഭയുടെ) സകല സന്തോഷത്തെയും പെരുനാ

www.malankaralibrary.com

ളുകളെയും അവളുടെ കറുത്തവാവിനെയും ശാബത്ദിവസത്തെയും അവളുടെ എല്ലാ മുഖ്യ പെരുനാളുകളെയും നിറുത്തലാക്കും" (ഹോശ. 2, 11.) അതുപോലെതന്നെ പൗലോസു പറഞ്ഞിരിക്കുന്നതുകൂടി കേൾക്കുക: "ഭക്ഷണപാനിയങ്ങൾ, പെരുന്നാളുകൾ, വാവുകൾ, ശാബത് എന്നിവകളിലും ആരും നിങ്ങളെ കുററപ്പെടുത്താതിരിക്കട്ടെ. ഇവ വരുവാനിരുന്നതിൻെറ നിഴലായിരുന്നു. അതിൻെറ ശരീരമെന്നതോ ക്രിസ്തുവിൻേറതത്രേ. (കൊരലൊ. 2, 16-17.) ഇതിൽനിന്നും സാക്ഷാൽ ശാബത് ക്രിസ്തുമതത്തിലെ ഞായറാഴ്ചയാണെന്നു് ഗ്രഹിക്കാം." ന്യായപ്രമാണത്തിൻെറ അനുഷ്ഠാനത്താൽ ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ല. (ഗലാ. 3, 11.) 'ക്രിസ്തു ന്യായപ്രമാണത്തിൻെറ അവസാനമാകുന്നു' (റോമ. 10, 4.) "ന്യായപ്രമാണം വാഗ്ദത്തം ലഭിച്ച സന്തതിയായ ക്രിസ്തു വരുവോളത്തേയ്ക്കുള്ളതും, കല്പനലംഘനംമൂലം കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതും, ദൂതന്മാർമുഖാന്തരം മദ്ധ്യസ്ഥൻമൂലം നിയോഗിക്കപ്പെട്ടതുമാകുന്നു." (ഗലാ. 3, 19) "ന്യായപ്രമാണം ക്രിസ്തുവിലേയ്ക്കു നമ്മെ നടത്തുന്നതിനുള്ള വഴികാട്ടിയായ ശിശുപാലകനായിരുന്നു." (ഗലാ. 3, 24) എന്നിങ്ങനെയുള്ള വാക്യങ്ങൾ നോക്കിയാൽ ക്രിസ്തീയ ആചാരങ്ങൾ വന്നുകഴിഞ്ഞശേഷം പഴയ ന്യായപ്രമാണപ്രകാരമുള്ള ശാബതു് ആചാരം നിറുത്തലാക്കപ്പെടേണ്ടതായിരുന്നു എന്നു് ഗ്രഹിക്കാവുന്നതാണ്.

നിങ്ങളുടെ തലമുറയ്ക്കു ശാശ്വതമായിരിക്കണമെന്നു പറഞ്ഞുകൊണ്ടു നല്കിയിട്ടുള്ള കല്പനയാണിതെന്നും, അതിനാലതു് ഉപേക്ഷിപ്പാൻ പാടില്ലെന്നുമാണ് ശാബതുസഭക്കാർ പറയുന്നതു്. ശാശ്വതമായിരിക്കണമെന്നു പറഞ്ഞുകൊണ്ടാണ് പരിച്ഛേദനയേർപ്പെടുത്തിയതു്. "നിൻെറ ഭവനത്തിൽ ജനിച്ചവനും, നീ ദ്രവ്യംകൊടുത്തു വാങ്ങിയവനും പരിച്ഛേദനം ചെയ്യപ്പെട്ടേ മതിയാവൂ. ഈ നിയമം നിങ്ങളുടെ മാംസത്തിൽ എന്നേയ്ക്കുമുള്ള ശാശ്വതനിയമമായിരിക്കണം. (ഉല്പ. 17, 13.) ഈ കല്പന പ്രകാരമുള്ള പരിച്ഛേദന ശാബതുസഭക്കാർ വിട്ടുകളഞ്ഞിരിക്കുന്നു. ഇതുപോലെ ശാബതു് ആചാരവും അവർ ഉപേക്ഷിക്കേണ്ടതാണ്.

ഞായറാഴ്ചയാചാരം ക്രിസ്തുവിന്റെ ഉയിർപ്പുമുതൽ തുടങ്ങിയതാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം (അതായതു് ഞായറാഴ്ച) അവർ കുർബ്ബാനയർപ്പിക്കുവാൻ ഒരുമിച്ചുകൂടി. (അപ്പോ. പ്ര 20.7)

www.malankaralibrary.com

ശാബതമിഷ്യൻ തുടങ്ങിയതു് 1947 ൽ ഹെലൻ ഹെർമൻ എന്നൊരു വനിതയായിരുന്നു. അവർക്കു് ദിവസംതോറും ഉണ്ടായിക്കൊണ്ടിരുന്ന വെളിപാടിൻെറ പ്രഖ്യാപനം കേട്ടു്, ആദ്യം അവരെ അനുകൂലിച്ചവരെല്ലാം വേറെ ഓരോ സഭയുണ്ടാക്കിക്കൊണ്ടു് പിരിഞ്ഞുപോയി. ഹെലൻ ഹെർമൻ ജനിച്ചു വളൎന്നതു് മെത്തേലിസ്റ്റു് സഭയിലാണു്. അതു വിട്ടിട്ടാണു് അവർ ശാബതുമിഷ്യൻ തുടങ്ങിയതു്.

## യാക്കോബായസഭയിലെ കേസ് അവസാനിക്കുന്നതു്

യാക്കോബായക്കാരുടെ അബ്ദുൽമിശിഹാ പാത്രിയക്കീസ് മലങ്കരസഭയിൽ കൊടുത്ത കാതോലിക്കാസ്ഥാനവും മെത്രാൻസ്ഥാനവുമെല്ലാം അസാധുവാണെന്നും അവരിൽനിന്നും വൈദികപട്ടം ആരും സ്വീകരിച്ചുപോകരുതെന്നും സ്വീകരിച്ചാൽ അതു അസാധുവായിരിക്കുമെന്നും അബ്ദല്ലാ പാത്രിയർക്കീസും ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസും അപ്രേം മാർ സേവേറിയോസ് പാത്രിയർക്കീസും പിന്നെ വന്ന യാക്കൂബു് ത്രിതീയൻ പാത്രിയർക്കീസും മുറക്കു് കല്പനകൾ എഴുതി പരസ്യപ്പെടുത്തിക്കൊണ്ടും കാതോലിക്കോസിന്റെ കക്ഷിയിൽനിന്നും പട്ടമേറ്റുകൊണ്ടു് യാക്കോബായകക്ഷിയിലേയ്ക്കുചെല്ലുന്നവൎക്കു വേറെ പട്ടം കൊടുത്തശേഷംമാത്രം കുർബാനചൊല്ലാൻ അനുവദിച്ചുകൊണ്ടും വന്നിരുന്നു.

അങ്ങിനെയിരിക്കെ സമുദായക്കേസ് സുപ്രീംകോർട്ടിൽ യാക്കോബായപാത്രിയക്കീസ് പാർട്ടിക്കു് ദോഷമായി വിധിച്ചു. ഉടനെ പാത്രിയക്കീസ് അതേവരെ ചെയ്തുവന്നതെല്ലാം വിസ്മരിച്ചുകൊണ്ടു് ഒരു കല്പനയെഴുതി. ഓൎത്തഡോക്സ്കാരുടെ കാതോലിക്കായ്ക്കും മെത്രാന്മാൎക്കും ശരിയായ പട്ടമുണ്ടെന്നും ഇതേവരെ അവൎക്കു പട്ടമില്ലെന്നു പറഞ്ഞതു് ഇനിയും വകവയ്ക്കേണ്ട എന്നും അവർ കൊടുത്തിട്ടുള്ള വൈദികപട്ടമെല്ലാം ശരിയാണെന്നും ഇനിയും ഇരുകക്ഷിക്കാരുംതമ്മിൽ യോജിച്ചു പൊയ്ക്കൊള്ളാൻ അനുവദിച്ചിരിക്കുന്നു എന്നും യാക്കോബായസഭ എന്ന പേരു കളഞ്ഞു് ഓർത്തഡോക്സ്സഭ എന്ന പേരു് എല്ലാവൎക്കും സ്വീകരിച്ചുകൊള്ളാവുന്നതാണെന്നും പാത്രിയക്കീസ് കല്പിച്ചു. അനേകർ അതുകണ്ടു് അത്ഭുതപ്പെട്ടുപോയി. ചിലർ കത്തോലിക്കാപുനരൈക്യത്തിൽ ചേരുകയും ചെയ്തു. അങ്ങിനെ യാക്കോബായക്കാരുടെ വഴക്കു് തീൎന്നു.

www.malankaralibrary.com

1958 ഒക്ടോബർ 5-ാം തീയതി നല്ലാനിക്കുന്നു പള്ളി കൂദാശ ചെയ്തു.

1958 മേയ് മാസത്തിൽ ചേപ്പാടിനടുത്തുള്ള രാമപുരം പള്ളി പെരുനാളിന് ഞാൻ പ്രധാനത്രോണോസിലായി മൂന്നു മ്മേൽകുർബാന ചൊല്ലി.

1958 ഡിസംബർ 14-ാം തീയതി മാവേലിക്കര പൈനുംമൂട്ടിൽ പുത്തൻകളംവീട്ടിൽ ജേക്കബ് ജോണച്ചന് തിരുവനന്തപുരത്തുവെച്ചു മാർ ഗ്രിഗോറിയോസുതിരുമേനി വൈദികപട്ടം കൊടുത്തു. ഞങ്ങൾ അദ്ദേഹത്തിന് ഒരു അനുമോദനം നല്കി.

1958 ഡിസംബർ 21-ാം തീയതി പൂനാ സെമിനാരിയിൽവെച്ച് ആയൂർ കോയിക്കലഴികത്തു കുറിയാക്കോസ് ശെമ്മാശനും പുന്നമൂട്ട് മൂലെവീട്ടിൽ തോമസ് ശെമ്മാശനും വൈദികപട്ടം സ്വീകരിച്ചു.

## ബർ സ്ലീബാ അച്ചന്റെ മരണം

1958 ഡിസംബർ 30-ാം തീയതി ബഥനിയിലെ ബർ സ്ലീബാ അച്ചൻ 58-ാമത്തെ വയസ്സിൽ നിര്യാതനായി. ആ ശവസംസ്കാരത്തിൽ ഞാൻ ചരമപ്രസംഗം നടത്തി. തിരുവല്ലാ മാർ അത്തനാസ്യോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ ആശ്രമശവക്കോട്ടയിൽ അടക്കി.

1958 ഫെബ്രുവരി 8-ാം തീയതി പുത്തൂർ ലൂർദ്ദുഗ്രോട്ടോയിൽവെച്ച് ആഘോഷിക്കപ്പെട്ട ലൂർദ്ദുശതാബ്ദജൂബിലിക്കു ഞാൻ പോയി മൂന്നുദിവസത്തെ പ്രസംഗയോഗം നടത്തി.

1959 ജനുവരി 25-ാം തീയതി വടക്കൻപറവൂർ പുത്തൻവേലിക്കര പാലാട്ടിൽ ജോർജ്ജച്ചൻ തൃശൂർ രൂപതയിൽനിന്നും തിരുവനന്തപുരം അതിരൂപയിൽ ചേർന്നു ഇദ്ദേഹത്തിനു പട്ടം കൊടുത്തതു കുണ്ടറ കാതോലിക്കാബാവായാണ്. പഴയ സെമിനാരിയിൽവെച്ച് 1943 മെയ് 15-ാംതിയതിയായിരുന്നു വൈദികപട്ടം കിട്ടിയതു്.

## പുനലൂർ പള്ളി കൂദാശ

1959 ജനുവരി 31-ാം തീയതി തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമേനിയും കോട്ടയം മാർ തോമസു തറയിൽ തിരുമേനിയും കൂടി, പുനലൂർ പുതുതായി പണിയിച്ച പള്ളിയുടെ കൂദാശ നടത്തി. അതിനോടനുബന്ധിച്ച് എന്റെ മൂന്നു ദിവസത്തെ പ്രസംഗയോഗവും ഉണ്ടായിരുന്നു.

www.malankaralibrary.com

1959 ഫെബ്രുവരി 19-ാം തീയതി കവിയൂർ ആശുപത്രിയിൽവെച്ചു ബഥനിയാശ്രമസ്ഥൻ ഫാദർയോബ്ബ് O.I.C. നിര്യാതനായി. ആ ശവസംസ്ക്കാര കർമ്മത്തിൽ ഞാനും സംബന്ധിച്ചിരുന്നു. പ്രാരംഭപ്രാർത്ഥനകൾ ഞാൻ നടത്തി. അപ്പോഴേയ്ക്കും തിരുമേനിമാരും വന്നു. ആ ശവസംസ്ക്കാരം ഭംഗിയായി നിർവഹിക്കുകയും ചെയ്തു.

1959 സെപ്റ്റംബർ 16-ാം തീയതി ചന്ദനപ്പള്ളിൽ ബഥനിമഠത്തിൻെറ ഒരു ശാഖ തുടങ്ങി.

1959 സെപ്റ്റംബർ 20 -ാം തീയതി ബാലരാമപുരത്തിനടുത്തുള്ള കണ്ണങ്കോട്ട് പള്ളി കൂദാശ ചെയ്തു

1959 ഒക്ടോബർ 3-ാംതീയതി പൂനാസെമിനാരിയിൽ വച്ച് ഞായല്ലൂർ ജോസഫ് ശെമ്മാശ്ശൻ വൈദികപ്പട്ടമേററു. 1959 ഒക്ടോബർ 12-ാം തീയതി പുത്തൻകാവ് കെ.എം. ചെറിയാൻ മരിച്ചു. പുത്തൻകാവ് സീറിയൻ കത്തോലിക്കാ പള്ളിയിൽ അടക്കി.

1959 ഡിസംബർ 3-ാം തീയതി മംഗലാപുരം സെമിനാരിയിൽ വെച്ചു രാമൻചിറ ചക്കാലമണ്ണിൽ കോശിശെമ്മാശനും കാർത്തികപ്പള്ളി കൈപ്പള്ളിൽ ജോസഫ് ശെമ്മാശനും വൈദീകപ്പട്ടമേററു. അവർ തിരുവനന്തപുരത്തു വന്നപ്പോൾ ഞങ്ങൾ അവരെ സസന്തോഷം സ്വീകരിച്ചു.

## കിഴക്കെവീട്ടിൽ പത്രോസച്ചൻെറ മരണം

1959 ഒക്ടോബർ 15-ാം തീയതി പത്തനംതിട്ട കിഴക്കേ വീട്ടിൽ ഫാദർ പത്രോസു മരിച്ചു. നന്നുവക്കാട്ടുപള്ളി സെമിത്തേരിയിൽ അടക്കി. ഞാൻ ചരമ പ്രസംഗം നടത്തി.

1959 ഒക്ടോബർ 30-ാം തീയതി കൊട്ടാരക്കര ഫാദർ തോമസു കൈപ്പടക്കൽ മരിച്ചു. അതിനു് ഞാനുംപോയിരുന്നു. കൊട്ടാരക്കര പള്ളിയുടെ സെമിത്തേരിയിൽ അടക്കി.

## പീടികയിലച്ചൻെറ മരണം

1960 ഏപ്രിൽ 25-ാം തീയതി ഓമല്ലൂർ പുത്തൻ പീടികയിൽ ഗീവർഗീസച്ചൻ നിര്യാതനായി. ആ ശവസംസ്കാരത്തിനു ഞാൻപോയി. തിരുവനന്തപുരം, തിരുവല്ലാ രൂപതകളിലെ തിരുമേനിമാരും ഞാനുംകൂടി മുന്നുമ്മേൽ കുർബാന അർപ്പിച്ചു.

www.malankaralibrary.com

ചരമപ്രസംഗം ഞാൻ നടത്തി. പുത്തൻ പീടിക ലത്തീൻ പള്ളിയിലേയ്ക്കു ഒരു വിലാപയാത്രയും കഴിഞ്ഞതാണു ഞങ്ങളുടെ പള്ളിയിൽ കൊണ്ടു വന്നു സംസ്കാര കർമ്മം നടത്തിയതു്.

1960 ജൂൺ 20-ാം തീയതി തൃശിനാപ്പള്ളിൽ വച്ചു് കാട്ടൂർ പൊന്മേലിൽ മാത്യുശെമ്മാശൻ വൈദീകപട്ടമേററു.

1960 ജൂൺമാസത്തിൽ ബ്രദറൺ സഭക്കാരുടെ വക 'സത്യപ്രകാശിനി' എന്ന മാസികയിൽ ശിശുക്കളെ സ്നാനപ്പെടുത്തുന്നതു തെററാണെന്നു പറഞ്ഞു് ഒരു ലേഖനം പ്രസിദ്ധം ചെയ്തിരുന്നു. അതിനു് ഞാൻ ഒരു മറുപടിയെഴുതി. അതിലെ ചുരുക്കം താഴെ ചേർക്കുന്നു.

## ശിശുസ്നാനം

'വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവിൻ' എന്നു് വേദപുസ്തകത്തിൽ കല്പനയുണ്ടെന്നു ബ്രദറൻ സഭക്കാർ പറയുന്നതു ശരിയല്ല. അങ്ങനെ ഒരു കല്പനയില്ല. 'സർവജാതികളെയും സ്നാനപ്പെടുത്തുവാനാണു കല്പിച്ചിരിക്കുന്നതു്. (മത്താ, 29, 19) വിശ്വാസം ഏററുപറയേണ്ടതു് അവിശ്വസിക്കുവാൻതക്ക പ്രായമായവരാണ്. അവിശ്വാസം ദൈവകൃപയുടെ പ്രവർത്തനത്തെ തടയും. അവിശ്വാസിയിൽ ദൈവം പ്രവർത്തിക്കുകയില്ല. പ്രവർത്തിച്ചാൽ അതു ദൈവം മനുഷ്യനു് കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തിനു് ഹാനികരമായിരിക്കും.

ശിശുക്കൾ ഏററുപറയണമെന്നു് ദൈവം ശഠിക്കയില്ല. ജ്ഞാനസ്നാനം ഒരു വീണ്ടും ജനനമാണെന്നു പൗലോസു പറയുന്നു. (തീത്തോ. 3, 6,) ക്രിസ്തുമൂലമുള്ള രക്ഷവേണമെങ്കിൽ ഒരുവൻ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും വീണ്ടും ജനിച്ചിരിക്കണമെന്നു കർത്താവു് പറയുന്നു. (യോഹ. 3, 5.) ജനനം മൂലം ഒരു ശിശുവിനു് അവൻെറ അപ്പന്റെ സ്വത്തിൻെറ അവകാശം ലഭിക്കുന്നു. ആ അവകാശം ലഭിക്കുന്നതിനു തിരിച്ചറിവു വേണമെന്നില്ല. വീണ്ടുജനനത്തിനുള്ള വേറൊരു പേരാണു് ദത്തെടുക്കൽ. ജ്ഞാനസ്നാനം മൂലം ഒരുവനെ ദൈവം തന്റെ പുത്രനായി ദത്തെടുക്കുന്നു. (എപ്പേ 1.5.) വലിയ ഒരു പാപിയായ ആദാമിൻെറ മകനെ കൃപാവരത്തിൻെറ വലിയ സ്വത്തുകാരനായ

www.malankaralibrary.com

ദൈവം ജ്ഞാനസ്നാന കർമ്മം മൂലം ദത്തെടുക്കുന്നു. അപ്പോൾ അവൻ ദൈവത്തിൻെറ പുത്രനും ക്രിസ്തുവിൻെറ കൂട്ടവകാശിയും ആയിത്തീരും. (റോമ. 8, 17.) ദത്തെടുക്കുന്നതിനു് പ്രായം നോക്കണമെന്നില്ല. ശിശുക്കളെയും ദത്തെടുക്കാം.

ശ്രീമൂലം തിരുനാൾ മഹാരാജാവു് മാവേലിക്കര കൊട്ടാരത്തിൽ നിന്നു രണ്ടു പെൺകുഞ്ഞുങ്ങളെ തൻെറ അച്ഛൻെറ പെൺമക്കളായി ദത്തെടുത്തു. അവർ തിരുവിതാംകൂർ രാജ്യത്തിൻെറ അവകാശികളായിത്തീരുകയും ചെയ്തു. ദൈവത്തിൻെറ വസതിയാണു് സ്വർഗ്ഗം. ദത്തെടുക്കുന്നതിനുള്ള കർമ്മമായി ക്രിസ്തു ഏർപ്പെടുത്തിയതാണു് ക്രിസ്തീയ ജ്ഞാനസ്നാനം. അതേൽക്കുന്നയാൾ ശിശുവായാലും സ്വർഗ്ഗത്തിൻെറ അവകാശിയായിതീരും. നിസ്സാര കാരണങ്ങളാൽ ശിശുക്കൾക്കു മരണമുണ്ടാകാം. രക്ഷിക്കപ്പെടേണ്ട ഒരാത്മാവു ശിശുവിനുണ്ടു്. അതിനാൽ അതിനെ കഴിവതും വേഗത്തിൽ രക്ഷയുടെ അവകാശിയാക്കി തീർക്കേണ്ടതു് രക്ഷകർത്താക്കളുടെ ചുമതലയാണു്.

ശിശുസ്നാനം നടന്നിട്ടുള്ളതായി വേദപുസ്തകത്തിൽ ദൃഷ്ടാന്തമുണ്ടു്, ലുദിയായുടെ വിശ്വാസം സ്വീകരിച്ചുകൊണ്ടു പൗലോസ് ലുദിയായെയും അവളുടെ ശിശുവിനേയും സ്നാനപ്പെടുത്തി. "പൗലോസു പറയുന്നതിനെ ഗ്രഹിപ്പാൻ കർത്താവു ലുദിയായുടെ ഹൃദയത്തെ തുറന്നു. അവളും കുടുംബവും സ്നാനമേററു" (അപ്പോ പ്ര, 16. 14-15) ഇവിടെ കുടുംബം എന്നുപറയുന്നതു് പ്രായമായവരെ ഉദ്ദേശിച്ചല്ല. അവിശ്വസിക്കുവാൻ തക്ക പ്രായമായ കുടുംബാംഗങ്ങളെ സ്നാനപ്പെടുത്തുന്നതിനു കർത്താവു ലുദിയായുടെ ഹൃദയത്തെ മാത്രം തുറന്നാൽപോരാ. ആ വ്യക്തികളുടെ ഹൃദയങ്ങളെത്തന്നെ തുറക്കണം. അങ്ങനെ ചെയ്തതായി ഇവിടെ കാണുന്നില്ല. രക്ഷകർത്താവിൻെറ വിശ്വാസത്തെ മാത്രം ആധാരമാക്കി സ്നാനപ്പെടുത്താവുന്ന കുടുംബം അവിശ്വസിക്കുവാൻ തക്കപ്രായമാകാത്ത ശിശുക്കൾ മാത്രമാണു്. ആകയാൽ ലുദിയായുടെ കുടുംബത്തെ സ്നാനപ്പെടുത്തി എന്നുപറയുന്നതു് അവളുടെ കയ്യിലിരുന്ന ശിശുവിനെ ഉദ്ദേശിച്ചാണെന്നു ഗ്രഹിക്കാം.

ആകയാൽ ശിശുസ്നാനത്തെ വിലക്കുന്നതു തെററാണു്. "കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുക എന്നാൽ നീയും, നിൻെറ കുടുംബവും രക്ഷിക്കപ്പെടും." എന്നു് പറഞ്ഞിരിക്കുന്നു,

www.malankaralibrary.com

ഇവിടെയും കുടുംബം എന്നു പറഞ്ഞിരിക്കുന്നതു് അവിശ്വസിക്കുവാൻ തക്ക പ്രായമാകാത്ത ശിശുക്കളെ മാത്രം ഉദ്ദേശിച്ചാണ്. "കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിട്ടവിൻ, എന്തെന്നാൽ സ്വർഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു." എന്നു കർത്താവു് പറഞ്ഞിരിക്കുന്നിടത്തും ശിശുക്കളെയാണുദ്ദേശിച്ചിരിക്കുന്നതു്. വേദപുസ്തകപഠനം വർദ്ധിച്ചുവരുന്ന ഇക്കാലത്തു് തെററായ ഉപദേശങ്ങൾ ഈ നവീനസഭക്കാരെല്ലാം ഉപേക്ഷിക്കേണ്ടതാണ് എന്നെഴുതി. അതിനു മറുപടി ഉണ്ടായില്ല.

1960 ജൂലൈ 5-ാം തീയതി ചങ്ങനാശേരി കോളേജ് പ്രിൻസിപ്പാലായിരുന്ന ശേഷം പാളയം സെന്റ് മേരീസ് പള്ളി വികാരിയായി വന്ന ഫാ. മാത്യു പുരയ്ക്കൽ ബാംഗ്ലൂരിൽ വച്ചു നിര്യാതനായി. 1960 ജൂലൈമാസത്തിൽ 'മലങ്കരസഭ', എന്ന മാസികയിൽ 'തെറ്റില്ലായ്മ എന്ന ശീർഷകത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് (ഓർത്തഡോക്സ് മെത്രാൻ) തിരുമേനി എഴുതിയിരുന്ന ലേഖനത്തിലെ തെററുകൾ ചൂണ്ടികാണിച്ചുകൊണ്ട് മാർപ്പാപ്പായുടെയും സഭയുടെയും 'അപ്രമാദിത്വം' എന്ന ശീർഷകത്തിൽ ഞാനൊരു ലേഖനം എഴുതി. സത്യവിശ്വാസം ഇന്നതാണെന്നു് തീർച്ചയാക്കുന്ന കാര്യത്തിലാണ് തെററില്ലായ്മയുള്ളതെന്നു് ഞാൻ ചൂണ്ടികാണിച്ചുകൊടുത്തു. 1960 ജൂൺമാസത്തിൽ മുണ്ടേല മുതലായ പത്തു പള്ളിക്കാർ ഏകോപിച്ചു നടത്തിയ ധ്യാനയോഗത്തിൽ ഞാൻ പ്രസംഗിച്ചു. 1960 ആഗസ്റ്റുമാസത്തിൽ ദൈവസഭക്കാരുടെ വക 'ആത്മബോധിനിയുടെ' "ക്രിസ്ത്യാനികൾക്കെല്ലാം കൂദാശനടത്താൻ അധികാരമുണ്ട്" എന്ന ലേഖനത്തിനു ഞാനൊരു വിമർശനം എഴുതി.

1960 ജൂലൈ 24-ാംതീയതി പട്ടം ഇടവകയിലെ സൺഡെ സ്കൂളിന്റെയും സൊഡാലിററിയുടെയും ഏകോപിച്ചുള്ള യോഗത്തിൽ ഞാൻ ആദ്ധ്യക്ഷം വഹിച്ചു.

1960 ഒക്ടോബർ 6-ാംതീയതി അലക്സാണ്ടർ എം. പണിക്കർ ശെമ്മാശൻ പൂനാ സെമിനാരിയിൽ വെച്ചു വൈദികപട്ടം ഏററു മടങ്ങിവന്നു.

1960 നവംബർ 4-ാം തീയതി ചേപ്പാട്ടു് ഞാപ്പള്ളിൽ എ. ഡാനിയേൽ കത്തോലിക്കനായി. 1960 ൽ മേളാംപറമ്പിൽ ഉമ്മച്ചൻ മരിച്ചു.

www.malankaralibrary.com

1960-ൽ ബ്രദറൺസഭക്കാരുടെ 'സത്യപ്രകാശിനി' എന്ന മാസികയിൽ കുമ്പസാരത്തെ ആക്ഷേപിച്ചെഴുതിയ ലേഖനത്തെ ഖണ്ഡിച്ചു ഞാനൊരു മറുപടി ലേഖനമെഴുതി.

ചന്ദനപ്പള്ളി വടക്കേക്കര ദാനിയേൽ ശെമ്മാശനും ചെന്നിത്തല വാലുപറമ്പിൽ വി. പി. എബ്രഹാം ശെമ്മാശനും ആലുവാ സെമിനാരിയിലെ പഠനം കഴിഞ്ഞുവന്ന് ആർച്ചു ബിഷപ്പു തിരുമനസ്സിലെ കല്പന പ്രകാരം 1961 മാർച്ച്മാസം 13-ാം തീയതി തിരുവല്ലാ കത്തീഡ്രൽ പള്ളിയിൽ വെച്ചു മാർ അത്തനാസ്യോസ് തിരുമേനിയിൽ നിന്നും വൈദികപട്ടമേല്ക്കുകയും 14-ാം തീയതി പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു.

1961 ഏപ്രിൽ 11, 12, 13 എന്നീ തീയതികളിൽ വടശേരിക്കര ഇടവകയുടെ രജതജൂബിലി ആഘോഷം സംബന്ധിച്ച് മൂന്നുദിവസത്തെ പ്രസംഗയോഗം ഞാൻ ചെന്ന് നടത്തി. ഒരു യോഗത്തിൽ തിരുവല്ലായിലെ മാർ അത്തനാസ്യോസ് തിരുമേനിയും ആദ്ധ്യക്ഷം വഹിച്ചു.

## തൃക്കോമല പള്ളിയിലെ കൺവൻഷൻ

1961 ഏപ്രിൽമാസത്തിൽ കരിമ്പനാംകുഴി, കണ്ണംപള്ളി, തൃക്കോമല, എന്നീ ഇടവകകൾ ഏകോപിച്ചു് തൃക്കോമല പള്ളിയിൽവെച്ചു നടത്തിയ കൺവൻഷനിൽ ഞാൻ പോയി മൂന്നു ദിവസം പ്രസംഗിച്ചു.

1961 ജൂൺ 9-ാംതീയതി വകയാർ വലിയവിള തോമസ് ശെമ്മാശൻ പട്ടം അരമന ചാപ്പലിൽ വച്ച് വൈദികപട്ടമേററു.

മുക്കത്തു് കുടുംബത്തിൽപ്പെട്ട കണ്ണന്താനം വറുഗീസ് 1961 ജൂൺമാസത്തിൽ മരിച്ചു. ചെങ്ങന്നൂർ പള്ളിയിൽ അടക്കി.

1961 ജൂൺ 24, 25, 26 എന്നീ തീയതികളിൽ മലങ്കോട്ടയം പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ഞാൻ ഒരു പ്രസംഗയോഗം നടത്തി. കൊട്ടറയും, ചെറുവക്കലും പണിയിച്ചിട്ടുള്ള പള്ളികളുടെ കൂദാശയോടനുബന്ധിച്ച് ജൂൺ 27, 28, 29 എന്നീ തീയതികളിലും ഞാൻ പ്രസംഗിച്ചു.

www.malankaralibrary.com

1961 ജൂലൈ 25-ാം തീയതി ഞാൻ മൈലപ്രാ പള്ളിയിൽ പ്രസംഗിക്കുകയും സൺഡെസ്കൂൾ വാർഷികയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

1961 ഓഗസ്റ്റ് 27-ാം തീയതി ഡോക്ടർ ഫിലിപ്പും ഭാര്യയും പുനരൈക്യപ്പെട്ടു. ഇവർ ഇപ്പോൾ കോട്ടയം ആശുപത്രിയിൽ ജോലി നോക്കിവരികയാണ്.

1961 ജൂലൈ 30-ാംതീയതി ഐ. എം. ഇടിക്കുള മരിച്ചു. ഇദ്ദേഹത്തിന്റെ മകനാണ് ഫാ. ഏബ്രഹാം ഇടശ്ശേരി.

1961 സെപ്റ്റംബർ 1 മുതൽ 8 വരെ പുത്തൻപീടിക പള്ളിയിൽ വച്ചു എട്ടുനോമ്പു സംബന്ധിച്ചു എട്ടുദിവസം ഞാൻ പ്രസംഗിച്ചു.

## മി. ടി. കെ. കോശിയുടെ മരണം

1961 സെപ്റ്റംബർ 14-ാം തീയതി തൈക്കാടവിൽ മേരിലാൻറ് വീട്ടിൽ മി. ടി. കെ. കോശി ബി. എ. എൽ, ടി. മരിച്ചു. നിരണം ആലംതുരുത്തിപള്ളിയിൽ സംസ്കരിച്ചു. മാർ അത്തനാസ്യോസ് തിരുമേനിയും ഞാനും അനവധി പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു.

1961 ഒക്ടോബർ 3-ാംനു കുണ്ടറ ബഥനിമഠം തുടങ്ങി.

1961 ഒക്ടോബർ 3-ാം തീയതി പൂനാസെമിനാരിയിൽ വച്ച് മാവേലിക്കര, കൊട്ടാരത്തിൽ തോമസ്സ ശെമ്മാശനും, കുമ്പഴ, മരുതൂർ തോമസ് ശെമ്മാശനും വൈദികപട്ടം സ്വീകരിച്ചു. അവരെ ഞങ്ങൾ സസന്തോഷം സ്വീകരിക്കുകയും ചെയ്തു.

## പേപ്പൽ ബഹുമതിസ്ഥാനങ്ങൾ

തിരുവനന്തപുരം അതിരൂപതയുടെ വികാരി ജനറാൾ **മോൺ. സി. റ്റി. കുരുവിളഅച്ചന്** ഡൊമസ്റ്റിക്ക് പ്രിലേറ്റ് എന്ന ബഹുമതിസ്ഥാനവും, അട്ടൂർ ഇടവകയിൽ **നെല്ലിമൂട്ടിൽ അലക്സാണ്ടർ മുതലാളി** അവർകൾക്ക് "പ്രോ എക്ളേസിയാ എത്ത് പോണ്ടിപിച്ചെ" എന്ന ബഹുമതിസ്ഥാനവും, ചെങ്ങന്നൂർ ഇടവകയിൽ പരേതനായ ബാരിസ്റ്റർ മി. ജോർജ്ജ് ജോസഫിന്റെ ഭാര്യ **മിസ്സസ് ജോർജ്ജ് ജോസഫിന്** (ശ്രീമതി

www.malankaralibrary.com

പാപ്പി അമ്മയ്ക്കു") 'പ്രോ എക്ളേത്തിയാ എത്ത് പോണ്ടിപിച്ചെ' എന്ന ബഹുമതിസ്ഥാനവും നല്കിയതിന്റെ സ്ഥാനച്ചിഹ്നങ്ങൾ കൊടുത്തു് അവരെ അനുമോദിക്കുന്നതിനായി വന്ദ്യതിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം സെൻറ് മേരീസ് ഹാളിൽ വച്ചു് 1960 സെപ്റ്റംബർ 20-ാം തീയതി ഒരു വമ്പിച്ച യോഗം കൂടി. പലരും അവരെ അനുമോദിച്ചു് പ്രസംഗിക്കയും സ്ഥാനച്ചിഹ്നങ്ങൾ അവൾക്കു കൊടുക്കുകയുംചെയ്തു.

1961 നവംബറിൽ മൈലപ്രാ വെച്ചു് നടത്തപ്പെട്ട കത്തോലിക്കാ കോൺഗ്രസിൽ ഞാൻ ആദ്ധ്യക്ഷം വഹിച്ചു.

1961 ഡിസംബർ മാസത്തിൽ പത്തനംതിട്ട ബഥനീ മഠം തുടങ്ങി.

1961 ഡിസംബർ 4-ൽ ചാത്തന്നൂർ അട്ടതല കിഴക്കുംകര ജേക്കബ് ശെമ്മാശൻ ബാംഗ്ളൂർ **സെമിനാരി**യിൽ വെച്ചു വൈദീക പട്ടമേററു. ഇദ്ദേഹത്തെ ചേർത്തതു ഞാനായിരുന്നു് അദ്ദേഹത്തിന്റെ പുത്തൻ കുർബാനയ്ക്കും ഞാൻ പോയിരുന്നു.

1961 ഡിസംബറിൽ ചാത്തന്നൂർ സ്ഥാപിച്ച ചാപ്പലിന്റെ കൂദാശയും അതോടനുബന്ധിച്ചുള്ള മൂന്നു ദിവസത്തെ പ്രസംഗ യോഗവും ഞാൻ നടത്തി.

1961 ഡിസംബർ 21-ാം തീയതി തുമ്പമൺ ഡോമനിക്ക സഖറിയാസ് ശെമ്മാശൻ കോതമംഗലത്തു വെച്ചു വൈദീക പ്പട്ടമേററു.

1962. ജനുവരി 25 മുതൽ 29 വരെയുള്ള തീയതികളിൽ ഞാൻ വയലത്തല താമസിച്ചു. അവിടെ മിഷൻ തുടങ്ങീട്ട് 25 വർഷം തികയുന്ന ജൂബിലി ആഘോഷത്തോടനുബന്ധിച്ചു് ഒരു പ്രസംഗയോഗം നടത്തുകയും ചെയ്തു.

1962 ഫെബ്രുവരി 16-ാം തീയതി തുവയൂർ (അന്തിച്ചിറ) പുതുതായി പണിയിച്ച ദേവാലയത്തിന്റെ കൂദാശയ്ക്കു ഞാൻ പോകയും അവിടെ ഒരു പ്രസംഗയോഗം നടത്തുകയും ചെയ്തു.

1962 ഫെബ്രുവരി മാസത്തിൽ ചെങ്കുളത്തു് ഒരു പുതിയ മിഷൻ സ്ഥാപിച്ചു. അതിനു ഞാൻ പോയി ഒരു പ്രസംഗ യോഗം നടത്തി.

www.malankaralibrary.com

## മി. എ. എം. മാത്യുവിന്റെ പുനരൈക്യം

1962 ഫെബ്രുവരി 22-ാനു- ഡെപ്യൂട്ടി തഹസീൽദാരായിരുന്ന മുട്ടത്തു ആതക്കാട്ടു വീട്ടിൽ എം. സി. മാത്യു അവർകളുടെ മകൻ, മി. എ. എം. മാത്യു M.A.LLB.N.N.M.M.C. തന്റെ പുത്രൻ സന്തോഷം എന്ന കുട്ടിയുടെ ഒന്നാം ജന്മദിനത്തിൽ, ഭാര്യ ഓമന മാത്യു M.B B.S.; M.R.C.P.; D.C.H. ഉം ഒരുമിച്ചു പട്ടത്തു പള്ളിയിൽ വെച്ചും കത്തോലിക്കാ സഭയിൽ ചേർന്നു.

1962 ഫെബ്രുവരി മാസത്തിൽ ഇടമുളക്കൽ പള്ളിയിൽ പോയി ഞാൻ ഒരു പ്രസംഗയോഗം നടത്തി.

## എലിക്കാട്ടൂർ പള്ളി

1962 ഫെബ്രുവരി 23-ാം തീയതി ഞാൻ എലിക്കാട്ടൂർ പോകയും, അവിടെ നൂററിപതിനഞ്ചു പേരെ കത്തോലിക്കാ സഭയിൽ സ്വീകരിക്കുകയും, അവിടെ മൂന്നു ദിവസത്തേക്കു് ഒരു പ്രസംഗ യോഗം നടത്തുകയും ചെയ്തു.

1962 മാർച്ച് 24-ാം തിയതി ചന്ദനപ്പള്ളിൽ പള്ളിവാതുക്കൽ ശമുവേൽ ശെമ്മാശനും കാരിച്ചാൽ ചെറിയാൻ പണിക്കർ ശെമ്മാശനും തൃശ്ശിനാപ്പള്ളി സെമിനാരിയിൽവെച്ചു വൈദികപട്ടമേററു തിരുവനന്തപുരത്തു മടങ്ങിയെത്തി. സസന്തോഷം ഞങ്ങൾ അവരെ സ്വീകരിച്ചു.

1962 ഏപ്രിൽ 24 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ കൊട്ടാരക്കര കിഴക്കേതെരുവു് പള്ളിയിൽ വച്ചു് ഞാനൊരു പ്രസംഗയോഗം നടത്തി.

1962 നവംബർ 17-ാം തീയതി ബഥനിയാശ്രമത്തിലെ ബ്രദർ ആൻറണി മരിച്ചു്, അടക്കപ്പെട്ടു. ഇദ്ദേഹം തട്ടാരമ്പലത്തുള്ളയാളായിരുന്നു.

## കത്തോലിക്കാസഭ അന്നും ഇന്നും ഒന്നുതന്നെ

1962 ജൂൺമാസത്തിൽ 'ആദ്യകാലകത്തോലിക്കാസഭ' എന്ന ശീർഷകത്തിൽ ഇന്നത്തെ കത്തോലിക്കാസഭയെ തരംതാഴ്ത്തിക്കൊണ്ടു ദൈവസഭക്കാരുടെ 'ആത്മബോധിനി' എന്ന മാസികയിൽ കണ്ട ഒരു ലേഖനത്തിനു ഞാൻ മറുപടി എഴുതി. ക്രിസ്തീയ

www.malankaralibrary.com

സഭയ്ക്കു, കത്തോലിക്കാസഭ എന്ന പേരു് ആദ്യമായി കാണുന്നതു് എ. ഡി. 110 ൽ മാർ ഇഗ്നാത്തിയോസ് എഴുതിയ ലേഖനത്തിലാണു്. എന്നാൽ അതിനു മുൻപും സഭ കാതോലികമായിരുന്നു. 'നിങ്ങൾ പോയി സകല ജാതികളെയും ഉപദേശിച്ച് ശിഷ്യരാക്കുവിൻ' (മത്താ. 28, 20) എന്നു് ക്രിസ്തു ആജ്ഞാപിച്ചതിൽ നിന്നു ക്രിസ്തുവിൻെറ സഭ കാതോലികമാണു് എന്നു ഗ്രഹിക്കാം. (മാർക്കോ. 16, 15) (ലൂക്കോ. 24. 47) കർത്താവു് തന്റെ അപ്പോസ്ഥലന്മാരായി 12 പേരെ നിയമിച്ചു. പിന്നീടു് പത്രോസിനെ അവരുടെ തലവനാക്കി നിയമിച്ചു. അപ്പോസ്ഥലന്മാർ മത്തിയാസിനെ അപ്പോസ്ഥലനായി തിരഞ്ഞെടുത്തു് വാഴിച്ചു. പിന്നീടു പൗലോസിനെയും ബർന്നബാസിനെയും അപ്പോസ്ഥലന്മാരായി വാഴിച്ചു. (നട. 1, 26; 14. 14 ) അപ്പോസ്ഥലന്മാർ ശെമ്മാശ്ശന്മാരെ വാഴിച്ചു. (നട. 6, 6) പിന്നീടു് പള്ളികളിലൊക്കെയും കശ്ശീശന്മാരെ–വൈദികരെ–വാഴിച്ചു. (നട. 14, 23) പൗലോസു് തീമോത്തിയോസിനെ എപ്പിസ്ക്കോപ്പായായിവാഴിച്ചു. പട്ടണംതോറും കശ്ശീശന്മാരെ നിയമിക്കുവാൻ പൗലോസു് തീത്തോസിനോടാജ്ഞാപിച്ചിരിക്കുന്നു. (തിത്തോ. 1, 5) ഇതിൽ നിന്നെല്ലാം ഇന്നത്തെ കത്തോലിക്കാസഭയിൽ കാണുന്ന വിവിധ വൈദികപദവിക്രമം ആദ്യകാലത്തെ സഭയിലും ഉണ്ടായിരുന്നുവെന്നും, ആദ്യകാലത്തെ കത്തോലിക്കാസഭയും ഇന്നത്തെ കത്തോലിക്കാസഭയും വിഭിന്നങ്ങളല്ലെന്നും, ഇന്നു് കത്തോലിക്കാസഭയിൽ കാണുന്ന വൈദികക്രമം ആദ്യകാലത്തെ സഭയിലുണ്ടായിരുന്നതു തന്നെയാണെന്നും തെളിയിച്ചുകൊണ്ടു ഞാനെഴുതി.

കുസ്തന്തീനോസു് പോലീസിലെ പാത്രിയക്കീസും, ഗ്രീക്കു സഭയുംകൂടി മാർപ്പാപ്പായെ ശപിച്ചു, തള്ളിക്കളഞ്ഞതാണെന്നിവർ പറയുന്നു. കത്തോലിക്കാസഭയെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കുമെന്നു വേദപുസ്തകം പറയുന്നു. "ഈ കല്ലിന്മേൽ വീഴുന്നവൻ നുറുങ്ങിപ്പോകും. അതു് ആരുടെമേലെങ്കിലും വീണാൽ അവനും ധൂളിയായിപ്പോകും" (മത്താ. 21, 44) എന്നു് വേദപുസ്തകം പറയുന്നു. അതിനാൽ കത്തോലിക്കാസഭയെ ശപിക്കുന്നവനും, കത്തോലിക്കാസഭയുടെ ശാപമേല്ക്കുന്നവനും ഛിന്നഭിന്നമായിപ്പോകും എന്നു ധരിക്കണം എന്നു കാണിച്ചു് ഞാനെഴുതി. മറുപടി കണ്ടില്ല.

www.malankaralibrary.com

1962 മാർച്ച് 31-ാം തീയതി പുത്തൻകാവിൽ തെക്കേടത്തു ജോർജ്ജ് ഉമ്മൻ ശെമ്മാശൻ പുത്തൻകാവു പള്ളിയിൽവെച്ചു് വൈദികപട്ടം ഏററു.

## ചേപ്പാട്ടു തുരുത്തിയിൽ പാപ്പിയുടെ മരണം

1962 ജൂൺ 13-ാംതീയതി ചേപ്പാട്ടു തുരുത്തിയിൽ പാപ്പി എന്ന എന്റെ സഹോദരപുത്രൻ മരിച്ചു. ആ ശവസംസ്കാരത്തിനു ഞാൻ പോയിരുന്നു. വളരെ പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. പരേതന്റെ മക്കളിൽ മൂന്നുപേർ ഇപ്പോൾ വൈദികരാണ്. അവരിൽ മാത്യു അച്ചൻ യൂറോപ്പ് യറുശലേം മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു് 1968 ജൂലൈ 26-ാം തീയതി മടങ്ങിവന്നു. ഇപ്പോൾ ഇടവകഭരണത്തിൽ പ്രവേശിച്ചിരിക്കയാണ്.

1962 ജൂലൈ 14-ാം തീയതി സിസ്റ്റർ കാർമ്മൽ ഡി. എം. മരിച്ചു. പോങ്ങുംമൂട്ട മഠം സെമിത്തേരിയിൽ അടക്കി.

1962 ആഗസ്റ്റ് 8-ാം തീയതി ഫാദർ ജോർജ്ജ് കണ്ടത്തിൽ എസ്. ജെ. ഉള്ളന്നൂർ വന്നു താമസമായി. കുറെ ചില സോഷ്യൽ വർക്കു നടത്തി. അദ്ദേഹത്തെ തിരികെ വിളിക്കയാൽ മടങ്ങിപ്പോയി

1962 ആഗസ്റ്റ് 19-ാം തീയതി മരിയാശിരി ഇടവകയിലെ പെരുനാൾ എന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 1962 സെപ്റ്റംബർ 16-ാം തീയതി ബ്രദർ ക്ലെമെന്റ് നാലാഞ്ചിറ ജയമാതാ ഓർഫനേജിനോടനുബന്ധിച്ചുള്ള ആശ്രമത്തിൽവെച്ചു മരിച്ചു. ആ ശവസംസ്കാരത്തിൽ ഞാൻ പോയി സംബന്ധിക്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയിൽ വേല ചെയ്യുവാനായി ആദ്യം വന്ന ഫ്രാൻസിസ്കൻബ്രദേഴ്സിൽ പ്രഥമൻ ഇദ്ദേഹമായിരുന്നു.

1962 സെപ്റ്റംബർ 19-ാം തീയതി മാവേലിക്കര മേടയിൽ മത്തായിപ്പണിക്കരുടെ മകൻ ഫ്ളൈററുലഫ്റ്റനന്റ് തോമസുപണിക്കരുടെ ഭാര്യ കുഞ്ഞമ്മ മരിച്ചു. ഞാൻ അവിടെ പോയി ആ ശവസംസ്കാരകർമ്മത്തിൽ സംബന്ധിച്ചു. കുഞ്ഞമ്മ മി. ഒ. എം. ചെറിയാന്റെ മകളായിരുന്നു.

www.malankaralibrary.com

1962 ഒക്ടോബർ 3-ാംതീയതി കൂടൽ, ചുറ്റിവട്ടത്തു ഫാദർ കെ. ജി. ഗീവർഗ്ഗീസ് കുറെ വീട്ടുകാരോടുകൂടി കത്തോലിക്കാസഭയിൽ ചേർന്നു.

1962 ഒക്ടോബറിൽ കൂടൽ എന്ന സ്ഥലത്തു പുതുതായി തുടങ്ങിയ പള്ളിയുടെ കൂദാശ കല്പനപ്രകാരം ഞാൻ പോയി നടത്തി.

1962 ഒക്ടോബർ 3-ാംതീയതി പുതുശേരി ഇടവകയിൽ കുന്നംകര ജോൺ ശെമ്മാശനും വകയാർ ഇടവകയിൽ തുണ്ടിയിൽ ശമുവേൽ ശെമ്മാശനും പൂനാ സെമ്മിനാരിയിൽവെച്ചു വൈദികപട്ടമേററുവന്നു. ഞങ്ങൾ അവരെ സസന്തോഷം സ്വീകരിച്ചു.

1962 ഒക്ടോബർ 21-ാം തീയതി ഞാൻ മൈലപ്രായിൽ പോയി അവിടുത്തെ കുരിശടിയുടെ കൂദാശ നടത്തി.

## സഭ ദൃശ്യമാകുന്നു

1962 ഒക്ടോബർ മാസത്തിൽ ദൈവസഭക്കാരുടെ 'ആത്മബോധിനി'എന്ന മാസികയിൽ സഭ ദൃശ്യമാകുന്നു' എന്ന ശീർഷകത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനത്തിൽ പൂർവ്വാപരവിരുദ്ധമായി പരാമർശിച്ചിരുന്ന കാര്യങ്ങൾ ഞാനെടുത്തുകാണിച്ച് ഒരു മറുപടി എഴുതി. വിശുദ്ധസഭ ഒന്നേയുള്ളു. അതു ദൃശ്യമാണ്. എന്നാൽ എല്ലാ സഭകളിലുമുള്ള വിശുദ്ധന്മാരുടെ കൂട്ടമാണ് സഭ. അതു വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമാണ്. എന്നൊക്കെ പറയുന്നതു തെററാണ്. നിങ്ങളിൽ രണ്ടുപേർ തമ്മിൽ വഴക്കുണ്ടായാൽ അതു് അവർ തമ്മിൽ പറഞ്ഞുതീർക്കണം. അല്ലെങ്കിൽ മധ്യസ്ഥർമുഖേന തീർക്കണം. അല്ലെങ്കിൽ സഭയോടു പറയണം. സഭയേയും കൂട്ടാക്കാതെയിരുന്നാൽ അവൻ നിനക്കു് ചുങ്കക്കാരനേയും പുറജാതിക്കാരനേയും പോലെയായിരിക്കട്ടെ. (മത്താ. 18 17) എന്നു് പറഞ്ഞിരിക്കുന്നു. എല്ലാ സഭകളിൽനിന്നുമുള്ള വിശുദ്ധന്മാരുടെ കൂട്ടത്തോടു് സങ്കടമറിയിച്ചു തീരുമാനമുണ്ടാക്കുവാൻ ആർക്കും സാധിക്കുകയില്ല. ക്രിസ്തു പത്രോസിന്മേൽ സ്ഥാപിച്ചതാണ് സഭ. അതിനോടുസങ്കടം അറിയിച്ചു് തീരുമാനമുണ്ടാക്കാം. അതിനാൽ അതാണു് ദൃശ്യസഭ എന്നു് ഞാനെഴുതി. അതിനവർക്കു് മറുപടിയില്ല.

www.malankaralibrary.com

1962 ഡിസംബർ 2-ാം തീയതി ഫാദർ ഫ്രാൻസിസ് കൊടക്കനാടിയുടെ പൗരോഹിത്യരജതജൂബിലി പാളയം പ്രോ. കത്തീഡ്രൽ പള്ളിയിൽവെച്ചു നടത്തപ്പെട്ടു. അനുമോദനയോഗത്തിൽ ഞാൻ ആദ്ധ്യക്ഷം വഹിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

## ജ്ഞാനസ്നാനത്തിനു വെള്ളത്തിൽ മലർത്തി മുക്കണമെന്നു ശഠിക്കരുതു്

1963 ൽ ദൈവസഭക്കാരുടെ 'ആത്മബോധിനി' എന്നു മാസികയിൽ മി. കെ. പി. ജോർജ്ജ് എന്നൊരാൾ ''ജ്ഞാനസ്നാനം ഏതെങ്കിലും ഒരു ജലാശയത്തിൽ കൊണ്ടുചെന്നു മലർത്തി മുക്കി നടത്തണ''മെന്നു് ശഠിച്ചെഴുതിയിരുന്നു. ആ വാദം വേദാനുസരണമല്ലെന്നു കാണിച്ചുകൊണ്ടു് ഞാൻ എഴുതി. ലൂഥറിന്റെ ഒരനുഗാമിയായ തോമസുമുൺസർ 1521 ൽ ആണു് ആദ്യമായി ഈ ദുരുപദേശം തുടങ്ങിയതു്. അതേത്തുടർന്നു് തോമസു് ഹെൽവെസ്ററു്, ജോൺസ്മിത്തു് എന്നിവർ അതു് ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ചു. അലക്സാണ്ഡർ മാർക്കു് എന്നയാൾ അതു് 1708 ൽ ജർമ്മനിയിലും പ്രചരിപ്പിച്ചു. പിന്നീടതു് അമേരിക്കയിലും നമ്മുടെ നാട്ടിലുമെല്ലാം വന്നുകൂടി.

വേദപുസ്തകത്തിൽ 11 ജ്ഞാനസ്നാനത്തെപ്പററി പറയുന്നുണ്ടു്. അവയിലൊന്നിലും ജലാശയത്തിൽ കൊണ്ടുപോകണമെന്നോ മലർത്തി മുക്കണമെന്നോ പറയുന്നില്ല. ആ പതിനൊന്നു സ്നാനവും ഞാൻ ഉദ്ധരിക്കാം:

1) യേശുവിനെ സ്നാനപ്പെടുത്തിയതു് (ലൂക്കോ. 3–21) യോർദ്ദാൻനദിയിൽവെച്ചു യോഹന്നാൻ പല സ്ത്രീപുരുഷന്മാരെ സ്നാനപ്പെടുത്തിയകൂട്ടത്തിൽ യേശുവിനെയും സ്നാനപ്പെടുത്തി. സ്ത്രീകളെയും പുരുഷന്മാരെയും ആററിൽ മുക്കി നനഞ്ഞ വസ്ത്രത്തോടുകൂടി കയറിപ്പോകത്തക്കവണ്ണം ഒരു പുരുഷൻ അവരെ വെള്ളത്തിൽ പിടിച്ചു മലർത്തി മുക്കി സ്നാനപ്പെടുത്തി വിടുന്നതു് മര്യാദയ്ക്കു ചേർന്നതല്ല. തലയിൽ വെള്ളം കോരിയൊഴിച്ചു സ്നാനപ്പെടുത്തിയതായി വരാനേ നിവൃത്തിയുള്ളു.

2) എത്യോപ്യാക്കാരൻ ഷണ്ഡന്റെ സ്നാനം. (നട. 8, 38) ഇതും ഒരു ജലാശയത്തിൽവെച്ചുള്ള സ്നാനമാണെങ്കിലും

www.malankaralibrary.com

മലർത്തി മുക്കിയതായോ, ആ ഷണ്ഡന്റെ വസ്ത്രം നനഞ്ഞതായോ, അതു മാറിയതായോ വേദപുസ്തകത്തിലില്ല. തലയിൽ വെള്ളം കോരി ഒഴിച്ചു സ്നാനപ്പെടുത്തിയതായി വരാനേ ന്യായമുള്ളു.

3) പെന്തിക്കോസ്തുദിവസത്തിൽ അപ്പസ്തോലന്മാർ കൂടിയിരുന്ന സ്ഥലത്തുവെച്ചു നടത്തിയ 3000 പേരുടെ സ്നാനം, (നട 2–41) ഇതു് ആററിൽവെച്ചല്ല നടത്തിയതെന്നു സ്പഷ്ടമാണല്ലോ. വെള്ളം കോരി കൊണ്ടുവന്നു തലയിലൊഴിച്ചോ തളിച്ചോ നടത്തിയതായിരിക്കാനെ തരമുള്ളു.

4) യോഹന്നാൻസ്നാപകൻ മരുഭൂമിയിൽവെച്ചു നടത്തിയ സ്നാനം. (മാർക്കോ. 1, 4) ഇതു് വെള്ളം കോരിക്കൊണ്ടുവന്നു തലയിലൊഴിച്ചു നടത്തിയ സ്നാനമായിരിക്കാനേ നിവൃത്തിയുള്ളു. മരുഭൂമിയിൽ ജലാശയങ്ങളില്ല. അവിടെ ജലം സുലഭവുമല്ലല്ലോ.

5) ശമരിയാ പട്ടണത്തിലെ പ്രസംഗവേദിയിൽവെച്ചു ഫിലിപ്പോസു നടത്തിയ സ്നാനം. (നട. 8–12) ഇതും വെള്ളം കോരിക്കൊണ്ടുവന്നു തലയിലൊഴിച്ചു നടത്തിയ സ്നാനമാണു്.

6) പൗലോസു് അനന്നിയാസിന്റെ വീട്ടിൽവച്ചേററ സ്നാനം, (നട. 9, 18) പൗലോസു് ആററിലോ, തോട്ടിലോ പോയി മലന്നു മുങ്ങിയില്ല. ആ സ്ഥിതിക്കു് ആററിൽ കൊണ്ടുപോയി സ്നാനപ്പെടുത്തണമെന്നു പറയുന്നതു ഒരു ദുശ്ശാഠ്യമാണു്.

7) കൊർന്നല്യോസു സ്വഭവനത്തിൽവെച്ചേറ്റ സ്നാനം. (നട. 10, 47) ഇതും വെള്ളം കൊണ്ടുവന്നു് തലയിലൊഴിച്ചു നടത്തിയ സ്നാനമാണു്. ഭവനത്തിൽവെച്ചും പള്ളിയിൽവെച്ചും നമുക്കും സ്നാനമേല്ക്കാമെന്നു് ഇതിൽനിന്നും വ്യക്തമാകുന്നുണ്ടു്.

8) ഫിലിപ്യായിലെ പ്രസംഗവേദിയിൽവെച്ചു ല്യദിയായും കുടുംബവും ഏററ സ്നാനം. (നട. 16, 15) ഇതും മുങ്ങിയുള്ള സ്നാനമല്ലായിരുന്നു. വസ്ത്രംനനയാത്തവിധത്തിൽ വെള്ളം കോരിയൊഴിച്ചു സ്നാനപ്പെടുത്തിയതായിരിക്കാനേ തരമുള്ളു.

9) കാരാഗൃഹപ്രമാണിയുടെ വീട്ടിൽവെച്ചു് അദ്ദേഹവും, അദ്ദേഹത്തിന്റെ കുടുംബത്തിലുള്ളവരും ഏററ സ്നാനം, (നട. 16, 33) വെള്ളം പാത്രത്തിൽ കൊണ്ടുവന്നായിരിക്കണം അതു നടത്തിയതു്.

www.malankaralibrary.com

10) തിത്തോസു യൂസ്തോസിൻെറ ഭവനത്തിൽവെച്ച് ക്രീസ്പോസും കുടുംബവും പല കോരിന്ത്യാക്കാരും ഏററ സ്നാനം (നട. 18, 8) ഇതും വെള്ളം കൊണ്ടുവന്നു തലയിലൊഴിച്ചു നടത്തിയതാണ്.

11) യോഹന്നാൻ സ്നാപകനിൽനിന്നും അനുതാപത്തിന്റെ സ്നാനമേറ്റിരുന്ന 12 എഫേസ്യർക്കു കൊടുത്ത ക്രിസ്തീയ സ്നാനം. (നട. 19, 5) ഇതും മലർത്തി മുക്കാൻ പോകാതെ വെള്ളം കൊണ്ടുവന്നു തലയിൽ ഒഴിച്ചു നടത്തിയ സ്നാനമാണ്.

ഈ പതിനൊന്നു സ്നാനങ്ങളിലൊന്ന് നദിയും കുളവും ഇല്ലാത്ത മരുഭൂമിയിൽവെച്ചു നടത്തിയതും, നാലെണ്ണം പ്രസംഗവേദിയിൽവെച്ചു നടത്തിയതും, നാലെണ്ണം ആളുപാർപ്പുള്ള വീടുകളിൽവെച്ചു നടത്തിയിട്ടുള്ളതുമാണ്. ഈ ഒൻപതു സ്നാനവും ഇന്നു സഭയിൽ നാം കാണുന്നതുപോലെ വെള്ളം കോരിക്കൊണ്ടുവന്നു തലയിലൊഴിച്ചു സ്നാനപ്പെടുത്തിയിട്ടുള്ളതാണ്. ബാക്കി രണ്ടെണ്ണം മാത്രമെ ജലാശയത്തിൽവെച്ചു നടത്തിയിട്ടുള്ളു. അവയും വെള്ളം കോരി തലയിലൊഴിച്ചു സ്നാനം നടത്തിയതായി വരാനേ വഴിയുള്ളു. യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ വെച്ചും, യോർദ്ദാൻനദിയിൽവെച്ചും സ്നാനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് വെള്ളം കൈകൊണ്ടു കോരി തലയിലൊഴിച്ചു സ്നാനം നടത്തിയാൽമതിയെന്ന് അദ്ദേഹം വിചാരിച്ചിരുന്നതായി ഗ്രഹിക്കാം. വേദപുസ്തകത്തെളിവുകൾ ഇങ്ങനെയിരിക്കുന്നതുകൊണ്ട് ജലാശയത്തിൽ കൊണ്ടുപോയി മലർത്തി മുക്കിയെങ്കിലേ ക്രിസ്തീയസ്നാനമാകയുള്ളു എന്ന ശാഠ്യം പെന്തിക്കോസ്തു സഭക്കാരും ചർച്ച് ഓഫ് ഗോഡ്-കാരും ബ്രദറൻസഭക്കാരുമെല്ലാം ഉപേക്ഷിക്കേണ്ടതാണ് എന്നെഴുതി.

1963 ഫെബ്രുവരി 7, 8, 9 എന്നീ തീയതികളിൽ ശൂരനാട്ടുപള്ളിയിൽവെച്ചു് ഞാൻ ഒരു പ്രസംഗയോഗം നടത്തി.

## കുമ്മല്ലൂർ ആററുവാരത്തച്ചൻെറ മരണം

1963 ഫെബ്രുവരി 10-ാം തീയതി കുമ്മല്ലൂർ ആററുവാരത്തു കോശിയച്ചൻ ചരമമടഞ്ഞു. ആ കബറടക്കത്തിനു് ഞാനും പോയിരുന്നു. മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു പ്രധാന കാർമ്മികൻ. വളരെ വൈദികരും ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു.

www.malankaralibrary.com

1963 മാർച്ച് മാസം 7-ാംനു- മാരാമണ്ണു മാവേലിൽ വറുഗീസ് ശെമ്മാശനും ചന്ദനപ്പള്ളിൽ കററിയിൽ ജോർജ് ശെമ്മാശനും തിരുവനന്തപുരം സെൻറ്മേരീസ് ചാപ്പലിൽവച്ച് വൈദീകപട്ടമേററു. ഞങ്ങൾ സസന്തോഷം അവരെ സ്വീകരിച്ചു.

1963 മാർച്ച് 31-ാം തീയതി കററാണത്തു് മാർ സ്തേപ്പാനോസ് പള്ളിയിൽ വച്ചു് തോമസ് പണിക്കരുശെമ്മാശൻ വൈദീക പട്ടമേററു.

## മാവേലിക്കര മത്തായിപണിക്കരുടെ മരണം

1963 ഏപ്രിൽ 20-ാം തീയതി മാർ ഈവാനിയോസു തിരുമേനിയുടെ സഹോദരൻ മാവേലിക്കര പണിക്കരു വീട്ടിൽ മത്തായി പണിക്കർ നിര്യാതനായി. ഞാനും അവിടെ പോയി. ശവസംസ്കാരം മാവേലിക്കര പള്ളിയിൽ അവരുടെ കുടുംബക്കല്ലറയിൽ നിർവഹിച്ചു.

1963 മെയ് 25-ാം തീയതി D.M. കോൺവൻറിലെ ഒരു ശാഖ കൊട്ടാരക്കര കിഴക്കേ തെരുവിൽ തുറന്നു. അവർ അവിടെ ഒരു പ്രസ്സും നടത്തിവരുന്നു.

1963 സെപ്റ്റംബർ മാസത്തിൽ പൗരസ്ത്യ റീത്തുകാരെല്ലാം എന്തുകൊണ്ടാണ വിശുദ്ധ കുർബാനയ്ക്കു പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നതെന്നു കാണിച്ചു ഞാൻ ഒരു ലേഖനം കാഹളത്തിൽ എഴുതി.

## പൗരസ്ത്യസഭക്കാർ വിശുദ്ധകുർബാനയ്ക്കു പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നതു് എന്തുകൊണ്ടു് ?

പൗരസ്ത്യസഭക്കാർ പുളിപ്പുള്ള അപ്പം വെച്ചു് വിശുദ്ധ കുർബാനയർപ്പിക്കാൻ തിരുസഭ അനുവദിച്ചിരിക്കുന്നതെന്താണെന്നു പുളിപ്പില്ലാത്ത അപ്പം വച്ചു കുർബാനയർപ്പിക്കുന്ന ചിലർ ചോദിച്ചതിനു ഞാൻ മറുപടി എഴുതി.

ദുഃഖ വെള്ളിയാഴ്ച നീസാൻ മാസം 14-ാംതീയതിയാണു്. പെസഹാപെരുനാൾ 15-ാം തീയതിയും ആണു്. (ലേവ്യ 23, 5-6) (സംഖ്യ 28, 16-17) ദുഃഖവെള്ളിയാഴ്ചയുടെ ആരംഭത്തിലുള്ള സന്ധ്യയിലാണു് യേശുനാഥൻ മാളികയിൽ വെച്ചു

www.malankaralibrary.com

വിശുദ്ധകർബാന സ്ഥാപിച്ചതു്, പുളിപ്പില്ലാത്ത അപ്പം ദുഃഖത്തിന്റെ അപ്പമാണു്. പെസഹാക്കുഞ്ഞാടിന്റെ മാംസം ആ അപ്പത്തോടുകൂടി മാത്രമേ ഭക്ഷിക്കുവാൻ പാടുള്ളു. (ആവ. 16,3.) 14-ാം തീയതി വെള്ളിയാഴ്ച ഒരുക്കദിവസമാണു്. അതിന്റെ ആരംഭത്തിലെ സന്ധ്യകഴിഞ്ഞു വെള്ളിയാഴ്ച പകൽ സമയത്താണു് പുളിപ്പില്ലാത്ത അപ്പം ഉണ്ടാക്കുന്നതു്. കുഞ്ഞാടിനെക്കൊന്നു മാംസം ചുട്ടെടുക്കുന്നതു് ആ വെള്ളിയാഴ്ച ഉച്ചതിരിഞ്ഞാണു്. (ആവ. 16,6) ആകയാൽ ദുഃഖവെള്ളിയാഴ്ച തുടങ്ങുന്ന സന്ധ്യയിൽ പുളിപ്പുള്ള അപ്പം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ആ പുളിപ്പുള്ള അപ്പമാണു് വി. കുർബാന അർപ്പിക്കുവാൻ ക്രിസ്തു ഉപയോഗിച്ചതു്.

ക്രിസ്തു ഉപയോഗിച്ചതു പെസഹായുടെ പുളിപ്പില്ലാത്ത അപ്പം ആയിരുന്നെങ്കിൽ അതുകഴിഞ്ഞു് പരിപൂർണ്ണ വിശ്രമമനുഷ്ഠിച്ചു പ്രാർത്ഥനാലയത്തിൽ പോയി അവിടത്തെ കർമ്മാദികളിൽ സംബന്ധിച്ചുകൊണ്ടു മാത്രം ഇരിക്കേണ്ടതാണു്. (പുറ. 12.16) (ലേവി, 23,7.) (സംഖ്യ 28, 18) എന്നാൽ പ്രധാനാചാര്യൻ മുതൽ ദാസൻ വരെയുള്ളവരെല്ലാം അന്നു് വേലചെയ്തു. അവർ വടിയും വാളും പന്തവും എടുത്തു് യേശുവിനെ പിടിക്കുവാൻ പോയി. ഏശുവിനെ വിസ്തരിക്കുവാൻ കച്ചേരികൂടി. കുരിശുണ്ടാക്കി, അതു ചുമന്നുകൊണ്ടുവന്നു. യേശുവിനെക്കൊണ്ടു് അതു ചുമപ്പിച്ചു. കബറടക്കം നടത്തി. നിക്കോദിമോസു് കേത്താനാ വാങ്ങിക്കൊണ്ടുവന്നു. ഇതൊക്കെ ചെയ്തതിൽ നിന്നും പുളിപ്പില്ലാത്ത അപ്പം അവർ ഭക്ഷിച്ചില്ലെന്നും, അതിനുള്ള സമയം വരുന്നതെയുള്ളു എന്നും ഗ്രഹിക്കാം, പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്ന 15-ാം തീയതി അവക്കു് ശാബതാണു്. ആ അപ്പം ഭക്ഷിച്ചു കഴിഞ്ഞാൽ പിന്നെ അന്നു യാതൊരു വേലയും ചെയ്യുവാൻ പാടില്ല.

കബറിൻ് കാവലിടണമെന്നു് യഹൂദന്മാർ പിലാത്തോസിനോടപേക്ഷിച്ചതു് ഒരുക്കനാളിന്റെ പിറേറദിവസമായ ശാബതിലായിരുന്നു, (മത്താ. 27,62-64) എന്നു് വി. മത്തായി പറയുന്നു. ശാബതിലല്ല ഒരുക്ക ദിവസത്തിലാണു് യൗസേപ്പു ചെന്നു പിലാത്തോസിനോടു ശരീരം ചോദിച്ചതു്, (മക്കോ.15, 42-43.) എന്നു വി. മാക്കോസു പറയുന്നു. ക്രിസ്തു മരിച്ചതു ഒരുക്ക

www.malankaralibrary.com

ദിവസമായിരുന്നുവെന്നും ശാബതാരംഭിക്കാറായിരുന്നുവെന്നും ലൂക്കോസു പറയുന്നു. (ലൂക്കോ, 23. 53) യേശുവിനെ വധിച്ചതു പെസഹായുടെ ഒരുക്ക ദിവസവും ഏകദേശം ആറാം മണി നേരവും (ഉച്ച) ആയിരുന്നുവെന്നു വി. യോഹന്നാനും പറയുന്നു. (യോഹ. 19,14 ) ഇങ്ങനെ നാലു സുവിശേഷകന്മാരും ഒരുപോലെ പറയുന്നതു ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊന്ന ദിവസം പെസഹായുടെ ഒരുക്കദിവസമായ വെള്ളിയാഴ്ച ആയിരുന്നു എന്നാണ്, ആകയാൽ ക്രിസ്തു വി. കുർബാന സ്ഥാപിച്ച വെള്ളിയാഴ്ചയുടെ പ്രാരംഭസന്ധ്യയിൽ പുളിപ്പില്ലാത്ത അപ്പം ഒരു ഭവനത്തിലും ഇല്ലായിരുന്നു എന്നും പുളിപ്പുള്ള സാധാരണ അപ്പമായിരുന്നു ക്രിസ്തു വി. കുർബാന സ്ഥാപിക്കുവാൻ ഉപയോഗിച്ചതെന്നും തെളിയുന്നു. യോഹന്നാൻ ഒന്നുകൂടി പറയുന്നു. യഹൂദന്മാർ തീണ്ടാതെ പെസഹാ ഭക്ഷിക്കുവാൻ വേണ്ടി പിലാത്തോസിന്റെ ആസ്ഥാന മണ്ഡപത്തിൽ പ്രവേശിക്കാതെ പുറത്തു നിന്നു. അതിനാൽ പിലാത്തോസു പുറത്തു വന്ന് അവരോട് സംസാരിച്ചു. (യോഹ. 18,28-29.) ഇതിൽ നിന്നും യഹൂദന്മാരുടെ പെസഹാ ഭക്ഷണം വെള്ളിയാഴ്ചയ്ക്കും, ശനിയാഴ്ചയ്ക്കും ഇടയ്ക്കുള്ള സന്ധ്യയിലായിരുന്നുവെന്നും, കർത്താവു വി. കുർബാന സ്ഥാപിക്കാനുപയോഗിച്ചതു പുളിപ്പുള്ള അപ്പമായിരുന്നു എന്നും അതു വെള്ളിയാഴ്ചയ്ക്കും വ്യാഴാഴ്ചയ്ക്കും ഇടയിലുള്ള സന്ധ്യയിലായിരുന്നുവെന്നും വ്യക്തമായി ഗ്രഹിക്കാം. എന്നായിരുന്നു ഞാനെഴുതിയതിന്റെ ചുരുക്കം.

1963 ആഗസ്റ്റ് 20-ാം തീയതി മാവേലിക്കര ജേക്കബ് ജോണച്ചന്റെ അമ്മ മരിച്ചതായി അറിയുകയാൽ ഞാൻ അവിടേയ്ക്കു പോയി. ആ ശവസംസ്കാര കർമ്മം എന്റെ പ്രധാന കാർമ്മികത്വത്തിൽ മാവേലിക്കര പള്ളിസെമിത്തേരിയിൽ നടത്തി.

## നെടിയുഴത്തിൽ ലൂക്കോസച്ചന്റെ മരണം

1963 ആഗസ്റ്റ് 28 ാം തീയതി കല്ലിശേരിൽ നെടിയുഴത്തിൽ ലൂക്കോസു കോർ എപ്പിസ്കോപ്പാ നിര്യാതനായി. പഴയ സെമിനാരിയിൽ ഞങ്ങൾ ഒരുമിച്ചു താമസിച്ചുപഠിച്ചവരാണ്. അതിനാൽ ആ ശവസംസ്കാരത്തിനു ഞാനും പോയിരുന്നു. കോട്ടയം ബിഷപ്പു തറയിൽ തിരുമേനിയായിരുന്നു പ്രധാന കാർമ്മികൻ.

www.malankaralibrary.com

1963 സെപ്റ്റംബറിൽ ഇലഞ്ഞിക്കൽ മാത്യുശെമ്മാശൻ വൈദിക പട്ടമേല്ക്കുകയും 24-ാം തീയതി ഉാക്കൂർ പള്ളിയിൽ വെച്ചു പുത്തൻ കുർബാന ചൊല്ലുകയും ചെയ്തു. കുർബാനയ്ക്കു ഞാനും പോയിരുന്നു. വീട്ടിൽ വലിയ സദ്യയും സ്വീകരണവും ഉണ്ടായിരുന്നു.

1963-ലെ എട്ടുനോമ്പിനു് കൂടൽ പള്ളിയിൽ പോയി ഞാൻ എട്ടുദിവസം പ്രസംഗിച്ചു.

1963 സെപ്റ്റംബർ 15-ാം തീയതി കോട്ടകുളഞ്ഞി പള്ളിയുടെ പ്രതിഷ്ഠാകർമ്മം സംബന്ധിച്ചു ഞാൻ പോയി ഒരു പ്രസംഗയോഗം നടത്തി.

1963 സെപ്റ്റംബർ 9-ാം തീയതി കൂടൽ ചുട്ടിവട്ടം ഗീവർഗ്ഗീസച്ചന്റെ ഭാര്യ മരിച്ചു. ഞാൻ അവിടെ പോയി. ആ പള്ളി വ്യവഹാരം മൂലം പൂട്ടിയിട്ടിരിക്കുകയായിരുന്നു. അതിനാൽ കോടതിയുടെ പ്രത്യേക അനുവാദം വാങ്ങി ആ പള്ളിയുടെ ശവക്കോട്ടയിൽ അനേകം പട്ടക്കാരുടെയും ജനങ്ങളുടെയും സഹായസഹകരണത്തിൽ ആ ശവസംസ്കാര കർമ്മം ഞാൻ നടത്തി.

1963 ഡിസംബർ 30-ാം തീയതി ചൊവ്വല്ലൂർ ഇടവകയിൽപെട്ട ചെങ്കല്ലൂർ മാത്യു ശെമ്മാശനും, വാളകത്തു കുമ്പക്കാട്ട് തോമസ് ശെമ്മാശനും, കോക്കാട്ട പനംകുന്നിൽ അലക്സാണ്ടർ ശെമ്മാശനും മംഗലാപുരം സെമിനാരിയിൽ വച്ച് വൈദികപട്ടമേററു വന്നു. ഞങ്ങൾ അവരെ സസന്തോഷം സ്വീകരിച്ചു.

1963 ഡിസംബർ 26-ാം തീയതി ചെന്നിത്തല വാലുപറമ്പിൽ വി. പി. എബ്രഹാമച്ചന്റെ അപ്പൻ പാപ്പിസാർ മരിച്ചു. ഞാൻ പോയി ആ ശവസംസ്ക്കാര കർമ്മം നടത്തി. പാപ്പി എന്റെ ഒരു ഉററ സ്നേഹിതനായിരുന്നു.

## ഫാദർ ഗീവർഗീസ് ചരുവിലേത്തിന്റെ മരണം

1964 ജനുവരി 13-ാം തീയതി ചരുവിലേത്തു ഫാദർ ഗീവറുഗ്ഗീസു നിര്യാതനായി.

1964 ഫെബ്രുവരി 11-ാം തീയതി പിരപ്പൻകോട്ട് ബഥനി മഠം തുടങ്ങി.

1964 മാർച്ചു മാസം 19-ാംതീയതി കോക്കാട്ട ഫാ. അഗസ്റ്റിൻ വിരിപ്പേൽ തൃശ്ശിനാപ്പള്ളി സെമിനാരിയിൽ വെച്ചും

www.malankaralibrary.com

ഓമല്ലൂർ മഞ്ഞനിക്കര തോട്ടത്തിൽ ദാനിയേലച്ചനും, മുളന്തറ നരിയാററിൽ തോമസച്ചനും, ഓമല്ലൂർ പുത്തൻ പീടികയിൽ ജോഷ്വാ അച്ചനും. വടശ്ശേരിക്കര വാഴപള്ളേത്തു മാത്തുക്കുട്ടിയച്ചനും അതിരുങ്കൽ ചിറയത്തു തോമസച്ചനും, കുമ്പഴ തെക്കേ ചരുവിൽ ജോഷ്വാ അച്ചനും പട്ടത്തുപള്ളിയിൽ വെച്ച് വൈദികപ്പട്ടമേററു.

1964 സെപ്റ്റംബർ 8-ാം തീയതി തുമ്പമൺ മാമ്പിലാലി ഇടവകയിൽ ചുട്ടിപ്പാറവിള തെക്കതിൽ ജോഷ്വാ അച്ചനും. ഓമല്ലൂർ ആറ്റരികം ഏഴിയത്തു തോമസച്ചനും സ്വിറ്റ്സർലണ്ടിൽ പോയി പഠിച്ചശേഷം അവിടെ വെച്ചു തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസു തിരുമേനിയിൽ നിന്നും വൈദികപ്പട്ടമേററശേഷം മടങ്ങിയെത്തി.

## അമ്പിലികോണം കൺവൻഷൻ

1964 ഒക്ടോബർ 27-ാം തീയതി ഞാൻ അമ്പിലികോണം പള്ളിയിൽ പോയി. അവിടത്തെ പെരുനാളിനോടനുബന്ധിച്ച് ഒരു പ്രസംഗയോഗം നടത്തി.

1964 ഏപ്രിൽ 19-ാം തീയതി മുതൽ 22-ാം തീയതി വരെ ഏററത്തുമ്പമൺ പള്ളിയിൽ ഞാൻ പോയി ഒരു പ്രസംഗയോഗം നടത്തി.

1964 ജൂലൈ 21-ാം തീയതി മുളന്തറ പള്ളിയിൽ പോയി നെരിയാറ്റിൽ തോമസച്ചൻെറ അമ്മയുടെ ശവസംസ്കാരകർമ്മം നടത്തി. ദൈവഭക്തയായ ഒരു സ്ത്രീയായിരുന്നു ആ അമ്മ.

1964 നവംബർ ഡിസംബർ മാസങ്ങളിലെ ക്രൈസ്തവകാഹളത്തിൽ മലങ്കര സുറിയാനി കുർബാന ക്രമത്തെപറ്റി ഞാനൊരു വിവരണം എഴുതി പ്രസിദ്ധപ്പെടുത്തി.

## ബോംബയിലെ ദിവ്യകാരുണ്യ കോൺഗ്രസ്

1964 ഡിസംബർ 2-ാം തീയതി ബോംബയിൽ യൂക്കാറസ്റ്റിക്ക കോൺഗ്രസിൽ വെച്ചു കാർമല തെക്കേടത്തു തോമസച്ചനും, പുത്തൂർ കടകം പള്ളിൽ മത്തായി അച്ചനും കാട്ടൂർ പൊന്മേലിൽ തോമസച്ചനും. പ്ലാക്കാനത്തു ഇടത്തിൽ വറുഗീസച്ചനും, മാർഗ്രിഗോറിയോസു തിരുമേനിയിൽനിന്നും വൈദികപട്ടമേററു മടങ്ങിവന്നു. ഞങ്ങൾ അവരെ സസന്തോഷം സ്വീകരിച്ചു.

www.malankaralibrary.com

1964 ഡിസംബർ 18-ാം തീയതി ഫാദർ മൈക്കൾ ഒ. ഐ. സി. നിര്യാതനായി.

## ആമ്പശേരിൽ തോമസച്ചൻെറ മരണം

1965 ജനുവരി 17-ാം തീയതി പുത്തൻ പീടികയിൽ ഫാദർ തോമസ് ആമ്പശ്ശേരി നിര്യാതനായി. പുത്തൻ പീടിക പള്ളിയിൽ എൻെറ പ്രധാന കാർമ്മികത്വത്തിൽ അടക്കി.

1965 മാർച്ച് 24-ാം തീയതി തൃശ്ശിനാപ്പള്ളി സെമിനാരിയിൽ വെച്ചു പഴകുളം പുത്തൻവിളയിൽ ജോണച്ചനും, നാരങ്ങാനത്തു പുറത്തൂട്ട ജോണച്ചനും വൈദികപട്ടമേററു. മടങ്ങിയെത്തി, ഞങ്ങളവരെ സസന്തോഷം സ്വീകരിച്ചു.

## കണ്ണന്താനം മി. ജോർജ്ജ് വറഗീസ് വക്കീലിനു ഷെവലിയർ സ്ഥാനം

1965 ഏപ്രിൽ 4,5,6, എന്നീ തീയതികളിൽ ചെങ്ങന്നൂർ പള്ളിയിൽ വെച്ചു ഞാനൊരു സുവിശേഷ പ്രസംഗയോഗം നടത്തി. ഒടുവിലത്തെ ദിവസം കണ്ണംതാനം മി. ജോർജ്ജ് വർഗ്ഗീസു വക്കീലിനു ഷെവലിയർ സ്ഥാനം കിട്ടിയതിൽ അനുമോദിച്ചു ഇടവകക്കാരുടെ ഒരു വമ്പിച്ച പൊതുയോഗവും നടത്തി.

1965 ഏപ്രിൽ 7 8,9, എന്നീ തീയതികളിൽ കോട്ടകുളഞ്ഞി പള്ളിയിൽ പോയി ഞാനൊരു പ്രസംഗയോഗം നടത്തി. ചെറിയാൻ. റ്റി. ചെറിയാൻ എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു. ഇവർ പെന്തിക്കോസ്തിൽ നിന്നു ചേർന്നവരായിരുന്നു.

1965 ഏപ്രിൽ 3,4 എന്നീ തീയതികളിൽ കാരയ്ക്കാട്ടുപള്ളി പെരുനാളിനോടനുബന്ധിച്ച് ഞാനൊരു പ്രസംഗയോഗം നടത്തി, 1965 മെയ്മാസം 24-ാം തീയതി കൈപ്പുഴ ബഥനി മഠം തുടങ്ങി.

1965 ജൂലൈ 15-ാം തീയതി ചെങ്ങന്നൂർ റവ. ഫാദർ ഈപ്പൻ കപ്ളാശേരി പുനരൈക്യപ്പെട്ട തിരുവനന്തപുരം അതിരൂപതയിൽ ചേർന്നു.

## മാനസാന്തരം വീണ്ടും ജനനമല്ല.

മാനസാന്തരം വീണ്ടും ജനനമാണെന്നു കാണിച്ചുകൊണ്ട് പെന്തിക്കോസ്തു കാർ ഒരു ലേഖനമെഴുതി. അവരുടെ തെററ്

www.malankaralibrary.com

ദ്ധാരണ തിരുത്തണമെന്നു് കരുതി ഞാൻ ഒരു ലേഖനമെഴുതി. മാനസാന്തരം ഒരു ദിവസത്തിൽ തന്നെ ആവത്തിച്ചുണ്ടാകാവുന്നതാണ്. എന്നാൽ വീണ്ടും ജനനം അങ്ങനെ ആവർത്തിക്കാവുന്നതല്ല. മാനസാന്തരം തന്നത്താൻ നടത്താവുന്നതാണ്. എന്നാൽ വീണ്ടും ജനനം തന്നത്താൻ നടത്താവുന്നതല്ല. ജനനത്തിനു് ഒരു ജനകൻ വേണം. വീണ്ടും ജനനം ഒരു ദത്തെടുക്കലാണ്. മാനസാന്തരം ഒരു ദത്തെടുക്കലല്ല. അതിനാൽ വീണ്ടും ജനനം മാനസാന്തരമാണെന്നുള്ള ഉപദേശം നവീന സഭക്കാർഉപേക്ഷിക്കണമെന്നു ഞാൻ എഴുതി. അതിനു് മറുപടി ഉണ്ടായില്ല,

## പ്രത്യേക പൗരോഹിത്യമുണ്ട്

പെന്തിക്കോസ്തു് സഭക്കാരുടെ സീയോൻ കാഹളം എന്ന മാസികയിൽ എല്ലാവരും പുരോഹിതന്മാരാണ്. പ്രത്യേക പൗരോഹിത്യമാർക്കുമില്ല എന്നെഴുതിയിരുന്നതിനെ ഖണ്ഡിച്ച് ഞാൻ എഴുതി. നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതകുലവും വിശുദ്ധ വംശവും സ്വന്ത ജനവുമാകുന്നു. (1 പത്രോ 2.9) എന്ന വാക്യം കാണിച്ചു കൊണ്ടു് എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണെന്നും, പ്രത്യേക പൗരോഹിത്യം ആർക്കുമില്ലെന്നും, പറയുന്നതു ശരിയല്ല. ആ വാക്യം എഴുതിയ അപ്പോസ്ഥലന്മാർ തന്നെ പ്രത്യേക പൗരോഹിത്യമുള്ളവരായിരുന്നു. ഞങ്ങൾ ക്രിസ്തുവിനു പകരം സ്ഥാനാപതികളാകുന്നു. (2. കോറി, 5 20) 'ഞാൻ ദൈവത്തിൻെറ സുവിശേഷത്തിനു പുരോഹിതനാകുന്നു. (റോമ 15.15) എല്ലാവരും അപ്പോസ്ഥലന്മാരോ, എല്ലാവരും പ്രവാചകരോ, എല്ലാവരും ശക്തികളോ (1. കോറി, 12.29) എന്നും പൗലോസു ചോദിച്ചിരിക്കുന്നു അല്ല എന്നത്രേ അതിൻെറ ശരിയായ ഉത്തരം.

സഭ ക്രിസ്തുവിൻെറ ശരീരമാകുന്നു. (എഫേ, 1,22-23) ശരീരംമുഴുവൻ മാംസമല്ല. അതിൽ അസ്ഥികളുമുണ്ട്, ശരീരത്തെ ബലപ്പെടുത്തി നിറുത്തുന്നതിനുള്ളതാണ് അസ്ഥി. അതുപോലെ ക്രിസ്തീയസഭാശരീരത്തിൽ അതിനെ ബലപ്പെടുത്തി നിർത്തുവാൻ സത്യവിശ്വാസമുണ്ട്. ജീവരക്തം ഒഴുക്കിക്കൊടുക്കുവാൻ ശരീരത്തിൽ രക്തധമനികളുണ്ട്, അതുപോലെ സഭാശരീരത്തിൽ ജീവ

www.malankaralibrary.com

രക്തമാകുന്ന കൂദാശകൾ നല്കുന്നതിനു ക്രൈസ്തവ പൗരോഹിത്യമുണ്ടു്. ആ സ്ഥാനം ആക്കും തന്നെത്താൻ എടുക്കാവുന്നതല്ല. ദൈവത്താൽ നല്കപ്പെടേണ്ടതാണു്. (എബ്രാ 5,4) ക്രിസ്തുവിനു് 72 അറിയിപ്പുകാർ ഉണ്ടായിരുന്നു. അവരിൽനിന്നും 12 പേരെ ക്രിസ്തു പ്രത്യേകം തിരഞ്ഞെടുത്തു് അപ്പോസ്തലന്മാരാക്കി. (ലൂക്കോ 6,13) ആ പന്ത്രണ്ടുപേരിൽ നിന്നും പത്രോസിനേ എല്ലാവർക്കും തലവനാക്കി. (മത്താ 16,18) ആ അപ്പോസ്തലന്മാർ തങ്ങൾക്കു പിൻഗാമികളെ നിയമിച്ചു. (അപ്പൊ പ്ര 1,26) പിന്നീടവർ ശെമ്മാശ്ശന്മാരെ വാഴിച്ചു. (നട, 6, 3-6) പിന്നീടു് പട്ടണം തോറും കശിശ്ശന്മാരെ – അതായതു വൈദികരെ നിയമിച്ചു (വാഴിച്ചു്) (നട,14,23,) പൗലോസു തീമോത്തിയോസിനെ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. (2· തിമോ, 1 6) ഇവയിൽനിന്നും ക്രിസ്തീയ സഭയിൽ പ്രത്യേക പൗരോഹിത്യം ഉണ്ടെന്നു് തെളിയുന്നു.

നിങ്ങൾ രാജാചാര്യ കുലമാണെന്നുള്ള വാക്യം മോശ ഇസ്രായേൽകാരോടു പറഞ്ഞതാണു്, (പുറ. 19, 5-6) പത്രോസു് അതെടുത്തു പറഞ്ഞിരിക്കുന്നുവെന്നേയുള്ളു. (1 പത്രോ 2 8-10) രാജകുലത്തിൽപ്പെട്ടവരെല്ലാം രാജാക്കന്മാരാകുന്നില്ല. ഒരുവൻ മാത്രം രാജാവാകുന്നു. എങ്കിലും മററുള്ളവരും ആ കുലത്തിന്റെ മാഹാത്മ്യത്തിനു തക്കവണ്ണം ജീവിക്കുവാൻ കടപ്പെട്ടവരാകുന്നു. അതു കാണിപ്പാനാണു്, നിങ്ങൾ രാജാചാര്യ കുലമാകുന്നുവെന്നു പറഞ്ഞിരിക്കുന്നതു്. യഹൂദന്മാരെല്ലാവരും ബലി കഴിച്ചിരുന്നില്ല. അവക്കുവേണ്ടി ബലികഴിക്കുന്നതിനു് അവർ ലേവ്യരെ പ്രത്യേകം വേർതിരിച്ചിരുന്നു. അതുപോലെ പൗരോഹിത്യം ഏല്ക്കുന്നവർ മാത്രമേ കൂദാശകൾ നടത്താറുള്ളു. അധികാരം ലഭിക്കാതെ ദേവാലയത്തിൽ കയറി ധൂപമർപ്പിച്ച ഉസിയാ രാജാവു് കുഷ്ഠം പിടിച്ചവനായി ദേവാലയത്തിൽ നിന്നിറങ്ങിപ്പോകേണ്ടതായി വന്നു. (2, നാളാ, 26. 16-21) അതിനാൽ ഈ ദുരുപദേശം തിരുത്തേണ്ടതാണെന്നു് എഴുതി.

## വിശുദ്ധകുർബാന തിരുശരീര രക്തങ്ങളാണു്

പുതിയ സഭക്കാർ വി. കുർബാന ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളല്ലെന്നു് നിരാകരിക്കുന്നു. വി. കുർബാന വേദ

www.malankaralibrary.com

പുസ്തക വിരുദ്ധമാണെന്നും, അതു പുറജാതികളെ കണ്ടു പഠിച്ചതാണെന്നും ഇവർ പറയുന്നു. അതു ശരിയല്ല,

യഹൂദന്മാക്ക് പല ബലികളുമുണ്ടായിരുന്നു. അതു് അപ്പിക്കുന്ന പുരോഹിതനും, ആക്കുവേണ്ടി അതപ്പിക്കുന്നുവോ, അവരും ആ ബലിമൃഗത്തിൻെറ മാംസം ഭക്ഷിക്കണം. അങ്ങനെ ഭക്ഷിച്ചെങ്കിൽ മാത്രമേ ആ ബലി പൂണ്ണമാകയുള്ളൂ. പെസഹാബലിയായി അർപ്പിക്കപ്പെടുന്ന കുഞ്ഞാടിൻെറ മാംസം അന്നുതന്നെ ഭക്ഷിച്ചു തീക്കണം. (പുറ. 12, 8-10) പിറേറദിവസത്തേയ്ക്കു ശേഷിപ്പിച്ചുകൂടാ. സമാധാന ബലിയായി അർപ്പിക്കപ്പെടുന്ന മൃഗത്തിൻെറ മാംസം അന്നും പിറേറ ദിവസവും ഭക്ഷിക്കാം. മൂന്നാം ദിവസത്തേയ്ക്കു വെച്ചേയ്ക്കരുതു്, സകല അശുദ്ധിയിൽ നിന്നും വെടിപ്പാക്കപ്പെട്ടു കൊണ്ടുവേണം അതു ഭക്ഷിക്കുവാൻ. (ലേവി. 7,16-20) (ലേവി 19, 5-8) ഈ ബലികളെല്ലാം ക്രിസ്തുവിൻെറ ബലിയുടെ മുൻ മാതൃകകളായിരുന്നു. സാക്ഷാൽ ബലി ക്രിസ്തുവിൻേറതാകുന്നു. അതു് ഓരോ ക്രിസ്ത്യാനിയെ സംബന്ധിച്ചും പൂണ്ണതയിലെത്തുന്നതു് ആ ബലിയുടെ മാംസം ഭക്ഷിക്കുന്നതിനോടുകൂടിയാകുന്നു. അതിലേയ്ക്കാണ ക്രിസ്തു അപ്പമെടുത്തു്, ഇതെൻെറ ശരീരമാകുന്നു എന്നും, വീഞ്ഞെടുത്തു് ഇതെൻെറ രക്തമാകുന്നുവെന്നും വാങ്ങി ഭക്ഷിക്കുവിനെന്നും ഞാൻ വരുന്നതു വരെയ്ക്കും ഇപ്രകാരം ചെയ്യുവിൻ എന്നും കല്പിച്ചതു്, ക്രിസ്തു പറഞ്ഞതു സത്യമാണ്. അതു നിരാകരിക്കുന്നതു ശരിയല്ല.

## മണവാട്ടിക്കൊരു തലവേണം

ഇവാഞ്ചലിക്കൽ സഭക്കാരുടെ വക 'സുവിശേഷ പ്രകാശിനി' എന്ന മാസികയിൽ. 'വിശ്വാസത്തിൻെറ മുന്നേററവും, പോരാട്ടവും'. എന്ന തലവാചകത്തിൽ, ചെങ്ങന്നൂർ മി. A. E. ഈശോ ഒരു ലേഖനം എഴുതിയിരുന്നു. അതിൽ, "കത്താവായ യേശുക്രിസ്തു സഭയുടെ ഏകശിരസ്സാകയാൽ, ഏതെങ്കിലുമൊരു വ്യക്തി, സഭയുടെ ശിരസ്സാണെന്നോ, ക്രിസ്തുവിൻെറ വികാരിയാണെന്നോ, പറഞ്ഞാൽ അതു് അനധികൃതവും. വേദവിപരീതവുമായിരിക്കും," എന്നു് എഴുതിയിരുന്നു.

ഇതു മനുഷ്യരെ തെററിദ്ധരിപ്പിക്കുന്ന ഒരു ലേഖനം ആകയാൽ, ഞാൻ അതിനു മറുപടി എഴുതി. "ക്രിസ്തു സഭയുടെ ശിര

www.malankaralibrary.com

സ്സാണെന്നു'' പറയുന്നതു ശരിയാണ്. എന്നാൽ ആ ശിരസ്സ് ഏതു പ്രകാരമുള്ളതാണെന്ന് നാം ഗ്രഹിച്ചിരിക്കണം.

ഭർത്താവു ഭാര്യയുടെ തലയാകുന്നു. എന്ന് വി. പൌലോസു പറഞ്ഞിരിക്കുന്നു. (എഫേ. 5, 22-24) ഭർത്താവു ഭാര്യയുടെ തലയാണെന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഭാര്യക്ക് അവളുടെ ശരീരത്തിൽ ഒരു തല വേണ്ടെന്നു് വരുന്നില്ല. ഭാര്യയുടെ തല വെട്ടിക്കളഞ്ഞാൽ പിന്നവൾ ജീവിച്ചിരിക്കയില്ല. തലയില്ലാത്ത ഭാര്യക്കു് ഭർത്താവാകാൻ ആരെയും കിട്ടുകയും ഇല്ല. ആകയാൽ ക്രിസ്തു തന്റെ മണവാട്ടിയായ സഭയുടെ തലയായിരിക്കണമെങ്കിൽ, ആ മണവാട്ടിയായ സഭക്കു് അതിന്റെ ശരീരത്തിൽ ഒരു തലയുണ്ടായിരുന്നേ മതിയാകു. യേശു തന്റെ മണവാട്ടി സഭയുടെ തലയായി പത്രോസിനെ നിയമിച്ചു. "നീ കീപ്പായാകുന്നു: ഈ കീപ്പാമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളവാതില്കൾ അതിനെ ജയിക്കുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും, സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. (മത്താ 16,18-19)

ഒരായിരം സഭകൾ ക്രിസ്തുവിന്റെ മണവാട്ടിസഭയുടെ വേഷമണിഞ്ഞു നില്ക്കുന്ന കൂട്ടത്തിൽനിന്നു് ക്രിസ്തുവിന്റെ സാക്ഷാൽ മണവാട്ടിയെ കണ്ടുപിടിക്കണമെങ്കിൽ, പത്രോസോ, പത്രോസിന്റെ പിൻഗാമിയോ തലയായിരിക്കുന്ന സഭ ഏതാണെന്നു നോക്കിയാൽ മതി. അതു് ഒന്നേയുള്ളുതാനും. അതു മാർപ്പാപ്പാ തലയായിരിക്കുന്ന റോമൻകത്തോലിക്കാസ്ഭയാണ്. മററു് അകത്തോലിക്കാ തലവന്മാരിൽ ആരും ഞാൻ പത്രോസിന്റെ പിൻഗാമിയാണെന്നു പറയുന്നില്ല. അവർ നിഷേധിച്ചു് പറകകൂടി ചെയ്യുന്നു. അങ്ങനെയുള്ള സഭകളൊന്നും മണവാട്ടിസഭയല്ല. എന്നു് ഞാൻ എഴുതി.

1966 മാർച്ചു് മാസത്തിൽ ഞാൻ കരിക്കം പള്ളിയിൽ പോയി മൂന്നു ദിവസത്തേക്കു് ഒരു പ്രസംഗയോഗം നടത്തി.

1966 ഫെബ്രുവരി 20-ാം തീയതി വടശേരിക്കര കളിയന്താനത്തു് ജേക്കബ് ശെമ്മാശൻ മംഗലാപുരം സെമിനാരിയിൽ വച്ചു് വൈദികപട്ടം സ്വീകരിച്ചു തിരിച്ചുവന്നു. ഞങ്ങൾ അദ്ദേഹത്തെ സസന്തോഷം സ്വീകരിച്ചു.

www.malankaralibrary.com

## കുററിയിൽ ഗീവറുഗീസ് അച്ചന്റെ മരണം

1966 മെയ് മാസം 16–ാം തീയതി കറ്റാനത്തു കുറ്റിയിൽ ഫാദർ ഗീവർഗീസു മരിച്ചു. കററാനത്തു പള്ളിയിൽ അടക്കി. 1966 ജൂൺ 25–ാം തീയതി മുഖത്തല ബഥനിമഠം തുടങ്ങി.

## ദൈവമാതാവ്

1966 ജൂൺ മാസത്തിൽ ദൈവമാതാവിനെ പരിഹസിച്ചുകൊണ്ടു പെന്തിക്കോസ്തുകാർ പുറപ്പെടുവിച്ച ഒരു ലേഖനത്തിനു ഞാൻ മറുപടി എഴുതി. ജാതികളെ കണ്ടുപഠിച്ചിട്ടാണ് ദൈവമാതാവെന്ന് പറയുന്നതെന്ന് ഇവർ പറയുന്നതു് ശരിയല്ല. കുറേ വർഷങ്ങൾക്കു മുൻപ് ഇംഗ്ലണ്ടിലെ ചക്രവർത്തിനി ഇൻഡ്യയിൽ വന്നു. അതിനു മുൻപുതന്നെ ബ്രി. ഗവണ്മെന്റി ലെ ഉദ്യോഗസ്ഥന്മാർ ഇൻഡ്യയിൽ വന്നു, രാജ്ഞിക്കു താമസിക്കുവാൻ തയ്യാറാക്കിയിരിക്കുന്ന കെട്ടിടം കൊള്ളാവുന്നതാണോ എന്ന് പരിശോധിച്ചു. നല്ലതാണെന്നുള്ള റിപ്പോർട്ടു ലഭിച്ച ശേഷം മാത്രമേ ചക്രവർത്തിനി ഇൻഡ്യയിലേക്കെഴുന്നള്ളുവാൻ ബ്രി. ഗവണ്മെൻറു സമ്മതിച്ചുള്ളു.

ഒരു രാജ്ഞിയുടെ കാര്യം ഇങ്ങനെയാണെങ്കിൽ ദൈവത്തിന്റെ ഏക ജാതനായ യേശുവിനെ ലോകത്തിലേക്കയക്കുന്നതിനു മുൻപായി, ഏതു സ്ത്രീയിലാണദ്ദേഹം ഗർഭസ്ഥനായിരിക്കേണ്ടതെന്നു ദൈവം മുൻകൂട്ടി ആലോചിക്കാതിരിക്കയില്ല, ദൈവത്തിന്റെ പ്രധാന ദൂതനായ ഗബ്രിയേൽ വന്നുനോക്കി. 'കൃപ നിറഞ്ഞവളേ, വാഴ്ക; എന്നു് പറയുകയുണ്ടായി. നമുക്കാർക്കും ഒരു മാതാവിനെ തിരഞ്ഞെടുത്തു് ആ മാതാവിൽ നിന്നു ജനിക്കുവാൻ സാധിക്കുകയില്ല, നമ്മെ പ്രസവിച്ച അമ്മ നമ്മുടെ അമ്മയായിത്തീരുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്ഥിതി അങ്ങനെയല്ല. ക്രിസ്തുവിനെ അയയ്ക്കുന്നതിനു മുൻപേതന്നെ പാപം ഇല്ലാത്ത ഒരു നിർമ്മലശരീരം ക്രിസ്തുവിനു് എടുക്കുവാൻ വേണ്ടി ഒരു നിർമ്മല മാതാവിനെ ദൈവം സജ്ജമാക്കുന്നു. അങ്ങനെ ചെയ്തതിനാലാണ് പുരുഷസംസർഗ്ഗം കൂടാതെ ക്രിസ്തുവിനെ പ്രസവിക്കുവാൻ സാധിച്ചതു്. ഈ പ്രത്യേക സ്ത്രീയേയും മകനേയും ഉദ്ദേശിച്ചാണ് സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്നു് പറഞ്ഞിരിക്കുന്നതു്. ക്രിസ്തു പലപ്പോഴും, തന്റെ മാതാവിനെ 'സ്ത്രീയേ' എന്നു സംബോധന ചെയ്തിട്ടുമുണ്ടു്.

www.malankaralibrary.com

ദൈവ വചനം മാംസമായിത്തീന്നു. എന്നാണ് യോഹന്നാൻ ശ്ലീഹാ പറഞ്ഞിരിക്കുന്നത്. (യോഹ, 1. 14) ആ ദൈവവചനത്തിനു മാംസം നല്കി പ്രസവിച്ചതിനാലാണു ദൈവ മാതാവെന്ന് പറഞ്ഞുവരുന്നത്. മാതാവിൽ നിന്നു ശരീരമെടുത്ത് ജനിച്ചതു ദൈവത്തിൻെറ പുത്രനാകയാൽ കന്യക മറിയാമിനെ ദൈവമാതാവെന്നു വിളിക്കണം.

ക്രിസ്തു ക്രൂശിൽ കിടന്നപ്പോൾ തന്റെ മാതാവിനെ ദൈവ മാതാവായി തൻെറ സഭയ്ക്കു കൊടുത്തുകൊണ്ടു്. 'ഇതാ, നിൻെറ അമ്മ', എന്ന് യോഹന്നാനോടു പറഞ്ഞു, സഭയ്ക്കു പകരമായി യോഹന്നാനെ കാണിച്ചുകൊണ്ടു്, 'ഇതാ നിൻെറ മകൻ' എന്നു മാതാവിനോടും ക്രിസ്തു കല്പിച്ചു. ക്രിസ്തീയസഭ ക്രിസ്തുവിൻെറ ശരീരമാണ്. ക്രിസ്തുവിൻെറ അമ്മ നമ്മുടെയും അമ്മയാണ്. അതുകൊണ്ടാണ് സത്യക്രിസ്ത്യാനികളെല്ലാം ദൈവമാതാവിനെ അവരുടെ ആത്മീയ അമ്മയായി സ്വീകരിച്ചു വരുന്നത്. അതു പുറജാതികളുടെ നടപടിയാണെന്നു പറഞ്ഞു പരിഹസിച്ചു തള്ളരുത്. അതു് തെററാണ് എന്ന് ഞാനെഴുതി. അതിനും മറുപടി ഉണ്ടായില്ല.

## ബഥനി ആശ്രമം പൊന്തിപ്പിക്കലാക്കിയതു്

1966 ഏപ്രിൽ 4-ാം തീയതി ബഥനി ആശ്രമത്തെ പൊന്തിപ്പിക്കൽ പദവിയിലേയ്ക്കുയർത്തിയതിൻെറ പദവിദാനകർമ്മത്തിൽ ഞാനും പോയി സംബന്ധിച്ചു.

1966 മെയ് 13, 14, 15 എന്നീ തീയതികളിൽ ഞാൻ മീൻകുളം പള്ളിയിൽ പോയി മൂന്നു ദിവസത്തെ പ്രസംഗ യോഗം നടത്തി.

1966 ജൂലൈ മാസം 25-ാം തീയതി ഫാദർ ജോസഫ് കിഴക്കേക്കര തിരുവനന്തപുരം അതിരൂപതയിൽ ഒരു വൈദികനായി ചേർന്നു. ഇദ്ദേഹം 12–3–57 ൽ ആലുവാ സെമ്മിനാരിയിൽ വെച്ചു പാലാരൂപതയ്ക്കു വേണ്ടി പട്ടമേററിരുന്ന ആളാണ്.

1966 ജൂലൈ 29-ാം തീയതി കുറവൻകോണം ബഥനി മഠം തുടങ്ങി.

1966 ജൂലൈ മാസത്തിൽ 'ആത്മബോധിനി' എന്ന ദൈവസഭക്കാരുടെ മാസികയിൽ സഭയെക്കുറിച്ചു എഴുതിയിരുന്ന ഒരു വിചിത്ര ലേഖനത്തിനു ഞാൻ മറുപടി എഴുതി.

www.malankaralibrary.com

## എന്റെ കാവൽ മാലാഖായുടെ സഹായം

1966 – ൽ ഒരുദിവസം വെളുപ്പിനു് അഞ്ചുമണിക്കു് സെമിനാരി വിദ്യാർത്ഥികളെല്ലാം എഴുന്നേല്ക്കുവാനുള്ള മണിയടിച്ചു അതുകേട്ടു് പതിവുപോലെ ഞാനും എഴുനേററു. ഇരുട്ടു കട്ടിയായിരുന്നു. വരാന്തയിൽ കൂടി ചാപ്പലിലേക്കു് പോകയാണെന്നു് കരുതി നടന്നു. എന്നാൽ ഞാൻ നടന്നതു് നേരെ മുററത്തേക്കായിരുന്നു. മുററം വരാന്തയിൽനിന്നും ഒരുക്കോൽ താഴ്ചയിലാണു്. ഞാൻ പൊട്ടംനനവെ പുറകുവശത്തെ ഭുജം തല്ലിവീണു. ആരോ എന്നെ താങ്ങി മലർത്തി കിടത്തിയതുപോലെ തോന്നി, എഴുന്നേല്ക്കുവാനായി തപ്പിതടഞ്ഞു നോക്കിയപ്പോഴാണു് മുററത്തുള്ള പച്ച മണ്ണിലാണു് ഞാൻ വീണുകിടക്കുന്നതെന്നു് മനസ്സിലായതു്.

ഷർട്ടും, കറുത്തകുപ്പായവും, ഇടക്കെട്ടും, പുറംകുപ്പായവും, മസനപ്സായും എല്ലാം കൂടെ എന്റെ കൈകളിലും, കാലുകളിലും കുരുങ്ങിയിരുന്നു. വളരെ പ്രയാസപ്പെട്ടു ഉടുപ്പൊന്നും കീറാതെ തിരിഞ്ഞു കവിണ്ണുവീണു ഞാൻ എഴുനേററു. നേരേ പള്ളിയിലേക്കു് പോയി. കുട്ടികളുടെ ധ്യാനത്തിലും പ്രാർത്ഥനയിലും സംബന്ധിച്ചു. അതുകഴിഞ്ഞു് വി. കുർബാനയുമർപ്പിച്ചു. ദൈവത്തിനു നന്ദിയർപ്പിച്ചു. അപ്പോൾ ദാവീദിന്റെ സങ്കീർത്തനം ഞാൻ ഓർത്തു, "നിന്റെ സകല വഴികളിലും നിന്നെ കാത്തു കൊള്ളുവാൻ ഞാൻ എന്റെ ദൂതന്മാരോടു കല്പിക്കും. നിന്റെ കാലു് കല്ലിൽ തട്ടാതെയിരിപ്പാൻ മാലാഖാമാർ തങ്ങളുടെ കൈകളിൽ നിന്നെ താങ്ങിക്കൊള്ളും. (സങ്കീ. 91, 11-12) അതിന്റെ അടുത്ത വാക്യം ഓർത്തപ്പോൾ ഞാൻ കണ്ണുനീരുകൊണ്ടു് എന്റെ ഉടുപ്പു് ഈറനാക്കി. "നിന്റെ സ്നേഹം എന്നിൽ നീവച്ചു. അതിനാൽ ഞാൻ നിന്നെ വിടുവിക്കും. നീ എന്നോടപേക്ഷിക്കും. ഞാൻ നിന്നോടുത്തരം പറയും. അപകടത്തിൽ ഞാൻ നിന്നോടു കൂടിയിരുന്നു നിന്നെ രക്ഷിക്കും. ദീർഘായുസ്സു കൊണ്ടു് ഞാൻ നിന്നെ തൃപ്തനാക്കും. എന്റെ രക്ഷ ഞാൻ നിന്നെ കാണിക്കയും ചെയ്യും, ഈ വചനം ദാവീദിനോടു പറഞ്ഞതാണെങ്കിലും എന്റെ കാര്യത്തിലും ദൈവം അതു നിറവേററിയിരിക്കുന്നു. എന്നോർത്തു് നന്ദിപറയുവാൻ വാചകമില്ലാതെ ഞാൻ കരഞ്ഞു.

1966 ഒക്ടോബറിൽ ദൈവമാതാവു് വേറെ പ്രസവിച്ചിട്ടില്ലെന്നും നിത്യകന്ന്യകയാണെന്നും പറയണമെങ്കിൽ അതിനു്

www.malankaralibrary.com

വേദപുസ്തകത്തിൽ നിന്നുള്ള തെളിവു വേണമെന്നാവശ്യപ്പെട്ടു കൊണ്ടു് ചിലനവീന സഭക്കാരുടെ മാസികയിൽ എഴുതിയിരുന്നു. അതിനു ഞാൻ മറുപടി എഴുതി.

## ദൈവമാതാവു് വീണ്ടും പ്രസവിച്ചിട്ടില്ല

നീ ഒരു പുത്രനെ പ്രസവിക്കും എന്നു് ദൈവം ഓരോ കാലത്തു ഓരോരുത്തരോടു് പറഞ്ഞിട്ടുണ്ടു്. ആ കല്പനപ്രകാരമുള്ള പുത്രനെ മാത്രമെ അവർ പ്രസവിച്ചിട്ടുള്ളു. നീ ഒരു പുത്രനെ പ്രസവിക്കും എന്നു് ദൈവം സാറായോടു പറഞ്ഞു. അതിൻ പ്രകാരം സാറാ ഇസഹാക്കിനെ പ്രസവിച്ചു. വീണ്ടും പ്രസവിച്ചില്ല. (ഉല്പ. 18) നീ ഒരു പുത്രനെ പ്രസവിക്കുമെന്നു് ദൈവം ഹന്നായോടു പറഞ്ഞു. ആ കല്പനയനുസരിച്ചു ഹന്നാ ശമുവേലിനെ പ്രസവിച്ചു. പിന്നെ പ്രസവിച്ചില്ല. (1 ശമു. 1-ാം അദ്ധ്യായം.) നീ ഒരു പുത്രനെ പ്രസവിക്കുമെന്നു് ദൈവം എലിസബേത്തിനോടു പറഞ്ഞു. ആ അമ്മയും യോഹന്നാൻ സ്നാപകനെയല്ലാതെ മററാരെയും പ്രസവിച്ചിട്ടില്ല. അതുപോലെ നീ ഒരു പുത്രനെ പ്രസവിക്കുമെന്നു ദൈവം കന്യാമറിയത്തോടു പറഞ്ഞു ആ മാതാവും ക്രിസ്തുവിനെ അല്ലാതെ മററാരെയും പ്രസവിച്ചിട്ടില്ല. അതല്ല വീണ്ടും പ്രസവിച്ചു എന്നു പറയണമെങ്കിൽ അതിനാണു് തെളിവുദ്ധരിക്കേണ്ടതു്.

ഹെസക്കിയേൻ പ്രവാചകൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''അപ്പോൾ കർത്താവു് എന്നോടു പറഞ്ഞു. അടയ്ക്കപ്പെട്ടിരിക്കുന്ന ഈ വാതിൽ ഇനിയും തുറക്കപ്പെടരുതു്'' ആരും അതിൽകൂടി പ്രവേശിക്കയുമരുതു്, എന്തെന്നാൽ ഇസ്രായേലിൻെറ ദൈവമായ കർത്താവു് അതിൽകൂടി പ്രവേശിച്ചു. അതിനാൽ അതു അടയ്ക്കപ്പെട്ടിരിക്കണം. (ഹെസ. 44, 2) നബുക്കദ് നേസർ രാജാവു് യറുശലേം ദേവാലയം ഇടിച്ചുപൊളിച്ചു് നാശപ്പെടുത്തിയശേഷം യഹോയാക്കിൻ രാജാവിനെയും, ഹെസക്കിയേലിനെയും മററും അടിമയാക്കി ബാബേലിലേക്കു് കൊണ്ടുപോയി. ആ അടിമയിൽ കിടക്കുന്ന കാലത്തു എഴുതിയ ദീർഘദർശനമാണിതു കർത്താവു് പ്രവേശിച്ചതിനുശേഷം അടയ്ക്കപ്പെട്ട ആ വാതിൽ ആരും തുറക്കരുതെന്നു് പറഞ്ഞിരിക്കുന്നതു കന്യാമറിയമ്മയുടെ നിത്യ കന്യാവ്രതത്തെ പററി പറഞ്ഞിരിക്കുന്നതാണു്.

www.malankaralibrary.com

ഭാര്യയെ ചേർത്തുകൊള്ളുവാൻ യൌസേപ്പിനോട്ട് പറഞ്ഞതനുസരിച്ച് യൌസേപ്പ് കന്യാമറിയത്തെ പരിഗ്രഹിച്ചു എന്നുപറയുന്നതും തെററാണ്. അക്കാലത്തു ഭർത്താവില്ലാതെ ഒരു സ്ത്രീ ഗർഭിണിയായാൽ യഹൂദന്മാർ അവളെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു. അങ്ങനെ വരാതിരിപ്പാനാണ് ഭാര്യയെ ചേർത്തുകൊള്ളുവാൻ പറഞ്ഞതു്, യൌസേപ്പ് നീതിമാനായിരുന്നു എന്ന് വേദപുസ്തകത്തിൽ എഴുതിയിരുന്നു. ദൈവം കല്പ്പിച്ചാൽ ഒന്നും എതിരു പറയാതെ ആ കല്പന അതേപടികാക്കുന്ന ഒരാളായിരുന്നു യൌസേപ്പ് പരബോധപ്രകാരം യേശു യൌസേപ്പിന്റെ പുത്രനാണെന്ന് പിലിപ്പോസ് നഥാനിയേലിനോട്ട പറയുന്നു (യോഹ. 1,45)

ക്രിസ്തു യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നിവരുടെ സഹോദരനായ തച്ചനല്ലയോ. ഇവന്റെ സഹോദരമാരും ഇവിടെ നമ്മോട്ടകൂടെയില്ലയോ. എന്ന് പറഞ്ഞ യൂദന്മാർ അവങ്കൽ ഇടറിപ്പോയി (മക്കോ, 6:3) എന്ന് പറഞ്ഞിരിക്കുന്നു. അങ്ങിനെ ഇടറിപ്പോകണമെങ്കിൽ ആ സഹോദരന്മാരും സഹോദരിമാരും യേശുവിനേകാൾ പ്രായംകൂടിയവരും സധാരണന്മാരുമായിരിക്കണം. എന്നാൽ ക്രിസ്തു കന്യാമറിയത്തിന്റെആദ്യജാതനാണെന്ന് പറഞ്ഞിരിക്കുന്നു. അതിനാൽ ആ സഹോദരന്മാരും സഹോദരികളും, ചാർച്ചയിൽ പെട്ടവരും ക്രിസ്തുവിനെക്കാൾ പ്രായം കൂടിയവരും ആണെന്ന് നിഷ്പ്രയാസം ഗ്രഹിക്കാം. അങ്ങിനെയുള്ളവരെ സഹോദരന്മാരെന്നും, സഹോദരിമാരെന്നും പറയുക യഹൂദന്മാരുടെയിടയിൽ സർവ്വസാധാരണമായിരുന്നു.

അബ്രഹാം തന്റെ ഭാര്യ സാറായെ സഹോദരിയെന്ന് പറയുന്നു. യാക്കോബ് തന്റെ അമ്മായിയപ്പനെ സഹോദരനെന്ന് പറഞ്ഞിരിക്കുന്നു. യേശു കുരിശിൽ കിടന്നുകൊണ്ട് മാതാവിനെ സംരക്ഷിപ്പാൻ യോഹന്നാനോട്ട പറയുന്നു. യോഹന്നാനെ മകനായി കരുതികൊള്ളുവാൻ മാതാവിനോട്ടും പറയുന്നു. മാതാവിന് വേറെ അഞ്ചെട്ട മക്കളുണ്ടായിരുന്നെങ്കിൽ ഈ പ്രവർത്തി തെററാകുമായിരുന്നു. ഇതിൽനിന്നെല്ലാം കന്യാമറിയം നിത്യ കന്യകയായിരുന്നു എന്ന് വരുന്നു എന്നെഴുതി മറുപടിയില്ല

## ഞാപ്പള്ളിൽ യൗനാനച്ചന്റെ മരണം

1966 ആഗസ്റ്റ് 17-ാം തീയതി ഫാദർ യൌനാൻ ഞാപ്പള്ളി പൊങ്ങലടിയിലുള്ള സ്വഭവനത്തിൽവച്ച് നിര്യാതനായി.

www.malankaralibrary.com

അദ്ദേഹത്തിൻെറ ശവസംസ്കാരത്തിൽ ഞാനും സംബന്ധിച്ചിരുന്നു.


## എൻെറ പൌരോഹിത്യത്തിൻെറ കനക ജൂബിലി

1966 സെപ്ററംബർ 14-ാം തീയതിയായിരുന്നു എന്റെ കനകജൂബിലി ദിവസം. അന്നുരാവിലെ നാലാംചിറ ബഥനി മഠത്തിൽവച്ച് കന്യാസ്ത്രീകളും, അന്നു വൈകിട്ടു മാർഈവാനിയോസ് കോളേജിൽ വച്ച് കോളേജ്കാരും സെപ്ററംബർ 16-ാം തീയതി ബഥന്യാശ്രമത്തിൽ വച്ച് ആശ്രമസ്ഥരും 23-ാം തീയതി പട്ടം സെൻറ് മേരീസ് ഹൈസ്കൂളിൽ വച്ച് ഹൈസ്കൂളുകാരും 24-ാം തീയതി പിരപ്പൻകോട്ട് പള്ളിയിൽവച്ച് ആ ഇടവകക്കാരും 25-ാം തീയതി പട്ടം ട്രെയിനിങ്ങ് സ്കൂളുകാരും 26-ാം തീയതി മാർത്താണ്ഡം കന്യാസ്ത്രീമഠക്കാരും ഒക്ടോബർ 11-ാം തീയതി കൊട്ടാരക്കര പുലമൺ പള്ളിയിൽവച്ച് ആ ഡിസ്ട്രിക്ടിലുള്ള വൈദികരെല്ലാവരും കൂടി മീറ്റിങ്ങു കൂടിയും, ഒക്ടോബർ 17-ാം നു- അമയന്നൂർ പള്ളിക്കാരും, 19-ാനു- വള്ളിയറപ്പൻകാട്ടു പള്ളിക്കാരും, 30-ാനു- മെതുകുമ്മേൻ പള്ളിയിൽ വച്ച് ആ ഇടവകക്കാരും നവംബർ 27-ാം തീയതി കുളത്തൂപ്പുഴ പള്ളിക്കാരും. പിറ്റെ ദിവസം നങ്ങാർകുളം ബഥനിബാലികാമഠത്തിൽ വച്ച് ആ മഠക്കാരും ഡിസംബറിൽ ചേപ്പാട്ടു കാർത്തികപ്പള്ളി, ഹരിപ്പാട്ട്, മുട്ടം, കാരിച്ചാൽ. വഴുതാനം, പള്ളിപ്പാട്ട്, രാമപുരം എന്നീ ഇടവകക്കാർ എല്ലാവരുംകൂടി യോജിച്ചു ചേപ്പാട്ടു വച്ചും പിന്നീടു വെണ്ണിയൂർ മഠക്കാരും മററു് ഇടവകക്കാരും കൂടി വെണ്ണിയൂർപള്ളിയിൽ വച്ചും എന്നെ അനുമോദിച്ചു യോഗങ്ങൾ നടത്തുകയും. ചിലരെല്ലാം എനിക്കു് ചില സമ്മാനങ്ങൾ തരികയും ചെയ്തു.

## മി. എബ്രഹാം ജോസഫിൻെറ പുനരൈക്യം

1966 നവംബർ 15-ാം തീയതി മലയാളം എൻസൈക്കിളൊപ്പീഡിയായുടെ ഒരു എഡിറ്ററായ മി. എബ്രഹാം ജോസഫ് എം.എ. പട്ടം കത്തീഡ്രൽപള്ളിയിൽ വച്ച് കത്തോലിക്കാ സഭയിൽ ചേർന്നു. ഞാനാണ് അദ്ദേഹത്തെ ചേർത്തതു്. അന്നു് ഞാൻ പുനരൈക്യത്തെപ്പററി ഒരു പ്രസംഗം പറയുകയും ചെയ്തു.

www.malankaralibrary.com



**വന്ദ്യദിവ്യശ്രീ ചേപ്പാട്ട പീലിപ്പോസ് റമ്പാൻ**

**പൌരോഹിത്യ കനകജൂബിലി**

1966 സെപ്റ്റംബർ 14.

www.malankaralibrary.com

1967 ഫെബ്രുവരി 8,9,10 എന്നീ തീയതികളിൽ ഉറുകുന്നു പള്ളിയിലെ പെരുനാളിനോടനുബന്ധിച്ചും, 26-ാം തീയതി മുണ്ടേലാപള്ളിയിൽ വച്ച് മുണ്ടേല, പരുത്തിക്കുഴി, ആര്യനാട്, വെള്ളർകോണം. കുളപ്പട, കഴകുന്ന് മുതലായ ഇടവകകൾ ഒന്നുചേർന്നു നടത്തിയ തിരുബാല സഖ്യത്തിൻെറ വാർഷികയോഗത്തോടനുബന്ധിച്ചും ഞാൻ ഓരോ പ്രസംഗയോഗം നടത്തി.

1967 മാർച്ച് 14-ാം തീയതി കൊട്ടമൺ അങ്ങാടിക്കൽ കൊച്ചുകല്ലിൽ തോമസ് ശെമ്മാശൻ പട്ടം കത്തീഡ്രൽ പള്ളിയിൽ വച്ച് വൈദീകപട്ടം സ്വീകരിച്ചു.

1967 ഏപ്രിൽ 10-ാം തീയതി ചേപ്പാടിനടുത്തുള്ള രാമപുരം പള്ളിയുടെ കൂദാശകർമ്മത്തിൽ ഞാൻപോയി സംബന്ധിച്ചു, 1967 ഏപ്രിൽ 12,13,14 എന്നീ തീയതികളിൽ ചെറുവാരക്കോണം പള്ളിയിൽവച്ചും 16-ാം തീയതി അയിരുക്കോണം പള്ളിയിൽ വച്ചും ഞാൻ ഓരോ പ്രസംഗയോഗം നടത്തി.

## ഞാൻ 81–ാമത്തെ വയസ്സിൽ

1967 മെയ് 12-ാംതീയതി ഞാൻ എൺപത്തിയൊന്നാമത്തെ വയസിൽ പ്രവേശിച്ചു. മെയ് 12,13,14. എന്നീ തീയതികളിൽ മണ്ണൂർ പള്ളിയിൽ പോയി ഒരു പ്രസംഗയോഗം നടത്തിയശേഷം മടങ്ങിവന്ന് ഞാൻ ധ്യാനത്തിൽ പ്രവേശിച്ചു.

1967 ജൂൺ 27-ാം തീയതി കല്ലുവാതുക്കൽ ഡി. എം. കോൺവൻറ് തുടങ്ങി.

## ഫാദർ വി.ററി. തോമസിൻെറ പുനരൈക്യം

1967 ജൂൺ 29-ാം തീയതി ഫാദർ വി.ററി. തോമസ് എം. എ. കുടുംബസഹിതം മാർത്തോമ്മാ സഭയിൽ നിന്നും പട്ടം പള്ളിയിൽ വച്ച് പുനരൈക്യപ്പെട്ടു.

1967 ൽ എനിക്ക് 80 വയസ് തികഞ്ഞതിൻെറ അശീതി പൂർത്തിസ്മാരകമായി എൺപതു അദ്ധ്യായത്തിൽ വേദപുസ്തകത്തെ പററി ഞാൻ ഒരു വിവരണം (ഒരു വിഗഹവീക്ഷണം) എഴുതി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തു.

1967 ആഗസ്റ്റ് മാസത്തിൽ യഥാർത്ഥ ക്രൈസ്തവ പുനരൈക്യം കത്തോലിക്ക പുനരൈക്യമാണെന്ന് കാണിച്ചു

www.malankaralibrary.com

ഞാനൊരു ലേഖനം എഴുതി. എല്ലാസഭക്കാരും ക്രിസ്തുനിയമി ച്ചാക്കിയ ഏകതലവനായ പത്രോസിനെയും ആ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായേയും സ്വീകരിച്ച് ഏകതലവൻെറ കീഴിൽ അവരവരുടെ റീത്തുപാലിച്ചു നില്ക്കണം എന്നായിരുന്നു അതിലേ ചുരുക്കം.

## ഇളവട്ടു് പിലിപ്പോസച്ചൻെറ മരണം

1967 ആഗസ്റ്റ് 20-ാം തീയതി അയിരൂർ ഇളവട്ട് ടി. എസ്സ്. പിലിപ്പോസച്ചൻ നിര്യാതനായി, ഒരുമാസം മുൻപ് അദ്ദേഹത്തെ കാണുന്നതിന് പന്തോളിൽ പിലിപ്പച്ചനുമൊരു മിച്ചു ഞാൻ പോയിരുന്നു. അദ്ദേഹം അന്നു താമസിച്ചിരുന്നതു വടശ്ശേരിക്കരയാറിൻെറ പടിഞ്ഞാറേക്കരയുള്ള സ്വപുത്രൻ ശിമോൻകുഞ്ഞിന്റെ വസതിയിലായിരുന്നു. നാവെട്ടത്തു സംസാരിക്കാനുള്ള ശക്തി അദ്ദേഹത്തിനു നഷ്ടപ്പെട്ടിരുന്നു. പ്രാർത്ഥന നടത്തി അന്നുതന്നെ ഞങ്ങൾ മടങ്ങിപ്പോന്നു.

1967 സെപ്ററംബർ 5-ാം തീയതി വൈകിട്ടു മുതൽ പുനലൂരിനടുത്തുള്ള എലിക്കാട്ടൂർ പുതുതായി തീർത്ത പള്ളിയുടെ കൂദാശയോടനുബന്ധിച്ചു മൂന്നു ദിവസത്തേ പ്രസംഗയോഗം ഞാൻ നടത്തി.

1967 സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച ഞാൻ ചാന്നാങ്കരപള്ളിയിൽ പോയി കർബാനയർപ്പിക്കുകയും പ്രസംഗിക്കുകയും സണ്ടേസ്ക്കൂൾ കുട്ടികളുടെ സമ്മാനദാനം നടത്തുകയും ചെയ്തു.

1967 സെപ്ററംബർ 20-ാം തീയതി ഏനാദിമംഗലം പള്ളി കൂദാശ നടത്തിയ ശേഷം 21-ാം തീയതി മണ്ണിക്കരോട്ട് ഗീവർഗ്ഗീസ് ശെമ്മാശനു് തിരുമേനി വൈദികപട്ടം കൊടുക്കുകയും അതിൻെറ പിറേറദിവസം 22-ാം തീയതി അദ്ദേഹം ആ പള്ളിയിൽ വെച്ചുതന്നെ പുത്തൻ കർബാന ചൊല്ലുകയും ചെയ്തു. ഞാനും അതിൽ സംബന്ധിച്ചിരുന്നു.

1967 നവംബറിൽ മൂന്നു റീത്തിൽനിന്നും കുറേ ചെറുപ്പക്കാരച്ചന്മാർ കൂടി ലത്തീൻറീത്തും, അന്ത്യോക്യൻറീത്തും കൽദായറീത്തും നിറുത്തിക്കളയണമെന്നും. ഭാരതത്തിന് ആകമാനമായി

www.malankaralibrary.com

ഒരു റീത്തുണ്ടാക്കണമെന്നും പറഞ്ഞു് ഒരു പ്രചരണവേല തുടങ്ങി. പൗരസ്ത്യറീത്തുകളെ നശിപ്പിക്കാനുള്ള ഒരു നയതന്ത്രപ്രയോഗമായിരുന്നു അതു്. ഞാൻ അതിനെതിരായി ഒരു ലേഖനം കാഹളത്തിൽ എഴുതി. ചെങ്ങന്നൂർ പള്ളിയിൽ വികാരിയായിരുന്ന പാലത്തുംപാട്ട് അച്ചൻ ആരോടും ചോദിക്കാതെ അമേരിക്കയിലേയ്ക്കു പോയി. ഉടനെതന്നെ ആ വിവരം തിരുമേനി പൗരസ്ത്യതിരുസംഘത്തെ അറിയിച്ചു. ഇദ്ദേഹം ഈ ഏകറീത്തനുകൂലിയായിരുന്നു.

## വാഴപ്പള്ളേത്തു ജോസഫ് അച്ചന്റെ മരണം

1967 ഒക്ടോബർ 10-ാം തീയതി വടശ്ശേരിക്കര ജോസഫ് അച്ചൻ മരിച്ചു. ശവസംസ്കാരത്തിന് ഞാൻ പോയി. എഴുപത്തഞ്ചു് അച്ചന്മാരും ഒരുവലിയ ജനക്കൂട്ടവുംഉണ്ടായിരുന്നു. ഞാനായിരുന്നു പ്രധാന കാർമ്മികനും, പ്രസംഗകനും.

1967 ഒക്ടോബർ 27 മുതൽ മൂന്നുദിവസത്തെക്കു് ഒരു പ്രസംഗയോഗം തൊഴിക്കൽ ഇടവകയിൽ ഞാൻ പോയി നടത്തി, അവിടെനിന്നും ബാലരാമപുരത്തു വന്നു് രാജത്വ തിരുനാൾ വാഴ്‌വു നടത്തിയശേഷം തിരുവനന്തപുരത്തിനു പോന്നു.

1967 നവംബർ 4-ാംനു- ജർമ്മനിയിൽ കേണിഗ്സ്റ്റയിൽ സെമിനാരിയിൽവെച്ചു് അതിരുങ്കൽ തടത്തിൽ ജോസഫ് അച്ചനും, ഇടമൺ പടിയങ്കുളത്തു തോമസച്ചനും തിരുമേനി വൈദികപ്പട്ടം നല്കി,

1967 നവംബർ 17-ാം തീയതി കിരാത്തൂർ ആശുപത്രി തിരുമേനി ഉത്ഘാടനം ചെയ്തു.

## എബ്രഹാം ശെമ്മാശന്റെ പുനരൈക്യം

1967 നവംബർ 24-ാം തീയതി ചേപ്പാട്ടു ഇടവകയിൽ കന്നിലേത്തു ജോസഫിന്റെ മകൻ എബ്രഹാം ജോസഫ് ശെമ്മാശ്ശൻ എം. എ. ബി. റ്റി. ഭാര്യാസഹിതം കത്തോലിക്കാ സഭയിൽ ചേർന്നു.

1967 ഡിസംബർ 3-ാം തീയതി അഞ്ചാലിക്കൽ പെരുമല ഗീവർഗീസച്ചൻ പട്ടം കത്തീഡ്രൽ പള്ളിയിൽ വച്ചു വൈദികപട്ടമേററു.

www.malankaralibrary.com

1967 ഡിസംബർ 17-ാം തീയതി മുട്ടത്തുകോണം പുതിയ പള്ളിയും 18-ാം തീയതി നീലേശ്വരം പള്ളിയും, 20-ാം തീയതി ആദിച്ചവിളാകം പള്ളിയും തിരുമേനി കൂദാശ ചെയ്തു.

1967 ഡിസംബറിൽ വടശ്ശേരിക്കര പുതിയ പള്ളിക്ക തിരുമേനി കല്ലിട്ടു.

## കിളിമാന്തൂർ മിഷ്യൻസെൻറർ തുടങ്ങി.

1967 ഡിസംബർ 24-ാം തീയതി കിളിമാന്തൂർ ഒരു മിഷ്യൻസെൻറർ തുടങ്ങുകയും, ഫ്രാൻസിസ്കൻ ബ്രദേഴ്സിൻെറ ഒരു ആശ്രമം അവിടെ സ്ഥാപിക്കുകയും. തിരുമേനി അതു കൂദാശ ചെയ്യുകയും ചെയ്തു.

1967 ഡിസംബർ 27-ാംതീയതി ഓമല്ലൂർ പുത്തൻപീടിക പള്ളിയിൽവെച്ചു ആ ഇടവകയിൽപെട്ട കൊച്ചുമുറിയിൽ ലൂയിസു പിലിപ്പോസച്ചനും, കിഴക്കേതിൽ ജോർജ്ജ് ജേക്കബച്ചനും, ജോർജ്ജ് ജോണച്ചനും, വൈദികപട്ടം ഏററു.

1967 ഡിസംബർ 31-ാം നു ചങ്ങനാശ്ശേരി ആനക്കുളം ഇല്ലിറിക്കൽ ഡേവിഡച്ചൻ ആനക്കുളം പള്ളിയിൽ വെച്ചു വൈദികപട്ടം സ്വീകരിച്ചു.

1967 ഡിസംബർ 10-ാംനു ജോസഫ് കടകംപള്ളി ശെമ്മാശനു് കശ്ശീശാപട്ടം കൊടുത്തു. 11-ാംനു അദ്ദേഹം പുത്തൂർ പള്ളിയിൽവച്ചു് പുത്തൻ കുർബാന ചൊല്ലി.

1967 ഡിസംബർ 7,8,9. എന്നീ തീയതികളിൽ കുന്നപ്പുഴ പള്ളിയിലും, 16 17,18,19 എന്നീ തീയതികളിൽ രാമൻചിറ പള്ളിയിലും. 23,24,25 എന്നീ തീയതികളിൽ കൊക്കാട്ടു പള്ളിയിൽവച്ചും ഞാൻ ഓരോ പ്രസംഗയോഗം നടത്തി. കൊക്കാട്ടു ക്രിസ്തുമസ്സുശുശ്രൂഷയും നടത്തി ഞാൻ മടങ്ങിപ്പോന്നു,

1968 ജനുവരി 7-ാം തീയതി തിരുമേനി മേനാംകുളത്തു പള്ളി കൂദാശ ചെയ്തു. 1968 ജനുവരി 30-ാം തീയതി ഫാദർ തോമസ്സ് എഴിയത്തു യൂറോപ്പിൽ നിന്നും മടങ്ങിയെത്തി.

1968 ജനുവരി 18,19,20 തീയതികളിൽ ചെന്നിത്തല പള്ളിയിൽ വച്ചു് ഞാനൊരു പ്രസംഗയോഗം നടത്തി. 21-ാം തീയതി തിരുമേനി വന്നു് ആ പള്ളിയുടെ കൂദാശയും നടത്തി.

www.malankaralibrary.com

1968. 1 – 2 കൊല്ലം ഡിസ്ത്രിക്ടിൽ പുലില എന്ന സ്ഥലത്തു പുതിയ ഒരു പള്ളി കൂദാശചെയ്തു.

1968. 1–3 ൽ കുളത്തൂർ പുതിയ പള്ളിയുടെ കൂദാശ തിരുമേനി നടത്തി,

1968 ജനുവരി 6. 7. 8 എന്നീ തീയതികളിൽ കടമ്മനിട്ട പള്ളിയിൽ ഞാൻ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. അവിടത്തെ പെരുന്നാളിലും സംബന്ധിച്ചു.

1968 ഫെബ്രുവരി, 1,2,3, എന്നീ തീയതികളിലായി പത്തനാപുരത്തു പുതുതായി പണിത പള്ളിയിൽ ഞാൻ പോയി മൂന്നു ദിവസത്തെ പ്രസംഗയോഗം നടത്തി. 3–ാം തീയതി തിരുമേനി വന്നു് ആ പള്ളിയും ഫെബ്രുവരി 18–ാം തീയതി പുതുശ്ശേരിഭാഗത്തു പുതുതായി പണിത പള്ളിയും കൂദാശ ചെയ്തു.

1968 മാർച്ച 17–ാം തീയതി പിരപ്പൻകോട്ടുള്ള പള്ളിയിലും 23-ാം തീയതി ശനിയാഴ്ച കാട്ടവിള പള്ളിയിലും മാർച്ചു് 28,29 30, 31 എന്നീ തീയതികളിൽ കമ്പങ്കോട്ട പള്ളിയിലും ഏപ്രിൽ 1,2,3,4,5 എന്നീ തീയതികളിൽ വയലത്തല പള്ളിയിലും ഞാൻ പോയി ഓരോ പ്രസംഗയോഗം നടത്തി.

1968 ഏപ്രിൽ 7.8 9, എന്നീ തീയതികളിൽ കടമ്പനാട്ട പള്ളിയിലും, 10,11.12,13,14 എന്നീ തീയതികളിൽ തുവയൂർ പള്ളിയിലും, ഞാൻ പ്രസംഗിച്ചു. ഉയിർപ്പു ഞായറാഴ്ച കഴിഞ്ഞു് മടങ്ങിപ്പോന്നു.

1968 ഏപ്രിൽ മാസത്തിൽ അഞ്ചലിനടുത്തുള്ള ഏഴംകുളം പള്ളിയുടെ കൂദാശ നടന്നു.

1968 ഏപ്രിൽ 23. 29, 30 എന്നീ തീയതികളിൽ ഞാൻ കിരാത്തൂർ പള്ളിയിൽ പോയി ഒരു സുവിശേഷ പ്രസംഗയോഗം നടത്തി.

1968 ഏപ്രിൽ 30-ാം തീയതി കടയ്ക്കാമണ്ണു പുതുതായി പണിയിച്ച പള്ളിയുടെ കൂദാശ തിരുമേനി നടത്തി.

1968 മെയ് രണ്ടാം തീയതി പോങ്ങുംമൂട്ട മഠത്തോടു ചേർന്നു പുതുതായി പണിയിച്ച ദേവാലയം തിരുമേനി കൂദാശ ചെയ്തു.

1968 മെയ് 12–ാം തീയതി എനിക്കു് 81 വയസ്സു് പൂർത്തിയായി. ഞാൻ 82-ാം വയസ്സിൽ പ്രവേശിച്ചു.

www.malankaralibrary.com

1968 മെയ് 5–ാം തീയതി മണ്ണീറപള്ളി കൂദാശ ചെയ്തു. 1968 മെയ് 5–ാം തീയതി ഒഴകംപാറ പള്ളി കൂദാശ ചെയ്തു. അതോടനുബന്ധിച്ച്, 2,3 4 എന്നീ തീയതികളിൽ അവിടെ ഒരു സുവിശേഷ പ്രസംഗയോഗം ഞാൻ പോയി നടത്തി.

1968 മെയ് 11–ാം തീയതി കുശവർക്കൽ പള്ളി വന്ദ്യ തിരുമേനി കൂദാശ ചെയ്തു.

1968 മെയ് 20–ാം തീയതി മങ്കാട്ട് എന്ന സ്ഥലത്തു പുതുതായി പണിത പള്ളിയുടെ കൂദാശ തിരുമേനി നടത്തി.

1968.5.23–ാം തീയതി സ്വർഗ്ഗാരോഹണത്തിരുനാളിൽ രാമപുരത്തു കുന്നിലേത്ത് എബ്രഹാം ജോസഫ് ശെമ്മാശ്ശന് കത്തീഡ്രൽ പള്ളിയിൽ വെച്ചു തിരുമേനി വൈദീകപ്പട്ടം നല്കി.

1968 മെയ് 25 മുതൽ 28–ാം തീയതി വരെ ചെല്ലം കോണം പള്ളിയിൽ ഞാൻ ഒരു പ്രസംഗയോഗം നടത്തി.

## പന്തളത്തു കിളന്നമണ്ണിൽ ജേയ്ക്കബ് അച്ചന്റെ മരണം

1968 ജൂൺ 2–ാം തീയതി പന്തളം കിളന്നമണ്ണിൽ ജേക്കബച്ചൻ മരിച്ചു. ശവസംസ്കാരം വന്ദ്യതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കാരയ്ക്കാട്ടു പള്ളിയിൽ നിർവഹിച്ചു. ഞാനും അതിൽ സംബന്ധിച്ചു.

## മുളപ്പുംപള്ളിൽ അച്ചന്റെ മരണം

1968 ജൂൺ 26–ാം തീയതി അട്ടരിനട്ടത്തുള്ള പഴകുളത്തു ഫാദർ ജേക്കബ് മുളപ്പും പള്ളിൽ മരിച്ചു. വന്ദ്യതിരുമേനിയും ഞാനും വളരെ അച്ചന്മാരും ജനങ്ങളും ശവസംസ്കാരകർമ്മത്തിൽ സംബന്ധിച്ചിരുന്നു. വീട്ടിൽവച്ചു ഞാൻ ചരമപ്രസംഗം ചെയ്തു. പള്ളിയിൽവെച്ചു തിരുമേനിയും പ്രസംഗിച്ചു. പഴകുളം പള്ളിയിൽ തയ്യാറാക്കിയിരുന്ന കല്ലറയിൽ, അദ്ദേഹത്തിന്റെ ഭാര്യയുടെ കല്ലറയ്ക്കു സമീപം അടക്കി.

## ഫാദർ ജോൺ കോന്നിയൂരിന്റെ പുനരൈക്യം

1968 സെപ്റ്റംബർ 2–ാം തീയതി ഫാദർ ജോൺ കോന്നിയൂർ പുനരൈക്യപ്പെട്ടു. 1968 സെപ്റ്റംബർ 20–ാം തീയതി പുത്തൂർപള്ളിയിൽ വച്ച് പുനരൈക്യദിനം രണ്ടു രൂപതക്കാരും

www.malankaralibrary.com

കൂടി യോജിച്ചു നടത്തി. അവിടെ വേദപുസ്തകത്തെക്കുറിച്ചു ഞാൻ പ്രസംഗിച്ചു.

1968 സെപ്ററംബർ 21-ാം തീയതി നങ്ങാർകുളം ബഥനി ബാലികാമഠത്തിൽ വച്ചും ഉച്ചതിരിഞ്ഞു കായംകുളം ഗേൾസ് ഹൈസ്കൂളിൽ വച്ചും മോൺ. സി. ററി. കുരുവിളയച്ചൻെറ പൌരോഹിത്യ രജതജൂബിലി ആഘോഷിച്ചു. രണ്ടു സ്ഥലത്തുവച്ചും ഞാൻ ഓരോ അനുമോദനപ്രസംഗം നടത്തി. തിരുമേനി ആദ്ധ്യക്ഷം വഹിച്ചു.

1968 സെപ്ററംബർ 23-ാംതീയതി കിരാത്തൂർ ഇടവകയിൽ പെട്ട കൺട്രാക്ടർ യോശുവാ മരിച്ചു. ഞാൻ പോയി വി. കുർബാന ചൊല്ലി. ആ ശവസംസ്കാരവും നടത്തി.

1968 ഒക്ടോബർ 16-ാം തീയതി പുത്തൻ പീടികപള്ളിയിൽ വച്ച് ബ്രദർ ഡാമിയൻ ഒ. ഐ. സി. യും ബ്രദർ പി.ററി. ജോർജ്ജും വൈദികപട്ടമേററു.

1968 ഒക്ടോബർ 18-ാംതീയതി കററാണത്തു ആന്നിയിൽ നൈനാൻ തരകൻ ശെമ്മാശൻ കററാണം പള്ളിയിൽ വച്ച് വൈദീകപട്ടമേററു.

1968 ഒക്ടോബർ 20-ാം തീയതി കാരിച്ചാൽ പള്ളിയിൽ വച്ച് പുത്തൻപുരയ്ക്കൽ ഗീവറുഗീസച്ചൻെറ മകൻ തോമസ് പണിക്കർ ശെമ്മാശൻ വൈദീക പട്ടമേല്ക്കുകയും, പിറെറദിവസം പുത്തൻ കുർബ്ബാന ചൊല്ലുകയും ചെയ്തു. അതിൽ ഞാനും സംബന്ധിച്ചിരുന്നു. അന്നു ആ പള്ളിയും കൂദാശചെയ്തു.

1968 നവംബർ 24-ാം തീയതി തുമ്പമൺ മാമ്പിലാലി പള്ളി കൂദാശചെയ്തു. എൻെറ മൂന്നു ദിവസത്തെ പ്രസംഗയോഗവും ഉണ്ടായിരുന്നു.

1968 ഡിസംബർ 22-ാം തീയതി ചന്ദനപ്പള്ളി പള്ളി കൂദാശചെയ്യുകയും അവിടെ വച്ച് പെരിങ്ങനാട്ടു പാപ്പാടിയിൽ എബ്രഹം ശെമ്മാശന് വൈദീകപട്ടം കൊടുക്കുകയും ചെയ്തു.

1968 ഡിസംബർ 25-ാം തീയതി ഞാൻ കൊട്ടാരക്കര കിഴക്കെ തെരുവു പള്ളിയിൽ ജനനപ്പെരുനാൾ ശുശ്രൂഷകൾ നടത്തി.

1969 ജനുവരി 3-ാം തീയതി കോമല്ലൂർ കശ്ശൂർ ഐസക്ക് അച്ചൻ പട്ടമേററു. പുത്തൻ കുർബ്ബാനയ്ക്കു ഞാനും പോയിരുന്നു.

www.malankaralibrary.com

1969 മാർച്ച് 30-ാം തീയതി ഞാൻ മടത്തറപള്ളിയിൽ താമസിച്ചു കഷ്ടാനുഭവആഴ്ചയിലെ ശുശ്രൂഷകൾ നടത്തി. വ്യാഴാഴ്ച ഉച്ചതിരിഞ്ഞു് തിങ്കൾ കരിക്കത്തു വാങ്ങിച്ചിട്ടുള്ള സ്ഥലത്തു പോയി ഒരു കുരിശു നാട്ടുകയും ചെയ്തു.

1969 മെയ് 5-ാംതീയതി പുത്തൻപീടികയിൽ വാഴയിൽ ഇട്ടിച്ചാണ്ടി മരിച്ചു. ഞാൻ പോയി ശവസംസ്ക്കാരകർമ്മം നടത്തി.

1969 മെയ് 11,12,13 എന്നീ തീയതികളിലായി ബഥന്യാശ്രമത്തിൻെറ സുവർണ്ണജൂബിലി മഹാമഹം നടത്തി, ആദ്യദിവസം ഞാൻ അവിടെപോയി കുർബ്ബാന ചൊല്ലി, അതുൽഘാടനംചെയ്തു.

1969 മെയ് 12-ാം തീയതി എനിക്കു് 82 വയസ്സ് പൂർത്തിയായി. 83-ലേക്കു് ഞാൻ പ്രവേശിച്ചു.

1969 മെയ് 25-ാം തീയതി കുറത്തിയാട്ടു് ചേരാവള്ളിൽ ദത്തോച്ചനും. ജൂൺ 3-ാം തീയതി വയലത്തല കുഴിയംമണ്ണിൽ ജോൺ എം. ജോണും മരിച്ചു. കുറത്തിയാട്ടെ ശവസംസ്കാരത്തിനു ഞാനും പോയിരുന്നു.

## അയിരുക്കുഴിയിൽ അച്ചൻെറ മരണം

1969 ജൂൺ 6-ാം തീയതി അയിരുക്കുഴിയിൽ തോമസച്ചൻ മരിച്ചു. ഇടത്തറമുക്കു് പള്ളിയിൽ അടക്കി. ഞാനും ആ അടക്കത്തിന് പോയിരുന്നു.

## പുനരൈക്യാലോചനകമ്മററി

1969-5-7-ൽ തിരുവനന്തപുരം അതിരൂപതയിലെ വൈദീക സെനററു് കൂടി കേരളത്തിൽ കത്തോലിക്കരും അകത്തോലിക്കരുമായ തോമ്മാ ശ്ലീഹായുടെ മക്കളെല്ലാവരും കൂടി ഒരു പാത്രിയക്കീസിനെ വാഴിപ്പിച്ചുതരുന്നതിന് മാർ പാപ്പായോടു അപേക്ഷിപ്പാൻ സാദ്ധ്യതയുണ്ടോ എന്നു അന്വേഷിച്ചറിയുന്നതിന് റവ. ഫാ. ജി. പണിക്കർ എം. എ., റവ. ഫാ. സി. എ. എബ്രഹാം എം. എ , റവ. ഫാ. എ. ജി. എബ്രഹാം മൈലപ്ര, റവ. ഫാ. ജോൺ ഒ. ഐ. സി. എന്നിവർ അംഗങ്ങളായും ചേപ്പാട്ടു പീലിപ്പോസ് റമ്പാനായ ഞാൻ അദ്ധ്യക്ഷനായും ഉള്ള ഒരു കമ്മററിയെ നിയമിക്കുകയുണ്ടായി,

www.malankaralibrary.com

1969 ജൂലൈ മൂന്നാംതീയതി ഒററക്കൊമ്പ് എന്ന സ്ഥലത്തു പുതുതായി തുടങ്ങിയ മിഷ്യൻ ഷെഡിൽ ഞാൻ പോയി കുർബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു.

1969 ജൂലൈ മാസത്തെ വൈദികമിത്രം മാസികയിൽ എൻ. ജെ. പള്ളിക്കത്തായി എന്നയാൾ ജനുവിൻ എക്യൂമനിസം എന്ന ശീർഷകത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനത്തിന് ഒരു മറുപടി എഴുതേണ്ടിവന്നു. ജനുവിൻ എക്യൂമനിസം നടപ്പാകണമെങ്കിൽ റോമൻ കത്തോലിക്കാസഭ മാത്രമാണ് സത്യസഭയെന്നും, മററുള്ള സഭകളെല്ലാം തെററായ സഭകളാണെന്നും ഉള്ള മനസ്ഥിതി കളയണമെന്നും മററുസഭകളും സത്യമാണെന്നും അവയും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലുള്ളതാണെന്നും നാം സമ്മതിക്കണമെന്നും അദ്ദേഹം എഴുതിയിരിക്കുന്നു. അതു തെററാണ്.

## കത്തോലിക്കാസഭ

ക്രിസ്തു സത്യത്തിന് സാക്ഷിനിൽപ്പാൻ വന്നതുപോലെ തന്റെ സഭയും സത്യത്തിന് സാക്ഷിയാവണം. ക്രിസ്തു ഉയിർത്തെഴുന്നേററവനാണ്. ഇനിയും ക്രിസ്തുവിന് മരണമില്ല, അതുപോലെ തന്റെ ശരീരമായ സഭയും മരണമില്ലാത്തതാണ്. മരണമില്ലാത്ത തലയ്ക്കു് മരണമുള്ള ശരീരം ചേരുകയില്ല. ആദാമിനെ മണ്ണുകൊണ്ടു മെനഞ്ഞു. അതു ഒരു സ്റ്റാച്യൂമാത്രമേ ആയുള്ളു. ദൈവം അതിൽ ജീവന്റെ ശ്വാസത്തെ ഊതി. അപ്പോൾ അതു ജീവാത്മാവുള്ള ഒരു മനുഷ്യനായി തീർന്നു. ക്രിസ്തു വന്നതു് തന്റെ ശരീരമായി ഒരു സഭയെ സൃഷ്ടിക്കുവാൻ കൂടെയാണ്. ആരംഭത്തിൽതന്നെ ക്രിസ്തു പന്ത്രണ്ടു് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു. പിന്നീട് പത്രോസിനെ അവരുടെ തലവനാക്കി. അതൊരു ആൾക്കൂട്ടം മാത്രമേ ആയുള്ളു. അതിന് ഇനിയും നിത്യജീവന്റെ ആത്മാവിനെ നല്കണം. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അപ്പോസ്തലന്മാർ പിരിഞ്ഞുപോകാതെ പരിശുദ്ധാത്മാവിനായി കാത്തിരിക്കണമെന്നു പറഞ്ഞിട്ടാണ് പോയതു്. തദനുസരണം അവർ ഒരുമിച്ചുകൂടി കാത്തിരുന്നു. പത്താംദിവസം പെന്തിക്കോസ്തി പെരുനാളായിരുന്നു. അവർ ഇരുന്ന മുറിയിൽ കാറ്റോട്ടം പോലെയുണ്ടായി. അതു ദൈവം അവരിൽ നിത്യജീവന്റെ

www.malankaralibrary.com

ആത്മാവിനെ ഊതുന്നതായിരുന്നു. പണ്ട് മുൾപടർപ്പിൽ എരിയുന്ന അഗ്നിപോലെ ദൈവം മോശയ്ക്ക് കാണപ്പെട്ടുകയും മുൾപ്പടർപ്പ് ദഹിക്കാതിരിക്കുകയും ചെയ്തതുപോലെ പരിശുദ്ധാത്മാവ് വരികയും അഗ്നിയുടെ വിട്ടുന്ന നാവുപോലെ അപ്പസ്തോലന്മാരുടെ മേൽ ഇരിക്കുകയും എല്ലാവരും അതു കണ്ട് അത്ഭുതപ്പെട്ടുകയും ചെയ്തു. അപ്പോൾ അവർ സംസാരിച്ചതു അവിടെ കൂടിയിരുന്ന പതിനേഴ ഭാഷക്കാരും അവരവരുടെ ഭാഷകളിൽ കേട്ടിട്ട "ഇവരെല്ലാം ഗലീലെയാക്കാരല്ലയോ? ഇവർ സംസാരിക്കുന്നതു് നാം ജനിച്ചുവളർന്ന നമ്മുടെ ഭാഷകളിൽ കേൾക്കുന്നതെങ്ങിനെ?" എന്നു പറഞ്ഞു. ദൈവത്തിനു് പ്രത്യേക ഭാഷയില്ല. ദൈവം സംസാരിക്കുന്നതു് കേൾക്കാനുള്ളവരുടെ ഭാഷയിലായിരിക്കും.

അങ്ങിനെ അവർ കാണുകയും കേൾക്കുകയും ചെയ്യുന്ന ആ സംഗതി മരണമില്ലാത്ത പരിശുദ്ധാത്മാവിന്റെ വരവിനാലുണ്ടായതാണെന്നു് മനസ്സിലാക്കി, മൂവായിരത്തോളം പേർ അന്നു മാമോദീസാ സ്വീകരിച്ചു ശ്ലീഹന്മാരുടെ സഭയോടു ചേർന്നു, അങ്ങിനെയാണു് കത്തോലിക്കാസഭ ഉണ്ടായതു്. കത്തോലിക്കാ സഭാശരീരത്തിലിരിക്കുന്നതു് മരണമില്ലാത്ത ക്രിസ്തുവിന്റെ ആത്മാവാകയാൽ ആണു് കത്തോലിക്കാ സഭയ്ക്കു് മരണമില്ലെന്നു പറയുന്നതു്. അതിൻെറ തലയായി ക്രിസ്തു പത്രോസിനെയും ആക്കി. അതുപോലെ സൃഷ്ടിക്കപ്പെട്ട വേറൊരു സഭയില്ല. ഒരു തലയ്ക്കു് ഒരു ശരീരമേ ഉള്ളു. മററു സഭകളൊക്കെ വളരെ നൂററാണ്ടു കാലം കഴിഞ്ഞു് ഓരോരുത്തർ പിണങ്ങി പിണങ്ങി ഉണ്ടാക്കിയതാണു്. ജ്ഞാനസ്നാനം വേണമെന്നു പറയുന്ന സഭയും അതു വെണ്ടെന്നു പറയുന്ന സഭയും ഉണ്ടു്. വി. കുർബാന ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളാണെന്നു് പറയുന്ന സഭയും അല്ലെന്നു പറയുന്ന സഭകളും ഉണ്ടു്. പാപം മോചിപ്പാൻ ക്രിസ്തു വൈദികർക്കു അനുവാദം കൊടുത്തിട്ടുണ്ടെന്നു പറയുന്ന സഭയും കൊടുത്തിട്ടില്ലെന്നു പറയുന്ന സഭയുംഉണ്ടു്. ഇതെല്ലാം ഒരുപോലെ ശരിയായ സഭകളല്ല എന്നു ഗ്രഹിക്കാം. ലൂഥറൻ സഭ, ലൂഥറും കാൽവിൻസഭ, കാൽവിനും വെസ്ലിയൻ സഭ, വെസ്ലി ബ്രദേഴ്സും കോൺഗ്രിഗേഷണൽ സഭ, റോബർട്ട്ബ്രൗണും രക്ഷാസൈന്യം ജനറൽ ബൂത്തും അഡ്വൻറിസ്റ്റ് സഭ വില്ല്യം മില്ലറും

ശാബതു മിഷ്യൻ ഹെലൻ ഹെർമ്മൻ എന്നൊരു സ്ത്രീയും തുടങ്ങിയതാണ്. ഇതുപോലെ മററുള്ള സഭകൾക്കും ഓരോ ജനകന്മാരുണ്ടു്. അവയിൽ ചിലതു മരിക്കയും പുതുതായി ചിലതുണ്ടാകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തു വന്നതു പാപിയാകാനല്ല. പാപിയെ രക്ഷിപ്പാനാണ്. ക്രിസ്തു പാപം ചെയ്യാതെ പാപിയെ രക്ഷിപ്പാൻ ശ്രമിക്കുന്നതുപോലെ കത്തോലിക്കാസഭയും മററു സഭകളെപ്പോലെ തെററായ വിശ്വാസവും ഉപദേശവും പഠിപ്പിക്കാതെ അവകളെ രക്ഷിച്ചു തന്നോടുകൂടെ ചേർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്. മററുസഭകളിൽനിന്നു ഒറ്റയ്ക്കു വരുന്നവരെ അങ്ങിനെയും, കൂട്ടംചേർന്നു വരുന്നവരെ അങ്ങിനെയും, സഭ മൊത്തമായി വരുന്നവരെ അങ്ങിനെയും, കത്തോലിക്കാസഭയിലേക്ക് ചേർക്കുക എന്നതാണ് ജനുവിൻ എക്യൂമനിസം. അല്ലാതെ കത്തോലിക്കാസഭ നവീനസഭകളുടെ ഉപദേശങ്ങളെല്ലാം ശരിയാണെന്ന് സമ്മതിച്ചു അവയുടെ കൂട്ടത്തിൽ ചേരുന്നതല്ല ജനുവിൻ എക്യൂമനിസം എന്ന് ഞാനെഴുതി.